# മണിയാകരൻ

OR

# THE PRINCE OF NATIONS

---

BY

K. T. Abraham B. A.,
Karimpumalie, Aarpookara,
Mannanam, Kottayam.

1000 Copies only.

(All Rights Reserved by the Author)

ഗ്രന്ഥകത്താവിൻെറ കൈയ്യൊപ്പും സീലും ഇല്ലാത്ത
പുസ്തകം വ്യാജനിമ്മിതമാകുന്നു.

Printed and Published by
The Popular Press, Trivandrum.

DHARMARAM COLLEGE LIBRARY, BANGALORE.
34716
T63
Ab82
Roger Bros.,



The Author Mr. Abraham

# DEDICATION

This intelligent art, urging for energetic action, in all parts and arts, painted with the Blood of my Heart, got up without a shot, within 30 days, for the stabilisation of Peace on earth, is dedicated to the glorious memory of you, my dear Annamma, (first wife) who predicted your own death as well as my supreme rise in life. Leaving behind with me, three tender girl kids, you flew to Heaven on the 25th of March 1938, bereaving me of all Joys on earth. At opulence, you used to chide me. But at indigence, you with words of wine and honey, always cheered me up. In you I feel, not the loss of a wife, but the Angelic Friend I had on earth! Please convey greetings to Our Father, Parents and all our Kindred with you. Commend us, to Sister Alfonsa, Niece to me. I am, by very birth, the Opposition Leader, always on the side of my God, King and Country, and you recommend me to God, so as to push me up within the Cabinets of this World. Abraham Lincoln always included the Leader of the Opposition in his Cabinet. So let the world and its cabinets accept me and my Friend and profit through us in our War against all wars. Glory to God on High! and love and peace among the Rulers and the ruled, on earth. Thus let me live, strong of head, and stout of heart, before the cabinets of this world, with an Angelic Friend of invincible force on my side, always in intelligent silence helping me with head and heart, to extricate me from all extremities only to elevate me to extreme sweet.

Providence, pray, bless me and my family and my Friend. Let all our future actions be crowned with Fame and Glory. Let degenerated Democracy with sinister Communism crash to the Ground. Let strong kingship be the rule of the day. Let intelligent Dictatorship, born of love be the accepted Governance of all sane men and women of this fair planet. Let Freedom be free from impertinence. Let my ideas dominate over all Parliamentary acts of this World. Let my Friend and myself be the accepted and accredited Ambassadors of God on Earth. Let our Great King and the Thrice Blessed Royal Family and Country live long in peace and plenty. Amen.

*K. T. Abraham*

# TESTIMONIALS

Owing to a desire for early distinction in oratory, he reads works he cannot properly understand even though frequently checked by his teachers. Very enthusiastic but neglects mathematics. He takes much interest in public speeches.

(Sd.) **Abraham K. J, B. A. & L. T.**
*Headmaster, St. Ephrem's E. H. School, Mannanam.*

I am extremely happy to declare that Abraham T. Karimpumalie, is one of my very best students in the Senior Intermediate Class here, and that his application to his studies, is quite satisfactory.

*Changanacherry,* *9th Jan. 1925.* (Sd.) **Rev. Mathew Purakel, M. A.**
*Principal St. Berchman's College, Changanacherry.*

In the years to come, you will become the most prominent Christian leader in the world.

*College, Changanacherry, 1925.* **Rev. James Kalachery, Ph.D., D.D.**
(Now) *Bishop of Changanacherry.*

I have great pleasure in being able to certify that Mr. K. T. Abraham, B. A., who was a student of the College for his B. A. course of studies, is an intelligent young man of ability, very much above that of the average graduates of the University.........He writes good English. He possesses a good character and deserves all success in life.

(Sd.) **Mr. P. G. Sahasranama Iyer,**
*Trivandrum,* *7th July 1928.* *Professor of H.H. The Maharaja's College of Arts, Trivandrum.*

Mr. K. T. Abraham was one of my students in the English Classes of H. H. the Maharaja's College of Arts, during the years 1925—1927. In 1927 he took his B. A. with History and Economics, for his subjects of special study.

Mr. Abraham is an able and intelligent student and he took considerable interest in his English studies. He has received a sound training in the intelligent study and application of English Literature, and should do well as a teacher of English. Mr. Abraham, is further, a singularly well charactered young man. Both on account of his ability and intelligence, I am convinced, he should do well in life. I wish him every success.

(Sd.) Mr. V. K. Ayappan Pillai,
M. A. (Madras), & B. A. (Oxon.)
*Professor of English,*
*College of Arts, Trivandrum.*

*Trivandrum,*
*7th July 1928.*

I was not wedded to class texts. I never tried for a leap in the dark from the university with deposits of marks for scholastic brilliance. Generally I indulged in sovereign solitude and mused on the burning thoughts of the day—thus preparing myself for a bold stand against the storms of circumstances that surrounded my life. I was wooing a life of action, so that I may be well equipped, when it is time for me, to do or die. I always kept the powder dry and my weapons sharp. In this way I could weather my stormy scholastic career squarely and fairly.

**Extracts from observations made by eminent men**

Mr. Abraham, I wish to have private discussions with you. You are the most energetic and intelligent young man I have ever come across. You have a glorious future indeed.

*Y. M. C. A. Auditorium, Trivandrum, 1929.* } **Mr. Manchery J. Rama Iyer,** B. A. & B. L.

You are a very bright and intelligent young man. You are a man of destiny and will have to play a distinct *role* in life. When you achieve that eminence, please remember me.

**Mr. Stephenson,**

*Trivandrum, Quarters 1929* } *Director of Public Instruction, Travancore.*

•

You are a funny, bright and intelligent yoũng man. Where do you belong to ?

*Bhakti Vilas, Trivandrum, 1929* } **Mr. M. E. Watts,** B. A., Bar-at-Law. *Dewan of Travancre.*

**This is my answer to Dewan Mr. Watts.**

I belong to Aarpookara—Kottayam. Sir, please listen. ......On the ground that you are a Catholic, you cannot deny the rights of the Catholics. Sir, that is not constructive Statesmanship.

# മുഖവുര

---

ഉറന്നും തുടർച്ചയായും വിപൽശക്തികളുമായി നേരിട്ട് ചൊടിപ്പിൽ ഞാൻ നടത്തിവന്ന ഒരു ഘോരസംഘട്ടനമായിരുന്നു എന്റെ വിദ്യാർത്ഥിജീവിതം. 'Truth beauty, Beauty truth' എന്ന തത്വത്തിലുള്ള ആന്തരാർത്ഥം കുറിക്ക്. ഞാൻ ഗ്രഹിച്ചതാണ് ഇതിനു കാരണം. തത്വോപദേശങ്ങൾ തുളുമ്പുന്ന വിദ്യാഭ്യാസാനന്തരം, സ്വാർത്ഥം ഒന്നിനെമാത്രം അടിസ്ഥാനമാക്കി, സത്യം, ധർമ്മം, എന്നിവകളെ മററുള്ളവരോടുകൂടിയോജിച്ചുനിന്നോതനിച്ചോ വ്യഭിചരിപ്പാൻ ഞാൻ തയ്യാറായിരുന്നില്ല. ജീവൽതത്വങ്ങളേവ എന്ന് ഗ്രഹിച്ച് ബി. ഏ. പാസ്സായശേഷം കോളേജിനോട് യാത്രപറഞ്ഞു പിരിയുകയിൽ, തിരുവനന്തപുരം Arts College ന്റെ പ്രധാന കവാടത്തിൽ ഞാൻ വന്നു നിന്ന് വിസ്തൃതമായ ലോകത്തിലേക്ക് എത്തിനോക്കുന്നു. ആ ദിവ്യമണ്ഡപത്തോട്, കരഞ്ഞുകൊണ്ടു യാത്രപറയുന്ന ഞാൻ—'മിടുക്ക'ന്മാരായ മററു സഹപാഠികളോടൊപ്പം തത്വങ്ങളോടും അതേസമയം എന്നെന്നേയ്ക്കുമായി യാത്രപറയുന്നതിനും, തദ്വാരാ, സാമ്പത്തിക വയലുകളിൽ അവരെപ്പോലെ കിളുർത്താർത്തു തഴച്ചുവളരുന്നതിനും ഒരുമ്പെട്ടിരുന്നില്ല. പ്രത്യുത, ഞാൻ പഠിച്ച കുലീനതത്വങ്ങളാൽമാത്രം പ്രേരിതനായി, ഘം സ്കാരസംസിദ്ധമായ എന്റെ തെളിഞ്ഞ ബുദ്ധി എന്നോട് ഉപദേശിക്കുംവിധം പ്രവർത്തിക്കുന്നതിനും,

അത്യാവശ്യമല്ലാത്ത ഫ്ലളയാലർച്ചകളെ അമർത്തുന്നതിനും, എന്റെ വിദ്യാഭ്യാസം എനിക്കു് കെൽപ്പു നല്കുന്നതായിക്കണ്ടു. സംസ്കാരപരമായി എന്നിൽ ജനിച്ചു് എന്നോടുകൂടി വളൎന്നുവന്ന ആദൎശങ്ങളിൽ ബലമായി ചവിട്ടിനിന്നുകൊണ്ടു്, വക്രതകളെ നാലുഭാഗത്തുനിന്നും ഞാൻ ആക്രമണവും തുടങ്ങി. സ്വാൎത്ഥതയേയും സ്വാൎത്ഥലാഭത്തേയും കരുണയെന്യേ ഞാൻ വെറുത്തു. എന്റെ വ്യഥ ലോകത്തിനു കാണപ്പെടുന്ന വിവിധ വ്യഥകളുമായി ഒന്നുചേൎന്നു്, ലോകമാസകലം അനുഭവിക്കുന്ന കഠിന വേദനകളാൽ ആത്മം കലങ്ങി, ബുദ്ധി മന്ദിച്ചു് വാടിത്തളൎന്ന ഞാൻ—അതേസമയം ആത്മനാഥൻമായി ഘോരഘോരം സമരത്തിലുമുണ്ടു. മനുഷ്യഹിതം ദൈവഹിതവുമായി വിഘടിച്ചു നില്ക്കുന്നിടത്തോളം സമാധാനം നാം കണ്ടെത്തുകയില്ലെന്നും, സ്നേഹത്താൽമാത്രം മണ്ണിൽനിന്നും നമ്മെ മനഞ്ഞെടുത്ത ദൈവം സ്നേഹിച്ചു നമ്മെ വളൎത്തി വരവെ താല്ക്കാലിക ക്ലേശങ്ങളെ നാം പവിത്രീകരിച്ചു ദൈവവുമായി ഇളയുന്നതു് നമുക്കു് ഭംഗിയല്ലെന്നും, പരമകാരുണികനായ ദൈവം സത്യമെന്നും സൗന്ദൎയ്യപരമെന്നും ഒടുവിൽ ഗ്രഹിച്ച ഞാൻ—വിദ്യാഭ്യാസത്തെത്തുടൎന്നുണ്ടായ നിദ്രയിൽനിന്നു പിടഞ്ഞെണീററു. കാൎയ്യബോധമുളവായ അനൎക്ഷണം പ്രായോഗികവശം പിൻതള്ളി നടത്തപ്പെടുന്ന ഇന്നത്തെ വിദ്യാഭ്യാസരീതികളുമായി നിശിതമായി ഞാൻ ഇടഞ്ഞു തുടങ്ങി. പഠിച്ച പാഠം സാധിതപ്രായമാക്കാൻ പാടവമുള്ള പ്രവൎത്തനങ്ങളാരംഭിക്കുന്നതിനു പ്രാരംഭമാണീ **മണിയാകരൻ** എന്നു് വായനക്കാർ ഗ്രഹിക്കണം. വ്യക്തിത്വം നിറഞ്ഞ എന്റെ നില ഗ്രഹിച്ചിട്ടുള്ള സഹപാഠികളും പണ്ഡിതന്മാരും, ജീവിത

സരണിയിൽ ഞാൻ ഒരു ധീരനില ഉൾക്കൊണ്ടു് വീരോചിതമായ പ്രവൎത്തനങ്ങളിലേൎപ്പെട്ടുമെന്നു് സകാരണം അനുമാനിച്ചു. സാഹിത്യപരമായ ഒരു സ്ഥാനം ഞാൻ കൈയ്‌വരുത്തുമെന്നു് എന്റെ മിത്രങ്ങളോ ഞാൻ തന്നെയോ ഒരിക്കലും കരുതീട്ടില്ല. സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിപൎവ്വതം കണക്കെ ജീവിതപ്രശ്നങ്ങളാൽ ആവരണം ചെയ്യപ്പെട്ട എന്നെ സ്വയം രക്ഷിക്കുന്നതിനു ഞാൻ ശ്രമിക്കവെ—എന്നെപ്പോലെ ജീവിതത്തിൽ ക്ലേശിക്കുന്നവരേയും എനിക്കു് രക്ഷിക്കേണ്ടതാകയാൽ, സാഹിത്യപരമായ പരിശ്രമങ്ങളിൽ ജീവിതം പാഴാക്കാൻ എനിക്കു് സമയമില്ലെന്നു് മാത്രമല്ല, താല്പൎയ്യവുമില്ല. കഴിവുമില്ല. എന്റെ രംഗം രാഷ്ട്രീയവും സാമുദായികവുമാണെന്നു് എന്നോടൊപ്പം എന്റെ മിത്രങ്ങളും ധരിക്കുന്നുണ്ടാവാം. വിദ്യാൎത്ഥികാലത്തു് രാഷ്ട്രീയവും സാമുദായികവുമായ വിഷയങ്ങളെ മാത്രം മുൻനിറുത്തി എന്റെ പ്രസംഗങ്ങളെല്ലാം നടത്തിവന്നു. ഭരണമണ്ഡലത്തിൽ, പരമകാരുണികനായ ദൈവം എനിക്കു ഒരു മഹനീയ സ്ഥാനം ഒരുക്കിയിട്ടുണ്ടെന്നും, ക്ലേശം ആനന്ദകരമെന്നും സമൎത്ഥിക്കത്തക്ക സ്വഭാവശുദ്ധി സ്വായത്തമാക്കിക്കൊണ്ടു്, വലഞ്ഞും ഉഴഞ്ഞും വലിഞ്ഞു് ഞാൻ അത്ര എത്തിച്ചേരുമെന്നും ബാല്യം മുതൽ ഞാൻ കരുതിപ്പോരുന്നു. അനേക നൂററാണ്ടുകളാൽ മാത്രം അനേക മഹാന്മാരാൽ നടത്തപ്പെടേണ്ട ദിഗ്വിജയങ്ങൾ മുപ്പത്തിമൂന്നു ചെറു കൊല്ലങ്ങൾക്കുള്ളിൽ നടത്തി അലക്സാണ്ടർ പിടിച്ചടക്കാത്ത രാജ്യങ്ങളൊന്നും അന്നത്തെ ലോകത്തിൽ അറിയപ്പെട്ടിരുന്നില്ല. ഞാനോ എന്നാൽ ഇരുപത്തിനാലു് വയസ്സിനുള്ളിൽ കുടിച്ചുതീൎക്കാത്ത കൈയ്പു് രസങ്ങൾ, സഹിക്കാത്ത വേദനകൾ

അനുഭവിക്കാത്ത ക്ലേശങ്ങൾ, ഒന്നുമില്ല ഇന്നീ ഭൂമിയിൽ. അത്രക്കു് ക്ലേശഭൂയിഷ്ഠമാണു് എന്റെ ജീവിതം. എന്റെ ജീവിതം മുഴുവൻ ഒരു മിത്രാന്വേഷണമെന്നു് ഒററ വാക്കിൽ പറയാം. ഞാൻ ചെന്നിടത്തെല്ലാം എന്റെ കാലടികളും പതിഞ്ഞിട്ടുണ്ടു്. എന്നെ കണ്ടിട്ടുള്ളവരാരും എന്നെ മറന്നിരിപ്പാനും എളുപ്പമില്ല. ആദർശസംഘട്ടന വിഘട്ടനങ്ങളിൽ അന്യരെ വ്രണിപ്പിച്ചിട്ടുള്ള എനിക്കു് പ്രതിയോഗിയിൽ നിന്നുമുള്ള ചില ചില്ലറ വ്രണങ്ങളും ഏൾക്കേണ്ടതുണ്ടല്ലോ. സത്യമത്രെ ആധാരമാക്കി വ്യക്തികളും സംഘടനകളുമായി പലപ്പോഴും ഇടഞ്ഞിട്ടുള്ള—ഇടഞ്ഞു കൊണ്ടിരിക്കുന്ന എനിക്കു്—മഹാകവി ടെനിസനോടൊപ്പം 'I am a part ol all, I met' എന്നു് സകാരണം അഭിമാനിക്കാം.

സത്യമെന്നാൽ എന്തെന്നു് ഒരു ചോദ്യത്തിനിവിടെ അവകാശമുണ്ടു്. ജസ്റ്റസ് പൈലേററു് റോമൻ ന്യായാധിപസ്ഥാനത്തിരുന്നുകൊണ്ടു് ഇതെ ചോദ്യം മ്ശിഹായോടു് ചോദിച്ചിട്ടുള്ളതും, മറുപടി നൾകാതെ മ്ശിഹാ ഇത്തരുണത്തിൽ മൗനമാചരിക്കുന്നതും ബൈബിളിലെ അതിമധുരഭാഗങ്ങളിലൊന്നാണു്. മ്ശിഹാ ഈ അവസരത്തിൽ മൗനമാചരിപ്പാനുണ്ടായ ഹേതുക്കളെപ്പററി താർക്കികന്മാരിൽ പലരും പല വിധ വ്യാഖ്യാനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടാവാം. സത്യമെന്തെന്നു് നിർവചിപ്പാൻ മ്ശിഹായ്ക്കും പോലുമുള്ള കെല്പ് ഇല്ലായ്മക്കു് മകുടോദാഹരണമാണു് അപ്പോഴത്തെ അദ്ദേഹത്തിന്റെ മൗനകാരണമെന്നു് ദുർവ്യാഖ്യാനം ചെയ്യുന്ന മോഷത്വം ഉണ്ടായിരിക്കാം. തെററായ മ്ശിഹായിൽ കുററം ആരോപിക്കപ്പെട്ടാലും മനഃപൂർവ്വമെന്നുതള്ളുന്ന

കണ്ടു അനുക്ഷണം ഗ്രഹിച്ച പൈലേറ്റ്—തന്റെ അന്ത
കരണപ്രേരണയെക്കവൻറാ സത്യവും, ധർമ്മവും, മുൻനി
രുത്തി നീതി നടത്തേണ്ട വിധിയാളൻ, സത്യത്തെ വ്യതി
ചരിച്ചു കൊണ്ടു തന്നോടു ചോദിച്ച ഈ ചോദ്യത്തി
ന്നു മറുപടി പറയുന്നതു പ്രയോജനരഹിതമെന്നും,
അഥവാ പ്രയോജനമുണ്ടായാൽ തന്നെ, തന്മൂലം താൻ
ലോകത്തിലേക്കു വന്നിട്ടുള്ള ഉദ്ദേശങ്ങളൊന്നും നിറ
വേററാതെ—കുരിശുമരണവും അതെത്തുടർന്നു നടക്കേണ്ട
അത്ഭുതസംഭവങ്ങളും നടക്കാതിരിക്കുന്നതിനും, തല്പാ
രാ ജഗൽപിതാവിന്റെ അനിഷ്ടത്തിനു താൻ വിധേ
യമാകുമെന്നോർത്തും ആയിരിക്കണം മ്ശിഹാ ഇവിടെ
മൗനമാചരിക്കുന്നതു. ഇതുമല്ലാ, പശുത്തൊട്ടിലിൽ
ജനിച്ച നാൾ തുടങ്ങി, ഗോൽഗോഥായിൽ മരണമടയു
ന്നതുവരെ, സത്യമെന്തെന്നു ജീവിച്ചു കാട്ടിയ മ്ശിഹാ,
സത്യമെന്നാൽ എന്തെന്നു നിർവചിക്കേണമെന്നുള്ള
ജഡ്ജിയുടെ അഭ്യർത്ഥന, കുശാഗ്രബുദ്ധിയായ ഒരു അ
ഭിഭാഷകൻ നടത്തുന്ന കാപട്യം നിറഞ്ഞ ഒരു ജാലപ്ര
യോഗമെന്നു കരുതി—തന്റെ മുൻപിൽ നിൽക്കുന്ന തെ
റ്റില്ലാത്ത കക്ഷിയെ മൊഴിയിൽ കുഴച്ചു മ്ശിഹാ
യുടെ മുതലെടുക്കണമെന്നുള്ള പൈലേറ്റിന്റെ
ദുരാഗ്രഹങ്ങളും മ്ശിഹാ ധരിച്ചിരിക്കണം. സ്വയം നശി
ക്കണമെന്നുള്ളവർക്കുമാത്രമേ അന്യരേയും നശിപ്പിപ്പാൻ
സാധ്യമാകൂ. ഉദ്യോഗത്തിനുവേണ്ടി തന്നെത്തന്നെ
വിററാണു പൈലേറ്റ് വയറു പോററിപ്പോന്നതു.
മ്ശിഹാ തെററുകാരനല്ലെന്നു അദ്ദേഹത്തിനു പരിപൂ
ർണ്ണബോധം വന്നിട്ടും—മ്ശിഹായെ തെററുകാരനാക്കി
തൂക്കിക്കൊല്ലുവാൻ വിധിച്ചതു യൂദജനങ്ങളെ പ്രീ
ണിപ്പിപ്പാനും തദ്വാരാ തന്റെ ഉദ്യോഗം നഷ്ടപ്പെടാ

തിരിപ്പാനും മാത്രമാണു്. ഉള്ളിൽ നിന്നുമുള്ള ദീപം ബലമായി ഊതിക്കെടുത്തി പുറത്തു കണ്ട ഇരുളിൽ അഭയം തേടുന്ന പൈലേററു് സത്യമെന്നാൽ എന്തെന്നു് ധരിച്ചിരുന്ന വാസ്തവം മ്ശിഹാ ഗ്രഹിച്ചിട്ടുണ്ടാവാം. പലർക്കുമുണ്ടായിട്ടുള്ള ന്യായമായ സംശയങ്ങളെല്ലാം ഞൊടിക്കുള്ളിൽ തന്റെ മാധുര്യഭാഷണങ്ങളാൽ വിസ്മനീയമാംവണ്ണം തീർത്തിട്ടുള്ള മിശിഹാ ഇവിടെ മൗനമാചരിക്കുന്നതുതന്നെ അർത്ഥസമ്പൂർണ്ണമായ മറുപടി. പോരാ മാനവ വംശത്തിന്റെ പ്രതിപുരുഷനെന്ന നിലയിൽ ദൈവനീതിയുടെ വിഭാഗമായ രാജനീതി പരിപാലകനും ബുദ്ധിമാനുമായ പൈലേററു്, ന്യായാസനത്തിലിരുന്നുകൊണ്ടു് ദൈവപുത്രനോടുള്ള ഈ ചോദ്യത്തിനു് മശിഹാ പ്രത്യുത്തരം നൽകുന്ന പക്ഷം പിതാവായ സർവേശ്വരന്റെ സൃഷ്ടിസംരക്ഷണ രഹസ്യം വെളിപ്പെടുമെന്നു ധരിച്ചു് മ്ശിഹാ ബുദ്ധിപൂർവ്വം മൗനമാചരിക്കുന്നതു നോക്കണം! ഇക്കാരണത്താൽ ഒരിക്കലെങ്കിലും മ്ശിഹാ കുഴങ്ങിയിട്ടുണ്ടെങ്കിൽ, അതു സത്യമെന്നാൽ എന്തെന്നുള്ള പൈലേററിന്റെ ഈ ചോദ്യത്തിൽ മാത്രമായിരിക്കണം.

വായനക്കാരുടെ എന്നോടുള്ള ചോദ്യത്തിനു് മറുപടി പറയാതെ ഞാനും മൗനമാചരിച്ചാൽ മ്ശിഹായോടു ഞാൻ നടത്തുന്ന ഒരു വെല്ലുവിളിയായി അദ്ദേഹം ഇതു കരുതിയേക്കുമെന്നു് ഭയന്നു് സത്യമെന്നാൽ എന്തെന്നുള്ള ചോദ്യത്തിനു് ഇങ്ങനെ ഞാൻ മറുപടി നൽകും. വ്യക്തി വ്യത്യാസം പോലെതന്നെ സത്യത്തെപ്പററി ഓരോരുത്തർക്കുമുള്ള ബോധം വ്യത്യസ്തമെന്നുവരാം. എന്നിരിക്കിലും തീയ്, വെള്ളം, വായു വെളിച്ചം, ആകാശം എന്നിവകളെപ്പററി മനുഷ്യജാതി

ക്കാകമാനം ഒരു ബോധമുണ്ടു്. ഈ ബോധം മിക്കവാറും വിഭിന്നങ്ങളുമല്ല. ഇതുപോലെതന്നെ സത്യത്തെപ്പററിയും എല്ലാവൎക്കുമൊരു ധാരണയുണ്ടു്. അന്തഃകരണപ്രേരണാനുസരണം ജീവിക്കുമെങ്കിൽ അതാണു് സത്യം. വ്യക്തികളെയൊ അൎത്ഥത്തെയൊ പററി മനുഷ്യൻ ആദ്യമുളവാകുന്ന അഭിപ്രായം മനപൂൎവം പിഴുതു കളയാതെ നിരീക്ഷിച്ച ബുദ്ധ്യാ സ്വാൎത്ഥരഹിതമായി ചിന്തിച്ചു് പ്രവൎത്തിക്കപ്പെടുന്ന ജീവിതമാണു് സത്യം. അന്തകരണപ്രേരണകൾക്കു് വിപരീതമായി ജീവിക്കാതിരിക്കുന്നതിനും, അതിനുവേണ്ടി എന്തെല്ലാം ത്യാഗങ്ങൾ ചെയ്യേണ്ടിവന്നാൽ സഹിക്കുന്നതിനുംതക്ക ആത്മശക്തി പ്രദൎശിപ്പിക്കുന്നതിനും, വേണ്ടി വന്നാൽ ലോകമാം ബലിപീഠത്തിൽ ആത്മസമൎപ്പണം ചെയ്യുന്നതിനും ഒരുക്കമുള്ള കരുത്തു നിറഞ്ഞ തന്റേട ജീവിതമാണു് സത്യം.

൧൯൨൦-ൽ തിരുവനന്തപുരം ആർട്ട്സ് കോളേജിൽ നിന്നും ഞാൻ ബി. എ. പാസ്സായതോടു കൂടി ജ്ഞാനഭണ്ഡാഗാരത്തിൽ മുതൽ നേടുവാൻ ദേശസഞ്ചാരത്തിനു് ഞാൻ ഇറങ്ങിത്തിരിച്ചു. തിര്യെവീടെത്തി ഒരു മാസത്തിനുള്ളിൽ മണിയാകരൻ എന്ന ഈ നോവൽ (ആഖ്യായിക) ഒരു വക Plot—ഓ—സ്കീമൊ—തയ്യാറാക്കാതെ അപ്പഴപ്പോൾ തോന്നിയ ആശയങ്ങൾക്കു് പേരു നൽകി ഈ നോവൽ ഞാൻ എഴുതിത്തുടങ്ങി.

അടുത്തു പറവാനുള്ളതു് 'മണിയാകര' നിൎമ്മാണത്തിനു് എന്നെ പ്രേരിപ്പിച്ച കാരണങ്ങളാണു്. വിദ്യാൎത്ഥികാലത്തും വിദ്യാഭ്യാസപൂൎത്തീകരണത്തിനു് ശേഷവും, ലോകസമാധാനം സംസ്ഥാപിപ്പാൻ ധീരർ നടത്തുന്ന ഗംഭീരശ്രമങ്ങളെ അവഗാഢം ഞാൻ ശ്രവിച്ചു

വരുന്നു. പ്ലേറേറാ മുതൽ ടാഗോർ വരെ വീരർ അവർ വളൎത്തിയിട്ടുള്ള ആദർശങ്ങളെല്ലാം ഒന്നുവിടാതെ ഓരോന്നിനേപ്പററിയും സമഭാവനയോടു കൂടി ചിന്തിച്ചുതുടങ്ങി. സമാധാനസ്ഥാപനാൎത്ഥം പതിന്നാലു നിർദ്ദേശങ്ങളോടു കൂടി വുഡ്രോവിൽസണും—വിശ്വഭാരതിയുടെ പിന്നിൽ നിന്നുകൊണ്ടു് ടാഗോർ മാമുനിയും ശ്രമിക്കുന്നതു ഞാൻ കണ്ടു. ഇരുവരേയും ഉള്ളഴിഞ്ഞു ഞാൻ അഭിനന്ദിക്കുന്നുമുണ്ടു്. അശേഷം സ്വാഗതം ചെയ്കയിൽ പ്രവൎത്തനപദ്ധതിയിൽ മഹാന്മാർ ഇവരെ വിട്ടു് വ്യക്തിത്വം ചോരിഞ്ഞു ഞാൻ ധീരമായൊരു നില കൈക്കൊള്ളുന്നതു കാണാം. മണിയാകുരൻ എന്റെ ഈ നില എന്തെന്നു് വ്യക്തപ്പെടുത്തുക മാത്രം. മാനവവംശം ലോകാരംഭം മുതൽ തേണുകൊണ്ടിരിക്കുന്ന ശാന്തി സംപ്രാപ്തമാവാൻ നാളതുവരെ നടന്നിട്ടുള്ള ശ്രമങ്ങളെല്ലാം പ്രശംസനീയമെങ്കിലും, അവ അപര്യാപ്തങ്ങളെന്നു് തോന്നിത്തുടങ്ങിയ ഞാൻ—ഗോളം മുഴുവനും ഒരു ഒററത്തറവാടായി വിഭാവനം ചെയ്യുന്നു. അതിലുൾപ്പെട്ട രാജ്യങ്ങളെല്ലാം ഈ തറവാട്ടിൽ നിന്നും മാറി പാൎക്കുന്ന കുടുംബങ്ങളായും, ഓരോരാജ്യവാസികളും ഇങ്ങനെയുള്ള കുടുംബങ്ങളിലെ അംഗങ്ങളായും മാത്രം കരുതുകയുമാം. ഇവർ തമ്മിൽ പൊട്ടിപ്പുറപ്പെടുന്ന ഭിന്നതകൾ മാത്രമാണു് യുദ്ധമെന്നും എനിക്കു തോന്നിത്തുടങ്ങി. എന്നുമാത്രമല്ല—മനുഷ്യൻ മനുഷ്യനായിരിക്കുന്നകാലത്തോളം സമരം തുടരുമെന്നും, ആദർശപരമായ സമാധാനം ഇഹത്തിൽ വളരുന്നതല്ലെന്നും എനിക്കു് മനസ്സിലായി. നന്മയും തിന്മയുമായി, ഇരുളും വെളിച്ചവുമായി, ആദ്യന്തം നടന്നുകൊണ്ടിരിക്കുന്ന ഇടർച്ച, മനുഷ്യമനസ്സും ദൈവഹിതവുമായി സമ്മേളിക്കുന്നതു വരെ—സാദ്ധ്യമ

ല്ലെന്നും എനിക്ക് ബോദ്ധ്യമായി. ദൈവവും സാത്താനുമായി ആരംഭിച്ച ഈ ഉടർച്ചയുടെ നടുവിൽ കുടുങ്ങിയ മനുഷ്യൻ, ജടിലമായ ആകർഷണങ്ങളാൽ മോഹിതനായി സാത്താനേയും—അന്തഃകരണം കൊളുത്തി വിടുന്ന ദീപമൊന്നിനാൽ മാത്രം ആകർഷിതനായി ദൈവത്തേയും കുമ്പിടുന്നതാവാം ഇതിനു കാരണം.

കുടുംബസമാധാനത്തിൽനിന്നുവേണം ലോകസമാധാനം വളരാൻ. കുടുംബത്തിലുള്ള ശാന്തി സമുദായത്തിൽ പരന്ന് രാജ്യമാസകലം പടരുമ്പോൾ മനുഷ്യനിർമ്മിതങ്ങളായ രാജ്യാതിർത്തികൾ കടന്നവ ലോകസമാധാനത്തിന് തേർതെളിക്കും. ഒത്തിണങ്ങിയ ദാമ്പത്യമാണ് ലോകസമാധാനക്കലവറ. ലോകസമാധാനം കൈയ്‌വരുത്താൻ.

കഥാനായകനായ മണിയാകരൻ കഥാനായികയുമായി കണ്ടുമുട്ടി രാഗികളായിപ്പുകർന്ന് വലയുന്നതവർ ഇരുവരും വിവാഹമണ്ഡപത്തിലെത്തിച്ചേരുന്നതിനിടയ്ക്ക്, രാഗികളായി വൃഥാ സമയം പാഴ് ആക്കാതെ ഭാരതോന്നമനവും ലോകസമാധാനവും മുൻനിറുത്തിയുള്ള ശ്രമങ്ങളിൽ കഴുത്തററം മുങ്ങിനിന്നു് നടത്തുന്ന ഭഗീരഥപ്രയത്നങ്ങൾ കാണണം. മണിയാകരനെ വണങ്ങാത്ത പുരുഷനും, സേലമ്മയെ ആദരിക്കാത്ത സ്ത്രീയും, ഏതൊണ്ടിന്നു് ഭൂമിയിൽ. തലച്ചോറിനെ വിററ് ചങ്കിനെപ്പോററുന്നതിനോ ചങ്കിനെ പ്രീണിപ്പിപ്പാൻ തലച്ചോറ മാത്രം ഭുജിക്കുന്നതിനോ അനുവദിക്കാതെ—ചങ്കും തലച്ചോറുമായി സംയോജിച്ച് നിന്നും നിരുത്തിയും, സംസാരത്തട്ടിൽ നടമാടുന്ന നായികാനായകന്മാർ ഇവരുടെ കൊടിക്കീഴിൽ വാദനക്കാർ നാം അണിനിരക്കു

വിൻ. ഇരുട്ടിൽ നിന്നു് വെളിച്ചത്തിലേക്കു് ഇവർ വെട്ടിത്തുറക്കുന്ന രാജവീഥിയിലൂടെ നാം നടന്നാൽ മതി, സമാധാനം നാം കണ്ടെത്തും. ഞാനിന്നു, ലോകചക്രത്തിരിച്ചിലിൽ കുടുങ്ങി, ആടിയുലയുന്ന ഒരു പിഞ്ചുകുഞ്ഞു്, ഇണ വിട്ടു, ഇരുട്ടിൽ കിടന്നു്, വെളിച്ചത്തിനായി കരയുകയാണു്.

---

# പ്രസ്താവന.

ബാല്യത്തിൽ നടന്ന മാതൃമരണം, തുടൎന്നു നടന്നിരുന്ന ധനനാശം പിന്നീടുണ്ടായ പിതൃനഷ്ടം എന്നിവ എന്നെ ക്രമത്തിലധികം ക്ലേശിപ്പിച്ചിരുന്നു. എന്നിരിക്കിലും എന്തെന്നില്ലാത്ത ഒരാനന്ദം എന്നിൽ കളികൊണ്ടിരുന്നതിനാൽ ദിവസവും ഞാൻ മുന്നോട്ടുതന്നെ പാഞ്ഞുവന്നു; ഞാൻ അറിയാതെ സദാ എന്നിൽനിന്നു് താനെ പൊടിഞ്ഞിരുന്ന ഒരു മൃദുമന്ദഹാസമാവാം ഇതിനു കാരണം. [illegible]ൽ ഞാൻ ബി. എ. പാസ്സായതോടെ സംഭവബഹുലമായ എൻ്റെ വിദ്യാൎത്ഥിജീവിതം തല്ക്കാലത്തേക്കെങ്കിലും അവസാനിച്ചെന്നു പറയാം. തുടൎന്നു് ഇൻഡ്യ മുഴുവൻ ചുററിക്കാണണമെന്നുള്ള എൻ്റെ ആഗ്രഹം സഫലമാക്കാൻ ആൎപ്പൂക്കരനിന്നും ഞാൻ മദ്രാസ്സിനു് ഇറങ്ങിത്തിരിച്ചു. ഇൻഡ്യയിലെ ഓരോ പ്രധാന പട്ടണങ്ങളും ചുററിക്കണ്ടു് രണ്ടാഴ്ചയിൽ കുറയാതെ ഓരോ പട്ടണങ്ങളിലും താമസിച്ചു് ജനങ്ങളുമായി ഇടപെട്ടു് അവിടവിടെ കാണുന്ന ജീവിതരീതികളെ പാഠവത്തോടെ പഠിക്കണമെന്നും ബാല്യം മുതൽ ഞാൻ കാംക്ഷിച്ചിരുന്നു. ഉദ്ദേശം രണ്ടാഴ്ചയിൽക്കവിഞ്ഞു് ഞാൻ മദ്രാസിൽ താമസിച്ചു ശേഷം പെട്ടുന്നനവെ ഞാൻ ബാംഗ്ളൂർ വന്നതോടെ യാത്ര നിറുത്തി പെട്ടെന്നു് വീട്ടിലെത്തണമെന്നു തോന്നുകയാൽ, അന്നത്തെ രാത്രി മെയിൽ വണ്ടിയിൽ ഞാൻ ആൎപ്പൂക്കരക്കു് മടങ്ങി. ധനികരും ദരിദ്രരും വലുതും ചെറുതുമായ ജനങ്ങളുമായി ഞാൻ അടുത്തിടപെട്ടു്

ജീവിതം നിർബ്ബാധമങ്ങനെ തുടൎന്നിരുന്നു. ക്ലാസ് മുറികളിലും പുസ്തകങ്ങളിലും ഞാൻ കണ്ടിരുന്ന ജീവിതം എന്റെ ഗ്രാമത്തിലെങ്ങും കാണായ്കയാൽ ഞാൻ എന്നിലേക്കു് തന്നെ തിരിഞ്ഞും എന്നോടു് തന്നെ ചോദ്യങ്ങളും തുടങ്ങി. ദിവസേന സായാഹ്ന വേളകളിൽ ഏകനായി പ്രകൃതി രമണീയങ്ങളായ പ്രദേശങ്ങളിൽ പോയി ഉച്ചത്തിൽ ചിന്തിക്കുക സാധാരണ എന്റെ പതിവാണതു്. ഈദൃശചിന്താസന്താനമാണു ഈ കൃതി. അപ്പോൾ എനിക്കു് 24 വയസ്സു് പൂൎത്തിയായിരിക്കണം. ഭാരത സഞ്ചാരാനന്തരം ബാരിസ്റ്റർ പരീക്ഷക്കു് വായിപ്പാൻ ഇംഗ്ലണ്ടിലെത്തണമെന്നു് ഞാൻ കരുതിപ്പോന്നു, വിദേശ വിദ്യാഭ്യാസാനന്തരം നാട്ടെത്തി രാഷ്ട്രീയമായും, സാമുദായികമായുമുള്ള പ്രവൎത്തനങ്ങൾ ആരംഭിക്കണമെന്നും എനിക്കു് തോന്നി. രാജ്യസേവനത്തിന്നു് വിദേശവാസവും വൈദേശിക സംസ്കരണങ്ങളും ഒഴിച്ചുകൂടാത്തതല്ലെങ്കിലും, പരിപൂൎണ്ണതക്കവ അത്യാവശ്യമെന്നു് ബാല്യം മുതൽ ഞാൻ അറിഞ്ഞിരുന്നു. വിദ്യാൎത്ഥികാലത്തു് ആകസ്മികമായുണ്ടായ അനുരാഗപരീക്ഷണവും തൽഫലമായ ഘനതര നിരാശയുംമൂലം വാടി വളൎന്നിരുന്ന എനിക്കു്, എന്നോടുകൂടി വളൎന്നിരുന്ന വിദേശസഞ്ചാരവും വിദേശ വിദ്യാഭ്യാസവും കൂടി സാദ്ധ്യമല്ലെന്നു് കണ്ടു് കൂടുതൽ വിഷാദമുൾക്കൊണ്ടു് മനശ്ശാന്തിക്കായി ഗ്രാമങ്ങൾ വിട്ടു് പട്ടണങ്ങളിലേക്കും പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്കും തെന്നി മാറി ഞാൻ ജീവിച്ചിരുന്നു. എന്റെ ആശക്കൊത്തവിധം എന്റെ വാസനയനുസരിച്ചു് ജീവിപ്പാൻ ദൈവം എനിക്കു് ഇട വരുത്തുമോ എന്നു് ആശങ്കയോടെ ഞാൻ പാൎത്തു

മിരുന്നു. നാം ആശിക്കുംവിധം വന്നു സംഭവിക്കണ മെന്നില്ലല്ലോ. എന്നെക്കാൾ വീരന്മാരെ വരണ്ടതാണീ ലോകം! വറത്തതാണീലോകർ! എന്നു ഞാൻ അറിഞ്ഞു മിരുന്നു. റോബർട്ട് ബേൺസ് എന്ന മഹാ കവി സ്കോട്ട്ലണ്ടിലെ ഒരു കള്ളുഷാപ്പിൽ കണക്കപ്പിള്ള യായി കഴിയേണമെന്ന ദുർവിധി കുറിക്കു് ഞാൻ ഗ്രഹി ച്ചിട്ടുണ്ടു്. നാം വിചാരിക്കുന്നതിനു് വിപരീതമായ അന്തസ്സുകളിൽ പ്രവേശിച്ചു് കശുണ്ടു് ദ്രവിക്കയോ തഴച്ചുവളരുകയോ ചെയ്യുന്നവരാണു് ഇന്നത്തെ ലോകർ. ഇന്നത്തെ ലോകം. എന്തെല്ലാം സഹി ക്കേണ്ടിവന്നാലും അഭിഭാഷകവൃത്തിയും പൊതുജനസേ വനവും മാത്രമേ ഞാൻ സ്വയം വരിക്കു എന്നു് ദൃഢ നിശ്ചയവും ചെയ്തു. ദൈവഹിതമെ നടക്കു എന്നു് അന്നു ഞാൻ ശരിക്കു് അറിഞ്ഞിരുന്നില്ല. മോട്ടിലാൽ നെഹ്റുവിനെ വെല്ലത്തക്ക കുശാഗ്രബുദ്ധി ഒരുവൻ കേ വലം ഒരു തൂമ്പാപ്പണിക്കാരനായും, ലോയിഡു് ജോർ ജ്ജിനെപ്പോലും പിൻതള്ളിയേക്കാവുന്ന ഒരു വാഗ്മി വെറുമൊരു രായസമായും കഴിയുന്നതിനു് ഉദാഹരണ ങ്ങൾ സുലഭമാണു്. ഏതായാലും ഒരു സംഗതി പര മാർത്ഥം, വാസന അനുസരിച്ച അന്തസ്സുകളിലല്ല ഇന്നത്തെ ലോകർ നാടുവാഴുന്നതും നാടുകൾ ഭരിക്കു ന്നതും. ക്ലാസ്സുകളിലെ മാർക്ക് നോക്കി ഒന്നാമന്മാരെന്നു് എണ്ണി ലോകഭരണം ഇക്കൂട്ടരെ നാം ഏല്പിക്കുമൂലം ലോകം ഇന്നു് തുണ്ടു തുണ്ടായി പിളർക്കപ്പെട്ടു് ശരി ക്കൊരു നേതൃത്വമോ കുറിക്കപ്പെട്ട നേതാക്കളോ ഇല്ലാ തെ ലോകം ഊർദ്ധ്വശ്വാസം വലിക്കുന്നതു് ബാല്യം മുതൽ ഞാൻ കണ്ടിരുന്നു. കണക്കും ഡ്രോയിംഗും നീക്കി മററു വിഷയങ്ങൾക്കെല്ലാം ഇന്നത്തെ ഒന്നാമന്മാരേ

ക്കൾ കൂടുതൽ മാർക്ക് സമ്പാദിച്ച് ഒന്നാമന്മാരിൽ ഒന്നാമനായി ഞാൻ പഠിച്ചുവന്നു. നൊമ്പരം എടുത്ത് കണക്കും ഡ്രായിംഗും പഠിക്കാൻ ഞാൻ ശ്രമിച്ചുമില്ല. വാസനയില്ലാത്ത വിഷയങ്ങളെ കുട്ടികളിൽ ഇൻജെക്റ്റ് ചെയ്ത് പഠിപ്പിക്കുന്ന രീതികളെ തുടർന്നു ഞാൻ ക്ലാസ്സിൽ ഭത്സിച്ചും വന്നു. മൂന്നാംഫാറത്തിലെ ഗവർമ്മെൻറ് സ്കോളർഷിപ്പും ഞാൻ കരസ്ഥമാക്കി. ഫൈഫ്ത്ഫാറം ക്ലാസിൽ കയറിയതോടെ പെട്ടെന്ന് എൻെറ പഠനരീതി ഞാൻ സ്വയം മാററി. ക്ലാസ് ടെക്സ്റ്റ്കൾ നോക്കാതെ അദ്ധ്യാപകന്മാരുടെ പരിശീലനത്തിൽ ഉള്ള അര ശ്രദ്ധമാത്രം പതിച്ചും, പുറമെ തടിച്ചു മൗനമാചരിച്ചും ക്ലാസുകളിൽ ഞാൻ കഴിച്ചുകൂട്ടി. ഓരോ പരീക്ഷയ്ക്കും ജയിപ്പാൻ മാത്രം മാർക്കു മാത്രമേ ഞാൻ സമ്പാദിച്ചുള്ളൂ. തന്നത്താൻ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ മാത്രം വായിച്ച് സദാ കത്തിക്കാളുന്ന എൻെറ തലച്ചോറ് സ്വയം ഞാൻ കുളിർപ്പിച്ചിരുന്നു. കൂടുതൽ മാർക്കു നോക്കി ഒന്നാമന്മാരായി എണ്ണപ്പെട്ടവർ മിക്കവാറും തത്ത കണക്കെ ശുഷ്കിക്കുമെന്നും, മാർക്കു ലഭിക്കാത്ത എന്നെപ്പോലെയുള്ള രണ്ടാമന്മാരാണ് ലോകത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് നയിച്ചിട്ടുള്ളതും നയിക്കുന്നതെന്നും എനിക്ക് പരമബോദ്ധ്യമാണ്. ജൂലിയസ്സീസർ, ചാർലമെയിൻ, നെപ്പോളിയൻ, ജോർജ്ജ് വാഷിംഗ്ടൺ, ഏബ്രഹാം ലിങ്കൻ എന്നിവരാരും സർവ്വകലാശാലകൾ പ്രസവിച്ചുവിട്ട ഒന്നാമന്മാരല്ലെന്നും ഞാൻ അറിഞ്ഞിരുന്നതാവാം ഇതിനുകാരണം. ബുദ്ധിയുള്ളവരുടെ ശ്രദ്ധ പരിമിതാശയങ്ങൾ മാത്രമുള്ള ക്ലാസ്ടെക്സ്റ്റുകളിൽനിന്നും ചോർന്നുപോകുന്നതുതന്നെ

സജ്ജീകവ്യമാണല്ലോ. മിട്ടുക്കന്മാർ അവർ മാത്രമാകയാൽ.

കൃത്രിമമിട്ടുക്കന്മാർ ലോകഭരണം നടത്തി ലോകത്തെ മുട്ടുകകളിൽനിന്നു മുട്ടുകകളിലേക്കു് നയിക്കുമ്പോൾ രണ്ടാമന്മാർ തന്റേടത്തോടുകൂടി രംഗത്തുപ്രവേശിച്ചു് മുട്ടുകകളിലിവരെ കുടുക്കി, വിസ്തൃതമായ രാജവീഥികളിലേക്കു് ലോകത്തെ ആകർഷിച്ചാണു് ലോകരെ രക്ഷിക്കുന്നതു്. ഈ വിധ ചിന്തകളാൽ പ്രേരിതനായി പഠിത്തത്തിൽ ക്ലാസിലെ രണ്ടാമനാകാൻമാത്രം ഞാൻ പഠിച്ചു. എങ്കിലും പ്ളാററുഫാറത്തിലെ എന്റെ ഒന്നാം സ്ഥാനം തുടന്നു് ഞാൻ പരിരക്ഷിച്ചു വന്നുവെന്നു മാത്രമല്ല, ദൈവാനുഗ്രഹത്താൽ വാഗ്വിലാസത്തിൽ ദിവസേന ഞാൻ തഴച്ചു വളൎന്നുമിരുന്നു. നാലാം ഫാറം മുതൽ പത്രപാരായണം മുറയ്ക്കു് ഞാൻ നടത്തിപ്പോന്നു. നോവലും ജീവചരിത്രങ്ങളും കഥകളും കവിതകളും വായിക്കുന്നതിൽ ശ്രദ്ധാലുവായ എനിക്കു് ഞാൻ ജീവിക്കുന്ന ലോകത്തു് അപ്പഴപ്പോൾ നടക്കുന്ന സംഭവങ്ങളെന്തെന്നു് അറിയേണ്ടതു് അത്യാവശ്യമെന്നു തോന്നുകയാൽ പത്രപാരായണം എന്നെ ആത്യധികം ആഹ്ളാദിപ്പിച്ചു. പത്രത്തിൽക്കാണുന്ന വാൎത്തകളും ലേഖനങ്ങളും അപ്പടി സ്വാഗതം ചെയ്യുന്നതിനു് എന്റെ നിരീക്ഷണബുദ്ധി ഒരിക്കലും എന്നെ അനുവദിച്ചിരുന്നില്ല. എന്റെ അനുമാനങ്ങളൊന്നും തെററന്നു് എനിക്കു് ഒട്ടു് അനുഭവവുമല്ല. എന്നിൽ വളൎന്നുവന്ന ഈ വ്യക്തിത്വം എത്രയെല്ലാം ആപത്തുകളിൽ നിന്നു് എന്നെ രക്ഷിച്ചുവന്നെന്നു് എനിക്കു മാത്രം അറിയാം. ഇന്നത്തെ ലോകർ പാവങ്ങളാണു്—പാവകളാണു്. മുൻപ

ഗമിക്കുന്ന ഗോവൃതന്റെ പിൻപേ ഗമിക്കും ബഹു ഗോക്കളാണു്.

അഭിനയം, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നടത്തിയ പ്രസംഗമത്സരങ്ങൾ എന്നിവ മൂന്നിനും ഒന്നാം സമ്മാനം കരസ്ഥമാക്കി സ്ക്കൂൾ ഫൈനൽ പാസ്സായതോടെ മാന്നാനത്തെ സെൻറ് എപ്രേം ഇംഗ്ലീഷ് ഹൈസ്ക്കൂളിലെ എന്റെ വിദ്യാഭ്യാസം പൂർത്തിയാക്കി. ഒന്നും രണ്ടും ഒന്നാം സമ്മാനങ്ങൾ കരസ്ഥമാക്കി മൂന്നാമത്തെ ഒന്നാം സമ്മാനവും വാങ്ങുന്നതിനായി എന്റെ പേർ വിളിക്കവെ മാന്നാനത്തെ ആ നെടിയ ഹാളിന്റെ ഒരു കോണാംകേറാമൂലയിൽ ഒളിഞ്ഞിരുന്ന ഞാൻ എണീററപ്പോൾ തിങ്ങിക്കൂടിയിരുന്ന സദസ്യർ ഒന്നടങ്കം അദ്ധ്യക്ഷനുൾപ്പെടെ എണീററ് എനിക്കു് സ്വാഗതമരുളി. സഭാകമ്പമെന്തെന്നു് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ഞാൻ ലജ്ജിച്ചു് എന്നിൽത്തന്നെ ഒളിഞ്ഞു് സമ്മാനവും വാങ്ങി തിരിച്ചു എന്റെ ഇരിപ്പിടത്തു വന്നിരിക്കുന്നതുവരെ സദസ്യർ ആഹ്ളാദപുരസ്സരം എന്നെ ബഹുമാനിച്ച വിധം ഒരിക്കലും മറക്കാത്ത വിധം അത്ര ആഴമായി എന്നിൽ പതിഞ്ഞിട്ടുണ്ടു്. പൊതു പ്രസംഗങ്ങളിൽ എനിക്കുള്ള അഭിരുചി വിശദമാക്കാൻ ഇക്കാര്യം എടുത്തു പറയുന്നതിൽ അല്പമെന്നാലും എന്നെ പഴിക്കേണ്ടതില്ല. പഴിക്കുന്നവരോടു് ആത്മപ്രശംസ മുഖസ്തുതിയേക്കാൾ മെച്ചമെന്നു് എനിക്കുള്ള ബലമായ അഭിപ്രായം മാത്രമേ ഇന്നത്തെ സ്തുതിപാഠകന്മാരോടു് എനിക്കു് ഇതിനു് പ്രത്യുത്തരിക്കേണ്ടതുള്ളൂ.

പത്രസമത്വവാദം അതിന്റെ അത്യുച്ചത്തിൽ എത്തിയിരുന്ന നാളുകളിലാണു് എന്റെ സ്കൂൾ

വിദ്യാഭ്യാസം. ന്യായരഹിതമായി പ്രവൎത്തിക്കുന്ന പ്രമത്തരായ വ്യക്തികളേയോ സംഘടനകളേയോ, സത്യവും നീതിയും മുൻ നിറുത്തി, എതിൎക്കുന്ന വ്യക്തികളോ സംഘടനകളോ, ബലഹീനമെന്നു കാണുന്നപക്ഷം—അവരുടെനേതൃത്വം സ്വയം ഞാൻസ്വീകരിച്ചു, പ്രബലരായ വ്യക്തികളും സ്ഥാപനങ്ങളുമായി മത്സരിച്ച്—അസ്ത്രങ്ങളേക്കാൾ മൂൎച്ചയുള്ള പദപ്രയോഗങ്ങളാൽ അടിച്ചവരെ അമൎത്തുന്നതിൽ ജന്മനാ എനിക്കുള്ള ഉത്സാഹം—ധൎമ്മം വെടിഞ്ഞ് ഇന്നു ജീവിക്കുന്ന ചില പ്രബല വ്യക്തികളും സംഘടനകളുമായി തുടൎന്നുള്ള ഇടൎച്ചകൾക്ക് എനിക്ക് ഇട നൽകി. തൻമൂലം വളരെ ക്ലേശങ്ങൾ ഞാൻ സഹിക്കേണ്ടി വന്നെങ്കിലും അന്തഃകരണം വിററ്, തലച്ചോറ് പണയം വച്ച് പണം സമ്പാദിപ്പാൻ ഞാൻ ഒരുമ്പെട്ടില്ല. ഈവക ഇടൎച്ചകൾ മൂലം എൻെറ നട്ടെല്ലിൻെറ ബലം എത്ര മാത്രം വൎദ്ധിച്ചിട്ടുണ്ടെന്ന് ഭാവിജീവിതം വെളിപ്പെടുത്തണം. സ്വാൎത്ഥലാഭമിച്ഛിച്ച് വ്യക്തികളെയൊ സ്ഥാപനങ്ങളെയൊ സ്തുതിക്കുവാനൊ ഇണയ്ക്കുന്നതിനൊ ഞാൻ ഉന്നിഞ്ഞിരുന്നില്ല. കളവ് ഞാൻ സംസാരിക്കയില്ല. ചതിവ് എനിക്കറിഞ്ഞുകൂടാ. നയവും മയവും വിളമ്പി ഞാൻ ജീവിച്ചുവന്നു. ഇത്തരം നിൎച്ചാലുകളിലൂടെ അനൎഗ്ഗളമായി ഒഴുകിയിരുന്ന എൻെറ ആസക്തികൾ സ്കൂൾ വിട്ട് കോളേജിലേക്ക് ഒഴുകിത്തുടങ്ങുന്നു. എൻെറ ഹെഡ്മാസ്ററർ മി. കെ. ജെ. എബ്രഹാം ബി. എ. എൽ. ററി. വാത്സല്യ ഗുരു മി. ഇ. സി. ജോൺ ബി. എ. എൽ. ററി., വെ. റവ. ഫാദർ സ്ററീഫൻ, വെ. റവ. ഫാദർ നിക്കളാസ് എന്ന കൎമ്മലീത്താ സന്യാസികൾ—എന്നിവരെപ്പററി രണ്ടു വാക്കെ

ങ്കിലും പറയാതെ സ്കൂൾജീവിതം വിടാൻ ഞാൻ ആളല്ലതന്നെ. പെരുമയുള്ള തറവാട്ടുകളിൽ ജനിച്ചവരുൻ് പാകത സമ്പാദിച്ച ബുദ്ധിമാന്മാരായ അദ്ധ്യാപകവീരന്മാരാണിവരിൽ ആദ്യം പറഞ്ഞ രണ്ടുപേർ. സ്നേഹിച്ചും ശാസിച്ചും എന്നെ അവർ ഇരുവരും ഭരിച്ചിരുന്നവിധം ഒരിക്കലും ഞാൻ മറക്കുന്നതോ മറയ്ക്കുന്നതോ അല്ല. അത്രമാത്രം ഭക്തിയിലും സ്നേഹത്തിലും ഞങ്ങൾ പരസ്പരം കഴിഞ്ഞിരുന്നു, മി. ജോണിനെ ഞാൻ കൂടുതൽ സ്നേഹിച്ചിരുന്നെങ്കിൽ, മി. എബ്രാഹമിനെ ഞാൻ കൂടുതൽ ഭക്തിപുരസ്സരം ഭയന്നിരുന്നു. എന്തെന്നാൽ കരിങ്കല്ലിൽ കാറ്റെന്ന വിധം എളുപ്പത്തിൽ ഇളകുന്ന മനുഷ്യനല്ല മി. എബ്രാഹം. ഇളകിയാൽ ഇളകിയതുമാണു്.

ആപത്തുസമയങ്ങളിൽ മാത്രം മി. ജോൺ എത്രമാത്രം എന്നെ സഹായിച്ചിട്ടുണ്ടെന്നു് എനിക്കും എന്റെ ദൈവത്തിനും മാത്രമറിയാം. സത്യത്തിനും നീതിക്കും വേണ്ടി മാത്രമേ ഞാൻ പോരാടൂ എന്നു് എന്റെ ഗുരു അറിഞ്ഞിരുന്നതിനാൽ സ്വയം ക്ലേശം സഹിച്ചും, വ്യക്തികളും സമാപനങ്ങളുമായുള്ള പ്രബല സംഘട്ടനങ്ങളിൽപോലും എനിക്കുവേണ്ടി എന്റെ വാത്സല്യഗുരു നടത്തിയിട്ടുള്ള സേവനം വ്യർത്ഥമല്ലെന്നേ തൽക്കാലം എനിക്കു് അദ്ദേഹത്തോടു് പറയേണ്ടതുള്ളൂ. എന്റെ കുടുംബത്തിന്റെ പുരാതനതയെ പ്രകീർത്തിച്ചുകൊണ്ടും, സാമ്പത്തികമായി ഇടിഞ്ഞുവീണുകൊണ്ടിരുന്ന പ്രസ്തുത കുടുംബത്തിലെ വിടുന്നു വരുന്ന പുഷ്പമായി എന്നെ സ്നേഹിച്ചാദരിച്ചു് പ്രോത്സാഹിപ്പിച്ചു് കോളേജു് പഠനത്തിനു്

യാത്രയാക്കിയ അവർ ഇരുവരിലും എനിക്കുള്ള പ്രതിനന്ദി തുറന്നു ഇങ്ങനെ പറകയാണു്. കർമ്മലീത്താ മൂന്നാം സഭാംഗങ്ങളായ വെ. റവ. ഫാദർ സ്റ്റീഫൻ, വെ. റവ. ഫാദർ നിക്കളാസ് എന്നീ വന്ദ്യവൈദിക സന്ന്യാസികളിൽ എനിക്കുള്ള നിർവ്യാജമായ ഭക്തിയും സ്നേഹവും കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളട്ടെ. കർമ്മലീത്ത സന്ന്യാസികളുടെ നടുവിൽ സഭാവസ്ത്രങ്ങൾക്കുള്ളിൽ ഒളിഞ്ഞിരുന്ന ഒരു സിംഹമാണു് ഫാദർ സ്റ്റീഫൻ. സംഭാഷണത്തിൽ കർക്കശതയും പ്രവൃത്തിയിൽ സ്നേഹവും ചൊരിഞ്ഞിരുന്ന ഈ ധീരനെ എങ്ങനെ ഞാൻ മറക്കണം? എന്നു ഞാൻ മറക്കും? ഈ ഒരു വ്യക്തിയുടെ സ്നേഹത്യാഗങ്ങൾ മതി കർമ്മലീത്താ മൂന്നാം സഭയുടെ നേട്ടം കാട്ടാൻ. അടുത്തതു് വെ. റവ. ഫാദർ നിക്കളാസ്സാണു്. അദ്ദേഹം ഒന്നാം ഫാറത്തിലെ എൻെറ അദ്ധ്യാപകൻമാണു്. ഞങ്ങൾ തമ്മിൽ പിരിഞ്ഞിട്ടു് കൊല്ലങ്ങൾ പലതു കഴിഞ്ഞു. പലതു കഴിഞ്ഞെങ്കിലും അദ്ദേഹത്തെ അനുസ്മരിക്കാത്ത സൂര്യോദയം ഞാൻ ഒട്ടു കാണുന്നുമില്ല. ഇനി എങ്കിലും അത്രയ്ക്കു് തൻേറടി അദ്ദേഹമാണെന്നും ഞാൻ അറിയുന്നുണ്ടു്. അദ്ദേഹവും ഞാനും അയൽവാസികളാണു്. ഒരു കൊല്ലം അദ്ദേഹത്തിൻെറ ശിഷ്യനായി വളർന്നിരുന്ന എന്നിൽ അദ്ദേഹത്തിനു് പിതൃതുല്യമായി തോന്നിയിരുന്ന മതിപ്പും സ്നേഹവുമടയ്ക്കാൻ ക്രൂരസന്ന്യാസിസ്സ്രൂപമാനേജർ എന്ന നിലയിൽ വിളമ്പിയിരുന്ന സ്പർദ്ധ അവഗണിച്ചും, ഞങ്ങൾ തമ്മിൽ പിരിഞ്ഞിട്ടും തുടർന്നു് എനിക്കു് തുണയും തുണയുമായി നിൽക്കാൻ അദ്ദേഹം പ്രദർശിപ്പിച്ച ധീരത എങ്ങനെ ഞാൻ അനുസ്മരിക്കാതിരിക്കും? എങ്ങനെ ഞാൻ ആദരിക്കാതിരിക്കണം?

അദ്ദേഹം ജന്മനാ ഒരു ഭരണകർത്താവാണു്. പുറമെ നിന്നും അടിച്ചേൽപിക്കുന്ന മേധാവിത്വത്തിൽ ഒട്ടു വിശ്വാസവുമില്ല. ആശ്രമത്തിനുള്ളിൽ ഒളിഞ്ഞു് ക്രിസ്തുവിനെ അനുകരിച്ചു് ജീവിക്കുന്നതിനദ്ദേഹം വിരുതനുമാണു്, തലയാണു്, കാലല്ല എക്കാലത്തും എവിടെയും ഭരണം നടത്തേണ്ടതെന്നും വായനക്കാർ ഗ്രഹിക്കണം. അടുത്തിടഞ്ഞിട്ടില്ലെങ്കിലും റവ. ഫാദർ പ്ലാസിഡു് പി. എച്ചു്.ഡി., ഡി.ഡി.,ഡി. സി.എൽ. സ്വദേശി എന്നു മാത്രമല്ല, എൻെറ ഒരു ഉററ ബന്ധുവുമാണു്. ഞങ്ങൾ പരസ്പരം മതിപ്പിൽ അറിഞ്ഞും ആരാഞ്ഞും കഴിയുന്നവരാണു്. കർമ്മലീത്താ മൂന്നാംസഭാനഭോമണ്ഡലത്തിൽ ഉദിച്ചുയരുന്ന ഒരു കുട്ടിസൂര്യനാണദ്ദേഹം. രാഷ്ട്രീയ മണ്ഡലത്തിൽ ഒരു സ്ഥാനം ദൈവം എനിക്കു തരുന്ന പക്ഷം, വികസിച്ചുവരുന്ന റവ. ഫാദർ പ്ലാസിഡു്, മത കാര്യങ്ങളിൽ എനിക്കു് പ്രബോധനം നൽകാൻ കെൽപുള്ളവനെന്നു് ഞാൻ അറിയുന്നുമുണ്ടു്.

ആദ്യം കേരളത്തിലും, പിന്നീടു് ഇൻഡ്യയിലും, ഒടുവിൽ ലോകത്തും, നാം രണ്ടും ഒരുമിച്ചു് നിന്നു് പ്രവർത്തിക്കണം. എന്തിനു്? ഒന്നിച്ചു നാം ഉയരാൻ. ഒന്നിച്ചു നാം അകലുന്നപക്ഷം ഒന്നിച്ചു നാം ഉടയും. ഒന്നിച്ചു നമ്മെ ഉടയ്ക്കും. ഭാരതീയജീവിതം കരകവിഞ്ഞു കുത്തിപാഞ്ഞൊഴുകുന്നതു് നാം രണ്ടും അകന്നു മാറി നിന്നു് കണ്ടാൽ മതി. അടുത്തു് നാം ഉടൻ ശ്രമങ്ങൾ നടത്താത്തപക്ഷം ഒന്നിച്ചു വേരററു നാമും ഒഴുക്കിൽ മറയും. ലോകം അഴുക്കാൽ നിറയും. ലോകർ ഇരുളിൽ മുഴുകും. കേവലം ഒരു വ്യക്തി മറെറാരു വ്യക്തിയോടു നടത്തുന്ന ഒരു അഭ്യർത്ഥന ഇതെന്നു് എണ്ണിത്തള്ളാതെ

ഇന്നത്തെ ഇൻഡ്യൻ ക്രൈസ്തവർ, ഇന്നത്തെ ഇൻ
ഡ്യൻ ക്രിസ്തീയ മേലദ്ധ്യക്ഷന്മാരോടു്—പള്ളിയോടു്
നടത്തുന്ന ഒരു അഭ്യർത്ഥന ഇതെന്നു കരുതി, ശരിക്കു
പള്ളി തയ്യാറെടുക്കണം. നാം ഇതുകൂട്ടരുടെയും
ദൈവരാജ്യ വളർച്ചക്കു് ഇതൊട്ടൊഴിച്ചും ക്രമം. അഗ്നി
പർവ്വതങ്ങളുടെ നടുവിലാണു് ഇന്നത്തെ നമ്മുടെ
വാസമെന്നു്, ഇന്നു നാം അറിയുന്നില്ലെങ്കിൽ, എന്നു
നാം അറിയണം? എങ്ങനെ നാം അറിയും? വെ. റവ.
ഫാദർ അലക്സാണ്ടർ (ബ. കൊച്ചു ചാണ്ടിയച്ചൻ) കമ്മ
ലീത്താ മൂന്നാം സഭയുടെ നാഥനായി പല നാൾ
ഭരിച്ചു. ഞങ്ങൾ തമ്മിൽ പരസ്പരം ഉള്ള വേഴ്ച
യിൽ കഴിഞ്ഞിരുന്നതിനാൽ —ബി. എ. പാസ്സായ
ഉടൻ ഉപചാരത്തിനു വേണ്ടിമാത്രം അദ്ദേഹത്തെ ഞാൻ
ചെന്നു കണ്ടു. ഞങ്ങൾ തമ്മിൽ സൗഹാർദ്ദ പരമായ
ഒരു സംഭാഷണവും കഴിഞ്ഞു പിരിഞ്ഞു. ഞങ്ങൾ
തമ്മിൽ അന്നു നടന്ന സംഭാഷണ വേളയിൽ അദ്ദേഹ
മെന്നോടു് ഞാൻ 'ഇനി എന്തുചെയ്‌വാൻ നിശ്ചയിച്ചു'
എന്നു് ചോദിച്ചു—'ഞാൻ ഒന്നും നിശ്ചയിച്ചില്ലാ' എന്നു
മറുപടി പറഞ്ഞു. അപ്പോൾ അദ്ദേഹം പറക
യാണു്—'ആഫ്രിക്കായിലു്' പോകണം. മറെറാന്നുകൊ
ണ്ടുമല്ല. അക്കരനിന്നു് പ്രസംഗിച്ചാൽ ഇക്കരയുള്ള
കല്ലുകളെങ്കിലും തകരാതിരിക്കും. സ്വരം മാറെറാലി
കൊള്ളുമെങ്കിലും' എന്നു പറഞ്ഞു് പുഞ്ചിരി തൂകി.
സെൻറ് എഫ്രേം ഹൈസ്കൂൾ വിദ്യാർത്ഥി എന്ന നില
യിൽ എൻെറ പ്രസംഗങ്ങൾ പലപ്പോഴും ആസ്വദിച്ചി
ട്ടുള്ള അദ്ദേഹം—ജീവിതത്തിലെ എൻെറ ഉറച്ചനിലമൂലം
പള്ളിക്കുള്ള നിരവധി സ്ഥാപര ജംഗമവസ്തുക്കൾക്കു്
ഞാൻ മൂലം കോട്ടംതട്ടുമെന്നു കരുതി, ആ വന്ദ്യവൈദി

കൻ കരുതിക്കൂട്ടി പ്രയോഗിച്ചു കടുത്ത ഒരു കരുവാണതു്. പുഞ്ചിരികളാൽ പൊതിഞ്ഞിരുന്നെങ്കിലും.

ഞാൻ സ്കൂൾഫൈനൽ പാസ്സായ ഉടനെ കോളേജ് വിദ്യാഭ്യാസത്തിന് പോകാതിരിപ്പാനും തന്ത്രത്തിൽ എന്നെ കുടുക്കാനും ഇത്രനാളും എന്നെ അലട്ടിയിരുന്ന സ്കൂൾ മാനേജർ—ഞാൻ അദ്ധ്യാപകനാകുന്ന പക്ഷം എനിക്കു ൩൦ രൂപാ ശമ്പളം നൽകാമെന്നു എന്നോടു പറയാൻ, ആക്റ്റിംഗ് ഹെഡ്മാസ്റ്റർ മി. ഇ. സി. ജോണിനെ അറിയിച്ചു. ക്രിസ്തുവിനു് വെച്ച വിലയിൽ അഞ്ചു് വെള്ളി കൂടുതൽ ആ വൈദികൻ എനിക്കു് വിലയിട്ടെങ്കിലും, അന്നത്തെ എക്സ്ചേയിഞ്ചിൽ അതൊരു വലിയ വിലക്കൂടുതലായിക്കരുതാതെ അദ്ദേഹത്തിന്റെ കെണിയിൽ നിന്നും ഞാനൊഴിഞ്ഞുമാറി.

ഇത്തരം ചുററുപാടുകളിൽ വളർന്നിരുന്ന എന്റെ ജീവിതം താനെ നീങ്ങി ചങ്ങനാശ്ശേരി സെൻറുബർക്കുമാൻസ് കോളേജിൽ ജൂണിയർ ഇൻറർമീഡിയെററ് ക്ലാസ്സിൽ ചേർന്നു. ആകൃതിപ്രകൃതികളിൽ യോജിച്ച ഒരു മിത്രത്തെ തരേണമെന്നു് ഉള്ളിൽ ദൈവത്തോടു പലപ്പോഴും ഞാൻ കേണിട്ടുണ്ടു്. ഉദ്ദേശം ഇരുനൂറു വിദ്യാർത്ഥികൾ എന്റെ ക്ലാസിൽ പഠിച്ചിരുന്നെങ്കിലും അവരിലാരിലും എന്റെ ശ്രദ്ധ പതിഞ്ഞിരുന്നില്ല. മാസങ്ങൾ ഒന്നൊന്നായി അങ്ങനെ കടന്നുപോന്നു. ഞാനോ എന്നിൽത്തന്നെ ലയിച്ചു് ജീവിതം തുടർന്നു. ഞാൻ എന്റെ മിത്രമാകാനുള്ള ആളുമായി കണ്ടുമുട്ടി. ആദ്യം നടന്ന സംഭാഷണത്തിൽത്തന്നെ ഞങ്ങൾ പരസ്പരം അടുത്തുകഴിഞ്ഞു. നീണാൾ നിഗൂഢമായി ഞാൻ ആശിച്ചിരുന്ന ആത്മമിത്രമാണു് അദ്ദേഹമെന്നു് അന്നു് ഞാൻ

കരുതിയില്ല. അല്പസംഭാഷണാനന്തരം ഞങ്ങൾ തമ്മിൽ സംസാരം നിറുത്തി 'നാളെയും—നാം തമ്മിൽ കാണാം. തൽക്കാലം പിരിയാം.' എന്നിങ്ങനെ ഞാൻ പറഞ്ഞു നിറുത്തി. ഞങ്ങൾ വീണ്ടും പുഞ്ചിരിക്കൊണ്ടു് പരസ്പരം പിരിഞ്ഞു.

അടുത്ത ദിവസവും ഞങ്ങൾ ഇരുവരും അടുത്തു് പരസ്പരം ഉള്ള കൂടുതൽ അടുക്കാൻ തുടങ്ങി. ഓരോ ദിവസവും അടുക്കും തോറും ഉള്ള കൂടുതൽ കൂടുതൽ ഞങ്ങൾ അടുത്തുതുടങ്ങി. ഇങ്ങനെ ഞാൻ എന്റെ മിത്രത്തെ കണ്ടുമുട്ടി. ഞാൻ എന്റെ തോലതാൽ അദ്ദേഹത്തെ അളന്നും തുടങ്ങി. അളക്കുംതോറും എന്റെ തോല്ലു് താനെ അയഞ്ഞും തുടങ്ങി. തോല്ലു് അയയും തോറും പരിചയം വളർന്നും വന്നു, ഇങ്ങനെ ദിവസേന തഴച്ചു വളർന്നുവന്ന ഞങ്ങളുടെ പരിചയം ഞങ്ങളുടെ തോല്ലുകളെ വിഴുങ്ങി! ഞങ്ങളുടെ ഹൃദയഭിത്തികളെത്തകർത്തു് കെട്ടിനിന്നിരുന്ന ഹൃദയത്തിലെ, നിർചാലുകൾ തന്നെ അനർഗ്ഗളമായി! അങ്ങിനെ ഒഴുകി സ്നേഹം നിറഞ്ഞ ഞങ്ങൾ ഇരുവരും പ്രസ്തുത ഒഴുക്കിൽ പതിഞ്ഞും കഴിഞ്ഞു. ഇങ്ങനെ ഞങ്ങൾ തമ്മിൽ തുടങ്ങിയ സ്നേഹം, എങ്ങിനെ വളർന്നിരുന്നു എന്നും എത്രത്തോളം വളർന്നു എന്നും ദൈവത്തിനും ഞങ്ങൾക്കും മാത്രം അറിയാം. ഞങ്ങളും ദൈവവും മാത്രം ഇതറിഞ്ഞാൽ മതി. അത്രമാത്രം ഈ സ്നേഹത്താൽ ഞങ്ങൾ ഇരുവരും സഹിച്ചു—അത്രമാത്രം ഈ സ്നേഹത്താൽ ഞങ്ങൾ ഇരുവരും ഉണർന്നു. അത്രമാത്രം ഈ സ്നേഹത്താൽ ഒററക്കുഞാൻ താണു. വീണ്ടും ഒററക്കു ഞാനു വീണു.

ഒററതിരിഞ്ഞ ഞാൻ രണ്ടാമതൊരു തേടുവാൻ ആശിച്ചില്ല, വീണ്ടും ഇങ്ങനെ ഒററതിരിഞ്ഞഞാൻ—ഒററക്കു് നിന്നു പൊരുതാൻ വേണ്ടുകരുത്തെന്നിൽ ചേരുവാൻ ദൈവം എനിക്കു് ഇടയുമാക്കി.

ഇങ്ങനെ എന്നിലേക്കു തന്നെ തിരിഞ്ഞു് എന്നിൽ തന്നെ ആശ്വസിക്കുന്നതിന് എന്നെ പഠിപ്പിച്ച എന്റെ ദൈവം പരമകാരുണികനത്രേ ഏതാണു് എനിക്കു് ആത്മമിത്രമാകേണ്ടതെന്നും ഇന്നു് ഞാൻ അറിയുന്നുണ്ടെങ്കിലും അന്നു ഞാൻ ശരിക്കു് എങ്ങനെ അറിയും?—ജീവിതമത്സരത്തിൽ ആടിയുലഞ്ഞു് മുങ്ങിപ്പൊങ്ങി നട്ടം കറങ്ങിയിരുന്ന അന്നാളിൽ. ഇങ്ങനെ എന്റെ ആത്മമിത്രം എന്നെ എന്റെ കാമിനിയിലേക്കും, എന്റെ കാമിനി എന്നെ എന്റെ ദൈവത്തിങ്കലേക്കും അവരിരുവരും ഒന്നുമേള്ളുമറിയാതെങ്കിലും, അവർ രണ്ടും ദൈവത്തിന്റെ വിദഗ്ദ്ധഹസ്തങ്ങളിലെ മൂർച്ചയുള്ള രണ്ടു് അസ്ത്രങ്ങളായിരുന്നു്, ദൈവം തന്നെ ദൈവത്തിങ്കലേക്കു് എന്നെ വെട്ടിവിട്ടതു് നോക്കണം! വെട്ടിവിട്ടതു് കാണണം!!

സെൻറു് ബെർക്ക്മാൻസ് കോളേജിൽ പഠിക്കുമ്പോൾ പ്രസംഗിക്കുന്നതിനായി അധികാരികൾ എന്നെ നിർബന്ധപൂർവം ക്ഷണിച്ചു: ഇതരരാജ്യങ്ങളുടെ ഇടയിൽ ഇന്ത്യക്കുള്ള സ്ഥാനം—India among the Nations ഇതാണു് ഞാൻ എടുത്ത വിഷയം. പ്രസംഗത്തിനായി ഞാൻ പ്ളാററുഫോറമെത്തി കണ്ണോടിച്ചതിൽ ചരിത്രക്ലാസ്സിലെ കുട്ടികളേ പ്രസംഗം കേൾപ്പാൻ ഉള്ളല്ലോ; കോളേജിലെ കുട്ടികളെല്ലാമില്ലല്ലോ, ക്ലാസ്സുകളിലവർ ആകയാൽ; എന്നോർത്തു നിരാശയോടു് പുഞ്ചിരി തൂകി ഇംഗ്ലീഷിൽ മൃദുസ്വരത്തിൽ

മുഖവുരമൊഴികൾ ചൊരിഞ്ഞും തുടങ്ങി. അർത്ഥത്തിന് യോജിച്ച സ്വരത്തിൽ — സ്വരം താഴ്ത്തിയുമുയർത്തിയും പ്രകൃത്യാ ഞാൻ മുഖവുര മുഴക്കി. ഇങ്ങനെ മുഴങ്ങിയ സ്വരം പഠനം നടന്നിരുന്ന ക്ലാസുകളിൽ മുഴങ്ങുകയാൽ ക്ലാസുകൾ നിറുത്തി ലക്ചറേഴ്സും വിദ്യാർത്ഥികളും പ്രസംഗഹാളിൽ കൂടിക്കൂടി. 'Thundering oration is going on in the upper story. Let us stop the Class'—ഏതോ ഒരു മഹാവാഗ്മി ഇടിനാദത്തെ വെല്ലുന്ന സ്വരത്തിൽ അനർഗ്ഗളമായി ചൊരിയുന്ന വാഗ്ധോരണി കേൾക്കാൻ നമുക്കും പോകാം; ക്ലാസ് ഇന്നു് ഇനി വേണ്ടാ—എന്നു പറഞ്ഞു ഒന്നുകൊണ്ടുമിളകാത്ത മി. കെ. ശങ്കരപ്പിള്ള ബി.എ., മലയാളംലക്ചററും ക്ലാസ് നിറുത്തി. ഇങ്ങനെ എന്റെ കോളേജ് ഒന്നടങ്കം എന്നെ ശ്രവിക്കുവാൻ ഇളകിവന്നു. അവരുടെ മുൻപിൽ ഇളകാതെ നിന്നു് സന്തുഷ്ടനായി ഞാൻ പ്രസംഗം തുടർന്നു. ഒന്നരമണിക്കൂർനേരം പ്രസംഗിച്ചു. തദനന്തരം പ്ളാറ്റ്ഫാറം വിടുന്നതിനാരംഭിച്ചു. അപ്പോൾ എന്റെ സഹപാഠി മി. എൻ. പി. ചെല്ലപ്പൻ നായരും അദ്ദേഹത്തെ അനുഗമിച്ച മൂന്നു നായർമിത്രങ്ങളും അവരുടെ ഹസ്തങ്ങളിൽ എന്നെ കോരിയെടുത്തു് എന്നെ എന്റെ ഇരിപ്പിടത്തിരുത്തി. അന്നോ ഞാനും ഉള്ളു കരഞ്ഞങ്ങിരുന്നു. എന്തിനിക്കരച്ചിൽ എന്നു് എനിക്കൊട്ടറിഞ്ഞുംകൂടാ.

സെൻറ് ബക്ക്മാൻസ് കോളേജിനോട്ടു് യാത്രപറയുന്ന എനിക്കു്, പ്രസ്തുത കാളേജിൽ ലക്ചററന്മാരായ മി. പി. ആർ. കൃഷ്ണയ്യർ എം. എ., മി. അഖിലേശ്വരയ്യർ, എം. എ., എൽ. റ്റി., മി. ശങ്കരമേനോൻ എം.എ., മി. കെ. ശങ്കരപിള്ള ബി. എ., എന്നിവരെ

ഞാൻ സ്മരിക്കേണ്ടതുണ്ടു്. മി: കൃഷ്ണയ്യർ ജന്മനാ ഒരു വാഗ്മിയാണു്. ചരിത്ര പണ്ഡിതനദ്ദേഹം എല്ലും തോലും നിറഞ്ഞ ചരിത്രം വാഗ്ചാതുര്യത്താൽ അവയ്ക്കു് മാംസപേശികൾ നൽകി, പാടവത്തോടു് നിരീക്ഷണം ചെയ്യുന്നതു് കേൾക്കുമ്പോളെല്ലാം, വ്യഥയിൽ കുരുത്തു് വ്യഥയിൽ വളന്ന ഞാൻ പോലും എന്റെ വ്യഥകളെല്ലാം മറന്നു് ആനന്ദിച്ചുവന്നു. അത്ര തികഞ്ഞ ഒരു വാഗ്മിയാണദ്ദേഹം. അത്ര വിളഞ്ഞ ഒരു പണ്ഡിതനാണദ്ദേഹം. ഞാൻ മി. അഖിലേശ്വരയ്യരെ മറന്നിട്ടില്ല. വാഗ്ധോരണയിൽ ഒരു തന്ത്രജ്ഞനാണദ്ദേഹം. സാധാരണ സമനിരപ്പിലൂടെ ഒഴുകുന്ന ഒരു നദി കണക്കാണു് അദ്ദേഹത്തിന്റെ വാക്ധോരണി എന്നു കരുതുന്നവർക്കു അബദ്ധം പററും. എന്തെന്നാൽ എപ്പോഴും ഈ വാഗ്മി സാധാരണ ഒഴുക്കുമാററി കുതിപ്പാണെന്താഴക്കുള്ളങ്ങളുമെന്നു അദ്ദേഹത്തിനു മാത്രമേ അറിഞ്ഞുകൂടൂ. അത്രക്കു് തന്ത്രം പ്രസംഗത്തിൽ ചെലുത്തി തന്ത്രജ്ഞനായിക്കഴിയുന്നു പ്രൊഫസർ. 'The powers of eloquence which Providence has showered upon this Boy alone' എന്നിങ്ങനെ എന്റെ പ്രസംഗത്തെ അദ്ദേഹം വിമർശിച്ചു. സുശക്തം പ്രശംസിച്ചു. മി. ശങ്കരമേനോൻ മുത്തു് പഴുത്ത ഒരു കതിരാണു്. ഇംഗ്ലീഷ് പ്രൊഫസറന്മാരുടെ നടുവിൽ, അദ്ദേഹം ഇംഗ്ലീഷ് സാഹിത്യക്ലാസിൽ കൈകാര്യം ചെയ്യുന്നതു് ഒരിക്കൽ കേട്ടാൽ ഇന്നും കാർലൈലയിൽ ജീവിച്ചിരിപ്പുണ്ടെന്നു തോന്നും. വ്യക്തിത്വം ചൊരിയുന്ന തന്റെ ആശയങ്ങളെ അഭ്യസിപ്പിപ്പാൻ കാർലൈലയിൽ വീണ്ടും ഉടലെടുത്തതാവാം മി. ശങ്കരമേനോൻ. ഇതിൽനിന്നും പുനർജന്മത്തിൽ എനിക്കു വിശ്വാസമുണ്ടെന്നു തെററിദ്ധരിക്കയുമരുതു്. അദ്ദേഹം ഏക്ക

തിയിലും പ്രകൃതിയിലും ജന്മനാ ഒരു ഡിറേറക്ടറാണു്. മി.കെ. ശങ്കരപ്പിള്ള ബി.എ; കേരളിക്കൊരു വാളണ്ടിയർ ആണു്. തികഞ്ഞ ഡിസിപ്ലിനേറിയൻ. വിളഞ്ഞ ഒരു മഹാപണ്ഡിതൻ. ഇൻറർമീഡിയററുപരീക്ഷയും കഴിഞ്ഞു് ഞാൻ വീട്ടെത്തി. പരീക്ഷാഫലം അറിയുന്നതിനു് ഒരാഴ്ച മുൻപു് സ്നേഹം നിറഞ്ഞ എൻെറ പിതാവു് ഇഹലോകവാസം വെടിഞ്ഞു. വേരററു ഞാനും തറയിൽ മറിഞ്ഞു.

ഞാൻ തിരുവനന്തപുരമെത്തി ആർട്ട്സ് കോളേജ് ജൂണിയർ ബി. എ. ക്ലാസിൽ ചേൎന്നു. ഞങ്ങളുടെകൂടെ യുവതികളും പഠിച്ചിരുന്നു, സഹപാഠിനികളെ ഒരിക്കൽ ഞാനും ഇവരെ നോക്കിക്കണ്ടു. ഇങ്ങനെ ഞാൻ പഠിച്ചുവരവെ സീനിയർ ബി.എ. ക്ലാസിൽ എന്നോടു കൂടെ പഠിച്ചിരുന്ന ഒരു പ്രൊട്ടസ്റ്റൻറു് യുവതിയിൽ അഭിനിവേശം ജനിച്ചു് ഞാനും അവളും പരസ്പരം മിത്രങ്ങളായിക്കഴിഞ്ഞു. ഒരു കന്യകയായി ഇന്നും നാം കാണുന്ന ഈ യുവതിയുടെ പേരു് തൽക്കാലം വെളിപ്പെടുത്തുന്നതു് അഭംഗി എന്നു കരുതി ഞാൻ അതിനു തുനിയുന്നില്ല. This is my first attempt to have a lady friend. ഞങ്ങളുടെ അനുരാഗത്തട്ടിൽ വിഡ്ഢികളും പ്രവേശിച്ചു അട്ടഹാസങ്ങളും തുടങ്ങി. കോളേജ് ചവുട്ടി കലക്കി. ഇങ്ങനെ കലങ്ങുന്ന കോളേജിൽ പഠിച്ചിരുന്ന ഞങ്ങൾ ഇരുവരും മൗനം കാത്തു പഠനം തുടൎന്നു. നിറുത്താതെ കലങ്ങുന്ന കോളേജിലെ കുഴപ്പം നിറുത്താൻ കരുത്തു നേടി അല്പം താമസിച്ചെങ്കിലും—കലങ്ങാത്ത കരിത്തിൽ ഞാൻ കോളേജിൽ വന്നു. ഇങ്ങനെ വരുന്ന എന്നെക്കാണുന്ന കോളേജ് കൂടുതൽ ഇളകി കലക്കി—കോളേജ് കൂടുതൽ

കലുങ്ങി, കാമിനി കൂടുതൽ ഞടുങ്ങി, ഞാനോ പുഞ്ചിരി തൂകി പൂവാലനെന്നു് അന്നും ക്ലാസിൽ കയറി ഇരിപ്പിടമെത്തി. ബുക്കുകൾ സീററിൽവച്ചു് വലത്തുകൈയ് ഉയർത്തി ടപ്പ്, ടപ്പ് എന്നു് ബെഞ്ചിൽ അടിച്ച ശബ്ദം കേട്ടു് കോളേജ് കലുക്കം നിറുത്തി. ഉറച്ചുനിന്നു് ഞാൻ മന്ദസ്വരത്തിൽ ക്രമേണ—സ്വരം ഉയർത്തി ചങ്കും തലച്ചോറും മടവിട്ടുള്ള എന്റെ പ്രബോധനം മുറക്കിങ്ങനെ ഒഴുകാൻ തുടങ്ങി.

'Ladies and gentlemen, listen. Is love a sin? Then we are sinners! Are lovers sinners? Then your parents and my parents are not free from sin...............'

അന്നത്തെ എന്റെ ലഘുപ്രസംഗത്തിൽ എനിക്കു് ഓർമ്മയുള്ള ഭാഗം ഇത്രമാത്രമാണു്.

ഇങ്ങനെ എന്റെ ജീവിതത്തിലെ ദുഃഖവെള്ളിയാഴ്ച ഒററ അടിക്കു് എന്റെ ജീവിതത്തിലെ ഓശാനയായി പകർത്തിക്കൊണ്ടു്, ഞാനോ അന്നും ഉള്ളു കരഞ്ഞിരുന്നു. എന്തിനീ കരച്ചിൽ എന്നു് എനിക്കൊട്ടറിഞ്ഞുകൂടാ.

ഗ്രന്ഥത്തിലെ കാമിനിയും, ഗ്രന്ഥത്തിലെ പച്ചുവും, തേനും പാലും നൽകുന്നതല്ല എന്നു് എനിക്കറിയാം. അർത്ഥഗർഭമുള്ള എന്റെ പ്രസംഗാനന്തരം ഇംഗ്ലീഷ് പ്രൊഫസർ മി. വി. കെ. അയ്യപ്പൻപിള്ള ബി. ഏ. (Oxon) എന്റെ വ്യക്തിത്വത്തെ പ്രശംസിച്ചും വികാരാവേശനായും പ്രസംഗിച്ചു. ഇദ്ദേഹത്തെ അനുസ്മരിക്കാത്ത പത്രോലയം ഞാൻ ഒട്ടു കണ്ടെന്നുമില്ല.

ക്രൂരതകളിൽ കഠിനദുഃഖനിറഞ്ഞ ജീവിതത്തിൽ—സൂൎയ്യ ചന്ദ്രനക്ഷത്രാദികൾ മറഞ്ഞും ആകാശം കാർമേഘ പടലങ്ങളാൽ മൂടിയും ഇരിക്കുമ്പോൾ—അദ്ദേഹത്തെ അനുസ്മരിച്ചാൽ മതി വെളിച്ചം ദൃശ്യമാകാൻ. അത്രമാത്രം അദ്ദേഹം എന്നിൽ കുടികൊള്ളുന്നു. അത്രമാത്രം ഞാൻ അദ്ദേഹത്തിൽ ലയിച്ചിട്ടുണ്ടു. എന്റെ നിരീക്ഷണബുദ്ധിയെ തട്ടിയുണർത്തിയ ഗുരുജനങ്ങളിൽ ദിവ്യനാണദ്ദേഹം. അത്രമാത്രം ഞാൻ അദ്ദേഹത്തിനു് കടപ്പെട്ടവനെന്നു് അദ്ദേഹത്തെപ്പോലും ഞാൻ അറിയിച്ചിട്ടില്ല. അറിയിക്കുന്നതിനോ അറിയുന്നതിനോ ഞങ്ങൾ ഇരുവരും ഉത്സുകരുമല്ല. എന്നിരിക്കിലും ബ്രാഡ്‌ലിപോലും തലകുനിയുന്ന സാഹിത്യവേദിയിൽ ഉറച്ചുനിന്നുകൊണ്ടു കെല്പുനിറഞ്ഞ ഭാഷയിൽ—മരിച്ചവരെ ഉയർപ്പിക്കുന്ന സ്വരത്തിൽ—കല്ലുപോലുമലിയത്തക്ക രീതിയിൽ—ജീവസ്പർശമായി ഇങ്ങനെ വിശകലനം ചെയ്‌വാൻ ത്രാണിയുള്ള മറെറാരു പ്രൊഫസർ ആരുണ്ടിന്നു് ഭാരതത്തിൽ? പരസ്പരം അകത്തിരിക്കുന്നവരെങ്കിലും തങ്ങളുടെ വികാരങ്ങളെ പരസ്പരം കൈമാററം ചെയ്യാമെന്നു് Telepathy യെപ്പററി ജ്ഞാനമുള്ളവരോടു് വിവരിച്ചു് പ്രസ്താവിക്കേണമെന്നില്ല. ഈ പ്രകാരം പരസ്പരം ഞങ്ങൾ ഇന്നത്തെ ഞങ്ങളുടെ അകൽച്ചയിലും അടുത്തു സമ്പർക്കം ചെയ്യുന്നതു്.

അദ്ദേഹമെന്നിൽ ചൊരിഞ്ഞിട്ടുള്ള പ്രകാശം പലിശസഹിതം **'മണിയാകര'** നിലൂടെ ഞാൻ ഇതാ അദ്ദേഹത്തിന്റെ നാമത്തിൽ ലോകത്തിലേക്കു് ചൊരിയുകയാണു്.

തിരുവനന്തപുരം ആർട്ട്സ് കോളേജ്—ആ ദിവ്യ മണ്ഡപത്തോട്ട് യാത്ര പറഞ്ഞു് പിരിയുന്ന ഈ അവസരത്തിൽ എന്റെ പ്രണയവും എന്റെ പ്രണയനിയുമായി യാത്ര പറയുക എന്നാണതിനർത്ഥം. ക്ലാസിനെ അഭിസംബോധന ചെയ്തുകൊണ്ടു് ഇംഗ്ലീഷിൽ ഞാൻ നടത്തിയ പ്രസംഗത്തെത്തുടർന്നു് എന്നെപ്പററി എന്റെ മിത്രങ്ങൾക്കും സഹപാഠികൾക്കുമുള്ള തെററിദ്ധാരണകളെല്ലാം നീങ്ങിയെന്നുമാത്രമല്ല, പ്രശംസിച്ചാഹ്ലാദിക്കുന്നതുകണ്ടു് ഞാൻ സംതൃപ്തനുമായി. അടുത്തപടി എന്റെ കാമിനിയെ നേരിട്ട് ഹോസ്റ്റലിൽ ചെന്നു് കാണണമെന്നു ഞാൻ തീർച്ചചെയ്തു. ഞങ്ങൾ തമ്മിൽ കാണുകയും ചെയ്തു. ഒരു കമിതാവു് തന്റെ കാമിനിയോട്ട് ഇടറിയ സ്വരത്തിൽ അന്ത്യയാത്ര പറയുന്ന കൃത്യമല്ലാ എന്റേതു്. കത്തോലിക്കനായ ഞാൻ പ്രൊട്ടസ്റ്റന്റ് എന്റെ കാമിനിയോട്ട് Goodbye പറയാതെ Good-morning പറഞ്ഞു് അവൾക്കു സ്വാഗതമരുളുന്നതിനേ ഇന്നും എനിക്കു സാദ്ധ്യമാവൂ. ഇന്നു് ഒരു കത്തോലിക്കാമഠത്തിൽ ഒരു അദ്ധ്യാപികയായി കഴിയുന്ന അവിവാഹിത ഈ മഹതിയുടെ നാമത്തിൽ, പ്രൊട്ടെസ്റ്റന്റ മതത്തോടും പ്രസ്തുത മതാദ്ധ്യക്ഷന്മാരോടും ആത്മാർത്ഥമായിപ്പറയുന്നു നിങ്ങൾ മുമ്പോട്ടു എന്നു കരുതി ഊന്നിയ ചുവട്ട് പിൻപോട്ടെന്നു് മനസ്സിലാക്കി കത്തോലിക്കാമതത്തിൽ ലയിച്ചെങ്കിൽ മാത്രമേ ഞാനും നിങ്ങളും കേഴുന്ന ലോകസമാധാനം ഇന്നത്തെ ലോകത്തിൽ മുളക്കൂ. എന്നത്തെ ലോകത്തും വളരൂ.

# അവതാരിക

'I Sighed as a lover but obeyed as a Son'—രാഗി ഞാൻ ചങ്കുങ്ങ് വിഴുങ്ങി പിതൃശാസനത്തിന് സ്വയംതലയുംതാഴ്ത്തി. ഇങ്ങനെ ഗിബ്ബൺ 'The Decline and Downfall of the Roman Empire' എന്ന ചരിത്രം സമാരംഭിച്ചു. എന്നാൽ രാഗി ഞാനും മൽപിതാവിന് വഴങ്ങേണ്ടിവന്നു..... എന്റെ തള്ള പള്ളിയും എന്റെ പിതാവു് ക്രിസ്തുവുമെന്ന് വായനക്കാർ മനസ്സിലാക്കണം. ഞാനും ഗിബ്ബനോടൊപ്പം Sighed as a lover but obeyed as a Son എന്നു വേണം പറവാൻ. എന്റെ ചുമതല ഗിബ്ബണേക്കാൾ കൂടുതൽ ദുർഭരമെന്നുംവായനക്കാർ ഗ്രഹിക്കണം. ഗിബ്ബൻ ലൌകീക പിതാവിന് വഴങ്ങുമ്പോൾ, ഞാൻ പാരത്രിക പിതാവിന് വഴങ്ങേണ്ടതാണ്—വഴങ്ങിക്കഴിഞ്ഞു—വഴങ്ങുന്നുമുണ്ട്. കാരണം ലോകാരംഭംമുതൽ രക്ഷകനൊരുവൻ വരുമെന്ന് ലോകർ വർത്തശിച്ചിരുന്നു, രക്ഷകനൊരുവൻ വന്ന് ലോകസാമ്രാട്ടായി വാഴാൻ മുടിയും വാളുമേന്തി മണിമേടമുകളിൽ വിജയഭേരിയും മുഴക്കി രക്ഷകനദ്ദേഹം വരുന്നതു ലോകർ നോക്കി പാർത്തുംവന്നു. എന്നാൽ സാമ്പത്തിക മാട്ടക്കൂട്ടുകൾക്ക് വെളിയിൽ—വനത്തിനുള്ളിൽ' പുൽത്തൊട്ടിയിൽ, കാലികളുടെ നടുവിൽ—ദൈവപുത്രൻ ഒളിഞ്ഞിറങ്ങി. മരക്കുരിശിൽ മരിച്ച് ഭൂമിയെ ദേവലോകത്തിന്റെ കോളനി(Colony)യുമാക്കി. സാമ്പത്തികച്ചേററിൽ നെററിവരെ മുങ്ങിക്കിടക്കുന്ന ഇന്നത്തെ ലോകം മിശിഹായുടെ കുരിശിലെ വിജയം

വാടി പഴുത്ത ഒരു മഹാപരാജയമെന്നു് വ്യാഖ്യാനിച്ചു. മ്ശിഹാചരിത്രം കുരിശിലെ അന്ത്യശ്വാസത്തിൽ അണയുന്നില്ല. ലോകത്തിനുവേണ്ടി മരിച്ച ജൂലിയസ് സീസറും, ലോകർക്കുവേണ്ടി മരിച്ചക്രിസ്തുവും, അങ്ങനെ യെങ്കിൽ വ്യത്യസ്തരല്ല—മരണക്കിടക്കയിൽ മ്ശിഹാ യെ തൂക്കിക്കൊന്നു — സീസറിനെ കുത്തിക്കൊന്നു— മരണം ഇരുവരെയും ഒരുപോലെ വിഴുങ്ങി. മരിച്ച സീ സറിന്റെ മരണാനന്തര ചരിത്രം നേരിട്ടു് അദ്ദേഹ ത്തിൽനിന്നും ലോകർക്കറിഞ്ഞുകൂടാ. എന്നാൽ മ്ശിഹാ മരണാനന്തരം മൂന്നാംനാൾ പ്രഭാതത്തിൽ സ്വയം ഉയ ർത്തു് വീണ്ടും നാല്പതുദിവസം ഇഹത്തിലെ പാനീയം കുടിച്ചും, ഇഹത്തിലെ ഭക്ഷണപദാർത്ഥങ്ങൾ ഭുജിച്ചും നാല്പതാംദിവസംസെഹിയോൻമലമുകളെത്തി സ്വയംപര സ്യമായി പ്രകാശിതനായി സ്വർഗ്ഗം ചേർന്നുഎന്നും ചരിത്ര ങ്ങളുടെ മാതാവായ ബൈബിൾ സുവ്യക്തം പ്രസ്താവി ക്കുന്നു. ഇക്കഥയും ഒരു കെട്ടുകഥ എന്നു പുലമ്പുന്നവരെ പോലും ഭാവി തലമുറകൾ കെട്ടുകഥയായി കരുതുന്ന പക്ഷം, അവർ ജീവിച്ചിരുന്നെന്നു് കാട്ടാൻ മണ്ണോടു മണ്ണു് വെണ്ണീറായിക്കഴിയുന്ന ഭിക്ഷുക്കൾ ഈ വർഗ്ഗക്കാര്യം സമർത്ഥിക്കുന്നതെങ്ങനെ? സാമ്പത്തികദൃഷ്ട്യാ താനു കടുത്ത ഒരു പരാജയമെന്നു് മ്ശിഹായും സമ്മതിക്കണം. കുരിശിലെ വിടവു് പാരത്രികമല്ല — ലൗകികമാണു്. പ്രസ്തുതവിടവു് നികത്തേണ്ടതു് ദൈവപുത്രനല്ല. മ്ശി ഹായ്ക്കു് തന്റെ മണവാട്ടിയായ പള്ളിയിൽ സംജാതനാ കുന്ന ഒരു തനി '**മനുഷ്യപുത്രൻ**' വേണം മ്ശിഹാ യുടെ ആദർശങ്ങളനുസരിച്ചു ലോകഭരണം നടത്തി കുരി ശിൽ സാമ്പത്തികദൃഷ്ട്യാ കാണുന്ന വിടവു് നികത്തേണ്ട

തെന്നും, ദൈവപുത്രനദ്ദേഹം സകാരണം അറിഞ്ഞിരിക്ക
ണം. ദൈവപുത്രനായ താൻ ഭൂമിയെ ദേവലോകത്തിനൊ
രു Colony ആക്കിയുയർത്തി എന്നല്ലാതെ ലോകഭരണം ഏ
റെറടുത്തു് ഇഹത്തിൽ ഭരണം തുടങ്ങേണ്ടതല്ലെന്നും സകാ
രണം അനുമാനിക്കാം. സ്വദേശപ്രതിപത്തിക്കും, സ്വയം
ഭരണതത്വങ്ങൾക്കും സ്വയം നിർണ്ണയാവകാശങ്ങൾക്കും,
ദേശീയവ്യവസായപുഷ്ടിക്കും വിപരീതമിതെന്നും താൻ
അറിഞ്ഞിരിക്കണം. ആകയാൽ ലോകർക്കാസകലം പാ
ലും തേനും സിൽക്കും നൽകുന്ന ഒരു ഭരണം ലോകരി
ലൊരുവൻ നടത്തുമെന്നു് മശീഹാ അറിഞ്ഞിരുന്നു. വ
ണ്ടും ഉടലെടുത്തു് മശീഹാ നേരിട്ടു് ലോകഭരണം നട
ത്തുമെന്നു് മഹാകവി ടെന്നിസൺ പ്രത്യാശിച്ചെങ്കിലും
എനിക്കില്ലതിൽ വിശ്വാസം, തൻെറ രക്തത്താൽ
നനഞ്ഞ കുരിശു്—തൻെറ രക്തം കുടിച്ചു് തനിക്കു് മരണ
ത്തിന് അഭയം നൽകിയ മരക്കുരിശിൽ നിന്നും പൊ
ഴിയുന്ന ഒരു പുത്രൻ—കുരിശിൽ പിറന്നു് കുരിശിൽ
വളർന്നു് കുരിശിനൊത്തഴുകുന്നോരാ കുരിശു തന്നെ സ്നേഹ
ജ്വാലകളെ പുഷ്പിക്കുമൊരുതിരു് കബന്ധമായിപ്പകർന്നു്—
തൻെറ പിതാവിനൊത്ത ഭരണം നടത്തി ദൈവസ്നേ
ഹവും അയൽസ്നേഹവും വളർത്തി, മനുഷ്യപുത്രനിവൻ ദൈ
വരാജ്യം ഇഹത്തിൽ പുലർത്തുമെന്നും എനിക്കു് ദൃഢ
വിശ്വാസമുണ്ടു്. ഉണക്കച്ചില്ലിയിൽ രക്തമൊലിഞ്ഞു്
മനുഷ്യനായിപ്പകർന്നു് ലോകഭരണം നടത്തി മശീഹാ
താൻ മരിച്ച കുരിശിലെ വിടവു് ഇങ്ങനെ നികത്തിടുമെ
ന്നതിനു മുന്നോടിയാണു്—നാഥനില്ലാതെ—നേഷൻ വാദ
വുമായിരുട്ടു് തപ്പി കരഞ്ഞുകഴിയുന്ന ലോകരുടെ നടു
വിൽ വിളക്കെണ്ണ കൊളുത്തി കതിരുകൾ നീളെവീശി, പൊ
ട്ടുന്നവെ പ്രത്യക്ഷനാകുന്ന 'മണിയാകരൻ'.

കവി തന്റെ കവിതയിൽനിന്നും അകന്നു നിൽക്കണമെന്നു് എനിക്കു വിശ്വാസമില്ല, അകന്നു നിന്നു് എഴുതുന്ന കവിതയിൽ നിന്നും ബുദ്ധിയുള്ളവർക്കു ഗ്രഹിക്കാം കവികൾ തങ്ങൾക്കതിൽ പങ്കു് ഒന്നുമില്ലെന്നു് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നതു്. ഇത്തരം കവിതകളിൽ പോലും തൽകർത്താക്കൾ പൊന്തി നിൽക്കുന്നതു കാണാം. ഭോഷ്കു് നിറഞ്ഞ കവിത — ഭോഷ്കർ കവികളവർ. എന്നോടൊപ്പമൊ എന്നെക്കാൾക്കൂടുതൽ വിജ്ഞന്മാർക്കോ വേണ്ടി അല്ല ഞാൻ ഈ പുസ്തകം രചിച്ചിട്ടുള്ളതു്. ഏഴു ലക്ഷം ഗ്രാമങ്ങളിലെ ജനങ്ങളുടെ ജ്ഞാനസമ്പാദനാർത്ഥം നോക്കിമാത്രം. ലോകത്തിന്റെ പൊതു നന്മക്കുവേണ്ടി. എന്നിരിക്കിലും അജ്ഞന്മാരോടൊപ്പം വിജ്ഞന്മാരും ഈ കൃതി വായിച്ചു് ഇതിലെ ആശയങ്ങളനുസരിച്ചു ജീവിക്കുമെന്നു കണ്ടാൽ അതു് എനിക്കു് അത്യന്തം ആഹ്ലാദകരവുമാണു്. ഈ പുസ്തകദ്വാരാ ഞാൻ ചൊരിയുന്ന പുതുവീഞ്ഞു് പഴഞ്ചന്മാർ അവരുടെ ഓടകുപ്പികളിൽ നിറക്കാൻ ശ്രമിച്ചാൽ കുപ്പികളുടയും; അവർ തകരും. അത്രക്കു് വീര്യം എന്റെ വീഞ്ഞിനുണ്ടു്. അത്രക്കു് ലഹരി എന്റെ ഇതിലെ വാക്കിനുണ്ടു്. ഇതറിഞ്ഞുവേണം എന്റെ വീഞ്ഞു് പകരാൻ, എന്റെ ഈ വീഞ്ഞു കുടിപ്പാൻ.

ആശയദാർഢ്യവും, അഭിപ്രായ ധീരതയും നാട്ടിൽ വളർത്തി, സഹാനുഭൂതിയുള്ള ഒരു പൗരസഞ്ചയത്തെ സൃഷ്ടിച്ചുകൊണ്ടു് പാമ്പും, കീരിയും കണക്കേ കടിച്ചുകീറിക്കഴിയുന്ന ഇന്നത്തെ ഇൻഡ്യയിലെ ജാതീയ അണികളെ അടിച്ചമർത്തി നേഷൻസ് തമ്മിലുള്ള പരസ്പര വൈരാഗ്യം നിവർത്തി, സുസംഘടിതമായ ഒരു രാഷ്ട്രീയ അണി ഉറപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനപരിപാടിമാത്രമാണു്

മണിയാകരൻ, മററു പുസ്തകങ്ങളെപ്പോലെ ഒരിക്കൽ മാത്രം വായിച്ചു തള്ളേണ്ട ഒന്നല്ല എന്നതു്. പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി എന്റെ ചുമതല കഴിയാതെ, വായനക്കാരോടൊപ്പം ഞാൻകൂടെ നമ്മുടെ ചുമതല ആരംഭിക്കുന്നതേയുള്ളു എന്നു് പ്രഥമത നാം ഗ്രഹിക്കണം. ഈ കൃതി ഒരിക്കൽ വായിച്ചാൽ പോരാ; ദിവസേന നാം വായിക്കണം. വൃഥാ വായിക്കുന്നതുകൊണ്ടു് തൃപ്തരാകരുതു്. തദനുസരണം നാം പ്രവർത്തിക്കണം. വായിക്കുന്നതിനുള്ള ആസക്തി ജനങ്ങളിൽ ജനിപ്പിക്കുക എന്നതല്ല എന്റെ കൃത്യം. പ്രവർത്തിക്കുന്നതിനുള്ള തന്റേടം വളർത്തി പ്രവർത്തനശീലം തട്ടിയുണർത്തുക (Love of action, not love of contemplation) പ്രവർത്തിപ്പിക്കുക—ഇതാണു് മണിയാകരദൗത്യം. ഇതിനു് പൊന്നണിയുന്ന അവതാരികയ്ക്കു് ഞാൻ എതിരാണു്. മണിയാകരാവതാരകൻ 'മണിയാകരൻ' തന്നെ ആയിരിക്കണമെന്നു് എനിക്കു് നിഷ്ഠയുണ്ടു്. ഒരു പുസ്തകത്തിനു് അമൂല്യമായ അവതാരിക ആ പുസ്തകംതന്നെയാണെന്നാണു് എന്റെ അഭിമതം.

സമുദായമദ്ധ്യത്തിൽ എനിക്കുള്ള സ്ഥാനം നിർവ്വചിക്കാം. സിറിയൻ കത്തോലിക്ക സമുദായത്തിലുൾപ്പെട്ട കരിമ്പുമാലിക്കുടുംബത്തിലെ ആദ്യത്തെ ബിരുദധാരിയാണു് ഞാൻ. കേരളത്തിലെ മിക്ക പ്രബല ദുർബലകത്തോലിക്കകുടുംബങ്ങളുമായി എനിക്കു ബന്ധമുണ്ടു്. പ്രയോജനമൊന്നുമില്ലെങ്കിലും, സെൻറ് മേരിസ് കുടമാളൂർ പള്ളി ചെമ്പകശ്ശേരി രാജാവു് രാജകീയ ഖജനാവിലെ മുതലുകൊണ്ടു് പണിയിച്ചു്, പള്ളിയും പള്ളിമുതലുകളും എന്റെ പൂർവ്വികന്മാർക്കു് ദാനം ചെയ്തതാണു്. രാജ

സ്ഥാനത്തിന് അടുത്തു പെരുമാറത്തക്കവിധം ആഭിജാത്യവും അന്തസ്സും എന്റെ പൂർവ്വികന്മാർ വളർത്തിവരുകയാൽ, സിറിയൻ കത്തോലിക്കസമുദായത്തിൽ രണ്ടാമതല്ലാത്ത ഒരു സ്ഥാനം ചെമ്പകശ്ശേരിരാജവാഴ്ചക്കാലത്തു് എന്റെ കുടുംബം ആർജ്ജിച്ചിരുന്നു. അക്കാലങ്ങളിൽ തറവാട്ടുകാർക്കുമാത്രമെ വൈദികവൃത്തി അനുവദിച്ചിരുന്നുള്ളു. ആകയാൽ പ്രസ്തുത കുടുംബാംഗങ്ങൾ മിക്കവാറും വൈദികവൃത്തി സ്വീകരിച്ചും വന്നു. പ്രമുഖരായ ചില വ്യക്തികൾ രാജ സദസ്സുകളിലും പ്രവേശിച്ചു ഉദ്ദേശം എഴുനൂററി ചില്വാനം വർഷം പഴക്കമുള്ള ഈ ക്രിസ്തീയ കുടുംബത്തിൽ നിന്നും ലൌകികവിദ്യാഭ്യാസത്തിന് ആദ്യം ഇറങ്ങിത്തിരിച്ച ഞാൻ, എന്റെ കുടുംബാംഗങ്ങളിൽ നിന്നു് ഏററിട്ടുള്ള വിമർശനങ്ങളും കുരുതി കൂട്ടിയുള്ള ദ്രോഹപ്രവർത്തികളും എന്തുമാത്രമെന്നു് എനിക്കു മാത്രമേ അറിഞ്ഞുകൂടൂ. ഇങ്ങനെ സ്വകുടുംബാംഗങ്ങളാൽ തള്ളപ്പെട്ട എനിക്കു് 'വീടും' ഒരു മത്സരക്കളരിയായി അനുഭവപ്പെട്ടു. എന്റെ പിതാവിന്റെ കണ്ണിലുണ്ണിയായി വളർത്തിയിരുന്ന എനിക്കു 'കൂററു'കാരുടെ അസൂയയിൽ ദ്രവിക്കേണ്ട ആവശ്യമൊട്ടു് നേരിട്ടുമില്ല. ജന്മനാ വൈദികമനസ്ഥിതിയിലടിയുറച്ച ഞാൻ—ഹൈസ്ക്കൂളിൽ പഠിച്ചിരുന്നപ്പോൾ ആശ്രമത്തിൽ ചേരേണമെന്നു് മാന്നാനാശ്രമസന്ന്യാസികളും, ഇൻറർമിഡിയററു് വായിക്കവെ, ഇടവക വൈദികനാകേണമെന്നു് ചങ്ങനാശ്ശേരി മിസ്സാധികാരികളും, ആർട്ട്സ് കോളേജിൽ ബി. എ. യ്ക്കു് പഠിക്കുമ്പോൾ, കർമ്മലീത്താ ഒന്നാം സഭയിൽ ചേർന്നു് ഉടനെ റോമിന് പുറപ്പെടേണമെന്നു് തിരുവനന്തപുരം പാങ്ങോട്ടു് കർമ്മ

ലീത്താ ഒന്നാം സഭാനേതാക്കളും കൂടന്ന് അഭ്യർത്ഥന
കഠം നടത്തി. പാളേങ്കോട്ട് കർമ്മലീത്താ ഒന്നാം സഭക്കാർ
നടത്തിവന്ന ഹോസ്റ്റലിൽ താമസിച്ച് ബി. ഏ. യ്ക്കു
പഠിച്ചിരുന്ന എനിക്ക്, പ്രസ്തുത സഭയിലെ വൈദിക
രുടെ ജീവിതരീതികളിൽ നൈസർഗ്ഗികമായ ആസ
ക്തി തോന്നിയിരുന്ന വാസ്തവം ഞാൻ മറയ്ക്കുന്നുമില്ല.
അവരുടെ അധിപൻ ഫാദർ ഗ്രീഗറിയുടെ യാത്രയയയ്ക്കു
ന്നതിൽ സിംഹഭാഗം വഹിച്ച് ഞാൻ വികാരാവേശ
നായി അന്ന് ചെയ്ത പ്രസംഗം കേട്ട് കരയാത്ത
സദസ്യർ വിരളം. അത്രമാത്രം ഫാദർ ഗ്രീഗറിയെ
ഞാൻ സ്നേഹിച്ചിരുന്നു. അത്രമാത്രം ആ വന്ദ്യവൃദ്ധ
വൈദികൻ എന്നെ ആദരിച്ചുമിരുന്നു. കർമ്മലീത്താ
ഒന്നാം സഭയിലെ ആ അമൂല്യരത്നം മഹോന്നതസ്ഥാന
ത്തിരുന്നുകൊണ്ട് മൺ നിരപ്പായി സ്വയം താണ്
എളിയവരിൽ എളിയവനായ എന്റെ വിളക്ക് ഒരി
ക്കൽ തുടച്ചതിൽ നിന്നും, ക്രിസ്തുവിൽ അദ്ദേഹത്തി
നുള്ള സ്നേഹത്തിന്റെ ആഴം അന്നും ഇന്നും ഞാൻ
അളന്നുവന്നു. അദ്ദേഹം എന്തിന് എന്റെ വിള
ക്കന്ന് തുടച്ചെന്ന് ഇന്ന് എനിക്കറിയാം. അന്ന് ഞാൻ
അറിഞ്ഞിരുന്നില്ല. വ്യക്തികളും സ്ഥാപനങ്ങളും വൈദി
കഅന്തസ്സിലേക്ക് എന്നെ ആകർഷിച്ചിരുന്നവിധം ഇതി
ൽനിന്നും വായനക്കാർക്ക് ഗ്രഹിക്കാൻ കഴിയും. ഇങ്ങനെ
വ്യക്തികളേയും സംഘടനകളേയും ഭഗ്നാശയപ്പെടു
ത്തിക്കൊണ്ടാണ് ഞാൻ കോളേജ് വിദ്യാഭ്യാസത്തിനി
റങ്ങിത്തിരിച്ചതെന്നുള്ള പരമാർത്ഥം വെളിപ്പെടുത്താൻ
വേണ്ടി മാത്രമാണ് ഞാൻ എന്റെ കുടുംബത്തിലെ
ആദ്യത്തെ ബി.എ.ക്കാരൻ ആണെന്ന് എടുത്തു പറ
യാൻ കാരണം. ഡിഗ്രികളിലുള്ള മെച്ചമോർത്തിട്ടല്ല. ഇത്ര

ണത്തിൽ കത്തോലിക്കു് സമുദായത്തോടു് ഒരു കാര്യം എടുത്തു എനിക്കു് പറഞ്ഞേ കഴിയൂ. അതു് ഇന്നത്തെ കത്തോലിക്കാ ഇടവക ഭരണരീതികളെപ്പററിയാണുതാനും. ഞാൻ ഇൻററർമിഡിയേററിനു് വായിക്കുമ്പോൾ ഒരിക്കൽ സംഗതിവശാൽ കുടമാളൂർ സെൻറു് മേരീസു് ദേവാലയത്തിലെ ഇടവകയോഗത്തിൽ ഒരു മൂകനെന്നോണം സന്ദർശനം ലഭിച്ചു. കഴിഞ്ഞ ഇടവകയോഗാംഗങ്ങളുമായി അടുത്തിടയുന്നതിനു് എനിക്കു് ലഭിച്ച അവസരമിതൊന്നുമാത്രമാണു്. ഞാൻ അന്നു കണ്ട പൊതുയോഗം—ഞാനിന്നു കാണുന്ന നിർജ്ജീവ ഇടവകകളെന്നും—ദരിദ്രരായ യുവതികളെ വിവാഹം ചെയ്യിക്കുന്നതിനും, ദരിദ്രരായ യുവതീയുവാക്കളെ വിദ്യ അഭ്യസിപ്പിക്കുന്നതിനും, ജോലിയില്ലാത്തവർക്കു് വ്യവസായശാലകളും മററും സ്ഥാപിച്ചു് ജോലി കൊടുക്കുന്നതിനും, പണമില്ലാത്തവരും സമർത്ഥരുമായ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ വിദേശ വിദ്യാഭ്യാസത്തിനയക്കുന്നതിനും, കത്തോലിക്കർ തമ്മിലുള്ള അനാവശ്യ വ്യവഹാരങ്ങൾ മദ്ധ്യസ്ഥതമൂലം ഒതുക്കിത്തീർക്കുന്നതിനും, കേരളീയ കത്തോലിക്കാ കോൺഗ്രസ്സു് എത്രത്തോളം ശ്രമിച്ചിട്ടുണ്ടെന്നുള്ള കണക്കുവരെ എന്നെ ബോദ്ധ്യപ്പെടുത്തണം.

എനിക്കു് ജീവിതത്തിൽ ഒരു കടമ നിർവ്വഹിക്കേണ്ടതുണ്ടെന്നു് ബാല്യം മുതൽ ഞാൻ കരുതിപ്പോന്നു. നാം ഓരോരുത്തർക്കും ഓരോ കടമ അനുഷ്ഠിപ്പാനുണ്ടെന്നു് എനിക്കറിയാം. എല്ലാവരും അതനുസരിച്ചു് പ്രവർത്തിക്കുന്നില്ല. തത്വം വിട്ടു് ഒരടി ഞാൻ മുൻപോട്ടോ പിൻപോട്ടോ വച്ചിട്ടില്ല. തത്വത്തെ മുൻ

നിറത്തിനെകൊണ്ടുള്ള ജീവിതമത്സരത്തിൽ equity കാരു
ണ്യത്തിന്നു് സ്ഥലം നല്കുന്നുമുണ്ടു്. സർ. തോമസ്
മൂർ ഇഗ്നേഷ്യസ് ലയോള, കാർഡിനൽവൂൾസി,
ഏബ്രഹാം ലിങ്കൺ, എന്നിവരെ അനുഗമിച്ചു കൊണ്ടു
ള്ള എൻെറ ജീവിതം — എൻെറ സമുദായത്തിൻെറ
ഇന്നത്തെ തണുത്ത ജീവിതവുമായി അണിനിരക്കുന്നു
ഇന്നാളുകളിൽ— ഒരു ഭയങ്കര സംഘട്ടനത്തിന്
പ്രാരംഭമിട്ടുന്നുണ്ടെന്നു് മണിയാകരനിൽ ഞാൻ കണ്ടു.
കാണിച്ചിട്ടുള്ള മൂത്ത ദുരാചാരങ്ങൾ ലക്ഷ്യങ്ങളാണു്.
ഞാനും എൻെറ മതവും, എൻെറ സമുദായവും സത്യ
പരമെങ്കിൽ, എന്നേയും എൻെറ മതത്തെയും എൻെറ
സമുദായത്തെയും കൂടുതൽ ശക്തിപ്പെടുത്താൻ രംഗത്തിറ
ങ്ങുന്ന എനിക്കു് മതതീക്ഷ്ണതയില്ലെന്നോ, സമുദായസ്നേഹി
അല്ലെന്നോ ഒന്നുമാരും പഴിക്കേണ്ടതില്ല. പഴിക്കുന്നു
വർ സ്വയം നശിക്കും. ദരിദ്രർ അവർ ആകയാൽ, മോഷ്ടാ
ക്കളിവർ എന്നെ പഴിച്ചു കൂടുതൽ ദരിദ്രനാക്കുന്നതെന്തി
നെന്നവർ ഓർക്കണം. എന്നിൽ നൈസർഗ്ഗികമായി വളർ
ന്നിട്ടുള്ള അഭിപ്രായങ്ങൾ ഒന്നൊന്നായി എതിർപ്പുകളെ
അടിച്ചുമത്തി നൈസർഗ്ഗികമായിത്തന്നെ ഒഴുകിക്കൊ
ണ്ടിരിക്കും. എൻെറ നാഥൻ എന്നെ അനുഗ്രഹി
ക്കുന്നപക്ഷം, എൻെറ കൃത്യം ദൈവകൃത്യമെങ്കിൽ;
ലോകസമാധാനം ഐകവരുത്തുന്നുള്ള എൻെറ
ഇന്നത്തെ എളിയ ശ്രമത്തിൽ അനുഭാവമുള്ള എൻെറ
വായനക്കാർ എന്നോടുകൂടി അണിനിരക്കണം. ഇന്നു്
നാം ഉറങ്ങിയാൽ എന്നു് നാം ഉണരും? എങ്ങനെ തുട
ർന്നു നാം ജീവിക്കും.

ക്ലേശങ്ങൾ സഹിച്ചും സമസൃഷ്ടികളെ തുണയ്ക്കേണ
മെന്നു് ഞാൻ പഠിച്ചിട്ടുണ്ടു്. കണ്ണീർ കുടിച്ചുകൊ

ണ്ടാണു് ജ്ഞാനവിതരണാർത്ഥം ഞാൻ ഇന്നു് ഈ പുസ്തകം പ്രസിദ്ധം ചെയ്യുന്നതു്. ഇതറിയുന്ന എൻെറ ജനം എൻെറ പുസ്തകം ഒരോരുത്തരും വാങ്ങിവായിക്കണം. പുസ്തകത്തെ മറവുള്ളവർ സ്തുതിക്കുന്നതൊ നിന്ദിക്കുന്നതൊ കേട്ടു് നിങ്ങൾ വഞ്ചിതരാതരുതു്. എന്നെ അറിയെണമെന്നുള്ളവർ എൻെറ പുസ്തകം നേരിട്ടു വായിക്കണം. അക്ഷരം പ്രതി വായിക്കണം. അല്ലാത്തപക്ഷം കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുന്നതിനുള്ള ശത്രുശ്രമം നിറവേറും. തന്മൂലം കുടുംബസമാധാനവും ലോകസമാധാനവും നേടുന്നതിനുവേണ്ടി ഞാൻ വിതക്കുന്ന വിത്തുകൾ കിളുക്കാതിരിപ്പാൻ ഇടവരും. കലുഷിതപ്രായമായ ഇഹത്തിലെ ഭിന്നരുചികളുടെ ഇടർച്ചകളുടെ നടുവിൽ—സംഘടനകളും വ്യക്തികളും യോജിച്ചും വിയോജിച്ചും ലോകത്തിൽ പൊതുവെയും, ഭാരതത്തിൽ പ്രത്യേകിച്ചും, തുടർന്നു നടത്തുന്ന മത്സരങ്ങളുടെ മദ്ധ്യത്തിൽ വെച്ചവ പിടിച്ചടക്കി, ഇന്നും നാം ഇൻഡ്യയിലെവിടെയും കാണുന്ന ജാതിമതങ്ങളെ ഒത്തിണക്കി ഒരുമനിറഞ്ഞ ഒരു കുടിലിനുള്ളിൽ പള്ളികൊള്ളിപ്പാനുള്ള "മണിയറാകര" ശ്രമത്തിൽ കേരളീയർ, ഭാരതീയർ, ലോകർ നിങ്ങൾ ഭാഗഭാക്കാകുവിൻ.

കോട്ടയം—തൂർപ്പുക്കരയുടെ കിഴക്കറമാണു എൻെറ ജനനസ്ഥലം. അജ്ഞതകൾക്കും, ദുരാചാരങ്ങൾക്കും മാത്രം അഭയം നൽകി, അന്ധകാരത്തിൽ ആണ്ടുകിടന്ന നസ്രത്തിൽ നിന്നും മ്ശിഹാ വിടർന്നു വികസിച്ചെങ്കിൽ, തൂർപ്പുക്കരെക്കും എന്തുകൊണ്ടു് സംസ്കാരവിഷയത്തിൽ എളിയ ഒരു നേതൃത്വം

വഹിച്ചുകൂടാ എന്നു് എന്റെ ഹൃദയം അലറുന്നതു് വാസ്തവം. പ്രസ്തുത കുഗ്രാമത്തിന്റെ ചങ്കിനുള്ളിൽ നിന്നും അടർന്നു വീണു് ഇപ്പോൾ മലയാളക്കരെ മുഴുവനും സ്വാഗതം ചെയ്കയോ നിന്ദിക്കയോ ചെയ്യുന്ന "മണിയംകര" നീ പുഷ്പം മുരിക്കയോ, മുല്ലയോ എന്നു നോക്കാൻ മലയാളികൾ നിങ്ങൾ എന്റെ പുറമേ കൂടണം. വായിച്ചു ജീവിക്കണം, ഇങ്ങനെ ജീവിച്ചു മരിക്കണം. ഇന്നു നിങ്ങൾ ചത്തു ജീവിക്കുന്നവരെന്നും, ഉണർന്നു നിങ്ങൾ ധീരധീരം പോരാടിവേണം മരണത്തെ ജയിപ്പാനെന്നും, ഉറച്ചുനിന്നു് തുറന്നു് മണിയംകരൻ മാത്രം ദൃഢസ്വരത്തിൽ ഉദ്ഘോഷിക്കുന്നു.

ആധുനിക വിദ്യാഭ്യാസരീതികളെ വെല്ലു വിളിച്ചു കൊണ്ടാണു് മണിയംകരൻ ജീവിതത്തട്ടിൽ പൊടുന്നനവെ പ്രത്യക്ഷനാകുന്നതു്. നടന്നുകൊണ്ടിരിക്കുന്ന ജീവിതരീതികളെ മന:പൂർവം മറച്ചും, എപ്രകാരമാണു ജീവിക്കേണ്ടതെന്നുള്ള തത്വങ്ങളിൽ മുറുകെ പിടിച്ചു വയെ പർവ്വതീകരിച്ചും നടത്തുന്ന ഇന്നത്തെ വിദ്യാഭ്യാസം കടുത്ത വഞ്ചനയിൽ പടുത്തിട്ടുള്ളവ എന്നു ബാല്യംമുതൽ ഞാൻ ഗ്രഹിച്ചിരുന്നു. ഇത്തരം ഘനത്ത വഞ്ചനകൾ യുവതീയുവാക്കൾ വാസ്തവങ്ങളെന്നു കരുതി, ആദർശങ്ങളെന്നു കരുതി, ചിത്രശലഭം കണക്കെ ഓടിക്കൂടി സ്വയം നശിക്കുന്നതു് ദിവസേന എനിക്കു് കാണാം. തത്വങ്ങളെ മുൻനിറുത്തി തത്വവാദം ചെയ്യുന്ന ഇന്നത്തെ വിദ്യാഭ്യാസം സത്യാവസ്ഥയോടു് കാട്ടുന്ന കടുത്ത അധർമ്മമെന്നു മാത്രമല്ല, യുവതീ യുവാക്കൾ നമ്മുടെ ഗള്ളാസ്സും കൂടി നടത്തുന്നതു് നാം കാണണം. നാം പഠിച്ച പുസ്തകങ്ങളും അതിലെ നായിക

നായകന്മാരും ജീവിതരസത്തിൽ നമുക്കനുഭവമാകാതെ, കട്ടതകള്ളന്മാരും, ഗുരുദ്രോഹികളും ദ്രോഹകൃത്യങ്ങളാൽ മാത്രം തഴച്ചു വളരുന്നതും, നാം കണ്ടുവരുന്നു. ആദർശവേഷത്തിൽ നടമാടുന്ന കള്ള കവിതകളും കള്ള കഥകളും ജീവിതരാക്ഷസിയുടെ കിരാത സന്താനങ്ങളായിത്തള്ളി, സത്യമെന്തെന്നു് മനസ്സിലാക്കി മുന്നോട്ടു കുതിക്കുമ്പോൾ മാത്രമേ ഇന്നത്തെ ബിരുദധാരികൾ പോലും യഥാർത്ഥ ജ്ഞാനികളായിത്തീരു. ചൂഷണം മുൻനിർത്തിക്കൊണ്ടു നടത്തുന്ന ഇന്നത്തെ വിദ്യാഭ്യാസത്തിനായി ചെലവഴിച്ച യൗവനവും പണവും ഒരിക്കലും വീണ്ടെടുക്കാൻ വഴി കാണാതെ—വായും വയറും പൊരിഞ്ഞു്, എല്ലും തോലും മെലിഞ്ഞു് പരമവേദനയോടുകൂടി കഴിയുന്ന ബിരുദ്ധാരികളും വിരളമല്ല. വിദ്യാഭ്യാസം പ്രായോഗികവും, വാസനയനുസരിച്ചും, യഥാർത്ഥജീവിതത്തിന്റെ പ്രതിബിംബനവുമായിരിക്കണമെന്നാണു് എന്റെ വ്രതം. മാക്കിനുവേണ്ടി മാത്രം നടത്തുന്ന ഇന്നത്തെ വിദ്യാഭ്യാസരീതികളെ വിമർശിക്കുമ്പോഴെല്ലാം എന്റെ രക്തം തിളക്കാറുണ്ടു്. ദൈവമനുവദിക്കുന്ന പക്ഷം കൂടുതൽ മാക്കു നേടുന്ന മിക്കവരേയും സെൻറു് ഹെലീനായിൽ ഇറക്കി ജോലി ചെയ്യിക്കുന്നതു് നമുക്കു കാണാം. അത്രമാത്രം ഈ മാക്കാളികൾ ലോകത്തെ ഇന്നു് വിഴുങ്ങിക്കഴിഞ്ഞു. ഭോഷ്കു് നിറഞ്ഞ ബിരുദുകൾ, പണവും രക്തവും വാറി സമ്പാദിക്കുന്നവയെങ്കിലും, വിശപ്പടക്കുന്നതല്ലെന്നറിയുന്ന നാം, ഈച്ച കണക്കെ ചക്കിന്റെ പുറമേ വീണ്ടും ഓടിക്കൂടുന്നതെന്തിനെന്നും പലപ്പോഴുമോർത്തു് ഞാൻ ഞെട്ടാറുണ്ടു്. ജീവിതരാക്ഷസി നമ്മുടെ രക്തം മാത്രം പാനം ചെയ്തു് കൊഴുത്തു വളരുന്നതു് നാം കാണണം. ഭൂമിയിൽ വള

രുന്ന വിത്തുകളും, ഭൂവാസികൾക്കനുയോജ്യമായ പദ്ധതികളും, സ്വാഗതം ചെയ്തവയെ പുലർത്തുന്നതിനേ മണിയാകരനു് സാദ്ധ്യമാകൂ. അതുകൊണ്ടാണു് ഞാൻ കാണുന്നതും ജീവിക്കുന്നതുമായ ലോകത്തെപ്പററി മാത്രം പ്രതിപാദിക്കുന്നതു്. സൂര്യപ്രകാശത്തെ ക്രമാതീതമായി സ്തുതിക്കയോ, ഇരുളിനെ അനാവശ്യമായി നിന്ദിക്കയോ ചെയ്യാതെ, വെളിച്ചവും ഇരുളും സുഖവും, ദുഃഖവും ഇടകലന്നു് കണ്ടും അനുഭവിച്ചും വരുന്ന ജീവിതമാണു് സത്യമെന്നും സൌന്ദര്യപരമെന്നും ഞാൻ സമത്ഥിക്കുന്നുമുണ്ടു്. ചിറകില്ലാത്ത തത്വവാദങ്ങൾ, പ്രവത്തനത്തിൽ വരുത്താത്ത ഭോഷ്ക്കുകളാണെന്നും, അവ അഭ്യസിച്ച നമ്മെ ജീവിതത്തിൽ ചഞ്ചലരായി കാണപ്പെടുന്നതിൽ നാം സ്വയം പഴിക്കേണ്ടതല്ലെന്നും, അഭികാമ്യമെന്നു് തോന്നുന്ന ആദർശങ്ങളിൽ ചുവടുറപ്പിച്ചു് ധീരോദാത്തതയോടുകൂടി മണിയാകരനോടൊപ്പം നാമും പ്രവത്തിച്ചേ മതിയാവൂ. സ്ത്രീ പുരുഷ ഭേദമെന്യേ ഓരോരുത്തരും താന്താങ്ങളുടെ പരിധികൾക്കുള്ളിൽ നിന്നു് ഇങ്ങനെ പ്രവത്തിച്ചുവേണം ലോകസമാധാനം കൈവരുത്തുവാൻ. എങ്കിൽ മാത്രമേ പുതിയ ഒരു ലോകം നമുക്കു് ദൃശ്യമാകൂ. ജാതീയകോട്ടകളിൽ നിന്നു് ഇതരജാതികളെ ചൂഷണം ചെയ്യേണമെന്നു് എനിക്കാഗ്രഹമില്ല. നേഷൻ വാദം പുലത്തേണമെന്നു് ഞാൻ കരുതുന്നുമില്ല. ഉണ്ണാനും ഉടുക്കാനും ഭൂവാസികൾക്കെല്ലാം കിട്ടത്തക്ക ഒരു പരിപാടിയേ ഞാൻ കാംക്ഷിക്കുന്നുള്ളൂ. ഓരോരുത്തരുടേയും അന്തസ്സിനടുത്തവിധം അത്യാവശ്യങ്ങൾക്കു് വേണ്ട പണം സൂക്ഷിക്കുന്നതിനുള്ള ഒരു പോംവഴിയും ഞാൻ ഭാവനം ചെയ്യുന്നുണ്ടു്. പ്രകൃത്യാ ഞാൻ സ്ഥിതിസമത്വവാദ

ത്തിന് കഠിനശത്രുവെന്ന വാസ്തവം ഇവിടെ മറയ്ക്കുന്നില്ല. സ്ഥിതിസമത്വ വാദ കോലാഹലങ്ങളാണ് ഇന്ന് ലോകത്തിന്റെ ഒരുമ ഉടച്ചതെന്ന് എനിക്കു ദൃഢബോധവുമുണ്ട്. സത്യവും, നീതിയും, സമാധാനവും, സന്തുഷ്ടിയും, ദൈവസ്നേഹവും, അയൽ സ്നേഹവും വളർത്തുന്ന സ്ഥാപനങ്ങളുടേയോ വ്യക്തികളുടേയോ പിന്നിൽ ചങ്കും തലയുമുയർത്തി എന്നെ കാണാം.

ഭാഷാരീതി, കഥാമർമ്മം എന്നിവകളെപ്പററി ചുരുക്കമായി പ്രസ്താവിക്കാം. സുപ്രസിദ്ധ ആംഗ്ലേയ ഗ്രന്ഥകാരനായ തോമസ്സ് കാർലൈലിന്റെ ഭാഷാരീതി മലയാളത്തിൽ ഞാൻ അനുകരിക്കുന്നുണ്ട്. അദ്ദേഹത്തെ മലയാളത്തിൽ മററാരെങ്കിലും അനുകരിച്ചിട്ടുള്ളതായി എനിക്കറിവില്ല. അദ്ദേഹത്തിന്റെ ഭാഷാരീതിയും, ജീവിതത്തിലെ ഉറച്ച നിലയും വായിച്ചറിഞ്ഞ ഇംഗ്ലീഷുകാർ ആരംഭഘട്ടത്തിൽ ക്ഷോഭിച്ചെങ്കിലും, ക്രമേണ കാർലൈലിനെ സകലരും സ്തുതിച്ചു. പത്തൊൻപതാം നൂററാണ്ടിൽ യൂറോപ്പിനദ്ദേഹം അത്ര ധീരമാംവിധം നേതൃത്വം നൽകി. കഠിന ശത്രുക്കളും അദ്ദേഹത്തെ വണങ്ങിത്തുടങ്ങി. അത്ര ധീരനാണദ്ദേഹം; അത്രമാത്രം ധീരോദാത്തത അദ്ദേഹത്തിന്റെ ഭാഷയിൽ തുളുമ്പുന്നുണ്ട്. ആദ്യമദ്ദേഹത്തെ ശത്രുക്കൾ 'The Mad Prophet of the 19th Century' എന്നു പറഞ്ഞു ഹസിച്ചെങ്കിൽ, ഇരുപതാം നൂററാണ്ടിലെ 'The Mad Prophet' എന്ന് എന്നെ ലോകർ വിളിക്കുന്നതു കേൾക്കാൻ ആകാംക്ഷയോടെ ഞാൻ പാർത്തുമിരിക്കുന്നു. ഈ അർത്ഥത്തിലെങ്കിലും **മണിയാകരൻ** കൈരളിക്കു മാത്രമല്ല, ലോകഭാഷ

കരംക്കൊക്കെ ഒരു പുതുസമ്പത്താണെന്നു് ലോകർ സമ്മതിക്കണം. ആശയങ്ങൾക്കാണു് ഞാൻ പ്രാധാന്യം നൽകിയിട്ടുള്ളതു്. വ്യാകരണത്തിനല്ല. വ്യാകരണപ്രണയിനികളോടെനിക്കു പറവാനുള്ളതു് വ്യാകരണത്തിൻ വേണ്ടി ആശയങ്ങളെ ബലികഴിപ്പാൻ ഞാൻ തയ്യാറില്ലെന്നു മാത്രമാണു്. ഒരു കനത്ത ആശയം വ്യാകരണ ദുഷ്ട്യം ദുഷിച്ച ഭാഷയിൽ പ്രതിപാദിച്ചിരുന്നാൽതന്നെയും, ലോകപരിത്രാണനത്തിനതു് ഉപകരിക്കുന്ന പക്ഷം, വ്യാകരണങ്ങളെ ചവുട്ടി ആശയ ദാർഢ്യം പുലർത്തി, നാം ലോകരക്ഷ നേടണം. ഭാഷാരീതി ആവോളം ലളിതമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. സംസ്കൃതത്തിന്റെ പിടിയിൽ ഞെരിയുന്ന കൈരളിയെ ഒരു സ്വതന്ത്രഭാഷയാക്കാൻ കഴിയുന്നത്ര ഞാൻ പരിശ്രമിക്കുന്നതു കാണാം. ഗഹനങ്ങളായ ആശയങ്ങൾ പിഞ്ചുകുഞ്ഞുങ്ങൾക്കുപോലും മനസ്സിലാകത്തക്ക ഭാഷയിൽ ഞാൻ പ്രതിപാദിക്കുന്നുണ്ടു്.

അരം എന്നു കേട്ടാൽ ഞെട്ടാത്ത ഗ്രന്ഥകാരൻ കേരളത്തിൽ നാളതുവരെ ജനിച്ചിട്ടില്ല. കൈരളി ഒന്നടങ്കം ഞെട്ടുന്ന അരം ഗളഹസ്തം ചെയ്തുകൊണ്ടു് മണിയാകരൻ രംഗപ്രവേശം ചെയ്യുന്നതു് നോക്കുവിൻ. 'മണിയാകര'നിൽ പ്രത്യക്ഷമാകുന്ന ലാടൻ, ഭൂതം എന്നീ പ്രസ്ഥാനങ്ങൾ ഭാഷക്കു് പുതുസമ്പത്തുകളാണു്.

കഥാമർമ്മം.—Plot എത്രയും വിചിത്രമായിരിക്കത്തക്കവണ്ണം ആദ്യന്തം ഞാൻ ശ്രമിച്ചിട്ടുണ്ടു്. ഇതരനോവലുകളിലും നാടകങ്ങളിലും കാണുന്നതിൽ വ്യത്യസ്തമായ ഒരു പ്രണയം മണിയാകരനിൽ പൊന്തിക്കാണു്ന്നാ

വുന്നതാണു്. ശാരീരികവും ആത്മീകവുമായ പ്രേമം ഏതൃമാംവണ്ണം ഞാനെ ഒത്തിണക്കീട്ടുള്ളതു് കണ്ടാനന്ദിക്കാത്ത വൈരാഗികൾ പോലും ഈക്കാലങ്ങളിലില്ല സത്യം. അവിചാരിത പരിതസ്ഥിതികളിൽ അപരിചിതസ്ത്രീപുരുഷർ ഇരുവർ തമ്മിൽക്കണ്ടു് പൊട്ടുന്നനവെ പ്രണയത്തിലകപ്പെട്ടു് വിവാഹത്തിലകപ്പെടുകയൊ, വിരഹാഗ്നിയിൽ ദഹിക്കുകയൊ, മരിക്കയൊ ചെയ്യുന്ന ഇന്നത്തെ നാടകങ്ങളും നോവലുകളും ചെറുകഥകളും എന്റെ ഉജ്ജ്വലകോപത്തിന്നു പാത്രീഭവിക്കയാൽ, പ്രണയത്തീയിൽ വേകുന്നവൎക്കും മനുഷ്യസേവനം ചെയ്വാൻ സാദ്ധ്യമാകുമെന്നു് മണിയാകരനിൽ പ്രത്യക്ഷമാകുന്ന പ്രണയം വെളിപ്പെടുത്തുന്നതാണു്. ഇങ്ങനെ മണിയാകരൻ മഹാകവി ഷെല്ലിയുടെ കവിതയിൽ പറഞ്ഞാൽ യഥാർത്ഥത്തിൽ:—

'Better than all measures
Of delightful sound,
Better than all treasures
That in books are found.'

ഇത്തരുണത്തിൽ എന്റെ പുസ്തകത്തെ വിമർശിച്ചേക്കാവുന്ന പത്രങ്ങളോടു് ഒരുവാക്കു പറയേണ്ടതുണ്ടു്, പണം, പണം, ഇതാണു് നിങ്ങളുടെ ദൈവം. ആശയങ്ങളും ആദർശങ്ങളും ലാഭനഷ്ടമാകുന്ന നിങ്ങളുടെ കമ്മട്ടത്തിൽ കരുങ്ങുന്നതു് കാണുന്ന എനിക്കു്, ഇന്നത്തെ പത്രങ്ങളുമായി വേഴ്ചയില്ലാത്തതു് ഒരു വിഴ്ചയായി ഞാൻ ഒട്ടു കരുതുന്നുമില്ല. പരസ്യങ്ങളുടെ പുറകെയുള്ള നിങ്ങളുടെ ഓണപ്പാച്ചിൽ നിറുത്തണം. ജീവൽ തത്വങ്ങൾ മുൻ

നിവൃത്തി പത്രം നടത്തണം. പണം പിണമായി കരുതണം. പണം നിങ്ങളുടെ പിടിയിൽ അമരാൻ. പരസ്യങ്ങളിൽനിന്നുള്ള ആദായം പത്രബന്ധുക്കൾക്കുകൂടി കൊടുക്കണം. പ്രയത്നമില്ലാത്ത പ്രതിഫലമാകയാൽ.

നായികാനായകന്മാർക്കു് നേരിട്ട അന്തരാഗാഗ്നി പരീക്ഷണം, മണ്ണിലിന്നുവളരുന്ന യഥാർത്ഥ പ്രേമത്തിലേക്കവരെ താനെ ആനയിച്ചു. യുവതീയുവാക്കളെ വഴിതെററിച്ചുകൊണ്ടു്, കവികൾ അവരുടെ കവിതകൾ ദ്വാരാ ഉദ്ഘോഷിക്കുന്ന പ്രേമം, മണിയാകര-ദേവലമ്മ-ലാട-വയോള പ്രസ്ഥാനം—മണ്ണിലവ യഥാർത്ഥത്തിൽ വളരുന്ന വാസ്തവം ജീവിച്ചുകാട്ടുന്നതു്—ഇരുട്ടിൽ കിടന്നു ഉഴലുന്ന ഇന്നത്തെ ലോകരുടെ കണ്ണുതുറപ്പിക്കുമെന്നു് എനിക്കറിയാം. ഒപ്പനിലയിലുള്ള സമുദായാംഗങ്ങൾ തമ്മിലേ സങ്കരവിവാഹം നടത്താവൂ. ഏററവും ഉയർന്ന വംശത്തിലുള്ള ഒരംഗവും ഏററവും താണ വംശത്തിലുള്ള ഒരംഗവും തമ്മിലുള്ള ദാമ്പത്യം ഇരുകൂട്ടർക്കും ആപൽക്കരമാണു്. അവർ ഇരുവരും എത്രമികച്ച വിദ്യാഭ്യാസമുള്ളവരായാലും. രക്തസംസ്കരണം വെറും വിദ്യകൊണ്ടു മാത്രം ലഭ്യമല്ലല്ലോ. ഭിന്നസമുദായാംഗങ്ങളുടെ ജീവിതത്തിൽ ചില സാമ്യങ്ങൾ ഉണ്ടെങ്കിലേ ദാമ്പത്യം വിജയകരമാകൂ. ലോകസമാധാനത്തിനായി പ്ലേറെറാ മുതൽ വില്സി വരെ വീരരവർ നടത്തിയ ശ്രമങ്ങളെല്ലാം ഏളിസ്സമാക്കിയ **എം. സി. മണിയാകരൻ** വിജാതീയ വിവാഹം വിളമ്പി ഇഹത്തിൽ ശാന്തി നേടുന്നതു് നാം കാണണം.

സാഹിത്യകോടീശ്വരന്മാരുടെ കല്പനികളെ ചവുട്ടിക്കടന്നു് നിർഭയം സ്വാതന്ത്ര്യമായി വിഹരിക്കുന്ന എന്നെ വായനക്കാർ അനുഗ്രഹിക്കുമാറാകണം. Let me stop now, with malice towards none, and with Greetings for all. Pardon, is the word to all. ഇത്രമാത്രമേ മണിയാകരകർത്താവെന്ന നിലയിൽ ലോകത്തോടു് തല്ക്കാലം എനിക്കു പറയേണ്ടതുള്ളു.

ഗ്രന്ഥകർത്താ.

Trivandrum.
27th Aug. 1947.

# മണിയാകരൻ

## അദ്ധ്യായം ൧

## ശിക്ഷ: രക്ഷ

ഭയാനകമായ ആ ഇരുട്ടറയിൽനിന്നും രക്ഷയ്ക്കുള്ള മാർഗ്ഗം കാണാത്ത നാരായണി നിരാശയുടെ അന്തർഭാഗത്തുനിന്നും പൊട്ടിപ്പുറപ്പെട്ട ഒരു പുഞ്ചിരിയോടുകൂടി മന്ദംമന്ദം വാതലിനോടു ചേർന്നുനിന്നു. ആരാച്ചാരുടെ പിടിയിൽ കുടുങ്ങി കഴുകുമരത്തിൻചുവട്ടിൽ നിൽക്കുന്നവരും ചിലപ്പോൾ പുഞ്ചിരിതൂകാറുണ്ടെന്നു പറഞ്ഞു കേൾവിയുണ്ടു്. തദനുസരണമായ ഒരു പുഞ്ചിരിയാണു നാരായണി ഇപ്പോൾ ചൊരിഞ്ഞിട്ടുള്ളതും. പ്രസ്തുത പുഞ്ചിരി ഒന്നുകൊണ്ടുമാത്രം ലോകമഹിമ, കീർത്തി, എന്നു വേണ്ട ഇഹത്തിലെ ആഡംബരങ്ങളെല്ലാം മുപ്പത്തഞ്ചുവയസ്സു് മാത്രം പ്രായമുള്ള നാരായണി വെറുത്തു കഴിഞ്ഞു. ഭർത്തൃനഷ്ടത്താൽ മനോവേദനയും പിതൃനഷ്ടത്താൽ മാനഭംഗവും അസ്വാതന്ത്ര്യാകയാൽ കായക്ലേശവുമനുഭവിച്ചു് വേലന്തറ ഇരുട്ടറതന്നെ തന്റെ മരണസ്ഥലമെന്നു് അവളിതാ തീർച്ചയാക്കുന്നു. 'സേലമ്മേ' എന്നവൾ ഗദ്ഗദസ്വരത്തിൽ വിളിച്ചു. 'പ്രിയ പുത്രീ, ഞാൻ കൂടി അകാലത്തിൽ മരിച്ചാൽ അഹോ! പിന്നെ നിന്റെ അവസ്ഥ എന്തു്? ദൈവം തന്നെ തുണ.

മകളെ, എങ്കിലും ഒന്നുണ്ടു് കേൾക്കണം. ചാരിത്രഭംഗം ചെയ്തു് നിന്റെ അമ്മ ജീവിക്കുന്നതിലുത്തമം മരിക്ക തന്നെ. എന്തിനേറെ പറയുന്നു. പതിവ്രതയായ നിന്റെ അമ്മയിതാ മരണാസന്നയുമാണു്. ദുഷ്ടൻ മർക്കോയിയുടെ ഗൃഹയിൽ മരണമടയണമെന്നാണു് ജഗൽപിതാവിൻ തിരുചിത്തമെങ്കിൽ സസന്തോഷം അതിതാ സ്വീകരിക്കുന്നുമാം!" എന്നു പറഞ്ഞു് ആ സാധ്വീമണി മുട്ടിന്മേൽനിന്നു് കൈയ്കൾ കൂപ്പി, നയനങ്ങളടച്ച് ചിന്തയിലാണ്ടു. ഹാ! അപ്പോൾ ആ സുന്ദരിയുടെ മുഖത്തു പ്രത്യക്ഷമായ സൗന്ദര്യം, ദിവ്യതേജസ്സു്, വർണ്ണിപ്പാനാർക്കാണു സാദ്ധ്യമാവുക!

ശകുന്തള, ദമയന്തി, സീത എന്നീ ഭാരതീയ സ്ത്രീകളും ക്ലെയോപ്പാട്രാ, ഹെലൻ എന്നീ പാശ്ചാത്യ യുവതികളും അതീവസുന്ദരികളെന്നു വായിച്ചറിഞ്ഞിട്ടുണ്ടു്. നാരായണിയോ എന്നാൽ ഈ മഹതികളുടെ സമക്ഷത്തു് കാക്കക്കൂട്ടിൽ അരയന്നംപോലെയൊ ചെടികളുടെ നടുവിൽ പുഷ്പംപോലെയോ ശോഭിക്കും നിശ്ചയം. ഈ സുന്ദരമഹിള അവളുടെ നവയൗവനത്തിൽ ഈവിധപരിതഃസ്ഥിതിയിലെത്തുവാൻ കാരണമെന്താവാം? ആ സാധ്വീമണിയുടെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന നെടുവീർപ്പുകളുടെ ദീർഘനാളങ്ങൾ സ്വർഗ്ഗംവരെ എത്തണമെന്നാണു് അവളുടെ അത്ഥന. എത്തുമെന്നുതന്നെ അവളുടെ പരിപൂർണ്ണവിശ്വാസവും. സ്ത്രീ അവളുടെ ദുരദൃഷ്ടമോത്തു് ഏറെനേരം ചിന്തിച്ചു. ദേഹമാസകലം വിയത്തു. മനംവെന്തു നീറി. നെററിയിൽനിന്നും പൊടിയുന്ന വിയർപ്പുതുള്ളികൾ വടിഞ്ഞിതാമുഖത്തുകൂടി ഒലിച്ചുകൊണ്ടുമിരിക്കുന്നു.

ഭയങ്കര ഇരുട്ട്. എവിടെയും നിശ്ശബ്ദത, സ്ത്രീ ഇനിയും ചിന്തയിൽ നിന്നും വിരമിച്ചിട്ടില്ല. തന്റെ അർത്ഥനപ്രകാരം ദൈവം തന്നെ അനുഗ്രഹിച്ചതായും തോന്നുന്നില്ല. കൂടുതൽ കൂടുതൽ വേദന അനുഭവിക്കുന്തോറും കൂടുതൽ കൂടുതലായി നാരായണി അർത്ഥിക്കും, അതേ ചങ്കു തുറന്ന് ഏകാഗ്രചിത്തയായി അവൾ അപേക്ഷിക്കുന്നു. അഴിഞ്ഞുലഞ്ഞു് ആടിപ്പറക്കുന്ന കുന്തൽഭാരം കണ്ണുനീരിൽ അവൾ നനച്ചു. മദിച്ചുയന്ന ക്ലേശഭാരം തടുക്കുവാനവൾ അപ്രാപ്തയാകയാൽ ആശാഭംഗയെന്നോണം ജീവിതസോപാനത്തിൽനിന്നും കാൽതെററി മോഹാലസ്യയായി അവൾ നിലംപതിച്ചു. വാടിത്തളർന്ന് നാരായണി വീണിടത്തുതന്നെ കിടക്കട്ടെ! അകാലത്തിൽ ഞെട്ടിൽനിന്നും അറുത്തിട്ട പുഷ്പം പോലെ.

—

ഒരു മനുഷ്യൻ നിരപരാധി, സത്യസന്ധൻ, നിഷ്കന്മഷൻ, ആദർശപുരുഷൻ—എവരാലും മാനനീയൻ എന്നിരിക്കിലും കരയാത്ത ചങ്കോ പരീക്ഷിക്കപ്പെടാത്ത സ്നേഹമോ ഇഹത്തിലൊട്ടില്ലതാനും. ലോകജീവിതം ഒരു യുദ്ധക്കളംമാത്രം—പരലോകയാത്രയ്ക്കുള്ള ഒരു പ്രാരംഭക്കളരി—വെറും ഒരു അഭ്യസനശാല—ഒരു സംരംഭാവസ്ഥ. തത്വവാദികൾ എന്തു പറഞ്ഞാലും പൈതങ്ങളായ നാം ദൈവത്തുകൈകളിൽ കേവലം അരുകിളികൾ മാത്രം. നാരായണീ, നീ സ്രഷ്ടാവിൻ ദൃഷ്ടിയിൽ കുശക്കളി അല്ലാതെ മറെറന്താണ്? ഇഷ്ടംപോലെ നാഥന് നിന്നെ മനയുകയും ചെയ്യാം. എന്തു് എന്തിനായി എന്നു ചോദിപ്പാൻ നീ ആര്? രക്ഷിക്കാം ശിക്ഷിക്കാം അധികാരം അവിടേക്കു തന്നെ. പ്രാർത്ഥിക്കുക;

പരിശ്രമിക്കുക; തുടരെയുള്ള പരിശ്രമംതന്നെ പ്രാർത്ഥന, നിൻെറ കടമ നീ നിറവേററുക. ഫലപ്രാപ്തി ദൈവകാരുണ്യത്താൽ താനെ വന്നുകൊള്ളും. ദൈവം നിന്നെ അനുഗ്രഹിക്കുന്നെങ്കിൽ അനുഗ്രഹിക്കട്ടെ. നിൻെറ ചുമതല ചെയ്തുതീക്കുന്ന നീ എന്തിനായി ഇത്ര വിലപിക്കുന്നു. യാത്രാസമയം അടുക്കുമ്പോൾ ഈശ്വരൻ വേണ്ട അനുഗ്രഹങ്ങൾ നിന്നിൽ ചൊരിയും. എന്തുകൊണ്ടിത്ര നിരാശ? എന്തുകൊണ്ടു നീ അലസ്യയായി കമന്നടിച്ചു വീണുമിരിക്കുന്നു? ത്യാഗമാണു ജീവിതം. സ്നേഹം കൂടാതുള്ള ത്യാഗം വ്യത്ഥമല്ലെ? കാൽവറിയിലെ കരിശിൽനിന്നുമുള്ള വിലതീരാത്ത ദൗത്യം എന്തുകൊണ്ടു നീ സ്മരിക്കുന്നില്ല? മുപ്പത്തിമൂന്നു കൊല്ലത്തെ മ്ശിഹായുടെ ഐഹികവാസം നീണ്ടാൾ നീണ്ടു നിൽക്കുന്ന ഒരു ത്യാഗമല്ലെന്നുണ്ടോ. ലോകജീവിതത്തിൽ കഴുത്തററം മുങ്ങി തലയുമുയത്തി സുധീരം പോരാടുവാൻ റോമിലേക്കു വിക്ററർ എമ്മാനുവേലിൻെറ ക്ഷണപ്രകാരം പുറപ്പെട്ട മുസ്സോളിനിയും, ത്യാഗമാം ജീവിതം സ്നേഹപന്താം കൊളുത്തിവിടുമെന്നാശംസിച്ചിട്ടുള്ളതും ഓക്കേണ്ടതല്ലെ? സന്തോഷസന്താപ സമ്മിശ്രമാണു ജീവിതം. ക്ലേശത്തിൻ മേൽക്കൂര ആഹ്ലാദത്തിനും അടിത്തറയെന്നുള്ള വാസ്തവം നീയും ഗ്രഹിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു വായനക്കാരുടെ ശ്രദ്ധയെ കഥയുടെ ഇതരഭാഗത്തേക്ക് സാദരം ക്ഷണിച്ചുകൊള്ളുന്നു.

അന്നു സായാഹ്നം മണി നാലടിച്ചു. പാല്യക്കുന്നങ്ങാടിയും കടന്നു് ഇടിഞ്ഞുപൊളിഞ്ഞു ചിന്നിച്ചിതറിക്കിടക്കുന്ന കോട്ടയുടെ ഉച്ചിയിൽ ഥാസ്മെത്താ വന്നെ

ത്തി. ഏകനായിട്ടാണു യാത്ര. യുവാവു് വിശ്രമഭാവേന നിരന്നുകിടക്കുന്ന കോട്ടയുടെ ഉപരിഭാഗത്തു നിലയുറപ്പിച്ചു. നാമാവശേഷമായിത്തീൎന്ന അമ്പലപ്പുഴ രാജ്യത്തിന്റെ കേന്ദ്രമായ കുടമാളൂരിന്റെ ആധുനികാവസ്ഥയെപ്പററി ചിന്തിക്കുന്നോ എന്നു തോന്നിപ്പോകും അദ്ദേഹത്തിന്റെ അപ്പോഴത്തെ മുഖഭാവം കാണുന്നവർ. പടിഞ്ഞാറുവശമുള്ള മൈതാനമദ്ധ്യത്തിൽ പന്തടിച്ചു മേളിക്കുന്ന ബാലന്മാരുടെയിടയിൽ സൂൎയ്യകാന്തിപുഷ്പങ്ങളെന്നോണം ശോഭിക്കുന്ന ബ്രാഹ്മണവല്ലികൾ ചെമ്പകശ്ശേരി മഠത്തിലെ രണ്ടു് ഉണ്ണികളുമാവാം. ഇക്കഴിഞ്ഞ ലോകമഹായുദ്ധം നയിച്ചിരുന്ന ജർമ്മൻചക്രവൎത്തി, ഹോളണ്ടിലെ ഒരു ഓണം കേറാമൂലയിൽ ഒളിഞ്ഞു താമസിക്കണമെന്നു തീൎപ്പെഴുതിയ ദൈവം സ്നേഹരഹിതനെന്നു വരുമോ?

—

വായനക്കാൎക്കു ദൃശ്യനായിരിക്കുന്ന യുവാവിനു് ഉദ്ദേശം ഇരുപത്തിനാലു വയസ്സിൽ കൂടുതൽ പ്രായമില്ല. ഇതുപോലൊരു കോമളാംഗനെ ചിത്രങ്ങളിൽപോലും കണ്ടുകിട്ടാൻ വിഷമം. അത്രയ്ക്കു യോഗ്യനാണദ്ദേഹം. സൗന്ദൎയ്യധാമം വഴിഞ്ഞൊഴുകി, വർഷകാലത്തെ കുട്ടിസൂൎയ്യനെന്നോണം, കതിരുകൾക്കു ഉഗ്രത കൂടാതെ, കണ്ണുകളെ വേദനിപ്പിക്കാതെ' ആരേയും ഒരു മൃദുമന്ദഹാസത്താൽ തന്നിലേക്കു് ഹഠാൽ ആകൎഷിക്കുന്ന ഈ യുവസഞ്ചാരി ആരായിരിക്കണം? ഇദ്ദേഹമാണു് ദാസ് മെത്താ. മെല്ലിച്ചതെങ്കിലും കൊഴുത്തുരുണ്ട ദേഹം—കുതിച്ചുനിൽക്കുന്ന ചെവികൾ, സംസാരിക്കുന്ന കണ്ണുകൾ, ആകർഷണീയമായ മുഖം, വികസിച്ചുള്ള നാസിക, കണ്ണുകൾ കൂളക്കത്തക്ക ആകാരഭംഗി, കടഞ്ഞെടുത്ത

കൈയ്കാലുകൾ. വീര്യ്യം പുഷ്ടും എന്നീ രസങ്ങൾ ഒന്നിടവിട്ടു പ്രദർശിപ്പിക്കുന്ന ഈ യുവകുസുമം ഏതു വനദേവതയുടെ അരുമസന്താനമായിരിക്കാം? മെഴുകിൽ നിന്നും വാർത്തെടുത്തതുപോലുള്ള ഗാത്രം അസ്തമനസൂര്യ്യന്റെ ചെങ്കനൽ പ്രഭയിൽ തെളുതെളെയുണ്ടിതാ വിളങ്ങിക്കൊണ്ടുമിരിക്കുന്നു. ഭാരതീയാദർശപ്രകാരമുള്ള വസ്ത്രധാരണംമാത്രം—കോട്ടിന്റെ വെട്ടും ഷർട്ടിന്റെ കപ്പും വേണമെങ്കിൽ ചില ചെറുകഥാനിർമ്മാതാക്കൾക്കായി വിട്ടുകൊള്ളട്ടെ, ഏതാനും വിനാഴികകൾ ഗാഢാലോചനയിൽക്കഴിച്ചു ദാസ് മെത്താ അടുത്തു കളിക്കുന്ന ബാലവല്ലികളെ ഒന്നുകൂടി ഉററുനോക്കി; അതിലും ആ രണ്ടുണ്ണികളെ പ്രത്യേകിച്ചു്—വീണ്ടും അദ്ദേഹം മുന്നോട്ടുള്ള ഗതി തുടർന്നു് കുടോംപടിക്കലെത്തി. അയ്മനം ചുങ്കം റോഡിനോടു കുടമാളൂർറോഡ് സംയോജിക്കുന്ന മുക്കിനാണു് കുടോംപടി എന്നു പറഞ്ഞുവരുന്നതു്. ഈ കവലയ്ക്കു വടക്കുപടിഞ്ഞാറെ മൂക്കിൽ കാണുന്ന ഒരു ചെറുമാളിക വേലന്തറക്കാർക്കുള്ളതാണു്. ഇതിന്റെ ഒന്നാംനിലയിൽ ക്ലബ് നടത്തുന്നതു കേശവൻപോററി എന്നൊരാളാണു്. രണ്ടാം നില സ്ഥലത്തെ പരസ്പരസഹായസംഘം ആഫീസുമാണു്. ദാസ് മെത്താ ക്ലബിനുള്ളിൽ പ്രവേശിച്ചു. പോററി ഏതെങ്കിലും മികച്ച ഒരു ഇല്ലത്തിലെ അംഗമായിരിക്കാമെന്നദ്ദേഹം ഊഹിച്ചു. സാധാരണ ക്ലബ് നടത്തുന്ന പോററിമാരിൽനിന്നും തുലോം വ്യത്യസ്തനാണു കേശവൻപോററി എന്നു യുവാവു തീർച്ചയാക്കി ചായ വില്പന നടത്താൻ താൻ നിർബന്ധിതനായപോലെയും പോററിയുടെ ഭാവം വെളിപ്പെടുത്തും. ചെമ്പകശ്ശേരി രാജകുടുംബത്തെപ്പററിയും ജന്മൻകൈസറിനെ

പ്പററിയുമുള്ള തത്വചിന്തകൾ മുൻപറഞ്ഞ അനുമാനങ്ങളെ ദൃഢീകരിക്കയും ചെയ്തു.

പോററി:—സ്വദേശം? വിദ്യാൎത്ഥിയൊ?

ഡാംസ് മെത്താ:—ഞാൻ കുമരകത്തുകാരനാണു്, വിദ്യാൎത്ഥിയാണു്.

പോററി:—വീട്ടുപേരു്?

ഡാ. മെ:—തച്ചിൽ. അറിയുമോ? എനിക്കു വേലന്തറയെപ്പററി ചില വിവരങ്ങൾ പോററിയിൽനിന്നും ഗ്രഹിപ്പാനുണ്ടു്. അവിടേക്കുള്ള വഴി ഏതാണു്? മക്കോയി സ്ഥലത്തില്ലെന്നു പറഞ്ഞുകേട്ടു. വാസ്തവമൊ? 'വേലന്തറ' എന്നു കേട്ടപ്പോൾതന്നെ പോററി ചില ഓച്ചാനങ്ങളെല്ലാം പ്രദൎശിപ്പിക്കയുണ്ടായി.

പോററി:—നിങ്ങൾക്കു വേലന്തറയുമായി ബന്ധമുണ്ടോ?

ഡാ. മെ:—വേലന്തറയുമായി എനിക്കു ബന്ധമൊന്നുമില്ല. മാത്തുണ്ണി ഒരു ക്രൂരനാണെന്നു പറയുന്നതു ശരിയോ പോററി?

പോററി:—'ആവൂ!' എന്നു നിശ്വസിച്ചിട്ടു് ആത്മസംയമനം ചെയ്തു നിന്നശേഷം പറഞ്ഞുതുടങ്ങി: 'ഇന്നു വേലന്തറയെ ജയിപ്പാൻതക്ക വേറൊരു മാടമ്പി കോട്ടയത്തില്ല. മാത്തുണ്ണി എന്നുകേട്ടാൽ അയ്മനം മയങ്ങും—കുമ്മനം കലങ്ങും—കോട്ടയം കറങ്ങും—മാന്നാനം വണങ്ങും—ആർപ്പൂക്കരെ വിറയ്ക്കും എന്നുള്ള ഭാവത്തിലാണു് അയാളുടെ വാഴ്ച. അവിടേക്കുള്ള വഴി അറിയാത്തവരാരുണ്ടു് ഇന്നു മലയാള

ണ്ടു്? പത്തുലക്ഷത്തിൻ സ്വത്തുണ്ടു്. മക്കോയും ശാന്തമ്മയുംമാത്രമാണു മക്കൾ.

ദാ. മെ:—'പരമാർത്ഥമാണു പോററി എനിക്കു വേലന്ത റയുടെ വീടു് അറിഞ്ഞുകൂടാ. അയ്മനത്തിലാ ണെന്നു് അറിയാം. മരിച്ചുപോയ മിസ്റ്റർ വക്ക പ്പൻെറ ജ്യേഷ്ഠനാണെന്നും പറഞ്ഞുകേൾവിയുണ്ടു്. ചെല്ലമ്മയെ കബളിപ്പിക്കുന്ന ആ കഠോരകല്ലൻെറ കട്ടത്ത ഹൃദയത്തിൽ തണുത്ത രക്തം അണുവെങ്കി ലുമുണ്ടോ എന്നു് ഇന്നു് ഞാൻ അറിയും. പോററി വേഗം വീടു കാട്ടിത്തന്നാലും.

പോററി.—'നരാധമ'..................നരാധമൻ എന്നു തുട ങ്ങിയതു് അമർത്തി 'നയവഞ്ചകൻ നിന്ദ്യൻ—അവ നുണ്ടോ ചങ്കു്—ഉണ്ടെങ്കിൽതന്നെ കരിങ്കല്ലാണ വൻെറ ചങ്കു്. ഭഗവാനെ!' എന്നു നിറുത്തി ഏ തോ പൂർവ്വസ്മരണക്കധീനനായി നെടുവീർപ്പുകൾ ചൊരിഞ്ഞുകൊണ്ടു നിലയായി. പിന്നീടു 'വേല ന്തറക്കുള്ള വഴി ഇതുതന്നെ' എന്നു പറഞ്ഞു വഴി കാട്ടിക്കൊടുക്കുന്നു. ദാസ് മെത്താ യാത്രപറഞ്ഞു പിരിയുന്നു. തിരിഞ്ഞദ്ദേഹം നോക്കി—പോററി തന്നെ നോക്കിനില്ക്കുന്നതായിക്കാണുകയുംചെയ്തു. ദാസ് മെത്തായെ സൂക്ഷിച്ചു നോക്കിനില്ക്കുന്ന പോററി ആത്മഗതമാണു്: 'ഞാനോ ചായക്കട ക്കാരനാകണമെന്നു ദൈവകല്പിതം 'ഒരു കാലത്തു് കോട്ട കൊത്തള..................'എന്നിങ്ങനെ തൊണ്ട യിടറിപ്പറകയിൽ ഭ്രാന്തനെന്നോണം അയാൾ ക്ലബ്ബിനുള്ളിൽ പ്രവേശിച്ചു് ക്ഷീണാധിക്യത്താൽ തൻെറ കിടക്കയിലേക്കു് വേരററ വൃക്ഷം കണക്കെ

വീണു. അല്പസമയാനന്തരം വീണ്ടും ആത്മഗതമായി 'അഹൊ! വിധിയന്ത്രത്തിരിച്ചിൽ, തണ്ടാർ മകൻെറ തണ്ടുതപ്പിത്തരങ്ങൾ! ഒരു കാലത്തു് കോട്ട കൊത്തളങ്ങളുടെ അധിപനായ ഞാൻ ഈ ഇടവഴിയിൽ ഒരു ക്ലബ്ബ് മാനേജരായിക്കഴികയെന്നൊ? ശിവ ശിവ! എനിക്കു് സഹിക്കവെയ്യാ;' എന്നിങ്ങനെ നിരത്തിയതും ഭാസ് മെത്താ വേലന്തറ പററിയതും ഒന്നിച്ചുകഴിഞ്ഞു. ആ യുവാവു് മാത്തുണ്ണിയുമായി സംസാരമാണു്.

നമുക്കും മാത്തുണ്ണിയെ ഒരു കണ്ണു കാണാം. തടിച്ചുവളൎന്ന ദേഹം. പരന്ന മൂക്കു്, ഉണ്ടക്കണ്ണുകൾ, മേദസ്സു് വിളഞ്ഞിട്ടൊ എന്തൊ ഭാരതം ഇൻഡ്യൻ സമുദ്രത്തിലേക്കു് എന്നവണ്ണം കുടവയറു് തള്ളി നില്ക്കുന്നു.

ഭാ. മെത്താ.—(ആത്മഗതം) 'ഒരു സംഗതി വാസ്തവം. ദൈവം ദുഷ്ടരെ പനപോലെ വളൎത്തും, നന്മനസ്സുള്ളവൎക്കു് പോംവഴികൾ നഹി. അക്കാരണത്താൽ അവൎക്കു് അവരുടെ ഔദാൎയ്യബുദ്ധിക്കനുസരണമായി പ്രവൎത്തിപ്പാൻ ത്രാണിയില്ലാത്തവരായും കാണപ്പെടുന്നു. ധൎമ്മം കൊടുപ്പാൻ വശമില്ലാത്തവൎക്കു് എന്തിനായി നാഥൻ ധൎമ്മബുദ്ധി നല്കിയിരിക്കുന്നുവൊ? ഇത്തരക്കാൎക്കു ധർമ്മബുദ്ധിയും ഒരു ഭാരംമാത്രം.' മാത്തുണ്ണിക്കു് ദൈവം സമ്പത്തു കൊടുത്തിട്ടുള്ളതു് അയാൾക്കുള്ള ചില ഗുണങ്ങൾ കൊണ്ടെന്നുവരാം. സ്വൎഗ്ഗസുഖത്തിനു് അർഹമല്ലാത്ത മാത്തുണ്ണിയുടെ ആ ഗുണങ്ങൾ ഇഹത്തിലെങ്കിലും സുഖിച്ചുകൊള്ളട്ടെ എന്നുള്ള ദൈവ തിരുചിത്തത്താലാണു് മാത്തുണ്ണി മികച്ച ഒരു മാടമ്പിയായി വാണരുളുന്നതു്.

മാത്തുണ്ണി:—'നിങ്ങളുടെ പേരെന്താണ് ?'

ഡാ. മെ:—'ഡാസ് മെത്താ' ഇത്രയുമായപ്പോൾ 'പിച്ച' തരണം, അല്ലാ പിച്ചാ' എന്നു കേണുകൊണ്ടു് ഒരു സാധു, വേലന്തറ മാത്തുണ്ണിയോടു സമീപിച്ചു. സാധുവിന്റെ സ്വരം കേട്ട് മാത്തുണ്ണി സംഭ്രാന്തനായി, പിന്നീടു മൂർഛിതനുമായി. മാത്തുണ്ണി മോഹാലസ്യപ്പെട്ടു വീണ വർത്തമാനം കാട്ടുതീയ് പോലെ പടൎന്നു. ആദ്യം ഓടിവന്ന മക്കോയി മെത്തയെ ബലാൽക്കാരേണ പിടിച്ച് വേലന്തറ ഇരുട്ടറയിൽ നാരായണിയോടുകൂടി ഇട്ടുപൂട്ടി. അവിചാരിതമായി തന്നെ ഒരു ഇരുട്ടറയിൽ ഇട്ടടച്ച വാസ്തവം ഗ്രഹിച്ച മെത്താ വിഷണ്ണനായി. ജന്മനാ തനിക്കുള്ള ധൈര്യം വന്നുദിച്ചതോടുകൂടി രക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ അന്വേഷണം തുടങ്ങി. പെട്ടെന്നദ്ദേഹം നാരായണിയെ കണ്ടുമുട്ടുന്നു. സ്ത്രീയെക്കണ്ടു ഞെട്ടിമാറി ചെററകലെ നിലയായി. ക്രമേണ ബാററി ലയിററ് തെളിച്ചു സ്ത്രീയെ പരിശോധന തുടങ്ങി. അപ്പോൾ രാത്രി മണി പതിനൊന്നു കഴിഞ്ഞിരിക്കണം. ഇതോടെ വെളിയിൽ നിന്നുകൊണ്ടു് ആരോ കതകിൽ തട്ടുന്ന സ്വരവും കേട്ടു. ആ യുവാവിന്റെ അപ്പോഴത്തെ വികാരപരമ്പരകൾ എഴുതി ഫലിപ്പിപ്പാൻ വിഷമം. ദേഹമാസകലം വിയർത്തു. സ്ത്രീ ഏതെന്നും ജീവനുണ്ടോ എന്നും അറിയുന്നതിനുള്ള ജിജ്ഞാസ വർദ്ധിച്ചു. പൊടുന്നനവെ ശാന്തമ്മ വെളിച്ചവുമായി ഇരുട്ടറയ്ക്കുള്ളിൽ വന്നുനിന്നു.

മാത്തുണ്ണിയുടെ ഏകപുത്രിയാണ് ശാന്തമ്മ. സോദരൻ മക്കോയിയുടെ നടപടികളൊന്നും ശാന്തമ്മക്കു രസമല്ല. അവൾ ജന്മനാ ഗുണവതിയാണ്. ഒരു കന്യകയായിത്തന്നെ ജീവിതം തുടരുന്നു. മക്കോയിയിൽനിന്നുമുള്ള ഉപദ്രവങ്ങളെന്തെല്ലാമെന്നു യഥാസമയം നമുക്കു ഗ്രഹിക്കാം. ശാന്തമ്മക്കു പതിനേഴുവയസ്സിൽ കൂടുതൽ പ്രായമില്ല. ക്ഷമ, അനുസരണം, സഹനശീലം എന്നീ അമൂല്യഗുണങ്ങൾക്കു വിളനിലമാണവൾ. സുന്ദരി ശാന്തമ്മ പ്രാർത്ഥനയിലും ജപത്തിലുംമാത്രം അഭയം തേടി ദിവസങ്ങൾ ഒന്നൊന്നായി തള്ളിവിടുന്നു. നല്ല പുസ്തകങ്ങളാണു് അവളുടെ പിരിയാത്ത ചങ്ങാതികൾ. കണ്ട ക്ഷണം ദാസ് മെത്തക്കു് അവൾ അവളുടെ ജീവിതം അർപ്പിച്ചുപോയതു് അവൾ കൂടി അറിഞ്ഞിട്ടില്ല. പെട്ടെന്നുണ്ടായ രാഗാവേശത്താൽ ബന്ധിതയായ ശാന്തമ്മ, തൻെറ ഹൃദയകാമുകനെ അദ്ദേഹത്തിൻെറ ഇപ്പോഴത്തെ അത്യാപത്തിൽനിന്നു രക്ഷിക്കുന്നതിനാണു് അരയും തലയും മുറുക്കി ഇരുട്ടറയിലിപ്പോൾ എത്തിച്ചേർന്നിട്ടുള്ളതു്. കാമുകനെ ഹൃദയഭിത്തികൾക്കുള്ളിൽ ഗോപനംചെയ്തും, തൻേറടത്തോടുകൂടി മുൻനിന്നു പ്രവർത്തിക്കേണ്ടിടത്തു പ്രവർത്തനരഹിതരായും, നാണം കുണുങ്ങികളായി താന്താങ്ങളുടെ ചങ്കു് വിഴുങ്ങി ജീവിക്കുന്ന ചുണകെട്ട പെണ്ണുങ്ങളെ വെല്ലുവിളിക്കുന്ന അവളുടെ കർമ്മധീരത, പ്രണയമുഴപ്പു്, ഭാവനാശക്തി, ആരുതന്നെ അഭിനന്ദിക്കയില്ല?

ലോകചക്രത്തിരിച്ചിലിൽ ആടിക്കറങ്ങുന്ന മനുഷ്യർ ഏതെല്ലാം സാഹചര്യങ്ങളിലൂടെ നിമിഷനിമിഷം കടക്കേണ്ടതുണ്ടു്. നമുക്കു നേരിടുന്ന ആപത്തു് അന്യർക്കു

ഭാഗ്യോദയമാവാം. മെത്തയുടെ ശിക്ഷ നാരായണിയുടെ രക്ഷയായിപ്പകൻ. ശാന്തമ്മ തന്നിൽ അനുരക്തയെന്നു ദാസ് മെത്താ സ്വപ്നേപി ഗ്രഹിച്ചിട്ടില്ല. ഗുഹാമാർഗ്ഗം ശാന്തമ്മ, മെത്തയെ കാണിച്ചുകൊടുക്കുന്നു. യുവാവു നാരായണിയെ വഹിച്ചുംകൊണ്ടു യാത്രതുടങ്ങി. അവർ ക്രമേണ ഗുഹാമുഖത്തോടു സമീപിക്കുന്നു. അതാ അപ്പോഴും വേലന്തറ ഭൂതം അലറിക്കൂവി അടുക്കുന്നു. മക്കോയിയുടെ ഇരുട്ടറ കാവൽക്കാരനാണ് ഷായിക്ക്. മെത്തയെക്കണ്ടു് ഷായിക്ക് എടുത്തു ചാടി പിടുത്തമിട്ടു. യുവാവിന്റെ തള്ളുറവ ഷായിക്ക് മലൻ നിലംപതിക്കുന്നു. ഭൂതമാണോ—ഭൂതത്തിനെങ്ങനെ ശരീരം കാണും എന്നെല്ലാം മെത്താ സംശയിക്കാതെയുമിരുന്നില്ല. വീണ്ടും തന്റെ നേരെ ചാടിവീണ ഷായിക്കിനെ ഇരട്ടക്കുഴൽ നിറയൊഴിച്ചു മെത്താ അടിപെടുത്തുന്നു. വെടിയേറവ് വേലന്തറ 'ഭൂതം' ചത്തു നിലത്തുവീണു.—ഷായിക്കിനെ കൊന്ന വെടിയുടെ ശബ്ദം കേട്ടു് നാരായണി ഉണർന്നു, കുറച്ചു സമയത്തിനുള്ളിൽ അവർ ഗുഹാന്ത്യത്തിൽ വന്നുചേർന്നു. അന്നു പകൽ വേലന്തറ വന്ന സാധു അവരെ കാത്തു് തത്ര നിന്നിരുന്നു. എല്ലാവരും കൂടി കോട്ടയം പട്ടണത്തിൽ വന്നുചേറി. ദാസ് മെത്തയോടും മററും യാത്ര പറഞ്ഞു് നാരായണി സ്പെഷ്യൽ കാറിൽ ബ്രി. കൊച്ചിയിലേക്കു യാത്ര പുറപ്പെട്ടു. ശാന്തമ്മയെ വേലന്തറക്കൊണ്ടു ചെന്നാക്കിയ ശേഷം ദാസ് മെത്തയും സാധുവും കടമാളൂർ പള്ളി ലക്ഷ്യമാക്കി ഓടിത്തുടങ്ങി.

അദ്ധ്യായം ൮

# കാമിനീകാമുകന്മാർ

---

മി. ലോനപ്പനിൽ നിന്നുമുള്ള കമ്പി പൊട്ടിച്ചു വായിച്ചശേഷം സംശയിച്ചു് കുറച്ചുനേരം സേലമ്മ നിന്നുപോയി. അദ്ദേഹം ഇപ്പോൾ മദ്രാസിൽ ആയിരിപ്പാൻ തരമില്ലെന്നവൾ കരുതുന്നു. ഒടുവിൽ കമ്പിയിലെ നിർദ്ദേശമനുസരിച്ചു് എറണാകുളത്തേക്കു പോകുന്നതിനുതന്നെ അവൾ തീർച്ചയാക്കി. നേഷ്സ്യമായി ഝടുതിയിൽ യാത്ര പുറപ്പെട്ടു. നാരായണി കോട്ടയത്തിനു പോയതു് അന്നേദിവസമാണെന്നുള്ള കാര്യം വായനക്കാർ ഗ്രഹിച്ചിരിക്കണം. അച്ഛനെ സംബന്ധിച്ചു് സേലമ്മക്കു് ഇംഗ്ലണ്ടിലുള്ള ഇൻഡ്യൻ ഹൈ കമ്മീഷണരിൽ നിന്നും ഇന്നലെ കിട്ടിയ കത്തിലും കൂടുതൽ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. സേലമ്മ നാരായണിയുടെ ഏകസന്താനമാണു്. അച്ഛന്റെ പേർ ലസ്ലി ജോൺസ് എന്നാണു്. അദ്ദേഹത്തിന്റെ വേർപാടു്, അമ്മ നാരായണിയെ കണക്കിലധികം വേദനിപ്പിച്ചിരുന്ന പരമാർത്ഥം സേലമ്മ വേണ്ടവണ്ണം ഗ്രഹിച്ചിട്ടുണ്ടു്. നാരായണി, വളരെ സുകൃതമുള്ള ഒരു കുടുംബിനിയാണു്; ശ്വാസിക്കുന്നതുകൂടി ആലോചിച്ചിട്ടു്—മരണമുണ്ടെന്നുള്ള ബോധം അവളുടെ ഓരോ പ്രവൃത്തികളെയും നിയന്ത്രിച്ചിരുന്നു. മുൻപോട്ടും പിൻപോട്ടും നോക്കിമാത്രമെ അവൾ എന്തെങ്കിലും ചെയ്യുന്നതിനു് ഒരുമ്പെടുകയുള്ളൂ. മകൾ സേലമ്മയെ സാരോപദേശങ്ങളാലാഷി അവൾ വെൺമയിൽ വളർത്തി

യിരുന്നു. അമ്മയുടെ സമ്മതമില്ലാതെ അവർ ഒന്നും ചെയ്യുകയില്ല. ഇപ്പോൾ അവർക്കു കിട്ടിയിട്ടുള്ള കമ്പി അനുസരിച്ച് പ്രവർത്തിക്കേണമോ എന്ന് അമ്മയുമായി ആലോചിപ്പാൻ അമ്മ ഇനിയും തിരിച്ചുവരാത്തതിൽ അവർ അക്ഷമയുമായി. കമ്പി കള്ളമെന്നു വന്നാൽ ചതി പററുമോ എന്നും അവർ ചിന്തിക്കാതിരുന്നില്ല. എന്തിന് അന്നത്തെ അവസാന ബോട്ടിൽ കൊച്ചിയിൽനിന്നും സേലമ്മ നേഷ്സോടുകൂടി എറണാകുളത്തിറങ്ങിയപ്പോൾ രാത്രി ഏകദേശം മണി എട്ടു കഴിഞ്ഞിരിക്കണം. അന്നാണ് സൈമൺ കമ്മീഷൻ ബോംബെയിൽ വന്നുചേർന്ന ദിനം. എറണാകുളത്തും ഹർത്താൽ മുറയ്ക്കു നടന്നു. ഇതുകൊണ്ടായിരിക്കാം അന്നേ ദിനം ബോട്ടുജെട്ടി മിക്കവാറും ശൂന്യമായി കിടന്നിരുന്നതു്. ലോനപ്പനെ ആ സ്ഥലത്തെങ്ങും കാണാത്തതിൽ സേലമ്മയുടെ സംശയം വളർന്നുവന്നു. കാര്യം കുഴഞ്ഞ മട്ടെന്നവർ മനസ്സിലാക്കി. ഒടുവിൽ നേഷ്സുമായി സംസാരിച്ചതിങ്ങനെയാണ്.

സേലമ്മ—'കാര്യം കുഴപ്പമായി—ലോനപ്പന്റെ പേരിൽ ഏതോ വങ്കൻ നമ്മെ ചതിച്ചതാവാം കമ്പി. ആദ്യമെ എനിക്കു തോന്നി ഇതിൽ ചതിവുണ്ടെന്ന്. ഇപ്പോളിതാ നാം ഏതോ അപകടത്തിന്റെ വക്കിലാണു നില.'

മങ്ങിയ നിലാവെളിച്ചം. ആരോ ഒരാൾ സാവധാനം തങ്ങളോടു സമീപിക്കുന്നുണ്ടെന്ന് സേലമ്മ നേഷ്സിനെ ഗ്രഹിപ്പിക്കുന്നു. ആഗതൻ ഒരു ഫുൾ സൂട്ടുകാരനാണ്. തങ്ങളോടുകൂടി യാത്ര ചെയ്തിരുന്നവരെല്ലാം

ജട്ടി വിട്ടിരുന്നു. ഈ തക്കംനോക്കിയാണു് ഇയാൾ ഇപ്പോൾ സേലമ്മയോടു സമീപിക്കുന്നതു്. കമ്പിപ്രകാരം സേലമ്മ ലോനപ്പനെ കാത്തു് എറണാകുളം ജട്ടിയിൽ വന്നു നിൽക്കുമെന്നു കല്ലുക്കറിയാം.

കഥയിൽ പ്രത്യക്ഷനാകുന്ന കല്ലർ ഒരു ആംഗ്ലോ ഇൻഡ്യനാണു്—ചില സ്ഥലങ്ങളിൽ ഇക്കൂട്ടരെ 'ചട്ടക്കാർ' എന്നും വിളിക്കാറുണ്ടു്. അഴകിയ രാവണനായിട്ടാണു കല്ലരുടെ പുറപ്പാടു്. 'സായ്പു്' എന്ന ഭാവമുണ്ടെങ്കിലും കാക്കയുടെ നിറമാണു്. മുപ്പതു വയസ് പ്രായം കാണും. കൈയിലുള്ള മലാക്കാ കെയിൻ ചുഴററുന്നതിനും തുവാല കൊണ്ടു് മുഖം സദാ തുടയ്ക്കുന്നതിനും തനിക്കു വൈഭവമുണ്ടെന്നു സേലമ്മയെ കാട്ടുവാൻ ഇയാൾ പെടുന്ന പാടുകൾ കാണേണ്ട കാഴ്ചയാണു്. ലോനപ്പൻെറ പേരിൽ സേലമ്മക്കു കള്ളക്കമ്പി അയച്ചു വിടപ്രഭുവാണീ കല്ലർ. സേലമ്മയെ വഞ്ചിച്ചു പാട്ടിലാക്കുന്നതിനു കല്ലർ ചെയ്യുന്ന സാഹസകൃത്യങ്ങളെന്തെല്ലാമെന്നു വഴിയെ അറിയാം. കൊച്ചി മുഴവൻ ഖ്യാതി നേടിയ ഒരു കെ.ഡി.യാണീ കല്ലർ, എന്നുമാത്രം വായനക്കാർ ഇപ്പോൾ അറിഞ്ഞാൽ മതി.

തനിക്കു നേരിട്ടിരിക്കുന്ന വിപത്തിൽനിന്നും രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെപ്പററി സേലമ്മ ആരാഞ്ഞുതുടങ്ങി. ചെല്ലമ്മാകാമുകനായ ലോനപ്പനൊഴികെ മററാരും സേലമ്മയുടെ മധുരഭാഷണം ആസ്വാദിച്ചിട്ടില്ല. താനുമായി വിടഭാഷണത്തിനു കല്ലർ എത്രമാത്രം ആഗ്രഹിക്കുന്നുണ്ടെന്നു് അയാളുടെ അപ്പോഴത്തെ പെരുമാററങ്ങളിൽനിന്നു് സേലമ്മക്കു മനസ്സിലായി. നവമായി വിട്ടുവികസിക്കുന്ന ഒരു റോസ്പുഷ്പത്തിലെ മധു, പാനം

ചെയ്‌വാനണഞ്ഞ വണ്ടെന്നവിധം കല്ലർ സേലമ്മയോടു് അടുക്കുകയാണു്. അവൾ നേഷ്‌സിന്റെ പിറകിൽ തെന്നിമാറി നിലയായി. നേഷ്‌സു മുറയ്ക്കു ശകാരവും തുടങ്ങി. കോപിഷ്ഠയായ നേഷ്‌സിന്റെ ദ്രുതഭാഷണത്തിൽ വ്യക്തമായ ഭാഗംമാത്രം ചുവടേ രേഖപ്പെടുത്താം.

നേഷ്‌സ്—'താൻ ആരെടോ? എന്തിത്ര തുറിച്ചു നോക്കുന്നതു്, കടുവാക്കൂട്ടിൽ തല കാട്ടാതെ പോകണം. എറണാകുളത്തും ചില വിടന്മാരുണ്ടെന്നു ഞാനും കേട്ടിട്ടുണ്ടു്. തന്റെ അടവുകളൊന്നും ഇവിടെ ചിലവാകില്ല. പോടൊ തന്റെ വഴിക്കു്'. എന്നിങ്ങനെയുള്ള ദാസിയുടെ ഭത്സനങ്ങൾമാത്രം താൻ അകലുന്നതല്ലെന്നുള്ള ഭാവത്തിലാണു കല്ലർ തത്ര നിന്നതു്.

സേലമ്മയോ, എന്നാൽ, വൻകടലിലെ തിരമാലകളങ്ങനെ അലറി ഒന്നുചേൎന്നു മേളിക്കുന്നതു കണ്ടാനന്ദിക്കയാണു്. അപ്പോൾ അവളുടെ മനസ്സിലൂടെ പാഞ്ഞിരുന്ന വികാരപരമ്പരകൾ ഒന്നൊന്നായി അവൾ തന്നത്താൻ പറഞ്ഞുതുടങ്ങി. 'ഹാ! പ്രകൃതി എത്ര രമണീയം. മറുകര കാണാൻ വഹിയാത്ത വൻകടൽ—അതിതാ സദാ അലറിക്കൊണ്ടുമിരിക്കുന്നു. ഇന്നു് എന്തുകൊണ്ടിക്കടലിനു വിശേഷിച്ചിത്ര ഇളക്കം? ഡ്രെജ്ജർ മുറയ്ക്കു വേല തുടൎന്നുകൊണ്ടിരിക്കുന്നു. അതിൽനിന്നും ജ്വലിക്കുന്ന ദീപത്തിന്റെ ശക്തി അതിശയനീയമെന്നേ പറയേണ്ടു. പെട്ടെന്നിതാ ഒരു ശാന്തത സമുദ്രത്തിലാകമാനം—ഈ വൻകടൽ കണക്കെ മമ ചിത്ത

മിതാ അടിതൊട്ടിളകി ഓളഗോളമാടിപ്പെട്ടെന്നിതാ ശാന്തിയടയുന്നപോലെയും തോന്നുന്നതിനുള്ള കാരണമെന്താവാം.'

ഇതിനുള്ള കാരണം മറെറാന്നുമല്ല. നാം പ്രകൃതിയിൽ മേളിക്കവെ, രമണീയങ്ങളായ കാഴ്ചകൾ കണ്ടു നാം മദോന്മത്തരായി ഏറാടി ആനന്ദിക്കുമ്പോൾ, പച്ചപ്പുല്ലുകളും, ഓർഭക്കുന്നുകളും, തെങ്ങുംതോപ്പുകളും റബ്ബർത്തോട്ടങ്ങളും, ചേനച്ചെടികളും, ആമ്പൽക്കുളങ്ങളും, അലറി അടുക്കുന്ന കടലും, ഒഴുകുന്ന നദിയും, ജൃംഭിച്ചു കുന്നും, വിസ്തൃതമാം മൈതാനവും, ആരും, തോട്ടം, ബംങ്കളാംവുമുദ്യാനവും, മലയും, മലർവാടിയും, ഇവകളെയെല്ലാം സംയോജിപ്പിക്കുന്ന വള്ളിച്ചെടികളും, കച്ചിക്കുടിലുകളും, ദർശിക്കവെ, ദുഃഖാരിഷ്ടതകളാൽ മിക്കവാറും സദാ വെന്തുനീറുന്ന മനുഷ്യഹൃദയത്തിലെ കാർമേഘപടലങ്ങൾ പൊട്ടിത്തകർന്നു കത്തിപ്പായുക സർവ്വസാധാരണമാണെന്നു് ധരിച്ചിട്ടുള്ളവർ ഏലോം പുരുക്കം. മനുഷ്യൻ പ്രകൃതി കണ്ടാനന്ദിക്കുന്നതു പ്രകൃതിയിൽ ലയിക്കുന്നതിനും തദ്വാരാ മനസ്സമാധാനത്തിനുമാണു്. നാം കാംക്ഷിക്കുന്ന ശാന്തി സ്വല്പനേരത്തേയ്ക്കു നമുക്കു ലഭ്യവുമാണു്. എന്നാൽ അപ്പോൾ നമുക്കു് അനുഭവമാകുന്ന ആ പരമാനന്ദം അനുനിമിഷം നമ്മളിൽനിന്നും അകലുകയാൽ വിവിധ ചിന്തകളാൽ നാം ക്ഷീണചിത്തരുമാകുന്നു. ഇതിനുള്ള കാരണം അധികമാരും ആരാഞ്ഞിരിക്കാനിടയില്ല. ശാന്തിനികേതനമാം പ്രകൃതി നാം ദർശിക്കവെ, പ്രകൃതിദേവിയുടെ അനഘ്യങ്ങളായ ആലിംഗനങ്ങളാൽ നാം മതിമറന്നവരായി, നമ്മുടെ ഹൃദയങ്ങളിൽ എപ്പോഴുമുള്ള

ആർപ്പുകളും അലർച്ചകളും പ്രകൃതിയിൽക്കാണുന്ന നിത്യസമാധാനവുമായിണങ്ങു, ശാന്തിനിറഞ്ഞ പ്രകൃതിയെ ദുർന്നിവാരവ്യഥകൾക്കൊക്കെ നിവാസസ്ഥാനമായ മനുഷ്യഹൃദയംവെന്നു്, വീണ്ടും നാം സമാധാനമില്ലാത്തവരായിത്തീരുന്നു. ഈ മഹാ തത്വം കൂടുതൽ വിശദമായി വിവരിക്കാം. ഏകാന്തത സംസിദ്ധമാകുവാൻ മനുഷ്യൻ വിശ്രമവേളകളിൽ വിജനപ്രദേശങ്ങളിൽ വിഹരിക്കുക ചിലക്കെങ്കിലും സാധാരണമാണല്ലൊ. ഇങ്ങനെയുള്ള അവസരങ്ങളിൽ പത്രോസ് ററാമ്പോർ മലയിലെന്നോണം സ്വല്പനേരത്തേക്കു് മനുഷ്യഹൃദയം സൃഷ്ടിനാഥനിൽ ലയിക്കുന്നു. ഹാ! അതു് എത്ര പരമാനന്ദപ്രദം. വള്ളിക്കുടിൽ ഒന്നു് ചമച്ച് എന്നാളും അവിടെത്തന്നെ വസിക്കാമെന്നു പത്രോസിനോടൊപ്പം നാം ഓരോരുത്തരും അറിയാതെ പറയും. അതേ പ്രകൃതിയെത്തന്നെ നാം വീണ്ടും ദർശിക്കുന്നു. നാമും വേറൊരു ററാമ്പോർ മലയിൽ നിലകൊള്ളുന്നതായിക്കാണാം. എന്നാൽ അല്പം മുൻപ നാം അനുഭവിച്ച ആനന്ദം കണ്ടെത്തുന്നതിന്ന് ത്രാണിയില്ലാത്തവർ നാം ആയിത്തീർന്നു്. നാം നമ്മിലേക്ക തന്നെ പൊട്ടുന്നനവെ തള്ളപ്പെട്ടവരായി, വിവിധ ചിന്തകളാൽ മനംവാടി, ആ വിജനപ്രദേശംപോലും ആരംത്തിരകളുള്ള ഒരു മഹാ നഗരമായും, ആ നഗരത്തിൻ്റെ നിലയില്ലാതെ വിധിയന്ത്രത്തിരിച്ചിലിൽപെട്ടു് നട്ടം കറങ്ങുന്നവരായുമാണല്ലോ നാം നമ്മെത്തന്നെ കാണുക!

ഇത്രനേരവും പ്രകൃതിയിൽ ലയിച്ചിരുന്ന സോമമ്മ പ്രകൃതിയാൽ തള്ളപ്പെട്ടവളായി, വീണ്ടും പ്രവർത്തന

ലോകത്തിന്റെ കാവാടത്തിനുള്ളിലാണു തന്റെ ഇപ്പോഴത്തെ നില എന്നും, തന്നെ വഞ്ചിക്കുന്നതിനായി അടുത്തിരിക്കുന്ന വിടനുമായി താൻ പോരാടേണ്ടതുണ്ടെന്നും ഞൊടിക്കുള്ളിൽ അവൾക്കു ബോദ്ധ്യമാകുന്നു. ഇതാ കള്ളർ അവളെ കരസ്പർശനം ചെയ്വാനായി ക്രമംവിട്ടു് അടുത്തു കഴിഞ്ഞു. യുവതിയുടെ ഭാവമെല്ലാം പെട്ടെന്നു മാറുന്നു. അവളുടെ കണ്ണിൽനിന്നും അപ്പോൾ പുറപ്പെട്ട രൗദ്രത ചന്ദ്രന്റെ ശീതകിരണങ്ങൾ കുളർപ്പിക്കുകയാലായിരിക്കാം കള്ളർ അപ്പോൾ തന്നെ ദഹിക്കാഞ്ഞതു്. സേലമ്മ നേഷ്സിനോടു ചേർന്നുനിന്നുകൊണ്ടു് ഗംഭീരസ്വരത്തിൽ 'നേഷ്സ് എടുക്കണം ബാഗ്, നമുക്കു വൈ. ഡബ്ളിയു. സി. എ. ഹോസ്റ്റലിലേക്കു പോകാം' എന്നു പറഞ്ഞു നടന്നു തുടങ്ങി. സേലമ്മയെ കടന്നുപിടിക്കുവാൻ കള്ളർ ചുവടിളക്കി. നേഷ്സ് വിടനെ—ശകാരിച്ചുകൊണ്ടു സേലമ്മയുടെ അംഗരക്ഷണകൃത്യം ഭംഗിയായി പരിപാലിച്ചു. കള്ളർ സേലമ്മയെ പിടിച്ചു, പിടിച്ചില്ല എന്ന മട്ടായപ്പോൾ പെട്ടെന്നു രണ്ടു ഗംഭീരഹസ്തങ്ങളുടെ പിടിയിൽ കള്ളർ ഞെരിഞ്ഞുതുടങ്ങി. ഇതരൻ വിടനെ വിലങ്ങുവച്ചു. കള്ളറെ പിടിച്ചു മർദ്ദിച്ചതു് മണിയാകരനും, അറസ്റ്റ്ചെയ്തതു് പോലീസ് സൂപ്രണ്ടു മി. തകർപ്പനുമാണെന്നു കള്ളർ ഇതിനുള്ളിൽ മനസ്സിലാക്കി. നിരാലംബികളായ യുവതികളെ അവരുടെ വാസസ്ഥാനത്തുകൊണ്ടാക്കുവാൻ മണിയാകരൻ സ്വയം സമ്മതിച്ചതനുസരിച്ചു് മി. തകർപ്പൻ കള്ളറേയുംകൊണ്ടു ജയിലിലേക്കു പുറപ്പെടുകയുംചെയ്തു. മണിയാകര നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ മേലപ്പുരനെന്ന ബോട്ടു ജെട്ടി പിടിച്ചു. അല്പം മുൻപു നടന്നു

ഭയങ്കരസംഭവമോർത്തു് ഭയന്നും, പെട്ടെന്നു കരഗതമായ രക്ഷയുടെ കൈയ്യുകളെ ധ്യാനിച്ചും സേലമ്മ നിന്നുപോയി. തന്നെ രക്ഷിച്ചതാരെന്നറിവാനുള്ള ജിജ്ഞാസ വർദ്ധിച്ചു. പ്രസ്തുതയുവതികളുടെ ഇതഃപര്യന്തമുള്ള ഒരു സംക്ഷിപ്ത വിവരം അറിയുന്നതിനുള്ള മണിയാകരന്റെ ഉൾക്കണ്ഠ തന്നെ കത്തിക്കാളിക്കുന്നതായി അദ്ദേഹത്തിനു തോന്നിത്തുടങ്ങി. സംസാരത്തിൽനിന്നും ഏതോ ഒരു കള്ളക്കമ്പി കിട്ടുക മൂലമാണു് അപ്പോൾ തങ്ങൾ എറണാകുളത്തു വരുന്നതിനിടയായതെന്നും മററുമുള്ള വിവരങ്ങൾ അദ്ദേഹത്തിനു മനസ്സിലായി. തങ്ങളുടെ വീടു് ബ്രി. കൊച്ചിയിലാണെന്നും അവർ പറഞ്ഞു. ഏറെത്താമസിയാതെ സേലമ്മയും നേഷ്സും മണിയാകരനിർദ്ദേശപ്രകാരം മേളപ്പനെന്ന ബോട്ടിനുള്ളിൽ പ്രവേശിച്ചു യഥാസ്ഥാനങ്ങളിൽ ആസനസ്ഥരായി—ഡ്രാങ്ക് ചാർച്ചി എൻജിൻ സ്റ്റാട്ടുംചെയ്തു. മണിയാകരൻ പ്രവേശിച്ചതോടുകൂടി 'മേളപ്പൻ' എറണാകുളത്തുനിന്നും ബ്രി. കൊച്ചി ലാക്കാക്കി പാഞ്ഞു. മണിയാകരനും സേലമ്മയുമായി സൈ്വരസംഭാഷണത്തിനു സൌകര്യം നൽകാനെന്ന ഭാവേന നേഷ്സ് ബോട്ടിന്റെ ഒരു കോണിൽ പോയി കിടന്നു. നേഷ്സ് അകന്നു മാറിയതോടുകൂടി മണിയാകരൻ സേലമ്മയുടെ അടുത്തണഞ്ഞു് മുഖത്തോടുമുഖം നോക്കി ഇരുന്നു. ആദ്യമായിക്കണ്ട ക്ഷണം അനുരക്തരായ മണിയാകര—സേലമ്മ രാഗങ്ങളെ വിചിത്രമാംവിധം ചിത്രീകരിപ്പാൻ എനിക്കില്ല വൈഭവം. എന്നെ വഞ്ചിപ്പാൻ, നിനച്ചുറിയാത്ത മണിക്കൂറിൽ പൊട്ടുന്നനവെ പ്രത്യക്ഷയായ ഒരു വനദേവതയൊള്ളൂ പാവനസുന്ദരി എന്നദ്ദേഹം ഓർക്കാതെയുമിരുന്നില്ല.

സേലമ്മ അദ്ദേഹത്തെ ഇടക്കിടെ ഉററുനോക്കിയിരുന്നു. അദ്ദേഹത്തിൽനിന്നും ദൃഷ്ടി അകററുന്നതു് സങ്കടകരമായി അവൾക്കു തോന്നിയെങ്കിലും ലജ്ജഹേതുവാൽ അവൾ മുഖം താഴ്ത്തി ശങ്കാധീനയായി ഇരുന്നിരുന്നു. മണിയാകരനിൽ അവൾക്കു് ജനിച്ചുവളൎന്നിരുന്ന പ്രേമം ഹേതുവാൽ അവളുടെ ചങ്കു് ക്രമത്തിലധികം തുടിച്ചു. കല്ലറുമായിഇടയുകയിൽ തന്റെ ചാരിത്ര്യശുദ്ധിക്കു് ഒരു കോട്ടയെന്നോണം അഭയസ്ഥാനമരുളിയ നേഷ്സിന്റെ സാന്നിദ്ധ്യംപോലും ഇപ്പോൾ ദുസ്സഹമായി സേലമ്മയ്ക്കു തോന്നിപ്പോയതിൽ അതിശയിപ്പാനമില്ല. സ്നേഹാധിക്യത്താൽ അവർ ഇരുവരുടെയും ചങ്കു് നിറഞ്ഞു തുളുമ്പി-കണ്ണോടുകണ്ണിടഞ്ഞു വിഹരിച്ചിരുന്ന ആ മണിക്കൂറിൽ അവർ ഇരുവരും

'അന്യോന്യസംവീക്ഷകളിൽ ത്രിലോകം
ദുർല്ലഭ്യമെല്ലാമിഹ കണ്ട ഞങ്ങൾ
അമാനുഷന്മാൎക്കുമസൂയ ചേൎക്കും
മാനന്ദമെന്തെന്നു നുകൎന്നതില്ല.'

ഇങ്ങനെ വിചാരിക്കാത്ത മണിക്കൂറിൽ അപരിചിതരായ ഈ പ്രബല യുവതീയുവാക്കൾ പെട്ടന്നിതാ കാമിനീകാമുകരുമായി.

## അദ്ധ്യായം ൯

# വാഗ്ദത്തം

---

അന്തരംഗം കണക്കിലധികം തന്നെ വേദനിപ്പിക്കുന്നെന്നു് സേലമ്മയ്ക്കു തോന്നിത്തുടങ്ങി. അവളുടെ ഹൃദയം കലങ്ങി. ശക്കര പാകംവററിയ കരിമ്പിൻനീരെന്നോണമായി അവളുടെ ഹൃദയം. മണിയംകരമുഖം കണ്ട ക്ഷണം അവളുടെ ചങ്കു് അവളുടേതല്ലാതായി. വിചാരം പതറി—നാവു് ഹൃദയത്തിൽ ലയിച്ചു. മട്ടാഞ്ചേരി അഴിമുഖത്തു നിന്നു് അടിച്ചിരുന്ന ഇളംകാററിലിതാ മണിയംകര—സേലമ്മ ഹൃദയങ്ങളെ കുളുർമ്മപ്പെടുന്നു.

മണി:—ഭവതിയുടെ പേരു്? അനിഷ്ടമെങ്കിൽ പറയണമെന്നില്ല.

സേലമ്മ:—(ആത്മഗതം) 'ഹാ! എത്ര മാധുര്യമുള്ള സ്വരം. പ്രൗഢഗംഭീരമായ പുരുഷസ്വരം സംഗീതവുമായി ഇങ്ങനെ ഒത്തിണങ്ങി മററാരിലും ഞാൻ കണ്ടിട്ടില്ല.' ഒടുവിൽ 'എൻെറ ജീവരക്ഷ ചെയ്ത ഭവാൻ ആരുതന്നെ ആയാലും' എന്നു പറഞ്ഞുതുടങ്ങി. 'കേൾപ്പാനിഷ്ടമെങ്കിൽ എൻെറ പേർ സേലമ്മയെന്നാണു്'; 'കിളിയുടെ സംസാരം' എന്നദ്ദേഹം ഉള്ളിൽക്കരുതി സേലമ്മയെ കടാക്ഷവീക്ഷണം ചെയ്തതു് അദ്ദേഹംപോലും അറിയാതെയാണു്.

മണി:—ഭവതി കള്ളരുടെ വലയിൽ വന്നുവീണതെങ്ങിനെ?

സേലമ്മ:—എനിക്കു് ചെല്ലമ്മ എന്നൊരു മിത്രമുണ്ടു്. ലോനപ്പൻ ചെല്ലമ്മാകാമുകനാണു്. അദ്ദേഹത്തിൽനിന്നുമുള്ള ഒരു കമ്പിപ്രകാരമാണു ഞാൻ എന്നോടുകൂടിയുള്ള ഈ നേഷ്സുമായി എറണാകുളത്തിനു വന്നതു്.

മണി:—സേലമ്മയെപ്പററി കൂടുതൽ വിവരം ഗ്രഹിപ്പാൻ ആഗ്രഹമുണ്ടു്. ഇഷ്ടമുള്ളപക്ഷം ദയവായി പറഞ്ഞാലും.

സേലമ്മ:—എൻെറ അച്ഛൻെറപേർ ലസ്സിജോൺസ് എന്നാണു്. അദ്ദേഹം യുദ്ധത്തിനു പോയതിൽ പിന്നീടു് ഇതുവരെ തിരിച്ചുവന്നിട്ടില്ല. അദ്ദേഹത്തെപ്പററി വളരെ അന്വേഷണങ്ങൾ നടത്തിയിട്ടും ഇതുവരെ കാൎയ്യമായ പിടിയൊന്നും ലഭിച്ചിട്ടുമില്ല. എൻെറ മാതാപിതാക്കളുടെ ഏകസന്താനമാണു് ഞാൻ. അമ്മ നാരായണി എന്നോടുകൂടി അച്ഛൻെറ വേർപാടുമൂലമുള്ള സകലവിധ മനഃക്ലേശങ്ങളും സഹിച്ചു് സസുഖം വസിക്കുന്നു— അമ്മ ഇന്നു സംഗതിവശാൽ കോട്ടയത്തിനു പോയിരിക്കയാണു്. അമ്മയുടെ അഭാവത്തിൽ കിട്ടിയ കമ്പിപ്രകാരം വന്നിന്നു് കുടുങ്ങിയപ്പോളാണു ദൈവമിപ്പോൾ അങ്ങയെ അയച്ചു് എന്നെ ഇന്നു രക്ഷിച്ചിട്ടുള്ളതു്. അച്ഛൻെറ യാത്രാവേളയിൽ ഞാൻ കേവലം ഒരു പിഞ്ചുപൈതൽ മാത്രമായിരുന്നു.

മണി:—ഭവതി ഒരു വിദ്യാൎത്ഥിനിയോ?

സേലമ്മ:—ഇക്കൊല്ലമാണു ഞാൻ സ്കൂൾഫൈനൽപാസ്സായത്തു്. ജ്ഞാനസമ്പാദനത്തിന്നു് എനിക്കാഗ്രഹമുണ്ടെങ്കിലും കോളേജിൽചേൎന്നു പഠിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. സ്ത്രീകൾ കോളേജ് വിദ്യാഭ്യാസത്തിന്നു് ഇറങ്ങിപ്പുറപ്പെടുന്നതിൽ എനിക്കഭിപ്രായമില്ല. പ്രത്യേകിച്ചു് കുടുംബിനികളാവാൻ ഇച്ഛിക്കുന്ന എന്റെ സോദരികൾ അവരുടെ നവയൗവ്വനം പാഴാക്കുകമാത്രമല്ല, ബുദ്ധിവികസിപ്പിച്ച ഹൃദയം ശുഷ്കമാക്കുകകൂടി ചെയ്യുന്നുണ്ടു്, തന്മൂലം പിന്നീടുള്ള കുടുംബജീവിതത്തിൽ ഭൎത്താവുമായി സ്നേഹിച്ചു കഴിവാനുള്ള യുവതികൾ തക്കിച്ച ദിവസങ്ങൾ കളയുകയുംതദ്വാരാ, കുടുംബജീവിതം ഒരു കലഹക്കളരിയായി രൂപാന്തരപ്പെടുമെന്നും എനിക്കു് പരിപൂൎണ്ണബോധമുണ്ടു്. ഇക്കാരണത്താൽ കുടുംബിനികളാകേണ്ടവർ കോളേജ് വിദ്യാഭ്യാസത്തിന്നു മിക്കവാറും പൊയ്ക്കൂടന്നാണു് എന്റെ പ്രബലമതം.

മണി:—സേലമ്മ സ്വതന്ത്രയോ? എന്നുള്ള മണിയാകര ചോദ്യത്തെത്തുടൎന്നു് സേലമ്മ ലജ്ജിച്ച നിലയായി! സ്വതന്ത്രയെന്നു പറഞ്ഞാൽ വിട്ടൻവരുന്ന ഒരു കന്യകയെന്നെഞാൻ വിവക്ഷിക്കുന്നൊള്ളു. ഭവതി അവിവാഹിത എന്നു് എനിക്കറിയാം, പക്ഷേ ഹൃദയസ്വതന്ത്രയൊ എന്നുള്ളതു് പറഞ്ഞേ അറിഞ്ഞുകൂടു. എന്നിങ്ങനെ പറഞ്ഞു നിൎത്തി തന്റെ ദൃഷ്ടികളിൽ കണ്ണുറപ്പിച്ചിട്ടുള്ള മണിയാകരനെ ആശ്വസിപ്പിക്കേണ്ട കടമ

തനിക്കുണ്ടെന്നു് അവൾക്കു ബോദ്ധ്യമെങ്കിലും സംസാരിക്കുന്നതിൻ നാണമൊട്ടവളെ അനുവദിക്കുന്നുമില്ല.

സേലമ്മ—'അങ്ങയുടെ പേരുപോലും എനിക്കറിഞ്ഞുകൂടല്ലോ?' ഇത്രയുമായപ്പോൾ മേളപ്പൻ ബ്രി. കൊച്ചിയിലെത്തി. പട്ടണമാസകലം ദീർഘനിദ്രയിൽ ലയിച്ചിരുന്നു. മൻഷ്യസഞ്ചാരമേ കേൾപ്പാനില്ല. ഇത്രനേരവും സൈ്വരസല്ലാപം ചെയ്തിരുന്ന മണിയാകര സേലമ്മമാർ നേരംപോയതു് ഒട്ടു് അറിഞ്ഞുമില്ല. നേഷ്സിനെ വിളിച്ചുണർത്തി മണിയാകരനും സേലമ്മയും കരയ്ക്കിറങ്ങി. സേലമ്മയേയും പിടിച്ചുകൊണ്ടു മണിയാകരൻ മുൻപോട്ടു നടന്നു. അപ്പോൾ ഗ്രാങ്കു് മാർലി മണിയാകരനെ വിളിക്കുന്നെന്നു നേഷ്സ് പറഞ്ഞറിഞ്ഞു ക്ഷണം അദ്ദേഹം തിരിച്ചു നടന്നു. 'അയ്യോ രക്ഷിക്കണേ' എന്നുള്ള സേലമ്മയുടെ പ്രലപനം അപ്പോൾ മണിയാകര ശ്രവണങ്ങളിൽ വന്നു പതിച്ചു. അദ്ദേഹം സേലമ്മ നിന്ന സ്ഥലത്തേക്കു പാഞ്ഞു. ഏതോ ഒരു ഭയങ്കരവിടൻ സേലമ്മയെ പിടിക്കുന്നതുകണ്ടു് അദ്ദേഹത്തിൻെറ കണ്ണിൽനിന്നും അഗ്നി വമിക്കുന്നതുപോലെതോന്നി. ഝടുതിയിൽ അദ്ദേഹം റൈഫിൾ എടുത്തു് പ്രയോഗവും കഴിഞ്ഞു. വെടിയേററു് ആരോ 'അയ്യോ' എന്നലറി. 'സേലമ്മേ!' എന്നു തൊണ്ടയിലെ സംഗീതരസം മുഴുവൻ ചൊരിഞ്ഞുകൊണ്ടുള്ള മണിയാകര വിളി ശ്രവിച്ചയുടൻ ആ തരുണീമണി മണിയാകര സമീപമെ

ത്തി. പരുന്തിൻകാലിൽനിന്നും രക്ഷപ്രാപിച്ച കോഴിക്കുഞ്ഞു് തള്ളപ്പിടയുടെ ചിറകിനുള്ളിൽ എന്നപോലെ, സേലമ്മ മണിയാകരനിൽ, അഭയം പ്രാപിച്ചു. കനാൽ ആഫീസറെ വിളിച്ചുണർത്തി ചാർളിയേയും മററും അയാളുടെ സംരക്ഷണത്തിൽ വിട്ടശേഷം സേലമ്മയും മണിയാകരനും 'നേഷ്'സു മായി സേലമ്മാ ബംഗ്ലാവിലേക്കു യാത്ര പുറപ്പെട്ടു. അവർ സസുഖം വന്നെത്തി. മണിയാകരൻ ഉറക്കത്തിനുള്ള സുഖസൗകര്യങ്ങൾ സസന്തോഷം നൽകിയശേഷം സേലമ്മയും നേഷ്സും ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു് നിദ്രയുമായി. അടുത്ത ദിവസം മണി ഏഴര കഴിഞ്ഞിരിക്കണം—സേലമ്മയും മണിയാകരനും സോല്ലാസം വിഹരിക്കയാണു്. അവരുടെ സമ്മഭാഷണം ചുവടെ രേഖപ്പെടുത്താം.

മണി:—ആപത്തു് നമ്മുടെ ഗുണത്തിനെന്നു് പറയുന്നതു വാസ്തവമാണു്. നാം തമ്മിൽ ഇന്നലെ പരിചയമായതു ഭവതിക്കു നേരിട്ട ആപത്തുമൂലമാണല്ലോ.

സേലമ്മ:—കഠിനവ്യഥകൾ നാം അനുഭവിക്കുമ്പോൾ മിക്കവാറും അപരിചിതരുടെ നടുവിലായിരിക്കാം നമ്മുടെ പ്രവർത്തനരംഗം. അല്ലെന്നുണ്ടോ?

മണി:—ശരിയാണു്. ഞാനിപ്പോൾ ഭവതിക്കു സുപരിചിതനല്ലേ?

സേല:—അല്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ.

മണി: 'സേലമ്മേ, ഭവതിയുമായികണ്ട നിമിഷംമുതൽ എനിക്കു ജീവിതത്തിൽ എന്തെന്നില്ലാത്ത ഒരു മമത ജനിച്ചിട്ടുള്ള വാസ്തവം മറയ്ക്കുന്നില്ല. ഈ മമതയ്ക്കു കാരണം സേലമ്മയാണെന്നും ഇവനിതാ തുറന്നു സമ്മതിക്കുന്നു. ഹൃദയസ്വാതന്ത്ര്യമുള്ള പക്ഷം എന്നെ ഭർത്തൃപദത്തിൽ ഉയർത്തുമോ?' എന്നിങ്ങനെയുള്ള മണിയാകരചോദ്യം കേട്ടു മറുപടി പറവാൻ ത്രാണിയില്ലാതെ നിരാശ്രയയെന്നോണം അവ നിന്നതേയുള്ളു. ചോദ്യത്തിനു തക്ക മറുപടി പറയുന്നതിനു പല പ്രാവശ്യമവൾ ശ്രമിച്ചെങ്കിലും, നാവു് ഹൃദയത്തിൽ ലയിച്ചിരുന്നതിനാൽ സംസാരിക്കുന്നതിനു ത്രാണിയില്ലാതെ വിവശയായി സേലമ്മ നിൽക്കയാണു്.

സേല:—പേരു് മണിയാകരനെന്നാണോ?

മണി:—ആ പേരു് ഇഷ്ടമെങ്കിൽ എൻെറ പേർ അതു തന്നേ. സാധാരണക്കാരുടെയിടയിൽ മണിയാകരൻ കുഞ്ഞെന്നും, സംസ്കാരസമ്പന്നരുടെ നടുവിൽ എം. സി. മണിയാകരൻ എന്നും അറിയപ്പെട്ടുന്നതു ഞാൻതന്നെ മണിയാകരനെന്നുള്ള എൻെറ നാമം ഭവതിക്കു് അനിഷ്ടമെന്നു തോന്നുന്നപക്ഷം ഭവതി വിളിക്കുന്ന ഏതു പേരിനും വിളികേൾപ്പാൻ ഞാനിതാ തയാറുമാണു്.

സേല:—ഇത്ര നല്ല പേരു് എങ്ങിനെ ഞാനിഷ്ടപ്പെടാതിരിക്കും? ആളിനൊത്ത പേരു്—പേരിനൊത്ത പ്രവൃത്തിയുമായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു യഥാർത്ഥമെന്നു വരുന്നപക്ഷം ഇന്നത്തെ ലോക

ത്തിൽ ഒരു മഹാനാണങ്ങ്, സംശയമില്ല. എന്നു പറഞ്ഞു് മന്ദഹാസം തൂകി ചങ്കൂറന്നവരം അദ്ദേഹത്തെ കടാക്ഷിച്ചുനിന്നു.

മണി:—എനിക്കു് ഏററവും നവമായി തോന്നുന്നതു ഭവതിയുടെ പേരാണു്. പേരു കേട്ടാൽ ആളെ കാണാതെതന്നെ ഭ്രൂഷിയും അനുരാഗം തുടങ്ങും. ആളിനേ കണ്ടാലുള്ള കഥ പിന്നെ പറയേണ്ടതുമില്ല. സുന്ദരികൾക്കൊരു റാണിയാണു് സേലമ്മ. സൗന്ദര്യത്തിനു യോജിച്ച സ്വഭാവവൈൺമക്കൂടി അനുഭവമാകുന്നപക്ഷം സേലമ്മ ആധുനികലോകത്തെ നിയന്ത്രിക്കം—തക്കമില്ല. സൗന്ദര്യവും സംമതൃവും സുകൃതവും ഇത്ര ഹൃദ്യമായി സംയോജിച്ചു് മററാരിലും ഞാൻ കണ്ടിട്ടില്ല സേലമ്മേ!

സേല:—നാം ഇരുവരുടേയും പേർ നവമെങ്കിൽ ഇണചേർന്നുള്ള നമ്മുടെ ലോകജീവിതം പുതിയ ഒരു പ്രസ്ഥാനത്തിനിട നൽകുമെങ്കിൽ ഭാഗ്യവുമായി. എന്നു പറഞ്ഞു് പുളകാഞ്ചിതയായി നിന്നു.

മണി:—ഭവതിയേ ദർശിക്കുന്ന ക്ഷണം വിടന്മാർ ദുർമ്മാർഗ്ഗജീവിതമപേക്ഷിച്ചു് ഭക്തരായിത്തീരും. സേലമ്മയുമായി കാണുന്നതിനു് അവസരം നൽകിയ ദൈവത്തേ ഹൃദയപൂർവ്വം ഞാൻ ആരാധിക്കുന്നുണ്ടു്. അനുരാഗം ദൈവപരമെന്നു പറയുന്നതു വാസ്തവമോ സേലമ്മേ—എന്താണഭിപ്രായം?

സേല:—വാസ്തവമെന്നു മാത്രമല്ല അതിനുവേണ്ടി മരിപ്പാൻകൂടി തയാറുള്ളവളാണിവൾ.....................

'പക്ഷെ'............എന്നുതുടങ്ങിയ സംസാരം ഇടയ്ക്കു നിറുത്തി സ്വല്പനേരം ഒരു മൂകയെന്നോണം നയനങ്ങളുമടച്ചു് ആ വധൂമണി നിന്നതു ഹൃദയം മുററിയ സ്നേഹത്താൽ അവൾ മന്ദീഭവിക്കയാലായിരിക്കണം. വീണ്ടുമവൾ തുടൎന്നു. 'വഷളന്മാർ ദുരുപയോഗിക്കുന്നതുകൊണ്ടാണു് അനുരാഗം ഇതു ശ്രേയഃപരമല്ലെന്നു ചിലർ പറവാൻ കാരണം.'

അനുരാഗവേളയിൽ ഹൃദയം പൂൎണ്ണമായി വികസിക്കും. നവമായ ഒരു ദിവ്യതേജസ്സ് നമ്മെ ആവരണം ചെയ്യും. പുതുതായ ഒരു ശക്തി നവമായ രീതിയിൽ നമ്മിൽ കുടികൊള്ളുന്നതായും തോന്നും. നമ്മുടെ പ്രേരകശക്തി നാനാവിധത്തിൽ വേലചെയ്യും. പ്രണയം ഏതു ഗംഭീരപുരുഷനെ എളിയനാക്കുന്നില്ല? നിഷ്കളങ്കമായ സ്നേഹംപോലെ ശക്തിമത്തായി മറെറന്താണിന്നു ലോകത്തുള്ളതു്? മരണത്തെ വെല്ലുന്ന സ്നേഹത്തെ കുറിപ്പാൻ കെല്പുള്ള ഭാഷ ആൎക്കുണ്ടിന്നു ലോകത്തിൽ? മടുപ്രായത്തിൽ അനുരാഗംമൂലം നിരാശപ്പെടുന്നവരുടെ ദയനീയാവസ്ഥ പുഷ്പം വിടരുന്നതിനുമുൻപു പുഴു അരിച്ചു നശിപ്പിക്കുന്നതിനു തുല്യമാണു്. അനുരാഗത്തിനു് അടിപിണയാത്ത ഏതു സീസർ, ഏതു് അലക്സാണ്ടർ, ഏതു നെപ്പോളിയൻ ഇഹത്തിലൂടെ കടന്നുപോയിട്ടുണ്ടു? റോമൻ സാമ്രാജ്യസ്ഥാപകനായ ജൂലിയസ്സ് സീസർ കാൽപൂർണിയായുടെ പാവയായിരുന്നില്ലേ? ഏതു ബ്രൂട്ടസ്സാണു് ഒരു പോൎഷ്യയുടെ ഒററനോട്ടത്തിൽ നട്ടം കറങ്ങാതിരുന്നിട്ടുള്ളതു്. ക്ലെയോപ്പാറററായുടെ ചടുലകടാക്ഷങ്ങളിൽ കുടുങ്ങിയല്ലെ മാൎക്കു് ആൻറണി വൻപിച്ച തൻെറ സാമ്രാജ്യത്തെ നാശഗൎത്തത്തി

ലേക്ക തേർതെളി വൻ നി
ന്നെപ്പോലെ നിന്ദ്യൻ, നിന്നെപ്പോലെ വന്ദ്യൻ ആര
ണ്ടിന്ന ഭൂമുഖത്തു്? ഒരു തരുണിയുടെ മൃദുമന്ദഹാസ
ത്തെ തുടൎന്നുള്ള ഒരു ചുംബനം ഒന്നിനാൽമാത്രം ചിലർ
ചക്രവൎത്തി പദത്തിലേക്കുയൎത്തപ്പെടുന്നതും, മററുചിലർ
ചക്രവൎത്തി പദത്തിൽനിന്നും നിലംപതിച്ചു പൊടുന്ന
നവെ പൊട്ടിത്തകരുന്നതും പ്രണയംമൂലം സംജാതമാ
കുന്ന പരിവൎത്തനങ്ങളല്ലെ ! ?

മണി:—സ്നേഹം ഉള്ളിലൊതുക്കുന്നതിനു് എല്ലാവൎക്കും
എക്കാലത്തും സാദ്ധ്യമെന്നുവരുന്നതല്ല. ഹൃദയം, പ്ര
ത്യേകിച്ചു സ്ത്രീകളുടേതു, വക്രതകൾക്കെല്ലാം ഒരു വ്യവ
സായശാലയാണു്. സെന്ററിൽവച്ചു നെപ്പോളിയൻ
ജോസഫൈനോടു ചുണ്ടുകൊണ്ടു യാത്രപറഞ്ഞെങ്കിലും
ചങ്കുകൊണ്ടു യാത്രപറഞ്ഞിരുന്നില്ല. അനുരാഗം, പ്രണ
യം എന്നു പുലമ്പിക്കൊണ്ടു നടക്കുന്നവർ സാക്ഷാൽ
അനുരക്തരൊ, പ്രണയികളൊ അല്ലെന്നും അവരുടെ
അനുരാഗം, അനുരാഗപ്രദൎശനങ്ങളായി ഗണിച്ചാൽമതി
യെന്നുമാണു് എനിക്കു തോന്നുന്നതു്. പരിപാവനമാ
യ പ്രണയം എന്താണെന്നുതന്നെ ഗ്രഹിപ്പാൻ സാധി
ച്ചിട്ടുള്ളതു സേലമ്മയുമായി കണ്ടതിൽ പിന്നീടുമാത്രമാ
ണു്. ഭവതിയുമായി കഴിച്ചുകൂട്ടുന്ന ഈ മണിക്കൂറുകൾ
ഇത്രനാളത്തെ എന്റെ ഏകാന്തവാസത്തെ വിസ്മരിപ്പി
ച്ചിരിക്കുന്നതായും തോന്നുന്നതിൽ എനിക്കു് അനൎഗ്ഗള
മായ ആഹ്ലാദമുണ്ടു്.

സേല:—സത്യസ്നേഹം സംസാരിക്കുന്നില്ല. മൂകഭാവം
മാത്രം നടിക്കും. സ്നേഹമുള്ളിടത്തു മൗനം സ്വാഭാ

വികമാണു്. സ്നേഹിക്കുന്നെന്നു പെരുമ്പറ അടി ക്കുന്ന നാവു് ലീലാവിനോദങ്ങളാൽ ആനന്ദിപ്പി ക്കുമെന്നു കരുതിക്കൂടാ.—സ്നേഹം, സ്നേഹം എന്നു കൊട്ടി ഘോഷിച്ചു നടക്കുന്നവർ സത്യസ്നേഹ ത്താൽ ബന്ധിതരല്ലതന്നെ.

മണി:—എനിക്കു ഭവതിയിൽ ജനിച്ചുവളർന്നിട്ടുള്ള സ്നേ ഹം രേഖപ്പെടുത്തുന്നതിനുള്ള ഭാഷാനൈപുണ്യം ഇല്ലെന്നിതാ ഏററുപറയുന്നു.

സേല:—ഹേയു്, എന്തു്? സ്നേഹമൊ? സ്നേഹം, ഇഷ്ടാ, അനുരാഗം, പ്രണയം എന്നെല്ലാം പറയുന്നതു എന്താവാം? എനിക്കൊന്നും മനസ്സിലാകുന്നില്ല. മനസ്സിലായാൽതന്നെ പൂർണ്ണവിശ്വാസം എനിക്കു തിൽ വരുന്നുമില്ല. മണിയാച്ചൻ പറഞ്ഞാൽ ഒരു പക്ഷേ വിശ്വസിച്ചേക്കാം. ആപത്തിൽ എന്നെ രക്ഷിച്ചതോർത്തു്. (ആത്മഗതം) 'സ്നേഹം! ഓ! ശാശ്വതമൊ അതു്? എങ്ങനെ പുരുഷവചനം വിശ്വസിക്കും? മീനം മേടമാസങ്ങളിൽ ചൊരി യുന്ന മഴപോലെയാണീ അനുരാഗസംരംഭങ്ങളെ ല്ലാംതന്നെ തക്കമില്ല. ഈ മാസങ്ങളിൽ പരിപൂ ർണ്ണസൂര്യൻ കത്തി ജ്വലിക്കുന്നതു വാസ്തവം. ദുസ്സ ഹമായ ചൂടു്, പകൽ അത്യുഷ്ണവുമാണു്. രാത്രി നക്ഷത്രങ്ങളാൽ പ്രശോഭിതമായ ആകാശം. ഹം! പുറമപാടുകൾ ആഹ്ലാദകരമെന്നു് ആരും പ്രഥമ ദൃഷ്ടിയിൽ സമ്മതിക്കും. എന്നാൽ പെട്ടെന്നവെ ഒരു ഗംഭീരഭാവമാററം—കാററും പെരുമ ശക്തി യായി അടിച്ചു തുടങ്ങുന്നു. തെളിഞ്ഞിരുന്ന ആകാ ശം കാർമേഘപടലങ്ങളാൽ മൂടപ്പെടുന്നു. ഭയങ്കര

ഇരുട്ടും, ഇടവിടാതുള്ള ഇടിയും മിന്നലും. ലോകമാസകലം ഇതാ എന്തെന്നില്ലാത്ത ഒരു കാളിമ കുടികൊള്ളുന്നു. ഇതുപോലെ തന്നെ മിക്ക അന്തരംഗങ്ങളുടെയും ഭാവമാററം. ആദ്യം കതിരുകൾ വീശി പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിക്കും. പെട്ടന്നവ ഇരുളതിനെ വിഴുങ്ങുന്നതും കാണാം. ക്ഷോഭിച്ചിളകിയ ഹൃദയമാണ് എൻേറതു്. ആദ്യമായിക്കണ്ട ക്ഷണം സ്നേഹിച്ചുപോയി. എപ്രകാരം എൻെറ സത്യാവസ്ഥ ഇദ്ദേഹത്തെ ഞാൻ ധരിപ്പിക്കണം? എന്നെ സ്നേഹിക്കുന്നു എന്നല്ലെ പറഞ്ഞതു്? അഹൊ! മണിയാകരൻ ഭവാനിൽ തെല്ലെങ്കിലും കളങ്കമുണ്ടെങ്കിൽ തക്ഷമില്ലങ്ങറിയണം എൻെറ വിവാഹമണ്ഡപം തന്നെ എൻെറ ശവകുടിരവും.

മണി—'എന്താണിത്ര മൗനം സേലമ്മെ, പോകാൻ സമയമായി. അനുവദിച്ചാലും; ആലോചിച്ച മറുപടി പറഞ്ഞാൽ മതി.' എന്നു പറഞ്ഞു് അദ്ദേഹം ചിന്തിച്ചുനിലയായി. 'അഴകു്, സൗന്ദര്യം എന്നിവ എന്തെന്നു സത്യമായി ഇന്നു ഞാൻ സേലമ്മയിൽ കണ്ടു. കണ്ടക്ഷണം ഇതും അസ്വതന്ത്രമായി. ഇന്നാൾവരെ നൈസർഗ്ഗികമായ സർവ്വസ്വാതന്ത്ര്യങ്ങളും അനുഭവിച്ച എൻെറ ഹൃദയം സേലമ്മക്കിതാ അഭയസ്ഥാനമരുളിക്കഴിഞ്ഞു. ഇവളുടെ പാവനങ്ങളായ നോട്ടം തട്ടപ്പോൾപോലും ത്രാണിയില്ലാത്തവൻ ഞാനായിത്തീന്നു. മി. മോയിഡു് ജോർജ്ജിൻെറ ചമൽക്കാരപരമായ വാഗ്‌വർഷങ്ങളെപ്പോലും ഉല്ലംഘി

ക്കുന്നതാണീതരുണീമണിയുടെ നേത്രപ്രസാഗം, സംസാരിക്കുന്ന കണ്ണുകളുമുണ്ടെന്നു് ഇന്നുമാത്രമാണു് എനിക്കനുഭവമായതു്. മനോഹരമായ മുഖം, നമ്മഭാഷണം, ചുരുങ്ങിയ സംസാരം, എന്തിനേറെ വാരിക്കോരി പ്രസംഗിക്കുന്നു? ഒതുങ്ങിയ ജീവിതം, ചുരുങ്ങിയ സംസാരം ഇവയാണു് ഇവളുടെ മകുടഭൂഷണം'. തദനന്തരം പ്രശാന്തസ്വരത്തിൽ അദ്ദേഹം പറഞ്ഞുതുടങ്ങി: 'സേലമ്മെ, ഭവതി എന്നെ ഭർത്താവായി സ്വീകരിക്കാത്തപക്ഷം ഇന്നത്തെ എൻെറ മണവാളത്വം എന്നെ എൻെറ കുഴിമാടത്തുങ്കലേക്കുതന്നെ താനെ നയിക്കും'.

മണിയാകരസമ്പൽത്തിൽ ശോഭിക്കുന്ന സേലമ്മയെ നമുക്കും ഒരു നോക്കു കാണാം. അംഗലാവണ്യത്തിൽ ശകുന്തളപോലും പിൻതള്ളപ്പെട്ടു, ദമയന്തിയെക്കാൾ ശാന്തഗുണമേറിയവൾ. സാവിത്രിയെപ്പോലും വെല്ലുന്ന പതിവ്രത—നൈസർഗ്ഗിക സ്നേഹം അനർഗ്ഗളമായി ചൊരിഞ്ഞുകൊണ്ടു് പ്രൗഢഗംഭീനായ മണിയാകരനെപ്പോലും ഒരു ചെറുപൈതലിനെപ്പോലെ അമ്മാനമാടുന്നതിനു കെൽപുള്ള അവളുടെ പ്രതിഭാവിലാസം—ശകുന്തളയെയും നിസ്സാരമാക്കും. വിനയാദരവുകൾക്കു ഡെസ്ഡിമോണയും രണ്ടാമതായി നിൽക്കണം. മിറാൻഡയെ ലജ്ജിപ്പിക്കുന്ന സ്നേഹസല്ലീലകൾ—വിടനെ ഹരിക്കാൻ പിറന്ന മാൻകണ്ണിയാണു് സേലമ്മ. കാര്യബോധത്തിൽ ഇസാബെല്ലും അടിപെട്ടുപോകും. പെനലപ്പിയെ അമ്പരപ്പിക്കുന്ന ബുദ്ധികൗശലം, ഹെലനെ വെല്ലുന്ന സൗന്ദര്യം—

അധരം തളിർപോലുള്ളതു്, ലളിത ശാഖകളായ ഭുജങ്ങൾ, ഇവയെല്ലാമൊത്തൊരു യോഷാമണി പാശ്ചാത്യപൌരസ്ത്യലോകമാസകലം നാം തിരഞ്ഞാലും കണ്ടുകിട്ടാൻ വിഷമം. സൌന്ദര്യദേവതയുടെ ഓമൽസന്താനമായ സേലമ്മയെ നോക്കുന്നവരൊക്കെ മേഘദൂതിൽ യക്ഷൻ തന്റെ ഭാര്യയെ വർണ്ണിച്ചിട്ടുള്ള ഭാഗം രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ വിസ്തരിച്ചിട്ടുള്ളതും താഴെക്കാണുന്നതുമായ പദ്യശകലം സ്മരിക്കുന്നതാണു്.

മദ്ധ്യം ലോലം,മരം കുരുത്തരദനം,പൂമേനിപാരം
മെലിഞ്ഞോമൽ ചുണ്ടൊരു തൊണ്ടിപോൽ—
ചുഴികുഴിഞ്ഞേണക്കി[illegible]വിൻമിഴി
ക്രൂനല്പം, കളിർക്കൊ[illegible]കയാൽ, നടനിതം—
ബത്തിൻഭരത്താ[illegible] പതി
ഞ്ഞാദ്യക്കൈത്തൊഴിൽ പത്മജന്നു് ത—
രുണീ 'സൃഷ്ടികളെന്നോണമെ.'

സേലമ്മയെന്നോ—തങ്കമ്മയെന്നോ എന്തു നാമത്താൽ ഞാൻ ഈ ദേവനാരിയെ സംബോധന ചെയ്യണം ? എങ്ങനെ ഇവളുടെ രൂപലാവണ്യം വർണ്ണിച്ചു് ഞാൻ എന്റെ വായനക്കാരെ തൃപ്തിപ്പെടുത്തേണ്ടൂ! പാശ്ചാത്യനായ ലസിലി ജോൺസാൻ, പൌരസ്ത്യയായ നാരായണിയിൽ സംജാതയായ നമ്മുടെ കഥാനായിക, ഭാരതീയസ്ത്രീകളിൽ മാത്രമല്ല, ലോകമൊട്ടുക്കുമുള്ള സ്ത്രീജനങ്ങളിലും വാഴ്ത്തപ്പെട്ടവൾ. ഇക്കാര്യത്തിൽ രണ്ടു പക്ഷമുണ്ടാവാൻ വഴിയില്ല. കാഴ്ചയ്ക്കുമാത്രമല്ല, കാര്യത്തിലും അവൾ അദ്വിതീയയെന്നു യഥാവസരം നമുക്കു മനസ്സിലാക്കാം; കാമദേവനെ വേദനിപ്പിക്കുന്ന

ഈ മഹതിയാവാം ഇൻഡ്യയുടെ പുനരുദ്ധാരണത്തി ന്, ദൈവം തൻെറ വിശ്രമവേളയിൽ മനഞ്ഞെടുത്ത ആധുനിക ജോവാൻ ആഫ് ആക്ക്. ഭാരതീയ മഹിള കൾക്ക് ഒരു ഭൂഷണമായി, പാശ്ചാത്യപൗരസ്ത്യാഭി ജാത്യങ്ങളിടകലൎന്നു വികസിക്കുന്ന മുഖകമലവും, തൊണ്ടിപ്പഴത്തെ വിസ്മരിപ്പിക്കുന്ന ചുണ്ടും, കെട്ടഴിഞ്ഞു് ഒട്ടേറെ നീളത്തിൽ മുട്ടോളമെത്തുന്ന വാർകൂന്തലും, ഹാ! നോക്കണം ഹൃദയാകർഷകമെന്നേ പറയേണ്ടൂ. അവിടവിടെ ഇളംതെന്നലടിച്ചാടിപ്പറക്കുന്ന ചൂർണ്ണകുന്തളം കണ്ടാനന്ദിക്കാത്ത കണ്ണുകൾ തുഛം. മൗനമായിരിക്കുന്ന സേലമ്മ തൻെറ ഹൃദയവുമായി സംഘട്ടനംചെയ്യുന്നതുപോലെയും തോന്നിട്ടേ്ാകും അപ്പോളവളെ കാണുന്നവൎക്കെല്ലാം. നാടൻരീതിയിൽ വസ്ത്രധാരണംചെയ്തു്, അക്ഷയഭാസ്സോടുകൂടി സൗന്ദര്യധാമം സദാ ചൊരിഞ്ഞു്, എന്നാൽ ചുരുക്കം ചിലരിൽമാത്രം പുഞ്ചിരി ചൊരിഞ്ഞുകൊണ്ടു്, നമ്മുടെ കൺമുമ്പിൽ അവതരിച്ചിട്ടുള്ള സേലമ്മ, ഗംഭീരനായ മണിയാകരനെ വശീകരിച്ചതിൽ അതിശയിപ്പാൻമില്ല. കാപ്പി കുടിച്ചുപോകാം എന്നുള്ള അഭ്യൎത്ഥനയ്ക്കു് മണിയാകരൻ വഴിപ്പെട്ടില്ല. തൻെറ ചോദ്യത്തിനു വിശദമായ മറുപടി പറയണമെന്നു് അദ്ദേഹം പലതവണ നിർബന്ധിച്ചു. തന്നെ ഭൎത്താവായി സ്വീകരിപ്പാൻ സമ്മതമാണോ എന്നുള്ള ചോദ്യത്തിനു് മറുപടി പറയാൻ ത്രാണിയില്ലാത്തവളായി, അവൾ അടുത്തുള്ള ഭിത്തിയിൽ ചാരിനിലയാണു്. അതേ നിലയിൽ വലത്തു കൈത്തണ്ടുയൎത്തി കണ്ണുവൾ മൂടച്ചു. തൻെറ സ്നേഹം ഉദിച്ചിടത്തുതന്നെ അസ്തമിക്കുന്നോ എന്നും അവൾക്കു തോന്നിപ്പോയി.

മണി:—സേലമ്മെ, ഭവതിക്കു് എന്നിൽ അല്പം പ്രേമമെങ്കിലുമുണ്ടോ? പറയണം. മററാരു സ്ത്രീയെ വിവാഹം ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടി നോക്കുകപോലും ഞാൻ ചെയ്തിട്ടില്ല. നാടകത്തട്ടിൽ കഥാപാത്രങ്ങൾ തമ്മിൽ ചുംബിക്കുന്നതുമാത്രം ദർശിച്ചിട്ടുള്ള എനിക്കു്, സ്ത്രീപുരുഷബന്ധത്തിന്റെ പ്രായോഗികവശം അജ്ഞാതവുമാണു്. ഹൃദയവെൺമ ഹേതുവാലാവാം, സർഗലഹാഡിനേയും ജയിക്കത്തക്ക പ്രാപ്തി എനിക്കുണ്ടെന്നു തോന്നുന്നതു്—മാലിന്യങ്ങൾ എന്റെ ഹൃദയത്തിൽ സ്ഥലം പിടിക്കായ്കയാലായിരിക്കണം പത്തുപേരുടെ ശരീരബലം എനിക്കുണ്ടെന്നു' ഞാൻ കരുതിപ്പോരുന്നതും.

സേല:—മണിയുവാൻ പറയുന്നതു വാസ്തവമായിരിക്കാം. എങ്കിലും നാം തമ്മിൽ പരിചയമായിട്ടു സ്വല്പസമയമെ ആയൊള്ളൂ. പരിപൂർണ്ണമായി പരസ്പരം അറിഞ്ഞിട്ടു്..................

മണി:—'ഹൃദയം മുററിയ സ്നേഹമാണു്' എനിക്കിന്നു ഭവതിയിൽ ജനിച്ചിട്ടുള്ളതു്. നിഷ്കളങ്കസ്നേഹം ഏതുപ്രകാരമായിരിക്കണമെന്നു് സോക്രട്ടീസിൽ നിന്നും ഞാൻ പഠിച്ചിട്ടുണ്ടു്. പ്ലേറോയുടെ അഭീഷ്ടാനുസരണമുള്ള പ്രണയം, ഭവതിയിൽ നിന്നും ഞാൻ ന്യായമായി കാംക്ഷിക്കുന്നുമുണ്ടു്. ഭവതിയെ നീക്കി മററാരാളെ ഞാൻ വേളിചെയ്കയില്ലെന്നും ഖണ്ഡിതമായി പറയാം. എന്നെ തന്നെ പൂജിക്കേണ്ടിവരുന്നിടത്തും, എന്റെ വാക്കു് ഞാൻ പരിപാലിക്കാതന്നെ ചെയ്യും. സേലമ്മയ്ക്കു് ഇഷ്ടമുള്ള

പക്ഷം എൻെറ ചങ്കിതാ തുറന്നു സേലമ്മയ്ക്കു കാഴ്ചവയ്ക്കുന്നു. സ്വീകരിക്കയൊ നിരാകരിക്കുകയോ ചെയ്യാം' എന്നു പറഞ്ഞു തൻെറ വലത്തു കൈയ്യ് നീട്ടി മണിയാകരൻ, സേലമ്മയുടെ വലത്തു കൈയ്യ് പിടിച്ചു മന്ദംമന്ദം അമർത്തി, അവരിരുവരും പരമാനന്ദമനുഭവിക്കുന്നു. അല്പസമയാനന്തരം സേലമ്മ പറഞ്ഞുതുടങ്ങി.

സേല:-മണിയാകരൻ, നിങ്ങളിപ്പോൾ പിടിച്ചമർത്തുന്ന കൈയ്യുകളിൽ ഇവളുടെ ചങ്കുമുണ്ടെന്നറിയണം. മരണംവരെ അങ്ങയെ അനുകരിച്ചു്, ആരാധിച്ചു ജീവിക്കുന്നതിനുതന്നെ ഞാനിതാ നിശ്ചയിച്ചു. എനിക്കങ്ങിൽ പ്രേമമുണ്ടൊ എന്നല്ലെ ചോദ്യം? എൻെറ സ്നേഹം ആഴമേറിയതു്, മഹാസമുദ്രം പോലതു് ആണങ്ങു കിടക്കുന്നതു. കൂടുതൽ കൂടുതലായി നിങ്ങളെ ഞാൻ സ്നേഹിക്കുന്തോറും, കൂടുതൽ കൂടുതലായി സ്നേഹമെന്നിൽ വളർന്നുമിരിക്കുന്നു. സത്യമായി നിങ്ങളെന്നിൽ അനുരക്തനെങ്കിൽ,കേൾക്കണം:മണിയാകരൻ, എൻെറ സ്നേഹം, നിത്യസ്നേഹമെന്നു്. സദാ കത്തി ജ്വലിച്ചും, കാലത്തിനെപ്പോലും വെല്ലുവിളിച്ചും,—കൂടുതൽ കൂടുതൽ കത്തുന്തോറും കൂടുതൽ കൂടുതൽ പ്രബലപ്പെട്ടും, എൻെറ ജീവനാഡികളെപ്പോലും പ്രീണിപ്പിക്കുന്ന എൻെറ ഈ സ്നേഹം—അതെ-കെടാത്ത തീയിൽ ദഹിക്കാത്ത കട്ട എന്നവണ്ണം എന്നെ ഇന്നാക്കിത്തീർപ്പാൻ കാരണം എനിക്കു് അങ്ങിലുള്ള സജീവപ്രേമം ഒന്നുമാത്രമാണെന്നും എന്തുകൊണ്ടങ്ങു ധരിക്കുന്നില്ലാ?

അല്പസമയത്തെ മൗനാനന്തരം മണിയാംകരൻ പറഞ്ഞു.

മണി:—'വങ്കന്മാർ, ദ്രോഹികൾ അവക്കെന്തറിയാം? അവർ ചെയ്യുന്ന കുടിലപ്രവൃത്തികൾമൂലം അവക്കു നാശവും, അവർ നശിപ്പിക്കുവാനൊരുമ്പെട്ടവക്കു നന്മയും കൈവരുത്തുന്ന ജഗദീശ്വരൻ, ഭവതിയെ ആപത്തിലകപ്പെടുത്തി എന്നെ ഭവതിയുമായി അടുപ്പിച്ചു്, നാം ഇരുവരേയും സമ്പന്നരാക്കുന്നതു നോക്കണം! പെട്ടെന്നുണ്ടായ അനുരാഗം പെട്ടെന്നുതന്നെ തകരുമൊ സേലമ്മെ, ഇതാണെന്റെ ഭയം. എന്റെ ജീവിതം മുഴുവൻ ഒരു നോവലും സേലമ്മ അതിലെ കഥാനായികയുമാണെന്നുമാത്രം എനിക്കറിയാം'. ഇത്രയും പറഞ്ഞു ഭവതി, മണിയാംകരൻ പോകുന്നതിനൊരുക്കമായി. വ്യസനസമേതം അവർ തമ്മിൽ യാത്ര പറഞ്ഞു പിരിയുന്നു. ഇതേ സമയമാണു നാരായണി വേലന്തറ വന്നുചേർന്നതു്. മണിയാംകരൻ തിരിച്ചുവന്നതോടുകൂടി 'മേളപ്പൻ' നേരെ ചീറിപ്പാഞ്ഞു. സുഖമായ ഒരു ബോട്ടുയാത്രയും കഴിഞ്ഞു അദ്ദേഹം മേളവിലാസത്തു യഥാസമയം വന്നുചേരുകയും ചെയ്തു.

## അദ്ധ്യായം ൪

# ചെമ്പകരാജൻ

ചെമ്പകശ്ശേരി രാജകുടുംബം, അമ്പലപ്പുഴ രാജ്യത്തെ ഭരിച്ചിരുന്നകാലത്തു്, ഈ രാജ്യത്തിൻെറ തലസ്ഥാനം കുടമാളൂർ ആയിരുന്നു. ഉദ്ദേശം എഴുനൂറു കൊല്ലങ്ങൾക്കുമുൻപു നടന്ന സംഭവങ്ങളിലേക്കു വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. കുടമാളൂരിൻെറ അന്നത്തെ അവസ്ഥ അറിഞ്ഞിരിക്കേണ്ടതു് കഥാഘടനവിഷയത്തിൽ സുപ്രധാനമാകയാൽ പിൻതള്ളിക്കളയാവുന്ന ഒരു സ്ഥലമല്ല കുടമാളൂർ. ചെമ്പകശ്ശേരി രാജകുടുംബാംഗങ്ങൾ ഭരണവിഷയത്തിലും, സംസ്കാരം, സാഹിത്യം, സംഗീതം എന്നിവകളിലും പ്രദർശിപ്പിച്ചിട്ടുള്ള ആസക്തി നിമിത്തമാണു ചെമ്പകശ്ശേരിയെപ്പററി രണ്ടക്ഷരമെങ്കിലും പറയാതെ ഗ്രന്ഥങ്ങളൊന്നും മുൻപോട്ടില്ലെന്നുള്ള പ്രമാണം മുക്തകണ്ഠം സ്വീകരിച്ചിട്ടുള്ളതു്. മിക്ക പ്രമാണങ്ങളും ത്യാജ്യകോടിയിൽ തള്ളി മുന്നോട്ടു പായുന്ന മണിയാകരകർത്താവും, ചെമ്പകശ്ശേരിയെ കുതിച്ചുചാടി മണ്ടിമറവാൻ തുനിഞ്ഞിട്ടില്ലെങ്കിൽ മാമൂൽപ്രിയംകൊണ്ടല്ല അതെന്നും, തിന്ന ചോററിനു നന്ദികാട്ടുകമാത്രമാണതെന്നും എടുത്തു പറയേണ്ടിവന്നതിൽ ക്ഷമിക്കണം. രാജകുടുംബാംഗങ്ങളും, രാജകൊട്ടാരവും കഴിഞ്ഞാൽ, ഒന്നാമതായി ചെമ്പകശ്ശേരി രാജകുടുംബത്തിൻെറ പരിലാള

നയിൽ 'തഴച്ചുവളന്നു', ഒരു പൗരാണിക കുടുംബ ത്തിൻെറ പാരമ്പയ്യാവകാശി ഞാനാകയാൽ, ഇതര ഗ്രന്ഥനിമ്മാതാക്കളെക്കവിഞ്ഞു ഞാനും എൻെറ പൂവ്വി കരും ചെമ്പകശ്ശേരി രാജകുടുംബത്തോടു കടപ്പെട്ടവ രാണെന്ന വാസ്തവം കൃതജ്ഞതാപൂരസ്സരം കോൾമയിർ ക്കൊണ്ടു് അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ചരിത്രപര മായ ഒരു ചർച്ചു അവശ്യമെന്നു തോന്നുന്നതിനാൽ ചെ മ്പകശ്ശേരി രാജകുടുംബത്തെപ്പററിയും, രാജസ്ഥാനമാ യ കുടമാളൂരിനെപ്പററിയും സവിസ്തരം പ്രസ്താവിക്കാം. 'ചെമ്പകശ്ശേരി' എന്നുള്ള പേരിലാണു് കുടമാളൂർ അ ക്കാലങ്ങളിൽ അറിയപ്പെട്ടിരുന്നതു്. അമ്പലപ്പുഴ രാ ജ്യസ്ഥാപകനായ രാജാവിൻെറ നാമം ചെമ്പക രാജൻ എന്നായിരിക്കണം, അതിനാലായിരിക്കാം അദ്ദേഹത്താൽ സ്ഥാപിതമായ അമ്പലപ്പുഴ രാജ്യത്തി നു്, ചെമ്പകനാൽ സ്ഥാപിച്ച എന്നത്ഥമുള്ള 'ചെമ്പ കശ്ശേരി' എന്നു് പേരു സിദ്ധിപ്പാൻ കാരണം. ഇന്നും കുടമാളൂർ സ്ഥിതിചെയ്യുന്ന 'ചെമ്പകശ്ശേരി' ആയിരുന്നിരിക്കണം രാജകൊട്ടാരങ്ങളുടെ കേന്ദ്ര സ്ഥാനം. ഇന്നും ചെമ്പകശ്ശേരി ഇല്ലത്തിൽ അധി വസിക്കുന്നവർ ചെമ്പകശ്ശേരി രാജ്യസ്ഥാപകനായ ചെമ്പകരാജൻെറ അനന്തരഗാമികളാണു്. കേരള ത്തിലെ ഏററവും പ്രബലനായ ചെമ്പകരാജൻ ആ ഢ്യബ്രാഹ്മണനാണെന്നുള്ള വാസ്തവം ഗ്രഹിക്കാത്തവർ ചുരുക്കം. നമ്പൂരിമാർ എന്നു് കേരളത്തിലെവിടേയും സുപ്രസിദ്ധിയുള്ള മലയാളബ്രാഹ്മണരുടെ സംസ്കരണ സമ്പത്തു് പ്രശംസനീയമെന്നുമാത്രമല്ല, നൈസർഗ്ഗി കമെന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഇവിടെപ്രത്യേകം

എടുത്തു പറയേണ്ടതുണ്ടു്. അതു മറെറാന്നുമല്ല. വിദേശബ്രാഹ്മണരിൽ സാധാരണ കണ്ടുവരുന്ന കൗശലം, മലയാളബ്രാഹ്മണരിൽ ലവലേശമില്ലെന്ന പരമാൎത്ഥമാണതു്. മലയാളബ്രാഹ്മണരെപ്പോലെ ഇത്ര ഹൃദയവെടിപ്പുള്ള മറെറാരു സമുദായം ഭാരതത്തിലുണ്ടോ എന്നു സംശയിക്കണം. കുറയററ അവരുടെ കുലീനത്വം, നമ്മഭാഷണം, ശാന്തപ്രകൃതം, ആൎജ്ജവബുദ്ധി, പ്രതിഭാവിലാസം, വേദശാസ്ത്രങ്ങളിലുള്ള നൈപുണ്യം, നിൎമ്മലജീവിതം എന്നിവ അഭിനന്ദനീയമാണു്; അങ്ങനെയുള്ള നംപൂരി ഇല്ലങ്ങളിൽ ഒന്നാമത്തേതാണു് ചെമ്പകശ്ശേരി ഇല്ലം. രാജ്യവാഴ്ച സംജാതമായതോടെ കൈവന്ന പ്രതാപം പറയേണ്ടതുമില്ലല്ലോ. കടമാളൂർ കേന്ദ്രമാക്കി അമ്പലപ്പുഴ രാജ്യം ചെമ്പകരാജൻ സ്ഥാപിച്ചിട്ടിന്നു് കൊല്ലങ്ങൾ പലതു കഴിഞ്ഞു. ഒരു ദിവസം കരുണ നിറഞ്ഞ ചെമ്പകരാജൻ പൊന്നുതിരുമേനി പുതുതായിത്തീൎത്ത കടമാളൂർ പള്ളിയുടെ ആനവാതുക്കൽ കല്പിച്ചെഴുന്നള്ളിയിരിക്കയാണു്. അദ്ദേഹം 'അരവിന്ദാക്ഷം' എന്നു തിരുവുള്ളമുണ്ടായി. കോമളഗാത്രനായ ഒരു ഭട്ടതിരി പെട്ടെന്നവിടെ പ്രത്യക്ഷനാകുന്നു. ഭട്ടതിരിയെങ്കിലും പൂണൂൽ ഒട്ടു ധരിച്ചിട്ടുമില്ല. ആകൃതിയിൽ രാജമുഖത്തോടു സാമ്യവുമുണ്ടു്.

ചെമ്പകരാജൻ:—'അരവിന്ദാക്ഷനു് എന്താണിത്ര ക്ഷീണം? മുഖം വാടിക്കാണുന്നതെന്തുകൊണ്ടു്? കരിമ്പള്ളി വിട്ടതുമൂലമുള്ള ദുഃഖമോ? അച്ഛൻപോലുമുപേക്ഷിച്ച ഇല്ലമല്ലേ അതു്? നാം രണ്ടും കരിമ്പള്ളി ഇല്ലംഗങ്ങൾ. താൻ ക്രിസ്ത്യനെങ്കിലും വേദമാററത്തോടുകൂടി രക്തവും മാറുമെന്നുള്ള മൌഢ്യം നമുക്കില്ല. നമു

ക്കു് ഇവിടെ പാക്കാം അരവിന്ദാക്ഷൻ'. 'അടിയൻ തിരുമനസ്സിലെ ദാസൻ. കല്പനപ്രകാരം ജീവിക്കുന്നതിലാണു് അടിയനുള്ള സുഖം' എന്നു പറഞ്ഞു സാഷ്ടാംഗപ്രണാമം ചെയ്യുന്നു. തുടന്നു് മന്ദഹാസം ചൊരിഞ്ഞു് അരവിന്ദാക്ഷനെ ഉററുവീക്ഷിച്ചു നിൽക്കുന്ന ചെമ്പകരാജൻ നീതിസൂര്യനെന്നോണം എന്നാളും വാണരുളണം.

കേരളത്തിലെ ഒന്നാമത്തെ ബ്രാഹ്മണഇല്ലമാണു് കരിമ്പള്ളി. ചെമ്പകരാജന്റെ അച്ഛൻ തിരുമേനി അരവിന്ദാക്ഷഭട്ടതിരിപ്പാടാണു് അമ്പലപ്പുഴ രാജ്യത്തിനു അടിസ്ഥാനമിട്ടതു്. ചെമ്പകശ്ശേരി രാജവംശത്തിന്റെ ഉത്ഭവം വളരെ രസകരമാകയാൽ സ്വല്പം വിവരിക്കാം. അരവിന്ദാക്ഷനു പതിനഞ്ചു വയസ്സു് പ്രായമായപ്പോൾ ശത്രുക്കളെ ഭയന്നു് അദ്ദേഹം കരിമ്പള്ളി വിട്ടിറങ്ങി. പ്രാണരക്ഷാത്ഥം ഓടിമറഞ്ഞ ബ്രാഹ്മണകുമാരൻ വഴിമദ്ധ്യേ ഒരു കൂട്ടം പട്ടാളത്തെ കണ്ടുമുട്ടുന്നു. അരവിന്ദാക്ഷൻ ഒരു ദിവ്യനാണെന്നു പട്ടാളനേതാവു പ്രഥമദൃഷ്ടിയിൽ തന്നെ മനസ്സിലാക്കി. അദ്ദേഹവുമായി നടന്ന സംഭാഷണത്തിൽനിന്നും രാജത്വം ബാലനിൽ ജന്മസിദ്ധമെന്നു് അയാൾ ഗ്രഹിച്ചു്, അരവിന്ദാക്ഷനെ തങ്ങളുടെ നായകനായി പ്രഖ്യാപനം ചെയ്തു; ഇങ്ങനെ തങ്ങളുടെ പ്രയാണം തുടന്നു. ഒടുവിൽ അവർ കുടമാളൂർ വന്നെത്തി. പട്ടാളക്കാർ വിശന്നും വലഞ്ഞും കരഞ്ഞു. ഭക്ഷണത്തിനു മാർഗ്ഗമൊന്നും കാണാതെ അവർ കുഴങ്ങി. അരവിന്ദാക്ഷന്റെ കണ്ഠത്തിൽ അണിഞ്ഞിരുന്ന സ്വണ്ണത്തണ്ടും അതിലുള്ള സ്വണ്ണരുദ്രാക്ഷവുമല്ലാതെ ദ്രവ്യമായി മറെറാന്നും തങ്ങളുടെ

സ്വാധീനത്തിൽ ഇല്ലെന്നുള്ള യാഥാൎത്ഥ്യം ഗ്രഹിക്കുന്ന ബാലൻ സസന്തോഷമതു് പിഴുതു രുദ്രാക്ഷമാലപ്പെട്ടെ തന്റെ അനുയായികളുടെ നേതാവിനെ ഏല്പിച്ചു; ക്ഷണം ഊണുകഴിഞ്ഞുവരുവാൻ അവരോടു് ആജ്ഞാപിച്ചു. ഭക്ഷണാനന്തരം തിര്യെവന്നു് അവരുടെ നേതാവിന്റെ നേതൃത്വത്തിൽ മുറയ്ക്കു് കൊള്ളയുമാരംഭിച്ചു.

നാഥനില്ലാത്ത ആട്ടിൻപററമെന്നവിധം, കടമാളൂർ അക്കാലങ്ങളിൽ സ്ഥിതിചെയ്തിരുന്നു. കടമാളൂർ തങ്ങൾക്കുപററിയതാവളമാണെന്നു പട്ടാളക്കാർ മനസ്സിലാക്കി. കൊള്ള തുടൎന്നു നടത്തുന്നതിൻതന്നെ അരവിന്ദാക്ഷനുമായി ആലോചിച്ചു തീൎച്ചചെയ്തു. പുതിയ ഒരു രാജ്യസ്ഥാപനത്തിനു സാഹചര്യങ്ങളെല്ലാം ഒത്തിരുന്നതിനാൽ പെട്ടെന്നവർ കൊള്ളതുടങ്ങി. പിടിച്ചടക്കപ്പെട്ട വിഭാഗങ്ങളുടെ നാഥനായി അരവിന്ദാക്ഷനെ അവർ ആരോഹണവും ചെയ്തു. കൊങ്കണവാസികളായ കൊങ്ങിണിമാർ കടമാളൂർ വന്നു കുടിയേറിപ്പാൎത്തു മികച്ചുവൎത്തകരായി വാണിരുന്ന സമയമാണപ്പോൾ. ആദ്യം ശക്കരെക്കൂവടത്തിൽവന്നിരുന്ന കൊങ്ങിണികൾ, ഫലപുഷ്ടിയുള്ള കടമാളൂരും അയൽപ്രദേശങ്ങളിലും ക്രമേണ കുടിപാൎപ്പു തുടങ്ങി. ജനങ്ങളിൽ ഏറിയകൂട്ടം കുശവന്മാരായിരുന്നു. ഏതാനും വിദേശബ്രാഹ്മണരും അവിടവിടെ വസിച്ചിരുന്നു. കടമാളൂർ എന്നല്ല അടുത്ത പ്രദേശങ്ങളിൽ എങ്ങും ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ല. ഇത്തരുണത്തിൽ കടമാളൂരെ ആദിമവാസികൾ കുശവരൊ കൊങ്ങിണികളോ എന്നു തീൎച്ചചെയ്യേണ്ട കൎത്തവ്യം എനിക്കില്ലല്ലോ. ചരിത്രദൃഷ്ട്യാ ഇവിടത്തെ, ആദിമനിവാസികൾ കുശവ

രായിരിപ്പാനാണെളുപ്പം. കാരണം കുടമാളൂർ കളി മൺപാത്രങ്ങൾക്കുപററിയ സ്ഥാനമെന്നു് കേട്ടിരുന്ന കുശവർ തൊഴിൽപരമായി കുടമാളൂരിന്റെ മാഹാത്മ്യം മനസ്സിലാക്കി കാലെ സ്ഥലം പിടിച്ചിരിക്കണം. ഇതിൽ നിന്നും കുടമാളൂർ കുശവർ, കുടമാളൂർ കൊങ്ങിണികളേക്കാൾ പുരാണികരാണെന്നു ബുദ്ധിയുള്ളവക്കു മനസ്സിലാക്കാം.

കുശവർ സ്ഥലത്തെത്തി വ്യവസായശാലകൾ സ്ഥാപിച്ചു് പലതരത്തിലുള്ള മൺപാത്രങ്ങൾ മനഞ്ഞുതുടങ്ങി. 'ചരക്കു്' വാങ്ങുന്നതിനായി 'അടങ്കൽ'കാരും അടുത്തു. കൊങ്ങിണികളുടെ ആവിർഭാവത്തോടുകൂടി അവരുടെ മേൽനോട്ടത്തിൽ മൺപാത്രവ്യവസായം ക്രമത്തിലധികം അഭിവൃദ്ധി പ്രാപിച്ചു. വത്തകരായ കൊങ്ങിണികളും സാധുക്കൾ കുശവരുടെ പാത്രങ്ങൾ ചുളുവിലക്കു മൊത്തക്കച്ചവടം ചെയ്തു് തങ്ങളുടെ മുതലെടുപ്പു ദിനംദിനം വർദ്ധിപ്പിച്ചുവന്നു. ധനവാന്മാരായ കൊങ്ങിണികൾ, മദ്ധ്യനൂററാണ്ടുകളിൽ യൂറോപ്പിൽ യൂദന്മാരെന്നോണം, പണം കടംകൊടുത്തു് അക്രമമായ പലിശ ഈടാക്കി, പാവപ്പെട്ട കുശവരേയും, കൃഷിക്കാരേയും ഞെക്കിഞെരുക്കിവന്നു. ബാങ്കു് നടത്തിയിരുന്ന കൊങ്ങിണികൾ, ഷൈലോക്കു്, ഐസക്കു് ഓഫ് യോർക്കു് എന്നീ പണവ്യാപാരികളുടെ കേരളാവതാരങ്ങളായി വാണു്, ദരിദ്രരായ കുശവരുടെ രക്തം കുടിച്ചു തടിച്ചുവളന്നിരുന്നു. കച്ചവടത്തിലുള്ള അമിതലാഭത്തോടൊപ്പം ധിക്കാരവും ദിവസേന വളന്നതിനാൽ കുശവർ ഉള്ളെള്ള കരഞ്ഞുകഴിഞ്ഞ സമയത്താണു് അരവിന്ദാക്ഷനും പട്ടാളവും കുടമാളൂർ വന്നെത്തിയതു്.

ചുററുപാടുകൾ ഒററനോട്ടത്തിൽതന്നെ ഗ്രഹിച്ച അരവിന്ദാക്ഷൻ കൊങ്ങിണികളെ വളഞ്ഞു് ഝടുതിയിൽ ചെമ്പകശ്ശേരിമഠം സ്ഥാപിച്ചു് അരവിന്ദാക്ഷനുണ്ണി രാജവാഴ്ചയും തുടങ്ങി. വിസ്തീർണ്ണതയിൽ ചെമ്പകശ്ശേരി നാൾതോറും പുഷ്ടിപ്പെട്ടുവന്നു. ജനപ്രീതികരമായ ഒരു ഭരണാനന്തരം, അരവിന്ദാക്ഷൻ നാടുനീങ്ങുന്നു. അദ്ദേഹത്തിൻെറ ഏകപുത്രൻ ചെമ്പകരാജനാണു് ഇപ്പോൾ രാജമണിമഞ്ചത്തെ അലങ്കരിക്കുന്ന നാടുവാഴി. കഥയിൽ കാണുന്ന അരവിന്ദാക്ഷഭട്ടതിരി, ക്രിസ്തുമതം സ്വീകരിച്ചു. ഇദ്ദേഹം ചെമ്പകരാജൻെറ അച്ഛൻ തിരുമേനിയുടെ സോദരപുത്രനാണു്.

കുടമാളൂർ ഒരു ക്രിസ്തീയദേവാലയം പണിയുന്നതിനു ചെമ്പകരാജനെ പ്രേരിപ്പിച്ച സംഭവം അമ്പലപ്പുഴ രാജ്യസ്ഥാപനംപോലെതന്നെ രസാവഹമാണു്. ഒരു ദിവസം പള്ളിയുടെ ആനവാതുക്കൽ ചെമ്പകരാജൻ എഴുന്നെള്ളി നടത്തുന്ന കർമ്മം സൂക്ഷിക്കാം.

ചെമ്പകരാജൻ—നമുക്കു് ഒരു ക്രിസ്തീയദേവാലയം പണിയണമെന്ന ആഗ്രഹം പൊടുന്നനവെ ജനിച്ചതാണു കേട്ടോ അരവിന്ദാക്ഷാ—മരീയദേവാലയം വളരെ ഭംഗിയായി—അല്ലെന്നുണ്ടോ? എന്നു തിരുവുള്ളമുണ്ടായി പള്ളി ആസകലം ഒന്നു കടാക്ഷിച്ചു.

ചെമ്പകരാജൻ പ്രൗഢഗംഭീരനായ ഒരു നാടുവാഴിയാണു്. വിസ്താരമുള്ള വക്ഷപ്രദേശം, വീരരസം തുളുമ്പുന്ന കണ്ണുകൾ, പ്രശാന്തമായ നെററിത്തടം, കൊഴുത്തുരുണ്ട കൈകാലുകൾ, തഴച്ചുവളൎന്ന മുടി, കുതിരസവാരിക്കു് ഹെൻട്രി എട്ടാമനെപ്പോലും വെല്ലത്തക്ക

ത്രാണിയും'. ഗാത്രപുഷ്ടിയിൽ ലൂയി പതിന്നാലാമനും ലജ്ജിക്കും.

'ഞാനാണ് എന്റെ രാജ്യം' എന്നു ലൂയി പതിന്നാലാമൻ ഒരവസരത്തിൽ പറയുകയുണ്ടായി. അദ്ദേഹം അപ്രകാരം പറഞ്ഞെന്നല്ലാതെ അതനുസരിച്ചു പ്രവർത്തിച്ചിരുന്നില്ല. പ്രവർത്തിച്ചതു ചെമ്പകരാജനാണ്. അർത്ഥഗർഭമായ ഈ ആശയം മുൻനിറുത്തി അദ്ദേഹം ശ്രേയസ്കരമാംവണ്ണം അമ്പലപ്പുഴരാജ്യം ഭരിച്ചുവന്നു. ലൂയി പതിന്നാലാമൻ പറഞ്ഞ അർത്ഥത്തിലല്ല ചെമ്പകരാജൻ പ്രവർത്തിച്ചിരുന്നതു്. തന്റെ സുഖം തന്റെ പ്രജകളുടെ സുഖത്തിൽ അന്തർലീനമായിരിക്കുന്നെന്നുള്ള പരിപൂർണ്ണബോധത്തോടുകൂടിയാണ് അമ്പലപ്പുഴ രാജാവു നാടുവാണതു്. രാജാവിന്റെ പ്രതാപത്തിന് അനുയോജ്യമാംവണ്ണം പ്രജകളുടെ ബാഹ്യസ്ഥിതി ഉയർത്തേണ്ടതാണെന്ന് ലൂയി ശഠിച്ചിരുന്നു. അദ്ദേഹം ക്ലേശം സഹിച്ചും അമ്പലപ്പുഴയുടെ അഭിവൃദ്ധിക്കായി നാനാക്കനാം തീവ്രയത്നം നടത്തി. ലൂയി തന്റെ മഹിമ ഫ്രാൻസ് ആകമാനം എന്നുവേണ്ട ലോകമാസകലം പരത്തുവാൻമാത്രം ഉൽസുകനായിരുന്നു. പതിനേഴാംനൂററാണ്ടിൽ യൂറോപ്പാസകലം ഒതുക്കി ഭരിക്കുവാൻ ഒരുമ്പെട്ട ഗംഭീരനാണ് ലൂയി. അയൽരാജ്യമായ കൈപ്പുഴയെപ്പോലും നിഷ്കളങ്കം സ്നേഹിച്ചവനാണ് ചെമ്പകരാജൻ. കോട്ടയംകൂടി പിടിച്ചമർത്താൻ ഒട്ടു ശ്രമിച്ചുമില്ല. സമാധാനമായ ഒരു ജീവിതമാണ് അദ്ദേഹം ആഗ്രഹിച്ചതു്. നെടുവീർപ്പുകളാലും, ദീർഘനിശ്വാസങ്ങളാലും ജീവിതം ക്ലേശഭൂയിഷ്ഠമെന്ന് എണ്ണിത്തള്ളാതെ,

സദാ സംതൃപ്തനായി കാണപ്പെട്ട ചെമ്പകരാജൻ, മഹാന്മാരിൽ മഹാനാണു്. ദിനദയാലുവാണു്. അദ്ദേഹത്തിൻെറ സൈന്യം സുശക്തമെങ്കിലും യുദ്ധത്തിലേപ്പെടുത്താതിരിപ്പാൻ അദ്ദേഹം ബദ്ധശ്രദ്ധനാണു്. എൻെറ പട്ടാളം എൻെറ കുഞ്ഞുങ്ങളാണെന്നു് അദ്ദേഹം പലവുരു പറഞ്ഞിട്ടുണ്ടു്. ചെമ്പകശ്ശേരിയുടെ സൈന്യബലം അമ്പലപ്പുഴ സൂത്രത്തിൽ പിടിച്ചടക്കിയ രാമയ്യൻപോലും തലകുലുക്കി സമ്മതിച്ചിട്ടുണ്ടു്. ചെമ്പകശ്ശേരി എന്ന പേരു കേൾക്കുമ്പോൾ രാമയ്യൻ വിറച്ചിരുന്നു എന്നു ചില വൃദ്ധന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്. അത്രയ്ക്കു പ്രതാപവാനായിരുന്നു ചെമ്പകരാജൻ. പ്രബലമായ ഒരു സൈന്യംകൂടിയുള്ളപ്പോൾ അമ്പലപ്പുഴയുടെ ശക്തി പ്രബലമെന്നു രാമയ്യനു തോന്നിയതിൽ അതിശയിപ്പാനില്ല. ഒരു ദിവസം തൻെറ കൊട്ടാരവളപ്പിൽ വന്നുകൂടിയ ജനങ്ങളോടായി ചെമ്പകരാജൻ പറകയാണു്—'എൻെറ പ്രജകൾ, നിങ്ങൾ എൻെറ അരുമസന്താനങ്ങളാണു്. കൂലിവേല ചെയ്യുന്ന പാവങ്ങളെ, സാധാരണക്കാരായ കൃഷിക്കാരെ, ചെറു വ്യവസായികളെ, കച്ചവടക്കാരെ, ഞാനാണു നിങ്ങളുടെ പൊതുസമ്പത്തു്. ഞാൻ നിങ്ങളുടെ രാജാവെങ്കിൽ പ്രജകളാം നിങ്ങളാണു് എൻെറ രാജ്യം. നിങ്ങളുടെ സങ്കടങ്ങൾ നാം നേരിട്ടു കേട്ടു പരിഹരിക്കാം. പ്രബലരായ എൻെറ പ്രജകൾ നിങ്ങളെ ഞെരുക്കാതിരിപ്പാൻവേണ്ടതു നാം ചെയ്യും. വർഗ്ഗീയചിന്തകളൊന്നും കൂടാതെ—ബ്രാഹ്മണരെന്നോ, നായരെന്നോ, ക്രിസ്ത്യനെന്നോ നോക്കാതെ—അമ്പലപ്പുഴ രാജ്യവാസിയോ എന്നുമാത്രം നോക്കി വിശപ്പും ദാഹവും അനുഭവിക്കുന്നവരോടു് അനുകമ്പാപൂർവ്വം പ്രവർത്തിച്ചും, ഉദ്യോഗം നൽകിയും

നാട്ടിനേയും നാട്ടാരേയും ഭരിച്ചിരുന്ന ചെമ്പകരാജൻ
ഇക്കാലങ്ങളിലെ മിക്ക നാടുവാഴികളെപ്പോലും പിൻ
തള്ളുന്നതുനോക്കണം. ഒരു വർഗ്ഗത്തെതന്നെ പോററു
ന്നതു രാജ്യത്തിനു ശ്രേയസ്കരമല്ലെന്നദ്ദേഹം മനസ്സി
ലാക്കുന്നുണ്ടു്. ഒരു മനുഷ്യനു് അയാളുടെ രണ്ടു കാലു
കളും ഒരുപോലെ പ്രയോജനകരമായിരിക്കെ, ഒരു കാ
ലിനെമാത്രം താലോലിക്കുന്നതു് ആ കാലിനുമാത്രമല്ല,
ആ മനുഷ്യന്റെ ശരീരത്തിനാകമാനം അതു് ആപല്ക്കര
മായിത്തീരുമെന്നദ്ദേഹം ഗ്രഹിച്ചു. ഒരു കാലിൽ മററു
രോഗം കൂടി ബാധിക്കുന്നതിനിടയായാൽ പിന്നത്തെ
കഥ പറയേണ്ടതുമില്ലല്ലോ. വംശവും വർഗ്ഗവും യോഗ്യനും
അയോഗ്യനും ഭേദമായിരിക്കെ, ഇരുവരേയും പോററുന്ന
തിനുള്ള ചുമതല സകല പരിഷ്കൃത ഗവണ്മെന്റു
കൾക്കുമുണ്ടെന്നു ചെമ്പകരാജൻ മനസ്സിലാക്കി, പിൻതി
രിപ്പൻ നയമായ കാര്യക്ഷമതാ വാദവുമായി പൊന്തി
നിന്നു് അമ്പലപ്പുഴയുടെ രാഷ്ട്രീയഗാത്രത്തിൽ മററു
വിളയുന്നതിനു് അനുവദിക്കാത്തതു ഭാഗ്യം. കൂടുതൽ
യോഗ്യന്മാരെന്നു ശഠിക്കുന്നവർ കൂടുതൽ സേവനത്തി
നു് ബാദ്ധ്യസ്ഥരാകണം. കാര്യക്ഷമത പൂഷണത്തിനു
വരെ പ്രേരിപ്പിച്ചുകൂടാ. പബ്ളിക്ക് സർവീസിൽ
ജീവിക്കുന്നവർ ജാതിമറക്കണം. നീതി നടത്തണം;
ദൈവത്തിന്റെയും രാജാവിന്റെയും, രാജ്യത്തിന്റെയും
നാമത്തിൽ. ജാതിനോക്കാൻ പാടില്ല എന്നുപറ
ഞ്ഞാൽപ്പോരാ. ജാതിയുടെ വിഷപ്പല്ലു നീക്കണം.
തട്ടിപ്പൻ നയമായ കാര്യക്ഷമതാവാദം അതു പുറപ്പെ
ടുവിക്കുന്നവർ സ്വയം വിഴുങ്ങാത്തപക്ഷം, അവരെ
വിഴുങ്ങത്തക്ക കെൽപ്പു് അതിനുള്ളവക്കുണ്ടെന്നു് അവർ
ഗ്രഹിക്കും. സംശയമില്ല. പിന്നോക്ക സമുദായങ്ങൾക്കും

പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കും ഉദ്യോഗദാനവിഷയത്തിൽ മുൻഗണന നൽകി 'സവർണ്ണ'രുടെ പിത്തലാട്ടങ്ങൾ ചവിട്ടിത്തള്ളിക്കൊണ്ടു് നടത്തുന്ന ചെമ്പകരാജഭരണം ശ്രേയസ്കരമെങ്കിൽ അത്ഭുതത്തിന്നു് അവകാശമില്ല. സ്നേഹാദരവുകളോടുകൂടി ഭരണീയരുടെ അമൂല്യരത്നമായി പരിലസിച്ചിരുന്ന ചെമ്പകശ്ശേരിനാടുവാഴി, കേരളീയരുടെ കണ്ഠാഭരണമാണെന്ന കേൾവി ദിക്കെങ്ങും പരന്നു. എത്ര എത്ര വിശിഷ്ടകവികൾ അദ്ദേഹത്തിന്റെ രാജസദസ്സിനെ അലങ്കരിച്ചിരുന്നു. ക്രിസ്ത്യനായ അരവിന്ദാക്ഷനെ കുടമാളൂരേക്കു ക്ഷണിച്ചുവരുത്തി മേളവിലാസത്തു താമസിപ്പിക്കുന്നു. നിലം പുരയിടങ്ങളും വേണ്ടത്ര കരമൊഴിവായി നൽകുന്നു. അമ്പലപ്പുഴ ദളവായും അരവിന്ദാക്ഷൻ തന്നെ. മരിയദേവാലയം പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി അരവിന്ദാക്ഷനും കുടുംബത്തിനും ദത്തംചെയ്യുന്നു. വിസ്മയനീയമായ ഹൃദയവിശാലതയെന്നേ പറയേണ്ടു. 'മനോമണി' എന്ന വിലതീരാത്ത രത്നംപതിച്ച മോതിരം രാജതൃക്കൈകൊണ്ടു് ദാനംചെയ്തു്, അരവിന്ദാക്ഷനെ, 'മണിയാകര'പദത്തിലേക്കു് ഉയർത്തുന്നതിനാണു് ചെമ്പകശ്ശേരിയുടെ സർവ്വാധിപതി, ചെമ്പകരാജൻ തിരുമനസ്സു് മരിയദേവാലയത്തിന്റെ പ്രധാന വാത്തുക്കൽ ഇപ്പോൾ എഴുന്നെള്ളിയിട്ടുള്ളതു്.

ചെമ്പകശ്ശേരി രാജാവു കല്പിച്ചു തീർത്തിട്ടുള്ളതാണു് കുടമാളൂർ മരിയദേവാലയമെന്നു് കേരളചരിത്രാന്വേഷികളായ മഹതീമഹാന്മാരോടു് എടുത്തുപറയുന്നതു്, ഒരു പക്ഷേ ചർവ്വിതചർവ്വണമെന്നുവരാം. ക്രിസ്ത്യാനി

കളോട്ട് ഇത്രമാത്രം അനുഭാവം പ്രദർശിപ്പിച്ചിട്ടുള്ള ഒരു നാട്ടുവാഴി മദ്ധ്യനൂറ്റാണ്ടുകളിൽ മററെങ്ങും ജീവിച്ചിരുന്നതായി ഭാരതചരിത്രത്തിൽ രേഖപ്പെട്ടുത്തിയിട്ടില്ല. മേൽവിവരിച്ച സംഭവങ്ങൾ കേവലം കെട്ടുകഥയായി ത്യാജ്യകോടിയിൽ തള്ളത്തക്കതല്ലെന്നു വായനക്കാർ ഗ്രഹിക്കണം. ക്രിസ്തുവർഷം ൧൬൪൨ മുതൽ ൧൬൫൮ വരെ ഒരു സൈനികനേതാവെന്ന നിലയിൽ, സർവ്വാധിപതിയായി ഇംഗ്ലണ്ടിനെ ഒന്നടങ്കം ഭരിച്ചവനാണ് ഓലിവർ ക്രോംവൽ എന്ന മഹാൻ. മൂച്ചയുള്ള തന്റെ പേനത്തുമ്പിനാൽ ഒരുവിധത്തിൽ ലോകത്തെ ആകമാനം കലുക്കിയവനാണ തോമസ് കാർലൈലെയിൽ എന്ന സുപ്രസിദ്ധഗ്രന്ഥകാരൻ. അദ്ദേഹത്തിന്റെ ആദർശപ്രകാരം, ക്രോംവൽ തികഞ്ഞ ഒരു നേതാവും വിളഞ്ഞ ഒരു [illegible]വുമാണ്. യുദ്ധത്തിൽ ക്രോംവൽ പ്രദർശിപ്പിച്ച ധൈര്യമൊന്നുമാത്രമല്ല ക്രോംവലിനെ ഗംഭീരപുരുഷഗണത്തിൽ ഉൾപ്പെടുത്തി അദ്ദേഹത്തെ തന്നെ ഒന്നാമനായി ചിത്രീകരിപ്പാൻ കാർലൈലിനെ പ്രേരിപ്പിച്ച സംഗതി; മതകാര്യങ്ങളിൽ ക്രോംവൽ സ്വീകരിച്ച നയവിശേഷം കാർലൈലിന്റെ സവിശേഷ ശ്രദ്ധയെ ആകർഷിക്കുന്നു. കത്തോലിക്കർ നീക്കി, മററു സകല ക്രിസ്തീയവിഭാഗങ്ങൾക്കും ക്രോംവൽ മതസ്വാതന്ത്ര്യം നൽകി ആശ്വസിപ്പിച്ചു. ഇക്കാരണത്താൽ ക്രോംവലിനെ അക്കാലങ്ങളിൽ ജീവിച്ചിരുന്നവരിൽ പ്രമുഖനായി ലോകം പുകഴ്ത്തുന്നതിനിടയാക്കി. ഇതിനു കാരണം ചെമ്പകരാജവംശത്തെപ്പററി ലോകചരിത്രത്തിൽ രേഖപ്പെടുത്തുന്നതിനു പഠിപ്പുള്ള ചരിത്രകാരന്മാർ മലയാളത്ത് അന്നില്ലാഞ്ഞുകയാലാണ്. ആധുനികരീതിയിലുള്ള ഒരു

ലോകചരിത്രം ഇല്ലാതിരുന്നതുകൊണ്ടെന്നും വരാം. കത്തോലിക്കരെമാത്രം ഒററതിരിച്ചു് മററെല്ലാവർക്കും ആരാധനാസ്വാതന്ത്ര്യം നൽകിയ ക്രോംവൽ മഹാനാണെന്നു് അന്നത്തെ ലോകർ കരുതിയെങ്കിലും, അദ്ദേഹം ടർക്കിയെക്കാൾ മതപീഡനം നടത്തിയവനാണെന്നു നമുക്കു തോന്നാൻ കാരണം ചരിത്രത്തിന്റെ വളർച്ചയും തദ്വാരാ ചെമ്പകരാജപഠനവും ഒന്നുകൊണ്ടുമാത്രമാണു്. വിവിധമതപ്രീതി ഇത്ര ഹൃദ്യമാംവണ്ണം ചരിത്രത്തിന്റെ പ്രാരംഭദശയിൽത്തന്നെ ചെമ്പകരാജനോടൊപ്പം ക്രോംവൽപോലും പ്രദർശിപ്പിച്ചിരുന്നില്ലെന്നു് ഇതിൽനിന്നും മനസ്സിലാക്കാം.

അമ്പലപ്പുഴ രാജകുടുംബം (ചെമ്പകശ്ശേരി) നമ്പൂരി അഥവാ മലയാളബ്രാഹ്മണരാണു്. ഹിന്ദുക്കൾക്കു് അമ്പലവും, മുഹമ്മദീയർക്കു മോസ്ക്കും അദ്ദേഹം തന്റെ രാജ്യത്തു് എവിടെയും തീർക്കുന്നതിനു് അതതു മതക്കാർക്കും അനുവദിച്ചിരുന്നു. തന്റെ രാജ്യത്തിലൊരിടത്തും ശ്രേഷ്ഠകുലത്തിൽപ്പെട്ട ഒരു ക്രിസ്തീയകുടുംബംപോലും ഇല്ലെന്നു കണ്ടു് അരവിന്ദാക്ഷനെ ക്ഷണിച്ചുവരുത്തി കടമാളൂർ ദൈവജനനിയുടെ നാമത്തിൽ ഒരു ക്രിസ്തീയദേവാലയം കൊട്ടാരച്ചിലവിൽ കൊട്ടാരപരിസരങ്ങളിൽ പണിയിച്ചു് അതു് അദ്ദേഹത്തിനു ദാനം ചെയ്യുന്നു. ചെമ്പകശ്ശേരി രാജകൊട്ടാരങ്ങൾ കഴിഞ്ഞാൽ ഒന്നാമത്തെ ഭവനം അരവിന്ദാക്ഷ ബങ്കളാവെന്നു് ഏവർക്കുമറിയാം.

അരവിന്ദാക്ഷന്റെ ആഗമനകാലത്തു് കടമാളൂർ മുന്നിട്ടുനിന്നിരുന്നവർ കൊങ്ങിണികളാണു്. മൊത്തക്ക

ല്പവടക്കാരുടെ ഗണത്തിൽ ചുരുക്കം ചില മഹമ്മദീയരും ഉണ്ടായിരുന്നു. അവരുടെ പ്രധാന തൊഴിൽ പല ചരക്ക വ്യാപാരമാണു്. കല്പവടത്തിൽ കൊങ്ങിണിയെ ജയിപ്പാൻ സാദ്ധ്യമല്ലാത്തതിനാലൊ എന്തൊ മഹമ്മദീയർ ഒതുങ്ങി പാർത്തിരുന്നു. വല്ല കുഴപ്പവുമുണ്ടായാൽ നയജ്ഞരായ വിദേശബ്രാഹ്മണരുടെ മദ്ധ്യസ്ഥതയിൽ ഹിന്ദു—മുസ്ലിംലഹള ഒതുങ്ങുക പതിവാണു്. ഒതുങ്ങാത്തപക്ഷം ചെമ്പകരാജനാമം, വർഗ്ഗീയത്വം ഒതുക്കിയുമിരുന്നു. മഹമ്മദീയർ വിദ്യാഭ്യാസത്തിൽ പൊതുവെ പിന്നോക്കമെങ്കിലും മുറയ്ക്കു പഠിച്ചിരുന്ന ചൊടിപ്പുള്ള ചില മഹമ്മദീയരും ഇല്ലാതിരുന്നില്ല. ജനങ്ങളുടെ തൊഴിൽ അന്നും കൃഷിതന്നെ. ചുരുക്കത്തിൽ ബെൽജിയം യൂറോപ്പിലെന്നവണ്ണം, ചെമ്പകശ്ശേരിരാജ്യം, അക്കാലങ്ങളിൽ കേരളനാടുവാഴികളുടെ മോഹനകേന്ദ്രമായി പരിലസിച്ചിരുന്നു.

അദ്ധ്യായം ൫

# മണിയാകരത്വം

ആപത്തു് സമ്പത്തിലേക്ക താനെ വഴി തെളിക്കും. ഏവരും വെറുക്കുന്ന തവളയുടെ ശിരസ്സിലും വിലയേറിയ രത്നമൊന്നുണ്ടെന്നുള്ള വാസ്തവം നാം വിസ്മരിച്ചുകൂടാ. ഈറാറാവദന അഹൊ! ദുസ്സഹമെ

ങ്കിലും കരയുന്ന ശിശുവെക്കാണുമ്പോൾ മാതാവിനുള്ള ആഹ്ലാദം അവർണ്ണനീയമല്ലൊ. സഹിക്കുന്നവരെ സുഖിക്കൂ; അരവിന്ദാക്ഷൻ, കരിമ്പള്ളിയിൽ സകലവിധ സുഖങ്ങളും അനുഭവിച്ചിരുന്നു. ഇതെല്ലാം മറന്നു തനിയെ രാജ്യം വിട്ടു് ഓടേണമെന്നുള്ള ദൈവകല്പിതം നിറവേറുന്നതു കാണാക്കണം. ചുമതലയോടുകൂടി തന്നെ പരിലാളിച്ചിരുന്ന മാതാപിതാക്കളുടെ മരണംമൂലം കരിമ്പള്ളി കുടുംബഭാരംമുഴുവൻ തന്റെ തോളിൽ വന്നു പതിച്ചു. ഇല്ലത്തിലെ ഇതര അംഗങ്ങൾ കൊച്ചിരാജാവിന്റെ മേൽനോട്ടത്തിൽ വളൎന്നു. അരവിന്ദാക്ഷൻ കടമാളൂർ വന്ന സംഭവം കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടറിഞ്ഞു.

കടമാളൂർപള്ളിയുടെ പ്രധാന വാത്തുക്കൽ എഴുന്നെള്ളി ചെമ്പകരാജൻ പള്ളിയുടെ ഭരണം അരവിന്ദാക്ഷനിൽ സമർപ്പിക്കുന്നു. [illegible] അരുളപ്പാടായി. 'മറു രാജ്യങ്ങളിൽനിന്നു് ഓടിക്കൂടുന്നവൎക്കു് ജാതിമതഭേദമെന്യെ നമ്മുടെ രാജ്യം എന്നും ഒരു അഭയസ്ഥാനമാകണം. അരവിന്ദാക്ഷൻ ഞാൻ പറയുന്നതു സശ്രദ്ധം കേൾക്കണം; നിസ്സാരങ്ങളായി തള്ളുന്ന സംഗതികളാണു മിക്കവാറും ഗംഭീരപ്രസ്ഥാനങ്ങൾക്കു ബീജവാപം ചെയ്യുന്നതു്. പെട്ടെന്നുണ്ടായ ഒരു പൊട്ടൽ, അല്ല, പൊടുന്നനവെ പുറപ്പെട്ട ഒരു വെടി ഏറ്റു് അടുത്തു മേഞ്ഞിരുന്ന പശു നിലത്തുവീണു. വെടിവെച്ചവനെ നാം വധിച്ചു—ഗോവധത്തിനു നരവധമാണു മൽകുലദൈവതം. വെടിവെച്ചവനെക്കൊന്ന വെടിയുടെ ശബ്ദം കേട്ടു ശത്രു എണീറ്റു. തദനന്തരം പള്ളിക്കുറുപ്പിനു പോയ നാം അന്നത്തെ കാളരാത്രിയും കഴിച്ചുകൂട്ടി. ഗണിതശാസ്ത്രജ്ഞപ്രകാരം മുരീയദേവാലയം തീൎത്തു്

ദൈവജനനിക്കിതാ അർപ്പണവും ചെയ്തിരിക്കുന്നു. ഇതിന്റെ ഉടമസ്ഥാവകാശം അരവിന്ദാക്ഷൻ നാം നൽകുന്നു. താൻ എനിക്കുള്ള മാടമ്പിമാരിൽ പ്രമുഖനു മാണു്.' രാജശാസനപ്രകാരം അരവിന്ദാക്ഷൻ മുട്ടിന്മേൽ നിൽക്കവെ 'മനോമണി' പതിച്ച മോതിരം അദ്ദേഹത്തിന്റെ അണിവിരലിൽ ഇട്ടുകൊണ്ടും മഹാരാജാവു് തുടന്നരുളിച്ചെയ്യുന്നു. 'എന്റെ ഒന്നാമത്തെ മാടമ്പി അരവിന്ദാക്ഷൻതന്നെ ആവട്ടെ, അമ്പലപ്പുഴയുടെ ഒന്നാമത്തെ മണിയംകരനും—അരവിന്ദാക്ഷ മണിയാകരൻ താങ്കൾ ഇന്നുമുതൽ എന്നാളും മണിയാകര പദവിക്കൊക്കുയോജ്യമായവിധം ജീവിതം തുടരണം'.

തന്റെ പ്രജകളിൽ പ്രമാണികൾക്കു് അമ്പലപ്പുഴ രാജാക്കന്മാർ പല ബഹുമതികളും കല്പിച്ചു നൽകുക പതിവാണു്. ചെമ്പകശ്ശേരി രാജവാഴ്ചക്കാലത്തു് എല്ലാ ജാതിയിലും ഉൾപ്പെട്ട മികച്ച പ്രഭുക്കൾ അമ്പലപ്പുഴ രാജ്യമാസകലം കാണ്മാനുണ്ടു്. ധനാഢ്യരായ കൊങ്ങിണികൾക്കു പ്രഭുത്വവും, ക്രിസ്ത്യാനികൾക്കു തരകസ്ഥാനവും, ഈഴവർക്കു പണിക്കർസ്ഥാനവും രാജമുഖത്തുനിന്നും കല്പിച്ചുസമ്മാനിച്ചുവന്നു. വീണമല്ല പ്രഭു, ചാക്കാശ്ശേരി പണിക്കർ എന്നിവർ ഇതിനു് ഉദാഹരണങ്ങളാണു്. ഈഴവരുടെ മുടിവയ്ക്കാത്ത രാജാവായി കടമാളൂർ ഞെട്ടക്കി വസിച്ചിരുന്ന ചാക്കാശ്ശേരി പണിക്കരെപ്പററി കേട്ടിട്ടില്ലാത്തവർ ഇപ്പോഴും ചുരുക്കം. പണിക്കരുടെ സൗധവും പ്രതാപവും ഇടിഞ്ഞുപൊളിഞ്ഞുപോയെങ്കിലും അയാളുടെ അവകാശികൾ അർപ്പൂക്കരയിലും അയൽപ്രദേശങ്ങളിലും ഇന്നും കാണാം. സ്ഥാനമാനങ്ങൾക്കൊത്തവിധം ജീവിപ്പാൻ വഴിയില്ലാതെ

വിഷമിക്കുന്ന 'പണിക്കരത്വം' കാണുമ്പോൾ ആരും കരയും. മുഗൾസാമ്രാജ്യം നാമാവശേഷമായിട്ടും മുഗൾ ചക്രവർത്തികളെന്നറിഞ്ഞിരുന്ന ഷായ് ആലാം മുതൽ പേരുടെ ദയനീയാവസ്ഥ ഓർത്തുനാം കരഞ്ഞുപോകും. ദരിദ്രരെങ്കിലും ആഭിജാത്യം വിടാതെ ജീവിക്കുന്ന പണിക്കന്മാരെ ഹൃദയപൂർവ്വം അഭിനന്ദിക്കണം. എസ്. എൻ. ഡി. പി.യുടെ കൊടിക്കീഴിൽ, കേരളത്തിലിന്നു നടമാടുന്ന ഈഴവപ്രമാണികൾ, ചാക്കാശ്ശേരി പണിക്കരെപ്പററി കൂടുതലായി ആരാഞ്ഞറിഞ്ഞു്, പണിക്കരുടെ മാഹാത്മ്യം വെളിപ്പെടുത്തി കൊണ്ടുവരേണ്ടതു് അത്യാവശ്യമൊ എന്നു ഇന്നത്തെ ഈഴവപ്രമാണികൾ മനസ്സിരുത്തി ചിന്തിക്കണം. ഈഴവരുടെ ഒരു തികഞ്ഞ നേതാവും, കൊഴുത്തപ്രവർത്തകനുമായ ചാക്കാശ്ശേരിയെപ്പററി മൗനംദീക്ഷിക്കുന്ന ഈഴ[illegible]ട്, അദ്ദേഹം മാത്തുത്തരകനോടടുത്ത പ്രതാപത്തിൽ കഴിഞ്ഞിരുന്ന തന്റേടിയായ ഒരു ഈഴവനേതാവായിരുന്നു എന്നുമാത്രമെ എനിക്കിവിടെ എടുത്തു പറയേണ്ടതുള്ളു.

'മണിയാംകരൻ'; ചെമ്പകശ്ശേരി രാജാക്കന്മാർ അകമഴിഞ്ഞു തങ്ങളുടെ രാജ്യത്തിലെ പ്രഥമ മാടമ്പി അരവിന്ദാക്ഷനും പിൻതുടർച്ചാവകാശികൾക്കുംമാത്രം അനുവദിച്ചിട്ടുള്ള ഒരു ബഹുമതിയാണു്. ബ്രിട്ടീഷ് ചക്രവർത്തികൾ തങ്ങളുടെ സാമ്രാജ്യത്തിലെ പ്രമുഖന്മാർക്കുമാത്രം നൽകാറുള്ള ഡ്യൂക്ക് (Duke) എന്ന ഏററവും ഉന്നതപദവിയോടുമാത്രം ഇതു സാമ്യം വഹിക്കും. അമ്പലപ്പുഴ രാജ്യത്തു് ഒരു മണിയാകരകുടുംബമെ നാം കണ്ടെത്തുന്നുള്ളു. ആദ്യത്തെ മണിയാംകരൻ അരവിന്ദാക്ഷനമാണു്. ഡ്യൂക്ക് പദവിപോലെ തന്നെ അനു

ന്തിരാവകാശികരം മൂപ്പൻസരിച്ചു മണിയാകരന്മാരായി ത്തീരുകപതിവാണു്. രാജ്യഭരണവിഷയത്തിൽ തൻെറ വലത്തുകൈയായി, തന്നോടുകൂടി വളൎന്നിരുന്ന അരവി ന്ദാക്ഷനു, ചെമ്പകരാജൻ തിരുമനസ്സു കല്പിച്ചുകൊടുത്ത ഏററവും ശ്രേഷ്ഠമായ പദവിയാണു മണിയാകരതാം. ക്രിസ്ത്യനായ അരവിന്ദാക്ഷൻ മഹാരാജമുഖത്തുനിന്നും സിദ്ധിച്ച മണിയാകരതാദത്തെപ്പററി വായിച്ചറിയുന്ന കത്തോലിക്കരായ ഭാരതീയൎക്കു പ്രത്യേകിച്ചും ഇതു് അഭി മാനകരവുമാണു്. വൎഗ്ഗംതിരിച്ചു് ഭരണസമിതികളിൽ നിന്നും അകററിനിൎത്തി, കാൎയ്യക്ഷമതാവാദവുമായി ഭാ രതീയ സമുദായഗാത്രത്തിൽ വിഷം കലൎത്തുന്ന മുരണ്ട രാജ്യതന്ത്രജ്ഞതയെ വെല്ലുവിളിച്ചുകൊണ്ടുള്ള മണിയാ കരഭരണം മാതൃകയാക്കി, എന്തുകൊണ്ടു ഭാരതീയർ മുൻപോട്ടു ക[illegible]ില്ല? ആണതാത്തിനു അവതാര മാണദ്ദേഹം. കുടിലതാം ചവിട്ടിക്കൊണ്ടു്, നേർബു ദ്ധിയാൽമാത്രം പ്രേരിതനായി, ജാതിയും മതവും നോ ക്കാതെ, ജാതിയേയും മതത്തേയും ബഹുമാനിച്ചു് ശൂപാ ൎശ്വിയും, കാലുപിടിത്തവും, അടിച്ചുടച്ചു്, തികഞ്ഞ രാജ്യ തന്ത്രത്തിൽ കഴുത്തററംമുങ്ങി തലയുമുയൎത്തിനിന്നു നാടി നേയും നാട്ടാരേയും സേവിച്ചു്, ഒററരാജ്യം—ഒററജാതി, ഒരു കുടുംബം എന്നുള്ള മുദ്രാവാക്യം മുറുകെ പിടിച്ചു അമ്പലപ്പുഴ ദളവാ അരവിന്ദാക്ഷനെ രാജ്യമൊന്നടങ്കം ചങ്കുതൊട്ടു് പുണ്ടുവരെ മക്കൾകണ്ടും സ്നേഹിച്ചുവണങ്ങു ന്നതിന്നു്—അദ്ദേഹത്തിനു കിട്ടുന്ന ലോകമഹിമ—മണി യാകരപദവി എന്നാളും ലോകത്തെ ബോദ്ധ്യപ്പെടു ത്തും. കത്തോലിക്കൎക്കു മണിയാകരതാദത്തേക്കാൾ ശ്രേ ഷ്ഠമായ ഒരു പദവി ലഭിച്ചിട്ടുള്ളതായി കേരളചരിത്രം

സാക്ഷ്യം വഹിക്കുന്നില്ല. അരവിന്ദാക്ഷൻ കരിമ്പള്ളി എന്നയ്ഥംവരുന്ന എം. സി. മണിയംകരൻ എന്ന നാമത്തിലാണു് അനന്തരഗാമി കഥാനായകൻ മണിയാംകരൻ ജീവിതത്തട്ടത്തിൽ സ്ഥാനം പിടിച്ചതു്. തൻെറ പൂവ്വികരുടെ ആസ്ഥാനമായ മേളവിലാസത്തു തന്നെ അദ്ദേഹവും ജനിച്ചുവളൎന്നു. മേളവിലാസമിപ്പോളിതാ തൻെറ പ്രവൎത്തനകേന്ദ്രമാക്കിക്കൊണ്ടു്, ഇരുപതാംനൂററാണ്ടിലെ കരുത്തേറിയ ആപൽശക്തികളുമായി ഇടയുന്നതിന്നു് ശക്തൻ താൻ പ്രവൎത്തനവുമാരംഭിക്കുന്നു. മേളവിലാസത്തിൻെറ ഒരു നീട്ടെടുന്നാണം, കുടമാളൂർ പള്ളി ആദ്യകാലങ്ങളിൽ മണിയാകര കുടുംബത്തിൻെറ കൎത്തവ്യത്തിലും ഭരണത്തിലുമിരുന്നു. കഥാനായകനായ മണിയാകരൻ രാഷ്ട്രീയജീവിതത്തിൽ ഒളിയുന്ന തക്കം നോക്കി, ഇന്നത്തേ മരീയദേവാലയത്തേ അദ്ദേഹം എന്നെന്നേയ്ക്കുമായി മറക്കുമെന്നു ശഠിക്കുന്നവർ ഒടുവിൽ പഠിക്കും. മുൻകാലങ്ങളിൽ കുലീനകുടുംബക്കാൎക്കുമാത്രമെ വൈദീക അന്തസ്സിൽ പ്രവേശിക്കുന്നതിന്നു് അനുവദിച്ചിരുന്നൊള്ളു. തൻമൂലം മേളവിലാസ അംഗങ്ങളിൽ മിടുക്കന്മാർ മിക്കവരും വൈദീകഅന്തസ്സിൽ പ്രവേശിച്ചുകഴിഞ്ഞു. ഇക്കാരണത്താൽ അരവിന്ദാക്ഷസന്താനങ്ങൾ ജന്മനാ തന്നെ ശാന്തിക്കാരാണു്. ക്രമേണ മേളവിലാസത്തുകാരുടെ മനസ്ഥിതിപോലും വൈദീകമായിത്തീൎന്നു. എന്നിരിക്കിലും, ബാല്യത്തിൽതന്നെ മണിയാകരൻ രാഷ്ട്രീയ കാൎയ്യങ്ങളെപ്പററി വായിച്ചും ചിന്തിച്ചുംവന്നു. ലോകകളരിയിൽ വിഹരിക്കുന്നതിന്നു തനിക്കുള്ള പ്രതിപത്തി, തന്നെ വൈദീകജീവിതത്തി

ലേക്കു വലിച്ചിരുന്ന വൈദികബന്ധുക്കളിൽനിന്നും ബുദ്ധിപൂർവം ഗോപനംചെയ്തതിൽ അതിശയിപ്പാനുമില്ല. ചാക്കാശ്ശേരിയും മേളവിലാസത്തു് അടുപ്പമാണു്. 'ചാക്കാശ്ശേരി' എന്നു കേട്ടാൽ ഞെട്ടുന്ന വൃദ്ധന്മാർ ഇന്നും ഉണ്ടു്. ആ ചാക്കാശ്ശേരി മേളവിലാസത്തെ സേവകന്മാരിൽ ഒരുവനെന്നു വന്നാൽ മുൻകാലങ്ങളിൽ കേരളീയരുടെയിടയിൽ മേളവിലാസത്തിനുണ്ടായിരുന്ന പ്രാധാന്യം സുഗ്രാഹ്യമാണു്. 'നെപ്പോളിയൻ' എന്നു കേട്ടാൽ യൂറോപ്പു് എങ്ങനെ വിറച്ചിരുന്നോ, അപ്രകാരമാണു 'ചാക്കാശ്ശേരി' എന്നുകേട്ടാൽ ജനങ്ങൾ വിറച്ചിരുന്നതു്. ഈ ചാക്കാശ്ശേരി പഞ്ചപുച്ഛമടക്കി അരവിന്ദാക്ഷമണിയാകരനെ വന്ദിച്ചുവന്നു. പണിക്കർ, ഭയപ്പെടുത്തി ജനപ്രീതി സമ്പാദിച്ചു. സ്നേഹിച്ചാണു് അരവിന്ദാക്ഷൻ ജനങ്ങളെ ഭരിച്ചതു്. അരവിന്ദാക്ഷനുമായുള്ള വേഴ്ചയിൽ ചാക്കാശ്ശേരി പലരെയും സഹായിച്ചിട്ടുണ്ടു്. വീണമല്ലപ്രഭു എന്ന ഒരു കൊങ്കണബ്രാഹ്മണനാണു പണിക്കരുടെ ഉററശത്രു. വീണമല്ലൻ കുടമാളൂരെ പ്രധാന പണവ്യാപാരിയാണു്. പ്രഭുസ്ഥാനം ചെമ്പകരാജദാനമാണു്. ഒരുകമ്പിളം സ്വർണ്ണനാണയം തിരുമുൻപിൽ കാഴ്ചവച്ചാൽ ആർക്കും 'പ്രഭു' സ്ഥാനം കിട്ടും. ഇപ്പോഴത്തെ എം. ആർ. എ. എസ്സു-മായി ഇതിനു സാമ്യമുണ്ടു്. ആദ്യം കുടമാളൂർ വന്നുചേർന്ന കൊങ്ങിണി 'മല്ലെ'നെന്നൊരാളാണു്. ശർക്കരക്കച്ചവടത്തിനു വന്നിരുന്ന മല്ലൻ ഒടുവിൽ കുടമാളൂർ വാസംതുടങ്ങി. 'കീണം' ശർക്കരക്കുവേണ്ടി നാടുവിട്ട 'മല്ലനെ', വീണമല്ലനെന്നു കുശവർ വിളിച്ചുവന്നു. അക്കാലങ്ങളിൽ സ്വദേശംവിട്ടു കുടിയേറിപ്പാർക്കുന്ന വിദേശികളെ 'വീണവർ' എന്നു വിളിച്ചിരുന്നത്രെ. ഒരു മുഴുത്ത പണവ്യാപാരിയായി

ട്ടാണു വീണമല്ലനെ ലോകരറിയുക. കടവയറും സുലഭമായി. 'വെണ്ണ'ത്തിനു തക്ക ബഹുമാനം ആർജ്ജിക്കാനാവാം 'സ്വർണ്ണം' തിരുമുൽക്കാഴ്ചവച്ചു് 'പ്രഭു'പദം വാങ്ങിയത്രേ. പണിക്കരുമായി കയർക്കുമ്പോളെല്ലാം മണിയാകരൻ വീണമല്ല പ്രഭുവിനെ നിയന്ത്രിച്ചു് ഇരുവരേയും രഞ്ജിപ്പിക്ക പതിവാണു്.

അരവിന്ദാക്ഷനുണ്ണിയെ മണിയാകരനായി ഉയർത്തിക്കൊണ്ടു് ചെമ്പകരാജൻ രാജമണിമഞ്ചം വിട്ടു; ഏതാനും അടികൾ മുൻപോട്ടുവന്നു തിരുവുള്ളമായി 'മണിയാകരൻ പിടിക്കണം അററത്തു്, ആനവാതുക്കൽതന്നെ കിടക്കട്ടെ ഈ കരിങ്കല്ലു്' എന്നു പറഞ്ഞു കടമാളൂർ പള്ളിയുടെ പ്രധാനവാതുക്കൽ ഇന്നും കാണുന്ന കരിങ്കല്ലു സ്ഥാപിച്ചു. പൗരാണികചരിത്രാന്വേഷകർ, ചെമ്പകനെവിടെ എന്നും, മണിയാകരനിവിടെ എന്നും സ്മരിച്ചു കല്ലിൽ കടിച്ചാൽ കുഴി തെളിയും. സമയത്തെ ജയിച്ചുകൊണ്ടീകരിങ്കല്ലു് ഏതെല്ലാം മാററങ്ങൾ കണ്ടിരിക്കണം! ആരുടെ ഒക്കെ കാലടികൾ ഇതിൽ പതിഞ്ഞിട്ടുണ്ടാവാം. ആളു മാറിമാറി ചവിട്ടുന്നുണ്ടു്; കല്ലിതുകൊണ്ടൊന്നുമിളകാതെ കിടന്നിടത്തുതന്നെ കിടക്കുന്നു. മണിയാകരത്വ'സ്മാരകമായി നട്ട ഈ കല്ലു് ഇന്നിതാ ചെമ്പകശ്ശേരി 'രാജത്വ'ത്തിന്റെപോലും സ്മാരകമായിത്തീരുന്നു. തദനന്തരം ചെമ്പകരാജൻ ചെമ്പകശ്ശേരി അരമനയിലേക്കും, മണിയാകരൻ മേളവിലാസത്തേയ്ക്കും സപരിവാരം യാത്രതിരിച്ചു.

---

## അദ്ധ്യായം ൯

# ഇന്നത്തെ കുടമാളൂർ

---

മുൻ അദ്ധ്യായത്തിൽ നാം കണ്ട കുടമാളൂരല്ല ഇന്നു നാം കാണുന്ന കുടമാളൂർ. മഹൽസ്ഥാപനങ്ങളേയും അവയെ സ്ഥാപിച്ച മഹാന്മാരേയും കീർത്തിച്ചുകൊണ്ടാണു് ചരിത്രകാരന്മാർ രംഗത്തു വരുന്നതു്. റോമൻ സാമ്രാജ്യത്തെ പുരസ്കരിച്ചുള്ള ചരിത്രമെഴുതി ഗിബൺ പേരെടുത്തു. ജോസഫ് ആബെട്ട് നെപ്പോളിയൻ ചക്രവർത്തിയുടെ ജീവചരിത്രമെഴുതി കീർത്തിമാനായി. ഇങ്ങനെ, ഗംഭീരങ്ങളായ സംഭവങ്ങളേയും അവയെ നിയന്ത്രിക്കുന്ന വീരരേയും വർണ്ണിച്ചുകൊണ്ടാണു മുഖ്യഎഴുത്തുകാരും അതിജീവിക്കുന്നതു്. പിതാക്കന്മാരിലുള്ള ഭക്തിനിമിത്തമോ ഏകാന്തവാസത്തിൽ നിന്നും മുക്തി പ്രാപിപ്പാനോ, എന്തിനെങ്കിലുമാകട്ടെ—ലോകക്കളത്തിൽ പ്രവർത്തനമാരംഭിക്കുന്നതിനു മുൻപു് എന്റെ ആശയങ്ങളെ ലോകത്തിനു സമർപ്പിക്കെണമെന്നു ഞാൻ തീർച്ചയാക്കി. ഒരു മൂലയിൽനിന്നും ഏതെങ്കിലും വിഷയത്തെപ്പററി പ്രസംഗിക്കുന്നതുകൊണ്ടു് ഇന്നത്തെ ലോകത്തിനു് എന്തെങ്കിലും കാര്യമായ പ്രയോജനം വരുന്നതല്ലെന്നുള്ള പരമചോദ്യത്തോടുകൂടി, അപൂർണ്ണമായിട്ടെങ്കിലും ഞാനാരെന്നു് ലോകരറിയണം—ലോകത്തെ അറിയിക്കണം എന്നുള്ള ആദർശമൊന്നിനാൽ മാത്രം പ്രേരിതനായി, കുടമളൂരിന്റെ ആധുനികചരിത്രം ഇങ്ങനെ ഞാൻ എഴുതും. കവി, കവിത

യിൽനിന്നും, എഴുത്തുകാരൻ ഗ്രന്ഥത്തിൽനിന്നും അകന്നുനിൽക്കുമെന്നു് എനിക്കു് ഒരിക്കലും വിശ്വാസമില്ല. എന്നെ ഞാൻ അറിയുന്നതുപോലെ മററാരും ഒരിക്കലും ഒരുനാളും അറിഞ്ഞിരിപ്പാൻ ഇടയില്ലെന്നും എനിക്കറിയാം. തന്നെത്താനറിയുക എന്നതു് എന്നാൽ ആവതു് ഞാൻ ശ്രമിച്ചിട്ടുണ്ടു്. ആത്മപ്രശംസ അസ്ഥാനത്തു് ദോഷകരമെങ്കിലും സ്ഥാനത്തതു് നന്മയാണു തൎക്കമില്ല. എന്നുതന്നെയുമല്ല സ്ഥാനത്തുള്ള ആത്മപ്രശംസ ഒരു പക്ഷെ മിക്കവരും വിചാരിക്കുന്നപോലെ ഭത്സനീയമായാൽതന്നെ, ആത്മപ്രശംസ, മുഖസ്തുതിയേക്കാറം പരമോൽകൃഷ്ടമെന്നും എനിക്കു് ശക്തിയായ ബോധമുണ്ടു്.

കേവലം ഒരു കുഗ്രാമം മാത്രമായി ഞാൻ ജീവിക്കുന്ന ഇന്നത്തെ കുടമളൂർ നിലകൊള്ളുന്നു. ഇവിടെ ജനിച്ചുവളൎന്ന എന്റെ പൂൎവ്വികരുടെ വസ്തുവകകളിൽ ഒരവശിഷ്ടമായ പിതൃസ്വത്തിൽ അർപ്പൂക്കരയുടെകിഴക്കുഭാഗത്തു് ജീവിക്കുന്ന എന്റെ, ഈ എളിയ സംരംഭം—വൻപട്ടണവാസികറംപോലും സസന്തോഷം സ്വാഗതം ചെയ്യുമെന്നാണു് എന്റെ പ്രതീക്ഷ. സുപ്രസിദ്ധങ്ങളായ സ്ഥലങ്ങളെ വൎണ്ണിക്കാൻ തടിച്ചുകൊഴുത്ത എഴുത്തുകാർ ജീവിച്ചിരിക്കെ, എളിയ ഒരു ഗ്രാമത്തെ ചുവടായിക്കരുതി, അല്പനായ ഞാൻ എഴുതുന്ന ഈ കുഞ്ഞുചരിത്രമെങ്കിലും ഈ ചെറുഗ്രാമത്തെ ലോകദൃഷ്ടിയിൽകൊണ്ടുവരാൻ സാധിച്ചാൽ ഭാഗ്യവുമായി. ഇക്കാരണങ്ങളാൽ ഒരു നോവലെഴുത്തുകാരനുള്ള സ്വാതന്ത്ര്യങ്ങളെല്ലാമുപയോഗിച്ചു്, കുടമാളൂരിന്റെ ഇന്നത്തെ സ്ഥിതി എന്തെന്നു വിവരിക്കാം. പഴയ കുടമാളൂരിന്റെ യാതൊരു പ്രതാപവും ഇന്നത്തെ കുടമാളൂർ എങ്ങും കണികാ

ണ്മാനില്ല. ചെമ്പകരാജകുമാരന്മാരെം ചെറുമണിയാകരന്മാരൊ തത്തൽപ്രഭയിൽ കാണുന്നില്ല. അമ്പലപ്പുഴ രാജ്യത്തിന്റെ കേന്ദ്രസ്ഥാനമായ കുടമാളൂർ പട്ടണവും, ചെമ്പകശ്ശേരി രാജകൊട്ടാരങ്ങളും, മണിയാകര സൗധങ്ങളും ശേഷിച്ചിട്ടുണ്ടെങ്കിൽ, പുരാതന ചരിത്രാന്വേഷികളായ ചുരുക്കം ചില യുവാക്കന്മാരുടെ സ്മൃതിപഥത്തിൽമാത്രം. കോട്ട കൊട്ടാരങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു നാമാവശേഷമായി. കുടമാളൂർ കേവലം ഒരു കുഗ്രാമംമാത്രം. നെപ്പോളിയൻ മനഞ്ഞെടുത്ത വീരയോദ്ധാക്കൾ (old guard) എങ്ങനെ അദ്ദേഹത്തോടൊപ്പം തിരോധാനംചെയ്തുവൊ, അതുപോലെ 'മണിയാകരത്വവും' ചെമ്പകശ്ശേരിയോടുകൂടി ലോകരംഗത്തുനിന്നും അപ്രത്യക്ഷമാകുന്നു. മണിയാകരസന്താനങ്ങളുടെ ശാഖകളും, ഉപശാഖകളും ധാരാളം കാണുന്നുണ്ടെങ്കിലും ഇവരുടെ എല്ലാം മൂലതറവാടായ മേളവിലാസം കൊട്ടാരംപോലെതന്നെ ഇടിഞ്ഞുപൊളിഞ്ഞു മൺ നിരപ്പായി കിടപ്പുണ്ടു്. ചിന്നിച്ചിതറിക്കിടക്കുന്ന മേളവിലാസ അംഗങ്ങളെ ഏകനായകത്വത്തിൻകീഴിൽ ഒന്നിപ്പാൻ ത്രാണി ആ കുടുംബാംഗങ്ങളിൽ ആർക്കുമെട്ടു ഉണ്ടെന്നും തോന്നുന്നില്ല. രാജവാഴ്ച ഇല്ലെങ്കിലും ചെമ്പകരാജന്റെ അരുമസന്താനങ്ങളാണു് ഇന്നും ചെമ്പകശ്ശേരിമഠത്തിൽ കുടികൊള്ളുന്നതു്. 'രാജത്വ'മെന്നപോലെ 'മണിയാകരത്വ'വും മണ്ണോടുമണ്ണു ചേർന്നു' വെണ്ണീറായെങ്കിലും മണിയാകരകുടുംബാംഗങ്ങൾ കുടമാളൂർ, ആർപ്പൂക്കര എന്നീ പ്രദേശങ്ങളിൽ ധാരാളമുണ്ടു്. ഈ കുടുംബത്തിൽപെട്ട ഒന്നുരണ്ടു് അംഗങ്ങൾ പൂർവ്വസ്മരണകളിലാണ്ടു പ്രവർത്തനരംഗം കാണാതെ സുഷുപ്തിയിൽ ലയിച്ചിരിക്കുന്നതായും ഒളിഞ്ഞിരുന്നു

ഉറക്കെ ചിന്തിക്കുന്നതായും ഞാനും പറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ അവരെ കണ്ടു പരിചയമില്ല. ഒരു കാലത്തു സമ്പൽസമൃദ്ധിയുടെ മൂർദ്ധാവിൽ ഒരു തിലകമെന്നോണം പരിലസിച്ചിരുന്ന കുടമാളൂർ, ഇന്നിതാ ദാരിദ്ര്യദേവത ചെംരിയും വേതനവുംപററി ദിവസങ്ങഠം കരഞ്ഞുകളയുന്നതു നാം കാണണം.

ഇന്നത്തെ 'കുബേരനെ' നാളത്തേ 'കുചേ'ലനാക്കുന്ന ജീവിതരഹസ്യം പഠിക്കുക—ക്ഷിപ്രസാദ്ധ്യമല്ലതു്. ഭൂമി കേവലം ഒരു സത്രമാണെന്നുള്ള അഭിപ്രായം സ്വീകാര്യമൊ? സത്രമാണെങ്കിൽ സഞ്ചാരമദ്ധ്യേ പാന്ഥരായി ഇവിടെ ഓടിക്കൂടുന്ന ആരെയെല്ലാം നാം കണ്ടു? ആരെയെല്ലാം കാണുന്നു—ആരെയെല്ലാം കാണേണ്ടിയുമിരിക്കുന്നു? റോമൻ സാമ്രാജ്യസ്ഥാപകനായ ജൂലിയസ് സീസർ എവിടെ? യൂറോപ്പിനെ കിടുകിട വിറപ്പിച്ച നെപ്പോളിയൻ എവിടെ? മുസ്സോളിനി ജീവിച്ചിരുന്നതായിപ്പോലും ഭാവി ലോകം സംശയിക്കുകില്ലെന്നുണ്ടോ? അലക്സാണ്ടരും ചാർലുമെയിനും കല്പിതകഥാപാത്രങ്ങളാണെന്നു് വാദിക്കുന്നവരും ഇന്നില്ലേ? ബേർലിൻ പട്ടണമദ്ധ്യത്തുനിന്നുകൊണ്ടു വിപൽശക്തികളോടു ഗംഭീര സ്വരത്തിൽ ഗർജ്ജിക്കുന്ന അഡോൽഫ് ഹിററ്ലർ ക്രമേണ വളന്നുവന്നു് ലോകത്തെ അമ്മാനമാട്ടുമെന്നു് ഇന്നു ഞാൻ പറഞ്ഞാൽ വിശ്വസിപ്പാൻ ആരുണ്ടു്? മ്റാബൊ, വൂംസി, ഗ്രീഗോറിയസ് മാർപാപ്പാ, ഷെക്സ്പീയർ, മഹമ്മദ്, ലൂതർ, അശോകൻ, ബുദ്ധൻ, ആരുടെ അഭിനയങ്ങളെല്ലാം കണ്ടതാണീലോകം? ഇന്നു ലോകത്തിനുള്ളപോലെ ജ്ഞാനംതുക്കുണ്ടു്? ഭൂമിയെതന്നെ ഒരു

ചരിത്രകാരനായിവിവക്ഷിക്കുന്നപക്ഷം, പൊട്ടക്കഥകൾ നിർമ്മിക്കുന്ന എത്ര എത്ര ചരിത്രകാരന്മാരെ ത്യാജ്യകോടിയിൽ നാം തള്ളണം. 'ലോകം' ചമച്ചിട്ടുള്ള ചരിത്രം ഗ്രഹിപ്പാൻ ത്രാണിയും സമയവും ഇന്നാർക്കുണ്ട്? ഇത്തരമൊരു ചരിത്രം സംഭവ്യമെന്നു വന്നാൽത്തന്നെ അതിൻെറ ഏതെങ്കിലും ഒരുമൂലയെപ്പററിമാത്രം സവിസ്തരം പഠിച്ചാൽ മതിയെന്നു മിക്ക സർവകലാശാലകളും അനുശാസിക്കാനെളുപ്പമില്ലേ? തത്വാന്വേഷകനായ ഞാൻ സർവകലാശാലകളെപിടികൂടി. കുടമാളൂരിൻെറ ചരിത്രമെഴുതേണ്ട ഞാൻ ഗോളമാസകലം പര്യടനം നടത്തുന്നതും ക്ഷമിക്കണം. ഒരു കാര്യത്തിന് തുനിഞ്ഞിറങ്ങുന്നവൻ അതോടുകൂടി പല കാര്യങ്ങളും പ്രശസ്തമാംവണ്ണം നിർവഹിക്കുന്നതു ശ്രേയസ്കരമല്ലെന്നുണ്ടോ?

കഥാനായകനായ മണിയാകരൻ ഇന്ന് സൂക്ഷ്മാവലോകനംചെയ്കയിൽ, ചെമ്പകരാജനാൽ സ്ഥാപിതമായ കുടമാളൂർ മരിയദേവാലയംമാത്രം അവശേഷിച്ചിട്ടുള്ളതായി കണ്ടു. പള്ളിമേടയും പള്ളിയുടെ പ്രധാനവാതുക്കലുള്ള കല്ലും അതിലുള്ള ലിഖിതങ്ങളും അദ്ദേഹം പരിശോധിച്ചിരിക്കണം: നവംനവങ്ങളായ പരിഷ്ക്കാരങ്ങൾ കാലാനുസരണം വളരണം, വളർത്തണമെന്നുള്ള അഭിപ്രായമാണ് അദ്ദേഹത്തിനുള്ളതു്. തൻെറ സ്നേഹിതൻ ലോനപ്പൻെറ അഭിപ്രായം മറെറാന്നല്ല. ഒരു ദിവസം ലോനപ്പൻെറ കുടമാളൂർ പള്ളി ഭരണാധികാരി (വികാരി) തോബിയാസ് കണ്ണങ്കളവുമായി നടന്ന സംഭാഷണം ശ്രവിക്കുന്ന വായനക്കാർ നന്മയും തിന്മയുമായി, പകലും രാത്രിയുമായി, ജ്ഞാന

വും, അജ്ഞതയുമായി, ഇരുളും വെളിച്ചവുമായി ലോകാരംഭംമുതൽ നടന്നതും നടക്കുന്നതുമായ സമരം മനസ്സിലാക്കാം.

ലോനപ്പൻ:—തുറന്നു പറയുന്നതു് ബഃ അച്ചൻ ക്ഷമിക്കണം. ഇന്നു കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന ഇടവക യോഗങ്ങളെല്ലാം തട്ടിത്തകൎത്തു് പുതിയ ഭരണസമിതികൾ സ്ഥാപിതമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പഴഞ്ചന്മാരുടെ ഇടവകഭരണം ഇന്നത്തെ ലോകത്തിനു പററിയതല്ല. എൻെറ അഭിപ്രായം ക്രൂസലെന്യേ ഞാൻ പറയുന്നതു കേട്ടാൽ കിളവൻ കേരളം ഒന്നടങ്കം എന്നെ വിഴുങ്ങാൻ വിരണ്ടുതുടങ്ങുമെന്നു് എനിക്കറിയാം. എന്നു കരുതി ഒതുങ്ങി പാൎപ്പാൻ ഭീരുത്വമെനിക്കില്ലതാനും. പരിഷ്കാരങ്ങൾ ക്രമേണ മാത്രമേ വരുത്തേണ്ടതൊള്ളൂ—എടുത്തുചാട്ടം ഒരിടത്തും നന്നല്ല—എന്നൊക്കെ ഞാനും സമ്മതിക്കാം. അഴിമതി ലോകത്തിന്നു് നടമാടുകയാൽ ലോകത്തേ വിഴുങ്ങിക്കൊണ്ടുള്ള ഒരു പുതു വ്യവസ്ഥിതി ഇടവകഭരണത്തിനു് അത്യന്താപേക്ഷിതമാണു്.

തോബിയാസ്:—എനിക്കു തോന്നുന്നില്ല. ഇതൊക്കെ വേദമില്ലാത്ത ഇംഗ്ലീഷ് പഠിച്ച ലോനപ്പനേപ്പോലുള്ളവൎക്കുമാത്രം ചേരും—വല്ല ഭ്രാന്തന്മാരും ലോനപ്പൻ പറയുന്നതു ശരിയെന്നും പറഞ്ഞേക്കാം. ബുദ്ധിയുള്ളവരാരും സമ്മതിക്കയില്ല. ലോനപ്പനേക്കാൾ മണിയാകരനു് ഇക്കാൎയ്യത്തിൽ കൂടുതൽ ഭ്രമമുണ്ടെന്നു പറയുന്നതു വാസ്തവമൊ?

ലോനപ്പൻ:—മണിയാകരൻ പ്രവൎത്തനത്തട്ടിൽ കയറുന്ന ക്ഷണം ഇന്നത്തെ ഇടവകഭരണം ഉടയും, ഉടയ്ക്കും എന്താണിത്ര സംശയം. അസ്സംപ്ഷോലുള്ള അദ്ദേഹത്തിൻെറ പ്രഭാഷണത്താൽമാത്രം ചിത്രശലഭങ്ങൾ കണക്കെ, ജനങ്ങൾ ഓടിക്കൂടും. പഴഞ്ചൻ യോഗങ്ങൾ നിറുത്തി, പുതിയ ഇടവകയോഗങ്ങൾ പ്രവൎത്തനമാരംഭിക്കുന്നതു് അച്ചൻ കാണും. അച്ചനെ കാട്ടും. കോളു് ഉണ്ടോ എന്നു ചിലർ മുക്കിലും മൂലയിലുമിരുന്നു കലമ്പുന്നതറിയാം. വലിയ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നവരെല്ലാം കിറുക്കന്മാരാണെന്നു സാധാരണ ലോകർ പഴിക്കുക പതിവാണു്. കിട്ടേണ്ട ഇടിമൎമ്മസ്ഥാനങ്ങളിലേൾക്കുമ്പോൾ മഹാന്മാരുടെ വില അറിയും. ആൽപ്സ് പൎവ്വതം കടന്നു് ആസ്ത്രിയ താൻ പിടിക്കുന്നതാണെന്നു് കാലേക്കൂട്ടി നെപ്പോളിയൻ പ്രചരിപ്പിച്ച വാസ്തവം ഭ്രാന്തായിക്കരുതിയ ആസ്ത്രിയാക്കാർ, അദ്ദേഹം ആസ്ത്രിയ ചുട്ടെരിച്ചപ്പോൾമാത്രം നെപ്പോളിയനത്ര ഭ്രാന്തനല്ലെന്നു മനസ്സിലാക്കുന്നു. കൊല്ലപ്പണി നടത്തുന്ന മുസ്സോളിനി ഇററലിയുടെ „നട്ടനായകത്വമേൽക്കുമെന്നു്, അദ്ദേഹത്തെ ഒരു ഭ്രാന്തനായി മാത്രം വീക്ഷിച്ചിരുന്ന സ്ഥിതിസമത്വവാദികൾ കരുതിയിരുന്നില്ല. ആരുടെ എല്ലാം ഭത്സനങ്ങൾ സഹിച്ചാണു് അദ്ദേഹം അധികാരം കൈവരിച്ചതെന്നു നോക്കണം. കോളു് ആർക്കെന്നറിവാനുള്ള ദിവസങ്ങൾ വന്നുപിറന്നു. പ്രേരകശക്തിക്കു് നിദാനമായ മനുഷ്യൻ ഗംഭീരപ്രവൎത്തനങ്ങളുമായി അടർക്കളത്തിലിറങ്ങുമ്പോൾ വിപരീതശക്തികളുമായി എതിരിടണം. നീതി

സൂൎയ്യനെന്നോണം ശോഭിക്കുന്ന മഹതീമഹാന്മാരുടെ ജീവചരിത്രം ഇതിനു തെളിവല്ലെ?

തോബി:—യൂറോപ്പിൽ ചില മഹാന്മാർ വൻകാൎയ്യങ്ങൾ നടത്തുമെന്നു കരുതി നാം നമ്മുടെ നാട്ടിൽ വിപ്ലവാദർശങ്ങൾ നട്ടുവളൎത്തണമെന്നുണ്ടോ? ഇതുകൊണ്ടൊന്നും ഒരു ഫലപ്രാപ്തിയുമില്ല.

ലോന:—ഫലിച്ചാലും ഇല്ലെങ്കിലും ഉന്നതിക്കായി പരിശ്രമിച്ചെന്നുണ്ടു്. തടസ്സങ്ങളോൎത്തു് ഓടത്തക്ക ഭീരുത്വം ഇന്നത്തെ യുവാക്കൾക്കില്ല. പതിനേഴും പതിനെട്ടും ശതാബ്ദങ്ങളിൽ ലോകത്തെ ഭരിച്ചിരുന്ന രാജശക്തിക്കു് ഘനമായ ഇടിവുതട്ടി, ഭരണം, സാവധാനം ജനങ്ങളിലേക്കു തെന്നിമാറി, ജനാധിപത്യം ലോകമാസകലം പരക്കുന്നു. തൻമൂലം ചില ഗുണങ്ങളെല്ലാം ലോകത്തിനു സിദ്ധിച്ചിട്ടുണ്ടെങ്കിലും ഗുണങ്ങളേക്കാളധികം ദോഷങ്ങളും അതോടുകൂടിവളൎന്നു, ലോകം ഒരു വലിയ പരിതാപകരാവസ്ഥയിൽ ഇന്നു് എത്തീട്ടുണ്ടു്. ഈ ദുരദൃഷ്ടത്തിൽനിന്നും ലോകത്തെ രക്ഷിപ്പാൻ കെൽപുള്ള ശക്തി ലോകത്തിന്നു് ഉണ്ടോ എന്നുകൂടി സംശയിക്കണം. ഉണ്ടെങ്കിൽതന്നെ അതു് അഭിനവലോകത്തിലെ പ്രവൎത്തനശീലരായ യുവതീയുവാക്കളിൽമാത്രം സ്ഥിതിചെയ്യുന്നെന്നു കാണാം. സ്വന്ത നാട്ടിനുമാത്രമല്ല, തദ്വാരാ അന്യനാടുകൾക്കും ഉണർവ്വു നല്കത്തക്ക പന്ഥാവുകൾ വെട്ടിത്തെളിപ്പാൻ യുവത്വം അക്ഷീണപരിശ്രമം നടത്തേണ്ട നാളുകളാണിവ. അച്ചന്റെ സഹായസഹകരണമുണ്ടെങ്കിൽമാത്രമേ അഖിലകേരള കത്തോലിക്കമഹാജനസഭയെ പൂൎവ്വവൽ അഭിവൃദ്ധിപ്പെടുത്തി,

അതിനെ ഒരു രാഷ്ട്രീയ കോട്ടയായിത്തീർപ്പാൻ നമുക്കു സാദ്ധ്യമാവൂ. സ്വന്ത നാട്ടിനുവേണ്ടി നടത്തുന്ന ഈ പരിശ്രമം മഹത്തായ ഒരു ആദർശത്തെ മുൻനിറുത്തിക്കൊണ്ടാണ്. സ്വദേശമെന്നോ വിദേശമെന്നോ ഉള്ള പ്രത്യേകത ഒന്നും അത്ര കാര്യമാക്കാതെ, തറയിൽ ചുവടുകൾ ബലമായി ഊന്നി, ഏതാണ്ടും സംരംഭങ്ങളിൽ ഭാഗഭാക്കായി, പൊതുജനസേവനം നടത്തേണമെന്ന് എനിക്കും ആഗ്രഹമുണ്ട്. ഭാരതത്തെ ഒന്നായി ഇളക്കിമറിക്കുന്ന രാഷ്ട്രീയമണ്ഡലത്തിൽ എടുത്തുചാടി കടന്ന് കളിപ്പാൻ അഭിവാഞ്ഛയുണ്ട്. പുതിയ ആശയങ്ങളെ പ്രായോഗികമാക്കാൻ വളരെ ക്ലേശങ്ങൾ സഹിക്കേണമെന്നും എനിക്കറിയാം. പൊതുജനങ്ങളുടെയിടയിൽ വിദ്യാഭ്യാസം വേണ്ടുവോളം ഇനിയും പ്രചരിച്ചിട്ടില്ലായ്കയാൽ പെട്ടെന്നൊരു സ്ഥാപനം പൊടുന്നനവെ ഇടിച്ചുപൊളിച്ച് പുതുതായി മറ്റൊന്നു സ്ഥാപിപ്പാൻ മുതിരുന്നതു് വിപ്ലവകരമെന്നും വരാം. ഇടവകയോഗങ്ങളിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള തികഞ്ഞ യുവതീയുവാക്കളെ പ്രവർത്തകന്മാരായി സ്വീകരിച്ച്, തദ്വാരാ കത്തോലിക്ക സമുദായത്തെ, ഇന്നത്തെ ചത്ത അതിന്റെ രാഷ്ട്രീയ ജീവിതത്തിൽനിന്നും തട്ടിയുണർത്തുന്നതിനുള്ള ഏകമാർഗ്ഗം കത്തോലിക്ക് കോൺഗ്രസ്സ് പാടെ പരിഷ്കരിക്കുക എന്നുള്ളതാണ്. കിഴവന്മാരേയും പഴഞ്ചൻ ആശയങ്ങളേയും കരുണയെന്യേ ചവിട്ടിത്തള്ളി പൊടിപ്പുള്ള യുവതാം കുതിച്ചുപാഞ്ഞു് ലോകം പിടിച്ചടക്കാൻ ഒരുമ്പെടുന്ന ആണ്ടുകളാണിവ.

## അദ്ധ്യായം ൧

# ഒരു പ്രഭാഷണം

---

**ഡോക്ടർ** ലോനപ്പനെ കൂടുതൽ പരിചയപ്പെടാം. അദ്ദേഹം എം. ബി., ബി. എസ്സ്. പാസ്സായി പേരെടുത്ത ഒരു ഡോക്ടരാണ്. യുവാക്കളുടെ നടുവിൽ പ്രശസ്തസ്ഥാനം ബാല്യത്തിലെ അദ്ദേഹം കരസ്ഥമാക്കി. ചെറുപ്പമെങ്കിലും വൈദ്യവിഷയത്തിൽ അതിനിപുണനാണ്. ശീലകോലാദികളിൽ സാമ്യമുള്ളവർ തമ്മിലുള്ള സ്നേഹം ശാശ്വതമായിരിപ്പുന്നാണല്ലോ. ആകൃതിയിൽ ലോനപ്പൻ അപരനുമായി സാമ്യമുണ്ടെന്ന് ഇരുവരെയും കാണുന്നവർക്കൊക്കെ ബോദ്ധ്യമാകും. അവരിരുവരും ആത്മമിത്രങ്ങളുമാണ്. അപരന്റെ അലറിക്കൊണ്ടിരുന്ന ഹൃദയത്തെ, സദാ ചൊരിയുന്ന അദ്ദേഹത്തിന്റെ മൃദുമന്ദഹാസം മറയ്ക്കുന്നെങ്കിൽ, പുച്ഛം കലർന്ന പുഞ്ചിരിയാൽ ജന്മനാ തനിക്കുള്ള ഗൗരവം ലോനപ്പൻ ഒളിക്കുന്നുമുണ്ട്. ഒരു തണ്ടിൽ രണ്ടു പൂക്കളെന്നോണം ആ യുവസ്നേഹിതന്മാർ ജീവിച്ചു. എളുപ്പിൽ ലോനപ്പൻ, മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് എം. ബി., ബി. എസ്സ് പാസ്സായത് ഈക്കൊല്ലമാണ്. അദ്ദേഹം മദ്രാസിൽ ഹൗസ് സർജനായി ജോലി നോക്കുമ്പോളാണ് അദ്ദേഹത്തെ കോട്ടയം ഡിസ്ട്രിക്ട് ഹോസ്പിററൽ സീനിയർ സർജനായി നിയമിച്ചത്. വൻപിച്ച കൊമ്പനുപോലും പാസ്സായാലുടൻ ജോലി കിട്ടാൻ വിഷമമുള്ള ഈക്കാലങ്ങളിൽ, യാതൊരു ബുദ്ധി

മുട്ടുകളും കൂടാതെ മാന്യമായ ഒരു ഉദ്യോഗം അദ്ദേഹത്തിനു ലഭിക്കുന്നതിൽ ലോനപ്പനോടുകൂടി നമുക്കും ആനന്ദിക്കാം. ഒരുവൻ യോഗ്യനെന്നോ, അയോഗ്യനെന്നോ, സ്വദേശിയെന്നോ, വിദേശിയെന്നോ, എന്നിങ്ങനെയുള്ള നോട്ടം വൈഷമ്യമെന്നു കരുതുന്നതുകൊണ്ടായിരിക്കാം ഉദ്യോഗദാനവിഷയത്തിൽ ഇൻഡ്യ ശ്രീപാൾകാംക്കു ഒരു മഹൽസ്ഥാനം നൽകുന്നതു്. ലോനപ്പന്റെ യോഗബലത്താലോ മദ്രാസ് ഗവർണ്ണരുടെ ശുപാർശയുടെ ശക്തിയാലൊ എന്തൊ ലോനപ്പനും മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ പ്രവേശനം ലഭിച്ചു. മെഡിക്കൽ കോളേജിൽ പഠിക്കുമ്പോൾ, അദ്ദേഹം പല സമ്മാനങ്ങളും കീർത്തിമുദ്രകളും നേടി. തിരുവിതാംകൂർ ഗവൺമെൻറുവക സ്കോളർഷിപ്പോടുകൂടി അദ്ദേഹം മെഡിക്കൽ കോളേജിൽ പഠിച്ചു. സുപ്രസിദ്ധനായ ഡോക്ടർ പറഞ്ചിപ്പൈയ്, തന്റെ വാത്സല്യശിഷ്യനായ ലോനപ്പനെ തന്നോടുകൂടി പാർപ്പിച്ചിരുന്നു. ഹൗസ് സർജനായി പരിശീലിച്ചുവരവെ മദ്രാസ് ഗവർണ്ണരുടെ പുത്രി മിസ് ഗ്ലോറിയാ ദീനത്തിലകപ്പെട്ടു. വിവരം ലോനപ്പൻ തന്റെ പ്രിയഗുരു ഡോക്ടർ പറഞ്ചിപ്പൈയിൽനിന്നും ഗ്രഹിക്കുന്നു. മദ്രാസിലുള്ള സകല ഡോക്ടർമാരും ശുശ്രൂഷിച്ചിട്ടും മിസ്. ഗ്ലോറിയായുടെ ആലസ്യം കുറയുന്നില്ലെന്നു് ലോനപ്പൻ മനസ്സിലാക്കി. തൽക്ഷണം രോഗിണിയെ ചെന്നുകണ്ടു. ഒററനോട്ടത്താൽമാത്രം മിസ് ഗ്ലോറിയായുടെ ദീനവിവരം മനസ്സിലാക്കുന്ന ഡോക്ടർ ലോനപ്പൻ, ഗവർണ്ണരുടെ സമ്മതപ്രകാരം തൽക്ഷണം, ട്ടുതിയിൽ ശസ്ത്രക്രിയ നടത്തി രോഗിണിയെ സുഖപ്പെടുത്തി. ഗവർണ്ണർ, സ്വപുത്രി മിസ്. ഗ്ലോറിയാ സുഖം പ്രാപിച്ചതാൽ അതീവസന്തുഷ്ടനായി ലോനപ്പനെ

ബ്രി. സർവീസിലേക്ക ശുപാർശചെയ്യേങ്കിലും അദ്ദേഹം സ്വന്ത രാജ്യത്തെ സേവിക്കുന്നതായി നാം കാണുന്നു. കോട്ടയത്തെത്തി ചാർജ്ജ് എടുത്തു. രാഷ്ട്രീയ ജ്ഞാനസമ്പാദനം കൂടി ഉദ്ദേശിച്ചാണ് ലോനപ്പൻ മദ്രാസിൽ ഹൗസ് സർജനായത്. വിദ്യാർത്ഥി കാലത്തും രാഷ്ട്രീയ കാര്യങ്ങളിൽ ഏർപ്പെടുന്നതിനു അധികാരികൾ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. രാഷ്ട്രീയസംരഭങ്ങളിൽ വിദ്യാർത്ഥികൾ മൂകഭാവം നടിക്കണമെന്ന അനുശാസനം അദ്ദേഹത്തെ പലപ്പോഴും അലട്ടിയിട്ടുണ്ടു്. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരാണെന്നു സമ്മതിക്കുന്ന യാഥാസ്ഥികർ, രാഷ്ട്രീയപ്രവൎത്തനങ്ങളിൽനിന്നും വിദ്യാർത്ഥികളെ അകററി നിറുത്തുന്നതിലുള്ള അർത്ഥമില്ലായ്മ ഗ്രഹിക്കാൻ വിഷമം. ഭരണനിപുണത, നയം, എന്നിവകളിൽ അല്പ ജ്ഞാനമെങ്കിലുമില്ലാതെ, ശുപാർശ ഒന്നുകൊണ്ടുമാത്രം അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുന്ന സ്ത്രീപുരുഷന്മാർ തങ്ങൾക്കും അവരുടെ രാജ്യത്തിനും വരുത്തിവയ്ക്കുന്ന വിപത്തുകൾ അവൎണ്ണനീയമെന്നു് ഭാരതചരിത്രം പഠിക്കുന്നവക്കറിയാം. ഇൻഡ്യമുഴവൻ ചുററി സഞ്ചരിച്ചിട്ടുവേണം ഉദ്യോഗത്തിൽ പ്രവേശിപ്പാൻ എന്നദ്ദേഹം കരുതി. നാം വിചാരിക്കുന്നതുപോലെ വന്നു ഭവിക്കണമെന്നില്ലല്ലോ. ലോനപ്പൻ ശസ്ത്രക്രിയ നടത്തി മിസ് ഗ്ലോറിയായെ സുഖപ്പെടുത്തി. വീണ്ടും മദ്രാസിൽ വാസം തുടന്നു രാഷ്ട്രീയ സംഗതികൾ കൂടുതലായി ഗ്രഹിക്കുന്നു. തൻെറ പ്രീയപുത്രിയെ സുഖപ്പെടുത്തിയതിൻെറ സ്മാരകമായി ഒരു വീരശ്രുംഖല ഗവൎണ്ണർ തന്നെ ലോനപ്പനു സമ്മാനിച്ചു. ഇരട്ടക്കുഴൽതോക്കു് ഇഷ്ടാനുസരണം ഉപയോഗിപ്പാനുള്ള അനുവാദവും

സിദ്ധിച്ചു. ലൈസൻസു കൂടാതെ തോക്ക് ഉപയോഗിപ്പാൻ ലോനപ്പനെ അനുവദിച്ചതിൽ, മൊട്ടുസൂചിക്കുകൂടി ലൈസൻസു വാങ്ങണമെന്നു മക്കടമുഷ്ടി പിടിക്കുന്ന ഭരണതന്ത്രജ്ഞന്മാർ പല്ലിളിച്ചേക്കാം. ഗവർണ്ണർ ഫൗസിൽനിന്നും തിരിച്ചു വാസസ്ഥാനമെത്തുന്ന ലോനപ്പനു്, അപ്പോൾ കിട്ടിയ ഒരു കമ്പിയിൽനിന്നും, ഡേവി മണിയാകരനു് ദീനമാണെന്ന വിവരമറിയുന്നു. പെട്ടെന്നു് ഒരു വിമാനത്തിൽ കയറി മേളവിലാസം നോക്കി തിരുവിതാംകൂറിലേക്കു ചീറിപ്പാഞ്ഞു. അദ്ദേഹം മേളവിലാസത്തു വന്നുചേർന്നിട്ടു് ഇപ്പോൾ പലദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം ലോനപ്പനും അപരനുമായി നടന്ന പ്രഭാഷണം നാമും അറിഞ്ഞിരിക്കണം.

ലോന:—ദുഃഖിച്ചു ഭവിക്കണമെന്നാണൊ ജീവിതോദ്ദേശ്യം? വ്യാകുലതവള്ളികളിൽ ലോകക്കളത്തിൽ എടുത്തു ചാടി കഴുത്തററം മുങ്ങണം. എന്താണു് ഒന്നും മിണ്ടാത്തതു് ?

അപരൻ:—പിതാവു മരിച്ചിട്ടിപ്പോൾ പല ആഴ്ചകളായി. എന്റെ കൈയിൽ തലയണച്ചു്, മുക്കാലും മരിച്ചിരുന്ന അദ്ദേഹത്തിന്റെ കൈയു് തണ്ടുകളാൽ എന്നെ തടവി മാർവോടണച്ചു പുണരുകയില്ലല്ലൊ കാലയവനിക്കുള്ളിൽ അദ്ദേഹം മറഞ്ഞതു്? ഞാൻ ആദ്യം കണ്ട മരണമാണിതു്. ഒരു ദീനമുറിയിൽ കയറുന്നതിനുപോലും ഭയന്നിരുന്ന ഞാൻ, സങ്കടം അതിന്റെ മട്ടുകൂടി കളയാതെ, മുഴുവൻ കുടിച്ചുതീർത്തു. പിതാവോടൊപ്പം മരിച്ചില്ലെങ്കിലും ലോകത്തിനു ചത്തവനായി ഇന്നു ഞാൻ ഇങ്ങനെ ദിവസങ്ങൾ കളയുന്നു. ഇന്നത്തേ

നിങ്ങളുടെ ആഗമനം; വീണ്ടുമെന്നെ ജീവിതമദ്ധ്യത്തിലേക്കു ക്ഷണിക്കുന്നപോലെയും തോന്നിപ്പോകുന്നു. ദുഃഖാഗ്നിയിൽ കത്തിക്കാളുന്ന എന്റെ ഹൃദയത്തെ സമാശ്വസിപ്പിപ്പാൻ സ്നേഹം നിറഞ്ഞ ഒരു ലോനപ്പനെങ്കിലുമുണ്ടെന്നുള്ള പരമാൎത്ഥം ഇന്നത്തെ നിങ്ങളുടെ ആഗമനം എന്നെ വിളിച്ചുണൎത്തും.

ലോന:—എത്ര വ്യഥകളും സഹിക്കത്തക്ക ശക്തി സമയത്തിനുണ്ടു്. സമയം സുഖമാക്കാത്ത രോഗമൊന്നും ഇഹത്തിലില്ല. സമയത്തെ ജയിപ്പാൻ ക്രൂനിസിസ്ററത്തിനുകൂടി സാദ്ധ്യമല്ല. മഹാവ്യാധികൾക്കൊക്കെ പററിയ ഒററമൂലി (Talisman) സഹിഷ്ണുതയാണു്.

അപരൻ:—സമയവൈദ്യൻ ദൈവമാണു്. സഹനപരിശീലനമാണു് ചികിത്സ. അഹോ! സഹിക്കേണ്ട ഓരോ മിനിററും ഭയങ്കരം തന്നെ ലോനപ്പാ!

ലോന:—ചുററുപാടുകളെ നിയന്ത്രിക്കുന്നതു് ശരീരമല്ല; വിപരീതശക്തികളുമായി പൊരുതുന്നതു കരുത്തേറിയ മനസ്സാണു്. ആത്മീക ശക്തികളുടെ കഴിവു നാം കാട്ടേണ്ട സന്ദർഭവും ഇതാണു്. ക്ഷീണിച്ചു ദേഹത്തിൽകുടികൊള്ളുന്ന ദേഹിയുടെ പ്രസരിപ്പു് ഊൎജ്ജിതപ്പെടുത്തേണ്ടതു് ആവശ്യമാണുതാനും.

അപരൻ:—'ആപൽസമയങ്ങളിൽ സധൈര്യംപോരാടെണമെന്നു പ്രസംഗിപ്പാൻ ആൎക്കും കഴിയും. ഞാനും ഇങ്ങനെ പ്രസംഗിച്ചിട്ടുണ്ടു്. നേരിട്ടു ചങ്കിനു

ചാഞ്ഞതപ്പോൾ 'ആവൂ!' എന്നു പറഞ്ഞു വീണ്ടും ചാരുകസാലയിലേക്കു ചാഞ്ഞു. വീണ്ടും സംഭാഷണം തുടർന്നു. 'സ്വഭവനത്തിൽനിന്നും പുറം തള്ളപ്പെട്ടവൻ, സ്വമനസ്സാലെ ദേശാടനത്തിൽ കഴിയുന്നവനെന്നു് വിശ്വസിച്ചടങ്ങുക വിഷമം. അഗ്നികുണ്ഡത്തിന്റെ നടുവിൽ നിന്നു വെന്തെരിയുന്നവൻ ഹിമകണങ്ങളുടെ നടുവിലെന്നു് എങ്ങനെ കരുതും? ക്ഷമിക്കണം. സന്തോഷം അടങ്ങിപ്പാക്കണം—സഹിഷ്ണുത പുഷ്ടിപ്പെടുമ്പോൾ ഏതു വ്യഥയും കുറയുമെന്നു് എനിക്കും അറിയാം. സഹനശീലം വാരിക്കോരി വിളമ്പുന്ന നാവുതന്നെ സഹിക്കേണ്ടി വരുമ്പോൾ—ഏതു .ഗംഭീരപുരുഷന്റെ വേദന അനുഭവിക്കുമ്പോൾ കാണാം ഭാവമാററം!

ലോന:—ദുഃഖാരിഷ്ടത ഉള്ളിലൊതുക്കി ഒതുങ്ങിപ്പാർക്കുന്നതിലാണു നമുക്കുള്ള മാഹാത്മ്യം. ക്ലേശം മനസ്സിനെ, തുരുമ്പു് തുരുമ്പിനെഎന്നവണ്ണം ദ്രണപ്പെടുത്തും. ദുഃഖിച്ചു കളയുന്ന ഓരോ മണിക്കൂറും പാഴാണു്. ഇക്കാരണത്താലാണു് മഹാകവി റോസററി തന്നെ അനുസ്മരിക്കണെ എന്നഭ്യർത്ഥിക്കുമ്പോൾ തന്നെ, പ്രസ്തുത അനുസ്മരണ ക്ലേശഭൂയിഷ്ഠമാകുന്ന പക്ഷം പെട്ടെന്നു തന്നെ വിസ്മരിച്ചും ക്ലേശം മറന്നു് പുഞ്ചിരിചൊരിഞ്ഞു് മുൻപോട്ടുതന്നെ കുതിച്ചു പായാൻ തന്റെ കവന ധാരാലോകത്തോടു് അഭ്യർത്ഥിച്ചിട്ടുള്ളതും.

അപരൻ—:പരമാർത്ഥമാണു്. റോസററി ചൊരിയുന്ന ഈ കവിത പലപ്പോഴുമെന്നെ ആനന്ദിപ്പിക്കു

ന്നുണ്ട്. എന്തിന്നു യുക്തിവാദം ? ക്ഷമയാണു ഭൂഷണം. മനുഷ്യരെപ്പററി ചിന്തിക്കുന്നവക്ക് ഇഹലോകവാസം ആനന്ദപ്രദമെന്നു തോന്നിയേക്കാം. സന്തോഷരസമാംന്നിറകുടം തുളുമ്പുന്ന ഒരു നാടകമായി ജീവിതത്തെ ഇക്കൂട്ടർ വ്യാഖ്യാനിച്ചെന്നുംവരാം. അഹഹം! എന്നാൽ വാസ്തവം എത്രയോ വ്യത്യസ്തമാണ്. ഇടവിടാതുള്ള അലച്ചിലുകളിൽ തകൻു ജീവിതം തുടരുന്ന മനുഷ്യൻ, ഭൂമിയാണു നരകമെന്നു കരുതുമെങ്കിൽ എന്താണിത്ര അത്ഭുതം? മഖസ്തുതി, വഞ്ചന, കൂട്ടക്കൊല എന്നിവ ഓരോന്നും ഒന്നിച്ചും ഒററതിരിഞ്ഞും നടമാടി, നിരപരാധികളെ തകർത്തുകൊണ്ടു തഴച്ചുവളരുന്ന ഒരു മഹാ ട്രാജഡി (Tragedy) യാണ് ഇന്നത്തെ ജീവിതം.

ലോനു:—ശരി. എന്നാൽ നമ്മുടെ ക്ലേശങ്ങളെപ്പററി ചിന്തിച്ച് പൊന്തിക്കയോ സുഖങ്ങളോർത്ത് മതിമറക്കയൊ നാം ചെയ്യേണ്ടതില്ല. ദൈവചിത്തത്തിന് കീഴ്പ്പെട്ട് നമ്മുടെ കടമ നിർവ്വഹിക്കുക മാത്രമാണ് സാക്ഷാൽ ജീവിതം. എന്നാൽ ഇന്നത്തെ എന്റെ ആഗമനോദ്ദേശം ഞാൻ പറയാം. ഇക്കാര്യം ശ്രവിച്ച് വേണ്ട ആനുകൂല്യങ്ങൾ ചെയ്യണം. എനിക്ക് ഇന്ന് വയസ്സ് ,ഇരുപത്തുനാലാണ്.

അപ്പര:—വളരെ സന്തോഷം. ഞാനും ലോനപ്പനോടുകൂടി സന്തോഷിക്കണം അല്ലേ ? നിങ്ങളുടെ പിറന്നാൾ എനിക്കും പിറന്നാൾ. ഇന്ന് എന്നെ കോട്ടയത്തിന് ക്ഷണിക്കരുത്. കുരനാബ്ബിയിൽ

മുങ്ങിപ്പോകുന്ന എന്റെ സമ്പർക്കംമൂലം മററു മിത്രങ്ങൾക്കു് സംശയങ്ങൾക്കിടയാകും. ഇന്നത്തെ ചടങ്ങിൽ എനിക്കും പങ്കുണ്ടു്.

ലോന:—വരണമെന്നു് നിർബന്ധിക്കുന്നില്ല. എന്നാൽ ഒരുകാര്യം ഇപ്പോൾതന്നെ തീർച്ചയാക്കണം.

അപര:—എന്താണു് കാര്യം? കേൾക്കട്ടെ. വിദ്യാഭ്യാസം കഴിഞ്ഞു. ജോലികിട്ടി, കല്യാണാലോചന തുടങ്ങി എന്നു വരാം.

ലോന:—കല്യാണ ഇടക്കാർ യുവതീയുവാന്മാരെ തേടി നടന്നു് റബ്ബർകൃഷിക്കാരേക്കാൾ മുതലെടുക്കുന്നതു് എനിക്കും അറിയാം. കൂടുതൽ പണമുള്ളിടത്തു് ഇടക്കാരും കൂട്ടം. യുവതീയുവാക്കളുടെ ആനുരൂപ്യം നോക്കുന്ന ഇടക്കാർ മൂറിന്റെ 'യുറോപ്യ' (Eutopia) യിൽ ഒളിഞ്ഞിരിപ്പുണ്ടാവാം. ഇടക്കാർ പലരെയും പറയുന്നുണ്ടു്. ഏകഭാര്യത്വമാണു് ക്രിസ്തീയ ആദർശം. അതുകൊണ്ടു് ഒന്നിനെ—ഞാൻ കോട്ടയത്തു ഒരു പെൺകുട്ടിയെ കണ്ടു.

അപര:—'കോട്ടയത്തു് ധാരാളം പെൺകുട്ടികളുള്ളപ്പോൾ ഒന്നിനെമാത്രം കണ്ടെന്നുപറവാൻ കാരണം! ഞാൻ അവിടെ പല പെൺകുട്ടികളേയും കണ്ടിട്ടുണ്ടു്. എന്നു പറഞ്ഞു ചിരിച്ചു.

ലോന:—ഞാൻകണ്ട പെൺകുട്ടി വിനാവിളംബം എന്റെ സഹധർമ്മിണിയാകണം. ആദ്യം കണ്ടപ്പോൾ തന്നെ ഞങ്ങൾ കാമിനീകാമുകന്മാരായി ചമന്നു.

അപര:—ഇത്ര പെട്ടെന്നു് നിങ്ങളുടെ ഹൃദയം കവ ൎന്നെടുത്ത സ്ത്രീ ഏതാണു്? ഒരു സ്ത്രീയുടെ ഒററ നോട്ടത്തിൽ കുടുങ്ങിയ നിങ്ങൾ ഇത്ര സാധുവോ?

ലോന:—മൃഗരും അനുരാഗത്തിൽ കുടുങ്ങി ദാമ്പത്യജീവിതം കഴിക്കുന്നതു് നാം കാണുന്നില്ലേ? പരസ്പരാനുരാഗം സംവദിച്ചുമാത്രമേ വെളിപ്പെടുത്താൻ ത്രാണിയെംള്ളു എന്നു ഞാൻ ശഠിക്കുന്നില്ല. എൻെറ അനുഭവം മറിച്ചാണുതാനും. സൈ്വരസംഭാഷണം കൂടാതെ മനുഷ്യഹൃദയത്തിനു് അനുരാഗം വളൎത്താൻ പാടുണ്ടെങ്കിൽ ചെല്ലമ്മ അവളുടെ സജീവരൂപമം കുറിക്കെന്നെ ധരിപ്പിച്ചിട്ടുണ്ടു്. കുറിക്ക ഞാൻ ധരിക്കുന്നുമുണ്ടു്.

അപ:—മിസ് ചെല്ലമ്മ! എനിക്കു് ഒരു ചെല്ലമ്മയെ പരിചയമുണ്ടു്. അവളെം മിസ്സസ് ലോനപ്പൻ? മി. വക്കപ്പെൻെറ ഏകസന്താനമാണവൾ.

ലോന:—എൻെറ പ്രണയിനി ആ മിസ് ചെല്ലമ്മ തന്നെ. മററു പെൺകുട്ടികളിൽ കാണുന്ന മിരട്ടു വിദ്യകളൊന്നും ചെല്ലമ്മക്കു പരിചയമല്ല. കണ്ട മാത്രയിൽ ചങ്കു് തുറന്നു സധൈൎയ്യം അവൾ എന്നെ സ്നേഹിക്കുന്നുണ്ടു്. അവളുടെ നിൎമ്മലതാപരിപാലിപ്പാൻ, വേണ്ടി വന്നാൽ മദ്ധ്യനൂററാണ്ടുകളിൽ യൂറോപ്പിൽ നടപ്പിലിരുന്ന നയ്ററുസംഘടന (Knights) പുനൎജ്ജീവിപ്പിച്ചു് ചെല്ലമ്മയ്ക്കുവേണ്ടി ധീരധീരം ഞാൻ സമരം ചെയ്യും.

അപ:—കാമദേവൻ അറിയാത്ത മണിക്കൂറിൽ നമ്മെ പിടികൂടും. ലോനപ്പാ, 'കട്ടിലുകണ്ടു പനിച്ചാൽ കണക്കല്ല, കിട്ടുമെന്നാകിലേ മോഹം തുടങ്ങാവൂ'.

നിങ്ങൾ തമ്മിലുള്ള സ്നേഹം സുദൃഢമെങ്കിൽ ദൈവം നിങ്ങളെ ദമ്പതികളായി ഉയർത്തട്ടെ; വിവാഹിതനല്ലാത്ത ഞാൻ മറെറന്തു ദാമ്പത്യോപദേശമാണു നിങ്ങൾക്കു നൽകുക? ചെല്ലമ്മ വേലന്തറ മാത്തുണ്ണിയുടെ സോദരപുത്രിയാണു്. ഭയങ്കര ഒരു വസ്തുതക്കം ലോനപ്പൻ നടത്തണം. മാത്തുണ്ണിയും വിടുന്നവനല്ല. പോരെങ്കിൽ അതിലും ഭയങ്കരൻ മക്കോയി മകനും. ചെല്ലമ്മ കോടതിവളപ്പിനുള്ളിൽ ജന്മനാ വളരുന്ന ഒരു പെൺകൊടിയാണു്. മയ്യാദയ്ക്കു് പകുതി സ്വത്തു തരാത്തപക്ഷം പൊരുതി നമുക്കതു സമ്പാദിക്കണം—നിരാശവേണ്ടാ. എനിക്കുള്ള സ്വാധീനശക്തി മുഴുവൻ ഞാൻ പ്രയോഗിക്കുമെന്നു ചെല്ലമ്മയോടു പറയണം. ഒരത്യാപത്തിലാണു് ലോനപ്പൻെറ ചങ്കടിഞ്ഞതു്. ചെല്ലമ്മയും താനുമായുള്ള വിവാഹം നടക്കുന്നക്ഷണം മാത്തുണ്ണിയും മക്കോയിയും നിങ്ങളെ ദ്വേഷിക്കും—അപ്പനും മകനും ഒന്നുചേൎന്നു് നമ്മെ വിഴുങ്ങാൻ വിറഞ്ഞടുക്കും. വരാൻപോകുന്ന സംഗതികൾ ഓരോന്നും പറയുന്നതിൽ ഭീരുത്വമെന്നിൽ ആരോപിച്ചുകൂടാ. വാക്കുകളേക്കാൾ കൂടുതൽ പ്രവൃത്തി എന്നിൽനിന്നും പ്രത്യാശിക്കാം. ഇന്നു പ്രവൎത്തിപ്പാനുള്ള ദിവസങ്ങളാണു്—വാക്കുകൾക്കു വലിയ പ്രാമാണ്യം ഇക്കാലങ്ങളിൽ നൽകേണ്ടതില്ല. മാത്തുണ്ണിയെ കണ്ടു ചെല്ലമ്മയുടെ വീതം പകുതി സ്വത്തു് ഭാഗിച്ചുകൊടുപ്പാൻ നേരിട്ടു ഞാൻ പറയും. പ്രതിസ്ഥാനത്തു നിൎത്തിക്കൊണ്ടു വാദി വക്കീലുമായി ക്രോസ് നടത്താൻ എന്നെ ക്ഷണിക്കരുതെന്നും ഞാൻ പറയും. രഹസ്യമായി ഉടൻ വിവാ

ഷം നടത്തണം. തോബിയാസ് കണ്ണങ്കളും മാത്തു ണ്ണിയുടെ തത്തയാണ്. തോബിയാസിന് കാനൻ ലോ (Canon law)—മാത്തുണ്ണിയാണ്. സ്വാധീന ശക്തി പ്രയോഗിച്ചുവേണം വിവാഹം നടത്താൻ. ലോനപ്പനുമായി ഏറെമുട്ടുമ്പോൾ ധർമ്മമെന്തെ ന്നു മാത്തുണ്ണി പഠിക്കും—നീണാൾ നാം തമ്മിലുള്ള ഇഷ്ടം ഇത്രപെട്ടെന്നുമറന്നു ചെല്ലമ്മയെ ചിന്തിച്ചു ദിവസങ്ങൾ കളയുന്നതു ശരിയോ? കൃതഘ്നത— ഇതു കാരണമാക്കി ലോനപ്പനെ ശത്രുവായി കരുതു വാൻ എനിക്കു ദുസ്സാദ്ധ്യമെങ്കിലും മിത്രമായിട്ടെ ട്ടെണ്ണുന്നുമില്ല—എന്നു പറഞ്ഞു വീണ്ടും ചിരിച്ചു.

ലോന:—ചെല്ലമ്മയിലുള്ള എന്റെ അനുരാഗം ഒരു റോമാൻസ് (Romance) ആണെന്ന് തെററിദ്ധരി ക്കരുത്.

അപര:—സൗന്ദര്യം നുകരുന്നതിനുമാത്രം ദിവസങ്ങൾ. പാഴാക്കുന്നവരല്ല ലോനപ്പനും ചെല്ലമ്മയുമെന്നു എനിക്കറിയാം.

ലോന:—അവിഭാജ്യമായ ഒരു കെട്ട് ചെല്ലമ്മയുമായി എന്നെ ബന്ധിച്ചിട്ടുണ്ട്. ശക്തിയേറിയ ഈ കെട്ട്. പൊട്ടിച്ചു പുറത്തുവരാൻ ഞാൻ ഇന്നും ആളല്ല തന്നെ. ചെല്ലമ്മയും ഞാനുമായുള്ള നിർവ്യാജ സ്നേഹം പ്രഖ്യാപിക്കുന്നതിനോടൊപ്പം ലോന പ്പനേപ്പോലെ മണിയാകരനെ വണങ്ങുന്ന മറെറാ രുമിത്രം ഭൂമുഖത്തില്ലെന്നും ധരിക്കണെ!

അപര:—അപൽസമയത്ത്—അത്യാപത്തുവരുമ്പോൾ നയനങ്ങൾ ഉച്ചിയിൽനിന്നു നട്ടംകറങ്ങുമ്പോൾ—

സ്നേഹിതരാരെന്നും ശത്രുക്കളാരെന്നും മനസ്സിലാക്കാം. ശത്രുവോ മിത്രമോ ഞാൻ എന്നുള്ള വാസ്തവം കാട്ടുവാനുള്ള സന്ദർഭം വന്നുകഴിഞ്ഞു, അനന്തരം അദ്ദേഹം വിചാരമഗ്നനായി നിന്നു. വീണ്ടും പറഞ്ഞുതുടങ്ങി. 'അനുരാഗത്തിൽ അകപ്പെട്ടാലുള്ള സ്ഥിതി ദയനീയമാണു് ലോനപ്പം! ചെല്ലമ്മതന്നെ എന്റെ ഒന്നാമത്തെ ലേഡിഫ്രെൻഡ് (Lady friend). കാണട്ടെ സത്യമോ അസത്യമോ ജയിക്കുന്നതെന്നു്; ധർമ്മമോ അധർമ്മമോ വിജയിക്കുന്നതെന്നു്.

ലോനു:—'മാനമ്മാളാണു് ചെല്ലമ്മയുടെ അമ്മ. ഞാൻ മാനമ്മാളിന്റെ ദീനവാൎത്ത അറിഞ്ഞതു് ഒട്ടുവിലാണു്. എന്റെ ശുശ്രൂഷയിൽ രോഗിണി മരണത്തിൽനിന്നും ദൈവസഹായത്താൽ രക്ഷപെട്ടു. മാനമ്മാളിനെ പരിചരിക്കവെ, ചെല്ലമ്മയുമായുള്ള പരിചയം സ്നേഹമായും സ്നേഹം പ്രണയമായും പകൎന്ന വാസ്തവം മറയ്ക്കുന്നില്ല. ഓരോ ദിവസവും ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ച സൂൎയ്യോദയമായും അന്നുള്ള വേർപാടു് ഇരുളായും തോന്നിത്തുടങ്ങി. ഇനി ഞാൻ നിൽക്കട്ടെ'. ലോനപ്പൻ സ്ഥലവും വിട്ടു. അല്പംകഴിഞ്ഞു് ശുഭ്രവസ്ത്രമണിഞ്ഞു് അപരനും എവിടേയ്ക്കോ ഏകനായി പോകയും ചെയ്തു. കഥയിൽ കാണുന്ന അപരൻ ആരെന്നു യഥാവസരം മനസ്സിലാകും. അവിവാഹിതരായ യുവമിത്രങ്ങൾ ഇവർ തമ്മിലുള്ള ഒരു വിവാഹാലോചനയാണു് ഇപ്പോൾ നാം വായിച്ചതു്. ഇരുവരും അനുരാഗത്തിൽ അകപ്പെട്ടവരുമാണു്. അപരന്റെ അനുരാഗസംഗതി ലോനപ്പനു് അറിഞ്ഞുകൂടാ. വിവാഹ

സംഗതി അവിവാഹിതരുമായി ആലോചിക്കുന്നതു സൂക്ഷിച്ചുവേണം. വിവാഹജീവിതത്തിൽ പ്രവേശിപ്പാൻ ഇച്ഛിക്കുന്ന യുവതീയുവാക്കൾ കടുംബജീവിതത്തിൽ തഴമ്പിച്ച സ്ത്രീപുരുഷന്മാരുടെ പ്രായോഗികജ്ഞാനം സമ്പാദിക്കുന്നതു കൂടുതൽ പ്രയോജനകരമാണു്; അവിവാഹിതനെങ്കിലും, അന്യരുടെ വിവാഹജീവിതം കണ്ടും കേട്ടും ഊഹിച്ചും ധാരാളം പരിചയം നേടുന്ന ഒരു യുവകേസരിയാണു് അപരൻ എന്നു നാം സമ്മതിക്കണം. അപരനും അനുരാഗിയെന്ന വാസ്തവം വായനക്കാർ ഗ്രഹിച്ചിരിക്കേണ്ടതാണു്. വാക്കിലും പ്രവൃത്തിയിലും വ്യക്തിത്വം പ്രദർശിപ്പിച്ചുകൊണ്ടു്, ജീവിതം തനിക്കു പ്രത്യക്ഷമാകുന്ന രീതിയിൽ വ്യാഖ്യാനിച്ചു ചുവടു തറയിലൂന്നി, വിണ്ണിനെ മണ്ണിലേക്കാകർഷിച്ചുകൊണ്ടു് സദാ മൃദുമന്ദഹാസവും തൂകി നമ്മുടെ മുൻപിൽ നില്ക്കുന്ന അപരന്റെ അതിരററ നർമ്മസേവനം ക്രമേണ നമുക്കു് അനുഭവമാകും.

---

അദ്ധ്യായം ൨

## ദേവി

---

പിതാവിന്റെ ആലസ്യമറിഞ്ഞു് എ. സി. മണിയാകരൻ ഇംഗ്ലണ്ടിൽനിന്നും വിമാനമാർഗ്ഗം പുറപ്പെട്ട വിവരവും കമ്പിമാർഗ്ഗം ലോനപ്പൻ ഗ്രഹിച്ചിരുന്നു. ഇന്നേദിവസം മേളവിലാസത്തു് രണ്ടാം ആളുകളും

വന്നും പോയുമിരിക്കുന്നു. മേളവിലാസം സ്ഥിതിചെയ്യുന്നതു കടമാളൂർ റോഡ് നീചിമംഗലം കോട്ടയം റോഡിനോട്ട് സംയോജിക്കുന്ന കടമാളൂർക്കവെലക്കു പടിഞ്ഞാറ വടക്കുവശമാണു്. റോഡിൽനിന്നും വസതിയിലേക്കു് റോഡുള്ളതുകൊണ്ടു് ബംഗ്ലാവു മുററം വരെ സൈപ്രമായിവരാം. തെങ്ങ്, പ്ലാവ്, ആഞ്ഞിലി, തമ്പകം, തേക്കു് മുതലായ വൃക്ഷങ്ങൾ തോട്ടത്തിൻെറ നാലുവശങ്ങളിലും ധാരാളമുള്ളതിനാൽ പൊടിയുടെ ശല്യമില്ല. വൃക്ഷങ്ങളെ തുടൻ നിരനിരയായി വളരുന്ന ചെടികളിൽനിന്നും ഓരോതരത്തിലുള്ള പുഷ്പങ്ങൾ വികസിക്കുന്നുണ്ടു്. ഇരുവശത്തേക്കും മലക്കെ തുറക്കാവുന്നതും വിചിത്രരീതിയിലുള്ളതുമായ ഒരു ക്രോസ് ബാർസ്പടി കടന്നാൽ മേളവിലാസമുററമെത്തും. മുററത്തു നാലുചുററും വളരുന്ന റോസ്, പിച്ചകം, മുല്ല, എന്നീ ചെടികൾ പുഷ്പങ്ങളും വഹിച്ചുകൊണ്ടു നിൽക്കുന്നതു കാണാം. മെച്ചമായി ട്രിംചെയ്ത ചെടികളുടെ ഭംഗി ചേതോഹരമെന്നേ പറയേണ്ടൂ. വാർക്രുന്തൽ ട്രിംചെയ്തു് സ്ത്രീകളുവരെ പുരുഷരാക്കുന്ന ഏതോ ബാർബർ മേളവിലാസം തോട്ടക്കാരനൊ എന്നും സംശയിക്കണം. മദ്രാസ് റവന്യൂബോർഡ് അക്വേറിയം (മത്സ്യസംഭരണ ശാല) എന്നീ സ്ഥാപനങ്ങളെ നിർണ്ണയിക്കുന്ന അക്ഷരച്ചെടികളെഴുന്നാണം 'മേളവിലാസം' പച്ചപ്പുല്ലുകളാൽ മേഞ്ഞിട്ടുള്ള കാഴ്ച കാണികളെ ഹഠാൽ ആകർഷിക്കും. ചെടികൾകൊണ്ടുള്ള ഇമ്മാതിരി വിചിത്രവേല മേളവിലാസത്തു മാത്രം കാണാം. ഓരോ ഭവനത്തിൻെറ മുൻവശത്തു് ഇമ്മാതിരി അക്ഷരച്ചെടികൾ വളത്തുന്നപക്ഷം കരാറുകാരിൽനിന്നും തടി അന്യായവിലക്കുവാങ്ങി ബോർഡുകളുണ്ടാക്കേണ്ടആവശ്യം നേരി

ടുന്നതല്ല. എന്നുതന്നെയല്ല, അക്ഷരച്ചെടിവളത്തൽ ബാലവല്ലികളിൽ അക്ഷരജ്ഞാനമുളവാക്കാൻ കൂടുതൽ പ്രയോജനകരവുമാണു്. വടക്കൻ തിരുവിതാംകൂറിൽ മേളവിലാസത്തോടൊപ്പം ഒരു കെട്ടിടമില്ല. ഇപ്പോഴുളു് പറക്കുമെന്നു തോന്നും; എന്നാൽ ഒട്ടു പറക്കുന്നുമില്ല. പാശ്ചാത്യപൗരസ്ത്യ ആദർശാനുസരണം തീർത്തിട്ടുള്ള ഒരു രണ്ടുനില കെട്ടിടമാണു മേളവിലാസം. മേളവിലാസ നിർമ്മാതാവായ ശങ്കുണ്ണി, വിശ്വകർമ്മാവിൻെറ കേരളാവതാരമാണെന്നു പരക്കെ സംസാരമുണ്ടു്. എങ്കിലും ശങ്കുണ്ണിയുടെ കയ്യുത്രാണി, രാജസ്ഥാനമെത്തിപ്പാൻ വഴികാണാതെ താൻ വലയുകയാണു്. എന്തിനേറെപ്പറയുന്നു—നവയൗവനവും വന്നതികഞ്ഞു നാൾതോറും വളരുന്ന ഒരു മഹിളാമണിയെപ്പോലുണ്ടു് മേളവിലാസം ലാലസിപ്പൂ.

കഥ ആരംഭിക്കുന്ന ഇന്നേദിനം മേളവിലാസത്തു് എന്തിത്ര ജനക്കൂട്ടം? ഗൃഹനായകൻ ഡേവി മണിയാകരൻ പ്രപഞ്ചത്തോടു് യാത്രപറഞ്ഞു പിരിയുന്ന സമയമാണു്. ആലസ്യം ഒന്നിനൊന്നു് വർദ്ധിക്കുകയാൽ തൻെറ കനിഷ്ഠപുത്രനെ കാണാനുള്ള ആഗ്രഹം മുഴുത്തു വിവരം എ. സി. മണിയാകാരനെ കമ്പിമൂലം അറിയിച്ചിട്ടുമുണ്ടു്, ഡേവിക്കു് തങ്കച്ചനെന്നും മണിയാകരനെന്നും രണ്ടു പുത്രന്മാരും അച്ചാമ്മ എന്ന ഒരു പുത്രിയുംമാത്രമേ സന്താനങ്ങളായുള്ളു. പാരമ്പര്യമെല്ലാം മറന്നു് തൻെറ രണ്ടാമത്തേ പുത്രനെ ആദ്യം മുതൽ അദ്ദേഹം 'മണിയാകരൻകുഞ്ഞെന്നു്' ഓമനപ്പേരായി വിളിച്ചിരുന്നു. തങ്കച്ചൻ കുടുംബജോലിയിൽ ഏർപ്പെട്ടു് ഡേവിയോടുകൂടി താമസിച്ചു. അച്ചാമ്മയെ തകപ്പൻ വിവാ

ഹവും ചെയ്തു. തള്ള നേരത്തെ മരിച്ചെങ്കിലും പുനർവിവാഹം നടത്താതെ തന്റെ കുത്തുങ്ങളെ പരിപാലിച്ചുകൊണ്ടു് ഡേവി ജീവിച്ചുവന്നു. ഇളയമകൻ മണിയാകരൻ ബി. എ. പാസ്സായശേഷം ബാരിസ്റ്റർ പരീക്ഷക്കു് പഠിപ്പാനായി ഇംഗ്ലണ്ടിന്നു പോയി.

തന്റെ അരപത്തഞ്ചാമത്തെ വയസ്സിലാണു് ഡേവി ദീനബാധിതനായതു്. താൻ ദീനകിടക്കയിലാകുന്നതുവരെ താൻതന്നെയാണു് സമത്ഥമാംവണ്ണം കുടുംബഭരണം നടത്തിവന്നതു്. കുടുംബഭരണാ താൻ ഏറെറടുത്തപ്പോഠം മേളവിലാസം വളരെ ശോഷിച്ചിരുന്നു. സ്ഥിരപരിശ്രമവും ആർജ്ജവബുദ്ധിയും മൂലം നല്ല സ്വത്തു്സമ്പാദിക്കുന്നതിനു് അദ്ദേഹത്തിനു് അധികനാഠം വേണ്ടിവന്നില്ല. അദ്ദേഹം പല പുതിയ സംരംഭങ്ങളിലും പ്രവേശിച്ചു് തന്റെ ധനാഗമമാഗ്ഗങ്ങളെ വെട്ടിത്തുറന്നു. ഡേവിയുടെ പ്രസരിപ്പു് യുവാക്കന്മാക്കുപോലും ഉത്തേജനം നഠംകി. പൗരസമത്വാവർഗ്ഗീയ പ്രാതിനിദ്ധ്യം, അഖിലകേരള കത്തോലിക്കു് കോൺഗ്രസ്സു് പതിഷ്കരണവിഷയത്തിൽ പ്രദർശിപ്പിച്ച വ്യക്തിത്വം, കേരളസാഹിത്യപരിഷത്തു്, പ്രായോഗിക വിദ്യാഭ്യാസപ്രചരണം, വഗ്ഗീയ പട്ടാള വിധാനം, എന്നിങ്ങനെ പല സംരംഭങ്ങളിലുമേർപ്പെട്ടു തന്റെ പ്രതിഭാവിലാസം ചൊരിഞ്ഞിരുന്ന ഒരു മഹാനാണു് ഡേവി. സമത്ഥനായ വക്കീൽ, ബാങ്കർ, തോട്ടഉടമസ്ഥൻ, പ്രജാസഭ, നിയമസഭ എന്നിവയുടെ കോട്ടയം പ്രതിനിധി എന്നീനിലയിലും അഖിലകേരള കൃലീസംഘാദ്ധ്യക്ഷനെന്നനിലയിലും, നാട്ടിനും നാട്ടാക്കും വേണ്ടി അദ്ദേഹം ആവോളം പ്രയത്നിച്ചിട്ടുണ്ടു്. ശ്രീമൂലം

പ്രജാസഭ, നിയമനിർമ്മാണസഭ, എന്നീ രാഷ്ട്രീയ സമിതികളിൽ അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ സ്വരം മണിനാദംപോലെ മുഴങ്ങി രാജ്യമാസകലം മാറ്റൊലികൊണ്ടു. രാജ്യത്തിന്റെ വിപൽഘട്ടങ്ങളിൽ പലപ്പോഴും അദ്ദേഹം ചങ്കുതുറന്നു് രാജ്യസേവനം നടത്തിയിട്ടുണ്ടു്. അദ്ദേഹമാണിപ്പോൾ അന്ത്യശ്വാസം വലിക്കുന്നതു്. ഡേവി ദൈവവുമായി കണക്കു്പറഞ്ഞൊതുങ്ങുന്ന മണിക്കൂറുകളാണിവ.

ലോനപ്പൻ രോഗിയെ മുറയ്ക്കു ചികിത്സിച്ചുതുടങ്ങി. തന്റെ ചികിത്സയിലും ദീനത്തിനു് സാരമായ കുറവൊന്നുംകണ്ടിരുന്നില്ല. ദീനം അപകടകരമെന്നു് അദ്ദേഹം മനസ്സിലാക്കി ചഞ്ചലചിത്തനായി. ഇംഗ്ലണ്ടിൽനിന്നും തിരിച്ചെത്തുന്ന മണിയാകരനെ കാണാനും ഡേവിയെ ആശ്വസിപ്പിപ്പാനുമാണു് മേളവിലാസത്തു് ഇന്നിത്ര ആൾക്കൂട്ടം. മണിയാകരൻ ഇപ്പോൾവരും ഇപ്പോൾവരും എന്നുള്ള ആശയിലാണു് ഓരോരുത്തരുടേയും നില. ഡേവിക്കു മയക്കം വർദ്ധിച്ചുവരുന്നു. ബോധംവീഴുമ്പോഴെല്ലാം 'മണിയാകരൻകുഞ്ഞേ'ന്നു വിളിക്കും. പിതാവും പുത്രനും തമ്മിൽ കാണുന്നതിനുമുൻപു് ഡേവി മരിക്കുന്ന പക്ഷം അയ്യോ! എന്നഭാവത്തിൽ ലോനപ്പൻ ഓരോ നിമിഷവും എണ്ണിത്തള്ളി. തന്റെ കൈത്തണ്ടിലുള്ള സ്വർണ്ണഘടികാരത്തെ അദ്ദേഹം ക്രമത്തിലധികം കലമ്പുന്നുമുണ്ടു്.

———————

## അദ്ധ്യായം ൯

# മരണം

---

ബാരിസ്റ്റർ പരീക്ഷയുടെ ഫലം ഇന്നു് പരസ്യം ചെയ്യും. എ. സി. മണിയാകരൻ പ്രഭാതത്തിൽതന്നെ ദേവാലയത്തിലേക്കു് പോയി. തിരിച്ചു വാസസ്ഥാനമെത്തി താനാണു് ബാരിസ്റ്റർപരീക്ഷക്കു് ഒന്നാമനെന്ന സന്തോഷവാർത്ത അറിഞ്ഞു. സ്നേഹിതന്മാരുമായി മേളമാണു്. നേരം മണി പതിനൊന്നടിച്ചു. അടുത്തു നടക്കാൻപോകുന്ന ഡിന്നറിന് പോകാൻ അദ്ദേഹം തയ്യാറാകുന്നു. അതാ അപ്പോൾ ഏതാനും കമ്പികൾ ദൂതൻ അദ്ദേഹത്തെ ഏല്പിച്ചു. അനുമോദന കമ്പികൾ ഒന്നൊന്നായി അദ്ദേഹം വായിച്ചുതള്ളി. 'എന്തിത്ര അനുമോദിപ്പാൻ? പരീക്ഷയിൽ പ്രശസ്തവിജയം നേടാൻ ഞാൻ ശ്രമിച്ചിരുന്നില്ലല്ലോ. ഒന്നാമനായി ജയിച്ചതത്ര ഖ്യാതിയായി ഞാൻ കരുതുന്നില്ല. പരീക്ഷക്കുകിട്ടുന്ന മാർക്കുനോക്കി രാജ്യഭരണം ഇക്കൂട്ടരെ ഏല്പിക്കുകമൂലം സാമ്രാജ്യത്തിനു് ഒരു വിപൽഘട്ടം ആസന്നമാകുന്നു. തന്റേടികളാരും വിദ്യാർത്ഥിജീവിതത്തിൽ പരീക്ഷയിൽ ഒന്നാമന്മാരാകാൻ തരമില്ല. പേരിനു് കടന്നുകൂടാൻ മാത്രം കൊതിച്ചിരുന്ന ഞാൻ ഒന്നാമനായി പാസ്സായതു് എനിക്കുതന്നെ അത്ഭുതത്തേക്കാൾ ആശങ്കയ്ക്കാണവകാശം. ഇപ്രകാരം പരീക്ഷക്കുള്ള മാർക്കുനോക്കി പ്രവർത്തനരംഗത്തുനിന്നു് എന്നെയും നീ അകററരുതെ, സർവ്വകലാശാലകളിൽ നിന്നു പുറത്തുവരുന്ന ഒന്നാമന്മാരുടെ ഭരണം മൂലം

ദൂഷിച്ച ഇന്നത്തെ ഭരണരീതികളെ ഭത്സിച്ചുകഴിയുന്ന എനിക്കും, ഒന്നാംസ്ഥാനം നൽകി എന്നെ നീ ശിക്ഷിച്ചതെന്തു വരുമോ ?. വന്നതു വന്നു. പ്രവൎത്തനരംഗത്തുനിന്നു് എള്ളിട ഞാൻ അകലുന്നില്ല. എത്ര പ്രശസ്തമായ വിജയമായിരുന്നാലും ലാബർട്ടറികളിൽ ഇരുന്നു തുരുമ്പിക്കുന്നതിനോ ചട്ടക്കൂട്ടുകളിൽ കിടന്നു് ചാകാതെ ചാകുന്നതിനോ മററു് ഒന്നാംമന്മാരോടൊപ്പം ഞാൻ തയ്യാറല്ലെന്നു് ലോകത്തോടിതാ ഉറക്കെപറയാം. ലോകർ അതു് കേൾക്കണം. പരീക്ഷ പ്രസവിച്ച ഒന്നാമന്മാരെ അവരുടെ ദൂഷിച്ച ഭരണരീതികളോടു കൂടി തള്ളിമാററി തന്റേടമായി ജീവിച്ചു് രണ്ടാംമന്മാരായി കണക്കാക്കിയിരുന്ന പരമയോഗ്യരവർ പ്രവൎത്തനത്തിന്റെ ചങ്കോട്ടചങ്കു ചേർന്നു് അണിനിരക്കുന്ന ദിവസങ്ങളാണിവ. പരീക്ഷയിൽ പ്രശസ്തിനേട്ടനവർ പ്രവൎത്തനലോകത്തു് കൊള്ളരുതാത്തവരാണെന്നു് ഇന്നത്തെ അവരുടെ ഭരണം ലോകരെ ഇനിയെങ്കിലും ഉണൎത്തുമെങ്കിൽ ഉണൎത്തട്ടെ എന്നിരിക്കിലും കരഗതമായവിജയം-പ്രയത്നത്തെക്കവിഞ്ഞുള്ള ഫലപ്രാപ്തിയിൽ—എന്തിനു് ഞാൻ നീരസം ചൊരിയണം. ആനന്ദിക്കതന്നെ—മണ്ടന്മാർ രണ്ടാംമന്മാരായേക്കുമോ എന്നു ഭയന്നു് ഒന്നാമന്മാരായി നടിച്ചദിവസങ്ങൾ പാഴാക്കും. സമൎത്ഥർ രണ്ടാമന്മാരവർ ഒന്നാമന്മാരേയും അവർ നില്ക്കുന്ന തറകളേയുംതുരന്നു്, യഥാൎത്ഥത്തിൽഒന്നാംമന്മാരായി ജീവിതത്തിൽസ്ഥാനംപിടിക്കുന്ന സംഘട്ടനമിതാസമാരംഭിച്ച കഴിഞ്ഞു. ഒന്നാമനായി പാസ്സായ ഞാനും മണ്ടന്മാരുടെ ഗണത്തിൽ ചേർന്നു് അധഃപതിക്കാതെ, രണ്ടാമന്മാരോടുകൂടി ശക്തി സംഭരിക്കണം. പ്രസരിപ്പുള്ള യുവതീയുവാക്കളെ രണ്ടാമന്മാരായി എണ്ണിത്തള്ളി മണ്ടന്മാരെ ഒന്നാമ

ന്മാരാക്കി രാജ്യം അവരുടെ ഭരണത്തിൻ വിട്ടുക ഹേതു വാൽ രാജ്യങ്ങളിന്നു കുത്തഴിഞ്ഞുകിടക്കുന്നതു നമുക്കു കാണാം.'—എന്നിങ്ങനെ ചിന്തിച്ചവസാനിച്ചതും അടുത്ത കമ്പി പൊട്ടിച്ചു വായിച്ചതും ഒന്നിച്ചുകഴിഞ്ഞു. സ്വ പിതാവിൻെറ ദീനവാൎത്ത ഗ്രഹിച്ചുടനെ അപ്രതിഹതമായ ആലസ്യത്തിനധീനനായി നിലംപതിച്ചു. വിജയവാൎത്തയെ തുടൎന്നുണ്ടായ ഡേവിയുടെ ദീനവാൎത്ത എത്രമാത്രം അദ്ദേഹത്തെ പരിതപിപ്പിച്ചിരിക്കണം. സന്തോഷമണ്ഡപത്തിനുച്ചിയിൽ തെളുതെളെ വിളങ്ങി വിലസുന്ന പൊൻതാഴികക്കുടങ്ങളിലൂടെ ഒരു പൈതലെന്നോണം തുള്ളിച്ചാടി തത്തിക്കളിച്ചിരുന്ന മണിയാകരൻ, അതെ നിലയിൽ ചേതോഹരമായ ആ മാളികയോടുകൂടി പൊടുന്നനവെ താന്നടിഞ്ഞു നിലനിരപ്പായി കിടക്കേണമെന്നുള്ള ദുൎവിധി ശാസനം അഹോ മനുഷ്യനെങ്കിലും ജീവിതത്തിൻ കാതലും ഇതുതന്നെ ആവാം. ലോകജീവിതം സുഖദുഃഖസമ്മിശ്രമെന്നു താനും ഗ്രഹിച്ചിട്ടുണ്ടു് എങ്കിലും ഇത്രമാത്രം കയ്പു നിറഞ്ഞതെന്നു് ഇപ്പോളാണു ബോദ്ധ്യമായതു്. തൻെറ ആതിഥ്യം സ്വീകരിച്ചു് സൽക്കാരകോലാഹലത്തിൽ മദോന്മത്തനായ ധങ്കനു, കുടിപ്പാൻ വീഞ്ഞു പകൎന്നുകൊടുത്ത കൈകൊണ്ടുതന്നെ, പെട്ടെന്നു വട്ടംതിരിഞ്ഞു കത്തികൊണ്ടു ചങ്കു കുത്തി പിളൎന്ന മാൿബെത്തും ദൈവമറിയാതെ വളൎന്നവനല്ല നിശ്ചയം. ഇരുട്ടടഞ്ഞ ഉദരത്തിൽ ഞെരുങ്ങി മാതാവോടുകൂടി വളൎന്നിരുന്ന ശിശു, ഉദരത്തോടു് യാത്ര പറഞ്ഞു മൃദുമന്ദഹാസവും തൂകി ചില്ലിക്കൊടികളുമുയൎത്തി പിറന്നുവീണ അനുക്ഷണം, ആനന്ദാബ്ധിയിൽ സലിലക്രീഡചെയ്തു വിക്രീഡനാകവെ, മൃത്യുവാംരാക്ഷസൻ പട്ടിണിയാകയാൽ, ഒട്ടു

വലഞ്ഞു്, ഉരുളൻപാടി, കോഴിളകി ഓടിനടക്കെ, കുഞ്ഞിനെക്കണ്ടു് സന്തുഷ്ടനായി വലംതിരിഞ്ഞു കോട്ടുവാവിട്ടു പെട്ടെന്നു കുഞ്ഞിനെ ചട്ടത്തിൽ ഭുജിക്കയാൽ വീണ്ടും ശിശു മുറവും ക്രൂരിരുട്ടിലെന്നോണമായി മണിയാകരൻ. ഏതാനും വിനാഴികകൾക്കുശേഷം ബോദ്ധ്യത്തിന്റെ ബോധം തെളിഞ്ഞു. താമസംവിനാ നമ്മുടെ പുതിയ ബാരിസ്റ്റർ ഏററവും വേഗംകൂടിയ ഒരു വിമാനത്തിൽ ഇൻഡ്യയിലേക്കു പറന്നു. യഥാസമയം എം. സി. മണിയംകരൻ മേളവിലാസത്തെത്തി രോഗി കിടന്ന മുറിയിലേക്കു പിറിപ്പാഞ്ഞു. ഡേവി സമക്ഷം പഞ്ചപുച്ഛമടക്കിനില്ക്കുന്ന മണിയാകരനെ നമുക്കും ഒരു നോക്കു കാണാം. മുഖം വാടിയും, ദേഹം തളൎന്നുമിരുന്നു. ആകാരഭംഗി വൎണ്ണിച്ചു് സമയം പാഴാക്കണമെന്നു് എനിക്കാഗ്രഹമില്ല. ഈശ്വരൻ തന്റെ സന്തുഷ്ടാവസ്ഥയിൽ തന്റെ സൎവ്വപാടവങ്ങളും ഉഴിഞ്ഞു മനഞ്ഞെടുത്ത ഒരുന്നത സൃഷ്ടിയാണു മണിയാകരൻ എന്നുമാത്രം മാന്യവായനക്കാർ ധരിച്ചാൽ മതി. 'അച്ഛാ'—എന്നു വിളിച്ചതു പൂൎത്തിയാക്കാൻ ത്രാണിയില്ലാതെ അടുത്തുള്ള ഒരു ചാരുകസാലയിൽ അദ്ദേഹം കിടന്നു. വാടിത്തളൎന്ന ചെന്താമരത്തണ്ടുപോലെ—അപ്പോഴേക്കു് ലോനപ്പനും സ്ഥലത്തെത്തി. മണിയാകരനും ലോനപ്പനുംകൂടി രോഗിയുടെ പാൎശ്വത്തിലേക്കു വീണ്ടും വന്നു. അമ്മാമ്മ ഇതിനകം ഡേവിയെ വിളിച്ചുണൎത്തി. 'മണിയാകരൻ കുഞ്ഞിതാ വന്നു, കണ്ണു തുറക്കണം' എന്നു പറഞ്ഞതുകേട്ടു ഡേവി സാവധാനം കണ്ണു തുറന്നു. 'അച്ഛാ' എന്നുള്ള മണിയാകരവിളി കേട്ടു്, രോഗി 'മകനെ' എന്നു് ഞരങ്ങിവിളിച്ചു. പിതാവിന്റെ വലത്തു പാൎശ്വത്തിൽ മണിയാകരൻ മുട്ടി

ന്മേൽ നിന്നു 'മൽപിതാവെ' എന്നു വീണ്ടും വിളിച്ചു. രോഗി വീണ്ടും മയങ്ങി. ഡേവിയുടെ ദീനശാന്തിക്കായി ഷങ്കുതുറന്നു കൈയ്കൂപ്പി മകനിതാ പ്രാൎത്ഥിക്കുന്നു. മരണത്തെ ജയിപ്പാൻ പ്രാൎത്ഥനയ്ക്കുള്ള ശക്തി മനസ്സിലാക്കുന്ന മണിയാകരൻ, ഏകാഗ്രചിത്തനായി സ്വപിതാവിന്റെ രോഗശമനത്തിനു ദൈവത്തെ പ്രാൎത്ഥിക്കുന്നു. ആത്മസംയമനം ചെയ്തു നടത്തുന്ന പ്രാൎത്ഥന മാത്രമെ സ്വൎഗ്ഗീയകവാടങ്ങളെത്തുറന്നും ദൈവസന്നിധി എത്തുകയൊള്ളൂ എന്നു മഹാകവി ഷേക്സ്പിയർ ഹാംലെററ് (Hamlet) ൽ രേഖപ്പെടുത്തിയിട്ടുള്ള വാസ്തവം അദ്ദേഹം അപ്പോൾ ഓർമ്മിച്ചിരിക്കണം. ഡേവി വീണ്ടും കണ്ണു തുറന്നു. ബോധം വീണ മണിയാകരനെ വിളിച്ചു രഹസ്യമായി എന്തൊ പറവാനാരംഭിച്ചു.

രോഗി:—മ...ണി...യാ...ക...രൻ...കഞ്ഞു എങ്ങനെ വന്നു വേഗം?

മണി:—ഞാൻ വിമാനത്തിലാണു വന്നതു്.

ഡേവി:—സംഗതി ഭംഗിയായി നോക്കിക്കൊള്ളണം. ഏതും പ്രവൎത്തിക്കുന്നതിനുമുൻപു രണ്ടുപ്രാവശ്യം ആലോചിക്കണം. സാവധാനമാലോചിച്ചു ഒരിക്കൽ തീർച്ചചെയ്താൽ എന്തും പെട്ടെന്നു നടത്തണം. ഒന്നിൻ തുനിഞ്ഞിറങ്ങിയാൽ നടുക്കുവെച്ചു മടങ്ങരുതു്. എന്നെ മറക്കയുമരുതു്: എല്ലാവരോടും സ്നേഹമായിരിക്കണം. വീണ്ടും കണ്ണടച്ചു.

മണി:—മയക്കമാണു് വിളിച്ചുപദ്രവിക്കരുതു്. അദ്ദേഹം വീണ്ടും കണ്ണു തുറന്നു ചുററും നിന്നവരിലെല്ലാം

കണ്ണോടിച്ചു. മരണവേദനയോടുകൂടിയ നോട്ടമാണതെന്നു മണിയാകരനും മററും മനസ്സിലായി. പ്രിയകുഞ്ഞുങ്ങളോരോരുത്തരേയും പേരു ചൊല്ലി വിളിക്കുന്നു. മതാനുസരണമുള്ള ജപങ്ങളും ഉച്ചരിക്കുന്നുണ്ടു്. ഉഷ്ണം അതികലശൽ. ആളു് മാറി മാറി വീശി. ആലസ്യം മൂർഛാന്ത്യാവസ്ഥയിലെത്തി. എന്തെന്നില്ലാത്ത ഒരു ദിവ്യതേജസ്സ് രോഗിയുടെ മുഖത്തു് പ്രത്യക്ഷമാകുന്നു. 'മണിയാകരൻ കുഞ്ഞു'' എന്നു് അവസാനമായി വിളിച്ചുകൊണ്ടു് ദേവി തന്റെ ആത്മാവിനെ ദൈവത്തിനു സമർപ്പിക്കുന്നു. 'ഈശോ' എന്നുള്ള നാമമുച്ചരിച്ചു് ദേഹി ദേഹത്തോടിതാ യാത്രയും പറഞ്ഞു. വ്യാഴാഴ്ച നേരം പ്രഭാതം. ആവൂ! ദേവി മണിയാകരൻ മരിച്ചെന്ന വാർത്ത കാട്ടുതീയ്പോലെ നാടെങ്ങും പരന്നു.

ഓ! ജീവിതമേ! നീ ആരെന്നാർക്കറിയാം? ദേഹി ദേഹവുമായുള്ള വേഴ്ചയാണു് ജീവിതം. ഇതറിയാത്തവർ ആരുമില്ല. എന്നാൽ എപ്പോൾ ദേഹി ദേഹത്തെ വിടുന്നെന്നും ദേഹവും ദേഹിയുമായി എപ്പോൾ എവിടെവച്ചു യോജിച്ചെന്നും എനിക്കൊട്ടറിഞ്ഞുകൂടാ. ആത്മാവും ശരീരവുമായി വേർപെടണമെന്നാണു് ദൈവഹിതമെങ്കിലും ഇവർ തമ്മിൽ പിരിയുന്നതെപ്പോൾ എന്നു് ഇവർക്കറിഞ്ഞുകൂടാ. സമ്പത്തിലും ക്ലേശത്തിലും ഒന്നുചേർന്നു് മരണത്തോളം അവിഭാജ്യസ്നേഹത്താൽ ഇവർ തമ്മിൽ ബന്ധിതരുമാണു്. പ്രാണമിത്രങ്ങളായിക്കഴിയുന്നവർ തമ്മിൽ പിരിയുമ്പോഴുള്ള

വിരഹാഗ്നി വർണ്ണിപ്പാൻപോലും കരുത്തുള്ളവർ ദുർല്ലഭമെങ്കിൽ, ദേഹി ദേഹത്തോടു യാത്രപറയുമ്പോഴും—പിതാവു പുത്രമിത്രങ്ങളോടു യാത്രചൊല്ലുമ്പോഴും ധ്വനിക്കുന്ന കഠിനവ്യഥയുടെ ഇടറിയ സ്വരം കേൾക്കുമ്പോൾ പൊട്ടാത്ത ചങ്കോ, കരയാത്ത കണ്ണോ ഏതു ശത്രുവിനുണ്ടു് ? ജീവിതത്തിന്റെ അന്തഃദ്വാരം തുറന്നു് അതിനുള്ളിൽ കടന്നു് അപഗ്രഥനം നടത്തി വായനക്കാരെ മുഷിപ്പിക്കുന്നില്ല.

മണിയാകരൻ, തങ്കച്ചൻ, തകർപ്പൻ, ലോനപ്പൻ എന്നിവർ ഡേവിയുടെ ശവമഞ്ചം വഹിച്ചുകൊണ്ടു് മേളവിലാസം സിമിത്തേരിയിലേക്കു യാത്രയായി. ഡെഡ് മാർച്ച് (Dead march) ജനക്കൂട്ടത്തെ ശാന്തപ്പെടുത്തി. സിമിത്തേരി വക്കത്തു ശവമഞ്ചമിറക്കി. ജനക്കൂട്ടം ഡേവിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കയാണു്. മണിയാകരൻ ശവമഞ്ചം തുറന്നു ഡേവിയുടെ പാദത്തുങ്കൽ മുട്ടിന്മേൽ നിന്നു സ്വപിതാവിന്റെ കാലടികളെ മൂന്നുരു ചുംബിച്ചു് അശ്ലേഷത്തോടു് അവസാന യാത്ര പറഞ്ഞുംകഴിഞ്ഞു. ഡേവി മണിയാകര ശരീരം മേളവിലാസം സിമിത്തേരിക്കുള്ളിൽ മറഞ്ഞു. ബാൻറു ശോകരസം ചൊരിഞ്ഞുമിരുന്നു. സംഗീതത്തിനു ജീവിതത്തിൽ ഒരു മഹൽസ്ഥാനമുണ്ടെന്നു നാം സമ്മതിക്കണം. സംഗീതം ദുഃഖാരിഷ്ടതകളിൽ നമ്മെ ആശ്വസിപ്പിക്കും. തങ്ങളുടെ കുലംവൈഭവം പ്രകടിപ്പിച്ചുകൊണ്ടാണു് ജീവിതക്കമ്പികളെ കവികൾ നിയന്ത്രണംചെയ്യുന്നതു്. ലോനപ്പൻ പ്രാണമിത്രത്തോടു് ഇങ്ങനെ സംഗീതാലാപം തുടങ്ങി.

‘തങ്കപ്പൂച്ചിനകത്തു നേർത്തുമിനുന-
പ്പെട്ടുള്ള പാട്ടിൽപരം
പങ്കസ്പർശമെഴാതെ പോററുമഴകെ-
റീടുന്ന ഗാത്രങ്ങളും,
തങ്കം, വെൺമകളൊക്കെയങ്ങുവെടിയും
മണ്ണിന്നടിക്കീഴിലാം
ശങ്കിക്കേണ്ടൊരു നാംശയിക്കു-
മഖിലം ‘മണ്ണോടുമണ്ണാ’യിടും.

മണി—വളരെ നല്ല ഒരു പദ്യമാണിതു്. തോമസ് ഗ്രേയുടെ ഈ വിശിഷ്ട കാവ്യം ഹൃദ്യമാംവണ്ണം മലയാളത്തിൽ ചിത്രീകരിക്കുന്നുണ്ടു്. പുതിയതിനു സ്ഥാനം നൽകി പഴയതു് യാത്രപറഞ്ഞു പിരിയുന്ന ദിവസങ്ങളാണിന്നു്. പഴുത്ത ഇലകൾ പൊഴിയുന്ന സ്വരമേ കേൾപ്പാനുള്ളു. പുതിയ ആശയങ്ങൾ [illegible]പോലെ തൊടുത്തയച്ചുകൊണ്ടു മിന്നൽപിണർകണക്കെ യുവതീയുവാക്കൾ ‘മറ’ മാററി ജീവിതത്തട്ടിൽ പ്രവേശിച്ചു് ഉത്തരമായി പ്രവർത്തിക്കുന്ന കാലഘട്ടമാണിതു്. ഒരു നവീനലോകം കൈവരുത്താൻ കാംക്ഷിക്കാത്തവർ ചുരുക്കം. തദനുസരണം പ്രവർത്തിപ്പാൻ ധൈര്യമൊട്ടില്ലതാനും. ആരെങ്കിലും അതിനുവേണ്ടി പ്രയത്നം തുടങ്ങിയാൽ അവർ ഭ്രാന്തന്മാരുമാകണം. രക്തം ചിന്താൻ മനസ്സില്ലാത്ത ഭീരുക്കളിവർ മററുള്ളവർ രക്തം ചിന്തി സമ്പാദിച്ചതിന്റെ പങ്കുപററാൻ മുഖസ്തുതിയുമായി അടുക്കുമ്പോൾ കാളസർപ്പത്തേക്കാൾ ഭയങ്കരരിവരെ നാം വെറുക്കണം. പ്രസംഗം നിറുത്തണം. പ്രവർത്തനം നടത്തണം. ആയിരം വാക്കിനേക്കാൾ അര അടിക്കു ചൂടു കൂടും ലോനപ്പം. നമ്മുടെ മുദ്രാവാക്യം പ്രസംഗമല്ല; പ്രവൃത്തിയാണു്, സ്വാർത്ഥലാഭമല്ല, ത്യാഗമാണു്.

## അദ്ധ്യായം ൰

# ലോനപ്പൻ

---

സാധുവിന്റെ ആവിർഭാവത്തോടെ മൂർച്ഛിച്ചു വീണ മാത്തുണ്ണിക്കു വീണ്ടും ബോധം വീണു. മാത്തുണ്ണി മോഹാലസ്യപ്പെട്ടതുകണ്ടു സാധു ഓട്ടം തുടങ്ങി—ഓടി അദ്ദേഹം കടോംപടിക്കലെത്തി, കുടമാളൂർ റോഡിലൂടെ പാഞ്ഞു വെടിക്കുന്നെന്നു സാധാരണ പറഞ്ഞുവരുന്ന വിജനസ്ഥലത്തു് വന്നുചേർന്നു. ഏകാന്തവാസത്തിനും ഒളിഞ്ഞിരിപ്പിനും പററിയ സ്ഥാനമാണു വെടിക്കുന്നു്. കുടമാളൂർ പള്ളിക്കും ഒരു മഠം അത്യന്താപേക്ഷിതമാണെന്നു ഭരണാധികാരികൾ ശക്തിയായി പ്രക്ഷോഭണം ഉളേള നടത്തുന്നതു് എന്തിനെന്നു സാധു അപ്പോൾ അവിടെ ഇരുന്നു ചിന്തയാണു് 'ഒരു പള്ളിയുടേയും സമീപം മഠം സ്ഥാപിച്ചുകൂടാ. ഈ ആദർശമനുസരിച്ചു് ഒരു പള്ളി മലബാറിലുള്ളതു സ്വന്തം പള്ളി കുടമാളൂർ തന്നെ. ഏകാന്തവാസം ചെയ്യുന്ന വൈദികരുടെ വാസസ്ഥാനം പള്ളി പരിസരങ്ങളിൽ സ്ഥിതിചെയ്യുന്ന മണിമേടകളാണു്. അവയ്ക്കടുത്തുതന്നെ മഠം സ്ഥാപിച്ചു്, സ്ത്രീകളെ ഏകാന്തവാസത്തിനു വിടുന്നപക്ഷം ഇന്നത്തെ ക്രൈസ്തവ യുവാക്കളും അകാരണമായി നമ്മെ കൂടുതൽ പഴിക്കും. അഗ്നിപർവ്വതത്തിന്റെ വക്കിൽമാത്രം പെട്രോൾ ററാങ്കുകൾ സ്ഥാപിക്കുന്നതിന്റെ ഔചിത്യം അവർക്കു മനസ്സിലാകുന്നില്ലത്രെ. ക്രിസ്തീയ തത്വങ്ങൾക്കുള്ളിലുള്ള കോട്ട

കൊത്തളങ്ങളെപ്പററി ബോധമവക്കില്ലായ്കയാവാം ഇതിനു കാരണം. വൈദികവൃത്തിയിൽ കഴിയുന്ന സ്ത്രീപുരുഷഗണത്തിൻെറ നിമ്മലജീവിതം, ആത്മസംയമനശക്തി, പരിത്യാഗനിഷ്ഠ, സ്വഭാവദാർഢ്യം, മതതീക്ഷ്ണത എന്നിവകളെപ്പററി എനിക്കു അത്യഗാധബോധമുണ്ടു്. തീയും വെള്ളവും അകന്നിരിക്കേണമെന്നാണു പ്രമാണം. പട്ടക്കാരെല്ലാം വിശുദ്ധ സേവ്യർ ആണെന്നും കന്യകസ്ത്രീകളെല്ലാം കൊച്ചുത്രേസ്യാ പുണ്യവതിയാണെന്നും ആരും കരുതുന്നില്ല. എങ്ങനെയോ ഹിന്ദു യുവതീയുവാക്കന്മാരിൽ പള്ളിസ്കൂട്ടത്തു ചിതൽപുററുപോലെ മഠങ്ങൾ പൊങ്ങുന്നതിൽ—തെററായ ഒരഭിപ്രായം കടന്നു കൂടിയിട്ടുള്ളതു തുറന്നു പറയേണ്ടതു് എൻെറ കടമയാണു്. ആകയാൽ എനിക്കുള്ള അഭിപ്രായം ഹൃദയവേദനയോടുകൂടി മനസ്സില്ലാമനസ്സോടു രേഖപ്പെടുത്തി എന്നുമാത്രം. വ്യക്തിപരമായി പറഞ്ഞാൽ യുവതികളെ മഠത്തിൽ നിർബന്ധിച്ചയയ്ക്കുന്നതിനു് ഞാൻ എതിരാണു്. ആരെങ്കിലും അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ—ദൈവവിളിപ്രകാരം കന്യകാജീവിതം സ്വയംവരിക്കുന്ന വിശിഷ്ട സ്ത്രീപുരുഷരെ ഞാനു മുക്തകണ്ഠം അഭിനന്ദിക്കുന്നുമുണ്ടു്. പള്ളിസ്കൂകളെ—ആറു ഫർലോംഗ് ദൂരെ മാത്രമെ അവശ്യാവേണ്ട കന്യകാമഠങ്ങൾ സ്ഥാപിക്കാവൂ. പാട്ടുള്ളിടത്തോളം പ്രായം ചെന്ന വൈദികരെ മാത്രമേ സ്ത്രീകളുടെ മതപരമായ ശുശ്രൂഷകൾക്കയയ്ക്കാവൂ. വിദ്യാഭ്യാസമുള്ള യുവതീയുവാക്കളും വൈദികരുമായുള്ള അകൽച്ച ആശാസ്യമല്ലതന്നെ. ഇരുകൂട്ടരും താന്താങ്ങളുടെ ചേരായ്മ മറന്നു കരിശിൻ ചുവട്ടിൽ ഒരുമിക്കുടേണ്ടതു് ഇന്നത്തെ അത്യാവശ്യമാകയാൽ സാരാംശം മറന്നു്

നിഴലിൻവേണ്ടി മിഥ്യാവാദം ചെയ്യേണ്ട സമയങ്ങളല്ലിപ്പോൾ', എന്നിങ്ങനെ ഉറക്കെ ചിന്തിച്ചു് വെടിക്കുന്നിൽ ഒരു പക്ഷേ വിനംവിളംബം കിളുത്തേക്കാവുന്ന "കന്യകാ മഠത്തെപ്പററി സാധു തുടൎന്നു് ആലോചിച്ചു. തൻെറ പിന്നാലെ ഓടിയിരുന്ന മക്കോയി കടമാംളൂർ വള്ളക്കടവുവരെ വന്നു് ചില അന്വേഷണങ്ങൾ നടത്തി. ആളെക്കാണാഞ്ഞു തുടൎന്നന്വേഷണമാണു്. ഈ തക്കംനോക്കി സാധു വീണ്ടും ചിന്ത തുടങ്ങി. 'കുടുംബജീവിതമൊ വൈദീക വൃത്തിയൊ ഏതുത്തമം? വെടിക്കുന്നിലേ ഏകാന്തവാസം ഒരു തരത്തിലും വെടിപ്പല്ലെന്നു എനിക്കു ബോദ്ധ്യമായി. ഏകാന്തവാസത്തേക്കാൾ, നരകീയമെങ്കിലും, കുടുംബജീവിതം തന്നെ പരമോൽകൃഷ്ടം. മൎഗ്ഗമടഞ്ഞ വനവാസംമൂലം ഉളവാകുന്ന ആനന്ദം, കടലോരത്തെ മണലിലൂടെ സ്നാനവും ചെയ്യുന്ന ഏകാന്തയാത്ര, മനുഷ്യനവനെ അവനിൽ തന്നെ ആരാധനം ചെയ്യുമ്പോഴുള്ള സാമൂഹ്യസാമീപ്യം, എന്നിങ്ങനെ ചിന്തിച്ചു ചിന്തിച്ചു ഒരു സമരവിമാനത്തിലൂടെ യാത്രചെയ്യുന്ന ഞാൻ മനുഷ്യമിത്രമല്ലെന്നു് ആരു പറയും? ഞാനു ചൈതന്യം നിറഞ്ഞ പ്രകൃതിയിലാനന്ദിക്കുന്നില്ലേ? പൂൎവ്വികന്മാരിൽ നിന്നും ദായക്രമമനുസരിച്ചു വന്നുചേൎന്ന ഒരു ചെറുപറമ്പിൽ വള്ളിക്കുടിലൊന്നുമേഞ്ഞു സ്നേഹം നിറഞ്ഞ ഭാൎയ്യയുമായി 'ഒരാൾക്കു മററാൾ തണലെന്ന മട്ടിൽ' ചെറിയ ഒരു വായനശാലയും ഒരു ചെറുവാഴിയുമുണ്ടെങ്കിൽ ജീവിതം കൂടുതൽ തൃപ്തികരമായിക്കഴിക്കാമെന്നു ചിന്തിക്കുന്നവനാണു് ഞാൻ. സൈ്വരമായി ഇവിടെ ഒളിഞ്ഞിരുന്നു് എന്തും ചിന്തിക്കാം. മക്കോയിക്കു് ഇവിടെ പ്രവേശനമില്ല. മഠം വെടിക്കുന്നിലാണു

പണിയുന്നതെന്നറിയുന്ന മരക്കായികൾ വെടിക്കുന്ന ബാലികേറാ മലയാണു്. വേലന്തറയുമായി തോബിയാസു് കണ്ണങ്കളും ഇഷ്ടമാണെങ്കിലും മറങ്ങളിലെന്നു മാത്രമല്ല മറം പണിയാനുള്ള വെടിക്കുന്നിൽപോലും മക്കോയി കാലുകുത്തുന്നതു തോബിയാസച്ചനു് ഇഷ്ടമല്ല. ഒടുവിൽ സാധു സ്ഥലം വിട്ടു. അപ്പോൾ രാത്രി പത്തുമണി കഴിഞ്ഞിരിക്കണം. കൂരിരുട്ടു്; പള്ളിക്കുതൊട്ടു് പടിഞ്ഞാറുവശമുള്ള കൊട്ടപുരയിൽ വന്നെത്തിയ സാധു, ഏതോ പരിശോധന തുടങ്ങി. പള്ളിമേടയിൽ ദീപം അപ്പോഴും പ്രോജ്ജ്വലിച്ചുകൊണ്ടിരുന്നു. കൊട്ടപുരയിൽ നിന്നും ഏതാനും അടി മുൻപോട്ടു നടന്ന സാധു വന്നു നിന്നതു പള്ളിയുടെ ആനവാതുക്കൽ ചെമ്പകരാജനാൽ സ്ഥാപിച്ചിട്ടുള്ള കല്ലിലാണു്. എന്തെന്നില്ലാത്ത ഒരു ഭീതി സാധുവിനെ ക്രമത്തിലധികം അലട്ടുന്നുണ്ടു്. അടുത്തുള്ള സിമിത്തേരിയിൽനിന്നു മരിച്ചവർ വന്നു് എപ്പോൾ തന്നെ വിഴുങ്ങുമെന്നും ഭയമില്ലാതില്ല. രാത്രി ഏകനായി സഞ്ചരിക്കുമ്പോളെല്ലാം സാധുവിനു് ഭൂതപ്പിശാചുക്കളെ വളരെ ഭയമാണു്. വല്ല ഭൂതവും വരുന്നെങ്കിൽ അവരെ കാണാൻ തന്നിഷ്ടമില്ലായ്കയാൽ കണ്ണു രണ്ടും പൂട്ടും. സിമിത്തേരി ഭാഗത്തേക്കു നോക്കുന്നതിൻപോലും ഭയന്നിരുന്ന സാധു ഒരു വിധത്തിൽ ഇഴഞ്ഞെന്നപോലെ പള്ളിമേട പററി. വേലന്തറ ഭൂതം കളിയാടുന്ന കാലഘട്ടമാകയാൽ സന്ധ്യ കഴിഞ്ഞാൽ കടമാളൂർ വഴി യാത്രക്കാരാരും സഞ്ചരിക്കുക പതിവില്ല. വേലന്തറ വല്യപ്പൻ എന്നു കേട്ടാൽ ഞെട്ടാത്ത മനുഷ്യർ ചുരുക്കം. തോബിയാസു് കണ്ണങ്കളും ഭൂതത്തെ വിഴുങ്ങുന്ന ആളുകളാണെങ്കിലും വേലന്തറ ഭൂതമെന്നു കേട്ടാൽ കണ്ണങ്കളും കണ്ണടച്ചു വിറയുട

ങ്ങും. പതിവിൻപ്രകാരം തോബിയാസച്ചൻ കിടക്കുന്നതിന്റെ വട്ടംകൂട്ടവെ, ആരോ ഒരാൾ സാവധാനമെങ്കിലും സധൈര്യം തന്നോട്ട സമീപിക്കുന്നതു കണ്ടു. വക്കപ്പന്റെ ദുർമ്മരണത്തെപ്പററി കത്തനാർ അന്നു് ഏറെ നേരം ചിന്തിച്ചു. തന്റെ സങ്കല്പശക്തി മനയുന്നതാവാം ഇതെന്നും അദ്ദേഹം ഓർക്കാതിരുന്നില്ല. ഏതോ ഒരു സത്വം തന്നോട്ട സമീപിക്കുന്നതു കണ്ടു് കത്തനാർ ഝടുതിയിൽ ചില മന്ത്രങ്ങൾ ഉരുവിട്ടുതുടങ്ങി. പുറമേയുള്ള മേനി കണ്ടു് അകവും പുറംപോലെ മിനുസമെന്നു കരുതുന്നപക്ഷം, അനുഭവം വിപരീതമായേക്കാം. നാം വിചാരിക്കുന്നപോലെ ലോകചക്രം കറങ്ങണമെന്നില്ലല്ലോ. അപ്പോൾ സാധുവിനെ തുറിച്ചുനോക്കിനിൽക്കുന്ന തോബിയാസ് കണ്ണുകളൊതെ കാണുന്നവരെല്ലാം, കടമാളൂർ എവിടെയെയും സ്ഥാപിതമാകാൻ പോകുന്ന ഒരു വൈദികന്റെ സ്റ്റാച്യൂ (Statue) പെട്ടെന്നവിടെ പൊന്തിവന്നതുപോലെ തോന്നിപ്പോകും. ഇത്രനേരവും മൗനം കാത്തിരുന്ന സാധു പറഞ്ഞു: 'ഇന്നാണു പെണ്ണിന്റെ വിവാഹം. അതെ ഇന്നു തന്നെ ചെല്ലമ്മയും ലോനപ്പനുമായി വേളി നടത്തണം. വധൂവരന്മാർ പള്ളി പറരുന്ന ഈക്ഷണം—അല്ലെങ്കിൽ' രൗദ്രത്താൽ സാധു വിറച്ചു. വേലന്തറ ഭൂതം തന്നെ വിഴുങ്ങുമെന്നു് കണ്ണുകളും ഭയപ്പെടുന്നു. 'മാത്തുണ്ണിയുടെ കൂട്ടു്' എന്നിങ്ങനെ പറഞ്ഞു കോപിഷ്ഠനായ സാധു പുറത്തേക്കിറങ്ങി. തന്റെ മുൻപിൽ വന്നു നിന്ന സത്വം വേലന്തറ ഭൂതം തന്നെ എന്നു കത്തനാർ തീർച്ചയാക്കി. അച്ചനു സംസാരിപ്പാൻ നാക്കു പൊങ്ങുന്നില്ല. വായ് തുറന്നു വാലിയെ വിളിച്ചു.

പള്ളിമുറി വിട്ട സാധു പടിഞ്ഞാറോട്ടു നടന്നു കുരിശിൻചുവട്ടിൽ വന്നുനിന്നു. പിന്നീട് അവിടെ നിന്നും കടേരംപടി റോഡിലേക്കുള്ള കുറുക്കു വഴിയിലൂടെ ധ്രുതഗതിയിൽ നടന്നു. എവിടെയോ തന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമെന്ന ഭാവത്തിലാണു നടപ്പ്. വേണ്ടിവന്നാൽ സാധുക്കളും ഇളകിനടക്കുമെന്നു് ഇതിൽനിന്നും നാം പഠിക്കണം. അദ്ദേഹം ചൂങ്കക്കടവിലെത്തിയപ്പോഴം രാത്രി മണി പതിനൊന്നു് അടിച്ചിരിക്കണം. ചൂങ്കത്തുനിന്നും പടിഞ്ഞാറോട്ടു നടന്നു സാധു ഉദ്ദിഷ്ടസ്ഥാനത്തു വന്നു് ആരെയോ നോക്കി അക്ഷമനായി നൽക്കുന്നു. അല്പസമയാനന്തരം തന്നോടു തന്നെ പറയുന്നു: 'കടന്നുപോയതിന്റെ ലക്ഷ്യമൊന്നുമില്ല. ആപത്തിൽ കുടുങ്ങി എന്നുവരുമൊ? അങ്ങനെയെങ്കിൽ എന്തിനു മടിക്കുന്നു. ചാടി അകത്തുകടന്നു രക്ഷിക്കുക തന്നെ ഗതി' എന്നു പറഞ്ഞവസാനിപ്പിച്ചതും ദാസ്മെത്രാ, നാരായണി, ശാന്തമ്മ ഇവർ തനിക്കെതിരെ വരുന്നതും ഒന്നിച്ചുകഴിഞ്ഞു. നാരായണിയെ യാത്രപറഞ്ഞയച്ചശേഷം സാധുവും മെത്രയുംതമ്മിൽ രഹസ്യമായി എന്തൊ സംസാരിച്ചതനുസരിച്ചു ശാന്തമ്മയേയുംകൊണ്ടു് അവർ ഓടി. ശാന്തമ്മയെ വേലൂന്തറ എത്തിച്ചശേഷം സാധുവും മെത്രയും കടമാളൂർ പള്ളിയിലേക്കു് ഓടുന്നതു നാം കണ്ടു. യഥാകാലം അവർ പള്ളി മുററത്തു വന്നെത്തി. രണ്ടുപേർ ചെറുകലെ നിന്നു സംസാരിക്കുന്നതവർ കണ്ടു. ഇവർ ലോനപ്പനും ചെല്ലമ്മയുമാണെന്നും അവർ മനസ്സിലാക്കി. സാധു പെട്ടെന്നു് ഒന്നു ചുമച്ചു. ചുമ കേട്ടു് ചെല്ലമ്മ ലജ്ജിച്ചു സംഭാഷണം നിറുത്തി. ബാററി തെളിച്ചു മെത്രയും അവരോടടുത്തു. ചെല്ലമ്മ സലജ്ജം ഇരുട്ടിൽ

മറഞ്ഞു. കാമിനീകാമുകരെ മുൻപിൽ നടത്തി, മെത്തയും സാധുവും പള്ളിമേടയുടെ സോപാനങ്ങൾ എണ്ണിത്തള്ളി കണ്ണങ്കുളത്തിന്റെ മുറിയുടെ വാതുക്കൽ വന്നുചേൻ്നു. മെത്ത സാവധാനം പുറകോട്ടു നടന്നു് പള്ളിയുടെ പടിഞ്ഞാറുവശമുള്ള പ്ലാവിന്റെ ചുവട്ടിൽ വന്നുനിന്നു. കതകിൽതട്ടി അച്ചനെ സാധു വിളിച്ചു. തോംബിസാസ് ഉറങ്ങിയിട്ടില്ല. ഭൂതവുമായുള്ള ഇടച്ചിലിൽ കണ്ണങ്കുളം അത്യധികം ഭയന്നിരുന്നു. 'ഇന്നാണു് പെണ്ണിന്റെ വിവാഹം. അതെ ഇന്നു തന്നെ നടത്തണം'. സാധുവിന്റെ ഈ അലർച്ച അപ്പോഴും അച്ചനെ വിറപ്പിച്ചിരുന്നു. അകത്തുനിന്നു കതകു ബലമായി അടച്ചിരുന്നതിനാൽ മുറിക്കുള്ളിൽ പ്രവേശനം അത്ര എളുപ്പമല്ലെന്നു് സാധുവും മററും മനസ്സിലാക്കി. ഭൂതപ്രേതപിശാചുക്കൾക്കു് അകത്തു പ്രവേശിപ്പാൻ പ്രത്യേക വാതിലുകളൊന്നും അവശ്യമില്ലെന്ന വാസ്തവം അച്ചനെ വിഷമിപ്പിച്ചു. ഭൂതവുമായുള്ള സമരത്തിൽ വിജയം നേടാൻ കത്തനാർ ഉള്ളുരുഞ്ഞു പ്രാത്ഥിച്ചു. ഭൂതം പ്രത്യക്ഷനായി പൊടുന്നനവെ തന്നെ പിടിക്കുന്നപക്ഷം അഹോ! അദ്ദേഹം സൽമരണ പ്രാർത്ഥന ഗദ്ഗദസ്വരത്തിൽ ഉരുവിടുന്നതുകേട്ടു വാലി ഞെട്ടിയുണന്നു. 'അച്ചാ! അച്ചാ!' എന്നു വിളിയും തുടങ്ങി. ഏതച്ചനാണു വിളികേൾക്കുന്നതു്? വേലന്തര ഭൂതത്തെ വാലിക്കു ഭയമാണെങ്കിലും തിന്ന ചോറിനു, നന്ദികാട്ടുന്നവനാണു് വാലി. പെട്ടെന്നവൻ വിളക്കുകൊളുത്തി അച്ചനെ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഉച്ചിയിൽ നിൽക്കുന്നതും തന്നെ തുറിച്ചുനോക്കുന്നതും കണ്ടു് വാലി പരിഭ്രമിച്ചു. അവൻ കതകുതുറന്നു് പുറത്തേക്കിറങ്ങിയപ്പോൾ അകത്തെ

ക്കെന്നെ ഭാവത്തിൽ സാധുവും മററും നിൽക്കുന്നതു് കണ്ടു. തങ്ങൾ ഭൂതവും മററുമല്ലെന്നും ദുശ്ശങ്കകളെല്ലാം ദൂരീകരിച്ചു് അച്ചനെ വിളിച്ചുണർത്തണമെന്നും ലോനപ്പൻ ശാന്തസ്വരത്തിൽ പറഞ്ഞു. ലോനപ്പന്റെ സ്വരം കേട്ടു് ആളറിഞ്ഞ അച്ചൻ ചാടി എണീററു. തദനന്തരം ലോനപ്പനും അച്ചനുമായി നടന്ന തർക്കത്തിൽ അത്യന്താപേക്ഷിതമായ ഭാഗംമാത്രം രേഖപ്പെടുത്താം. എന്നാൽ, അതിനുമുൻപു് തോബിയാസ് കണ്ണങ്കളത്തേപ്പററി അല്പം നാം അറിഞ്ഞിരിക്കണം.

---

അദ്ധ്യായം ൨൨

## വിവാഹം

DHARMARAM COLLEGE LIBRARY, BANGALORE. 3476

---

തോബിയാസ് കണ്ണങ്കളം ഒരു കോപിഷ്ഠനാണു്. മുഖത്തെ വസൂരിക്കലത്തും, കറുത്തുതടിച്ച ചുണ്ടും അതിരുകവിഞ്ഞ ഗാംഭീര്യവും ഭീകരമെന്നേ പറയേണ്ടു. കത്തനാർ കാര്യത്രാണിയുള്ള ഒരു ഭരണകർത്താവെന്നു് അദ്ദേഹത്തെ അഭ്യുദയകാംക്ഷികൾമാത്രം കരുതും. ഇതുകൊണ്ടായിരിക്കാം ബല്ലാമന്ത്യമെത്രാന്റെ ആലോചനാസഭയിൽ ഇദ്ദേഹവും അംഗമായിട്ടുള്ളതു്. നാല്പതഞ്ചുവയസ്സിൽക്കൂടുതൽ പ്രായമില്ല. മലങ്കര മുഴുവൻ താനാണു ഭരിക്കുന്നതെന്ന ഭാവത്തിലാണു നടപ്പു്. ഇദ്ദേഹവും ലോനപ്പനും തമ്മിലുള്ള തർക്കം നമുക്കും ശ്രവിക്ക തന്നെ.

ലോന:—ഈ അസമയത്തു് അച്ചനെ വിഷമിപ്പിച്ചതിൽ ക്ഷമിക്കണം. എന്റെ ജീവിതത്തിലെ ഏററവും മഹത്തരഘട്ടം എത്തിച്ചേരാൻ അച്ചൻ എന്നെ സഹായിക്കണം. എന്റെ സമീപം നിൽക്കുന്ന യുവതി ചെല്ലമ്മയാണു്. ഞങ്ങൾ തമ്മിലുള്ള വിവാഹം നടത്തിത്തരണം.

തോബി:—രാപ്പാതിരാനേരത്താണോ കല്യാണം ലോനപ്പാ? ഇംഗ്ലീഷു് പഠിച്ചു പഠിച്ചു് കടന്നുകളി തുടങ്ങിയോ? ഒളിഞ്ഞുകളി എന്റെ അടുക്കലോ? മാതാപിതാക്കളുടെ സമ്മതമില്ലാതെ, വിളിച്ചുചൊല്ലും മററും നടത്താതെ വേളിനടത്തുന്നതാരു്?

ലോന:—മർക്കടമുഷ്ടിപിടിച്ചു ഞങ്ങളെ കഷ്ടപ്പെടുത്തരുതെ. മാമൂലു മറക്കണം. ഞങ്ങൾ അച്ചനെ സമീപിച്ചിരിക്കയാണു്. ഈ കാര്യത്തിൽ വിളിച്ചുചൊല്ലും മററും ഗോഷ്ടികളാണച്ചോ. ഇംഗ്ലീഷ് പഠിക്കാത്തവർക്കും അനുരാഗമുണ്ടു്. ഭാഷകളുടെ വളർച്ചയ്ക്കുമുൻപും അനുരാഗം ജീവിതത്തിൽ വളർന്നിരുന്നു. പുലയർ, പറയർ, മുതലായ താഴ്ന്ന ജാതിയിലും പ്രണയം വളരുന്നതു് നാം കാണുന്നുണ്ടു്. നൈസർഗ്ഗികമായ അനുരാഗത്താൽ ബന്ധിതരായ ഞങ്ങൾ, ദൈവതിരുമുമ്പിൽ ദമ്പതികളാണു്. ഉള്ളെ നടക്കുന്ന വിവാഹത്തിനുപുറമെ വെള്ളയിട്ടുകമാത്രമാണു് പള്ളിയുടെ കർത്തവ്യം. പള്ളി, ദൈവികമായ ഒരു നിറം വിവാഹത്തിനു നൽകുന്ന വാസ്തവം ഞാൻ മറക്കുന്നുമില്ല. അച്ചനെ ഇപ്പോൾ സമീപിച്ചിട്ടുള്ളതിനു കാരണവും ഇതുതന്നെ.

തോബി:—വിവാഹം ശൃംഗാരമാക്കാനുള്ള ലോനപ്പന്റെ ശ്രമം നീതിക്കൊത്തതല്ല.

ലോന:—വിവാഹത്തെപ്പററി അച്ഛനറിയാവുന്നതും അതിൽ കൂടുതലും എനിക്കറിയാം. വിവാഹവും ശൃംഗാരവുമായി ഉള്ള ബന്ധത്തെപ്പററി അച്ഛനുമായി മത്സരിപ്പാൻ തുനിയുന്നില്ല.

ശൃംഗാരരസത്തെപ്പററി സ്വല്പമിവിടെ പ്രതിപാദിക്കാം. കാമദേവനെ പൂജിക്കാത്ത ഭാഷകളില്ല. ഇംഗ്ലീഷ് ഭാഷയിൽ ശൃംഗാരം ധാരാളമുണ്ട്. ശൃംഗാരരസം കോരിച്ചൊരിയുന്ന പുസ്തകങ്ങൾ വായിക്കാതെ അവനവനിഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിപ്പാൻ വായനക്കാർക്ക് മനോധർമ്മമുണ്ട്. കുലീനാദർശങ്ങൾ പലതുമുള്ള ഇംഗ്ലീഷ് ഭാഷാ പഠനം മൗഢ്യമെന്നുള്ള കത്തനാരുടെ വാദം സ്വീകരിച്ചുകൂട... ശൃംഗാരത്തിനും ഒരു മാന്യസ്ഥാനം ജീവിതത്തിലുണ്ടെന്നു ശൃംഗാരിയല്ലാത്ത തോബിയാസച്ചന് അറിഞ്ഞുകൂടാ. ഈ കഥയിൽ ആവശ്യത്തിനുമാത്രം ശൃംഗാരമുണ്ടെന്നല്ലാതെ വിടരസം താലോലിക്കുന്നില്ല.

ലോനപ്പന്റെ പരിശ്രമം വിഫലമെന്നു കണ്ട് സംധൃതഗതിയിൽ മുറിക്കുള്ളിൽ പ്രവേശിച്ചു. വേലന്തറ ഭൂതത്തിന്റെ വീണ്ടുമുള്ള രംഗപ്രവേശം കണ്ട് അച്ചൻ വീണ്ടും വിറച്ചു തുടങ്ങി, പെട്ടെന്നവിടെ നിന്നും അപ്രത്യക്ഷനാകുവാൻ സാധിച്ചെങ്കിലെന്ന് തോബിയാസിനു തോന്നി. ഭൂതം തിരുവനന്തപുരം പാർക്കിൽ അടച്ചിരിക്കുന്ന തടിയൻ കരടികണക്കെ വട്ടം ചവുട്ടി നടന്നു. മാളുണ്ണിയിലുള്ള ഭയം ഒരുവശെ, ഭൂതത്തോടുള്ള ഭയം മറെറാരു വശെ, തന്റെ മകളെ ലോനപ്പനു

ദത്തംചെയ്യാൻ വക്കപ്പൻ സിമിത്തേരിയിൽനിന്നുംവന്നു നിർബന്ധിക്കുന്നതുകണ്ടു് അച്ചൻ വിയർത്തു. ഒരുതരത്തിൽ അദ്ദേഹം ലോനപ്പൻെറ പിറകിൽ മറഞ്ഞു. ഒടുവിൽ വിവാഹം നടത്തിക്കൊടുക്കാൻ തന്നെ അച്ചൻ തീർച്ചചെയ്തു് വിവരം ലോനപ്പനെ ധരിപ്പിച്ചു. അച്ചൻ പള്ളിയിലേക്കു പോകുന്ന ഭാവംകണ്ടു സംഘം പുറത്തിറങ്ങിനിന്നു. അച്ചനോടുകൂടി ചെല്ലമ്മയും ലോനപ്പനും ദേവാലയത്തിനുള്ളിൽ പ്രവേശിച്ചു. പ്രധാനനടയുടെ മുൻപിൽ മുട്ടിന്മേൽനിന്നു് ലോനപ്പനും ചെല്ലമ്മയും പ്രാർത്ഥിച്ചു. അച്ചൻ മുറപ്രകാരം അവരുടെ വിവാഹം നടത്തി. സകലവിധ ആശിസ്സുകളും സ്വീകരിച്ചു ദൈവജനനിയുടെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തു. നവദമ്പതികളവർ ആദ്യമായി ആകാശത്തിലൂടെ പറക്കുന്ന രണ്ടു പ്രാക്കളെന്നോണം മെത്തയുടെ ചൊല്പടി പള്ളിയുടെ പ്രധാന വാതിൽ കടന്നിറങ്ങിയതും മക്കോയി അവരെ കടന്നുപിടിച്ചതും ഒന്നിച്ചുകഴിഞ്ഞു. അവിചാരിതമായ ഈ ആക്രമണത്താൽ ആ നവദമ്പതികൾ മാത്രമല്ല, അവരുടെ അനുചരരും അമ്പരന്നു. ഇതോടെ വടക്കുവശം സ്ഥിതിചെയ്യുന്ന സിമിത്തേരിയിൽനിന്നും ഭയങ്കര അലർച്ചകളും കേൾക്കുന്നുണ്ടു്. ശവക്കല്ലറകളുടെ ഭിത്തി ഇടിച്ചു തകർക്കുന്ന സ്വരവും കേൾക്കാം. തോംബിയാസച്ചനും വാലിയും പള്ളിമേടയിലെത്തി കതകു തട്ടി അടച്ചുകിടന്നു. മാമൂലുകളെല്ലാം തകർത്തു് അർദ്ധരാത്രിക്കു നടത്തിയ കല്യാണത്തിൽ യഥാസ്ഥിതികരായ മരിച്ചവർ തങ്ങളോടു കയർക്കുന്നതുപോലെയും, വധൂവരന്മാർക്കു് തോന്നിപ്പോയി. ചെല്ലമ്മയെ ലോനപ്പൻ മക്കോയിയുടെ പിടിയിൽനിന്നും വിടുർത്തി വിജയശ്രീലാളിതനായി. ലോനപ്പൻ ആശ്വാസമേതം

തന്റെ അനുചരന്മാരോടുകൂടി സ്ഥലംവിട്ടു. മക്കോയി പിൻതുടൎന്നു. കുരിശിൻചുവട്ടു കടന്നപ്പോൾ മക്കോയി രണ്ടാമതും ചെല്ലമ്മയെ കടന്നുപിടിക്കാൻ ചീറി അടുത്തു. പിടിച്ചു പിടിച്ചില്ല എന്ന മട്ടായപ്പോൾ ഒരു ഭയങ്കര അലൎച്ചയും അതേ തുടൎന്ന ഭൂതാവേശവും ഉണ്ടായി. നീണ്ടുകൂൎത്ത നഖങ്ങളുള്ള ഒരു കയ്യ് മക്കോയിയെ വലിച്ചിഴച്ചുകൊണ്ടു് വാസുദേവപുരത്തിനടുത്തുള്ള വനംനോക്കി പാഞ്ഞു. ദാസ് മെത്താ മക്കോയിയെ രക്ഷിപ്പാൻ ഭൂതത്തിന്റെ പിന്നാലെ സംഹാരരുദ്രനെപ്പോലെ പാഞ്ഞു. ദാസ് മെത്താ തന്നെ പിൻതുടരുന്നതുകണ്ടു് ഭൂതം വട്ടം കറങ്ങി സിമിത്തേരിയിലേക്കു തിരിഞ്ഞു മക്കോയിയെ പടിഞ്ഞാറുവശമുള്ള ശവക്കോട്ടയിലേക്കിട്ടു. ശവക്കോട്ടക്കകത്തു പ്രജ്ഞയററു കിടക്കുന്ന കഠിനശത്രുവിന്റെ പ്രാണരക്ഷാൎത്ഥം, ഈ അൎദ്ധരാത്രിൽ ഏകനായി എത്തിട്ടുള്ള മെത്തായുടെ ധൈൎയ്യം അവൎണ്ണനീയം തന്നെ. മെത്താ അടുത്തു ചെന്നു. മക്കോയിക്കു് വീണ്ടും ബോധം വീണു. തന്നെക്കണ്ടു ഭയന്നോടുന്ന ഭൂതത്തിന്റെ പിന്നാലെ മെത്താ പാഞ്ഞു. മെത്താ വീണ്ടും തന്നെ പിൻതുടരുന്നതുകണ്ടു് ഭൂതം പതുങ്ങി. ശവക്കോട്ടയിൽ വലിയ ഇരപ്പും ബഹളവും. അടിക്കടി തനിക്കു നേരിടുന്ന ആപത്തുകളോൎത്തും ക്ഷീണാധിക്യത്താലും യുവാവു വാടിതളൎന്നു. വീരരസം മുഖമാസകലം കളിയാടുന്നതിൽ നിന്നും, ശാരീരികക്ലേശം കൂട്ടാക്കാതെ ആത്മതേജസ്സിനാൽ പ്രേരിതനായി, കൂടുതൽ കൂടുതൽ പ്രയത്നിക്കേണ്ടിടത്തു് കൂടുതൽ കൂടുതൽ പ്രവൎത്തനശീലവും സഹിഷ്ണുതയും പ്രദൎശിപ്പിക്കുന്ന തന്റേടിയായ ഒരു യുവകേസരിയാണു് മെത്താ എന്നു വായനക്കാർ മനസ്സിലാക്കണം.

ശവക്കോട്ടയിലെ ബഹളത്തിന്ന കാരണം ഭൂതമല്ലെന്നും, മരിച്ചവക്ക് സ്വൈരമായി ഉറങ്ങത്തക്കവണ്ണം ശവക്കല്ലറയ്ക്കു വിസ്താരമില്ലായ്കയാൽ അവയ്ക്കുള്ളിൽ അടക്കപ്പെട്ടവർ തമ്മിൽ, കുറവിലങ്ങാട്ടു മൂന്ന നോമ്പു ദിനം സാധാരണ കാണുന്നപോലുള്ള തിക്കും, തിരക്കുമാണു രാത്രിയും മററും സിമിത്തേരിയിൽനിന്നും കേട്ടിട്ടുള്ളതു്. പള്ളിപണിയിച്ചതു് ചെമ്പകരാജൻ. ആ പള്ളിയുടെ ശവക്കല്ലറ ഇടിച്ചു വാഴവച്ചതു് ഇന്നത്തെ ഭരണാധികാരികളായ കൈയ്കാരന്മാർ. രാജസ്ഥാനത്തുനിന്നും ധാരാളം നിലം പുരയിടങ്ങൾ പള്ളിക്കു ദത്തമായിട്ടുള്ളതുകൂടാതെ, അരവിന്ദാക്ഷൻ മുതൽ ഡേവിവരെ മണിയാകരന്മാരും വസ്തു വകകളായി പള്ളിക്ക് അപ്പഴപ്പോൾ നൽകിയിട്ടുള്ള ദാനങ്ങളെല്ലാം ഇത്ര പെട്ടെന്നു മറന്നു്, സ്വാർത്ഥത ഒന്നുമാത്രം മുൻനിരുത്തി എവിട്ടന്നോ വന്നു കയറിയ ഇന്നത്തെ അതിന്റെ കൈയ്കാരന്മാർ ഭരണം നടത്തുന്നതു് എന്തു് അവകാശത്തിലാണെന്നു് എനിക്കു് അറിഞ്ഞുകൂടാ. ഓരോ വീട്ടുകാർക്കും ഓരോ കല്ലറ പണിയിക്കത്തക്കവണ്ണം പള്ളിക്കു് വെൺപറമ്പുള്ളപ്പോൾ കുരുടരായ കൈയ്കാരന്മാർ അവരുടെ ഇടുങ്ങിയ തലച്ചോറുകൊണ്ടു് എന്തിന്ന വഞ്ചന നിറഞ്ഞ ഈ ഭരണം ശവക്കോട്ടയിൽപോലും നടത്തണം! ഒരു ശവം മറവുചെയ്തു ചീയുന്നതിന്മുമ്പു മറെറാരു ശവം വെട്ടി ഇറക്കുന്ന ഇന്നത്തെ കൈയ്കാരന്റെ ഹൃദയത്തെ കുറുക്കൻപോലും വെറുക്കണം. ശവക്കോട്ടയുടെ വക്കിൽ വാഴ വയ്ക്കാൻ കുടമാളൂർ അത്രയ്ക്കു ദരിദ്രയോ? പള്ളിയുടെ മുതൽ വർദ്ധിപ്പിച്ചു് വാഴക്കുല വിററു വേണംപോലും പള്ളിക്കാര്യങ്ങൾ നടത്താൻ. ഇടുങ്ങിയ ശവക്കോട്ട കൈയ്ക്കാരന്റെ ഇടു

ങ്ങിയ മനസ്ഥതി വെളിപ്പെടുത്തും. എണ്ണത്തിൽ കുറയുന്ന പൊണ്ണന്മാർ, മരിച്ചാൽ അവരുടെ ശവം മറപ്പാൻ ചിൽപുരുഷന്മാർ രക്തം വിയർത്തു പള്ളി തത്തിട്ടുണ്ടു്. സാധുക്കൾക്കു മരിച്ചാലും അഘോര നരകം അവരെ മറയ്ക്കാനുള്ള സ്ഥലത്തെപ്പററി വാദിപ്പാനാരുമില്ല. ആകാശത്തിൽ പറന്നുനടന്നു് ശവം കൊത്തി ഭുജിക്കുന്ന കഴുകനും മററും അഭയസ്ഥാനം നൽകി, ഇത്ര ഭീകരമായി കാണപ്പെടുന്ന ഈ സ്ഥലം ശ്മശാനമെങ്കിലും, ഇതല്ല കാണേണ്ട ദിവ്യസ്ഥലമെന്നു്, വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. മെത്താ വീണ്ടും ഭൂതത്തിൽ ദൃഷ്ടിയുറപ്പിച്ചു. അഗ്നി വമിച്ചു കൊണ്ടു് ഭൂതം മക്കോയിയെ വീണ്ടും ആകർഷിച്ചു. മെത്താ വീണ്ടും ഓടി അടുക്കുന്നു. ഭൂതം ഭയന്നു് വടക്കോട്ടോടി. പള്ളി മതിൽകടന്നു് വടക്കോട്ടുള്ള വാതിൽ തട്ടിയുടച്ചു് അത്ര നട്ടിരുന്ന പൂവൻവാഴ ചുവടെ പിഴുതു് ഭൂ[illegible]സഞ്ചാരമാർഗ്ഗമടച്ചു കൈയ്ക്കാരനോടുള്ള അപ്രീതി രേഖപ്പെടുത്തി. ഭൂതത്തിന്റെ പിന്നാലെ മതിൽ ചാടി മെത്തായും മറയ്ക്കോടി.

---

## അദ്ധ്യായം ൧൯

# സ്വതന്ത്രഭാരതം

ഞായറാഴ്ചദിവസം. യോഗക്കാർ മിക്കവാറും നേരത്തെ എത്തീട്ടുണ്ടു്. പള്ളിയിലേക്കു ആളുകൾ കൂട്ടംകൂട്ടമായി വരുന്നു. പള്ളിപൊളിച്ചുപണിയാനൊ ഇന്നത്തെ പൊതുയോഗമെന്നു സംശയിക്കണം. അതിനുതക്ക ഹൃദയവിശാലത കൈക്കാരന്മാർക്കുണ്ടെന്നു് കരുതിക്കൂടാ. കടമാളൂർ പല ഭാഗങ്ങളിലും കെട്ടിടംപണിയുടെ ബഹളമാണു്. എന്നിരിക്കിലും പള്ളി പഴയസ്ഥിതിയിൽ തന്നെ കാണപ്പെടുന്നു. ദിവസേന വർദ്ധിച്ചുവരുന്ന ഇടവകക്കാരെ ഒന്നടങ്കം സ്വീകരിപ്പാൻ ത്രാണി അവൾക്കില്ല. ഇടിഞ്ഞുപൊളിഞ്ഞുകിടന്നിരുന്ന വാസുദേവപുരംകൂടി കാലസ്ഥിതിക്കനുസരണമായി പൊളിച്ചു് പണുതതുകാണാം. ഉദ്ധാരണത്തിനുള്ള ദിവസങ്ങളാണിപ്പോൾ.

ക്രിസ്ത്യാനികൾ ഭാരതത്തിൽ വളരെ കുറവാണു്. ഉദ്ദേശം അറുപതു ലക്ഷത്തിൽ കവിയാത്ത ഇക്കൂട്ടർ ൩൫ കോടി ഇൻഡ്യാക്കാരുടെ നടുവിൽ തങ്ങളുടെ നില സുരക്ഷിതമാക്കണം. പാശ്ചാത്യരാജ്യങ്ങളിൽ പതിനേഴാം നൂററാണ്ടിന്റെ അവസാനഘട്ടംവരെ രാജ്യകാര്യങ്ങളിലും മുൻനിന്നു് പ്രവത്തിച്ചിരുന്ന ഒരു മഹൽസ്ഥാപനമാണു് പള്ളി (Catholic Church). ഇക്കാരണത്താലാണു് പള്ളിയാണു് യൂറോപ്പു്, യൂറോപ്പാണു് പള്ളി എന്നിങ്ങനെ പറവാൻ ബെല്ലക്കിനെ പ്രേരി

പ്പിച്ചിട്ടുള്ളതും. രാഷ്ട്രീയകാര്യങ്ങളിൽ മികച്ച പരിജ്ഞാനവും, തികഞ്ഞ പാടിപ്പും വൈദികരിൽമാത്രം കണ്ടിരുന്നു. ജനതാമദ്ധ്യത്തിലുള്ള കലഹങ്ങൾ ഇല്ലാതാക്കാൻ പള്ളി അശ്രാന്തപരിശ്രമം നടത്തിവന്നു. രാജ്യഭരണംപോലും ഏതാണ്ട് കാനൻ (Canon law) നിയമപ്രകാരമാണ് പള്ളി നടത്തിവന്നത്. രാഷ്ട്രീയ മണ്ഡലത്തിലേക്ക കാനൻ നിയമത്തിൻെറ അതിരുകവിഞ്ഞ പ്രവാഹംമൂലം പള്ളി രാജ്യത്തിനുള്ളിൽ മറെറാരു രാജ്യമായി ക്രമേണ വളൎന്നുവന്നു, രാജാക്കന്മാരെപ്പോലും വെല്ലുവിളിച്ചു. രാജകീയ ചട്ടങ്ങളും പള്ളി കല്പനകളും തമ്മിൽ കൂട്ടിമുട്ടി ഇടറിത്തുടങ്ങി. ഇടച്ചുവളൎന്ന് കലഹവും, കലഹം വൎദ്ധിച്ച് കലാപവുമായി. മതാദ്ധ്യക്ഷന്മാർ പാപ്പാമാർ ലോകാദ്ധ്യക്ഷരായ ചക്രവൎത്തികളും രാജാക്കന്മാരുമായി മത്സരിച്ച് പള്ളിയുടെശക്തി രാജകീയശക്തികൾക്കെതിരായി അണിനിരന്നു. ദേവാലയങ്ങൾ ചുട്ടുപൊടിച്ച് ഹെൻട്രി എട്ടാമൻ തൻെറ മതപരിവൎത്തനവുമാരംഭിച്ചു. ലോകത്തെ ശപാസംമുട്ടിച്ച ഭയങ്കരസംഭവങ്ങളിലൊന്നുമാത്രമാണിതു്. 'പഴയ'ലോകത്തിന് തീയ്കൊളുത്തിയാൽ 'പുതിയ'യൂറോപ്പ് ജനിക്കുമെന്നാണ് അക്കാലങ്ങളിലെ ചിന്താശീലന്മാർ തെററിദ്ധരിച്ചതു്. ചുട്ടുപൊടിക്കൽനയം തുടൎന്ന അവർ കരുതി പള്ളിയെ കാണുന്നിടത്തെല്ലാം ദഹിപ്പിച്ചുകളഞ്ഞാൽ, പള്ളിയുടെ ശക്തി ക്ഷയിച്ച് പള്ളി ഇല്ലാതായിത്തീരുമെന്നു്. സന്യാസാശ്രമങ്ങൾ വെന്തെരിച്ചും—അതോടുകൂടി അവയുടെ ഉള്ള പേരായ്മകൾ ദഹിച്ചെങ്കിലും—സപൂൎണ്ണം കണക്കെ, തപരാ പള്ളിയുടെ ശക്തി പതിന്മടങ്ങു വൎദ്ധിച്ചു. പള്ളികൾക്കുള്ളിൽനിന്നും പ്രബലമായ ഒരു ശക്തി ജനി

ച്ചുവളൎന്നു് ഇഗ്നേഷിയസ് ലയോളാതന്റെ സ്വാധീനശക്തി ഒന്നിനാൽമാത്രം മ്ശാഹായുടെ കോട്ടയെ സുദൃഢമാക്കി. വിഭ്രാന്തിയടഞ്ഞ 'ആധുനികർ' കണ്ണിൽ കണ്ടതെല്ലാം പള്ളിയുടേതെന്നുകരുതി, കുത്തിക്കവൎന്നും തീയ്കൊളുത്തിയും നശിപ്പിക്കയാൽ പലമഹൽസ്ഥാപനങ്ങളും, കലീനകലകളും ലോകത്തിന്നു് നഷ്ടമായി. ഇന്നാളംവരെ വൎദ്ധനവിൽ തഴച്ചുവളൎന്നിരുന്ന ലോകം സ്വാതന്ത്ര്യവാളിൽനിന്നുമുള്ള വെട്ടേററു് രണ്ടായി പെട്ടെന്നു് പിളൎന്നു ലോകത്തിനുണ്ടായിരുന്ന ഒരുമ നഷ്ടപ്പെട്ടു്, ഭാവിതന്നെ അന്ധകാരത്തിൽ ലയിച്ചുപോയി എന്നു് ആംഗ്ലേയചരിത്രകാരനായ ടൗട്ട് (Tout) എന്ന മഹാപണ്ഡിതൻപോലും തൊണ്ടയിടറി സമ്മതിച്ചിട്ടുണ്ടു്.

ഇത്രയും പറയുവാൻ കാരണം വിവരിക്കാം. ഭാരതത്തിന്നു് ഇന്നല്ലെങ്കിൽ നാളെ സാമ്പത്തിക സ്വാതന്ത്ര്യം കരഗതമാകും. സ്വതന്ത്രഭാരതത്തിനു് അത്യാവശ്യമെന്നു ഞാൻ കരുതുന്ന വൎഗ്ഗീയരഞ്ജിപ്പു് അക്ഷരംപ്രതി സംജാതമായാൽതന്നെ, നമ്മുടെ നില ഉറപ്പിക്കേണ്ട ഭാരം നമ്മിൽത്തന്നെ സ്ഥിതിചെയ്യും. ജാതിമതഭേദമെന്യെ ഭരണം നടത്താൻ ജാതീയപക്ഷക്കാർ ശ്രമിച്ചാൽതന്നെ, ഈ ദ്വശഭരണം പ്രവൎത്തനത്തിലെത്തുമ്പോൾ നാനാപക്ഷം ഞെരുങ്ങേണ്ടിവരും. ഞെരുക്കിക്കൊണ്ടുമിരിക്കും. രാഷ്ട്രീയവും മതപരവുമായ സംഗതികൾ വിഭിന്നങ്ങളെന്നും, മതം രാജ്യഭരണത്തിന്നു് ഒരിക്കലും തടസ്സമായിത്തീരുന്നതല്ലെന്നും ഉള്ള ആശയത്തെ മുൻനിൎത്തിയാണെന്നുതോന്നുന്നു ഇന്നത്തെ ഇൻഡ്യൻനേതാക്കന്മാർ സ്വരാജ്ലബ്ധിക്കായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതു്. യൂറോപ്പിൽ വെസ്റ്റ

ഫേലിസ്യായിൽവച്ചു് നടന്ന ഒരു കാരാറാണു് ഇത്തരണത്തിൽ അനുസ്മരിക്കുക. രാഷ്ട്രീയകാര്യങ്ങളിൽ മതം പ്രവേശിച്ചുകൂടെന്നു് ക്രിസ്ത്യാബ്ദം ഫന്നൂർവ്വംൽ നടന്ന ഒരു സന്ധിപ്രകാരം നിശ്ചയം ചെയ്തെങ്കിലും അതനുസരിച്ചാണു് ലോകഭരണം ഇന്നു് നടത്തുന്നതെന്നു പറവാൻ ധൈര്യമാർക്കുണ്ടു്? അവനവന്റെ രാജ്യത്തിനുള്ളിലുള്ള മതം അവനവൻതന്നെ തീർച്ച ചെയ്യണം എന്നുള്ള നില എത്രത്തോളം വിലമതിക്കേണമെന്നു് എനിക്കറിഞ്ഞുകൂടാ. നീറോ മുതൽ കാലസു് വരെ — ഭഗീരഥപ്രയത്നം നടത്തിയിട്ടും, പള്ളി, തെല്ലും ആയാസമെന്യേ ലോകരംഗത്തിനുള്ള ഏററവും മഹൽശക്തിയായി എട്ടുദിക്കുകളെയും അവളിലേക്കു് ആകർഷിച്ചു, നാല്പതുകോടി ജനങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാമണ്ഡപമായി ആത്മീകഭരണം നടത്തുന്നതു് കണ്ണുള്ളലോകർ കാണേണ്ടതുണ്ടു്.

ലോകചരിത്രം ആദ്യന്തം സമഗ്രമായി ഒന്നോട്ടുകൂടി പരാമർശിച്ചു എനിക്കു് അനുഭവപ്പെടുന്നതെന്തെന്നു് വിവരിക്കാം. മതം എല്ലാക്കാലത്തും എന്നാളും ഭരണത്തിന്റെ രക്തനാഡിയാണു്. സാവധാനമൊഴുകുന്ന ഒരു മഹാനദിയായി മതത്തെ കരുതാം. ഈ നദി ഭൂഗോളമാസകലം പടന്നു് ഒഴുകുന്നതു് സൂക്ഷ്മദൃക്കുകൾ എങ്കിലും കാണുമാറാവാം. 'ലൗകീകഭരണം എക്കാലത്തും നടത്തുന്നതു് മതമാണെന്നാണു് എന്റെ പരിപൂർണ്ണമതം. ഭാവിഭരണവും മതംതന്നെ നടത്തുമെന്നുതന്നെയാണു് എന്റെ പരിപൂർണ്ണവിശ്വാസം. ക്രിസ്തുവിനുമുൻപു നടന്നിരുന്ന യൂദഭരണം ഇതിനു് ഉദാഹരണമാണു്. യൂദന്മാർ ഫിലസ്ത്യയിൻകാരെ അസുരന്മാരായിക്കരുതി ഭരിച്ചു. തുടർന്നുണ്ടായ ഈജിപ്ഷ്യൻഭര

ണം പരിശോധിച്ചാലും അനുഭവം വിഭിന്നമല്ല. റോമ്യുടെ മാഘ്മികൾ പാലും തേനും വിളഞ്ഞിരുന്ന കനാൻ ദേശവാസികളൊ, അന്യമതാവലംബികളായ ആസീരിയരൊ, ഗ്രീക്കുകാരൊ ആരായിരുന്നു? റോമ്യുടെ മതാനുസാരികളെ അദ്ദേഹം തന്റെ കണ്ണിലുണ്ണികളായി തീററിപ്പോററിവന്നു. യൂദചരിത്രവും, ഈജിപ്ഷ്യൻ ചരിത്രവും പരിശോധിച്ചാലും, മതം, രാജ്യകാര്യങ്ങളിൽ കൈകടത്തുകമാത്രമല്ല, ആത്മീകനേതാക്കൾ, ലൗകീകചക്രത്തെ ഇഷ്ടാനുസരണം നിയന്ത്രിക്കുന്നപരമാർത്ഥം നമുക്ക ബോദ്ധ്യമാകും, ഗ്രീക്കചരിത്രപഠനവും ഈ അനുമാനത്തെ ദൃഢീകരിക്കും. ജോവിൽ വിശ്വസിച്ച് അദ്ദേഹത്തെ ആരാധിച്ചവരെല്ലാം ഒരു കുടുംബാംഗങ്ങളെന്നും, മററുള്ളവരെല്ലാം അധഃകൃതരെന്നുമല്ലെ പരിഷ്കാരം ചിന്തുന്ന ഗ്രീക്കജനംപോലും കരുത്തികൂട്ടാന്നത്? സോക്രട്ടീസ്, ഡമോസ്തനീസ്, പെരിക്ലിസ് എന്നീ പൗരാണിക നേതാക്കൾപോലും മതത്താൽ നിയന്ത്രിക്കപ്പെട്ടവരെങ്കിൽ, ക്രിസ്തുവിൻമുൻപുതന്നെ ഭരണകാര്യത്തിൽ മതം കരസ്ഥമാക്കിയമികച്ച സ്ഥാനം നമുക്ക ബോദ്ധ്യപ്പെടുന്നു. മതനിബന്ധനകൾ കൊണ്ടാണ ഗ്രീക്കരാജ്യങ്ങൾ ഒരിക്കലും യോജിക്കാതെ മിക്കവാറും വിഭിന്നങ്ങളായിക്കഴിഞ്ഞുകൂടിയത്. കൊൺസ്റ്റൻറയിൻ മുതൽ നെപ്പോളിയൻ വരെ—മതം രാജ്യഭരണത്തിൽ വഹിച്ചിട്ടുള്ള പ്രധാനഭാഗം എത്രത്തോളമെന്നു ചരിത്രം വായിക്കുന്നവൎക്കെല്ലാം മനസ്സിലാക്കാം. യൂറോപ്പു മുഴുവൻ പിടിച്ചടക്കിയ നെപ്പോളിയൻ ചക്രവൎത്തി, ഫ്രാൻസിനെമാത്രമല്ല സംഘടിതമായ ഭൂഖണ്ഡത്തെ മുഴുവൻ ക്രിസ്തുവിന്റെ പ്രതിപുരുഷനായ പയസ് ഏഴാമൻ എന്ന മാർപാപ്പാക്ക് തിരുമുൽ

കാഴ്ചവച്ച വാസ്തവം നാം മറന്നുകൂടാ. ഈ മഹാ സംഭവം വിവരിക്കുന്ന ജേംസഫ് ആബട്ട്, പ്രോട്ടസ്റ്റൻറു യൂറോപ്പ് മിശിഹായുടെ പ്രതിപുരുഷനായ വിശുദ്ധ പാപ്പായുടെ മുൻപിൽ, ലോകൈക സാമ്രാട്ടായ നെപ്പോളിയൻ ചക്രവത്തി മുട്ടിന്മേൽനിന്നു തൻ പിടിച്ചടക്കിയ രാജ്യങ്ങളെല്ലാം ദൈവപ്രതിപുരുഷനു സമപ്പിക്കവെ—തന്റെ കിരീടം പായസ് വാഴ്ത്തി തനിക്കു നൽകുന്ന ആ വിനാഴിക—ഉന്നതത്തെ ഭരണനേതാക്കന്മാർ ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു. എന്തെന്നാൽ ലോകഭരണം ദൈവഭരണവുമായി സന്ധിചേർന്ന ആ മണിക്കൂർ—ഇഹത്തിൽ നമുക്കു് ആശിക്കാവുന്ന ലോകസമാധാനത്തിന്റെ അടിത്തറ ഇതുമൂലം രൂപീകൃതമാകുന്നു. ഇതെത്തുടന്നു രാജ്യവും പള്ളിയും കൂടുതൽ അടുക്കുന്നതിനുപകരം കൂടുതൽ കൂടുതൽ അകലുക ഹേതുവാലാണ്, ലോകമിന്നു സംഭ്രമജനകമായ ...നികംപരിത സ്ഥിതിയിലെത്തിച്ചേന്നതു്. പ്രോട്ടസ്റ്റൻറു യൂറോപ്പു് തുടന്നു യുദ്ധം നടത്തുകയും വാട്ടർലൂവിൽ വച്ചു ചതിവിൽ നെപ്പോളിയനെ ബന്ധനസ്ഥനാക്കുകയുംചെയ്തുയാൽ ക്രിസ്തുരാജന്റെ രാജ്യസ്ഥാപനത്തിനു നെപ്പോളിയന്നു് അവസരം കിട്ടാതെ, സെൻറുഹെലിനായിൽ ഒരു ബ്രിട്ടീഷ് തടവുകാരനായി അദ്ദേഹം മറയുന്നു. പള്ളിയോ, ആത്മീകമായി വളന്നിരുന്നെങ്കിലും ശാരീരികമായി ശോഷിച്ചുവന്നു. ശാരീരികമായി എന്നിവിടെ ഞാൻ പറയുന്നതു ഭരണകാര്യത്തിൽ രാജ്യങ്ങളും രാജാക്കന്മാരും പള്ളിയെ അവഗണിച്ചതിനാലാണ്. നെപ്പോളിയന്റെ അധ:പതനത്തെ തുടന്നുണ്ടായ വിയന്നാ കോൺഗ്രസ്സിൽ, പള്ളിക്കു സ്ഥാനം നൽകാതെ, യൂറോപ്പിനെ കഷണം കഷണമായി മുറിച്ചു്, ജനങ്ങളു

ടെ ആത്മികവളർച്ചയിൽ തെല്ലും ആസക്തി പ്രദർശിപ്പിക്കാതെ—താന്താങ്ങളുടെ രാജ്യം താന്താങ്ങൾക്കു യോജിച്ചപോലെ ഭരണംനടത്തി നേഷൻവാദം കൂടുതൽ വളത്തിവരവെ— വിപൽശക്തികൾ തഴച്ചുവളർന്നു്—൧൯൧൪-ൽ പൊട്ടി പുറപ്പെട്ട ലോകമഹായുദ്ധത്തിനു വഴിതെളിച്ചു. കുപ്രസിദ്ധമായ വേഴ്സയിൽ ഉടമ്പടി സമയത്തും പള്ളിയെ മനഃപൂർവ്വം പ്രോട്ടസ്റ്റൻറു യൂറോപ്പു് പിൻതള്ളുകയാൽ, ലോകം വീണ്ടും കൂരിരുട്ടിൽ കിടന്നു മരണഗോഷ്ഠികൾ കാട്ടുന്ന വാസ്തവം കണ്ണുള്ളവർക്കു കാണുവാൻകഴിയും. പള്ളിയും രാജ്യവും ഒന്നുചേർന്നു 'നേഷൻ'വാദകെട്ടുകൾ പൊട്ടിച്ചു ലോകത്തിലുള്ള വിഭവങ്ങൾ ജീവിതസന്ധാരണത്തിനുവേണ്ടിടത്തോളമെങ്കിലും, ലോകർക്കായി വീതിച്ചുകൊടുക്കാത്തപക്ഷം—ഒരു സന്ധികൊണ്ടും, ഇഹത്തിൽ സമാധാനം സാദ്ധ്യമല്ലെന്നുള്ളതു് എൻെറ പരിപൂർണ്ണബോധം. വേഴ്സയിൽ ഉടമ്പടി ചവിട്ടിത്തള്ളിക്കൊണ്ടു് മുസ്സോളിനി ഇററലിയിലും, അഡോൾഫ് ഹിററ്ലർ ജർമ്മനിയിലും പൊന്തിവളരുന്നതു കാണുന്ന നമുക്കു്, ഉള്ളവരും ഇല്ലാത്തവരുമായി വിനാവിളംബം നടന്നേക്കാവുന്ന ആ മഹാസമരം കണ്ടു കരയേണ്ടിവരും. പാലും വെള്ളവുമെന്നവിധം രാജ്യകാര്യങ്ങളും, ദൈവകാര്യങ്ങളുമായി കലത്തിക്കൊണ്ടാണു് മഹമ്മദ് ഇസ്ലാം സ്ഥാപിച്ചിട്ടുള്ളതു്. വാളിൻെറ മുനയിൽ സ്ഥാപിച്ചിട്ടുള്ള മതം ഇസ്ലാം ഒന്നുമാത്രമാണു്. കാര്യസാദ്ധ്യത്തിനു് ഒരു മതംമാത്രം മതി എന്നും, പല മതങ്ങൾ ഒന്നു് ഒന്നിനു വിപരീതമായി നിന്നുകൊണ്ടു്, കലഹവിത്തുകൾ വിതയ്ക്കുകമാത്രമാണു ചെയ്യുന്നതെന്നും, എനിക്കു ശക്തിയായ അഭിപ്രായമുണ്ടു്. മഹ

കോടിയോളം ജനങ്ങളുടെ നിവാസഭൂമിയായ, ഇഹത്തിൽ നാല്പതുകോടിയോളം വരുന്ന കത്തോലിക്കരാണു പ്രാമുഖ്യം വഹിക്കുന്നതെന്നും, ഈ നാല്പതുകോടിയും മണ്ടന്മാരും ഭ്രാന്തന്മാരുമാകുന്നപക്ഷം, ഇത്രത്തോളമോ ഇതിനടുത്തോ എത്തുന്നതിനുപോലും പ്രാപ്തിയില്ലാത്ത ഇതരമതസ്ഥർ, നദികൾ സമുദ്രത്തിലെന്നപോലെ, ക്രിസ്തുമതം സ്വീകരിക്കയോ, അല്ലാത്തപക്ഷം ക്രൈസ്തവർ തുടങ്ങി മററു സകല മതക്കാരും, ഏതെങ്കിലും ഒരു മതം തിരഞ്ഞെടുത്തു് അതിന്റെ അംഗങ്ങളായി ജീവിതം തുടരുകയോ ചെയ്യേണ്ടതു ബുദ്ധിപൂർവ്വമെന്നു കരുതണം. ഇതു സമാധാനസ്ഥാപനത്തിനു് ഇഹത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു അത്യാവശ്യമാണെന്നും ചിന്താശീലന്മാർ സമ്മതിക്കണം. പണ്ഡിതൻ മുതൽ പാമരൻവരെ ഒററദൈവത്തെ ആരാധിക്കുന്നവർ നാം ആകയാൽ, ഈദൃശമായ ഒരു നടപടിമൂലം രക്ഷയെങ്കിൽ എല്ലാവർക്കും രക്ഷയും ശിക്ഷയെങ്കിൽ ഏവർക്കും ശിക്ഷയും — ഒരുത്തർക്കും ഇക്കാര്യത്തിൽ വിഷാദത്തിനു് അവകാശമില്ലാത്തതുമാകുന്നു. സുസംഘടിതമായ ഈദൃശ ദൈവാരാധന സംഘടിതമായ രാജ്യഭരണരീതിക്കു വഴി തെളിച്ചു ലോകസമാധാനം കൈവരുത്തുമെന്നു് എനിക്കു ദൃഢവിശ്വാസമുണ്ടു്. കണ്ണുള്ളവർ കാണട്ടെ. ചെവിയുള്ളവർ കേൾക്കട്ടെ. ഇതിൽനിന്നും ഒരു ക്രിസ്ത്യനായ ഞാൻ, ഒരു കത്തോലിക്കനായ എഴുത്തുകാരൻ—ക്രിസ്തുവിന്റെ ഭാഗം പിടിച്ചു് കത്തോലിക്കമതപ്രചരണത്തിനായി ശക്തിയുക്തം വാദിക്കുന്നെന്നു് എന്നെ പഴിക്കരുതെന്നപേക്ഷ. ലോകത്തിനുള്ള പ്രബലമതശക്തികളും പ്രബലരാജശക്തികളും ഒന്നുചേർന്നു് ഏകമതസ്ഥാപന

ത്തിനായി തങ്ങളുടെ സ്വാധീനശക്തികൾ വിനിയോഗിച്ച് ഒററമതം ഭൂഗോളമാസകലം സ്ഥാപിക്കേണ്ടതാണെന്നു ഞാൻ ശക്തിയുക്തം ഉദ്ഘോഷിക്കുന്നു. ഇതിൽ, കട്ടത്ത മതവൈരാഗി എന്ന് ആരെല്ലാം എന്നെ ദൂഷിച്ചാലും മനുഷ്യനാൽ കഴിവുള്ള ശ്രമങ്ങളെല്ലാം നടത്തി സമരത്തെ ഭൂമുഖത്തുനിന്നും നിഷ്കാസനം ചെയ്യണമെന്ന എന്റെ മോഹം ഒന്നുകൊണ്ടുമാത്രമാണു—മതകാര്യത്തിൽ ഇത്രത്തോളം അതിരുകടന്ന ഒരാശയം ജീവിതത്തിൽ ഞാൻ നട്ടുവളർത്തുന്നതു്. മതകാര്യത്തിൽ ബലപ്രയോഗം അത്യന്താപേക്ഷിതമെന്നു വാദിക്കുന്നവർ—അങ്ങനെയുള്ള ബലപ്രയോഗം ഭൂമി ആസകലമുള്ള ശക്തിയായ ഒരു ജനസഞ്ചയത്തിന്റെ പിൻപിൽ നിന്നുകൊണ്ടുമാത്രമായിരിക്കണമെന്നും എനിക്കു നിർബന്ധമുണ്ടു്. ഇത്രയും പറഞ്ഞതിൽ ഏതെങ്കിലും മതവിഭാഗത്തെയോ, വിഭാഗങ്ങളെയോ പ്രീണിപ്പിക്കണമെന്നു് എനിക്കില്ല. കൂടുതൽ ത്യാഗം സഹിച്ച പ്രബലമതം മററു മതക്കാരെ ആകർഷിക്കണം. ഒടുക്കത്തിലും അവരെ ഞെരുക്കിക്കൂട്ടാം. മതം രാജ്യഭരണത്തിൽ നേതൃത്വം വഹിക്കുമെന്ന എന്റെ വാദമുഖം ക്രോഡീകരിപ്പാൻ പൗരാണികചരിത്രം മാത്രമല്ല, ആധുനിക ചരിത്രവും വേണ്ടുവോളം സഹായകമാണു്. ഇപ്പോൾ നടക്കുന്ന ബ്രിട്ടിഷ് ഭരണംതന്നെ പരിശോധിക്കാം. പ്രോട്ടസ്റ്റൻറ മതത്തിന്റെ സുശക്തമായ കോട്ടയാണു ബ്രിട്ടൻ. പ്രോട്ടസ്റ്റൻറ മതത്തിന്റെ നാരായവേരു് ബ്രിട്ടീഷ് ശക്തിയാണു്. മതമാണു് ബ്രിട്ടീഷ് ഭരണത്തിൽ മുന്നിട്ടുനിന്നു രാജ്യഭരണം നടത്തുന്നതെങ്കിലും, നാടകരംഗത്തിൽ പ്രത്യക്ഷമാകാതെ കർട്ടനു പിന്നിൽ നിന്നുകൊണ്ടുമാത്രം മതശാസന നടത്താം ചെ

യ്‌വാനുള്ള ഒരു നിസ്തുല്യശക്തി ഇക്കാൎയ്യത്തിലവർ പ്രദർശിപ്പിക്കുന്ന പരമാൎത്ഥം പ്രത്യേകം നാം ദർശിക്കണം. കാലസ് കാട്ടിക്കൂട്ടിയ അധൎമ്മങ്ങളിൽ മൗനം ദീക്ഷിച്ച ഇംഗ്ലീഷ് പത്രങ്ങൾക്കുള്ള നയമെന്തെന്നു് ബുദ്ധിയുള്ളവർ ഗ്രഹിച്ചിരിക്കണം. ഒരു പ്രോട്ടസ്റ്റൻറു സ്നേഹിതൻ തൻെറ മതത്തിൽപെട്ട മററൊരാളെ സ്നേഹിക്കുന്നിടത്തോളം, ഒരു അന്യമതക്കാരനെ സ്നേഹിക്കണമെന്നു ശഠിക്കുന്നതു ഭീമമായ 'നയ' വഞ്ചനയാണു്. മുൻകാലങ്ങളിൽ 'മതം' മുന്നിട്ടുനിന്നു ലോകഭരണം നടത്തിയിരുന്നെങ്കിൽ, ഇക്കാലങ്ങളിൽ 'മതം' 'നയ'മായിപ്പകർന്നു രാജ്യഭരണം നടത്തുന്നു. പണ്ടത്തെ മതം കാലക്രമത്തിൽ നയമായിത്തീൎന്നു, ആധുനികലോകത്തിലെ ഏററവും വലിയശക്തി പണ്ടത്തെ മതമായ ഇന്നത്തെ 'നയം' തന്നെ എന്നു് ഇതിൽനിന്നും മനസ്സിലാക്കണം.

പൊതുവായി ഇത്രയും ഗ്രഹിക്കുന്ന വായനക്കാരെ ഇൻഡ്യൻ രാഷ്ട്രീയമണ്ഡലത്തേക്കു ക്ഷണിക്കതെന്നെ. ഇവിടെ കാണുന്ന സത്യാവസ്ഥകളെ തുറന്നു ഞാൻ പ്രതിപാദിക്കാം. ഭാരതം വിവിധ ജാതികൾ നിറഞ്ഞ ഒരു പ്രദർശനശാലയെന്നോ വ്യത്യസ്തമതാലംബികളുടെ നിവാസസ്ഥാനമെന്നോ പറയാം. ഈ അൎത്ഥത്തിൽ ഭാരതം ഒരു (Museum) കാഴ്ചബംഗ്ലാവാണു്. ഇത്രയേറെ ജാതിഭേദങ്ങളുള്ള മററൊരു രാജ്യം ഭൂമുഖത്തില്ല. ഹിന്ദുക്കൾ, മഹമ്മദീയർ എന്നിങ്ങനെ രണ്ടു വൻപിച്ച സമുദായങ്ങൾ—ഒന്നു് ഒന്നിനോടു് ഒരിക്കലും ഉൾച്ചേർച്ചയില്ലാതെ രണ്ടു വിഭിന്നമതങ്ങളെ താലോലിച്ചുകൊണ്ടു് താന്താങ്ങളുടെ പുരോഗതിക്കും അധോഗതിക്കും അഹമഹമികയാ മത്സരിച്ചു

കൊണ്ടിരിക്കുന്നു. ഇവയിലുള്ള ഉൾപ്പിരുവുകൾ വിവിധങ്ങളുമാണു്. ക്രിസ്ത്യൻ, പാർസി, സിക്കു് എന്നീ ന്യൂനപക്ഷം ഓരോന്നും നിരവധി വിഭാഗങ്ങളോടു കൂടി ഇൻഡ്യയിൽ കാണാം. അധകൃതരാകട്ടെ, നീലഗിരിയിലെ കാട്ടാളർ മുതൽ മുണ്ടക്കയത്തെ കാട്ടുമനുഷ്യർവരെ — ഏതെല്ലാം മതങ്ങളോടും ആചാരങ്ങളോടുംകൂടി ജീവിക്കുന്നെന്നു് ഈശ്വരനുമാത്രമറിയാം. 'ബിംബം' ആരാധിക്കുന്ന ഹിന്ദുവും, 'ബിംബം' ഉടയ്ക്കുന്ന മഹമ്മദീയനുംതമ്മിൽ മൈത്രിയുണ്ടാവാൻ എളുപ്പമല്ല. ഇപ്പോൾ നാം കേൾക്കുന്ന ഹിന്ദുമുസ്ലിം മൈത്രിയുടെ ഉള്ളിൽകടന്നു നോക്കുന്ന ഏവനും അതു കേവലം പൊള്ളയാണെന്നു മനസ്സിലാകും. ഹിന്ദുമുസ്ലിംമൈത്രിയെപ്പററി ഗാഢമായി ചിന്തിക്കവെ, ഫ്രഞ്ചുരാജാവു ഫ്രാൻസിസ് ഒന്നാമനും ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമനുംകൂടി തങ്ങൾതമ്മിലുള്ള നീരസം കണ്ടു സംസാരിച്ചൊതുക്കുന്നതിനു് (Field of the cloth of gold) ൽ വച്ചുനടന്ന ഒരു സന്ദർശനം പ്രകൃത്യാ അനുസ്മരിക്കും. പ്രസ്തുത സന്ദർശനത്തിൽ ഇരുവരും മുഖത്തോടുമുഖം നോക്കി സംസാരിക്കുന്നതിനു മനസ്സില്ലാതെ അന്യോന്യം കാണാതിരിപ്പാൻ ദ്വാരമുള്ള ഒരു പലകകൊണ്ടു് ഇരുവരെയും മറച്ചു് അതിലുള്ള ദ്വാരങ്ങളിലൂടെ നോക്കി സംസാരിച്ചു മിത്രങ്ങളായിപ്പിരിയുന്നെങ്കിലും, പെട്ടെന്നു ശത്രുക്കളായിട്ടാണു മഹാരാജാക്കന്മാർ അവർ ഇരുവരും സ്ഥലം വിട്ടതു്. മിത്രങ്ങളായിരിപ്പാൻ രണ്ടുപേർക്കും സമ്മതമല്ല. ശത്രുക്കളായിരിപ്പാൻ നയമൊട്ടുവളരെ അനുവദിച്ചുമില്ല. നയം പ്രസവിച്ച മൈത്രി ഒരിക്കലും ശാശ്വതമല്ലെന്നു് ഇതിൽനിന്നും തെളിഞ്ഞു. മൈത്രി ഹൃദയത്തിൽനിന്നുമുള്ളതായിരിക്കണം. ഇൻ

ഡ്യൻ സ്വാതന്ത്ര്യത്തിന് ഹിന്ദുക്കളും മഹമ്മദീയരുമാ യുള്ള രഞ്ജിപ്പ് അത്യന്താപേക്ഷിതമാകയാൽ ഇരുവരു ത്തുമുള്ള 'നയം' മൈത്രി, മൈത്രി എന്നു വിളിക്കുന്ന തല്ലാതെ സാക്ഷാത്തായ മൈത്രി ഇന്നത്തെ ഭരണരീതി കാരണം സംജാതമാകുമെന്ന് എനിക്കു തെല്ലും വിശ്വാസമില്ല. ഹിന്ദുക്കളും മഹമ്മദീയരും മൈത്രി യുടെ തണലിൽ ഓടിക്കൂടുന്നതു് രഞ്ജിപ്പിനല്ല, ഇരുവ ർക്കുമുള്ള പ്രതാപം പ്രദർശിപ്പിക്കുന്നതിനാണ്. ഇരു വരും ചുരുക്കം ചില സന്ദർഭങ്ങളിൽ പുഞ്ചിരിതൂകുമെ ങ്കിലും ആ പുഞ്ചിരി ഹൃദയത്തിൽ നിന്നുമുള്ളതല്ല. ചു ണ്ടിൽ നിന്നാണെന്നു് ഒരു ഛലോഷംമാത്രം. ഈ പുഞ്ചിരി എപ്പോൾ ഇരുവരും ഹൃദയത്തിൽ നിന്നും ചൊരിയുമോ അപ്പോൾ മാത്രമെ യഥാർത്ഥ ഹിന്ദുമുസ്ലീം മൈത്രി സ്ഥാ പിതമായി എന്നു കരുതിക്കൂടു. ഇതിലും ദുസ്സഹമായ മറെറാരു സംഗതി ഇൻഡ്യയിൽ എല്ലായിടത്തും ... ലോലിക്കുന്ന അയിത്തമാണു്. ചിലരെക്കാണുമ്പോൾ മററു ചിലർ വഴിമാറണം പോൽ. അടുത്തു നടക്കുന്ന തും തൊട്ടു തിന്നുന്നതും പാപമാണുപോലും. കുളിച്ച് ജപിച്ച് സുഖിച്ചു ജീവിക്കുന്നവൎക്ക് വിയർത്തു തപിച്ചു വേലചെയ്യുന്ന താണ ജാതിക്കാരെ കണ്ടാൽ കുളിക്കേ ണമെന്ന ദുഷിച്ച ആചാരക്രമമാണ് യഥാർത്ഥത്തിൽ അയിത്തം. എന്നാൽ ഒരുകാര്യം നാം മനസ്സിലാക്കണം. മനസ്സിലാക്കിയാൽ പോരാ തദനുസരണം പ്രവർത്തിക്ക ണം. പടിഞ്ഞാറൻ പ്രദേശങ്ങളിൽ മതം ഇന്നു നയ മായിപ്പുകന്നു ഭരണം നടത്തുമ്പോൾ, ഇൻഡ്യയിൽ മതം മതമായിത്തന്നെ പ്രത്യക്ഷപ്പെട്ട് ഒന്നു് ഒന്നിനെതി രായി പകയേറ്റുകൂട്ടി വളർത്തുന്ന വാസ്തവമാണതു്. തൻ മൂലമുള്ള ഭിന്നതയ്ക്കു് അത്ര മൂർച്ചകൂടാത്തതു് ആശ്ലേയ

മരണത്തിനുള്ള 'നയ'വിശേഷംമാത്രമാണെന്നും വായനക്കാർ ശ്രദ്ധാപൂർവ്വം ഗ്രഹിക്കണം.

ഇക്കാരണങ്ങളാൽ ഭാരതസ്വാതന്ത്ര്യത്തിന് ഏററവും പര്യാപ്തമെന്ന് എനിക്കു തോന്നുന്നതു, ഭാരതീയരായ നാം ലോകത്തിലിന്നു നിലവിലിരിക്കുന്ന ഏററവും ഉത്തമമായ ഒരു മതം സ്വീകരിച്ച്, ആ മതത്തിന്റെ തണലിൽനിന്നുകൊണ്ടു് രാജ്യോന്നമനത്തിനായി പ്രവർത്തിക്കണമെന്നാണ്. ഇത്രമാത്രമല്ല, ഭാരതോദ്ധാരണത്തിന് അത്യന്താപേക്ഷിതമെന്ന് എനിക്കു തോന്നുന്ന മററു പോംവഴികളും യഥാവസരം ചൂണ്ടിക്കാണിക്കുന്നതായാൽ—എല്ലാ കത്തോലിക്കരോടും എല്ലാ ക്രൈസ്തവരോടും എനിക്കു പറവാനുള്ള ചില പ്രത്യേക സംഗതികളിലേക്കു ഞാൻ പ്രവേശിക്കയാണ്. ഇന്നല്ലെങ്കിൽ നാളെ, ഇൻഡ്യാ സ്വതന്ത്ര്യയാകുമെന്നു ബ്രിട്ടനറിയാം. അതിനു സമയമായൊ എന്നുമാത്രമാണു ഇംഗ്ലണ്ടിനുള്ള സംശയം. ഭാരതസ്വാതന്ത്ര്യലബ്ധിക്കായി മററു ജാതികളോടൊപ്പം ക്രിസ്ത്യൻ യുവതീയുവാക്കളും ഉത്സുകരായി പ്രവർത്തിക്കണം. നമ്മുടെ യുക്തിവാദങ്ങളാൽ ബ്രിട്ടനെ നാം അലട്ടണം. ഇഗ്നേഷ്യസ് ലയോളാ, സർ തോമസ് മൂർ, തോമസ് വൂംസി എന്നീ മഹാന്മാരെ പിൻതടർന്നു സമുദായസേവനം ചെയ്യുന്നതിനു, ചുവടെന്നു ഞാൻ കരുതുന്ന ഈ നന്ന ഇടവകയോഗം, ഈവക്ശപ്രവർത്തനത്തിന് എത്രത്തോളം പര്യാപ്തമെന്ന് സൂക്ഷ്മമായി പരിശോധിക്കാം. ഇതിലേക്ക് മാതൃകായോഗമെന്ന് ഒരുക്കൂട്ടർ കരുതുന്ന കടമാളൂർ ഇടവകയോഗത്തിലേക്ക് നാമും പോകതന്നെ. അവിടെ നടക്കുന്ന പ്രവർത്തനങ്ങളെ

നിരീക്ഷണബുദ്ധ്യാ പഠിക്കാം. രാഷ്ട്രീയാന്ദോളനത്തിൻ ചുവടെന്നു് എനിക്കു തോന്നുന്ന ഈ ഇടവകയോഗം—എന്റെ മഹത്തരമായ ഈ ആശയത്തെ താങ്ങുന്നതിനു കെല്പുണ്ടോ എന്നു് അറിയേണ്ടതാണല്ലോ. ഇപ്പോഴത്തെ അതിന്റെ ദൂഷിച്ച പ്രവൎത്തനം എന്റെ ഉദ്ദേശത്തിനു് ഒട്ടും ഉപകരിച്ചതല്ലെന്നു് ഖണ്ഡിച്ചു പറയാം. രാഷ്ട്രവും ഈദൃശയോഗങ്ങളുമായി ഘടിപ്പിച്ചു് ഭാരതസ്വാതന്ത്ര്യത്തിനു് അടിത്തറ കെട്ടുകയാണു് ഗ്രന്ഥകാരന്റെ മുഖ്യചുമതല. വൎഗ്ഗോദ്ധാരണത്തിനു സൎവ്വോൽകൃഷ്ടമെന്നു് എനിക്കു തോന്നുന്ന അഭിപ്രായങ്ങൾ തുറന്നു രേഖപ്പെടുത്തുന്നതിൽ—ഇതര അഭിപ്രായഗതികളെ ഞാൻ അവഗണിക്കുന്നെന്നു് ആരും തെററിദ്ധരിക്കയുമരുതു്. സ്വാഭിപ്രായങ്ങൾക്കു കൂടുതൽ വില കല്പിക്കുന്നതു മക്കടമുഷ്ടികൊണ്ടാണെന്നു് എല്ലായ്പൊഴും വരുന്നതല്ല. ഇത്രയും ഗ്രഹിച്ചു വായനക്കാർ, ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചിട്ടുള്ള കടമാളൂർ ഇടവകയോഗത്തിലെ സന്ദർശനഗ്യാലറികളിലിരുന്നു് അവരവിടെ കാണുന്നതെന്തെന്നു നോക്കാം.

---

## അദ്ധ്യായം ൧൮

# ഇടവകയോഗം

---

ജനങ്ങൾ കൂട്ടംകൂട്ടമായി പള്ളിമേടയിൽ പ്രവേശിക്കുന്നു. മണി പതിനൊന്നടിച്ചു. യോഗാദ്ധ്യക്ഷൻ വികാരി തോബിയാസ് കൈയ്ക്കാരന്മാരാലും, കണക്കപ്പിള്ളമാരാലും അനുഗതനായി യോഗശാലയിൽ പ്രവേശിച്ചു. കൂടിയിരുന്നവരെല്ലാം എണീററു തോബിയാസച്ചനെ സ്വീകരിച്ചിരുത്തി. യോഗശാലയുടെ തുടന്നുകാണുന്ന മുറികൾ വികാരിക്കുള്ളതാണു്. മുൻപൊങ്ങും ഇത്ര വൻപിച്ച ഒരു ജനക്കൂട്ടം യോഗപ്പായിൽ വന്നിട്ടില്ല. പൂച്ചയ്ക്കു് കഴുത്തിൽ തുടലിട്ടാലുള്ള ഒരു ഭാവം കണ്ണുങ്കളത്തിന്റെ മുഖത്തു കാണുന്നതിനു കാരണമിതാവാം. ആഗതർ ചിലർ 'ചിക്കപ്പായ്' കീററുകളിലും, മററു ചിലർ 'കയററുപ്പായ്' കഷണങ്ങളിലും കൈയ്ക്കാരന്മാർ 'തുണി കണ്ട'ങ്ങളിലും, ധനാഢ്യരായ കിഴവന്മാർ 'തടിക്കഷണ'ങ്ങളിലും ആസനസ്ഥരാണു്. തോബിയാസിന്റെ ഇരിപ്പിടത്തിനടുത്തു് ചാരിലില്ലാത്ത ഒരു പഴഞ്ചൻ തടിക്കസേര കിടക്കുന്നതു വേലന്തറ മാത്തുണ്ണിയുടെ ഔദ്യോഗിക ഇരിപ്പിടമാണു്. മാത്തുണ്ണി ഇനിയും വന്നുചേർന്നിട്ടില്ല. വെള്ളിക്കമ്പികൾപോലെ നരച്ചതലയെ കാണ്മാനുള്ളൂ. ചില ഉണ്ടക്കണ്ണുകളിൽ കോപാഗ്നിയും പൊള്ളത്തൊണ്ടയിൽനിന്നു ഞരങ്ങലും മൂളലും കേൾക്കാം. ഡോക്ടർ ലോനപ്പൻ ചെല്ലമ്മാസമേതം ഹാജരുണ്ടു്. സമുദായമദ്ധ്യത്തിൽ തിളങ്ങിവിളങ്ങുന്ന ഇവരാ അവരുടെ യോഗ്യതയനുസരിച്ചു

മാനിക്കുന്നതിന്നുപോലും ആരെയും അവിടെ കണ്ടില്ല. ലോനപ്പൻ ഇടവകയോഗം കാണുന്നതാദ്യമാണു്. ശോകം, പുച്ഛം, ലജ്ജ എന്നീ രസങ്ങൾ പ്രദർശിപ്പിച്ചു് ലോനപ്പനും ചെല്ലമ്മയും നില്പുണ്ടു്. ഒരു സ്ത്രീയെക്കൂടി ഇന്നത്തെ യോഗത്തിൽ കാണുന്നതിൽനിന്നും കുടമാളൂർ ഇടവകയോഗത്തിൽ സ്ത്രീകൾക്കും പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടെന്നു തെററിദ്ധരിക്കേണ്ട. ജനകീയഭരണം അത്യുച്ചത്തിലെത്തിയിട്ടുണ്ടെന്നു കരുതുന്ന ഇംഗ്ലണ്ടിൽപോലും സ്ത്രീകൾക്കു പ്രഭുസഭയിൽ (House of Lords) ൽ പ്രവേശനമില്ലാതിരിക്കെ, കുടമാളൂരെ യോഗത്തിൽ സ്ത്രീകൾക്കും പ്രാതിനിദ്ധ്യമനുവദിക്കത്തക്ക മനക്കരുത്തു് ഇവിടങ്ങളിൽ വിരളം. ചെല്ലമ്മ സങ്കടക്കാരിയായിട്ടാണു യോഗത്തെ അഭയം പ്രാപിച്ചിട്ടുള്ളതു്. സ്ത്രീകളും ഇടവകാംഗങ്ങളാകയാൽ, എന്തുകൊണ്ടു് സ്ത്രീകളെയും പള്ളിയോഗങ്ങളിൽ അംഗങ്ങളായി സ്വീകരിച്ചുകൂടാ? ഭരണസാമർത്ഥ്യം സ്ത്രീകൾക്കുമുണ്ടെന്നു് ചരിത്രം തെളിയിക്കുന്നുണ്ടു്. വിദ്യാഭ്യാസമുള്ള സ്ത്രീകളെയും യോഗങ്ങളിൽ ഉൾപ്പെടുത്തുന്നപക്ഷം ഇപ്പോഴവിടെ കാണുന്ന പല അഴിമതികളും നശിക്കും. രാജ്യഭരണത്തിൽ ഒരു നല്ലഭാഗം വഹിക്കുന്ന ഇന്നത്തെ സ്ത്രീകൾ പള്ളിഭരണകാര്യങ്ങളിൽ എത്തിച്ചേരാത്തതെന്തെന്നു് എനിയ്ക്കറിഞ്ഞുകൂടാ. ദീർഘനിദ്രയിൽനിന്നും എണീററുമുന്നോട്ടുവന്നു് സമുദായോദ്ധാരണത്തിനായി പ്രയത്നിപ്പാൻ എന്റെ സോദരികൾ ഉററു പരിശ്രമിക്കണം. ഇനി കഥ തുടരാം. എന്റെ പ്രമേയം മുൻപ്പു്, എന്റെ പ്രമേയം മുൻപ്പു് എന്ന മട്ടിലാണു് പ്രമാണികൾ തമ്മിൽ അവിടെ നടക്കുന്ന മത്സരം. ഇടവിടാതെ അവതരിപ്പിക്കുന്ന പ്രമേയങ്ങൾ കേൾ

ക്കുന്ന ഏവനും കുശവരുടെയിടയിൽ നടപ്പുള്ള കരുവ യെപ്പററി ഓർമ്മിക്കും. ആളു മാറിമാറി പ്രസംഗി ക്കുന്നതുകൊണ്ടാവാം തോബിയാസ് അദ്ധ്യക്ഷസ്ഥാന ത്തിരുന്നുകൊണ്ടു് വിയർക്കുന്നതു്. വിദ്യാഭ്യാസമുള്ളവ രാരും യോഗസ്ഥലത്തു വന്നിട്ടില്ല. ചൊടിപ്പും പഠിപ്പു മുള്ള യുവാക്കന്മാരെ, ഉപയോഗമില്ലാത്ത പിഞ്ചുപി ള്ളേരായി എണ്ണിത്തള്ളുക നിമിത്തമായിരിക്കാം ഇക്കൂ ട്ടർ ഒന്നടങ്കം അറിഞ്ഞോ അറിയാതെയോ നിസ്സഹക രണം അനുഷ്ഠിക്കുന്നതു്. മി. വക്കപ്പൻ മാത്തുണ്ണിയുടെ കനിഷ്ഠസോദരനാണു്. ഇദ്ദേഹം മരിച്ചെന്ന വാർത്ത നാം ഗ്രഹിച്ചു. പിതാവിൻെറവീതം പകുതിസ്വത്തു് മാത്തുണ്ണിയിൽനിന്നു വ്യവഹാരംകൂടാതെ കിട്ടാനുള്ള ലോനപ്പൻെറ അന്ത്യശ്രമമാണു് ഇന്നത്തെ യോഗം. ഇക്കാര്യത്തിൽ ഇടവകയോഗം ഇടപെട്ടു് വ്യവഹാര ത്തിനിടയാക്കാതെ മാത്തുണ്ണിയെ വശത്താക്കി, പകുതി സ്വത്തു് ചെല്ലമ്മക്കു കൊടുക്കത്തക്കവിധം യോഗം നട പടി നടത്തേണ്ടതാണെന്ന മെത്രാൻെറ കല്പനപ്രകാര മാണു് ഇന്നത്തെ പൊതുയോഗം. കത്തോലിക്കർ ക ക്ഷികളായുള്ള കൊടുക്കൽ വാങ്ങൽ കോടതി കയറാ തെ മദ്ധ്യസ്ഥതയിൽ തീർക്കേണ്ടതാണെന്നാണു് മണി യാകരമതം. സ്വാധീനശക്തിയുള്ള വ്യക്തിയുടെയൊ വ്യക്തികളുടെയൊ തീരുമാനത്തിനു വഴിപ്പെടാത്ത ക ക്ഷികളെ പൊതുയോഗത്തിൽ വിളിച്ചുവരുത്തി യോഗ നിശ്ചയപ്രകാരം പ്രവർത്തിക്കാത്തവരോടു നിസ്സഹകര ണം അനുഷ്ഠിക്കേണ്ടതാണെന്നും മണിയാകരനു് അഭി പ്രായമുണ്ടു്. മഹത്തരമായ ഈ പ്രവർത്തനത്തിനു് ഇന്ന ത്തെ യോഗത്തിനു കെല്പില്ലെന്നു മണിയാകരനറിയാം. വൈദികർക്കു താമസിപ്പാൻ മേടകളും മററും പണിയുന്ന

തിന്നും, പണിയിപ്പിക്കുന്നതിന്നും മാത്രമല്ലാതെ ഇന്നത്തെ യോഗങ്ങളെക്കൊണ്ടു—പള്ളിക്ക് എത്ര സംപത്തുണ്ടായിരുന്നാലും—മറെറാന്നിന്നും കൊള്ളാത്ത—ഇഴയുന്ന ഒരു സംഘടനയാണു് ഇന്നത്തെ പള്ളിയോഗങ്ങളെല്ലാം. ഇവയെ നിയന്ത്രിക്കുന്ന കളവികളെ കൂടടക്കം പിടിച്ചു ദഹിപ്പിക്കാത്തപക്ഷം ഇൻഡ്യയിലെ കത്തോലിക്കരുടെ ഭാവി ഭയനീയമെന്നേ പറയേണ്ടു. ലോനപ്പന്റെ വിവാഹവാർത്ത കാട്ടുതീയ്പോലെ പടർന്നിരുന്നതിനാൽ ഇത്ര ധീരകൃത്യം നടത്തിയ നവദമ്പതികളെ ഒരുനോക്കു കാണുന്നതിനുകൂടിയാണു് ഇന്നത്തെ യോഗത്തിൽ തിക്കുംതിരക്കും ഇത്ര കൂടുതൽ. യോഗോദ്ദേശത്തെപ്പററി തോബിയാസ് കണ്ണങ്കളം സവിസ്തരം പ്രതിപാദിച്ചു. മേലദ്ധ്യക്ഷന്റെ കല്പനയും വായിച്ചുകേൾപ്പിച്ചു. ഇടവകയോഗത്തിന്റെ അ[illegible]തണ്ടു് മാത്തുണ്ണി ഇന്നത്തെ യോഗത്തിൽ ഹാജരില്ല. മാത്തുണ്ണിയാണു യോഗം—യോഗവും മാത്തുണ്ണിയും രണ്ടല്ല—എന്നു് അറിയുന്നവർക്കൊക്കെ ഇന്നത്തെ യോഗത്തിൽ മാത്തുണ്ണിയുടെ സാന്നിദ്ധ്യം എത്രത്തോളം ആവശ്യമെന്നു വായനക്കാർ മനസ്സിലാക്കണം. മാത്തുണ്ണി വരാതെ, മാത്തുണ്ണി സമ്മതിക്കാതെ ഏതു യോഗം ഇന്നു വേലന്തറ വസ്തുക്കൾഭാഗം ചെയ്യും? മാത്തുണ്ണിയുടെ അസാന്നിദ്ധ്യത്തിൽ കടമാളൂർയോഗം അദ്ധ്യക്ഷന്മാരുൾപ്പെടെ ഒന്നടങ്കം ഞെട്ടുന്നെങ്കിൽ മാത്തുണ്ണി വന്നാലത്തെ കഥ പിന്നെ പറയണമോ? വേലന്തറ എന്നു കേട്ടാൽ ഞെട്ടാത്ത മെത്രാൻ—വിറക്കാത്ത യോഗം മലയാളത്തിനു് എത്രയുണ്ടു്?

യോഗശാലയുടെ ഒരു മൂലയിൽ തന്റെ പ്രിയതമക്കടുത്തുനിൽക്കുന്ന ലോനപ്പനെ നോക്കണം. അദ്ദേ

ഷത്തിന്റെ ദൃഷ്ടികൾ വികസിച്ചും മുഖംവാടിയും കാണ
പ്പെട്ടു. ഭയവും സങ്കോചവും ഇടകലർന്നുള്ള നോട്ടം
ചെല്ലമ്മയിലും; പൊതുയോഗത്തിലെ കരങ്ങുകളികണ്ടു
പുച്ഛംനിറഞ്ഞ പുഞ്ചിരിയോടുകൂടി ലോനപ്പൻ ആത്മ
ഗതമാണു്. 'കഷ്ടം.. അഖിലകേരള കത്തോലിക്കു് കോ
ൺഗ്രസ്സിന്റെ അടിത്തറ ഈദൃശയോഗങ്ങളാണല്ലോ,
ഇത്തരം യോഗങ്ങളെ നയിക്കുന്ന പ്രമാണികളാണല്ലോ
ഇന്നത്തെ കോൺഗ്രസ്സ്; ഹാ! എങ്ങനെ ഞാൻ കര
യാതിരിക്കണം? കരഞ്ഞിട്ടെന്തുഫലം? ഭാരതസ്വാത
ന്ത്ര്യത്തിനു് ചുവടെന്നു ഞാൻ കരുതുന്ന ഇടവകയോഗ
ങ്ങൾ വേലചെയ്യുന്നവിധം ഇന്നു് എന്നോടുകൂടി ദർ
ശിക്കുന്നവർ എങ്ങനെ ലജ്ജിക്കാതിരിക്കും? മണലിൽ
മലിനവസ്തുകൊണ്ടുമാത്രം പടുത്തിട്ടുള്ള ഈ അടിത്തറ
പൊളിച്ചു കരിങ്കൽത്തളിരങ്ങളാൽ അവ പുതുതായി പ
ണിയേണ്ടതു് അത്യാവശ്യമാണു്. ചെല്ലമ്മയുടെ വീതം
വാങ്ങാൻ വന്ന വാത്സല്യംപോലും മറന്നു് സമുദായോന്ന
മനത്തിനായി ശ്രമിക്കേണ്ടതു് എന്റെ കടമയാണു്.
ഭാരതീയർക്കും ലോകർക്കും പൊതുവിലും, കത്തോലിക്ക
ർക്കു പ്രത്യേകിച്ചും അഭിമാനസ്തംഭം ആയിരിക്കേണ്ട ഇ
ടവക യോഗങ്ങളും അവയിൽനിന്നും, തഴച്ചുവളരേണ്ട
കത്തോലിക്ക കോൺഗ്രസ്സും, കേവലം ഇത്തരത്തിലുള്ള
ഒരു കരുപ്പില്ലാക്കളരിയാണല്ലോ എന്നോർക്കുമ്പോൾ—
കൈകാലുകൾ തളർന്നുപോകുന്നു. ഇന്നത്തെ യോ
ഗം ഞങ്ങളെ കൂടുതൽ ദരിദ്രരാക്കി. മാത്രമല്ല ഞങ്ങളു
ടെ തലച്ചോറിനെ വേദനിപ്പിക്കുന്നുമുണ്ടു്. എന്നിരു
ക്കിലും ഇന്നത്തെ ഞങ്ങളുടെ സംഘട്ടനംമൂലം ഇടവ
കയോഗങ്ങളുടെ ദുർദ്ദശ അവസാനിക്കും. യോഗംകൊ
ണ്ടു് ഞങ്ങൾക്കു പ്രയോജനമൊന്നുമുണ്ടായിട്ടില്ലെങ്കിലും—

യോഗത്തിന്ന ഞങ്ങളെക്കൊണ്ടു് പ്രയോജനമുണ്ടെന്ന വാസ്തവം ഭാവിയോഗങ്ങൾ ലോകത്തെ ഉണർത്തും. ഇന്നത്തെ യോഗങ്ങൾ ഇടിച്ചുപൊളിച്ച് പുതിയ യോഗങ്ങൾ ഞങ്ങൾ സ്ഥാപിക്കും—പുതിയ കോൺഗ്രസ് ഞങ്ങൾ വളർത്തുകയുംചെയ്യും.'

മാത്തുണ്ണിയുടെ അനന്തരാവകാശി മക്കോയി യോഗശാലയിൽ വന്ന് അദ്ധ്യക്ഷനെ സമീപിച്ച് പിതാവിന്റെ ആലസ്യവാർത്ത ചെവിയിൽ മന്ത്രിച്ചു. സാധുവിനെക്കണ്ടു മൂർഛിച്ച മാത്തുണ്ണി ഇനിയും പരിപൂർണ്ണസുഖം പ്രാപിച്ചിട്ടില്ല. 'ഒരു സൂചികുത്താൻ സ്ഥലംപോലും ഞാനും അപ്പനും ജീവിച്ചിരിക്കുന്നിടത്തോളം കാലം ചെല്ലമ്മക്കു കൊടുക്കുന്ന'തല്ലെന്നു് ദൃഢസ്വരത്തിൽ ഉച്ചത്തിൽ മക്കോയി വിളിച്ചുപറഞ്ഞു. ചെല്ലമ്മയെനോക്കി ആ മൂഢൻ, 'നിന്റെ അമ്മേടെ വസ്തുക്കൾ, കോടതിയിൽപോയി കൊണ്ടുവാ. നിന്റെ വിത്തം' ഇങ്ങനെ തട്ടിവിട്ടു. ഇതെത്തുടർന്ന് കുന്നിൽമൂപ്പിലെ മക്കോയിയുടെ ഭാര്യാപിതാവ്—ചെല്ലമ്മയോട് അടുത്ത് ഈർഷ്യപ്പെട്ടു. കിഴവൻ ചെല്ലമ്മയെ പിടിച്ചു വലിച്ചിഴക്കാൻ തുനിയുന്നതു കണ്ടു ലോനപ്പന്റെ ഭാവം മാറി. പൊതുയോഗത്തിൽവച്ച് കുന്നിൽ കുര്യപ്പികിളവൻ കണ്ടൻപൂച്ചകണക്കെ തന്റെ പ്രേയസിയെ മർദ്ദിക്കുന്നതിന്നു് ഒരുമ്പെടുന്നതുകണ്ടു സ്വല്പനേരം ഇതികർത്തവ്യതാമൂഢനായിനിന്നു. പെട്ടെന്നു് ലോനപ്പൻ കുര്യപ്പിയെ തടഞ്ഞുകൊണ്ടു ഗംഭീരസ്വരത്തിൽ ഗർജ്ജിക്കുന്നു. 'ഇതെന്ത് ഇടവകയോഗം? ഭാരതീയസ്വാതന്ത്ര്യത്തിന—ലോകോദ്ധാരണത്തിന — കാതലായിരിക്കുന്ന രാഷ്ട്രീയ അടിത്തറ ഇതെന്ത്? അഖിലകേരള

കത്തോലിക്ക് കോൺഗ്രസ് ഊർജ്ജിതപ്പെടുത്തുന്നതിനു ഇന്നത്തെ നേതാക്കൾ വളർത്തുന്ന കുറുക്കുവഴിയും ഇതോ? കത്തോലിക്കരെങ്കിലും ദുർവ്യവഹാരങ്ങൾക്കു കോടതി കയറി ശൂന്യരാകാതിരിപ്പാൻ ചൂണ്ടിക്കാണിക്കുന്ന മദ്ധ്യസ്ഥകോടതിയും ഇതെന്നോ? കത്തോലിക്ക പ്രവർത്തനങ്ങളെ നിയന്ത്രിച്ചു സമുദായത്തെ ഉൽക്കർഷത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ഏക ഭരണകൂടവും ഇതുതന്നെയോ? അങ്ങനെ എങ്കിൽ സമുദായം അഭിവൃദ്ധി പ്രാപിക്കുന്നതെങ്ങനെ? വിദേശഭരണത്തിൽനിന്നും എങ്ങനെ നാം നിർവൃതരാകും? നമുക്കുതന്നെ നമ്മെ കണ്ടുകൂടെങ്കിൽ എങ്ങിനെ അന്യർ നമ്മെ ഇഷ്ടപ്പെടും? പൊതുനന്മയുടെ പേരിൽ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടി പരദൂഷണം വളർത്തി പരിപാവനമായ ഒരു ജനസഞ്ചയത്തെ കരുതിക്കൂട്ടി മലിനപ്പെടുത്തുന്ന ഇന്നത്തെ പൊതുയോഗങ്ങളെ അടിതൊട്ടുമുടിവരെ പരിഷ്ക്കരിക്കേണ്ട കടമ ഇന്നത്തെ യുവാക്കൾക്കുണ്ടു്. യോഗങ്ങൾ ഈ രീതിയിൽ വളരുന്നതിനു നാം അനുവദിക്കുന്നപക്ഷം കേരളത്തിൽ മുളയ്ക്കുന്ന സകല കത്തോലിക്ക് സംരംഭങ്ങളും നാശകൂപത്തിൽ അടിയും.' 'വിളിച്ചുചൊല്ലും മറവും കൂടാതെ വഴിയെ ചെന്നവനെ മാപ്പിളയാക്കിയോടി നീ' എന്നിപ്രകാരം കുന്നിൽ മൂപ്പിലെ പറയുന്നതു കേട്ടു് ലോനപ്പൻ പ്രത്യുത്തരം നൽകുന്നു. 'കുന്നിൽ മൂപ്പിലെ വെള്ളിക്കമ്പികൾപോലെ നരച്ച തലയെ മാനിക്കേണമെങ്കിൽ തള്ളിക്കയറുന്ന തണ്ടങ്ങടക്കണം. ഞാനാരെന്നും, ചെല്ലമ്മ ആരെന്നും എന്തുകൊണ്ടു കിഴവൻ സ്മരിക്കുന്നില്ല? എളേപ്പിൽ ലോനപ്പൻ, കേൾക്കണം മൂപ്പിലെ, വേലന്തറ ചെല്ലമ്മയുടെ പ്രാണപ്രിയനാണെന്നു്. മണ്ണില്ലാത്ത

പെണ്ണായി പുറംതള്ളിയ ചെല്ലമ്മയെ സ്വയംവരം ചെയ്തവനെന്നെ 'പെരുക്കിച്ചെറുക്ക'നെന്നു വിളിച്ചാൽ'— ലോനപ്പന്റെ കണ്ണുകൾ ഉപ്പന്റെ കണ്ണുകൾപോലെ ചുവന്നു. ഉഗ്രകോപത്താൽ കത്തിക്കാളിയ ലോനപ്പൻ ആത്മസംയമനം ചെയ്തു വീണ്ടും പറഞ്ഞു. 'സ്വത്തു കൊണ്ടു് സ്വത്തു് നേടണം, പണംകൊണ്ടു് പണം പിടുങ്ങണം, യുവതീയുവാക്കൾ തമ്മിലുള്ള പ്രണയം ഫെയ്ക് കിറുക്ക്, ലക്ഷക്കണക്കിനു സ്വത്തും ചെറുക്കനു മുത്തങ്ങാ തലയുമുണ്ടെങ്കിൽ മതി—ചെറുക്കനു തല കുറച്ചു കുറഞ്ഞാലെന്താ? സ്വത്തില്ലേ? അഴക കത്തിയാൽ അരിയൊ? അനുരാഗം, ഫേയ്—എന്നെല്ലാം പറഞ്ഞു് മണ്ണു നോക്കി പെണ്ണു വിൽക്കുന്ന മൂപ്പിലെപ്പോലുള്ളവരുണ്ടോ പരസ്പരാനുരാഗം ഒന്നുകൊണ്ടു മാത്രം ഹസ്തേനഹസ്തരായിത്തീർന്ന ഞങ്ങളെപ്പോലുള്ള നവദമ്പതിമാർ അനുഭവിക്കുന്ന ദാമ്പത്യജീവിതത്തിന്റെ ഔന്നത്യമെന്തെന്നറിയുന്നുള്ളു?' ഇത്തരുണത്തിൽ തോബിയാസച്ചനെ കാണാൻ ഒരാൾ യോഗശാലയ്ക്കുവെളിയിൽവന്നിരുന്നു. സന്ദർശക കാർഡിൽ നിന്നും ആഗതൻ ആരെന്നു മനസ്സിലാക്കിയ അച്ചൻ തൽക്ഷണം മണിയാകരനെ സ്വീകരിച്ചു. അച്ചൻ പോയപ്പോൾ യോഗക്കാർ ഓരോരുത്തരായി യോഗശാലവിട്ടു. ഇങ്ങനെ ഇന്നത്തെ യോഗവും അവസാനിച്ചു. ഇവിടെ ചിന്താശീലന്മാർ താഴെപ്പറയുന്ന സംഗതികൾ ഗാഢഗാഢം ചിന്തിക്കണം. ഈവട്ടശയോഗങ്ങൾ അഖിലകേരള കത്തോലിക്ക് കോൺഗ്രസ്സിന്റെ ശവക്കല്ലറകളല്ലേ? — കത്തോലിക്ക് കോൺഗ്രസ് തന്നെ ഈവട്ടശയോഗങ്ങൾ താങ്ങുന്ന ഒരുശവമഞ്ചമല്ലേ അത്? —നേതാക്കൾ ധാരാളം—നേതൃത്വം വിരളം. കഷ്ടം!

കത്തഴിഞ്ഞ പുസ്തകംപോലെയല്ലേ അതിന്റെ കിടപ്പ്? വളരുന്നുണ്ട് വളർത്തുന്നുണ്ട്. കീഴ്‌പോട്ടാണെന്നൊരു ദോഷംമാത്രം. സൈനികവേഷത്തിൽപെട്ടെന്ന് ഇംഗ്ലീഷ് പാർലമെന്റിൽ പ്രത്യക്ഷനാകുന്ന ക്രോംവൽ മുഷ്ടി ചുരുട്ടി 'വിഡ്ഢികളേ നിങ്ങൾ ഇറങ്ങു വെളിക്കു' എന്നാട്ടി പാർലമെന്റു പിരിച്ചുവിട്ടവിധം ഇന്നത്തെ ഇടവകയോഗങ്ങളെ ഒക്കെ ചമ്മട്ടികൊണ്ടടിച്ചു കാലനൂർക്കയയ്ക്കണം.

---

## അദ്ധ്യായം ൫൪

# നാരായണി

---

മണിയാങ്കരൻ കഥാഘടനയിൽ മാത്രമല്ല, ഭാഷയിലും കഥാപാത്രസൃഷ്ടിയിലും ഒരു പുതിയ പ്രസ്ഥാനമാണെന്ന് വായനക്കാർക്കറിയാം. രാഷ്ട്രീയമായും സാമുദായികമായും സാമ്പത്തികമായും പ്രവർത്തനം നടത്തിപ്രായംചെന്ന സോദരീസോദരന്മാർ വിശ്രമജീവിതമാരംഭിച്ച് — പ്രവർത്തനലോകം യുവതലത്തിനു വിട്ടൊഴിയെണമെന്ന ഗുരുതരമായ ആദർശംഒന്ന്. യുവതലവുമായി ഇണചേരുവാൻ ആഗ്രഹമുള്ള തന്റേടികൾക്കു ഇതു പ്രതിബന്ധവുമല്ല. മഹാകവി ടെന്നീസൺ, യൂളിസസിൽ കാട്ടുന്ന പ്രസരിപ്പും, വാൾപ്പോൾ പിററ് (The elder) ഇവരെപ്പോലെ ചൊടിപ്പും, യുവാക്കളെ

പിഞ്ചുപിള്ളേരെന്നു ഭത്സിക്കാത്തവരുമായ വൃദ്ധരേയും ഗ്രന്ഥകാരൻ യുവാക്കളെന്നു കരുതും. മഹാനായ ഗ്ലാഡസ്റ്റനെ മാതൃകയാക്കി, പ്രായാധിക്യംകൊണ്ടുള്ള വാട്ടങ്ങളൊന്നും കൂട്ടാക്കാതെ ധീരധീരം പോരാടേണ്ടതു മനുഷ്യധർമ്മമാണു്. ഇതുകൊണ്ടും മണിയാകരൻ ലോകത്തിനൊരു പുതിയ പ്രസ്ഥാനമെന്നു് അഭിമാനിക്കുന്നില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിലും യുവതീയുവാക്കൾ വിപൽശക്തികളോടെതിർത്തു്, പാടവമുള്ള തോട്ടക്കാർ ചെടികളെ എന്നവണ്ണം നിയന്ത്രിച്ചു വളർത്തുന്ന കാലമാണിതു്. യുവത്വത്തിന്റെ ഈ ദൃഢശ്രമങ്ങളിൽ കൊയിത്തുകാരന്റെ അരിവാളിൽ കതിരെന്നവിധം, പഴയ ആശയങ്ങളെ കൊയ്തു് പുതിയ ആശയങ്ങൾ വിതയ്ക്കുന്ന ഒരു നൂററാണ്ടിലാണു നമ്മുടെ ജീവിതം. ഒരു നവീന ലോകം പ്രവർത്തനത്തിൽ വരുത്തുന്നതിനുള്ള ആർഭാടരഹിതമായ സംരംഭങ്ങളാണു് ഇന്നു ലോകമാസകലം നടക്കുന്നതു്. ഉദ്ധാരണത്തിനുള്ള മാർഗ്ഗങ്ങളാണു മുസ്സോളിനി ഇററലിയിലും, ലെനിൻ റഷ്യയിലും പ്രയോഗത്തിൽകൊണ്ടുവന്നതു്. മുസ്സോളിനി, ലെനിൻ ഇവർ അഭിനവലോകത്തിലെ രണ്ടു മഹാ വ്യക്തികളാണു്. മുസ്സോളിനി ലോകത്തെ വശീകരിച്ചു് ശാന്തജീവിതത്തിലേക്കു തിരിപ്പിക്കുമ്പോൾ—ലെനിൻ സ്ഥിതിസമത്വവാദത്താൽ കലുഷപ്രേരിതനായിട്ടാണു വർഗ്ഗോദ്ധാരണം വരുത്തുന്നതു്. നിരുപദ്രവങ്ങളായ മാർഗ്ഗങ്ങങ്ങളിലൂടെ ശാന്തജീവിതം സംപ്രാപ്തമല്ലെന്നു കാണുന്ന ലെനിൻ, വിപ്ലവത്തിനു നേതൃത്വമേററു് പ്രമത്തതകോട്ട തട്ടിയുടച്ചു്, ഉടച്ചുവാർത്തു സോഷ്യലിസം പാടി സോവിയററു ഗവർമ്മെൻറു സ്ഥാപിക്കുന്നു. , ഈ അർത്ഥത്തിലും, 'മണിയാകരൻ' ഒരഭിനവപ്രസ്ഥാനമെ

ന്ന് അഭിമാനിക്കേണ്ടതില്ല. ഭാരതത്തിന്റെ ഉണർവിനായി ഒരു രാജർഷി കണക്കെ സ്വയം താഴ്ന്നുകൊണ്ടാണു് ഇൻഡ്യയുടെ ഉദ്ധാരണമാർഗ്ഗങ്ങളെ മഹാത്മാഗാന്ധി ചൂണ്ടിക്കാണിക്കുന്നതു്. 'ചക്രം' ഇൻഡ്യയുടെ രക്ഷയെങ്കിലും രാഷ്ട്രീയദൃഷ്ട്യാ, അദ്ദേഹം സ്വീകരിച്ച ഈ നയം കാര്യസാദ്ധ്യത്തിനു കണ്ടിടത്തോളം അത്ര അഭികാമ്യമല്ലതാനും. ഇൻഡ്യൻ രാഷ്ട്രീയജീവിതം മഹാത്മജിയിൽ പ്രതിബിംബിച്ചു് പ്രകാശിക്കുന്നെങ്കിലും രാജ്യോന്നമനത്തിനു കൂടുതൽ പ്രായോഗികചിന്തകൻ മഹാനായ സി. ആർ. ദാസ് ആയിരുന്നെന്നു പറയുന്നതിലപ്പുറം അന്തരമില്ല. സർവ്വരാജ്യസംഘം, (League of Nations) ലോകസമാധാനാർത്ഥം സംഘടിതമായ ഒരു സ്ഥാപനമാണു്. ജീവിതസമരത്തിൽ വുഡ്രോ വിൽസൺന്റെ രത്നങ്ങളായ ആദർശധോരണികൾ, ഇഹത്തിലെ മണ്ണിൽ വളരാതെ—കഠിന വെയിലത്തു ചെന്താമരത്തണ്ടുപോലെ വാടിത്തളർന്നും കാണപ്പെടുന്നു. ഇനിയും മഹാനായ ഡോക്ടർ ടാഗോറിന്റെ വിശിഷ്ട ആദർശമണ്ഡപമായ ശാന്തിനികേതന പ്രസ്ഥാനം തന്നെ പരാമർശിക്കാം. പാശ്ചാത്യപൌരസ്ത്യാദർശസമ്മേളനവിഹാരശാല തന്നെ ശാന്തിനികേതനം; അദ്ദേഹത്തിന്റെ കവിഹൃദയത്തിൽനിന്നും അനർഗ്ഗളമായി ചൊരിയുന്ന ആശയങ്ങൾ—താൻ തനിക്കു ദൃശ്യമാകുന്ന ലോകത്തെ കാവ്യരൂപേണ പ്രത്യക്ഷപ്പെടുത്തുന്നതിൽനിന്നും നമുക്കു് ഗ്രഹിക്കാം. ക്ലേശഭൂയിഷ്ഠമാണീയുലകമെന്ന നിരാശാജനകമായ തീരുമാനം ഏതു സഹൃദയനും അനുഭവമാണെങ്കിലും, മനുഷ്യന്റെ നിലനില്പിനും പ്രോത്സാഹനത്തിനുമായി സങ്കല്പലോകങ്ങൾ സൃഷ്ടിച്ചു് അവയുടെയുള്ളിൽ മനുഷ്യരെ കയററി ഇറക്കി

താലോലിക്കയാണു സാധാരണ കവികൾ ചെയ്യുന്നതു്. സംസാരലോകത്തിലകപ്പെട്ടു് ഞെടിയുലയുന്ന മനുഷ്യഹൃദയത്തെ മധുരഭാഷണങ്ങളാൽ വശീകരിച്ചു്, സാങ്കല്പികമായ മണ്ഡപം ഝടുതിയിൽ ഉന്നതീർത്തു സംഗീതാലാപത്താൽ നമ്മെ ജീവിതത്തിലേക്കാകർഷിക്കയാണു ടാഗോർ നയം. ഇതിൽനിന്നും ടാഗോർ മാമുനിയുടെ ശാന്തിനിറഞ്ഞ ഹൃദയം തന്നെയാണു ശാന്തിനികേതനമെന്നു നമുക്കു സകാരണം അനുമാനിക്കാം. വൻരാജ്യങ്ങൾ ചെറുരാജ്യങ്ങളേയും, പണക്കാർ ദരിദ്രരേയും, സംസ്കാരസമ്പന്നർ, നിരക്ഷരകുക്ഷികളെയും സദാ ഞെരുക്കുന്നതുമൂലം ലോക ഒരുമ നശിച്ചു്—നരകം ലാക്കാക്കി കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നതിനെ തടയുന്നതിനു—കെൽപുള്ള ഹസ്തമൊന്നു പ്രത്യക്ഷമാകണം. ലോകം തിന്മയിൽ തഴച്ചുവളരുന്നതു കണ്ടു ടാഗോർ കീററിസു്നോടൊപ്പം നരകമാമിഭൂമിയിൽ വിശ്വഭാരതി എന്നീ സ്വർലോകം സ്ഥാപിച്ചു ശാന്തിനേടാനുള്ള ടാഗോർ പരിശ്രമം ഏററവും പ്രശംസനീയമെങ്കിലും എത്രത്തോളം പ്രായോഗികമെന്നു് അനുഭവിച്ചറിയണം. ഇടവിടാതുള്ള ഇടർച്ചകളാലും, ആർപ്പുകളാലും ഇടവിതാനം തകർത്തുകൊണ്ടിരിക്കുന്ന ജീവിതമത്സരത്തിനിടയ്ക്കു, നാം കേൾക്കുന്ന വനത്തിലെ സ്വരമൊ, നരകവാസി കേൾക്കുന്ന ഒരു ദൈവദൂതന്റെ മാധുര്യമേറിയ ഗാനമൊ ആവാം ശാന്തിനികേതന കർത്താവായ ടാഗോറിന്റെ ഹൃദയത്തിൽനിന്നും പ്രവഹിക്കുന്ന പാശ്ചാത്യ പൗരസ്ത്യാദർശകോലാഹലങ്ങൾ. ഏതായാലും പാശ്ചാത്യരും പൗരസ്ത്യരും ഒന്നുചേർന്നു സമഭാവനയോടുകൂടി വർത്തിച്ചെങ്കിൽമാത്രമെ, ലോകസമാധാനം കൈവരുന്നതിനു സൗകര്യമൊള്ളു. മഹാ

ന്മാരെന്നു ഐക്യകണ്ഠ്യേന സമ്മതിക്കുന്ന നേതാക്കളെയും അവരുടെ ആശയഗതികളെയും കണ്ണുപൂട്ടി വ്യാഖ്യാനിക്കുന്ന ഗ്രന്ഥകർത്താവിനെ മൂഢനെന്നു വായനക്കാർ ഭർത്സിച്ചേക്കാം. ലോകം ഭിന്നരുചിയാണെല്ലോ. ഗുണാഗുണങ്ങളെ വിവേചനം ചെയ്യുന്നവർ ചുരുക്കമെന്നും, ഭൂരിപക്ഷം, 'മുൻപേ ഗമിക്കുന്ന ഗോവ് തന്റെ പിൻപേ ഗമിക്കും ബഹുഗോക്കളെ'ന്നാണെന്നുമുള്ള പരമാർത്ഥം നാം ഒരിക്കലും മറന്നുകൂടാ.

'മണിയാകരൻ' ആകൃതിപ്രകൃതികളിൽ ലോകത്തിന് ഒരു പുതിയ ഉണ്ണിയാണെന്ന വാസ്തവം നാം മനസ്സിലാക്കണം. എ. സി. മണിയാകരൻ തികഞ്ഞ ഒരു സാമുദായിക രാഷ്ട്രീയ ചിന്തകനും വിളഞ്ഞ ഒരു പ്രവർത്തകനുമാണ്. അദ്ദേഹം തന്റെ വിചാരവേളകളിൽ പ്രൗഢഗംഭീരങ്ങളായ വിഷയങ്ങളെപ്പറ്റി ചിന്തിച്ച് അവയെ പ്രായോഗികമാക്കുന്നതിനുള്ള പോംവഴികളെപ്പറ്റി ചുഴിഞ്ഞ് ആരായുക പതിവാണ്. ശാന്തിനികേതനപ്രസ്ഥാനം മഹത്തരമെങ്കിലും, പ്രായോഗികമായിട്ടദ്ദേഹത്തിനു തോന്നുന്നില്ല. മഹാകവി ടാഗോറിന്റെ ആശയങ്ങളെ അദ്ദേഹം മുക്തകണ്ഠം പ്രശംസിക്കുന്നുണ്ടെങ്കിലും, പാശ്ചാത്യപൗരസ്ത്യാദർശസമ്മേളനംകൊണ്ടുമാത്രമേ, ലോകസമാധാനം കൈയ്‌വരൂ എന്നു മണിയാകരനും സമ്മതിക്കുന്നു. ഗുരുവിന്റെ സാരതരങ്ങളായ ആശയങ്ങളെ മണിയാകരൻ സ്വാംഗതംചെയ്തുകൊണ്ട്—പ്രവർത്തനപദ്ധതി സ്വാഭിപ്രായത്തിൽ കരുപ്പിടിപ്പിക്കയാൽ—ലോകമഹാകവി—ടാഗോറിനെ വിട്ട്—ആ ധീരയുവാവിന്റെ മുന്നോട്ടുള്ള തന്റെ സ്വാതന്ത്ര്യപ്രയാണമാണ് — ഒരു പുതിയ പ്രസ്ഥാനമെന്നു സ്വയം കരുതുന്ന മണിയാകരചരിതം.

പൌരസ്ത്യരും, പാശ്ചാത്യരും, ആംഗ്ലേയരും, ഭാരതീയരും, ജർമ്മനും, ജപ്പാനും, ഇററാലിയരും, ഫ്രഞ്ചും, ചീനനും, പേർഷ്യനും, റഷ്യരും, അമേരിക്കരും എന്നു വേണ്ട—ഭൂമുഖത്തിലുള്ള സകലരാജ്യങ്ങളിലും മതങ്ങളിലും നിന്നു് എത്രതാനുംപേർ വിശ്വഭാരതിയിൽ വന്നു പഠിക്കുന്നതുകൊണ്ടു്—അങ്ങനെ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഹൃദയം കൂടുതലായി വികസിക്കുമെങ്കിലും അതുകൊണ്ടുമാത്രം ടാഗോർ ആശിക്കുന്ന ലോകസമാധാനം വളരുമെന്നു നമ്മുടെ കഥാനായകനു വിചാരമില്ല. മണിയാകരൻ മററു വിദ്യാർത്ഥികളോടൊപ്പം വിശ്വഭാരതിയുടെ പിന്നിലുള്ള കിളിവാതലിലൂടെ തന്റെ രാജ്യത്തിലേക്കുതന്നെ പുറപ്പെടാതെ—ശാന്തിനികേതനത്തിന്റെ മുൻവശമുള്ള ആനവാതൽകടന്നു് ആ മഹൽസ്ഥാപനകർത്താവായ ടാഗോറിന്റെ വിശാലഹൃദയത്തെ നമസ്കരിച്ചു്,—കരുവി വീണ്ടും തന്റെ കൂട്ടിലേക്കു് എന്നുള്ള മട്ടുവിട്ടു്—വിസ്തൃതമായ ലോകരംഗത്തു് തനിക്കുള്ള സ്ഥാനം കരസ്ഥമാക്കാൻ—സ്വാർത്ഥം വെടിഞ്ഞു ലോകനന്മയ്ക്കായി ലോകരുടെ നടുവിൽ തന്റെ ദൗത്യവുമായി പ്രവേശിച്ചു്—പഴഞ്ചൻ ലോകത്തോടു ധീരധീരം പോരാടുന്നതിനു് പുറപ്പെടുന്നതു നാം കാണണം! പഠിച്ചതുമാത്രം പാടുന്ന, പാടിക്കൊണ്ടിരിക്കുന്ന ഇന്നത്തെക്കരുവികളെ ഭത്സിച്ചുകൊണ്ടു്—മണിയാകരൻ പഠിച്ചതനുസരിച്ചു പ്രവർത്തിക്കുന്നതു കാണുമ്പോൾ അഭിനന്ദിക്കാത്തവരാരുണ്ടു്? അനുമോദിക്കാതിരിപ്പാൻ ആർക്കു കഴിയും? ടാഗോറിന്റെ ആദർശം കുലീനമെങ്കിലും അദ്ദേഹം ലോകസമാധാനത്തിനായി സ്വീകരിച്ച പ്രവർത്തനവശം ശുഷ്കമെന്നു മണിയാകരനു ബോദ്ധ്യമാകയാൽ പ്രവർത്തനരീതികളിൽ നവീന പന്ഥാവി

ലൂടെ സ്വയം സഞ്ചരിക്കുന്നുണ്ട്. ഇതരസ്ഥാപനങ്ങളെന്നപോലെ വിശ്വഭാരതിയും ചില ആദർശങ്ങൾ നട്ടുവളർത്തുന്നതല്ലാതെ—ലോകസമാധാനം വരുത്തുവാൻ പററിയ ഒരു പ്രവർത്തനപദ്ധതിയോ സ്വാധീനശക്തിയോ കൈവരുത്തിയിട്ടുള്ളതായി നമ്മുടെ കഥാനായകനു ബോദ്ധ്യപ്പെട്ടില്ല. ആകയാൽ ഖിന്നനായിട്ടാണു് അദ്ദേഹം ശാന്തിനികേതനത്തോടു് യാത്ര പറഞ്ഞുപിരിയുന്നതു്. വെട്ടാൻ വരുന്ന മലംപോത്തിനോടു വിശ്വഭാരതി മന്ത്രമോതുന്നതുപോലെ, ടാഗോർ പ്രസ്ഥാനം അദ്ദേഹത്തിനനുഭവപ്പെട്ടു. പിന്നീടു് ഇംഗ്ലണ്ടിലേക്കു യാത്ര പുറപ്പെട്ടു. ബാരിസ്റ്റർ മണിയാകരൻ സ്വദേശത്തെത്തി യുദ്ധവും യുദ്ധംമൂലം ലോകത്തിനു് അടിക്കടി വന്നുചേരുന്ന ക്ലേശങ്ങളെക്കുറിച്ചും കൂലങ്കഷമായി പര്യാലോചിക്കുന്നു. മനുഷ്യൻ മനുഷ്യനായിരിക്കുന്ന കാലത്തോളം യുദ്ധവും കലഹവും പൂർണ്ണമായി ഭൂഗോളത്തുനിന്നു നിഷ്കാസനം ചെയ്യാൻ ഒരുവനും സാദ്ധ്യമല്ലെന്നദ്ദേഹം മനസ്സിലാക്കി. യുദ്ധമില്ലാതാക്കാൻ ആർക്കെങ്കിലും സാദ്ധ്യമായാൽതന്നെ തൻമൂലം ലോകമഹിമയ്ക്കു് ഗണ്യമായ ഒരു ഇടിവു തട്ടുമെന്നും അദ്ദേഹം ഗ്രഹിച്ചു. സമാധാനത്തിനെന്നപോലെ കലഹത്തിനും ജീവിതസരണിയിൽ സ്ഥാനമുണ്ടെന്ന വാസ്തവം നാം വിസ്മരിക്കരുതു്. രാത്രിയും പകലുമെന്നപോലെ—സമാധാനവും സമാധാനക്കേടും ഉണ്ടെങ്കിൽ മാത്രമെ, സമാധാനംമൂലമുള്ള ഗുണവും സമാധാനമില്ലായ്മ മൂലമുള്ള വൈഷമ്യങ്ങളും ബുദ്ധിയുള്ളവർക്കു ഗ്രഹിപ്പാൻ കഴിയൂ. സുഖദുഃഖങ്ങൾ ഇടകലർന്നു വരുന്നതുനിമിത്തം ജീവിതത്തിനുള്ള അഴകു് രസിപ്പാൻ സഹൃദയ

നമുക്കു് എളുപ്പമുണ്ടു്. 'മൃതിന്നു പൊട്ടിച്ചിരി കണ്ണുനീരിൽ മുട്ടിച്ചു ദൈവം വിജയിച്ചിടുന്നു' എന്ന കവിവാക്യം ഇത്തരുണത്തിൽ നാം അനുസ്മരിക്കണം. ഗംഭീരയുദ്ധങ്ങൾ ഉന്മൂലനം ചെയ്യണമെന്നുള്ളതു് മണിയംകര ലോകസമാധാന പ്രോഗ്രാമിന്റെ രക്തനാഡിയാണു്. അറിഞ്ഞുംകൊണ്ടു നടത്തുന്ന യുദ്ധം കരുതിക്കൂട്ടി നടത്തുന്ന കൊലപാതകം മാത്രമാണു്. ലോകസമാധാനത്തിനായി സർവ്വോൽകൃഷ്ടമെന്നു് താൻ കരുതുന്ന അനുരാഗപരമായ പാശ്ചാത്യപൗരസ്ത്യവിവാഹം —ഓരോ നേഷനും ഒററതിരിഞ്ഞു നിന്നുകൊണ്ടു താന്താങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി വൈരാഗ്യത്തോടുകൂടി പടവെട്ടാതെ ഒരു ഒററനേഷനെന്ന സ്നേഹപൂർവ്വം മനസ്സിലാക്കി ഒത്തിണങ്ങണമെന്ന അദ്ദേഹത്തിന്റെ അഭിവാഞ്ഛ,— എല്ലാം നാട്ടുകാരും സ്വാഗതം ചെയ്യണമെന്നതാണു് മണിയംകരമതം. വായനക്കാരുടെ ശ്രദ്ധാലോചനയ്ക്കു മണിയംകരൻ അവതരിപ്പിക്കുന്ന പ്രവർത്തനപദ്ധതി ഇതുതന്നെ. വിശ്വഭാരതി പ്രസ്ഥാനം പററിയതല്ലെന്നുള്ള കഥാനായക ഖണ്ഡനം വായിച്ചറിഞ്ഞ നാം, പ്രവർത്തനവശത്തു് അദ്ദേഹം ഒരുക്കുന്ന ഇണങ്ങിയ വശം ഏതെന്നു് സസൂക്ഷ്മം ഗ്രഹിക്കണം. പൗരസ്ത്യ യുവതീയുവാക്കൾ പാശ്ചാത്യയുവതീയുവാക്കളിൽ അനുരക്തരെങ്കിൽ, തദനുസരണം ക്രമാനുസരണമായ ദാമ്പത്യജീവിതത്തിനു് ഇരുകൂട്ടരും വഴി തെളിക്കണം. പൗരസ്ത്യരൊ, പാശ്ചാത്യരൊ ആരുമാകട്ടെ ജാതിമതഭേദം മറന്നു വിജാതിയവിവാഹത്തിനു് നാം അനുകൂലിക്കുമെങ്കിൽ മാത്രമേ ലോകത്തു നാം ആശിക്കുന്ന ഒരുമ അല്പമെങ്കിലും മുളപ്പാൻ മാർഗ്ഗമുള്ളു. ഈദൃശ ദാമ്പത്യജീവിതത്തിൽനിന്നും ജനിക്കുന്ന കുഞ്ഞുങ്ങൾ

വൻകരകളെയും ജാതിവിഭാഗങ്ങളെയും സംയോജിപ്പിച്ച് ഭൂമിയിൽ സന്മനസ്സുള്ളവക്ക് സമാധാനവും ഐശ്വര്യവും വിളയിക്കും. സന്താനവല്ലികളും അതീവ കോമളവുമായിരിക്കും. എങ്കിൽമാത്രമെ 'നേഷൻ' (Nation) വാദംഇല്ലാതാകൂ. എങ്കിൽമാത്രമെ ഒററലോകം സംജാതമാകൂ. ഏതാനും വത്സരങ്ങൾ ശാന്തിനികേതനത്തിൽ ചിലവഴിക്കുന്നതുകൊണ്ടുമാത്രം വിവിധ രാജ്യവാസികളായ വിദ്യാർത്ഥികൾതമ്മിൽ പരസ്പരം പരിചയത്തിലും സ്നേഹത്തിലും തത്ര കഴിയുമെന്നല്ലാതെ പ്രസ്തുതക്കൂട്ടുകെട്ട് ഒരു ലോകസമാധാന കോട്ട കെട്ടുമെന്ന് വിചാരിക്കത്തക്ക മൗഢ്യം എനിക്കില്ല. ഏകഭാവനയോടുകൂടിയ ദീർഘനാളത്തെ ജീവിതത്തിനുശേഷവും ചങ്കോടുചങ്കുചേർന്ന ചാഞ്ചാടിക്കളിച്ചാനന്ദിച്ചിരുന്ന എത്ര എത്ര മിത്രങ്ങളുണ്ട്, വിദ്യാർത്ഥികാലത്തുതന്നെയും വിദ്യാർത്ഥിജീവിതം കഴിഞ്ഞും, നിസ്സാരസംഗതികളിൽമാത്രം പിളർന്നുമാറി, അമിത്രങ്ങളായിത്തീരുകയും ആചാരം വഴിതെററി ഒന്ന് ഒന്നിനു വിപരീതമായി വർത്തിച്ചു ജീവിതം തുടർന്നിട്ടുള്ളതു്. വിവിധവർഗ്ഗങ്ങളാൽ നിബിഡവും, സകലവിധ അന്ധതകൾക്കിരിപ്പിടവുമായ ജീവിതമത്സരത്തിന്റെ ഒരു ഓണംകേറാമൂലയിൽമാത്രം സ്ഥിതിചെയ്യുന്ന വിശ്വഭാരതിയിലെ കേവലം ഒരു സംഘം വിദ്യാർത്ഥികൾ എന്നെന്നേയ്ക്കും നിലനിൽക്കുന്ന ലോകസമാധാനം വളർത്തുമെന്ന് എനിക്കില്ല വിശ്വാസം. 'ചോര ചിരിക്കും, ചോര കരയും' എന്ന് ഉപദേശിച്ച ആളെ നാം നമസ്കരിക്കണം.

'അന്യോന്യം മത്സരിക്കുമ്പോൾ
ഞങ്ങളഞ്ചവർ നൂററുപേർ
അന്യരോടു പിണങ്ങുമ്പോൾ
ഞങ്ങൾ നൂററഞ്ചുപേർകളാം'

ഇതിൽ ലീനമായിരിക്കുന്ന വിശിഷ്ട ആശയം എന്റെ വായനക്കാർ സവിശേഷം ഗ്രഹിച്ചെങ്കിൽമാത്രമെ മണിയാകര ദൌത്യം നമുക്കു ശരിക്കു മനസ്സിലാവൂ. പാശ്ചാത്യപൌരസ്ത്യപ്രണയവിവാഹം മാത്രമല്ല മണിയാകരോപദേശം. പിന്നെയൊ ക്രിസ്തീയബ്രാഹ്മണ, പാർസി, മഹമ്മദീയ, നായർ, ഈഴവ, ബുദ്ധ, ഹരിജനവിവാഹമാണു് മണിയാകരദാമ്പത്യോപദേശം. കഥാനായകൻ വിതയ്ക്കുന്ന സമാധാനവിത്തു്. ഒരു നേഷനെ അമർത്തി മറെറാരു നേഷനെ ഉയർത്താൻ അദ്ദേഹം തയ്യാറല്ല. അദ്ദേഹം എല്ലാ നേഷനേയും പുലർത്തുന്നുണ്ടു്. സ്വാത്ഥരഹിതമായ മണിയാകരമൊഴികളും കേട്ടു 'വിളഞ്ഞ നെൽവയലിൽ തെളിഞ്ഞ പുലർവേളയിൽ കുളിരിളംകാററു് കലകലയിളകുന്ന ചെങ്കതിരുകൾപോലെ' വിളങ്ങിയാൽ ഭാഗ്യവുമായി. മണിയാകരാവതാരത്തെപ്പററി സംക്ഷിപ്തമായി ഇത്രയും ഗ്രഹിക്കുന്ന വായനക്കാരെ വീണ്ടും കഥാമർമ്മത്തിലേക്കു ക്ഷണിച്ചുകൊള്ളട്ടെ.

ഒന്നാം അദ്ധ്യായം ആദ്യഭാഗത്തു് വായനക്കാർക്കു് പരിചയപ്പെട്ട നാരായണിയെ നമുക്കു പിൻതുടരാം. പാശ്ചാത്യപൌരസ്ത്യാദർശ സമ്മേളനത്തിൽ ആസക്തനായ ലസ്‌ലി ജോൺസ് എന്ന ഐറിഷ് ധ്വര ഭാരതത്തിൽവന്നു് ടാഗോർ മാമുനിയുടെ ആതിഥ്യം സ്വീകരിച്ചു് വിശ്വഭാരതിയിൽ ഏതാനും മാസ

ങ്ങൾ താമസിച്ചു. ദിവ്യകവി ഷെല്ലിയുടെ കീർത്തിയേറിയ പദ്യങ്ങളിൽ സദാ തുളുമ്പിനിൽക്കുന്ന ഒരുതുപ്പിലസ്'ലി ജോൺസിലും കടന്നുകൂടിയിട്ടുണ്ടെന്നു തോന്നിപ്പോകും അദ്ദേഹത്തിന്റെ മുഖഭാവം കാണുമ്പോൾ. ലോകജീവിതം സഹിഷ്ണുതയിൽ കഴിപ്പാൻ ദ്ദേഹം തീർച്ചയാക്കി. കവനവിഷയത്തിൽ ഇററലിയിലെ തന്റെ ജീവിതം ഷെല്ലിയെ എത്ര മഹത്തരമാംവണ്ണം സഹായിച്ചോ, അതുപോലെയൊ അതിൽ കൂടുതലെം ജോൺസിനെ സംബന്ധിച്ചിടത്തോളം തന്റെ ഇൻഡ്യൻ പര്യടനം അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു്. ടാഗോറിനോടുള്ള അദ്ദേഹത്തിന്റെ അതിരററ ഭക്തി രേഖപ്പെടുത്തുന്നതിനും ഈ പര്യടനം അവസരം നൽകിയതോർത്തു് അദ്ദേഹത്തിന്റെ ഹൃദയം പലപ്പോഴും തുടിച്ചുമിരുന്നു. മി. ജോൺസ് ഡബ്ലിൻപ്രഭുവിന്റെ കനിഷ്ഠസന്താനമെന്നുമാത്രമല്ല കത്തോലിക്കനായ ഒരു വിശിഷ്ട യുവാവുമാണു്. ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന ഭാരതീയ സഖാക്കളിൽനിന്നു് ഭാരതം സൗന്ദര്യവിലാസം ചൊരിയുന്ന മഹിളാമണികളുടെ വിളഭൂമിയാണെന്നു് തങ്ങളുടെ വിഹാരവേളകളിൽ അവർ പലപ്പോഴും പറഞ്ഞിട്ടുള്ളതദ്ദേഹം ശ്രവിച്ചിട്ടുണ്ടു്. ബി. സി. എൽ. പാസ്സായശേഷം മാതാപിതാക്കളോടു യാത്രപറഞ്ഞു ലസ്'ലി ജോൺസ് വിദേശസഞ്ചാരത്തിനിറങ്ങിത്തിരിച്ചു. യാത്രാമദ്ധ്യേ ലയൺസിൽവച്ചു നടന്ന 'സൗന്ദര്യ സന്നാഹസദിര്' പ്രദർശനത്തിൽ പൊട്ടുന്നനവെ അദ്ദേഹം കേവലമൊരു സന്ദർശകനെന്നനിലയിൽ എത്തിച്ചേന്നു. ലോകത്തിനുള്ള യുവാക്കന്മാരിൽ ഏററവും കോമളൻ ജോൺസ് ആണെന്നു് സദിർ പ്രവൃത്തകർ തീർപ്പെഴുതി, പ്രഥമസമ്മാനം അദ്ദേഹത്തിനു

നൽകി. വിദേശസഞ്ചാരം ജ്ഞാനാഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാകയാൽ സർവ്വകലാശാല വിട്ടിറങ്ങുന്ന മററു യൂറോപ്യന്മാരോടൊപ്പം ലസ്ലിജോൺസും ലോകസഞ്ചാരത്തിന്നിറങ്ങിത്തിരിച്ചു. തനിക്ക് അനുരൂപയായ ഒരു സ്ത്രീതല്ലജത്തെ കണ്ടുമുട്ടുന്നതിന്ന് അദ്ദേഹം ആഗ്രഹിക്കുന്നുമുണ്ട്. ഇതു് അദ്ദേഹം മററാരേയും ധരിപ്പിക്കുന്നില്ല. യൂറോപ്പിലും അമേരിക്കയിലുമുള്ള മിക്ക യുവതികളും തന്നോടു മമത പ്രദർശിപ്പിച്ചെങ്കിലും ജോൺസിൽനിന്നും കരുണാനിറഞ്ഞ ഒരു നോട്ടംപോലും, അവരാരും നേടുന്നില്ല. തനിക്കിഷ്ടമുള്ള ഒരു പെൺകൊടിയെപ്പോലും പടിഞ്ഞാറെൻപ്രദേശങ്ങളിലെങ്ങും കാണാഞ്ഞു് നമ്മുടെ യുവപാന്ഥൻ പൂർവ്വസ്മരണകളാൽ ഉന്മേഷമുൾക്കൊണ്ടു് ഭാരതീയസ്ത്രീകൾ യഥാർത്ഥത്തിൽ സുന്ദരികളോ എന്നു നോക്കാൻ നേരിട്ടു് ഇൻഡ്യയിലേക്കു യാത്രപുറപ്പെട്ടു. ഒരു ഭാരതീയവനിത തന്റെ ശ്രദ്ധയെ ആകർഷിക്കുന്നപക്ഷം അവളെത്തന്നെ വേളിചെയ്യുന്നതിനും, രാഷ്ട്രീയവും സാമ്പത്തികവുമായി ഇൻഡ്യ ഇന്നനുഭവിക്കുന്ന അസമതകളിൽ ഭാഗഭാക്കായി 'പരിഷ്ക്കാരോൻമുഖങ്ങളായ മാറ്റങ്ങളിലൂടെ ഇൻഡ്യയെ തിരിച്ചുവിടുന്നതിനും ആ വെള്ളക്കാരൻ ഉള്ളെ നിശ്ചയിച്ചു. കണ്ട പെണ്ണുങ്ങളാരും തന്റെ വലത്തുവശത്തു നില്പാൻ അർഹരല്ലെന്നു് എണ്ണിത്തള്ളി മുൻപോട്ടുപാഞ്ഞു് ഇൻഡ്യവരെ വന്ന നമ്മുടെ യുവാവു് 'എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും തണ്ടാർമകനു ഹന്തചമച്ചതുണ്ടോ' എന്ന കവിവചനം ഗ്രഹിച്ചിരുന്നിരിക്കണം. വിജ്ഞാനവിതരണംചെയ്യുന്ന (Prometheus Unbound) പ്രോമിത്യൂസ് അൺബൌൺഡ് എന്ന കൃതിയിൽ ഷെല്ലി 'ഏഷ്യ' എന്ന

ഒരു സ്ത്രീതല്ലജത്തെ ചിത്രീകരിക്കുന്നതു ഹൃദിസ്ഥമാക്കിയ അദ്ദേഹത്തിനു്—അവൾക്കുസമം ഒരു നാരീമണി എപ്പോൾ ഉദയംചെയ്യുമെന്നു് ദൈവത്തിനുമാത്രമറിയാം. അങ്ങനെ ഒരു 'ഇണയെ' കാണുന്നതുവരെ ഒതുങ്ങിപ്പാർക്കാൻതന്നെ അദ്ദേഹം തീർച്ചയാക്കി തന്നിൽത്തന്നെ ഒളിഞ്ഞും കഴിഞ്ഞു. ഇൻഡ്യയിൽ വന്നിറങ്ങിയ അദ്ദേഹം പ്രധാന പട്ടണങ്ങൾ 'ചുററി സഞ്ചരിച്ചു് ഭാരതത്തിൻെറ പുണർവിനായി പ്രവർത്തിപ്പാൻ ജനങ്ങളെ ഉപദേശിക്കുന്നുണ്ടു്. മിക്ക സ്ത്രീപുരുഷ വിദ്യാസ്ഥാപനങ്ങളും അദ്ദേഹം സന്ദർശിച്ചു. പ്രത്യേകിച്ചു് എല്ലാം സ്ത്രീ കോളേജുകളും, കന്യകാമഠങ്ങളും, മററു വിദ്യാമണ്ഡപങ്ങളും നേരിട്ടു കണ്ടു് പ്രൗഢഗംഭീരങ്ങളായ പല പ്രസംഗങ്ങളും താൻ നടത്തി. തൻെറ പ്രസംഗം ശ്രവിക്കുന്ന സ്ത്രീകളെ സശ്രദ്ധം സൂക്ഷിച്ചു വീക്ഷിക്കുക പതിവാണു്. അംഗലാവണ്യത്തിരത്തള്ളലും, തേജോരം പുഞ്ചിരിയും, ഇളംതേടാ നോട്ടങ്ങളും, ബുദ്ധിക്രമത്തലം കൊഞ്ചിക്കുഴയാത്ത നടപ്പും, നിറഞ്ഞുതുളുമ്പുന്ന സ്നേഹസല്ലീലകളും, ശിലയുമലിയുമാമധുരഭാഷണവും ഒത്തിണങ്ങിയ ഒരു തരുണിയെ കണ്ടുമുട്ടാൻ ഇടയാകാഞ്ഞതോർത്തു് ബുദ്ധിമന്ദിച്ചും നിരാശയോടുകൂടിയുമാണദ്ദേഹം അന്നു് എറണാകുളം സെൻറു് തെരസാസു് കോളേജുഹാളിൽ പ്രവേശിച്ചതു്. താൻ എറണാകുളത്തു വന്നതോടുകൂടി തൻെറ ജീവിതക്കപ്പൽ തുറമുഖം പററിയതായി അദ്ദേഹത്തിനു തോന്നി. ഭാരതീയമിത്രങ്ങൾ തന്നോടു പറഞ്ഞവിധമുള്ള ഒരുസുന്ദരിയെപ്പോലും കാണാഞ്ഞു ഭാരതസഞ്ചാരവും തോൽവിയായിക്കരുതി മൂത്ത നിരാശയോടുകൂടിയാണു താൻ പ്രാസംഗികനായി പ്ലാററുഫാറത്തിൽ പ്രവേശിച്ചതു്. എറണാ

കുളം, തൃശ്ശൂർ, കുന്നംകുളം, കോട്ടയം, ചങ്ങനാശേരി, പുളിംകുന്ന് എന്നീ പ്രദേശങ്ങളിലെ സമ്പന്നരായ യുവതികളെല്ലാം അന്നു സെൻറ് ട്രീസാസിൽ വിദ്യാർത്ഥിനികളാണ്. പ്രസംഗംകേൾപ്പാൻ പെൺകുട്ടികൾ അതീവജിജ്ഞാസുക്കളുമാണ്. പ്രസംഗത്തിൻെറ ഗൗരവം, പ്രസംഗഭാഷാ, പ്രതിപാദിക്കുന്ന സംഗതികൾ ഇവയെല്ലാം മറന്നു് യുവതികൾ പ്രാസംഗികൻെറ കോമളത്വം, വേഷപ്രൗഢി, സ്വരമാധുര്യം, വാഗ്മിത്വം ഇവകളിൽ അമ്പരന്നു മാത്സര്യബുദ്ധ്യാ അദ്ദേഹത്തെ ഉള്ളിൽ ആരാധനയാണ്. തൻെറ 'ഇണ'യുമായി ഇനിയും കണ്ടുമുട്ടിയില്ലെങ്കിലും, ഭാരതം സുമുഖികളുടെ ജനനസ്ഥലമെന്നു താനും സമ്മതിച്ചു. എറണാകുളം കോളേജിലെ യുവതികളെല്ലാം അഴകേറിയവരന്നല്ലാതെ ആരിലും തനിക്കു പ്രത്യേകമായിട്ടൊരു സ്നേഹം തോന്നിയതുമില്ല. ആകൃതിപ്രകൃതി ഒത്തിണങ്ങി, ആശയവിശേഷങ്ങളിലും, സൗന്ദര്യവിലാസത്തിലും തൻെറ സമീപം നില്പാൻ ഇവർക്കാർക്കും അർഹതയില്ലെന്നോർത്തു തിളച്ചു പൊങ്ങിയ കടുത്ത നിരാശ ഉള്ളിൽ അമർത്തി ഭാരതത്തിൻെറ നിത്യ മിത്രമായ അദ്ദേഹം രാഷ്ട്രീയജീവിതത്തിൽ ഇൻഡ്യ ഉണർന്നിരുന്നു പ്രവർത്തിക്കേണ്ട ആവശ്യകതയെപ്പററി—ഇക്കാര്യത്തിൽ സ്ത്രീഭാരതം സജീവമായി പരിശ്രമിക്കേണ്ടതെങ്ങനെ എന്നും സകാരണം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള തൻെറ ഗംഭീരവാഗ്വർഷം നടത്തും. പ്രസംഗംകഴിഞ്ഞു തിരിച്ചു നാട്ടിൽപോയി ജീവിതം മുഴുവൻ ഏകാന്തവാസത്തിൽ—ഏകാന്തധ്യാനത്തിൽ കഴിച്ചുകൂട്ടേണ്ടിവരുമല്ലോ എന്നോർത്തു് അദ്ദേഹം അതീവക്ലേശചിത്തനമായി. അദ്ദേഹം സദാ ക്ലേശിതനായി കാണുന്നതിനു കാരണമിതാണ്. സ്നേഹസ്മര

ണയുംസർവഥാ അർഹനായ റിപ്പൺപ്രഭു കഴിഞ്ഞാൽ (അദ്ദേഹവും ഒരു കത്തോലിക്കനായിരുന്നു) ലസ്‌ലി ജോൺസിനെപ്പോലെ ഇൻഡ്യയെ സ്നേഹിച്ച മററാരെ കാണ്മാനില്ല. ഈ മഹാന്റെ പ്രസംഗം ശ്രവിപ്പാൻ ഓടിക്കൂടിയിട്ടുള്ള സ്ത്രീജനങ്ങളുടെ കണക്കെടുക്കുക സെൻസസ്സ് റിപ്പോർട്ടു തയ്യാറാക്കലെന്നപോലെ തന്നെ ദുഷ്കരമാണ്. ഹസ്തതാഡനമദ്ധ്യെ മുപ്പത്തഞ്ചുവയസ്സു മാത്രം പ്രായമുള്ള ലസ്‌ലി ജോൺസ് ഒരു യുവവിഗ്രഹം, മൃദുമന്ദഹാസം തൂകി, സൗന്ദര്യപീയൂഷം ചൊരിഞ്ഞുകൊണ്ട് ദേഹം മന്ദമൊന്നു കുടഞ്ഞ് പ്ലാററ്ഫാറത്തിന്റെ വലത്തുവശംപററി ആലോലഗാത്രൻ—മാന്നാനത്തെ മണിനാദത്തെപ്പോലും വെല്ലുന്ന സ്വരത്തിൽ ഏററവും ഹൃദ്യമാംവണ്ണം താഴെ കാണുന്ന തന്റെ പ്രസംഗവുമാരംഭിച്ചു.

അദ്ധ്യായം ൨൮

# ആ സുന്ദരി

'ഒരേകളിപ്പാട്ടമൊരേ കളിക്കള-
ത്തൊ,രെ കളിക്കോട്ടി,ലൊരേ വികാരം;
ഒരാൾക്ക മററാൾതണൽ,—ഇരു നിലയ്ക്കാ —
യിരുന്നു ഹാ, കൊച്ചുകിടാങ്ങൾ ഞങ്ങൾ'!

'ഇൻഡ്യൻ പര്യടനം തൽക്കാലത്തേക്ക നിറുത്തി എന്നെ സംബന്ധിച്ചിടത്തോളം ആശാഭംഗനായി നാട്ടിലേക്ക മടങ്ങണമെന്നു കരുതുന്നു. ഭാരതീയാദർശങ്ങളെ കണ്ടു പഠിപ്പാനും ഇവിട്ടത്തെ നേതാക്കന്മാരുമായി ഇടയുന്നതിനുംവേണ്ടി ചിലവാക്കുന്ന ദിവസങ്ങൾ എൻെറ ജീവിതത്തിലെ ഒരു പ്രധാന സംഭവമായി എന്നാളും ഞാൻ സ്മരിക്കും. ഭാരതീയയുവതികളുടെ സൗന്ദര്യവിലാസം സ്നേഹിതരിൽ നിന്നും ഗ്രഹിച്ചിരുന്ന ഞാൻ ഒരു ഇൻഡ്യൻ മഹിളയെത്തന്നെ വേളിചെയ്തു് ഇൻഡ്യയോട്ടു് എനിക്ക നൈസർഗ്ഗികമായിത്തോന്നിയിട്ടുള്ള താല്പര്യം പുലത്തണമെന്നു ഞാൻ ആശിച്ചിരുന്നു. നിങ്ങളുടെ രാജ്യവും നിങ്ങളേയും സ്നേഹിക്കണമെന്നു് വാക്കാൽപറകമാത്രമല്ല സ്നേഹദ്യോതകങ്ങളായ പ്രവർത്തനങ്ങളിൽ നിർവ്യാജം ഭാഗഭാക്കാകണമെന്നും എനിക്കു് ആഗ്രഹമുണ്ടു്. വിദ്യാഭ്യാസപൂത്തീകരണത്തെത്തുടർന്നു് ഞാൻ നടത്തുന്ന ലോകപര്യടനം മിക്കവാറും തീരുകയാണു്. അമേരിക്കാ, യൂറോപ്പു്, ആഫ്രിക്ക, ഏഷ്യ എന്നീ വൻകരകൾ ആകമാനം ഇതിനുള്ളിൽ ഞാൻ ചുററിക്കണ്ടു. ഭൂമുഖത്തു്

ഇന്നു ജീവിച്ചിരിക്കുന്ന പല മഹതീമഹാന്മാരും എനിക്കു മിത്രങ്ങളാണു്. എന്റെ യാത്രോദ്ദേശം രാജ്യങ്ങൾ ചുററിത്തിരിയുക—തത്ര കാണുന്ന വിനോദങ്ങളിൽ വിഹരിക്കുക—എന്നിങ്ങനെ സാധാരണ യാത്രക്കാരിൽ നാം കണ്ടുവരുന്ന ഉദ്ദേശങ്ങളല്ല എനിക്കുള്ളതെന്നും ഈ പര്യ്യടനാനന്തരം ജീവിതമത്സരത്തിൽ സ്ഥാനം പിടിക്കേണ്ട ഞാൻ ഒത്തിണങ്ങിയ ഒരു ഇണയെക്കൂടി അന്വേഷിക്കുന്നുണ്ടെന്നും സകാരണം നിങ്ങൾക്കനുമാനിക്കാം. ഇത്രനാളത്തെ എന്റെ സാമന്യം ദീർഘിച്ച ഈ സഞ്ചാരത്തിനിടയിൽ എനിക്കൊത്ത ഒരു സ്ത്രീതല്ലജത്തെ കണ്ടുമുട്ടുന്നതിനു സാധിച്ചില്ലെന്നു പറഞ്ഞാൽ കഴിഞ്ഞതെല്ലാം. അവസാനമായി ഇൻഡ്യയിൽ ഞാൻ വന്നുചേർന്നു. എന്റെ ആദർശങ്ങൾക്കൊത്ത ഒരു തരുണീമണിയെപ്പോലും ഇൻഡ്യയിൽ വന്നിട്ടും കാണു (ഇത്രയും പറഞ്ഞപ്പോൾ നാരായണി ഒരു മൃദുമന്ദഹാസത്തോടുകൂടി ഒരു കയ്യിൽ മാലയും, ഒരു കയ്യിൽ പൂച്ചെണ്ടുമായി ഹാളിനുള്ളിൽ പ്രവേശിച്ചു. പ്രാസംഗികന്റെ നയനങ്ങളുമായി ഇടഞ്ഞു് പെട്ടെന്നവർ അനുരക്തരാകുന്നു) ന്നില്ലെന്നുപറവാൻ നാവുതൊട്ടത്തവാഗ്മി നാരായണീദർശനത്താൽ ധർമ്മസങ്കടത്തിലുഴലുന്നു. അദ്ദേഹം തന്നത്താൻമറന്നു്, വാനോളം ഉയർന്നു്, പ്രണയകോലാഹലമാരംഭിച്ചു വാസ്തവം നാരായണിമാത്രം ഗ്രഹിച്ചിരിക്കണം — അവൾമാത്രം അതീവ ബുദ്ധിമതി ആകയാൽ 'ഒന്നെങ്കിൽ അവൾ ഒരു മൃതിന്ന കുലട—അല്ലെങ്കിൽ യഥാർത്ഥ ശ്രീദേവി ഹേയ്! അവൾ എങ്ങനെ കുലടയാകും? സൽഗുണസംപൂർണ്ണ അവൾക്കിതാ ഞാനടിമയുമായി! സ്വർഗ്ഗത്തെ മയക്കുന്ന പുഞ്ചിരി, സ്വർഗ്ഗത്തെ ഇളക്കുന്ന വദനങ്ങൾ, സ്വർഗ്ഗത്തെ കരുക്കുന്ന നോട്ടങ്ങൾ,

സ്വർഗ്ഗത്തെ കുലുക്കുന്ന നേട്ടങ്ങളും—ഇവളാണു് എൻെറ ഭാര്യ'. എന്നിങ്ങനെ അദ്ദേഹം ഉള്ളെ അലറി. തൻെറ യാത്രോദ്ദേശം സഫലമായതോർത്തു് സന്തോഷത്താൽ പ്രസംഗം സൂത്രത്തിൽ ചുരുക്കി, എളുപ്പത്തിൽ പ്ലാററ്ഫാറം വിടുന്നതിനുള്ള സംരംഭമാണു്, 'ഇത്രത്തോളം ജീവിതത്തിൽ എന്നെ മേളിപ്പിച്ചസ്ഥലം ഭൂമുഖത്തു വേറെന്നില്ല. ഇനിയുണ്ടാകണമെന്നു് എനിക്കു് ആഗ്രഹവുമില്ല. സ്ത്രീകളെ—ഭാരതോദ്ധാരണം നിങ്ങളുടെ അക്ഷീണ പരിശ്രമംമൂലം സംജാതമാകണം. തെരുവീഥികളിലൂടെ ഭർത്താവോടൊപ്പം പ്രസംഗിച്ചു സമയം ദുർവ്യയം ചെയ്യാതെ—ഉദ്യോഗസമ്പാദനാർത്ഥം ഉദ്യോഗമേധാവികളുടെ വെൺപറമ്പു കാവൽക്കാരായി സമയം നശിപ്പിക്കാതെ—കൊഴുത്തു തടിച്ച കുഞ്ഞുങ്ങളുടെ തള്ളമാരായി—ന്യായബോധമുള്ള ഒരു പുതിയ ജനാവലിയെ പോററിവളത്തണം. സമാധാനം വിളമ്പുന്ന ഇൻഡ്യൻ ഗൃഹങ്ങളുടെ നായികകളായി, ഭാരതം നിങ്ങളെക്കൊണ്ടു നിങ്ങൾ നിറയ്ക്കണം. വീരമതികളായ നിങ്ങൾ പ്രസവിക്കുന്ന ധീരസന്താനങ്ങളുടെ ദൈനംദിനമുള്ള പരിശ്രമഫലമായി ഭാരതം സ്വതന്ത്രയാകട്ടെ! സമാധാനവും സ്വാതന്ത്ര്യവും സർവ്വത്ര വിലസട്ടെ! സമ്പൽസമൃദ്ധി നിങ്ങളെ അഭിഷേകം ചെയ്യട്ടെ!' അദ്ദേഹം തൻെറ പ്രസംഗം നിറുത്തി. പ്രാസംഗികക്കു മാലയും, പൂച്ചെണ്ടും സമ്മാനിക്കുക ഇക്കാലങ്ങളിൽ പാട്ടുള്ളിടത്തോളം സ്ത്രീകളുടെ കൃത്യമാണതു്. കാലേക്കൂട്ടി നിർദ്ദേശിച്ചപ്രകാരം ഇന്നത്തെ പ്രാസംഗികനു് മാലയും പൂച്ചെണ്ടും സമ്മാനിക്കുന്നതിനു് നാരായണിയെ ഒരമ്മേ

ല്പിച്ചിരുന്നു. അതനുസരിച്ച് അവൾ മന്ദംമന്ദം പ്ലാററ്ഫോറത്തോടു സമീപിക്കയാണ്. ഇവളുടെ സമ്പർക്കത്തിൽ സദസ്യർ പുളകാഞ്ചിതരായി. പ്രസംഗാനന്തരം, അതിലും ചിലർ കാട്ടിക്കൂട്ടുന്ന ഏഭ്യത്തരങ്ങൾക്കുശേഷം സൗന്ദര്യപ്രദർശനം നടത്തി സദസ്യരെ ആഹ്ലാദചിത്തരാക്കാമെന്ന് ആധുനികകലാപ്രവർത്തകർ കണ്ടുപിടിച്ച ഒരു നൂതനമാർഗ്ഗമാണിതു്. അധികാരികളുടെ പ്രീതിക്കു പാത്രമായിട്ടല്ല സ്ത്രീജനങ്ങളിൽ അവർ നീണ്ടാൾ നിഗൂഢമായി വളർത്തുന്ന ഭക്തി ബുദ്ധിപൂർവ്വം പ്രത്യക്ഷപ്പെടുത്തുന്നതിനും ഇതവസരമാക്കും. നാരായണി വിവിധ പുഷ്പങ്ങൾകൊണ്ട് മനോഹരമായ ഒരു മാലയും, ആകർഷണീയമായ ഒരു ചെണ്ടും സ്വയം നിർമ്മിച്ച് അവയുമായി സസന്തോഷം പ്ലാററ്ഫാറത്തിൽ പ്രത്യക്ഷയാകുന്നു. 'മാലയിടുക' ജീവിതത്തിലവൾക്കിതു് ആദ്യമാണ്. കാണുന്നവരെക്കൊക്കെ വിവാഹിതരൊ, അവിവാഹിതരൊ എന്നുപോലും നോക്കാതെ—അധികാരസ്ഥാനം ആവശ്യപ്പെടുന്ന അനുക്ഷണം 'മാല'യിടുന്നതിനൊരുമ്പെടാൻ അവളുടെ വിനയം അവളെ അനുവദിച്ചിരുന്നില്ല. അവൾ, ഏറണാകുളത്തിനുള്ള കാതരാക്ഷികളിൽ കതിരാണെന്നവൾക്കറിയാം. ആർഭാടജീവിതം അഭികാമ്യമല്ലെന്ന് അവൾ വേണ്ടുവണ്ണം ഗ്രഹിച്ചിരുന്നു. ലസ്ലി ജോൺസിന് ഹാരമണിയിപ്പാൻ പ്രിൻസിപ്പൽ അവളെ ക്ഷണിച്ചു. പ്ലാററ്ഫാറത്തിൽ വന്ന് നിന്നവൾ സദസ്യരെ നോക്കി തെല്ല്. മന്ദഹാസം തൂകി—അതേനിലയിൽ ഇലക്ട്രിക്ക് പിണരുകൾ കണക്കെ അവളുടെ നയനങ്ങൾ പ്രാസംഗികന്റെ നയനങ്ങളുമായി ഇടഞ്ഞു്, അവളുടെ ചങ്ക് അവളുടേതല്ലാതായിത്തീർന്നു. ഹൃദയം മുററിയ

പ്രേമം ബുദ്ധിപൂർവം അമർത്തി ഭയസങ്കോശസമേതം പ്രാംസംഗികനെ ഒന്നുനോക്കി; ഗളത്തിൽ മാലയും കയ്യിൽ ചെണ്ടും സമർപ്പിച്ചു; പൂർണ്ണമായി ഒന്നു മന്ദഹസിച്ചു; ഇങ്ങനെ വേഗമവരു മറയുന്നു. എങ്ങനെ? മാരനെക്കണ്ടു മാൻപേട കണക്കെ—ഹെലനെ' കണ്ട 'പാരീസ്' കണക്കെ -പോരാ-ഇല്ലെ ഇരുവരും 'തുടങ്ങി മെല്ലെ സമിരിന്റെ വട്ടം.' നാരായണിയെപ്പററി ചില വിവരംക്രുടി നാം ഗ്രഹിക്കണം. ചെമ്പകശ്ശേരി മഠത്തിന്റെ മൂലമഠവും മേളവിലാസ മൂലമഠവുമായി ചാർച്ചയുണ്ടെന്നു നാം അറിഞ്ഞിട്ടുണ്ടു്. മദ്ധ്യനൂററാണ്ടുകളിൽ ഫ്രാൻസിനൊ, ജർമ്മനിക്കൊ—രണ്ടിനുമൊ പെപ്പിൻ അടിസ്ഥാനമിട്ടു. എങ്കിലും പുത്രൻ ഷാറത്സ്‌മെയിന്റെ ഭരണകാലത്താണു് റോമ്മാസാമ്രാജ്യം പുനഃസ്ഥാപിതമായതു്. ഇങ്ങനെ മകൻ അച്ഛനേക്കാരം സമർത്ഥനാകയാൽ ചെമ്പകശ്ശേരി കേരളത്തിൽ നിലയുറപ്പിച്ചതു് ചെമ്പകരാജവാഴ്ചക്കാലത്താണു്. വാക്കുകളുടെ ഉത്ഭവത്തെ നിരീ—ക്ഷിക്കാൻ ഞാൻ വൈയാകരണനല്ല. ഞാൻ ശുഷ്കമനസ്കനുമല്ല. ഭാഷകളെല്ലാം ഉപയോഗത്തിൽവന്നതിനുശേഷമാണു് വൈയാകരണന്മാർ ലോകത്തിൽ കടന്നുക്രീയതു്. തൊഴിലില്ലായ്ക്കമ്മെററി തൊഴിൽ നൽകുന്നതിനായി വ്യാകരണമെഴുതുവാൻ നിർദ്ദേശിച്ചാൽ അക്കൂട്ടരുടെ വ്യാകരണനിബന്ധനകളെ ഞാൻ അവഗണിക്കയാണു്. കരിമ്പള്ളിമഠം പുരാതീനവും പ്രബലവുമാണു്. ഇത്ര ആഡംബരപ്പുള്ള മററൊരു ഇല്ലം കേരളത്തിലന്നില്ല, ഞാവുള്ളിഇല്ലം ഇതിന്റെ ഒരു

ശാഖയാണു്. ഈ ഇല്ലത്തിൽ കേശവൻപോററി എന്നൊരാൾമാത്രം ശേഷിച്ചു. അദ്ദേഹം ചെമ്പകശ്ശേരിമഠത്തിലെ .ഒരു തമ്പുരാട്ടിയെ വേളികഴിച്ചു. ഈ വിവാഹത്തിൽ കരു കുട്ടിമാത്രം ജനിച്ചുവളൎന്നതു് കഥയിൽ കാണുന്ന നമ്മുടെ നാരായണിയാണു്. ഏതാനം കൊല്ലങ്ങൾ കഴിഞ്ഞു് മാതാവു കാലഗതി പ്രാപിച്ചു. ഇല്ലവസ്തുക്കൾ കടംമൂലം നശിച്ചു. കാൎയ്യക്കാരൻ കണ്ണുണ്ണി എന്നൊരാളായിരുന്നു; ഒരിച്ചു ഒരിച്ചു് കണ്ണുണ്ണി ഇല്ലംവക സ്ഥാവരജംഗമവസ്തുക്കളുടെ ഉടമസ്ഥനായി. ഇല്ലത്തിൽനിന്നും കവൎന്നെടുത്ത മുതൽ കൊണ്ടു് ഇല്ലവസ്തുക്കൾ ലേലത്തിൽ പിടിച്ചു. ഒടുവിലവ വിററ പണവുമായി അയാൾ ചെംവ്വരവിട്ടു. ഭാൎയ്യയുടെ മരണം സ്വത്തുക്കളുടെ നാശം ഇവമൂലം വിവശനായ കേശവൻപോററി പുത്രി.നാരായണിയുമായി എറണാകുളത്തിനുപോയി—നാരായണിയെ സെൻറുതെരസാസ് കന്യകാമഠത്തിനു ദത്തംചെയ്തശേഷം അപ്രത്യക്ഷനാകുന്നു. നരകം, മോക്ഷം എന്നെല്ലാം പറയുന്നതു മനസ്സിൻെറ പരിതസ്ഥിതിക്കനുസരിച്ചിരിക്കുമെന്നും കേശവൻപോററിക്കപ്പോൾ തോന്നി. തന്നത്താൻ ഇങ്ങനെ അദ്ദേഹം ചിന്തിച്ചുതുടങ്ങി, ജനതാമദ്ധ്യത്തിൽ സ്വതന്ത്രനായി ജീവിക്കുന്ന ഒരു വൻതടവുകാരനെന്നും, തടവിൽ പാൎക്കുന്നവൻ സ്വതന്ത്രനെന്നും തോന്നുന്നതു് മനസ്സിൻെറ ചുററുപാടുകൾമൂലമാണു്. സന്താപവേളകളിൽ നരകവും,സന്തോഷവേളകളിൽ മോക്ഷവും. ചെമ്പകശ്ശേരിമഠത്തിൽനിന്നും വേളി നടക്കുന്നതിൽനിന്നുംനമുക്കു് ഉന്നഹിക്കാം—ഞാവുള്ളിമംത്തിൻെറ പ്രതാപം. ചെവ്വര വിട്ടുപോയ കണ്ണുണ്ണി കോട്ടയത്തു അയ്മനത്തിൽ വാഴുന്നതു് കേശവൻപോററിയും

ഗ്രഹിച്ചിരിക്കണം. കണ്ണുണ്ണിയെപ്പോലെയുള്ള കാര്യ്യക്കാർ കേരളത്തിൽ സുലഭം. ജന്മിമാരായ മലയാള ബ്രാഹ്മണരെ ചൂഷണം ചെയ്ത് കുബേരന്മാരായിട്ടുള്ള കാര്യ്യക്കാർ എത്ര എത്രയെന്നു കേരളചരിത്രം ഗ്രഹിച്ചിട്ടുള്ള വായനക്കാരോടു പറഞ്ഞറിയിക്കേണ്ടും. പുത്രിയെ സെൻറ തെറസാസ് മഠത്തിൽ വിട്ടുകൊണ്ടു കണ്ണുനീർ വാരപ്പൊഴിഞ്ഞു കേശവൻ പോററി ഒരു ഭ്രാന്തനെന്നോണം ഓടിമറഞ്ഞു. നാരായണിയുടെ സുഖാസുഖങ്ങളെപ്പററി അദ്ദേഹം അന്വേഷിച്ചിരുന്നുമില്ല. മഠപുത്രി അവളായിത്തീർന്നെങ്കിലും ആശ്രമശ്രേഷ്ഠയുടെ പ്രത്യേക സ്നേഹാദരവുകൾക്കു നാരായണി പാത്രീഭവിച്ചു. പ്രത്യേകമൊരു മുറിയിൽ ഒരു ഹിന്ദു പരിചാരികയുടെ പരിലാളനയിൽ സകലവിധ സുഖസൗകര്യ്യങ്ങളോടുകൂടി ശ്രേഷ്ഠത്തിയുടെ സവിശേഷമായ മേൽനോട്ടത്തിൽ നാരായണി പഠിച്ചുവന്നു. സീനിയർ ബി. എ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണു് സുപ്രസിദ്ധനായ ലസ്‌ലി ജോൺസ് ഇന്നു് സെൻറ് തെറസാസ് സന്ദർശിച്ചതു്. ഹിന്ദുവായിത്തന്നെ വളരാൻ ശ്രേഷ്ഠത്തിഅമ്മ അവളെ അനുവദിച്ചു. ശ്രേഷ്ഠത്തിഅമ്മയുടെ ഹൃദയവിശാലത അഭിനന്ദനീയമാണു്—രാഷ്ട്രീയവോട്ടെടുപ്പിൽ മേധാവിത്വം കരസ്ഥമാക്കാൻ ഒളിഞ്ഞും ഒളിയാതെയും ഇക്കാലങ്ങളിൽ മതപരിവർത്തനം നടത്തുന്ന ചില ശുഷ്കബുദ്ധികളുടെ ഗോഷ്ടികൾ ഇത്തരുണത്തിൽ അപലപിക്കേണ്ടതാണു്. ഹൃദയവെടിപ്പില്ലാത്തവനെ വലിച്ചിഴച്ചു് ശുഭ്രവസ്ത്രങ്ങൾ അണിയിച്ചു് മന്ത്രതന്ത്രങ്ങളോതി മതംമാററുന്ന ഇന്നത്തെ മതഭ്രാന്തു് എത്ര അപലപിച്ചാലും മതിയാകുന്നതല്ല. ദൈവം നമ്മുടെ

ആത്മാവിൻെറ തേജസ്സാണു നോക്കുന്നതു്. വസ്ത്രവെട്ടുപ്പല്ല — പൊട്ടല്ല. നശ്വരങ്ങളായ ഇവയെല്ലാമൊക്കെ ഇഹത്തിലെ സ്ഥാനമുള്ളൂ. ഏതു മതമായാലും അതതു മതത്തിൻെറ നിബന്ധനകൾ പരിപാലിച്ചു് തന്നെപ്പോലെ തൻെറ അയൽക്കാരനേയും സ്നേഹിച്ചു തൻെറ മതമാണു സത്യമതമെന്നുള്ള പരിപൂർണ്ണബോധത്തോടുകൂടി ജീവിക്കുന്ന ഏവനും മുക്തിപ്രാപിക്കാം. ഇതിൽ മനസ്സിനെതെല്ലും ആയാസം വന്നുകൂടാത്തതുമാകുന്നു. സത്യമതം ഏതെന്നു് അറിയുന്ന അനുക്ഷണം അതു സ്വീകരിക്കുന്നതിനു തയ്യാറാകണം. ചഞ്ചലത്വം ഏതു മതത്തിലായാലും നല്ലതല്ല — നാരായണി ഒരു ഹിന്ദുവെങ്കിലും പഠിക്കേണ്ടവ അവൾ പഠിച്ചുവന്നു. ക്രിസ്തീയാദർശങ്ങളിൽ നൈസർഗ്ഗികമായ ആസക്തി തോന്നി ക്രിസ്തുമതം അവൾ രഹസ്യമായി പഠിച്ചു. സെൻറ് റെറരസാസിൽ പഠിച്ചിരുന്ന കത്തോലിക്ക യുവതികളും മിസ് നാരായണിയെ അനുകരിച്ചു. മൗനമായവൾ ക്ലാസ്സിൽ വരും—മൗനമായി തിരിച്ചുപ്പോകും. അവളുടെ സ്വരം ഇരുവശങ്ങളിലും നടന്നിരുന്ന സ്ത്രീകൾ ഇരുവരുംമാത്രം കേട്ടിരിക്കണം. അത്രയ്ക്കു് ആത്മസംയമനശക്തി അവൾ സമ്പാദിച്ചു. ഞാവുള്ളി ഇല്ലത്തിലെ ഏകസന്താനം—കത്തോലിക്കരെന്നു കേട്ടുകൂടാഞ്ഞ ഇല്ലാംഗമവൾ സെൻറ് റെറരസാസ്. കത്തോലിക്കു് കോളേജു് അധികാരികളാൽമാത്രം അനുഗൃഹീതയായിക്കാലം കഴിഞ്ഞതിൽ 'നിന്ദിക്കും വസ്തു വന്ദിക്കപ്പെട്ടു'മെന്നതു് ഉരുവിടുന്നതു നോക്കണം. മഠത്തിൻെറ ഒരു മുറിയിൽ ഏകയവൾ സ്വയം വെന്തെരിയുന്ന ഒരു അഗ്നിപർവ്വതമാണു്. ഉള്ളു കത്തോലിക്കജീവിതം നയിച്ചു നാരായണി ക്രിസ്തു

മതം സ്വീകരിക്കുന്നതിനും ഒരുത്തമ കത്തോലിക്ക കന്യകയായി ജീവിക്കുന്നതിനും തനിക്കുള്ള ആകാംക്ഷ പലപ്പോഴും മാതാപിതാക്കളെ ഗ്രഹിപ്പിച്ചിരുന്നു. കേശവൻപോററി ജീവിച്ചിരിപ്പുള്ളപക്ഷം അദ്ദേഹംകൂടി അറിഞ്ഞിട്ടാവാം മതംമാററം എന്നിങ്ങനെ അമ്മമാർ അപ്പോഴെല്ലാം അവളെ പറഞ്ഞാശ്വസിപ്പിക്കുക പതിവാണു്.

ലസ്ലി ജോൺസിനെക്കണ്ടുമാത്രയിൽ നാരായണിയുടെ ഭാവാപകന്നു രഹസ്യമായി സ്നേഹം തുടങ്ങി. താൻ പുഷ്പമാല്യം ചാർത്തി പൂച്ചെണ്ടുസമ്മാനിച്ചതാക്കോ അദ്ദേഹമായിരിക്കണം തനിക്കു വിളക്കും വീണയുമെന്നവൾ ഉള്ളു അഭ്യർത്ഥിക്കുന്ന വാസ്തവം മുഖഭാവം വെളിപ്പെടുത്തും. ഈ നാരീമണി തനിക്കു പ്രേമഭാജനമാകുന്നപക്ഷം സന്യാസജീവിതത്തിൽ പ്രവേശിക്കണമെന്നു മി. ജോൺസ് ദൃഢനിശ്ചയവുംചെയ്തു. ഒരു മാസത്തെ (Courting) സ്നേഹപരീക്ഷണാനന്തരം 'തെറേസാ' എന്ന നാമം സ്വീകരിച്ചു് നാരായണി കത്തോലിക്കു് മതത്തിൽചേർന്നു് ലസ്ലി ജോൺസിൻെറ പ്രിയപത്നിയായിത്തീർന്നു. വിവാഹാനന്തരം ബ്രിട്ടീഷ് കൊച്ചിയിൽ വസിച്ചുവന്നു. ഇവരുടെ ഏകസന്താനമാണു് നമ്മുടെ നായിക സേലമ്മ. സേലമ്മയുടെ ബാല്യത്തിൽതന്നെ ലസ്ലി ജോൺസ് ലോകമഹായുദ്ധത്തിൽ പങ്കെടുക്കാൻ ഇംഗ്ലണ്ടിലേക്കു യാത്രതിരിച്ചു. പിന്നീടു് അദ്ദേഹത്തെപ്പററി വിവരങ്ങൾ ഒന്നും കിട്ടിയിരുന്നുമില്ല. അച്ഛൻെറ ശമ്പളം മുറയ്ക്കു് അമ്മ നാരായണിക്കു മാസംതോറും ബാങ്കുമുഖാന്തിരം കിട്ടുന്നുണ്ടു്. അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ എന്നുകൂടി അറിയാതെ നാരായണിയും

മകളും കഴിഞ്ഞു. നാരായണി അച്ഛനെ അന്വേഷിച്ച് കടമാളൂരേയ്ക്ക് പോയതും മററും നാം കണ്ടുകഴിഞ്ഞു.

പാശ്ചാത്യൻ—ലസ്ലി ജോൺസിന് പൗരസ്ത്യ—നാരായണിയിൽ സംജാതയായ നമ്മുടെ നായികയ്ക്ക് സേലമ്മ എന്നു പേരുമിട്ടു. ഐറിഷ് പ്രഭുകുടുംബങ്ങളിൽ അദ്വിതീയമായ ഡബ്ളിൻ പ്രഭുവിൻെറ കനിഷ്ഠസന്താനമാണ് അച്ഛൻ. മാതാവോ ഞാവുള്ളി ഇല്ലത്തിലെ ഏകസന്താനവും. സേലമ്മയുടെ അംഗലാവണ്യം വർണ്ണിക്കുക അത്ര എളുപ്പമല്ലതു്. രണ്ടു വൻകരകളിൽ ജനിച്ചുവളൎന്ന യുവതീയുവാക്കളിവരുടെ ദാമ്പത്യജീവിതം ഏകീഭ്യമെന്നുള്ളതിന് മകുടം സേലമ്മതക്ക തെളിവാണ്. സേലമ്മ—ഹാ! അവളിൽനിന്നും അവളറിയാതെ അനൎഗ്ഗളമായി ചൊരിയുന്ന ദിവ്യതേജസ്സ്—കാണികളെ അവ‍ൾ അവളുടെ സൃഷ്ടിനാഥനിലേക്ക് ആകർഷിക്കും. അവൾ ഒരു വ്യക്തിയല്ല—അവൾ ഒരു ത്ഥാപനമാണ്. അതെ അവൾ പുരുഷനൊരുവൻെറ തലച്ചോറിന് ഒരിക്കൽ കമ്പിട്ടതുമാത്രം മതി ചിൽപുരുഷനവനവളുടെതായി. ഇവരു് മുഴുവൻ ലോകം അവളുടെതാണ്. അവൾ കെട്ടുന്ന കെട്ട് പൊട്ടിക്കത്തക്ക കരുത്തു് മറെറാരു സ്ത്രീക്കില്ലും. അതെ—ഇന്നത്തെ ജോസഫൈൻ അവളാണവൾ.

---

അദ്ധ്യായം പന്ത്

## എ. സി. മണിയാകരൻ

---

ഡേവീ മരണാനന്തരം ലോനപ്പനും അപരനമായി നടന്ന സംഭാഷണത്തിൽ—അപരൻ എ. സി. മണിയാകരനാണെന്നു വായനക്കാർ മനസ്സിലാക്കണം.

രാഷ്ട്രീയ നഭോമണ്ഡലത്തിലെ ചുരുക്കം ചില യുവാക്കളിൽ അഗ്രഗണ്യനാണ് എ. സി. മണിയാകരൻ. എറണാകുളത്തുവച്ചു നടത്തുന്ന അഖിലകേരള നിസ്സഹകരണ മഹായോഗത്തിൽ അദ്ധ്യക്ഷനാകണമെന്ന അഭ്യൎത്ഥന അദ്ദേഹം സ്വീകരിച്ചുകഴിഞ്ഞു. കേരളക്കരയിൽ ഇന്നുള്ള യുവാക്കളിൽ സിംഹമാണദ്ദേഹം. അദ്ധ്യക്ഷപദത്തിനു് അദ്ദേഹമാണു് സൎവ്വഥാ അൎഹൻ.

സൈമൺ കമ്മീഷൻ ബോംബെയിൽ വന്ന ദിവസമാണിന്നു്. സൈമൺ കൂട്ടാളികൾ ഇൻഡ്യയിൽ വരുന്നതിനെ പ്രതിഷേധിച്ചുകൊണ്ടുള്ള നിസ്സഹകരണയോഗങ്ങൾ ഇന്നു് ഭാരതമാസകലം കാണാം. എറണാകുളത്തു് കേരളത്തിൻെറ നാനാഭാഗത്തുനിന്നും വന്നെത്തിച്ച ഒരു ജനക്കൂട്ടം—വിദേശവിദ്യാഭ്യാസം സിദ്ധിച്ച തികഞ്ഞ ഒരു രാഷ്ട്രീയ ചിന്തകൻ — ലോകം ചുററി സഞ്ചരിച്ചു മികച്ച ഒരു നേതാവു്—ഗംഭീര പ്രവൎത്തകൻ, മാമൂലുകൾക്കെല്ലാമൊരു കണ്ഠകോടാലി—മുഖം നോക്കാതെ അക്ഷോഭ്യനായി കുതിച്ചുപായുന്ന ഒരുപോരാളി —ലോയിഡ് ജോൎജ്ജു തലകുലുക്കി സമ്മതിച്ച ഒരു മഹാ വാഗ്മി—ചെസ്റ്റർട്ടൻപോലും വണങ്ങുന്ന ഒരു താൎക്കികൻ — ബിസ്മാൎക്കിനെ മയക്കുന്ന രാജ്യതന്ത്രജ്ഞൻ — ഭാരതീയരാകമാനം നിൎവ്യാജം സ്നേഹിക്കുന്ന എ. സി. മണിയാകരൻ അദ്ധ്യക്ഷവേദിയിൽ നിന്നുകൊണ്ടു — ഭാരതസ്വാതന്ത്ര്യത്തിനും ലോകസമാധാനത്തിനുമായി കൈക്കൊള്ളേണ്ട നടപടികളെ ചൎച്ച ചെയ്യുന്നതു കേൾപ്പാൻ—ജനങ്ങൾ കൂടുതൽ കൂടുതലായി പ്രവഹിച്ചുകൊണ്ടുമിരിക്കുന്നു. കൃത്യം മണി പത്തടിച്ചു. 'മേലപ്പ്'നെന്ന ബോട്ടു് അദ്ധ്യക്ഷനെയുംവഹിച്ചുകൊണ്ടു് എറണാകുളം ജട്ടിയിൽ വന്നടുത്തു. അദ്ദേഹം

വിശ്രമിക്കുന്ന അവസരംനോക്കി നമുക്കു പൊതുവായി ചില സംഗതികൾ ഗ്രഹിക്കാം. ഇന്നത്തെ അദ്ധ്യക്ഷൻ മണിയാകരനാകയാൽ മക്കോയിയും സ്ഥലത്തെത്തിയിട്ടുണ്ടു്. ഇംഗ്ലണ്ടിലെ അദ്ദേഹത്തിൻെറ താമസത്തിനിടയിൽ സ്വരാജ്യത്തെ പുരസ്കരിച്ചു് പ്രൗഢമായ പല പ്രഭാഷണങ്ങളും മണിയാകരൻ നടത്തിയിട്ടുണ്ടു്. അദ്ദേഹംനടത്തിയ സകല പ്രസംഗങ്ങളിലും ലോയിഡ് ജോർജ്ജ്,ചെസ്റ്റർട്ടൻ മുതലായ ആംഗ്ലേയമഹാരഥന്മാർ പോലും ഭാഗഭാക്കാകും. ഡമൊസ്റ്റനീസ് മുതൽ സി. ആർ. ദാസ് വരെ—കേൾവി പൊങ്ങിയ സകല വാഗ്മികളെയും അതിശയിക്കുമാറു് മണിയാകരൻ ഉദിച്ചുയരുന്ന കട്ടിസൂര്യനെന്നോണം ഹാളിനുള്ളിൽ പ്രവേശിച്ചു് അദ്ധ്യക്ഷപീഠത്തിൽ ഇതാ ആസനസ്ഥനാകുന്നു. ഭാരതത്തിനെന്നുമാത്രമല്ല—ലോകത്തിനാകമാനം ഒരുണർവ്വു വരത്തക്കവിധം പൊതുജീവിതത്തിലേർപ്പെട്ടു് ഒരു മഹാനെന്നു് യൂറോപ്പുപോലും സമ്മതിക്കത്തക്കവിധം ലോകത്തെ ഞെട്ടക്കി പ്രസംഗിച്ച മണിയാകരനെ ശ്രവിപ്പാൻ, ഹാളിനുള്ളിലും പരിസരങ്ങളിലും ഓടിക്കൂടിയ ജനങ്ങളുടെ തിക്കും തിരക്കും 'നോട്ടു'ചെയ്വാൻ പത്രറിപ്പോർട്ടറന്മാരും എത്തിയിട്ടുണ്ടു്. മണിയാകരൻ അദ്ധ്യക്ഷവേദിയിൽ എണീററു് സഭാ നടപടികളാരംഭിക്കുന്ന ഈ അവസരത്തിൽ, സഭാംഗങ്ങളോടുകൂടി നമുക്കും അദ്ദേഹത്തെ ഒരു നോക്കു കാണാം, അദ്ദേഹത്തിൻെറ മാറിൽ തിളതിളു് വിളങ്ങുന്ന സ്വർണ്ണമെഡൽ പ്രസംഗവേദിയിൽ അദ്ദേഹത്തിനുള്ള നിസ്തുല്യപദവി വെളിപ്പെടുത്തും. ഒരാൾ മണിയാകരനെ ക്ലെയോപാട്രായോടു് ഉപമിച്ചതു വെറുതെയല്ല; ഏതു് ആൻറണിയേയും വശീ

കരിപ്പാനുള്ള സാദ്ധ്യതകൾ അദ്ദേഹത്തിൽ തെളിഞ്ഞു വിളങ്ങുന്നു — അതേ സമയം സീസർ ആഗസ്റ്റസിൻെറ ഗാംഭീര്യം സദാ അദ്ദേഹത്തിൽ കളിയാടുന്നുമുണ്ടു്. തൻെറ പ്രഭയെല്ലാം തന്നിൽത്തന്നെ ലയിപ്പിച്ചു് വിശ്രമാർത്ഥം ചക്രവാളത്തിൽ മന്ദംമന്ദം മങ്ങിമറയുന്ന അസ്തമനസൂര്യനെ വെല്ലുന്ന അദ്ദേഹത്തിൻെറ വർണ്ണമാധുര്യം—മുഖമാസകലം അപ്പഴപ്പോൾ പ്രത്യക്ഷമാകുന്ന സ്തോഭകോലാഹലങ്ങൾ—മഴവില്ലുകളെ ലജ്ജിപ്പിക്കുന്ന കൈത്തണ്ടുകൾ ഹാ!—എത്ര ആകർഷണീയം. നമ്മുടെ കഥാനായകനെ വർണ്ണിപ്പാൻ മഹാകവി ടാഗോർ തന്നെ വേണം.

അദ്ധ്യക്ഷപ്രസംഗം ശരിക്കു മനസ്സിലാക്കുന്നതിനായി വായനക്കാർ ഇൻഡ്യയുടെ തൽക്കാലിക പരിതസ്ഥിതികളെപ്പററി സവിസ്തരം അറിഞ്ഞിരിക്കണം. ഇൻഡ്യയിൽ നാൽപത്തു കോടി ജനങ്ങളും ഇരുന്നൂററിപതിമ്മൂന്നു ഭാഷകളും എഴുപത്തിരണ്ടു മതവിഭാഗങ്ങളും നമുക്കിന്നു കാണാം. നിർബന്ധിത വിദ്യാഭ്യാസം കൈയ്‌വരുത്തുവാൻ അധികാരികൾ ഉത്സുകരല്ല. ഇൻഡ്യയ്ക്കുമാത്രമല്ല ലോകത്തിനാകമാനം അഭിവൃദ്ധിയുണ്ടാകണമെങ്കിൽ നിർബന്ധിത വിദ്യാഭ്യാസം നടപ്പിൽ വരുത്തണം. പണക്കാർക്കും പണമില്ലാത്തവർക്കും ഒരുമിച്ചിരുന്നു പഠിക്കാൻ ലോകമിന്നു വഴി തെളിക്കണം. അജ്ഞന്മാരുടെ വിയർപ്പുതുള്ളികളിൽ നിന്നും പുറപ്പെടുന്ന നെല്ലും പണവും മുതലാളിമാരും കുടുംബങ്ങളുമാത്രം അനുഭവിച്ചു്—തൊഴിലാളികളേയും അവരുടെ കുഞ്ഞുങ്ങളെയും അന്ധകാരത്തിൽ മൂട്ടപൂട്ടി—സ്കൂളുകളിലും കോളേജുകളിലും അവരുടെ കുട്ടികൾക്കു് പ്രവേശനമനുവദിക്കാതെ—മുതലാളിമാരുടെ

മക്കൾമാത്രം പഠിച്ചു് മന്ത്രിമാരായാൽ മതി—എന്നുള്ള ഇന്നത്തെ സാമ്പത്തിക ചട്ടക്കൂട്ട് തട്ടിത്തകർത്തു്, തൽസ്ഥാനത്തു റഷ്യയിലെപ്പോലെ സ്ഥിതി സമത്വം സ്ഥാപിക്കുന്നതിന്ന ഞാൻ എതിരാണെങ്കിലും, വിദ്യാഭ്യാസം രാഷ്ട്രീയസേവനം ഇവകളിൽ ഭാരതം ഇററലിയെ അനുകരിക്കണമെന്നു് എനിക്കു ബലമായ അഭിപ്രായമുണ്ടു്. ബ്രിട്ടൻ, അമേരിക്കാ, ജപ്പാൻ എന്നീ രാജ്യങ്ങൾ വിദ്യാഭ്യാസത്തിൽ സ്വീകരിച്ചിട്ടുള്ള ധീരനയം മാത്രമാണവർ ലോകചക്രത്തെ അവരാഗ്രഹിക്കുന്നവിധം ഇന്നു നയിച്ചുകൊണ്ടിരിക്കുന്നതു്. പ്രഭുക്കന്മാരുടെ മക്കൾക്കു പ്രത്യേക സ്കൂളുകളും കോളേജുകളും സാധുക്കൾക്കു് പഠിക്കാൻ മററു വിദ്യാഭ്യാസസ്ഥാപനങ്ങളും നിലനിർത്തുന്ന ഇംഗ്ലണ്ടിലെ വിദ്യാഭ്യാസത്തോടു് എനിക്കു പ്രതിഷേധമുണ്ടു്. കാരണം സമുദായചങ്ങലയിൽ പൊന്തിനില്ക്കുന്ന പ്രഭുക്കളും പ്രഭുകുമാരന്മാരും; ഭരണകർത്താക്കളായും, സാധുക്കൾ ഭരണീയരുമായിത്തീർന്നു് സമുദായച്ചങ്ങല പൊട്ടിത്തകരുമെന്നുമാത്രമല്ല, തലച്ചോറുള്ളവർക്കു ജീവിതസരണിയിൽ ഉയരാൻ അവരുടെ ദാരിദ്ര്യം പ്രതിബന്ധമായുംതീരും. തലച്ചോറില്ലാത്ത കുബേരരുടെ ഭരണംമൂലം ജനാധിപത്യം ചക്രവായു വലിക്കുന്നതു ഇന്നു് നമുക്കു കാണാം. അന്ധന്മാർ ആടർക്കളത്തിൽ സിംഹം കണക്കെ യുദ്ധം ചെയ്യുന്നുവരാം. ടൈമൂറിൻെറ നേതൃത്വത്തിൽ മദ്ധ്യ ഏഷ്യാ ഒന്നാകെ—ഇൻഡ്യയുൾപ്പടെ തകർത്തു മദിച്ച പടയാളികൾ വിദ്യാസമ്പന്നരല്ല. ജൻകിസ് ഖാനാൽ നയിക്കപ്പെട്ട ഹൺസും സംസ്കാരികളായിരുന്നില്ല. വിശ്രുതമായ റോമാനഗരം പിടിച്ചടക്കി, റോമാസാമ്രാജ്യം അടിമുടി അററംലം വിറപ്പിച്ചതു്—ഒരു സംഘം

കാട്ടാള പട്ടാളത്തലവനായിട്ടല്ലേ ? വിദ്യാവിഹീനരായ ഭാരതീയർ ഹൺസിനെപ്പോലെയോ ടാർട്ടേഴ്സിനെപ്പോലെയോ യുദ്ധത്തിനിറങ്ങി ജയം നേടികാണുന്നില്ല. ഏതൊരു രാജ്യത്തിനും ഒഴിച്ചുകൂടാത്ത ഒരു നേട്ടമാണ് ആ രാജ്യവാസികൾ തമ്മിലുള്ള രഞ്ജിപ്പ്. വർഗ്ഗം തിരിഞ്ഞുള്ള നില തൊഴുത്തിൽക്കാണുന്ന കുതല്ലാതെ മറെറാന്നുമല്ല. ഒരുവൻെറ സ്വഭാവരൂപീകരണത്തിൽ ചുററുപാടുകളെ നിയന്ത്രിച്ചു ജീവിപ്പാൻ അവനെ സഹായിക്കുന്നതു് അവനവൻെറ മതമാണു്. മതമില്ലാത്തവർ മതമില്ലാമതത്തിൻെറ ആദർശങ്ങളനുസരിച്ചു ജീവിച്ചുകൊള്ളും. ഐറിഷുകാരും പാൻതിൻകാരും ക്രിസ്ത്യീയരായതോടുകൂടി അവരുടെ വീക്ഷണഗതികൾ പാടെ മാറപ്പെട്ടു. വിഗ്രഹം ആരാധിച്ചുവന്നിരുന്ന ഇവർ സകലവിധ ദുരാചാരങ്ങളും വെറുത്തുപേക്ഷിച്ച് ക്രിസ്തുവിൻെറ വഴിയിലൂടെ സഞ്ചാരം തുടങ്ങി. എത്ര വിശാലഹൃദയനായാലും അവനവൻെറ മതത്തോടുള്ള ആസക്തി പ്രദർശിപ്പിക്കും. ശരീരത്തിനു ഭക്ഷണമെന്നവിധം ആത്മവളർച്ചയ്ക്കു് ദൈവജ്ഞാനം അത്യന്താപേക്ഷിതമാണു്. ദൈവഭക്തിയിൽ നിന്നേ രാജഭക്തി വളർന്നു് പുലരൂ. ദൈവത്തെ മറന്നുള്ള വിദ്യാഭ്യാസം വിദ്യാഭ്യാസമല്ല. വിദ്ധ്വിത്വം, വിദ്ധ്വിത്വവുമായോ വിജ്ഞാനവുമായോ ഇടയുമ്പോൾ യുദ്ധവുമായി. ഇക്കാര്യം എല്ലാ നേഷനും മനസ്സിലാക്കി ദൈവവുമായി സമ്പർക്കമാകണം. ഭാരതം ഒരിക്കലും ഇതു മറന്നുകൂടാ.

എഡ്മൺഡ് ബർക്ക് ഇംഗ്ലണ്ടിനെപ്പററി പ്രതിപാദിക്കുമ്പോൾ, അദ്ദേഹം വിനാഴികതോറും അഭിപ്രായങ്ങൾ മാററിയും മറിച്ചും പറഞ്ഞിരുന്നെന്നും

അതു് അദ്ദേഹത്തിൻെറ ബുദ്ധിവൈഭവത്തെ പ്രത്യക്ഷമാക്കുന്നെന്നും സമത്ഥിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ചന്ദ്രനു കീഴ് ജീവിക്കുന്ന മനുഷ്യൻ അവൻെറ ആശയങ്ങളും അഭിപ്രായങ്ങളും ഇടവിട്ടു് ഇളക്കി പട്ടക്കുന്നതുകാണാം. ഒരു സംഗതി സമ്മതിച്ചേതീരു. മനുഷ്യമനസ്സുപോലെ ഇത്ര സദാ ചലിച്ചുകൊണ്ടിരിക്കുന്നതും അസ്ഥിരവുമായി വേറൊന്നില്ല. ഭാരതീയ രാഷ്ട്രീയ സമതലം സമഭാവനയോടുകൂടി പരിശോധിച്ചുനോക്കാം. വിവിധ ജാതികൾ, നാനാപ്രകാരത്തിലുള്ള മതങ്ങൾ, ആയിരക്കണക്കിന് രാഷ്ട്രീയചിന്തകരും അതിൽ കൂടുതൽ പാർട്ടികളും—രാഷ്ട്രീയമായി ഇൻഡ്യയെ ഏകീകരിക്കത്തക്ക ഒരു 'മത'മൊ മതത്തിൻെറ ആധുനികാവതാരമായ 'നയ'മൊ ആംഗ്ലേയജീവനായ (Tact) 'ടാക്റററം' ഇവയൊന്നും അത്ര കണക്കാക്കേണ്ടതില്ലെന്നമട്ടിൽ—ലോകത്തിന്നുള്ള ശക്തി എന്തെന്നു കണ്ടിട്ടും കാണാത്ത ഭാവം നടിച്ചു തഴച്ചുവളരുന്നതൊ കശത്ത ഭവിക്കുന്നതൊ ആയ ഭാരതീയനേതാക്കളിൽ അനുകമ്പ തോന്നുന്നതു് അകാരണമായിട്ടല്ല.

ഇൻഡ്യ ക്ഷാമദേവതയുടെ ജന്മദേശമാണു്. ഇൻഡ്യൻഭരണംമൂലം ഇംഗ്ലണ്ടിൻെറ സ്വകാര്യസ്വത്തു് വദ്ധിക്കുമെന്നല്ലാതെ ഫലം വഷത്തെ ആഗ്ലേയഭരണംമൂലമുള്ള ലാഭനഷ്ടം കാണിക്കേണ്ട ചുമതല എനിക്കില്ല. ഭാരതം ഒരു സ്വണ്ണഖനിയാണെന്നാണു് ഇംഗ്ലണ്ടിലെ സാധാരണ ജനങ്ങളുടെ ബോധം. ദരിദ്രകുടുംബങ്ങളിൽ ജനിച്ചു് വളന്നു്, ഇംഗ്ലണ്ടിനു് വേണ്ടാത്തവരായ ക്ലൈവു്, ഹേസ്ററിൻഗ്സ് മുതൽപേർ ഇൻഡ്യയിലെത്തി ഇൻഡ്യ പാട്ടിലാക്കി ധനസമ്പാദനം ചെയ്തു് നാട്ടെത്തി കുബേരന്മാർക്കുപോലും

വിഭ്രാന്തി ജനിപ്പിക്കത്തക്കപ്രൗഢിയിൽ ജീവിക്കുന്നതു് കണ്ടു്, ഇംഗ്ലീഷു് ജനത ഇൻഡ്യ ഐശ്വൎയ്യദേവതയുടെ പാൎപ്പിടമാണെന്നു് തെററിദ്ധരിച്ചു 'ക്ലൈവ്' സ്ഥാപിച്ച പാരമ്പൎയ്യം സമയത്തിനു യോജിച്ച പരിഷ്കാരങ്ങളോടു് കൂടി ഇന്നും ഇൻഡ്യയിലും, ഇംഗ്ലണ്ടിലും ഇംഗ്ലീഷുകാർ നിലനിൎത്തി പോരുന്നുണ്ടു്. ഇൻഡ്യയോളം ദാരിദ്ര്യം നിറഞ്ഞ മറെറാരു രാജ്യം വാസ്തവത്തിൽ ഭൂമുഖത്തില്ല. ഒരു ഇൻഡ്യനു് ശരാശരി ആണ്ടടക്കമുള്ള വരവ് ഇരുപത്തിനാലു് രൂപയാണു്. ദാദാബായി നവരോജിയുടെ കണക്കനുസരിച്ചു് ഒരു ഇൻഡ്യനു് ശരാശരി ആണ്ടടക്കമുള്ള വരവു് ഇരുപതു് രൂപ മാത്രമാകുന്നു. അതെ സമയം ഒരു ഇംഗ്ലീഷുകാരനു് ശരാശരി ആണ്ടടക്കമുള്ള വരവു് അഞ്ഞൂറു് രൂപയാണു്. ഒരു ഫ്രഞ്ചുകാരനു് മുന്നൂറു രൂപയും ഒരു ഐറീഷ്കാരനു നാന്നൂററിപത്തു രൂപയുമാണു് ശരാശരി ആണ്ടടക്കമുള്ള വരവു്. ഇംഗ്ലണ്ടിലുള്ള ഏററവും വലിയ ദരിദ്രനുപോലും, കുറഞ്ഞാൽ ആണ്ടടക്കം അഞ്ഞൂറു് രൂപ വരവുള്ളപ്പോൾ, ഇരുപതൊ ഇരുപത്തിനാലൊ രൂപമാത്രം ശരാശരി വരവുണ്ടെന്നു് കടലാസിൽ മാത്രം കാട്ടുന്ന ഒരു ഭാരതീയന്റെ സാമ്പത്തികാവസ്ഥ എത്ര ശോചനീയമെന്നു് ഹൃദയമുള്ള രാജ്യക്കാർ ആലോചിക്കണം. ആകെ ഇൻഡ്യയുടെ ഒരാണ്ടത്തെ വരവ്, ഇൻഡ്യൻ മുകലക്ഷങ്ങൾക്കായി ഹരണം ചെയ്യുമ്പോൾ, കടലാസിൽക്കാണുന്ന ഇരുപതോ ഇരുപത്തിനാലൊ രൂപയാണു് ശരാശരി ഓരോ ഇൻഡ്യക്കാരനും ആണ്ടടക്കമുള്ള വരവെന്നു് ഇവിടെ പ്രസ്താവിക്കുന്നതു്. യഥാൎത്ഥത്തിൽ ഓരോ ഇൻഡ്യക്കാരനും ആണ്ടടക്ക

മുള്ള വരവ് അവന്റെയോ അവളുടെയോ രക്തക്ക
ണ്ണുനീർ മാത്രമാണു്.

ഇനി, നികുതിവിഷയത്തിലേക്കു് കടക്കാം. ഇൻ
ഡ്യയെപ്പോലെ ഇത്ര നികുതിഭാരമുള്ള ഇതരരാജ്യം
ഭൂമിയിലില്ല. ഓരോ ഇംഗ്ലീഷുകാരനും ആണ്ടിൽ
മുപ്പത്തേഴുരൂപ കരമൊടുക്കണം. ഒരു ഭാരതീയൻ അട
യ്ക്കേണ്ട കരം ഒരു രൂപ പതിന്നാലണയാണു്. ദാരിദ്ര്യ
ത്തിൽ ജനിച്ചു് കണ്ണീർമാത്രം കുടിച്ചു് സാമ്പത്തിക
മരുഭൂമിയിൽ വട്ടം കറങ്ങുന്ന ഓരോ ഭാരതീയനും ഒരു
ബ്രിട്ടനുള്ള നികുതിയിൽ ഇരുപത്തിനാലിലൊരു ഭാഗം,
നികുതികൊടുക്കേണ്ടതാണു്. വരവുണ്ടെങ്കിലും കൊള്ളാം
ഇല്ലെങ്കിലും കൊള്ളാം ഈ രണ്ടര രൂപ ആണ്ടുക്കം
ഓരോ ഇൻഡ്യനും കരം കൊടുക്കണം. സങ്കടദേവത
യുടെ അരുമസന്താനങ്ങളാം മമ ഭാരതീയരെ നിത്യവും
നിങ്ങൾ കരഞ്ഞു കഴിയണമെന്നായിരിക്കുമോ ദൈവ
ശാസനം. ഒരിക്കലുമല്ല.

ഇൻഡ്യയിലെ പ്രധാനപട്ടണങ്ങൾ ചുററിക്കണ്ടു്
ഇൻഡ്യാഗവർമ്മെൻറുമായി സമ്പർക്കത്തിലേർപ്പെട്ടു്—
അവരുടെ ഇരുമ്പു് ചട്ടക്കൂട്ടിനുള്ളിൽനിന്നും വെളിക്കു
തല കാട്ടാതെ—എന്നാൽ കാട്ടി എന്നു വരുത്തിക്കൂട്ടുന്ന
തിനുമാത്രം ചുരുക്കം ചില ഭാരതീയനേതാക്കളെക്കണ്ടും
സ്ഥാപനങ്ങൾ സന്ദർശിച്ചും ഇൻഡ്യൻ ഭരണഘട
നാപരമായ ചില നിർദ്ദേശങ്ങൾ പാർലിമെൻറിൽ
സമർപ്പിപ്പാനുള്ള ഒരു റിപ്പോർട്ടുമായി തിരിച്ചു ഇംഗ്ലണ്ടി
ലെത്താൻ വന്നിറങ്ങിയ ഒരു രാഷ്ട്രീയപര്യവേഷണ

ക്കമ്മേററിയാണു് സൈമൺ കമ്മീഷൺ. പ്രസ്തുത കമ്മീഷനെ നിയന്ത്രിച്ചു നയിച്ചിരുന്നതു് ഇംഗ്ലണ്ടിലെ ഒരു അഭിഭാഷക പ്രമാണിയായ സർ. ജോൺസൈമനാണു്. അദ്ദേഹവും മററു് ആറു് പാർലിമെൻറു് അംഗങ്ങളും അടങ്ങിയ ഈ കമ്മററി സൈമൺ കമ്മീഷൻ എന്നറിയപ്പെടുന്നു. ഇൻഡ്യാ സ്റ്റെയിററ്സെക്രട്ടറിയുടെ ശുപാർശപ്രകാരം യാഥാസ്ഥിതികഗവമ്മെൻറു ബാൾഡ്വിൻെറ കൊടികീഴിൽ ചുഴിഞ്ഞു കണ്ടുപിടിച്ചു മെലിഞ്ഞ ഒരു ജാലവിദ്യയാണു സൈമൺ കമ്മീഷൻ. ഇൻഡ്യാക്കാക്കിതിന് മിണ്ടാനവകാശമില്ലെന്നു് ബാൾഡ്വിൻ പ്രഭൃതികളുടെ അട്ടഹാസങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെട്ട സ്വരത്തിൻെറ പ്രാബല്യമായിരിക്കണം ഇൻഡ്യാക്കാർക്കു പ്രസ്തുത കമ്മീഷനിൽ പ്രാതിനിദ്ധ്യം നല്കാഞ്ഞതു്. കൊടുങ്കാററിൽ ഇളകിമറിയുന്ന പ്രക്ഷുബ്ധമായ അററ്ലാൻറിക്ക് മഹാസമുദ്രംകണക്കെ ഇൻഡ്യ ഒന്നാകെ ഐകമത്യത്തിൽ ഏകസ്വരത്തിൽ പ്രതിഷേധിക്കുന്നതു് കാണാതെയും അതേപ്പററി ചിന്തിക്കാതെയുമിരിക്കുന്നതെങ്ങിനെ? 'സൈമൺ മടങ്ങണം. സൈമണെ ഞങ്ങൾക്കുവേണ്ടാ' എന്നിങ്ങനെയുള്ള പല്ലവിപാടിക്കൊണ്ടു് അവരുടെ വരവിൽ കതകു തട്ടി അടച്ചു ഗൃഹത്തിനുള്ളിൽ കഴിയാഞ്ഞ ഇൻഡ്യാക്കാർ കേവലം തുച്ഛം. അത്രക്കു പുച്ഛമായി ഈ നിയമനത്തെ ഭാരതീയർ വ്യാഖ്യാനിച്ചു. ഹർത്താലെന്നും നിസ്സഹകരണമെന്നും മാത്രം ഭാരതമാസകലം മാറെറാലികൊണ്ടു. മണിയാകര—പ്രസംഗം ശ്രവിക്കുന്നതിനു് പ്രാരംഭമായി ഇൻഡ്യയുടെ രാഷ്ട്രീയനിലയെ മുൻനിരത്തി സവിസ്തരം ഞാൻ നടത്തിയ രാഷ്ട്രീയാവലോ

കനം അദ്ധ്യക്ഷവേദിയിൽനിന്നുമുള്ള മണിയാകര ദൗത്യം സുഗ്രാഹ്യമാകുന്നതിന്ന് പര്യാപ്തമാകുമെങ്കിൽ ഞാൻ കൃതാർത്ഥനമായി.

'The life of a citizen belongs to his country. The French nation wish that I should consecrate my life to France. I obey its will.' Napoleon. 'Sacrifice consecrates love. Love without sacrifice is vanity.' Musolini. ഒരു യഥാർത്ഥപൗരൻ അവൻ അവന്റെ ജീവൻ തന്റെ രാജ്യത്തിനു സമർപ്പിക്കണം. ഞാൻ എന്നെ ഫ്രാൻസിനു സമർപ്പിക്കണമെന്നാണു് ഫ്രഞ്ചുജനം എന്നോടുള്ള മുറവിളി. ഇതാ ഞാൻ എന്നെ മുഴുവനും ഫ്രാൻസിനു് സമർപ്പിച്ചുംകഴിഞ്ഞു. നെപ്പോളിയൻ. ത്യാഗമാണു് ജീവിതം. ത്യാഗംകൂടാതുള്ള സ്നേഹം സ്നേഹമല്ല—വഞ്ചനയാണു്—മുസ്സോളിനി.

'കേരളീയരെ, ദേശാഭിമാനികളെ, മഹതികളെ മഹാന്മാരെ, സ്വീകരണസംഘാദ്ധ്യക്ഷാ, സ്വാഗതം. അന്നു് നെപ്പോളിയൻ ഫ്രഞ്ചുകാരോടും, ഇന്നു് മുസ്സോളിനി ഇററലിക്കാരോടും പറയുന്ന വാക്കുകളത്രെ കേരളീയരായ നിങ്ങളോടും ഇന്നു് എനിക്കു് പറവാനുള്ളൂ. ഓരോ ഇൻഡ്യനും തന്റെ കടമ നിവൃത്തിക്കണമെന്നാണു് എന്റെ പരിപൂർണ്ണബോധം. ഇന്നത്തെ യോഗത്തിൽ എന്നെ അദ്ധ്യക്ഷനാക്കാൻ നിങ്ങളെ പ്രേരിപ്പിച്ച സംഗതി ഇന്നത്തെ യുവസംരംഭത്തിൽ നിങ്ങൾക്കുള്ള ആദരവു് പ്രത്യക്ഷപ്പെടുത്തുന്നു. ഒരു തിരുവിതാംകൂർകാരൻ—എനിക്കു് ഇന്നു് നിങ്ങളുടെ രാജ്യത്തിന്റെ തലസ്ഥാനമായ എറണാകുളം പട്ടണ

നടുവിൽവച്ചു നൽകിയ സ്വാഗതം എന്റെ ഹൃദയത്തിൽ ആഴമായിപ്പതിഞ്ഞിട്ടുണ്ട്. എന്റെ ഇന്നത്തെചുമതല ഏററവും ദുർഭരമെന്ന് എനിക്കറിയാം. നിരാശയിൽ താണടിഞ്ഞവരായി നമ്മെ ഇന്നു നാം ദർശിക്കുന്നെങ്കിലും, ധൈര്യസമേതം തലയുമുയർത്തിപ്പോരാടുന്ന നാം വിജയികളാകും. നമ്മുടെ കടമ പരിശ്രമം. ജയമോ തോൽവിയോ എന്നു നാം നോക്കേണ്ടതല്ല. ഇൻഡ്യയുടെ ഉയർച്ചയിൽ—ഇൻഡ്യയോടുകൂടി ഉയരുന്നതിന്—ഉണർന്ന്—ഒത്തൊരുമിച്ചു നാം ശ്രമിക്കണം. ഇന്നത്തെ അദ്ധ്യക്ഷനെന്നനിലയിൽ നിങ്ങൾക്കു നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുന്നതിനു നിങ്ങൾ പ്രാപ്തരെങ്കിൽ—അനതിവിദൂരമായ ഭാവിയിൽ ഇൻഡ്യയെ ഞാൻ സ്വതന്ത്ര്യയാക്കും—എന്നാണ് എന്റെ പരിപൂർണ്ണബോധം. 'എന്റെ രാജ്യത്തെ ഞാൻ രക്ഷിക്കും. അതെ എന്റെ രാജ്യത്തെ ഇന്നു രക്ഷിപ്പാനുള്ള കെല്പ് എന്നിൽമാത്രം സ്ഥിതിചെയ്യുന്നെ'ന്ന് മഹാനായ ചാതം (William Pitt the elder) അലറിയതിന് ഒപ്പം അലറുന്നതിനും എന്റെ അന്തഃകരണം എനിക്ക് ഉത്തേജനം നൽകുന്നു. അതേസമയം നിങ്ങളെ നിയന്ത്രിക്കുന്നതിന് എനിക്കുള്ള പരിമിതികളെപ്പററി എനിക്ക് ആഴമായ ബോധം ഉണ്ടെന്നും തുറന്നു ഞാൻ സമ്മതിക്കുന്നു. ആത്മബോധം ഒന്നിനാൽ പ്രേരിതനായി ഇത്രയും പറവാൻ എന്നെ പ്രേരിപ്പിച്ച ഒരു മഹൽക്കാര്യം ഇവിടെ പ്രസ്താവിക്കാം. എത്ര മിടുക്കനെന്നു സ്വയം ഞാൻ അഭിമാനിച്ചാലും—അന്യർ അതിലിരട്ടി എന്നെ അനുമോദിച്ചാലും—എനിക്കില്ലതിൽ കൈയ്യ്. അന്യർക്ക് എന്തെങ്കിലും എന്നെക്കൊണ്ടു പ്രയോജനം വന്നിട്ടുണ്ടെന്ന് എനിക്കു ബോധ്യ

മുള്ളപക്ഷം. എന്നാൽ എന്നെക്കൂടാതെ പ്രപഞ്ചം സൃഷ്ടിച്ച ദൈവം എന്നെക്കൂടാതെ പ്രപഞ്ചം സംഹരിക്കയില്ലെന്നു വിശ്വസിപ്പാൻ എനിക്കില്ല മൗഢ്യം. സംഗതി ഞാൻ കൂടുതൽ വിശദമായിപ്പറയാം. ഒരാൾ എത്ര മിടുക്കന്മാരാകട്ടെ—അവനെക്കൂടാതെ ലോകം ഒരടി മുന്നോട്ടില്ലെന്നുള്ള മനുഷ്യപ്രശംസയുടെ ദൂഷിച്ച വശം, സദാ സർവ്വാകുലം വെറുക്കുന്നവനാണു ഞാൻ. ഞാനല്ലെങ്കിൽ മറെറാരാൾ—എന്നെക്കാൾ പതിന്മടങ്ങു സമത്ഥൻ— ഇന്നു് ഈ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു കൂടുതൽ പാടവത്തോടുകൂടി നിങ്ങളെ നിയന്ത്രിക്കുകയില്ലെന്നു് എന്തിനു നാം കരുതണം? വ്യക്തിമാഹാത്മ്യം വിലമതിക്കേണ്ടതാണു്. വീരാരാധന (Hero-worship) ആവശ്യകവുമാണു്. എന്നാൽ എന്നെക്കൂടാതെ ലോകം മുന്നോട്ടൊരടി ഇല്ലെന്നുള്ള മിഥ്യാബോധം തട്ടിത്തകർത്തു—നേതാവിലുള്ള യോഗ്യത സമ്മതിക്കുക, സ്വാഗതം ചെയ്യുക എന്നല്ലാതെ—നേതാവിൽ കാണാത്ത ഗുണങ്ങളെ നേതാവിൽ അടിച്ചേല്പിക്കുന്നതിനു നാം ശ്രമിക്കുന്നതു്—ഇന്നത്തെ ലോകത്തെവിടെയും കണ്ടുവരുന്ന ഒരു ഭയങ്കര വിപത്താണതു്. ജനങ്ങളുടെ ആവശ്യമറിഞ്ഞു് തന്റേടത്തോടുകൂടി അവക്കു് അവ നൽകുന്ന നേതാക്കന്മാർ നമ്മുടെ മുക്തകണ്ഠമായ ആദരവുകൾക്കു് അർഹരല്ലെന്നു് ഞാൻ പറയുന്നില്ല. പ്രത്യുത എങ്ങിനെ എങ്കിലും അധികാരസ്ഥാനം പാററി നാട്ടിനും നാട്ടാൎക്കും ഭംഗിമാത്രം വിളമ്പുന്ന പൊന്നുന്മാരുടെ വണ്ണംമാത്രം നോക്കി—അവരും നേതാക്കളാണെന്നും, അവരുടെ സാന്നിദ്ധ്യത്താൽമാത്രമെ ഭൂമി സൂര്യനെ ചുററുന്നുള്ളു—എന്നിങ്ങനെ പരത്തുന്ന ജല്പനം നിരത്തണം. ഭാരതീയ അധഃപതനത്തിനു് മുഖ്യ കാരണം

ഭാരതീയരുടെ അടിമമനഃസ്ഥിതിയാണ്. അടിമത്വം വിട്ട് ഒററഅടി മുന്നോട്ടുവച്ചാൽ പെട്ടെന്നവൻ ഒരു രാഷ്ട്രീയാവതാരകനാണെന്ന് ഘോഷിക്കുന്ന ഭോഷ്കരെ കണ്ടു പലപ്പോഴും ഞാൻ ഉള്ളു കരയാറുണ്ട്. അവതാരങ്ങളുടെ ജന്മദേശം ഇങ്ങനെ ഇൻഡ്യയെ നാം ആക്കിത്തീർന്നു—ചിൽപുരുഷരുടെ ചവിട്ടുമെത്തകളായി നാം കഴിയേണ്ടിവരുന്നതു്—നമ്മുടെ ഭോഷത്വം ഒന്നുകൊണ്ടു മാത്രമല്ലയോ? സ്വർണ്ണം തീയിൽ കിടന്നാൽ അതിന്റെ മാററുകൂടുമെന്നപോലെ—മിടുക്കന്മാരെ കൂടുതൽ മിടുക്കന്മാരാക്കിത്തീർക്കാൻ—അവരുടെ കഴിവുകളെ വേണ്ടിടത്തെല്ലാം നാം വെല്ലുവിളിക്കണം. എങ്കിൽ മാത്രമേ നേതാക്കന്മാർ അവർ ആയിത്തീരൂ. പ്രപഞ്ചത്തിൽ ഒഴിച്ചുകൂടാത്ത ഒരു വ്യക്തി ഞാൻ കാണുന്നതു പ്രപഞ്ചകർത്താവായ ദൈവം മാത്രം. ആകയാൽ എന്നെ ശ്രവിക്കുന്ന എന്റെ ജനം വാഴുന്നോളം എന്നെ പുകഴ്ത്താതെ—മണ്ണിൽ നിന്നും വളർന്ന്, മൺകാലുകളിൽ ചരിക്കുന്ന കേവലമൊരു കുഞ്ഞുമനുഷ്യനായി മാത്രം എന്നെ കരുതി—ഞാൻ പറയുന്ന സംഗതികളിൽ സാരമായിട്ടുള്ളവ സ്വീകരിച്ചും, നിസ്സാരങ്ങളായവയെ ത്യജിച്ചും, തന്റേടമുള്ള പൗരന്മാർ നിങ്ങൾ ആയിത്തീരണം. ഇൻഡ്യയെ സ്നേഹിക്കുന്ന നിങ്ങൾ അവതാരമെന്നവാക്കു തന്നെ രാഷ്ട്രീയജീവിതത്തിൽ ഒരുമിനി ഉപയോഗിക്കാതിരിക്കണം. അടിമകൾ നിങ്ങളാകാതെ—മനുഷ്യരായ നിങ്ങൾ മനുഷ്യനായിമാത്രമെന്നെ കരുതി ആദരിക്കണം. ഇതാണ് എന്റെ പ്രത്യാശ.—അവതാരകരെമാത്രം പ്രസവിച്ചുന്ന നടിക്കുന്ന ഭാരതം അടിമത്വത്തിലാണ്ടു കിടപ്പാൻ ബ്രിട്ടനല്ല കാരണം. പ്രത്യുത തന്റേടരഹിതമായ നമ്മുടെ പ്രവൃത്തികളും ദാസ്യ

മനസ്ഥിതിയും മാത്രമാണിതിന്നു കാരണം. ഇതു സദാ
നാം സ്മരിക്കണം, എന്നിട്ടിതു്—സദാ നാം വെറുക്കണം.
ഇങ്ങനെ ഇൻഡ്യയെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേ
ക്കു് നയിപ്പാൻ വന്നിറങ്ങിയ ഞാൻ—എനിക്കുള്ള ദൌ
ത്യം—നിങ്ങൾ ഗ്രഹിക്കേണ്ടതാണു്.

സംസ്കാരപരമായി ഭാരതത്തെ ലോകത്തിന്നുള്ള
ശക്തികളുമായി തുലനം ചെയ്യുമ്പോളുള്ള നില ആദ്യ
മായി ഞാൻ വ്യക്തമാക്കാം. ഒരു രാജ്യത്തിൻെറ ഉയർ
ച്ചയ്ക്കു് മുഖ്യഹേതു സ്വാതന്ത്ര്യസംപൂർണ്ണമായ അതിൻെറ
വളർച്ചക്കു് വഴിതെളിക്കുന്നതു്—സംസ്കാരപരമായ ഒരു
സാമൂഹ്യപരിവർത്തനമാണു്. പ്രസ്തുത പരിവർത്തനം
Renaissance എന്നറിയപ്പെട്ടിരുന്നു. Renaissance
പുരാണികഗ്രീക്കും റോമനും സംസ്കാരപഠനമാണു്.
ഇവ വായിച്ചവർ സ്വയം ചിന്ത തുടങ്ങി, ചിന്താഫല
മായി ആധുനികലോകം സംസ്കാരപരമായി നാം ഇന്നു
കാണുംവിധം നടപ്പിൽവന്നു. എല്ലാം യൂറോപ്യൻരാജ്യ
നിവാസികളും ഈതരം സംസ്കാരം വായിച്ചറിഞ്ഞു് തദ
നുസരണം ജീവിക്കയാൽ ലോകം പരിഷ്കൃതിപ്രാപിച്ചു.
ഇൻഡ്യമാത്രം ഉറങ്ങിക്കഴിഞ്ഞു – ഉറങ്ങിക്കഴിയുന്നു.
Renaissance നടപ്പിൽ വരുത്തുന്നതിനുമുൻപു് ഇററ
ലി, രാഷ്ട്രീയമായി പുരോഗമിച്ചില്ല. Renaissance-
നെത്തുടർന്നു് പുരോഗമിച്ചിരുന്ന ബ്രിട്ടൻ, ജർമ്മനി,
ഫ്രാൻസ്, എന്നീ രാജ്യങ്ങളോളം പ്രവൃദ്ധിയിൽ ഇററ
ലിക്കു് എത്തിച്ചേരുന്നതിനു് വഴി കാണാതെ യൂറോ
പ്പിനാൽ പിൻതള്ളപ്പെട്ടവളായി കാണപ്പെട്ടു. ഈ
സംഗതി ഗ്രഹിച്ച ചിന്താശീലരായ മസ്സീനി, ഗരി
ബാൾഡി, കവൂർ, പ്രഭൃതികളുടെ അക്ഷീണഫലമായി

യൂറോപ്യൻ Renaissance ഇററലിയിലും നട്ടുവളർത്തുകയും പ്രസ്തുത Renaissance തഴച്ചുവളർന്നു് ഇററലി സ്വായം മുസ്സോലിനിയുടെ ഏകശാസനക്കൊടിക്കീഴിൽ റോമിലിരുന്നു് റോമാസാമ്രാജ്യ പുനരുദ്ധാരണത്തിനു് വഴി തെളിക്കുകയും ചെയ്തു. ഇൻഡ്യയെസംബന്ധിച്ചിടത്തോളം Renaissance എന്നറിയപ്പെടുന്നതും രാഷ്ട്രീയ ഉയർച്ചക്കു് അത്യന്താപേക്ഷിതമെന്നു് ഞാൻ കരുതുന്നതുമായ Renaissance ഭാരതത്തിൽ തലപൊക്കീട്ടില്ലെന്നു വ്യസനസമേതം സമ്മതിക്കണം. ഇതാണു് ഭാരതത്തിലിന്നു് കാണുന്ന അടിമത്വത്തിനും, ദാസ്യമനഃസ്ഥിതിക്കും, ജാതിസ്പർദ്ധക്കും, കാര്യക്ഷമതാ വാദകോലാഹലങ്ങൾക്കും, വിദേശഭരണത്തിനും, തരുത്ത സാമുദായികരാഷ്ട്രീയജീവിതത്തിനും, തദ്വാരാ സംജാതമായിട്ടുള്ള ദാരിദ്ര്യത്തിനും, വിദേശരാജ്യങ്ങൾക്കു് നമ്മോടുള്ള അവഹേളനത്തിനും, ഞാൻ കാണുന്ന കാരണം. ഇതിൽനിന്നും നാം വിമുക്തി പ്രാപിക്കണം. എങ്ങനെ നാം വിമുക്തി പ്രാപിക്കുമെന്നു് ന്യായമായി നിങ്ങൾ ചോദിച്ചേക്കാം. നിങ്ങളുടെ എന്നോടുള്ള ഈ ചോദ്യത്തിനു് പ്രത്യുത്തരമാണു് ഇന്നത്തെ എന്റെ പ്രസംഗം. കേരളീയർ നിങ്ങൾ ബ്രിട്ടന്റെ ലോകമദ്ധ്യത്തിലിന്നുള്ള സ്ഥാനം ഗ്രഹിക്കണം. ഇൻഡ്യയുടെ ഉണർവ്വിനും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വേണ്ടി ശ്രമിക്കുന്ന ഞാൻ, ബ്രിട്ടനെ വെറുക്കുന്നവനെന്നു് കരുതിക്കൂടാ. ഒരു നേഷനെ താഴ്ത്തി മറെറാരു നേഷനെ പുലർത്തണമെന്നു് എനിക്കാഗ്രഹമില്ല. ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എന്റെ യൗവനം മുഴുവനും വിനിയോഗിച്ച ഞാൻ, ആംഗ്ലേയ മഹാകവി വേഡ്സ്വർത്തിന്റെ വാക്കിൽ പറഞ്ഞാൽ, ബ്രിട്ടനെ ഞാൻ സ്നേഹിക്കുന്നുണ്ടു്. എന്നാൽ ഭാരതം

എന്റെ തജ്ജയാകയാൽ ഭാരതീയരെ ഞാൻ കൂടുതൽ സ്നേഹിക്കുന്നെന്നുമാത്രം. ഒരു രാജ്യം മറെറാരുരാജ്യത്തിന്റെ അധികാരാവകാശങ്ങളെ മനഃപൂർവ്വം അവഗണിച്ചും സ്വാത്ഥം ഒന്നിനെ മുൻനിറുത്തിയും അവരുടെമേൽ ഒരു ഭരണക്രമം അടിച്ചേല്പിക്കുന്നതു ഗർഹണീയമാണെന്നും എനിക്കു ശക്തിയായ അഭിപ്രായമുണ്ട്. മഹാകവി ടെനിസൺ ശ്രേയസ്കരമായ രാഷ്ട്രീയജീവിതത്തിന് ഒരുവനിൽ തെളിഞ്ഞു കാണേണ്ട ഗുണങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്.

'A Life in civic action warm
A soul on highest mission sent,
A potent voice of parliament,
A pillar stead fast in the storm'

ഇങ്ങനെ ഞാൻ എന്റെ രാഷ്ട്രീയജീവിതം സമാരംഭിക്കുമ്പോൾ—ഭാരതീയരോ ഭാരതീയനേതാക്കളോ ബ്രിട്ടൻ തന്നെയോ തെററിദ്ധരിക്കാതെ—ഉത്തമാത്ഥമായ എന്റെ രാജ്യസേവനം ഭാരതത്തിനെന്നവണ്ണം ബ്രിട്ടനും പ്രയോജനകരമാകുമെന്ന് മനസ്സിലാക്കിക്കൊള്ളും. തുടന്നു ഞാൻ പ്രസ്താവിക്കുന്ന കലർപ്പില്ലാത്ത ആശയങ്ങൾ ശരിക്കു മനസ്സിലാക്കി തദനുസരണം ഭാരതം ഒന്നടങ്കം പ്രവർത്തനമാരംഭിക്കണമെന്നു വിനീതമായി അഭ്യത്ഥിക്കുന്നു. സ്വാഭിപ്രായങ്ങൾ തുറന്നിങ്ങനെ പറയുന്നതിൽ, ബ്രിട്ടനിൽനിന്നു ഒരു ഉദ്യോഗമൊ ഇൻഡ്യയിൽനിന്നു ഒരു പൂച്ചെണ്ടോ ഞാൻ കാംക്ഷിക്കുന്നുമില്ല. ഇൻഡ്യാചരിത്രം പഠിച്ച എനിക്കു ഇൻഡ്യാക്കാരോടു ഒററവാക്കിൽ പറഞ്ഞാൽ There is something rotten in the state of Denmark

എന്നാണു്. ഇൻഡ്യ പൊതുവെ അധഃപതനത്തിലാണ്ടു കിടപ്പാൻ കാരണം എല്ലാ ജാതികൾക്കും ഒന്നിച്ചുമേളിക്കുന്നതിനു് ആവശ്യമായ (Renaissance) സംസ്കാരപരമായ സംയോജിപ്പു്—ഒരു സംഘടന—ഇല്ലെന്നുള്ളതാണു്. ഹിന്ദുക്കൾ ഹിന്ദുസംസ്കാരവും, മഹമ്മദീയർ മഹമ്മദീയസംസ്കാരവും, ക്രൈസ്തവർ ക്രിസ്തീയസംസ്കാരവും വളർത്തുന്നതു വാസ്തവം—ഇവ തമ്മിൽ ഒന്നിച്ചു കൂടുന്നതിനു് അവസരമില്ലാതെ ഓരോന്നും വ്യത്യസ്തപന്ഥാവുകൾ സ്വീകരിച്ചു ജീവിക്കുന്നതുകൊണ്ടാണു് ഒരുമ ഇൻഡ്യയിൽ നാളതുവരെ എത്തിനോക്കാത്തതു്. സകല ജാതികളും അടുത്തിടഞ്ഞു് ദൈനംദിനജീവിതത്തിൽ പങ്കുകൊള്ളത്തക്ക സംഘടനകളൊന്നും ഇന്നത്തെ രാഷ്ട്രീയഇൻഡ്യയിൽ കാണുന്നില്ല. അത്തരമൊരു സംഘടന ഇന്നത്തെ അത്യാവശ്യമല്ലെന്നുണ്ടോ?

ഭാരതീയസംസ്കാരം ഓരോ മതങ്ങളുടെ തണലിൽനിന്നു പ്രവർത്തിക്കുന്ന വാസ്തവം ചരിത്രം തെളിയിക്കും. പാശ്ചാത്യരാജ്യങ്ങളിൽ ഇക്കാലത്തു മതം മതമായിത്തന്നെനിന്നു് രാജ്യഭരണം നടത്തുന്നില്ല. പാശ്ചാത്യർ 'നയ'ത്തിൽ, മതബോധം മുൻനിരത്തി രാജ്യംഭരിക്കുന്നു. ഭാരതീയ രാഷ്ട്രീയചിന്തകന്മാൎക്കു് അവരുൾപ്പെടുന്ന മതസീമകൾക്കപ്പുറം ചിന്തിക്കാൻ കഴിവില്ല. ചുരുക്കം പറഞ്ഞാൽ 'നയ'മെന്ന 'മത'പരിവർത്തനം പാശ്ചാത്യലോകത്തിന്നു നടമാടുന്ന രീതിയിൽ ഭാരതത്തിൽ വളരാതെ, മതമായിത്തന്നെ രാജ്യഭരണം നടത്തുന്നു. ഇക്കാരണങ്ങളാൽ ഭാരതസ്വാതന്ത്ര്യത്തിനു് നേതാക്കന്മാർ കെട്ടിപ്പടുക്കുന്ന മനോഹര ബങ്കളാവിനു് രാഷ്ട്രീയ

അടിത്തറ ഞാൻ കാണുന്നില്ല. രാഷ്ട്രീയഅടിത്തറയുടെ അഭാവം ഒന്നുമാത്രമല്ലയൊ ഇന്നു് ഇൻഡ്യൻ നഭോമണ്ഡലത്തിൽ പ്രത്യക്ഷമാകുന്ന ഹിന്ദുമുസ്ലിംദ്വന്ദ്വയുദ്ധം. രാഷ്ട്രീയവേദികളിൽനിന്നു പ്രൗഢഗംഭീരമായ ഭാഷകളിൽ കോൺഗ്രസ്സും ലീഗും ഒന്നു്, ഒന്നിനെ ദുഷിച്ചു പ്രസംഗിച്ചിട്ടെന്തുഫലം? കൂടുതൽ അകറ്റുന്നതിനും കൂടുതൽ അകലുന്നതിനുംമാത്രം ഇതു് വഴി തെളിക്കും. ഇക്കൂട്ടരെ ഇണക്കാൻ പറ്റിയമാർഗ്ഗം Renaissance അഥവാ ഇരുകൂട്ടരേയും ആകർഷിക്കത്തക്ക സംഘടനകൾ—സാഹിത്യപരിശ്രമങ്ങൾ—നടത്തി ഒരു പൊതുസംസ്കാരം സ്ഥാപിച്ചു് കോൺഗ്രസ്സിൻെറ അടുക്കളെയും ലീഗിൻെറ അടുക്കളെയുമായി അടുപ്പിക്കണം.

ഇൻഡ്യയുടെ പതനമിതെങ്കിൽ ബ്രിട്ടൻെറ നില നോക്കാം; മഹാശക്തികളുടെ നടുവിൽ—നായകൻ ബ്രിട്ടൻ—ലോകമാംപെരുവഴിയുടെ ഒരു വൻകവലക്കാണു് ഇന്നത്തെ അവരുടെ നില. ഒന്നെങ്കിൽ അവർ പൊട്ടിത്തകരും—അല്ലെങ്കിൽ അവർ കൂടുതൽ പരിപുഷ്ടിപ്പെട്ടു പുറത്തുവരും. അകത്തവർക്കു് അത്രമാത്രം ഭാരം വഹിക്കേണ്ടതുണ്ടു്. പുറത്തുള്ള ശക്തികളെ ഗണിക്കേണ്ടതല്ലെന്നു തോന്നുന്നപക്ഷവും. അത്രയും ദുർഭരവും വ്യത്യസ്തങ്ങളുമായ ഭാരം—സ്വയംകൃതാനർത്ഥമെങ്കിലും—അവർ വഹിച്ചുകൊണ്ടിരിക്കുന്നു. ഭിന്നിപ്പിച്ചു ഭരിക്കുക—സകലസാമ്രാജ്യങ്ങളുടെയും രക്തനാഡിയാണതു്—ക്രിസ്തുവിനു മുൻപും പിൻപും സാമ്രാജ്യങ്ങൾ ഈ നയം തുടർന്നു വന്നു. റോമാസാമ്രാജ്യത്തെ തുടർന്നു് ബ്രിട്ടൻ ഇന്നു് ഈ നയം തുടരുന്നതുകാണാം. എവിടെ? അയർലണ്ടിൽ—പ്രൊട്ടസ്റ്റൻറു് അയർലണ്ടു്—കത്തോലിക്കു്

—ഐർലണ്ടു്—ഇങ്ങനെപിളർന്ന ഭരണമവിടെ—മദ്ധ്യ
തരണ്യാഴിയുടെ തീരത്തും ബ്രിട്ടന്റെ നയം ഇതുതന്നെ
—ഉദാഹരണമായി പാലസ്തീനിൽ നോക്കണം. ജൂത
പാലസ്തയിൻ—അറബിപാലസ്തീൻ—പാലസ്തയിൻ
ജൂതന്മാർക്ക് കൊടുക്കത്തെ ഭരണം അടങ്ങൂ—എന്നു ജൂത
നില—ജൂതന്മാർ ഇനിയും വീടും കൂടുമില്ലാത്തവരായി
അലഞ്ഞ ദൈവകോപം ശമിക്കു എന്നു് അറബിനി
ലയും, സയിത്തു് കൊമ്പു്—വലിയ നോക്കു്—വെള്ള
ക്കൊടി ഇവയുമായി ബ്രിട്ടനിവരുടെ നടുവിലും. ഇൻ
ഡ്യയിലാകട്ടെ—ഹിന്ദുക്കളും മഹമ്മദീയരും—ഇവരുടെ
തണലിനു് യുക്താന്തരണം ബ്രിട്ടനും.

വെള്ളത്തിലെ കുമള എന്നപോലെ രാജ്യതന്ത്രം
(Diplomacy) പൊട്ടിത്തകരുന്ന ദിവസങ്ങളാണിന്നു്.
ബ്രിട്ടൻ ഇൻഡ്യയിൽ പ്രയോഗിക്കുന്ന തന്ത്രത്തിൽ
നിന്നു ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്ന കോൺഗ്രസ്—
അതേ സമയം അതേ തന്ത്രം മഹമ്മദീയ ഇൻഡ്യയെ
കുടുക്കിലാക്കാൻ പ്രയോഗിക്കുന്നു ബുദ്ധിമാനായ ജിന്നാ
ഗ്രഹിച്ചിട്ടുണ്ടു്. ഐക്യഭാരതത്തിനായി നിലകൊള്ളുന്ന
എനിക്കു്—ഹിന്ദുവെന്നോ മഹമ്മദീയനെന്നോ നോട്ട
മില്ല. ഇൻഡ്യനാണോ എന്നൊരു നോട്ടം മാത്രം. ഭര
ണം ആരു നടത്തണമെന്നു ഭരണചക്രം കരഗതമാകുന്ന
തിനുമുമ്പു വില പേശാൻ എനിക്കൊട്ടു സമയവുമില്ല.
ഹിന്ദുവോ മുസ്ലിമോ ഭരണം നടത്തട്ടെ. എനിക്കില്ല
തൽ ഖേദം. വിദേശഭരണം നിന്ദ്യം. നരകത്തിലും
ഭാരതം ഒരു ഭാരതീയനാൽ മാത്രം ഭരിക്കുന്നതു കാണണം.
ആകയാൽ 'മത'ത്തിൽനിന്നും നാം 'നയ'ത്തിൽ പിറ
ക്കണം—ഭാരതഭരണം നടത്താൻ.

എല്ലാ പരിഷ്കാരങ്ങളുടെയും ഉള്ളറ പരിശോധിച്ചാൽ നമുക്കു മനസ്സിലാക്കാം — തുടർച്ചയായുള്ള — ഒത്തൊരുമിച്ചുള്ള അലർച്ചകളുടെ ഫലമാണവകളെന്നു് — ഇംഗ്ലണ്ടിൽ നെൽക്കരം നിറുത്തിയതു് — എബ്രഹാം ലിങ്കൻ അടിമക്കച്ചവടം നിറുത്തുന്നതു് — ഇവരണ്ടും വേണ്ടുവോളം മതി വാദമുഖം തെളിയിക്കാൻ ഒത്തൊരുമിച്ചു് ഒരു കുടക്കീഴിൽ നാം കരയണം. മൌനം കാക്കുന്നവരെ മാനിക്കുന്ന ഒരു ലോകത്തല്ല ഇന്നത്തെ നമ്മുടെ ജീവിതം. ഇൻഡ്യൻ സ്വരാജ് ഇൻഡ്യാക്കാരിൽ മാത്രം സ്ഥിതിചെയ്യുന്നു. നമ്മുടെ ആത്മാർത്ഥശ്രമങ്ങളാൽ നാം സമ്പാദിക്കേണ്ട സ്വാതന്ത്ര്യം, ഇംഗ്ലണ്ടിൽനിന്നും പുറത്തുവിടുന്ന ഒരു തുണ്ടുകടലാസ് നമുക്കു പ്രദാനംചെയ്യുമെന്നു്, ഭാരതീയനേതാക്കന്മാർ പറയുമ്പോഴെല്ലാം — ലിങ്കന്റെ ഭാഷയിൽ പറഞ്ഞാൽ I am too old to cry and too painful to laugh. ഇംഗ്ലണ്ടു് ആധുനിക ചുറ്റുപാടുകളിൽ അപ്രകാരംചെയ്യുമെന്ന ബോധം എനിക്കില്ല. നമ്മുടെ നേതാക്കന്മാർ ആശിക്കുന്നവിധം അങ്ങനെ ഒരു സ്വാതന്ത്ര്യം നമുക്കു ലഭിച്ചാൽതന്നെ അതർഹിക്കുന്ന അവഹേളനത്തോടുകൂടി മാത്രമേ ഞാൻ സ്വാഗതംചെയ്യൂ. നമ്മുടെ തന്റേടമില്ലായ്മക്കു് ഇതുപ്രത്യക്ഷതെളിവല്ലേ? നമ്മുടെ ആത്മാഭിമാനത്തെ ഇതു് ക്ഷതപ്പെടുത്തുന്നില്ലെന്നുണ്ടോ? നാം നമ്മുടെ കടമ നിർവ്വഹിക്കുന്നതിന്നുപകരം — അരയും തലയും മുറുക്കി ബ്രിട്ടനോടു് അതു തട്ടി കരസ്ഥമാക്കുന്നതിന്നുപകരം — മുട്ടുകുത്തി വ്യർത്ഥങ്ങളായ നിശ്ചയങ്ങളിലെ താല്പര്യപ്രകാരം സ്വാതന്ത്ര്യം കരഗതമാക്കുന്നതിനു ഭാരതീയർ നാം രാഷ്ട്രീയഭിക്ഷുക്കളെന്നു വരുമോ? ഒരു സേനാനിക്കു് അഭിമാനകരമായിട്ടുള്ളതു സമരത്തിൽ

അവൻ ഏല്ക്കുന്ന മുറിവുകളല്ലേ? നൊമ്പരം സഹിക്കാതെ സ്വാതന്ത്ര്യം തേടി അറസ്റ്റുവരിക്കുന്ന നേതാക്കളെങ്ങനെ നേതാക്കളാകും.

ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരുടെ പേനത്തുമ്പിൽ ഒളിഞ്ഞിട്ടുള്ള ഇൻഡ്യൻ സ്വാതന്ത്ര്യം ഇൻഡ്യാക്കാരായ നാം ആശിക്കുന്നില്ലെന്ന് ഇൻഡ്യൻ നേതാക്കൾ ധരിക്കട്ടെ. നമ്മുടെ വിയർപ്പിൽനിന്നും നമ്മുടെ അപ്പം നമുക്കു പ്രദാനം ചെയ്യുന്ന ദൈവം—നമ്മുടെ പ്രയത്നങ്ങളാൽ മാത്രം നമ്മളെ സ്വതന്ത്രരാക്കണം; എന്നാണെന്റെ ബോധം. ഇൻഡ്യക്കു സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനു സാദ്ധ്യമല്ലെന്നാണ് എന്റെ വാദം. സ്വാതന്ത്ര്യത്തെപ്പററി എനിക്കുള്ള ബോധമിതാണ്. അടിമയോ സ്വതന്ത്രനോ—എന്നെ ഇന്നാക്കിത്തീർത്തത്—ഞാൻ തന്നെയാണ്. കൈകാലുകൾ ബന്ധിച്ചാലും മനക്കരുത്തുള്ളവൻ എങ്ങനെ അസ്വാതന്ത്ര്യനാകും? നൈസർഗ്ഗികമായ സ്വാതന്ത്ര്യം പ്രകൃതിദത്തമല്ലേ? സ്വതന്ത്രമായി നാം പ്രവർത്തനം തുടർന്നാൽ അസ്വാതന്ത്ര്യങ്ങളെല്ലാം താനേ നമുക്കു വഴി മാറുകില്ലേ? അന്ധതമസ്സിൽനിന്നും പ്രോജ്ജ്വലിക്കുന്ന ദീപ്തിപൂരത്താൽ ആകർഷിക്കപ്പെട്ട കുരുടരാണ് ഇൻഡ്യയിലെ ജനവിഭാഗങ്ങളെല്ലാം. ഈ ദുസ്ഥിതി മാററാൻ നിർബന്ധിതവിദ്യാഭ്യാസം സർവ്വത്ര നടപ്പിൽ വരുത്തണം. ശാസ്ത്രരീത്യാ ഭക്ഷണം കഴിക്കണം—ദാസ്യമനസ്ഥിതി ഉടച്ചുകളയാൻ—മനക്കരുത്ത് വാർത്തെടുക്കാൻ. നാടൻവ്യവസായങ്ങൾ പരിപുഷ്ടിപ്പെടുത്തണം. വിദേശീയരായ മുതലാളികളാൽ മാത്രം നടത്തപ്പെടുന്ന വ്യവസായപ്രവർത്തനങ്ങൾ നാട്ടുകാർക്കു ഏറെ ന

ത്തണം. വേലസംഘങ്ങൾ ആധുനികരീതികളിൽ പരിഷ്കരിച്ചു് ജോലിസമയം കുറച്ചു് ശമ്പളം വർദ്ധിപ്പിക്കണം. മുതലാളിമാർ തൊഴിലാളികളുടെ ജ്ഞാനസമ്പാദനാർത്ഥം വായനശാലകളും ക്ലബ്ബുകളും തൊഴിൽശാലകൾക്കു സമീപം തുറക്കണം. ഇന്നത്തെ തൊഴിൽശാലകൾ പൊളിച്ചു പണിയണം. വ്യവസായശാലകളിൽ കഴിവുള്ളിടത്തോളം നാട്ടുകാരെത്തന്നെ തൊഴിൽക്കാരായി എടുക്കണം. അവരുടെ ജീവിതത്തോത്തു് ഉയത്തത്തക്കവിധം പ്രയത്നഫലം അവർക്കു നൽകണം. മസ്സീനി, ഗരിബാൾഡി, കവൂർ എന്നീ ഇററാലിയൻ മഹത്തുക്കളെ പിന്തുടർന്നു് വിദ്യാസമ്പന്നരായ ഭാരതീയയുവാക്കൾ ഭാരതോന്നമനത്തിനായി ചങ്കുറപ്പോടുകൂടി ഒന്നിച്ചുനിന്നു് പ്രവർത്തിക്കണം. ഐത്തം, ശൈശവവിവാഹം, വർണ്ണാവർണ്ണവ്യത്യാസം, പർദ്ദാ, വിധവാസമ്പ്രദായം, വർഗ്ഗീയഭിന്നതകൾ എന്നിവ തട്ടിത്തകർത്തു് തഴച്ചു നാം വളരണം. ഇഹത്തിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം ഭാരതത്തിന്റെ പ്രതിപുരുഷന്മാരെ അയച്ചു ലോകശ്രദ്ധയെ നാം നമ്മിലേക്കു് ആകർഷിക്കണം. കേരളീയരായ നാം ഭാരതത്തിന്റെ നാമത്തിൽ ഇൻഡ്യയോടു കൂടുതൽ ഉദാരപരായിപ്പെരുമാറാൻ യാഥാസ്ഥിതികഗവൺമെന്റിനോടു് ഉള്ളഴിഞ്ഞു് അഭ്യർത്ഥിക്കണം. സകല മതങ്ങളും സകല പാർട്ടികളും ഒന്നുചേർന്നു് അതിനു പററിയ ഒരു പാർട്ടി 'നയ'ത്തണലിൽ കരുപ്പിടിപ്പിപ്പാനുള്ള എന്റെ ശ്രമം നിങ്ങൾ സ്വാഗതം ചെയ്യണം. ഒന്നിച്ചാൽ നന്നു്. ഭിന്നിച്ചാൽ നാശം. എറണാകുളത്തത്തി എന്റെ പ്രസംഗം ശ്രവിക്കുന്ന ഭാരതീയരെ—മഹതീമഹാന്മാരെ—ജന്മദേശമാം ബലിപീഠത്തിൽ എന്റെ ജീവനിതാ അർപ്പിത

മാണ്. വൈഷമ്യങ്ങൾ നിങ്ങളെ ഗ്രസിച്ചേക്കാം. കുറവുപാടുകൾ നിങ്ങളെ വറതെന്നുവരാം. ദുഃഖദുരിതങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടാവാം. നിങ്ങളുടെ ആത്മാവ് സമ്പത്തിക സ്വാതന്ത്ര്യത്തിനായി കരഞ്ഞെന്നും വരാം. ഇതു കൊണ്ടൊന്നും നിങ്ങൾ ഇളകാതെ, ശാരീരികക്ലേശങ്ങളാൽ നിങ്ങൾ തളരാതെ, ചങ്കു തുറന്ന്— തലയുയർത്തി ഞാൻ തന്നെ രാജ്യം—ഞാൻ തന്നെ വിധി—ഞാൻ തന്നെ എന്നെ ഭരിക്കേണ്ടതിന്ന് — എന്ന എൻെറ ഉറച്ചനില—എൻെറ ആത്മാവിൻെറ കരച്ചിൽ—ആത്മമുള്ള നിങ്ങൾ കേട്ട വായുമണ്ഡലത്തിലതു പരന്ന്—ഭൂചക്രവാളം ഉരന്ന്—സ്വർഗ്ഗം വരെ എത്തണം, ദൈവം വരെ കേൾക്കണം. അഭിമാനം, ആഭിജാത്യം എന്നിവ എന്തെന്നറിയുന്ന നാം ഇന്നത്തെ യോഗത്തിൽ സൈമൺ കമ്മിഷനോട്ട് നമുക്കുള്ള പ്രതിഷേധം നിങ്ങളുടെ നാമത്തിൽ ഞാൻ പ്രഖ്യാപനം ചെയ്യുന്നു. ഇൻഡ്യക്കാരായ നാം നമ്മെത്തന്നെ തട്ടിയുണർത്തി ഇൻഡ്യയെ ഇങ്ങനെ നാം ഉയർത്തണം. അന്യരെ നാം ആശ്രയിക്കേണ്ടതല്ല — എന്ന എൻെറ വ്യക്തിത്വം നിറഞ്ഞ ധീരനില—സ്വീകരിപ്പാൻ നിങ്ങൾ ഉത്സുകരാകുവിൻ.

ഇൻഡ്യൻ ചരിത്രത്തിൽ പൊന്തിനിൽക്കുന്ന ഒരു സത്യം എടുത്തെനിക്കു പറവാനുണ്ട്. അതായത് ഇൻഡ്യൻ ഭരണം സദാ ഒരു ഹിന്ദുഭരണമായി നിലകൊള്ളുന്നു എന്നുള്ള പരമാർത്ഥമാണത്. ഹിന്ദുഭരണത്തിൽ അടിയുറച്ചിരിക്കുന്ന ഇൻഡ്യയെ—പരിതസ്ഥിതികൾക്കനുസരണമായി ബലം പ്രയോഗിച്ചു പരിഷ്ക്കരിച്ചെങ്കിൽമാത്രമേ ഇൻഡ്യയിൽ സമാധാനത്തിന്നു

വഴി കാണുന്നുള്ളു. മുകൾവംശം തകർത്തു രാജ്യഭരണം നടത്തി. ചക്രവർത്തികളും ഉച്ചിയിലെ ചില ഭരണകർത്താക്കളും മഹമ്മദീയരായിരുന്നതു വാസ്തവം. എന്നാൽ റോഡർമാൾ പ്രഭൃതികളുടെ കീഴിൽ ഭാരതഭരണം സവർണ്ണഹിന്ദുഭരണമായിത്തന്നെ തുടൎന്നിരുന്നു. പിന്നീടുള്ള ആംഗ്ലേയഭരണത്തിലും, യഥാർത്ഥ ഹിന്ദുഭരണം മുറയ്ക്കു നടക്കുന്നതു കണ്ണുള്ളവൎക്കു കാണാൻ കഴിയും. വൈസ്രോയിയും ഗവർണ്ണർമാരും മററു ചില വലിയ ഉദ്യോഗമേധാവികളുമൊഴിച്ചാൽ, ഇൻഡ്യയെ ഇന്നും ഹിന്ദുക്കൾ ഭരിക്കുന്നെന്നു് എന്നോടൊപ്പം വായനക്കാരും സമ്മതിക്കും. മഹമ്മദീയർക്കല്ല—ബ്രിട്ടനല്ല—ഒരുത്തൎക്കും ഹിന്ദുക്കളെ ഭരണത്തിൽനിന്നും അകററി നിറുത്താൻ—സാദ്ധ്യമല്ലെന്നായിട്ടുണ്ടു്. അത്രമാത്രമവർ അവരുടെ നില ഉറപ്പിച്ചിരിക്കുന്നു. ഹിന്ദുക്കൾ അവർ അർഹിക്കുന്ന പങ്കു് ഉദ്യോഗംകൊണ്ടുമാത്രം തൃപ്തരാകാതെ—മററു സമുദായങ്ങൾക്കു്—മഹമ്മദീയർക്കു്—ക്രിസ്ത്യാനികൾക്കു്—പാർസികൾക്കു്—സിക്കുകാർക്കു് ചെല്ലേണ്ട പങ്കുകൂടി മുരണ്ടൻന്യായങ്ങൾ പറഞ്ഞു് അടക്കി ഭരിപ്പാനുള്ള സംരംഭങ്ങൾമൂലമാണു് ഇന്നത്തെ ഹിന്ദു—മുസ്ലിം പിളപ്പു് ഇത്ര നിരാശാജനകമായി വളരുവാൻ കാരണം. ബ്രിട്ടനെ ഇൻഡ്യയിൽനിന്നു തുരത്തി അവരുടെ സ്ഥാനങ്ങൾ കരസ്ഥമാക്കാനുള്ള സവർണ്ണഹിന്ദുശ്രമം കുറിക്കു് തങ്ങൾക്കറിയാമെന്നു മുസ്ലിം ഇൻഡ്യ വാദിപ്പാൻ കാരണമിതാണു്. സ്വാതന്ത്ര്യമാണു യഥാർത്ഥത്തിൽ തങ്ങൾക്കു വേണ്ടതെങ്കിൽ—അതിനുവേണ്ടിയാണു ബ്രിട്ടൻ അകലണമെന്നു് അലറുന്നതെങ്കിൽ—എന്തുകൊണ്ടു് കോൺഗ്രസ്സ് മുസ്ലിം വാദം സ്വീകരിക്കാതിരിക്കണം? ബ്രിട്ടൻ ഇൻഡ്യയുടെമേൽ കുതിരകയറുന്നെന്നു പറയുന്ന

ഇവർ തന്നെ — എന്തിന് മഹമ്മദീയ — ക്രൈസ്തവർ —ഇവരെ കുതിര കയറാൻ ശ്രമിക്കുന്നെന്നു തുറന്നു് പറയണം. ഒളിഞ്ഞുകളി വ്യക്തിയ്ക്കായിരുന്നാലും സ്ഥാപനത്തിനായിരുന്നാലും ഒരിക്കലും നന്നല്ലതു്.

ഐക്യഭാരതമാണു് കോൺഗ്രസ്സിന്റെ ദിവാസ്വപ്നമെങ്കിൽ ലീഗിനോ—ഇൻഡ്യയിലെ മററു ഏതു ജനവിഭാഗത്തിനോ— ഒരണം വിട്ടുകൊടുക്കാൻ എന്തുകൊണ്ടിവർ തയ്യാറാകുന്നില്ല. ? 'ജാതി' വെറുക്കണമെന്നും 'ദേശീയത്വം' വളർത്തണമെന്നും പ്രസംഗിക്കുന്ന നമുക്ക് തന്നെ ജാതിനേതാവായിപ്പകർന്നു് വിജാതീയ സംരംഭങ്ങളെ മർദ്ദിച്ചു ജാതികളെ ഉന്നിപ്പിക്കുന്ന ഒരു രാജ്യം നമ്മുടേതാകാതിരിപ്പാൻ നാം സൂക്ഷിക്കണം. ആകയാൽ സകല ജാതികളുടേയും അവകാശങ്ങളെ സ്വാഗതം ചെയ്തും ഭൂരിപക്ഷസുഖത്തെ പിൻതള്ളി വ്യക്തിസുഖം പുലർത്തുന്ന ഒരു പുതിയ പാർട്ടി ജനിച്ചുവരുന്നെങ്കിലേ—ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലത്തിൽ Renaissance (യഥാർത്ഥ സംസ്കാരം) എത്തിനോക്കിത്തുടങ്ങൂ. വ്യക്തിസുഖമാണു് എന്റെ ഉന്നം. പ്രസ്തുത വ്യക്തി, ഭൂരിപക്ഷത്തിൽപ്പെട്ടതായാലും ന്യൂനപക്ഷത്തിൽപ്പെട്ടതായാലും. ഭൂരിപക്ഷമെന്ന ഒരു പുരുഷനെയും ന്യൂനപക്ഷമെന്ന ഒരു സ്ത്രീയെയും ജീവിതത്തിൽ കാണാത്തതാവാം ഇതിനു കാരണം. സ്ത്രീപുരുഷന്മാരെ മാത്രം കണ്ടു് അവരുമായി ഇടയുന്ന എനിക്കു് അർത്ഥരഹിതമായ ഭൂരിപക്ഷ—ന്യൂനപക്ഷ (Majority—Minority) പദങ്ങളിൽ വിശ്വാസമില്ല. ഇന്നത്തെ ലോകത്തിലവ പ്രവർത്തനത്തിലില്ല. Let sleeping dogs lie (ഉറങ്ങുന്നവനെ വിളിച്ചുണർത്തി അത്താഴമില്ലെന്നു പറയുന്ന

പതിവു്) ഭാരതീയരായ നാം തിരുത്തണം. ലണ്ടൻടവറിലുള്ള രേഖകളെല്ലാം ചുട്ടു് വെണ്ണീറാക്കുന്നതിനും പൂർവ്വസ്മരണകളെ അനുസ്മരിപ്പിക്കുന്ന ആ രേഖകളെല്ലാം പാടെ നശിപ്പിക്കുന്നതിനും മഹാനായ ഒലിവർക്രോംവൽ ഇംഗ്ലീഷ് പാർലിമെൻറിൽ നടപടി നടത്തി എന്നു് ചരിത്രം ഘോഷിക്കുന്നതു് വാസ്തവമെങ്കിൽ—അതുപോലെ ഇൻഡ്യയിലെ ഇന്നത്തെ 'ജാതി' ചിന്തകളും ഇൻഡ്യയിലെ ഇന്നത്തെ രാഷ്ട്രീയസംരംഭങ്ങളും സ്വയം നാം വിഴുങ്ങി—നയത്തിൽ പിറന്നു് ലോകത്തിൻെറ ഇതരഭാഗങ്ങളിൽ വളരുന്ന ബഹുജനങ്ങളെ അനുകരിച്ചു്—രാഷ്ട്രീയജീവിതം പുനരാരംഭിക്കണമെന്നും ശക്തിയുക്തം ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെ.

ഞാൻ എൻെറ പ്രസംഗത്തിൻെറ കാതലായ ഭാഗങ്ങളിലേക്കു കടക്കുകയാണു്. ജനകീയഭരണം (Democracy) നാം പ്രസംഗങ്ങളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ഗ്രഹിച്ചിട്ടുള്ള വിധം ക്രിസ്തുവിനുമുൻപോ പിൻപോ പ്രവൎത്തനത്തിൽ ഇരുന്നിട്ടില്ല. ഇരിക്കുന്നതല്ല. Democracy is a fleshless word in Literature It is a lifeless thought in action. It is a word to please the mob. ജനങ്ങളെ പ്രീതിപ്പെടുത്താനുള്ള ഒരു വാക്കാണതു്. വോട്ടു കിട്ടാനുള്ള ഒരു തന്ത്രം—സാധുക്കളെ കുടുക്കുന്ന മന്ത്രം—യഥാർത്ഥത്തിൽ എല്ലാ ജനകീയനേതാക്കന്മാരും സ്വേച്ഛാധിപതികളായിരിക്കുന്നതു് നാം കാണുന്നു. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയും അമേരിക്കയിലെ പ്രസിഡൻറും ഇതിനു തെളിവാണു്. ഈ രീതി ഞാൻ അപലപിക്കയല്ല; ഈ രീതി ഞാൻ വിലമതിക്കയാണു്.

കുടുംബത്തിലും, സമുദായത്തിലും, രാജ്യത്തിലും, ലോകത്തിലും ഇതേ നടന്നിട്ടുള്ളു. നടക്കുന്നുള്ളു—ചിലേടത്തു് കടുത്ത ദോഷപൂർണ്ണമാണെങ്കിൽ—മററു ചിലേടത്തു് സൗമ്യമാവുകയെന്നും കാണാമെന്നൊരു വ്യത്യാസം മാത്രം. വ്യക്തിവ്യത്യാസ ന്യായേന.

വോട്ടു കൊണ്ടല്ല മതസ്ഥാപകന്മാർ മതം സ്ഥാപിച്ചതു്. മൂശയുടെ തലച്ചോറു് ജൂതമതം സ്ഥാപിച്ചു. മ്ശിഹാ ക്രിസ്തുമതം സ്ഥാപിച്ചതു് വോട്ടുമൂലമല്ല. മഹമ്മദ് മഹമ്മദീയമതം സ്ഥാപിച്ചതും വോട്ടിന്റെ എണ്ണം മൂലമല്ല. അരിസ്റ്റോട്ടലിന്റെ തലച്ചോറാണു്—വോട്ടുകളുടെ പെരുപ്പമല്ല രാഷ്ട്രീയമീമാംസ വാർത്തെടുത്തതു്. അരിസ്റ്റോട്ടലിന്റെ രാഷ്ട്രീയസിദ്ധാന്തങ്ങൾ കാറൽമാക്സ് ചവുട്ടി തലച്ചോറിന്റെ സ്ഥാനത്തു് പാദം പ്രതിഷ്ഠിച്ചു് ദൈവത്തിന്റെ സ്ഥാനം 'രാജ്യ'ത്തിനു കൊടുത്തു ജനകീയവാദം വളർത്തുന്ന ഇന്നത്തെ സ്വാതന്ത്ര്യതൃഷ്ണയുടെ മരണഗോഷ്ടികൾ കണ്ടു പലപ്പോഴും ഉള്ളു ഞാൻ കരയാറുണ്ടു്. അരിസ്റ്റോട്ടലിന്റെ നല്ല സിദ്ധാന്തങ്ങളും—കാറൽമാക്സിന്റെ നല്ല സിദ്ധാന്തങ്ങളും സ്വയം ഗാഗുൽത്തായിലെ കുരിശിൽ കാണുന്ന മ്ശിഹായിൽ നാം ദർശിക്കുന്ന നിത്യസത്യം ഗ്രഹിച്ചു്—മനുഷ്യർ നാം മനുഷ്യരെ മനുഷ്യരായിക്കരുതി—എബ്രഹാം ലിങ്കനെപ്പോലെ ലോകഭരണം നടത്തണം—ഭരണം നന്നായാൽ മതി—ഭരണഘടനയുടെ പ്രകൃതം ജനകീയമോ ഏകാധിപത്യമോ എന്തുമാവട്ടു്. നമുക്കെന്തിൽ നഷ്ടം.

മഹതീമഹാന്മാരെ, ഓരോ നേഷനും ഒററതിരിഞ്ഞു് നേഷൻവാദം പുലർത്തി രാഷ്ട്രീയസ്വാതന്ത്ര്യം നേടു

ന്നതിനുള്ള ദിവസങ്ങളിതാ മങ്ങിമറയുന്നു— The days of political sovereignty are over. The days of independence are no more. രാജ്യങ്ങളുടെ സ്വാതന്ത്ര്യ വളർച്ചയുടേയും സ്വാതന്ത്ര്യപ്രവർത്തനങ്ങളുടെയും നാളുകൾ കഴിഞ്ഞുപോയി. ഒരു രാജ്യത്തിനും സ്വന്ത കാലിൽ നിൽക്കുന്നതിനൊ സ്വന്തകാര്യംമാത്രം നോക്കുന്നതിനൊ ഇന്നത്തെ ലോകത്തു് സാദ്ധ്യമല്ലയു്. പണ്ടത്തെ political sovereignty—independence ഇവകളുടെ സ്ഥാനത്തു് economic inter-dependence നാം വളർത്തിയേ മതിയാവൂ. അറിവും എതിരും കൂടാതെ താനെ ഇതു വളരുന്ന വാസ്തവം—ദൈവമതു വളർത്തുന്ന വാസ്തവം — ബുദ്ധിയുള്ളവർക്കെങ്കിലും സുഗ്രാഹ്യമാണു്. ഇതിൻെറ ഉഗ്രവളർച്ചമൂലമാണു തുടരെത്തുടരെ പൊട്ടിപ്പുറപ്പെടുന്ന യുദ്ധം. ഭരണകർത്താക്കളും പോരാളികളും ഇതറിയുന്നില്ലെങ്കിലും. ആകയാൽ ബ്രിട്ടനെ ഇൻഡ്യയിൽനിന്നു് അകററുന്നതിനുപകരം ബ്രിട്ടനെ ഇൻഡ്യയിൽ നിറുത്തി സാമ്പത്തികമായി സമനിലയിൽ ഇൻഡ്യൻഭരണത്തിൽ അവരേക്കൂടി ഭാഗഭാക്കാക്കണമെന്നു കരുതുന്നവനാണു ഞാൻ. സ്വരക്ഷക്കാണു് സകല രാജ്യക്കാരും 'നേഷൻ' കൊടിക്കീഴിൽ പ്രവർത്തനമാരംഭിക്കുന്നതെങ്കിലും ശക്തി വർദ്ധിച്ചു് അയൽ 'നേഷനെ' അമർത്താത്ത ഒററനേഷനെങ്കിലും ലോകത്തിൽ പ്രാബല്യത്തിലിരുന്നതായി എനിക്കറിവില്ല. ഇൻഡ്യയും സ്വന്ത കാലിൽ നിൽക്കുമെന്നാകുമ്പോൾ—സ്വശക്തി പ്രബലമെന്നു കാണുമ്പോൾ—അയൽക്കാരെ ധ്വംസിച്ചു കഴിയുമെന്നു് എൻെറ രാഷ്ട്രമീമാംസബോധം എനിക്കു് ഉണർവു നൽകാത്തതിൽ ക്ഷമിക്കണം. ഒരു നേഷൻ വളർന്നു് മറെറാരു നേഷനെ

വിഴുങ്ങുന്ന ഇന്നത്തെ 'നേഷൻ'വാദത്തെ ഒരു തരത്തിലും ഞാൻ അനുകൂലിക്കാതിരിപ്പാൻ കാരണമിതാണുതാനും. ഒററവാക്കിൽ പറഞ്ഞാൽ ലോകം കഷണം കഷണമായി മുറിച്ചു് 'നേഷൻ' എന്ന (Label) ലാബെൽ കൊടുത്തു പരസ്പരം കഴുത്തറുക്കുന്നതു കാണുന്ന ഞാൻ—political sovereignty-ക്കും 'Nation' സംരംഭങ്ങൾക്കും സദാ എതിരുമാണു്. I do not stand for a nation. I do not stand for a nation aspiring for independence and political sovereignty. On the other hand I do stand for a world--state with all nations as its component parts sustaining sovereign dependence. This is the life blood of my political thoughts. This is the culmination of my intellectual achievement—സകല രാജ്യങ്ങളും ഉൾക്കൊള്ളുന്നതും സാമ്പത്തികസ്വാതന്ത്ര്യങ്ങളുള്ളതുമായ ഒരു ഒററരാജ്യത്തെ—ഒററ നേഷനെ അനുകൂലിക്കാനേ—മാർഗ്ഗം ഞാൻ കാണുന്നുള്ളൂ. ഇത്തരമൊരു നേഷനെ ഒത്തൊരുമിച്ചു നാം വാർക്കണം. ഒന്നിച്ചു നാം വളരാൻ—എന്തിനു്— ഒററ ദൈവം — ഒററ മതം—ഒററ രാജ്യം വളത്താൻ — ഇതാണു് ഞാൻ — ഇതാണു് ഞാൻ—'. അദ്ദേഹം പ്രസംഗം നിറുത്തി.

---

അദ്ധ്യായം ൧൦

# വലവാ

---

അമ്മഞ്ചേരി വനം കോട്ടയം—മാന്നാനം കവലയ്ക്കു പടിഞ്ഞാറുമാറി കിടക്കുന്നു. ഈട്ടി, തേക്ക് മുതലായ വൻവൃക്ഷങ്ങൾ ധാരാളം വളരുന്ന ഈ വനം റിസേർവിൽ ഉൾപ്പെട്ടതാണ്. ഒരു തസ്കരപ്രമാണി 'വലവാ' അമ്മഞ്ചേരി വനത്തിലെവിടെയോ താമസിച്ച് ചുററുപാടുമുള്ള ജനങ്ങളെ ഉപദ്രവിക്കുന്നതു് അറിഞ്ഞു് അയൽപ്രദേശങ്ങളിലുള്ള ജനങ്ങൾ ഭയവിഹ്വലരായിക്കഴിയുന്നു. സന്ധ്യകഴിഞ്ഞാൽ പിന്നീട് പെണ്ണുങ്ങളാരും ഇവനെ ഭയന്ന് പുറത്തിറങ്ങുക പതിവില്ല. വലവാ അവസരോചിതംപോലെ പേരുമാററിയും സ്ഥലം മാറിയും വിഹരിച്ചിരുന്നു. വലവായുടെ പെരുത്തശിഷ്യനാണ് പൊടിയൻ. ആർട്ട്സ് കോളേജിൽ സീനിയർ ബി. എ. ക്ലാസ് നാടകത്തട്ടാക്കി കടുത്ത ഒരു നാടകം ഇവൻ നടത്തി, ചങ്കോടു ചങ്ക് ഇണങ്ങി ഒന്നായിക്കഴിഞ്ഞിരുന്ന യുവതീയുവാക്കളിരുവരുടെ ജീവിതത്തട്ടിൽ പതുങ്ങിക്കയറി അവൻെറ കണ്ടുകോടാലികൊണ്ടു് അവരിരുവരുടെയും ചങ്കുവെട്ടിമാററിയ കഥ ചാച്ചപ്പൻ വിവരിക്കുംവിധം ചുവടെ ഞാൻ രേഖപ്പെടുത്താം. 'ചങ്കും തലച്ചോറും വെന്തു ഞാൻ വേകുന്നു. ദേഹമാസകലം കോൾമയിർക്കൊള്ളുന്നു. കൈകാലുകൾ തളർന്നും ദേഹം സ്തംഭിച്ചും കാണപ്പെടുന്നു.

ഹൃദയം സ്ഥാനം വിട്ടടിക്കുന്ന സ്വരവും കേൾപ്പാനുണ്ടു്. മനക്കരുത്തുപോലും നഷ്ടപ്പെട്ട് തള്ള ചത്ത പിള്ള കണക്കെ വാവിട്ടിതാ ഞാൻ ഏങ്ങി ഏങ്ങിക്കരയുകയാണു്. നഖശിഖാന്തം വെന്തുനീറുന്ന എനിക്കു, പേന എൻെറ ചങ്കിൽ മുക്കിവേണം ഈ കഥ രചിപ്പാൻ. നാവു് ചങ്കിനുള്ളിൽ താന്നടിഞ്ഞു. രക്തം മഞ്ഞുകട്ടിപോലെ ഉറയ്ക്കുന്നെന്നും തോന്നി. എങ്ങനെ ഞാൻ ഈ നടന്ന സംഭവം ചിത്രീകരിച്ചെൻെറ വായനക്കാരെ തൃപ്തിപ്പെടുത്തേണ്ടൂ? അഗ്നിയിൽ ജനിച്ചു്, അഗ്നിയിൽ കളിച്ചു്, അഗ്നിമാത്രം ഭുജിച്ചു വളർന്ന എന്നെ—സ്നേഹലീലകളാൽ സ്വാഗതം ചെയ്തു്, സാദരമാകർഷിച്ചു് സദാ സ്നേഹിച്ചാനന്ദിപ്പിച്ചിരുന്ന ഷീലമ്മ അറിയാതെയും, എന്നെ അറിയിക്കാതെയും—എൻെറ അസാന്നിദ്ധ്യത്തിൽ ഒളിഞ്ഞുനിന്നു് പത്തിയുയർത്തി എൻെറ ചങ്കിനുമാത്രം കൊത്താൻ — ഷീലമ്മയെ കുടുക്കിലാക്കി സാവധാനമവളോടു് അടുക്കുന്ന ഈ കാളിസർപ്പം — രാത്രിയുടെ നിശബ്ദതയിൽ പെംടിയൻ നടത്തിയ ഭയങ്കര നാടകം — നഖശിഖാന്തം രക്തം വിയർപ്പിച്ചുകൊണ്ടു് സീനിയർ ബി. എ. ക്ലാസ്സ് നാടകത്തട്ടാക്കി ൩൦ ദിവസം തുടർന്നു നടത്തിയ ഈ ഭയങ്കരനാടകം ഇപ്പോൾ ഗ്രഹിക്കുന്ന ഞാൻ, രക്തം വിയർത്തു് ക്ഷീണാധിക്യത്താൽ കമന്നടിച്ചിതാ തറയിൽപ്പതിച്ചും കഴിഞ്ഞു. എന്നെ മന്നടക്കം കലക്കി—എൻെറ പ്രാണൻപോലും ഉച്ചത്തിൽ കരഞ്ഞുകൊണ്ടു് മമ ജഡവുമായി സദാ കയർത്തു കഴിയുന്നതിനു് എനിക്കു് ഇങ്ങനെ ഇടയാക്കിയ ഈ നടന്ന സംഭവം—പല്ലുകടിച്ചുകൊണ്ടു് സ്നേഹം നിറഞ്ഞ മമ ഹൃദയം

ഇടവിട്ടൊഴുകുന്ന രക്തത്താൽമാത്രം, എങ്ങനെ ഞാൻ ഈ ഭയങ്കര സംഭവം എഴുതാതിരിക്കണം? എങ്ങനെ ഞാൻ ഈ ഭയങ്കരപാതകം എഴുതിത്തീർക്കും. കാരണം ഞാനും ഷീലമ്മയുമായി അത്രമാത്രം സ്നേഹിച്ചുപോയി. പ്രഭാതവേളകളിലെ ക്ലാസിലെ ഞങ്ങളുടെ ആഗമനം, വിവാഹമണ്ഡപത്തിലേക്കെന്നും—ക്ലാസ് വിട്ട് സായാഹ്നവേളകളിലെ ഞങ്ങളുടെ വിരഹം കുഴിമാടത്തിങ്കലേക്കെന്നും—ഞങ്ങൾ ഇരുവർക്കും തോന്നി. തദനന്തരം ഞങ്ങൾ തമ്മിൽ നടന്ന കത്തുകളാണ് പൊടിയൻ തട്ടിയെടുത്ത് അവൻെറ കുടിലപ്രവർത്തികൾക്കശേഷം പരസ്യം ചെയ്ത് ഞങ്ങളുടെ അകൽച്ചക്ക് ഇടയാക്കിയത്.

കോട്ടയത്ത് കളിത്തട്ടിൽത്തരകൻെറ അരുമസന്താനമാണ് ഞാൻ. വടക്കൻതിരുവിതാംകൂറിലെ മികച്ച ഒരു സിറിയൻ കത്തോലിക്ക കുടുംബമാണ് കളിത്തട്ട്. തരകൻ തികഞ്ഞ ഒരു ഭക്തനും തെളിഞ്ഞ ഒരു നേതാവുമാണ്. ചങ്ങനാശ്ശേരി കോളേജിൽനിന്നും ഇൻറർമിഡിയററ് പാസ്സായ ഞാൻ—ബി. എ. ക്ലാസ്സിൽ ചേരുന്നതിന് തിരുവനന്തപുരത്തെത്തി. ആർട്ട്സ് കോളേജിൽ ജൂനിയർ ബി. എ. ക്ലാസ്സിൽ ചേർന്നു പഠിത്തവുമാരംഭിച്ചു. ഉദ്ദേശം ൨൦൦തോളം വിദ്യാർത്ഥികളുള്ള എൻെറ ക്ലാസ്സിൽ, അൻപതോളംയുവതികളുമുണ്ട്. യുവതീയുവാക്കൾ ഒരുമിച്ചുള്ള വിദ്യാഭ്യാസത്തിൽഞാൻ ആഹ്ലാദിതനുമായി. മിത്രനാശത്താൽ പിളർന്ന എൻെറ ചങ്ക് ആശ്വാസം കണ്ടെത്താൻ ആകാംക്ഷയോട് കാത്തിരുന്ന എനിക്ക് (Friendship) മിത്രങ്ങളിൽ വിശ്വാ

സമ്മില്ലാതെയാണ് തിരുവനന്തപുരത്തിപ്പോഠം എത്തിട്ടുള്ളതും. ആകൃതിപ്രകൃതികളിൽ എനിക്ക് അനുയോജ്യമായഎല്ലതെങ്കിലുമൊരു യുവതി സഹപാഠിനിയായുണ്ടോ എന്നറിയുന്നതിന്ന ഞാനും അവരെ ഒരിക്കൽനോക്കി— എന്നല്ലാതെ, അക്കാലങ്ങളിൽ സ്ത്രീകളിൽ ഞാൻ ശ്രദ്ധ പതിച്ചിരുന്നില്ല. ഞാൻ ഷീലമ്മക്കയച്ചകത്തുകളും,ഷീലമ്മ എനിക്കയച്ച കത്തുകളും അഞ്ചൽ പ്യൂണുമായി ഒത്തു് പൊടിയൻ കൈവശപ്പെടുത്തി—എന്റെപേരിൽ അവളുമായി കത്തിടപാടുനടത്തി—അർദ്ധരാത്രിക്ക് അവളെകുടുക്കാൻശ്രമിച്ചു. ഫലിച്ചില്ലെങ്കിലും. നിദ്രയുടെ നിശ്ശബ്ദതയിൽ ബാല്യംമുതൽ പെൺകുട്ടികളുടെ കന്യകത്വത്തിന് തീവെപ്പാൻമാത്രം ജീവിക്കുന്ന പൊടിയൻ, കരുത്തേറിയ എന്റെ തലച്ചോറു പുകഞ്ഞെഴുന്ന ഇതുനടന്ന സംഭവം—നടത്തിയ നീയും വായിച്ചു് രക്തം വിയർക്കുമെന്നു ഞാൻ എങ്ങനെ വിശ്വസിക്കും? പൊടിയൻനിന്നോടുമുണ്ടു് ഒരു വാക്ക് എനിക്കു്. നീ ഒരു നാടകമെന്നുമാത്രമല്ല അതിലെഎല്ലാ കഥാപാത്രവും നിന്റെ രാത്രിസഞ്ചാരങ്ങൾമൂലം നിനക്കും അന്യർക്കും വരുത്തിക്കൂട്ടുന്ന വിപത്തുകൾ എന്തുകൊണ്ടു് നീ കാണുന്നില്ല? ചെറുകലെ സദാ നീ കാണുന്ന ഷീലമ്മയെ ദർശിച്ചാലും! എന്തുകൊണ്ടു് ഇനിയും അവളുടെ പാവനജീവിതം നിന്റെ കണ്ണു തുറപ്പിക്കുന്നില്ല? ഭ്രാന്തനായി നിന്നെ തള്ളേണ്ടതെങ്കിലും ഷീലമ്മയും കാമുകനുമായുള്ള കത്തുകൾക്ക—ഷീലമ്മയുടെ ചാരിത്രത്തിന്റെവില സങ്കല്പിച്ചു നടമാടുന്ന നീ—കശാപ്പുബുദ്ധിയും വിഷവും വൈരാഗ്യത്തോടെ കലർത്തി, മനുഷ്യവംശത്തിന്റെ തീരാകളങ്കമായി എന്നാലും നിഷ

കൊള്ളുന്ന ലൂസിഫ്ഫേർതന്നെ തക്കമില്ല. പരിപാവനമായ ഞങ്ങളുടെ അനുരാഗത്താൽ മ്ശിഹായുടെ കൊടിക്കീഴിൽ ദാമ്പത്യജീവിതത്തിനും— തദ്വാരാ ലോകസമാധാനത്തിനും തേർതെളിച്ച ഞങ്ങളുടെ ചങ്ക് തുണ്ടുതുണ്ടായി ഇങ്ങനെ നീ വെട്ടിമാററാൻ — എന്തു കുററം ഞങ്ങൾ നിനക്കുചെയ്തു പൊടിയാ എന്നു നീ പറയണം. നിന്റെ പാപംമാത്രം വെറുക്കുന്ന ചാച്ചപ്പൻ പാപി നിന്നെ വെറുക്കുന്നതെന്തിനു്? മൂക്കൻപാമ്പുപോലും ഭയന്നോടും നിന്നെക്കണ്ടാൽ— അത്രയ്ക്കു കേൾവി പെരുങ്ങിയ വഞ്ചകൻ നീ എന്നാളും ജീവിക്കണമൊ? രാവണനെക്കാൾ നീചൻ നീ—കംസനെ കൊല്ലുന്ന നിന്റെ ക്രൂരത, ദുര്യോധനനെ കരുക്കമോചിപ്പിക്ക, കാലനെ കരളുന്ന നിന്റെ പ്രതികാരേച്ഛ—കാഷിയസ് ചുളുങ്ങുന്ന നിന്റെ അസൂയ, ഐയാഗൊ വിളങ്ങുന്ന നിന്റെ പൈശാചികത്വം, നീ സലജ്ജം വിട്ടു് ദൈവത്തിങ്കലേക്കു തിരിവാൻ ദൈവം നിനക്കു് ഇടവരുത്തണം. ലോകമെല്ലാം പിടിച്ചടക്കി: അലക്സാണ്ടർ കംപാസ്‌മിയെ കണ്ടു മോഹിച്ചെങ്കിലും അവളെ അപ്പില്ലസിനെ ഏൽപ്പിക്കുന്നതു നീയും ഗ്രഹിച്ചിട്ടില്ലെ? ഇന്നു ഷീലമ്മയെ കാണുന്ന നീ എന്തുകൊണ്ടു് കല്ലു കഴുത്തിൽ കെട്ടി കടലിൽ ചാടാതിരിക്കണം? കുളവി കണക്കെ മനുഷ്യദ്രോഹി! എന്തിനു് നീ ജീവിക്കണം? ഡെസ്ഡിമോണയുടെ സൗന്ദര്യം നുകരുവേണമെന്നു കത്തി നീ അവളുടെ ചങ്കിൽ കടത്തുൻ? എന്തിനു നീ നമ്മ ശോഷണം നടത്തണം? തലച്ചോറു തിന്നു് നീ എന്തിനു് ഇങ്ങനെ ജീവിക്കണം? ദൈവമൊരുവന്നു് മാത്രമറിയാം.

എന്റെ സഹപാഠികളോടു് സ്നേഹപുരസ്സരം ഞാൻ ഇങ്ങനെ പറയും. നന്മചെയ്യണമെന്നു പഠിച്ചാൽപോരാ. നാം നന്മ പ്രവർത്തിക്കണം. നന്മ ചെയ്തു ജീവിക്കുമ്പോഴുള്ള ക്ലേശങ്ങളോർത്തു് പഠിച്ചു പാഠങ്ങൾ നാം ഒരിക്കലും വിഴുങ്ങിക്കൂടാ. പ്രത്യുതവിഷമങ്ങളിൽ കഴുത്തററം നാം മുങ്ങിനിന്നാലും തലയുമുയർത്തി അവയോടു നാം മല്ലിടണം. അല്ലാത്തപക്ഷം നമ്മുടെയും നാം ഇന്നു ജീവിക്കുന്ന ലോകത്തിന്റെയും ഭാവി എങ്ങോട്ടു്—എന്നു ചിന്താശീലന്മാർ ചോദിക്കും. സത്യം മുൻനിരുത്തി അന്തഃകരണപ്രേരണകളാൽ അടിയുറച്ച ചങ്കുറപ്പോടുകൂടി വിപൽശക്തികളോടു് എതിരിട്ടു നമ്മുടെ വൈഷമ്യങ്ങൾ നാം ജയിക്കേണ്ടതാണു്. ക്ഷോഭിച്ചിളകിയ ഫ്രഞ്ചുജനം വീറോടുകൂടി നാലുവശത്തുനിന്നും കത്തിപ്പാഞ്ഞൊഴുകി തനിക്കെതിരെ വരുന്നതു നെപ്പോളിയൻ ററുളനിൽവച്ചു കണ്ടു്—അദ്ദേഹം ധൈര്യത്തോടെ എപ്രകാരമവരെ അടിച്ചമർത്തിയോ, അപ്രകാരം പൊടിയനാൽ കുത്തഴിച്ചുവിട്ട നിങ്ങളുടെ മൃഗീയശക്തികൾ; എന്നെ അലട്ടിയപ്പോൾ—എന്നോടൊപ്പം തെരിഞ്ഞ ഷീലമ്മ എന്നെ നിരസിച്ചുവളെന്നു പൊടിയൻ നാമ്മധരിപ്പിച്ചെങ്കിലും—സ്നേഹത്തിനു പ്രതിസ്നേഹംപോലും ആരിൽനിന്നും അന്നുമുതൽ ആശിക്കാത്ത ഞാൻ,—അവളുടേയും എന്റേയും രക്ഷയ്ക്കും സൈ്വരത്തിനുമായി, നിങ്ങൾക്കാർക്കും തലകുനിയാതെ—ദൈവം നൈസർഗ്ഗികമായി എനിക്കു നൽകിയിട്ടുള്ള കഴിവുകളിലേക്കു സ്വയം പിൻതള്ളപ്പെട്ടവനായി— സ്വർഗ്ഗംപോലും കരയത്തക്ക രീതിയിൽ-ദൈവംപോലും കേൾക്കത്തക്ക സ്വരത്തിൽ-കല്ലുപോലും തകരത്തക്ക ഭാഷയിൽ—നിങ്ങളെ ഞെട്ടിക്കി

കൊണ്ടു് ക്ലാസ്സിൽ നിങ്ങളുടെ നടുവിൽനിന്നു ഞാൻ നടത്തിയ അന്നത്തെ എൻെറ ആ ഇംഗ്ലീഷ് പ്രൗഢഭാഷണമൊന്നിനാൽമാത്രം, ഞാൻ ആരെന്നു നിങ്ങളെ ഞാൻ അറിയിച്ചിരിക്കണം. നിങ്ങളെന്നെ അറിഞ്ഞിരിക്കണം. ഞാൻ ആരെന്നു് അറിഞ്ഞ നിങ്ങൾ അന്നുമുതൽ എന്നെ ആദരിക്കുന്നതും വാസ്തവം. അന്നു് ക്ലാസിൽ നടന്ന ഈ സംഭവംമൂലം ഭാരതീയയുവലോകത്തിനുള്ളിൽ കടന്നു്—അവരുടെ കഴിവുകളെന്തെല്ലാമെന്നും—താദൃശ്യകഴിവുകൾ പാഠവത്തോടുകൂടി നന്മയിലേക്കു് വെട്ടിവിടുന്നപക്ഷം—വരുന്ന അനുഗ്രഹീതഫലങ്ങൾ എനിക്കും ആസ്വദിക്കുന്നതിനു് ഇടയാകുമെന്നും ഞാൻ കരുതി. ആകയാൽ അപ്രതിഹതമായ യുവത്വത്തിനു്, സ്വയം നേതൃത്വം സ്വീകരിച്ചു്—ജാതി ചിന്തകളാൽ ഭാരതത്തിലെവിടെയും ഇന്നു് പടുത്തിട്ടുള്ള ജനകീയസംഘടനകൾ പരസ്പരം കടിച്ചുകീറുന്ന പതിവു് നിറുത്തി പഠിപ്പുള്ള നമ്മൾ ഉൾക്കൊള്ളുന്ന ഒരു സംഘടന—ഇൻഡ്യയിൽ വരുത്തിക്കൂട്ടാൻ, ഒത്തൊരുമിച്ചു് നാം പ്രവർത്തനമാരംഭിക്കണമെന്നും എനിക്കു ബോദ്ധ്യമായി. എങ്കിൽമാത്രമേ ഒരു ഐക്യഭാരതം ഭാവനം ചെയ്യാൻ മാർഗ്ഗം ഞാൻ കാണുന്നുള്ളൂ. എങ്കിൽ മാത്രമെ ഭാരതസ്വാതന്ത്ര്യവും വിജാതിയചിന്തകളും വളർത്തുന്നതിനു് വഴിയുള്ളൂ. നിങ്ങളുടെ രക്തം ഇനിയും ചങ്കിൽത്തന്നെ കിടന്നു് തണുത്തുറക്കുന്നതിനു് നിങ്ങൾ അനുവദിക്കാതെ, തൻേറടത്തോടുകൂടി മുന്നോട്ടുവന്നു് പ്രവർത്തനമാരംഭിക്കണം, ഇങ്ങനെ ഇത്ര ഉയരത്തിൽ എൻെറ മനസ്സ് വളരത്തക്കവിധം അവളുടെ സൗന്ദര്യം എന്നിൽ തട്ടിയുണർത്തിയ 'beauty truth, truth beauty,

എന്നീ വിശിഷ്ടദാനത്തിൻ്—ഷീലമ്മക്ക് എന്നാളും ഞാൻ കടപ്പെട്ടവനുമാണു്.

യുവതികളോടു് എനിക്കു ഇത്രമാത്രം പറവാനുണ്ടു്. നിങ്ങളുടെ വക്രത കഴിവതും ചുരുക്കണം. പഴഞ്ചൻവക്രതകളെ നിങ്ങളുടെ തെളിഞ്ഞ ബുദ്ധി പിഴുതുകളയട്ടെ. നിങ്ങൾ യുവാക്കളുമായി സമ്പർക്കപ്പെട്ടു് ആകൃതിപ്രതികളിലും പാരമ്പര്യത്തിലും അനുയോജ്യരെന്നുകണ്ടാൽ—നിങ്ങളുടെ വിഷമതകൾ ഒന്നുമേതും ഒളിക്കാതെ തുറന്നു പറഞ്ഞു് ഭാര്യാഭർത്താക്കളായിത്തീരണം. പരസ്പരം യുവതികൾ നിങ്ങളുടെ നടുവിലുള്ള പക പുകയ്ക്കുകയും വേണം. പ്രണയമെവിടെ ആരുതമ്മിലായാലും കാണാം നമുക്ക് നമ്മുടെ ഇടയിൽ ഒരു പൊടിയന്നെ 'ഇങ്ങനെ അനുരാഗം — തടനന്തരമുള്ള ദാമ്പത്യജീവിതം—ഇവ നിങ്ങളുടെ അച്ഛനമ്മമാരുടെ ബുദ്ധിയുപദേശങ്ങളനുസരിച്ചു നിയന്ത്രിച്ചു്—നിങ്ങൾക്കും, അയൽക്കാർക്കും രാജ്യത്തിനും ദൈവത്തിനും ഇഷ്ടമുള്ള മക്കളായിനിങ്ങൾ വളരണം. അസൂയയും പകയും അമർത്തണം. സ്നേഹവും വിശ്വാസവും വളർത്തണം, നിങ്ങളുടെ നല്ല കുടുംബങ്ങൾ ലോകസമാധാനത്തിനു തേർ തെളിക്കണം.' ചാച്ചപ്പൻ ഇങ്ങനെ കഥ നിറുത്തി.

വീണ്ടും കഥ തുടരാം. പണമുള്ളവർ അമ്മഞ്ചേരിവനം പതിച്ചെടുത്തു് റബ്ബറും തേയിലയും കൃഷിചെയ്യുംതിരുന്നതു് കഷ്ടമായിപ്പോയി. മണിയാംകരൻ യൂറോപ്പിൽനിന്നു തിരിച്ചു വന്നശേഷമാണു് വലവം അമ്മഞ്ചേരിയിൽ പ്രത്യക്ഷനായതു്. ഒരു ഭയങ്കര ഗുഹയിൽ അതാ വലവാ പ്രത്യക്ഷനാകുന്നു. കറുത്തുതടിച്ച ചുണ്ടുകൾ, നീണ്ട നഖം, മെല്ലിച്ച ദേഹം, അര രസിക

നൊരു പയ്യനെന്ന ഭാവം സദാ വെററില മുറുക്കുന്നതു കാണാം. ജംബുലിംഗം, പാർസിംഗ് എന്നീ ഭയങ്കര കള്ളന്മാരേയും കബളിപ്പിച്ച്, എന്തു വേണമെങ്കിലും ആരിൽനിന്നും തട്ടിഎടുക്കാൻ ത്രാണിയുള്ള ഒരു ദുഷ്ടനാണ് വലവാ എന്ന് ആക്കും ഒററനോട്ടത്തിൽ മനസ്സിലാക്കാം. ഇരുപത്തെട്ടുവയസ്സ് പ്രായംകാണും. സർപ്പക്കണ്ണുകൾ—തുറിച്ചുള്ള നോട്ടം—ഇടത്തുതോളിലുള്ള മുറിവ് ലോകദൃഷ്ടികളിൽനിന്നും മറക്കപ്പെട്ടിരിക്കുന്നു. 'ചാത്തു' എന്നു വിളിച്ചതനുസരിച്ച് ഒരു മനുഷ്യകീടം പ്രത്യക്ഷനാകുന്നു. ഇവൻ വലവാ ഭാസനാണ്. ൫൦ വയസ്സുപ്രായമുണ്ട്. ഈ ദുരാചാരൻ കോപിഷ്ടനായി മനഞ്ഞെടുത്തതാവാം ചാത്തുവിനെ. കറുത്ത നിറം, കരങ്ങിന്റെമുഖം, ഇരതേടുന്ന കണ്ടൻപൂച്ചയുടെനയം. യജമാനന്റെ വിളികേട്ട് ചാത്തു വലവായുടെ സമീപത്തുവന്നു. യജമാനനെവിട്ട് ഒളിച്ചോടാൻ അവനു് ധൈര്യമില്ല. മനുഷ്യമനസ്ഥിതിക്ക് എത്രത്തോളം ഹീനകരമായിത്താഴാൻ സാധിക്കുമെന്നു ചാത്തുവിനെ കാണുന്നവർക്കൊക്കെ ബോദ്ധ്യമാകും. ശരിയായ വിദ്യാഭ്യാസമൊ അന്നവസ്ത്രാദികളൊ കൂടാതെ ചാത്തുവിനെപ്പോലെ ഇരുളിൽ കഴിയുന്നവർ ഇൻഡ്യയിൽ എവിടെയും ഇന്നു ധാരാളമുണ്ട്. തെരുവീഥികളിലൂടെ അലഞ്ഞുനടന്നു് ഉപജീവനത്തിനു മാർഗ്ഗം കാണാതെ ഭാഷിച്ചും വലഞ്ഞും കഴിയുന്ന ഇത്തരം എത്ര എത്ര ചെറുപ്പക്കാരെ ഇൻഡ്യയിൽ നമുക്കു കാണാൻകഴിയും. ആരുപോലുമില്ലാത്ത ഇവരുടെ കണ്ണുനീർ ചെന്നടിഞ്ഞു ഘനീഭവിച്ചതാവാം ഹിമാലയമെന്നുംവരാം. പൊരിയൻ, വലവാ എന്നിങ്ങനെ ഭാരതത്തിലെവിടെയും കണ്ടുമുട്ടാവുന്ന രാത്രി

സഞ്ചാരികളുടെ ദുർമ്മാർഗ്ഗജീവിതത്തിൽനിന്നും സംജാതമാകുന്ന എത്ര എത്ര പിഞ്ചുകുഞ്ഞുങ്ങളെ അവരുടെ തള്ളമാർ റോഡോരത്തിട്ടും, കിണററിൽ എറിഞ്ഞും, ആററിൽ ഒഴുക്കിയും കടലിൽ തള്ളിയും ജീവിതം നിർബാധമായി തുടരുന്നതുകണ്ടു് ദൈവം ഉറങ്ങുകന്നോ എന്നു ചിന്തകന്മാർ ചോദിച്ചുപോകും. മണിയാകരനെ ഇംഗ്ലീഷുകാർക്കു് ഒററികൊടുപ്പാൻ വലവാ അക്ഷീണ പരിശ്രമം നടത്തുന്നുണ്ടു്. മണിയാകരസാമീപ്യം കരുതിയാണു് അമ്മഞ്ചേരിയിൽവന്നു് അവൻ താമസിക്കുന്നതു്. വലവാ പെരുംകള്ളനെന്നാണു് ലോകർ കരുതുന്നതെങ്കിലും, യഥാർത്ഥത്തിൽ മണിയാകരൻ നില്ക്കുന്ന തറമാന്തി—പിന്നിൽനിന്നു് അദ്ദേഹത്തെ ആക്രമിച്ചു് അധഃപതിപ്പിപ്പാൻമാത്രമാണു് അവൻെറ ഇന്നത്തെ ശ്രമങ്ങളെല്ലാം. അദ്ദേഹത്തിൻെറ രഹസ്യവും പരസ്യവുമായ സകല സംഗതികളും ഒന്നുവിടാതെ വലവാ അന്വേഷിക്കും.

വലവാ ചാത്തുവുമായി സംസാരിക്കയാണു്.

വലവാ:—അവൻ അവിടെ എങ്ങിനെ വന്നുചേർന്നു? സഭ പിരിഞ്ഞയുടനെ എറണാകുളം വിട്ടെന്നു് ഞാൻ കരുതി. ഛത്താൽ ആകയാൽ മററാരും ബോട്ടുജട്ടിയിൽവരുമെന്നും ഞാൻ കരുതിയില്ല.

ചാത്തു:—ഛത്താൽ എന്താണു്.

വലവാ:—ഇൻഡ്യാക്കാരെല്ലാം കതകടച്ചു വീട്ടിനുള്ളിൽ ഇരുന്നു്—ഒളിഞ്ഞു പുറത്തുള്ള പ്രവൃത്തി നങ്ങൾ നോക്കിക്കാണുമ്പോൾ ഛത്താലായി.

ചാത്തു:—(പല്ലു കടിച്ചുകൊണ്ടു്) ഞാൻ ഒരു സായ്പാണെങ്കിൽ കതക തല്ലിപ്പൊളിച്ചു് അകത്തു കയറും. ഞാൻ ഒരു റിപ്പോർട്ടു് എഴുതിയാൽ ആദ്യം ഞാൻ ഇൻഡ്യയിൽ കണ്ടതു ഹർത്താലാണെന്നും ഞാൻ ആദ്യം ചെയ്തതു ഭവനഭേദനമാണെന്നും വീട്ടെത്തി റിപ്പോർട്ടു കൊടുക്കും.

അതൊക്കെ പിന്നെ പറയാം. നീ വേഗം പോയി കല്ലറെക്കൊണ്ടുവരണം— ഒരു മണിക്കൂറിനുള്ളിൽ— കല്ലറും വലവായും തമ്മിൽ സംസാരിക്കുന്നതും ശ്രദ്ധിക്കാം

വലവാ:—മി. കല്ലർ, മണിയംകരൻ കുറെ അധികം ഞൊടിക്കുന്നുണ്ടു്. ഇംഗ്ലീഷുവിദ്യാഭ്യാസവും മററും അവനോളം എനിക്കുമില്ലെങ്കിലും മലയാളം എനിക്കും നല്ല വശമാണു്. ഇംഗ്ലീഷിൽ അവൻ നടത്തിയ പ്രൗഢഗംഭീരമായ പ്രസംഗം ദൈവം താൻ കനിഞ്ഞു മണിയാകരനുമാത്രം നൽകിയിട്ടുള്ള ആകർഷണീയമായ അയാളുടെ വാഗ്ധോരണി നിസ്തുല്യമാണെന്നു സമ്മതിക്കണം. ഞാൻ അയാളോടുള്ള പകപോലും മറന്നുപോയി അയാളുടെ പ്രസംഗസമയത്തു്. സീസർ ആഗസ്റ്റസിന്റെ ഗാംഭീര്യത്തിൽ — മാക്ക് ആന്റണിയെ മറപ്പിക്കുമാറുള്ള വാഗ്ചാതുര്യം, ബ്രൂട്ടസിന്റെ ധാർഢ്യം, ഷെരിഡൻപോലും മയങ്ങുന്ന ഒഴുക്കിൽ — സംഗീതം കലർത്തി തകർത്തടിച്ചു പൊടിച്ചുവാരിക്കൊണ്ടു് മണിയാകരൻ അന്നു നടത്തിയ ആ പ്രസംഗം ശ്രവിച്ചു ഞാൻ അമ്പരന്നു് അങ്ങിരുന്നുപോയി! അത്ര ഗംഭീരനാണു് നമ്മുടെ ശത്രു. ഇതു തനിക്കു

ബോദ്ധ്യമൊ? നിസ്സഹരണാദ്ധ്യക്ഷനെന്ന നില യിൽ ചെയ്ത അപ്രസംഗത്താൽ മാത്രം അവനു കിട്ടിയ സമ്മാനം എന്തെന്നു നോക്കണം! സർവ്വാംഗസുന്ദരി സേലമ്മയെ — വഴിമദ്ധ്യത്തിൽ വച്ചു തടഞ്ഞു് എന്നെ ബ്രി. കൊച്ചിയിൽവച്ചു വെളി വച്ചില്ലെ? എന്നു പറഞ്ഞു് ഇടത്തുകക്ഷം പൊ ള്ളിയതു ചൂണ്ടിക്കാണിക്കുന്നു, ജെയിൽ ചാടി രക്ഷപെട്ടു് കല്ലർ വീണ്ടും വലവായുമായി ദുഷ്കൃത്യങ്ങാം തുടരുന്നു. ഇതിൽനിന്നും ബ്രി. കൊച്ചി യിൽവച്ചു് സേലമ്മയെ ഉപദ്രവിപ്പാൻ അടുത്ത വ്യക്തി വലവാ എന്നു നമുക്കു മനസ്സിലാക്കാം.

കല്ലർ:—നാം തമ്മിൽ പറഞ്ഞിരുന്നതുപോലെ മഠം സിൽനിന്നു് ലേംനപ്പന്റെപേരിൽ സേലമ്മക്കു് ഞാൻ കമ്പിയടിച്ചു. മണിയാകരൻ എറണാം കുളത്തു് നടത്തിയ പ്രസംഗം വിപ്ലവകരമാണെന്നു കാണിച്ചു് വൈസ്രോയിയ്ക്കും സ്റ്റേയിററു സെക്രട്ടറി ക്കും കമ്പി അടിക്കണം. മണിയാകരൻ സ്വതന്ത്ര നായിരിക്കുന്ന കാലത്തോളം സേലമ്മയെകിട്ടുമെ ന്നാശിക്കേണ്ടാ. അതിനാൽ മണിയാകരനെ ജയിലിലാക്കണം.

വലവാ:—ഞാൻ എന്തിനും തയ്യാറാണു്. സേലമ്മയെ കിട്ടണം—മണിയാകർജീവിതം എങ്ങനെ തകർന്നു താറുമാറാകുമെന്നൊന്നും എനിക്കു് നോക്കേണ്ട തില്ല. എനിക്കു് കാമപൂർത്തി അടയണം. അവളെ കിട്ടാതെ ജീവിതോദ്ദേശം നിറവേറുന്ന തെങ്ങനെ? അവളെ എനിക്കു വേണം. ഏതു

സേലമ്മേ! നിൻെറ കാമുകൻ രാജദ്രോഹി എന്നു് എന്തുകൊണ്ടു് നീ അറിയുന്നില്ല? അവൻ സത്യം സത്യമായി നിന്നിൽ അനുരക്തനാണെന്നു്, നിന്നെക്കാണുമ്പോൾ പറയും. ഇംഗ്ലണ്ടിലും മററും അവന് എത്ര എത്ര കാമിനിമാർ ഉണ്ടു് നിന്നെപോലൊരു സുന്ദരി ഭൂമുഖത്തിന്നാഭരണമു് നിനക്കുവേണ്ടിമാത്രം ഞാൻ പെടുന്ന പാടുകൾ നീ എന്തുകൊണ്ടു കാണാതിരിക്കണം, എന്നവൻ ഉള്ള അലറിക്കൊണ്ടു് കല്ലറെ വീണ്ടും വിളിക്കുന്നു. 'എൻെറ സ്വത്തിൽ സിംഹഭാഗം തരാം. സേലമ്മയെ ചുംബിപ്പാനെങ്കിലും എനിക്കു് സംഗതി വരുത്തണം'

കല്ലർ:—വിനാവിളംബം സേലമ്മ നമ്മുടെ പിടിയിൽ-ഈ ഗുഹയിൽ — മണിയംകരൻ— ജയിലിലും. രാഷ്ട്രീയസംഗതികളിലെ കാതലായ ഭാഗങ്ങൾ മാത്രം വിവരിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസംഗം—രാഷ്ട്രീയഗാത്രത്തിൻെറ സകല ഭാഗങ്ങളിലും തൻെറ കണ്ണുകളോടിച്ചിട്ടുണ്ടെന്നു് എന്നാലും നാം സമ്മതിക്കണം. മനുഷ്യരെ ഇളക്കത്തക്കവണ്ണം പറയണം. ഇളകിപറയണം. സമത്ഥമായി ഇവ രണ്ടും അദ്ദേഹം തൻെറ പ്രസംഗത്തിൽ പ്രയോഗിച്ചിരുന്നു. ഈ മഹാൻെറ അനുരാഗത്തട്ടിൽ കടന്നു് അദ്ദേഹത്തിൻെറ പ്രണയനിയെ വ്യഭിചരിപ്പാനാഗ്രഹിക്കുന്ന നാം എതിരടേണ്ടതു് ഈ യുഗത്തിലെ രണ്ടു പ്രൌഢയുവതായുവാക്കളെ മാത്രമല്ല യുവതചത്തോടൊന്നാകെയിണെന്നും മനസ്സിലാക്കണം,

വലുവാ:—വെളിയേററു ഞാൻ ഓടി അത്രക്കററിക്കു്—
—എക്ലെസ്സുകാർ എന്ന അത്രക്കററിയിൽ തടഞ്ഞുനിറുത്തി പൊള്ളലിൻെറ കാരണമറിവാൻ—
അത്രക്കററിച്ചതക്ക ഒരു മുഷിപ്പൻ എക്ലൂസ് നയമാണു്. ഓടിക്കൊണ്ടിരുന്ന എൻെറ ചങ്കിനുള്ളിൽ കുരുപ്പും ഗഞ്ചാവുമുണ്ടെന്ന സംശയത്താൽ.

---

## അദ്ധ്യായം ൰൯

# മിത്രങ്ങൾ

---

ദാസ് മെത്താ ഭൂതത്തിൻെറ പിന്നാലെ ചീറിപ്പാഞ്ഞു. ഭൂതംപോലും ഭയന്നോടാൻ ഈ യുവാവു് ആരായിരിക്കാം? ഭൂതം ചാക്കാശേരി വളവിൽ വന്നുനിന്നു. വള്ളത്തിൽ കടമാളൂർക്കൂടി യാത്രചെയ്തിട്ടുള്ളവരോടു ചാക്കാശേരി വളവിനെപ്പററി പറയേണ്ട ആവശ്യമില്ല. കൂട്ടവള്ളമില്ലാതെ സാധാരണ ആരും രാത്രികാലങ്ങളിൽ അതിലെ വള്ളത്തിൽ സഞ്ചരിക്കുക പതിവില്ല. ഭൂതപ്പിശാചുക്കളുടെ കേന്ദ്രസ്ഥാനം ചാക്കാശ്ശേരി വളവാണെന്നു പൊതുവെ പറഞ്ഞിരുന്നു. ഇവിടെ വളരെ ആഴമുള്ള ഒരു കയമുണ്ടു്. ചാക്കാശേരി പണിക്കരുടെ വള്ളങ്ങളും തോണികളും സൂക്ഷിച്ചിരുന്നതു് ഈ കയത്തിലാണു്, ഭൂതത്തെ മെത്താ സൂക്ഷിച്ച

നോക്കുകയാണു്. താവളമെത്തിയ ഭൂതം ക്രൂരതലായി അഗ്നി വമിച്ച് മർക്കോയിയേയുംകൊണ്ടു ചാക്കാ ശേരി കയത്തിൽ താണു, ആരുമൊരു കൂട്ടിനുമില്ലാതെ— മേത്താ വസ്ത്രങ്ങളെല്ലാം പിഴത്ത് ഒററ മുണ്ടോടെ ഭൂത ത്തിൻെറ പിന്നാലെ എടുത്തുചാടി. ക്രിസ്തീയ മഹാമ നസ്കതയുടെ ആഴം നോക്കണം! ഒരു കത്തോലിക്കയു വാവ്—മെത്താ തൻെറ കഠിനശത്രുവിനെ സാത്താനിൽ നിന്നു രക്ഷിപ്പാൻ സ്വജീവനെപ്പോലും ബലികഴിച്ചു കൊണ്ടു—മൻഷ്യനും പിശാചുമായുള്ള ഈ സമരത്തിൽ മനുഷ്യവശം ചേൻകൊണ്ടു്—അസുരനുമായി നടത്തുന്ന ഈ മല്ലമാത്രം മതി—മെത്താ ഇന്നത്തെ ലോകത്തിൽ അദ്വിതീയനായിത്തീരാൻ. അപ്പോഴേക്കും ഭൂതം വീണ്ടും പൊങ്ങി. പുറകെ മെത്തായും. ഒടുവിൽ മെത്താ മക്കോ യിയെ കടന്നു പിടിച്ചു. ഭൂതം പെട്ടെന്നൊന്നലറിയ സ്വരം അയൽപ്രദേശങ്ങളെ ഞെട്ടിക്കി. ഇതിനിടയിൽ മെത്തായിൽനിന്നു പിടിവിട്ടുപോയ മക്കോയിയെ— വീണ്ടും മെത്താ ചാടി അവൻെറ കാലിൽ പിടികൂടി. മർക്കോയിയെ വലിച്ചുകൊണ്ടു് ആ ധീരയുവാവ് കരപററുന്നു. മൂർഛിതനായികാണപ്പെട്ട മക്കോയിയെ വേണ്ടവണ്ണം ശുശ്രൂഷിച്ചു. അവനെ പിടിച്ചുകൊണ്ടു പോയി മെത്താ കുന്നിൽ മൂപ്പിലയുടെ പടിക്കലാക്കി. മെത്താ പെട്ടെന്നു സ്ഥലംവിട്ടു. താമസംവിനാ വീട്ടിൽ വന്നെത്തി. ഭൂതവുമായുള്ള ഈ സമരത്തിൽ ഭൂതം ആരെന്നും മെത്താ മനസ്സിലാക്കി. ഭൂതത്തെ മനസ്സിലാ ക്കിയ മെത്താ ക്ഷോഭിച്ചില്ലക്കി. പ്രസ്തുത ക്ഷോഭം ഏതെല്ലാം പരിതസ്ഥിതികളിലേക്കു മെത്തായെ നയി ച്ചുന്നു പിന്നീടറിയാം.

ലോനപ്പൻ മണിയാകരനുമായി സംഭാഷണ മാണു്:—

ലോനപ്പൻ—എന്തിത്ര ദുഃഖം?

മണി—ഞാൻ ഒരു ദുഃഖാർത്തനാകയാൽ—

ലോന—(തെല്ലുറക്കെക്കരഞ്ഞാൽ—( She must weep or she will die) സങ്കടകാരണം നാം തമ്മിലും മറ യ്ക്കണമെന്നുണ്ടോ.

മണി—കരച്ചിൽവരാത്ത ദുഃഖമാണു് എൻേറതു്. ഞാം ലെററ കരയുന്നതുകണ്ടിട്ടുണ്ടോ. വാട്ടർല്യൂ കഴിഞ്ഞു നെപ്പോളിയൻ ഒരിക്കലും കരഞ്ഞിട്ടില്ല. ദുർഭര മായ ദുഃഖാരിഷ്ടതകളാൽ ജീവിതം എനിക്കൊരു ഗാഗുൽത്തായാണു്.

ലോന—എന്തുകൊണ്ടു്?

മണി—എൻെറ ഉന്നതെ വ്യഥയും അറിഞ്ഞാൽ— ഒരു രഹസ്യംകൂടി എന്നെപ്പററി നിങ്ങൾക്കു കിട്ടു മെന്നല്ലാതെ മറെറന്തുഫലം? ഞാൻ നന്മചെയ്താൽ കൃതഘ്നതമാത്രമാണ് എനിക്ക് ഏററവും അരി കാമ്യം. നന്മ നാം ചെയ്താൽ അതിലരട്ടി നന്മ പ്രത്യാശിക്കുന്ന മനുഷ്യപ്രകൃതം നാം വെറുക്കണം. സ്നേഹിക്കുന്നതു നുവേണ്ട. സ്നേഹിക്കുക—പ്രതിഫ ലേഛ നിരാശക്കാടയാകും. നമ്മുടെ രഹസ്യങ്ങൾ അന്യരെ അറിയിക്കാതിരിക്കയാണ് ഉത്തമം. ദൈവവുമായി സംഭഷണംചെയ്തു സ്വർഗ്ഗീയസുഖം അനുഭവിക്കുകയാണ് എൻെറ പതിവു്.

ലോന—ഈക്ഷോഭത്തിൻെറ കാരണം പറയണം.

മണി—ശോകമെന്നതു കൂട്ടത്തോടെ — നോവെലുകളിൽപ്പോലും ഇത്രമാത്രം ക്ലേശിച്ചവർ ചുരുക്കം. ജോസഫയിനോടു യാത്രപറഞ്ഞ നെപ്പോളിയനെക്കാൾ തകർന്നതാണ് ഇന്ന് എന്റെ ഹൃദയം. ലോനപ്പൻ നമ്മുടെ ഇഷ്ടത്തിനും ഭംഗം വന്നെന്നുവരാം. വിദ്യാർത്ഥികളുടെ ഇടയിലെ സ്നേഹം കാണുമ്പോൾ അവർ ആജീവനാന്തം മിത്രങ്ങളായി കഴിയുമെന്നു ചില ശുഷ്കമനസ്കർ പ്രവചിക്കുമ്പോൾ — ഞാൻ ചിരിച്ചിട്ടുണ്ട്.

ലോന:—ദുഃഖകാരണം പറയാതെ നാം തമ്മിലുള്ള ഇഷ്ടത്തിന് സ്കെയിൽ വയ്ക്കുന്നതെന്തുകൊണ്ട്?

മണി:—ചെറുപ്പകാലത്തെ ഇഷ്ടം, വാഗ്ദാനം ഇവകളെ വിശ്വസിക്കരുത്. തിയോളജിപഠനം വൈദികർക്കെന്നപോലെ കോളേജുവിദ്യാഭ്യാസംമൂലം നമ്മുടെ ബുദ്ധിക്ക് ഉണർവു സിദ്ധിക്കുന്നു. തദ്വാരാ യോഗ്യന്മാർ കൂടുതൽ യോഗ്യന്മാരും, നികൃഷ്ടർ കൂടുതൽ നികൃഷ്ടരും ആയിത്തീരുന്നു. വിത്തു വയലിൽ വീണാൽ നെല്ലും; പാറയിൽ വീണാൽ കല്ലുമാണ്. നിലത്തിന്റെ നൽപുതിൽപ്പ് അനുസരിച്ചിരിക്കും വിളവ്.

ലോന:—ഇഹത്തിലെ സ്നേഹം എന്നാളും നിലനിൽക്കുന്നതല്ല. വുൾസിയും ഹെൻട്രി എട്ടാമനും തമ്മിൽ വളരെ മതിപ്പിൽ കഴിഞ്ഞിരുന്നെങ്കിലും— ഒടുവിൽ അവരും തെറ്റിപ്പിരിഞ്ഞു.

മണി:—ഹെൻട്രിയോടു കൂടി കോപിക്കയും വുൾസിയോടു കൂടി പലവുരു ഞാൻ കരഞ്ഞിട്ടുമുണ്ട് — മിത്രനാശത്താൽ.

ലോനം:—ഫ്രെഡ്രിക്കും വാംടൂയറുമായും സ്നേഹമായിരുന്നു.

മണി:—നാം തമ്മിലുള്ള ഇഷ്ടം നിസ്തുല്യമാണു്. നൈസർഗ്ഗികമായ ഇഷ്ടം ഇവിടുത്തെ മണ്ണിൽ വളരുന്നതല്ല. ഇന്നു് നടപ്പിലിരിക്കുന്ന സ്നേഹം കാര്യം കാണാനുള്ള കൈയു് മുത്താണു്. ടെനിസൻെറ കണ്ണിലുണ്ണിയായിവളൎന്ന ആർതർഹാലാം മരിച്ചു് പതിനെട്ടു കൊല്ലങ്ങൾക്കശേഷവും മിത്രനാശത്താൽ പൊട്ടിച്ചിതറിയ ടെനിസൻെറ ഹൃദയമാണു് 'In Memoriam' എന്ന വിശിഷ്ട കാവ്യം.

ലോനം:—ഡേവിഡും ജോനാഥനുമായും ഇഷ്ടത്തിൽ കഴിഞ്ഞു. ക്രിസ്തുദേവൻപോലും യോഹന്നാനെ നിഷ്കളങ്കമായി സ്നേഹിക്കുന്നതു ബൈബിളിലെ ഒരു സുന്ദരഭാഗമാണു്.

മണി:—ആകൃതി പ്രകൃതികളിൽ അനുയോജ്യമായ ഒരു മിത്രത്തെ കിട്ടാൻ ബാല്യംമുതൽ ഞാൻ കാംക്ഷിക്കുന്നുണ്ടു്. അനുരാഗവും പൊള്ളയാണു് എന്നുള്ള ആംഗ്ലേയകവിമതം വാസ്തവമെങ്കിൽ പിന്നെ ജീവിതം തടിക്കരിശല്ലാതെ മറെറന്താണു്? വെറുതെയല്ല മാങ്ങാത്തോളോളമുള്ള ഒരു കുടിലുപണിയിച്ചു് അതിനുള്ളിൽ മിത്രങ്ങളെ നിറപ്പാൻ സോക്രട്ടീസ് യത്നിച്ചതു്. നട്ടുച്ചയ്ക്കു് ഏതൻസ് പട്ടണമദ്ധ്യത്തിലുള്ള പെരുവഴിയിലൂടെ പന്തവും കൊളുത്തി ഡയോജനീസ് സ്നേഹിതന്മാരെത്തിരഞ്ഞുനടന്നതും.

DHARMARAM COLLEGE LIBRARY. 34716 BANGALORE.

ലോന:—നിഷ്കളങ്കസ്നേഹമില്ലെന്നോ പറയുന്നതു്?

മണി:—ജീവിതത്തിലതു കാണാത്ത വാസ്തവം വിവരിക്കുകയാണു്. ജീവിതം ഒരു നാടകംമാത്രമാണു്. പ്രതിപാദനവിഷയം, ഇടയ്ക്കു നില്ക്കാത്ത പകയും പരിപാവനമായ ഇഷ്ടം ശ്മശാനത്തിൽ നാം കണ്ടെന്നുവരാം. 'The essence of Christianity is the worship of sorrow' ക്രിസ്തുമതത്തിന്റെ രക്തനാഡി വ്യാകുലാരാധനയാണെന്നു് ജർമ്മൻ മഹാകവി ഗേററി വർണ്ണിച്ചിട്ടുള്ളതും ഇക്കാരണത്താലായിരിക്കണം.

ലോന:—ജോൺസൺ ശ്വസിക്കുന്നതുകൂടി നോട്ടുചെയ്യു ബോസ്വൽ എന്റെ അവഹേളനത്തിനും പാത്രമാണു്.

മണി:—സമത്വമില്ലാത്ത friendship — പരസ്പരബഹുമാനമില്ലാത്തകൂട്ടുകെട്ടു്-അടിമത്വത്തേക്കാളം ഭേസനീയമാണു്. അതിരുകവിഞ്ഞ വണക്കം ശ്രേയസ്കരമല്ല. പരിധിവിട്ടുള്ള പെരുമാററം വിഹിതവുമല്ല. ഇക്കൂട്ടരെ സ്തുതിപാഠകന്മാരായി ഇന്നത്തെ ലോകം എണ്ണിതള്ളും. സ്നേഹിതന്മാരെന്നും ശത്രുവാരെന്നും തിരിച്ചറിയാൻ വിഷമവുമാണല്ലോ. മന്ദഹാസത്തിനും ശത്രുവിനും ചുണ്ടില്ലെന്നുണ്ടോ? എന്നിരിക്കിലും-എനിക്കു വന്ദിപ്പാൻ ഒരു മിത്രവും ആരാധിപ്പാൻ ഒരു ദൈവവും അവശ്യമാണുതാനും. —എന്റെ ദൈവത്തെ ഞാൻ കണ്ടു—മിത്രത്തെയു ഒന്നു ഞാൻ തേടുകയാണു്, കിട്ടിയേ ഞാൻ അടങ്ങൂ.

ലോന:— ഇത്ര ഇളകി സംസാരിപ്പാനെന്താണു്.

മണി:—മിന്നുന്നതൊക്കെ പൊന്നല്ല. നിങ്ങളുടെ ഭാൎയ്യക്കു സേലമ്മ എന്നൊരു മിത്രമുണ്ടോ?

ലോന:—ഉണ്ടു്. എന്നു പറഞ്ഞു് അമ്പരന്നുനിന്നു.

---

## അദ്ധ്യായം ൧൯

# കാമിനീകാമുകന്മാർ

---

മണിയാകരനും ലോനപ്പനുമായി—മുൻഅദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള സംഭാഷണം തുടരുന്നതിനുമുമ്പു് ഒരു സംഗതി ഇവിടെ വ്യക്തമാക്കാം. പുറമെ അദ്ദേഹം സന്തുഷ്ടി പ്രദർശിപ്പിച്ചെങ്കിലും മണിയാകരൻെറ ഹൃദയം തകൎന്നും മനസ്സു് വെന്തുരുകിയും കഴിഞ്ഞിരുന്നെന്നു് വായനക്കാർ മനസ്സിലാക്കണം. സേലമ്മക്കു കമ്പി അടിച്ചതു ലോനപ്പനാണെന്നു അദ്ദേഹം സംശയിക്കുന്നെന്നു വരുമൊ?

ലോന:—എന്തു് സേലമ്മയൊ? ചെല്ലമ്മയും സേലമ്മയും ആത്മമിത്രങ്ങളാണു്. മണിയാകരനു് സേലമ്മയെ പരിചയമുണ്ടോ-അന്നു് മേളവിലാസവും പരിസരങ്ങളും പൂർണ്ണനിദ്രയിൽ ലയിച്ചിരുന്നു. പ്രശാന്തമായ ഒരു രാത്രി.

മണി:—ബ്രൂട്ടസിനാൽ കൊല്ലപ്പെട്ട ജൂലിയസ് സീസർ മരണത്തിൻപോലും മഹത്വം വരുത്തുന്നതു നാം

കാണുന്നില്ലേ? യൂദായുടെ ചുംബനത്തിൻ് യൂദന്റെ അമ്പിനേക്കാൾ മൂർച്ച ഏറുമെന്നു് എങ്ങനെ ഞാൻ കരുതാതിരിക്കണം?

ലോന:—എന്റെ നാവു ചങ്കിനുള്ളിൽ താന്നടിയുക യാൽ സംസാരിപ്പാൻ വഹിയാ—ഇത്രയും പറഞ്ഞ പ്പോൾ ചെല്ലമ്മ മുറിക്കുള്ളിൽ പ്രവേശിച്ചു, ഇരു ട്ടിയിട്ടും ലോനപ്പനെ കാണാഞ്ഞു താൻ വന്നതാ ണെന്നും, തന്റെ ആത്മമിത്രം സേലമ്മ, മണിയാ കരനെ കാണാൻ വന്നിട്ടുണ്ടെന്നുമുള്ള സന്തോഷ വാത്ത അറിയിച്ചു. താമസംവിനാ ചെല്ലമ്മയും ലോനപ്പനും മണിയാകരനോടു് യാത്രപറഞ്ഞു പിരിഞ്ഞു.

ചെല്ലമ്മയുടെ ക്ഷണപ്രകാരമാണു് സേലമ്മ കോ ട്ടയത്തുവന്നതു്. ലോനപ്പനെ കാണാഞ്ഞു് എന്തൊ അവളുടെ മനസ്സപതറി. മണിയാകരനെ ഒരിക്കൽക്കൂ ടി കണ്ടു് ചില സംഗതികൾ അദ്ദേഹത്തെ അറിയിക്കേ ണ്ടതു് തന്റെ കടമ എന്നു കരുതിയാണു് സേലമ്മ ഇപ്പോൾ വന്നിട്ടുള്ളതു്. ചെല്ലമ്മയുടെ അണലു പററി യാണു് സേലമ്മ മണിയാകരനെ സമീപിക്കുന്നതും. അന്നു് പ്രഭാതവേളയിൽ അവർ തമ്മിൽനടന്ന പ്രഭാ ഷണം നാമും അറിഞ്ഞിരിക്കണം.

സേല:—ഭേതിയുടെ പ്രീയൻ ഇന്നലെ മേളുവിലാസ ത്തു വളരെ താമസിച്ചതു് എന്തുകൊണ്ടു്?

ചെല്ലമ്മ:—മണിയാകരനെ കണ്ടാൽ ഭാൎയ്യയുമില്ല—വീട്ട മില്ല—ലോനപ്പനു്. ഒരു ദിവസം ഒരിക്കലെങ്കിലും അവർ തമ്മിൽ കാണണം. ഇന്നലെ ഇരുവരു

മായി സ്വല്പം ഇടഞ്ഞു: അതുകൊണ്ടുമായിരിക്കാം താമസിച്ചതു്.

സേല:—മി. ലോനപ്പനദ്ദേഹത്തിന്റെ പ്രാണമിത്രമെങ്കിൽ—ചെല്ലമ്മയും അദ്ദേഹത്തിന്റെ മിത്രമല്ലെ?

ചെല്ല:—ലോനപ്പനൊഴിച്ചാൽ—മറെറാരു പുരുഷനെ ഞാൻ അറിയുന്നതു മണിയാകരനെയാണു്. മണിയാകരൻ ഒരു മഹാനാണു്—ദിവ്യനമാണു്. ഇന്നത്തെ ലോകത്തിനു് ഒരു പുതുസമ്പത്താണു്. വ്യക്തിപരമായി പറഞ്ഞാൽ — ഇത്ര കെല്പുള്ള മറെറാരു യുവാവു് ഇന്നു ഭാരതത്തിലില്ല. ലോകത്തില്ല.

സേല:—എനിക്കു മണിയാകരനുമായി ഒരു സ്വൈരസംഭാഷണത്തിനു് അവസരമുണ്ടാക്കണം. ഒരു സംഘടനയെയും അപലപിക്കാതെയും—എന്നാൽ എല്ലാ ജാതീയസംഘടനകളെയും അപലപിച്ചും, ഒരു നേതാവിനെയും പഴിക്കാതെയും—എന്നാൽ സകല നേതാക്കളെയും പഴിച്ചും, ജാതീയക്കോട്ട തകർത്തു് ഭാരതസ്വാതന്ത്ര്യത്തിനു് അഭികാമ്യമായ മാർഗ്ഗം തന്റേടപൂർവ്വം ചൂണ്ടിക്കാണിച്ചുകൊണ്ടു്—രാഷ്ട്രീയരംഗത്തേക്കുള്ള അദ്ദേഹത്തിന്റെ ആഗമനം— ആരുടെ കണ്ണുകളെ തുറപ്പിക്കയില്ല? ഇത്ര അഭിപ്രായധാർഢ്യമുള്ള ഒരു ധീരനെ നേരിട്ടുകണ്ടു സംസാരിപ്പാനാണു ഞാൻ ഇപ്പോൾ വന്നിട്ടുള്ളതു്.

ചെല്ല:—സേലമ്മ മണിയാകരനെ കണ്ടിട്ടുണ്ടോ?

സേല:—മി. ലോനപ്പൻ മദ്രാസിൽനിന്നും എനിക്കു് ഒരു കമ്പി അടിച്ചിരുന്നൊ? അപ്പോഴേക്കും ലോനപ്പനും വന്നുചേർന്നു.

ലോന:—ഞാൻ കമ്പി അടിച്ചില്ലെന്നു മാത്രമല്ല ഓഫീസിൽ പോയിട്ടുതന്നെ വളരെ നാളായി.

സേല:—മണിയാകരനെന്നൊരാൾ എറണാകുളത്തെ നിസ്സഹകരണയോഗത്തിൻെറ അദ്ധ്യക്ഷവേദിയിൽ നിന്നു പ്രസംഗിച്ചതായി ഞാനും പറഞ്ഞുകേട്ടിട്ടുണ്ടു്. പ്രസംഗാനന്തരം എറണാകുളം ബോട്ടുജെട്ടിയിൽവച്ചു് എനിക്കു നേരിട്ട അത്യാപത്തിൽ എന്നെ രക്ഷിച്ചിട്ടുള്ളതും മണിയാകരനെന്നൊരാളാണു്. നിങ്ങൾ പറയുന്ന മണിയാകരൻ അദ്ദേഹം തന്നെയോ എന്നു ഞങ്ങൾതമ്മിൽ കാണാതെ എങ്ങനെ പറയാൻ കഴിയും?

ലോന:—ഇന്നലെ അദ്ദേഹം സേലമ്മയുടെ നാമം അദ്ദേഹത്തിൻെറ തൊണ്ടയിലെ സംഗീതരസം മുഴുവൻ ചൊരിഞ്ഞുകൊണ്ടു് ഉരുവിടുന്നതു ഞാൻ കേട്ടു. സേലമ്മയെപ്പററി അദ്ദേഹത്തോടു് സംസാരിക്കുന്നതിനു് എനിക്കു് അവസരം ലഭിച്ചിരുന്നില്ല, കഷ്ടം! ഭവതികാരണം ഞങ്ങൾ തമ്മിൽ തെററിദ്ധാരണയ്ക്കു് ഇടയായി. സേലമ്മയും മണിയാകരനും തമ്മിലുള്ള ദാമ്പത്യജീവിതത്തിൻെറ പൊരുത്തമോർത്തു് ചെല്ലമ്മയും ലോനപ്പനും വളരെ സന്തുഷ്ടരായി. ഇത്രയുമായപ്പോൾ മണിയാകരൻ കതകുതട്ടി സാനുവാദം മുറിക്കുള്ളിൽ വന്നുചേർന്നു. മണിയാകരനെക്കണ്ടു് സേലമ്മ ലജ്ജിച്ചു് ചെല്ലമ്മയുടെപിറകിൽ മറഞ്ഞു. കാമിനീകാമുകന്മാരുടെ സ്വൈരസംഭാഷണത്തിനു സ്വാഗതമരുളി ചെല്ലമ്മയും ലോനപ്പനും അപ്രത്യക്ഷരായി. മണിയാകരനോടു് ഉപചാരവാക്കുകൾ പറയുന്ന

തിന്റ് സേലമ്മയെം, സേലമ്മയുടെ ചക്രവാള ത്തിൽ വീണ്ടുമിങ്ങനെ പൊട്ടുന്നവെ പ്രത്യക്ഷനായി അവളുടെ സൗന്ദര്യപ്രവാഹത്തിൽ മതിമറന്നുകഴിയുന്ന മണിയാകരകനെം ത്രാണിയില്ലാത്തവരായി അമ്പരന്നവർ നിന്നുപോയി. ഒടുവിൽ മണിയാകരൻ സംസാരമാരംഭിച്ചു.

മണി:—സേലമ്മ വളരെ ക്ഷീണിച്ചിട്ടുണ്ട്. കാരണം? കണ്ടാൽ ആളുകൂടി അറിയാൻ പാടില്ലാത്തതരത്തിൽ—ഒററനോട്ടത്തിൽ.

സേല:—നാംതോറും തഴച്ചുവളരാൻ ദൈവമിവൾക്ക് അനുവദിച്ചിട്ടില്ല. എനിക്ക് പരിചയമുള്ള മണിയാകരനെ ഇതെന്നും ഞാൻ സംശയിക്കുന്നു— ഇപ്പോൾ എന്റെ മുൻപിൽ നിൽക്കുന്ന ഈ ക്ഷണത്തിലും—അത്രയ്ക്കു വ്യത്യാസം ഞാൻ കാണുന്നുണ്ട്.

മണി:—ലോകപരിചയം വർദ്ധിക്കുമ്പോൾ ചിന്താശീലന്മാർക്ക് തൂക്കം കുറയുക സാധാരണമാണ്. സദാ വെന്തുനീറുന്ന മനസ്സ് സുഖഭക്ഷണംമൂലം തടിക്കുമെന്ന് എനിക്കില്ല വിശ്വാസം. ജീവിക്കുന്നതിനു മാത്രം വല്ലതും കഴിക്കുമെന്നല്ലാതെ-തിന്നാൻമാത്രം ജീവിക്കുന്നവനല്ല ഞാൻ.

സേല:—എന്തിത്ര ക്ലേശം? എന്നെ നോക്കി പാർത്തിരുന്നതെന്നുവരുമൊ?

മണി:—എന്റെ ക്ലേശത്തിൽ പങ്കുകൊള്ളാൻ തയ്യാറുള്ള പക്ഷം—എന്റെ ക്ലേശത്തിനു കാരണം ഭവതിയെ നോക്കിപ്പാർത്തിരുന്നതുതന്നെ.

സേല:—താമസിച്ചെങ്കിലും ഇപ്പോൾ നാം തമ്മിൽ കണ്ടുമുട്ടാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കാം.

മണി:—ആദ്യമായി കണ്ട ക്ഷണം ദൃഷ്ടിയിൽനിന്നും ചരിത്രം മുഴുവൻ ഗ്രഹിച്ച ഞാൻ അല്ലെ വാക്ക തന്നിട്ടുള്ളതും.

സേല:—ഒററനോട്ടത്താൽ എൻെറ ചരിത്രം മുഴുവൻ ഗ്രഹിച്ചെങ്കിൽ—എന്നു പറഞ്ഞു നെടുവീർപ്പുകൾ വിട്ടു.

മണി:—ഭവതിക്കെന്തിത്ര വ്യസനം? തീയ്ത്തേരിലുള്ള എൻെറ ജീവിതത്തിൽ-ലോകവുമായി എന്നെ ഘടിപ്പിച്ചിട്ടുള്ള ഒരു വ്യക്തി എൻെറ സേലമ്മമാത്രമാണെന്നു് എനിക്കറിയാം.

സേല:—ഇന്നലെ ലോനപ്പൻമായി മുഷിഞ്ഞതെന്തിനു്?

മണി:—എനിക്കു് ലോനപ്പനോടു് ഒരു നീരസവുമില്ല. എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ അദ്ദേഹത്തോടു് സ്നേഹക്കുറവുണ്ടെന്നു് ആരും കരുതേണ്ടാ,

സേല:—ലോനപ്പൻ ഒരു ഉത്തമമിത്രമാണു്.

മണി:—എങ്ങനെ മനസ്സിലായി?

സേല:—ചെല്ലമ്മയുടെ പ്രാണപ്രിയനാകയാൽ.

മണി;—സന്തോഷം.

സേല:—എൻെറ അച്ഛൻ ലസ്‌ലി ജോൺസിനെ സംബന്ധിച്ചു് ഇംഗ്ലണ്ടിൽവച്ച വല്ല സംസാരവും കേട്ടിട്ടുണ്ടോ?

മണി:—ഒരു വിവരവും അറിഞ്ഞുകൂടാ.

സേല:—ഇക്കാര്യത്തിൽ നേരിട്ട് ഇടപെട്ട കക്ഷിടപാർട്ടുകൾ നടത്തണം.

മണി:—അച്ഛനെപ്പററി വിശദവിവരങ്ങൾ അറിഞ്ഞേ നാം തമ്മിലുള്ള വിവാഹം നടക്കൂ?

സേല:—വിവാഹകാര്യം പറഞ്ഞപ്പോഴാണ് ഒരു സംഗതി ഓർമ്മവന്നതു്. എൻെറ അമ്മ മൂത്തച്ഛനെ ആരാഞ്ഞു വേലന്തറപ്പോയിരുന്നെന്നും, മക്കായി എന്നൊരു വിടൻ അമ്മയെ ഒരു ഇരുട്ടറയിൽ പിടിച്ചടച്ചെന്നും, ഒരു ദൈവദൂതൻ — മനുഷ്യരൂപത്തിൽ പ്രത്യക്ഷനായി എൻെറ അമ്മയെ രക്ഷിച്ചെന്നും — അദ്ദേഹത്തെ മാത്രമേ ഞാൻ വേളിചെയ്യാവൂ എന്നും അമ്മ എന്നെ സദാ അലട്ടിത്തുടങ്ങിയിരിക്കുന്നു, അമ്മ പറയുന്ന ഈ ദൈവദൂതൻ അവിടങ്ങളിലുള്ള യുവാക്കന്മാരിലാരെന്ന് അന്വേഷിച്ചു വിവരം എന്നെ ധരിപ്പിക്കണമെന്നും എനിക്ക് അങ്ങയോട്ട് ഒരഭ്യർത്ഥനയുണ്ട്. ഞാൻ അത്രമാത്രം കടപ്പെട്ടവളാണ് ആ യുവാവിനോട്—എൻെറ അമ്മയെ രക്ഷിച്ചവനാകയാൽ.

മണി:—പ്രസ്തുതയുവാവിനെ കാണാതെതന്നെ സേലമ്മ അയാളിൽ അനുരക്തയെന്നും തോന്നുന്നല്ലോ. സേലമ്മയ്ക്കു യോഗ്യനെന്നു തോന്നുന്ന ഏതു പുരുഷനേയും സ്വയംവരിച്ചുകൊള്ളണം, നാം തമ്മിലുള്ള വാഗ്ദത്തങ്ങളൊന്നും അത്രകാര്യമാക്കരുതേ ണ്ടാ. ഹൃദയത്തിൻെറ ചാച്ചിൽ എങ്ങോട്ടെന്നറിഞ്ഞ് ഹൃദയം ആഗ്രഹിക്കുന്ന ആളെ വിവാഹം

ചെയ്യുങ്കിലെ വിവാഹമാകൂ. എന്നെ ചിന്തിച്ച് മനസ്സ് വഷളാക്കാതെ ഇഷ്ടമുള്ള ആളെ ഭർത്താവായി സ്വീകരിച്ച് ഭവതിയുടെ ഏകാന്തജീവിതത്തിൽനിന്നും മുക്തിപ്രാപിപ്പാൻ ഞാനും സദാ പ്രാർത്ഥിക്കുന്നുണ്ട്.

സേല:—അങ്ങു പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. എന്റെ സ്ഥിരപ്രണയത്തിന് ചാഞ്ചല്യം വരുത്താൻ ശ്രമിക്കേണ്ടാ.

മണി:—വക്രത ഞാൻ വെറുക്കുന്നു. ആർജ്ജവബുദ്ധിയുള്ള സ്ത്രീകളാണു ലോകസംരക്ഷണത്തിനു മാതാക്കളെന്നു ഞാൻ കരുതുന്നതു്. വിഷമഘട്ടങ്ങളിൽ സമ്പക്കപ്പെട്ട് വിഷമങ്ങളെ ലഘൂകരിക്കുന്നതിനു പകരം—സകലതും ഉള്ളിലൊതുക്കി തങ്ങൾക്കും കാമുകന്മാർക്കും അത്യാപത്തുകൾ വരുത്തിക്കൂട്ടുന്ന യുവതികൾ ഒന്നുരണ്ടല്ല ഇന്നു ഭാരതത്തിൽ.

സേല:—സത്യാവസ്ഥയും ആദർശവുമായുള്ള പൊരുത്തം നോക്കാതെ, ഇന്ന് നടക്കുന്ന തത്വാപരമായ വിദ്യാഭ്യാസമാണ് ഇതിനു കാരണം. ഇന്നത്തെ വിദ്യാഭ്യാസം കാപട്യം നിറഞ്ഞതാണ്. നന്മ ചെയ്യണമെന്നു പറയുന്ന നാവ് പ്രവർത്തിക്കുന്നതു തിന്മയാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള അകല്ച്ചമാത്രമാണ് ഇന്നു ലോകത്തു കാണുന്ന സകല ദുരിതങ്ങൾക്കും കാരണം. കക്കരുതെന്നു പറയുന്നവൻ വെളുക്കുന്നിടംവരെ മോഷണം നടത്തി പ്രഭാതത്തിൽ വീണ്ടും മോഷണ

ത്തിനെതിരായി പ്രസംഗം തുടങ്ങും. ഇതാണു് ഇന്നത്തെ ലോകം. പഠിച്ചാൽ ശരിക്കവെ പ്രവർത്തനത്തിൽ വരുത്താൻ കെല്പില്ലാത്ത യുവതീയുവാക്കളുടെ ചെഞ്ചലതയാണു് കടിലത ഇത്രമാത്രം ലോകത്തിൽ വളൎന്നു് നടമാടുവാൻ കാരണം.

മണി;—ഇന്നത്തെ വിദ്യാഭ്യാസരീതികൾ പാടെ മാററണം. ശുഷ്കങ്ങളായ തത്വങ്ങൾ ഉപദേശിച്ചതു മതി. പ്രവർത്തനലോകത്തു വളരാത്ത കടുത്ത ആശയങ്ങളിൽ പൊതിഞ്ഞിറങ്ങുന്ന ഇന്നത്തെ സംസ്കാരം—വിഷം തുളുമ്പുന്ന കലവറകളാണു്. കവികൾ കവനദ്വാരാ മനോഹരങ്ങളായ മാളികകൾ പണിയുന്നതു വാസ്തവം. ജീവിതമത്സരത്തിൽ കാലെടുത്തുവയ്ക്കുന്ന യുവതീയുവാക്കൾ കവനകോലാഹലങ്ങളിൽ കുടുങ്ങി യഥാർത്ഥലോകത്തെപ്പററിയാതൊരു ബോധവുമില്ലാതെ—തനിക്കും രാജ്യത്തിനും ഹാനികരമായി പ്രവർത്തിക്കുന്നതും തങ്ങൾക്കു നേരിടുന്ന നിരാശകളുടെ തണലിൽ അഭയം തേടുന്നതും, തത്വപരമായ—യാഥാർത്ഥ്യങ്ങളെ മറച്ചു ഇന്നത്തെ വിദ്യാഭ്യാസരീതിമൂലമാണു്. വിദ്യാഭ്യാസാനന്തരം സർവ്വകലാശാലകൾവിട്ടിറങ്ങുന്നയുവതീയുവാക്കൾ അസംതൃപ്തരായികാണാൻകാരണവും ഇതുതന്നെ. അതുകൊണ്ടുയാഥാർത്ഥ്യങ്ങളെവിശദീകരിപ്പാൻമാത്രമെ ആദർശങ്ങൾക്കുവിലയുള്ളൂ. ജീവിതത്തിൽ അവിടവിടെ കണ്ടുമുട്ടാംവുന്നപല നിസ്സാരസംഗതികളാണു് ജീവിതമത്സരത്തിൽ സമ്പൂർണ്ണത വളൎത്തുന്നതെന്നും, എന്നാൽ സമ്പൂർണ്ണത ഒരു

നിസ്സാരകാര്യമല്ലെന്നും തലച്ചോറുള്ള നാം മനസ്സിലാക്കണം.

സേല;—ഇന്നത്തെ വിദ്യാഭ്യാസം വിളമ്പുന്ന ആദർശങ്ങളിൽ കുടുങ്ങി കഴയറാത്ത എത്ര എത്ര യുവതീയുവാക്കളെ നാം കണ്ടു. യഥാർത്ഥ്യം മറച്ചും—കാപട്യം നിറഞ്ഞതുമായ—സാഹിത്യപാരായണമല്ലേ ഇതിനുള്ള ഹേതു. യഥാർത്ഥജീവിതം മുൻനിറുത്തി സാഹിത്യശ്രമങ്ങൾ നടത്തി ലോകത്തിൽ (Realism in literature) സംസിദ്ധമാക്കാൻ കവികൾ മടിക്കരുത്.

മണി:—രാഗികളവരെന്നറിഞ്ഞാൽ അകലെ നിന്നു് അവരെ ഞാൻ ദർശിച്ചാനന്ദിക്കും. അതേസമയം നിരാശിതരെന്നു് സ്വയം മുദ്ര അടിച്ചു നടക്കുന്ന യുവതീയുവാക്കളിലധികമാരും എന്റെ അഭിനന്ദനത്തിനു് അർഹരുമല്ല. ഇക്കൂട്ടർ നിരാശിതരാകാതെ വിസ്തൃതമായ ലോകത്തിലേക്കു് എത്തിനോക്കി—ദൈവം തങ്ങൾക്ക ഒരുക്കിയിട്ടുള്ള യുവതീയുവാക്കളോടുചേർന്നു് ദാമ്പത്യജീവിതം തുടരണമെന്നാണു് എന്റെ ശക്തിയായ അഭിപ്രായം. അല്ലാതെ അനുരാഗത്തിൽ വാടിവലഞ്ഞു് നിരാശയിൽ കുളിച്ചു് ദുർന്നടത്തയ്ക്കും ദുർമ്മരണത്തിനും ഇനിഞ്ഞിറങ്ങുന്നവർ അതൊന്നും കൂടാതെ ഇക്ഷത്തിൽ വളരേണ്ടവരാണു് എന്നു ചുഴിഞ്ഞാലോചിച്ചു് ഞാൻ തീർച്ചയാക്കി. അനുരാഗത്തിൽക്കുടുങ്ങി ദുർമ്മരണംമരിക്കുന്ന യുവതീയുവാക്കളെ എത്ര ഭത്സിച്ചാലും അധികമായി എന്നു് ഞാൻ കരുതുന്നില്ല.

അന്ന രാഗം വളരേണ്ടതു് ഇഹത്തിലെ മണ്ണിലാണു്. ഒരു സ്ത്രീ അല്ലെങ്കിൽ ഒരു പുരുഷൻ ഉപേക്ഷിച്ചാൽ—മറെറാരു സ്ത്രീ അല്ലെങ്കിൽ മറെറാരു പുരുഷൻ ദൈവം താൻ നമുക്കു തരും. ഇതിൽ നാം ചാകേണ്ടതല്ല. കരയേണ്ടതുണ്ടെങ്കിലും.

സേല:—നാം തമ്മിലുള്ള അഭിപ്രായ ഐക്യം ദൈവവരമാണു്. ജന്മനാ അങ്ങു് ഒരു വരൻ—ഞാൻ ഒരു വധുവും.

---

അദ്ധ്യായം ൨൦

# വേലന്താറ.

---

മാന്നാനത്തുനിന്നു നോക്കുന്നവക്കു് ചാത്തന്തുപ്പാറക്കൂട്ടം ദൃശ്യമാകും. ചാത്തന്തുരം അമ്മഞ്ചേരിപോലെ ഒരു വനമായിക്കിടന്നിരുന്നു. ചെമ്പകരാജകല്പനപ്രകാരം ഈ വനം വെട്ടിത്തെളിച്ചു കൃഷിചെയ്തു. വയലുകളും തോട്ടങ്ങളും ഫലഭൂയിഷ്ഠമാണു്. അയൽപ്രദേശങ്ങളെ തന്നിലേക്കു് ആകർഷിച്ചുകൊണ്ടു—ചാത്തന്തുപ്പാറ—ചുററുപാടുകാക്കെല്ലാം നാഥനെന്ന ഭാവത്തിൽ കൽമദം ചൊരിഞ്ഞുകൊണ്ടു് നിൽക്കുന്നു. പാണ്ഡവന്മാർ അഞ്ചുപേരും ശത്രുക്കളെ ഭയന്നു് ചാത്തന്തുർ കുടിയേറിപ്പാത്തിരുന്നെന്നും, അവർ ഉപയോഗിച്ച വീട്ടുസാമാനങ്ങൾ കല്ലായിപ്പോകട്ടെ എന്നു ശപിച്ചവർ

ഒടുവിൽ സ്ഥലം വിട്ടെന്നും ഒരു ഐതിഹ്യമുണ്ടു്. ക-
ണ്ണുണ്ണി ചൊവ്വരവിട്ടു ചില മെല്ലാളികളുടെ സഹായത്താ-
ൽ വേലന്തറ വസ്തുക്കൾ വിലക്കു വാങ്ങി താമസമായി
കണ്ണുണ്ണിനായരായിരുന്നു. ഒടുവിൽ ക്രിസ്ത്യാനിയായി.
കുടമാളൂർവന്നു് കുറേനാൾകഴിഞ്ഞു ഭാര്യ മരിച്ചു. സന്താ-
നമായി കഥയിൽ കാണുന്ന മാത്തുണ്ണിമാത്രം. രണ്ടാംവി-
വാഹം ശവദഹനമാണെന്നുതോന്നിത്തുടങ്ങിയ കണ്ണുണ്ണി
പ്രണയാദർശങ്ങളെല്ലാം മറന്നു വീണ്ടും വിവാഹത്തിലേ-
ർപ്പെട്ടു. ഇതിൽ ജനിച്ച ഏകസന്താനമാണു് വേലന്തറ
വക്കപ്പൻ. വക്കപ്പൻജനിച്ചു ആറുമാസംകഴിഞ്ഞപ്പോൾ
കണ്ണുണ്ണിയുടെ രണ്ടാമത്തെ ഭാര്യയും മരിച്ചു. വക്കപ്പൻ
കണ്ണുണ്ണിയുടെ കണ്ണിലുണ്ണിയായി വളർന്നുവന്നു. ഇല്ലം
കുത്തിവാരിനശിപ്പിച്ചതുകൊണ്ടാണു് അടിക്കടി തനിക്കു
ഈ വിപത്തുകൾ നേരിടുന്നതെന്നു ശരിക്കുമനസ്സിലാക്കി-
യ കണ്ണുണ്ണി ഉള്ളു കരഞ്ഞിരുന്നെങ്കിലും ഇതു പുറത്താരേ-
യും അറിയിച്ചിരുന്നില്ല. മാത്തുണ്ണി കുടുംബഭരണം സാമ-
ർത്ഥ്യത്തോടുകൂടി നടത്തിപ്പോന്നു. വക്കപ്പൻ സോല്ലാ-
സം ജീവിതമാരംഭിച്ചു. തന്റെ ഓമനപ്പുത്രന്റെ ചൊ-
ടിപ്പും പ്രസരിപ്പും കണ്ണുണ്ണിയെ ക്രമാതീതമായി ആന-
ന്ദിപ്പിച്ചു. വക്കപ്പനെ വളർത്തി എടുപ്പാൻ കണ്ണുണ്ണി
വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. അക്രമികളെ
ദുഃഖാരിഷ്ടതകളാൽ ദൈവം നന്നാക്കും. കണ്ണുണ്ണി മരി-
ച്ചിട്ടു കൊല്ലങ്ങളിപ്പോൾ പലതുകഴിഞ്ഞു. ഇതിനുള്ളിൽ
മി. വക്കപ്പൻ ബി.എ. ബി.എൽ. പാസ്സാകയാൽ അദ്ദേ-
ഹത്തെ ആദ്യം ഒന്നാംക്ലാസ് മജിസ്ട്രേട്ടായും പിന്നീടു്
കോട്ടയം പേഷ്ക്കാരായും നിയമിച്ചു. മാത്തുണ്ണിയുടെ
സംരക്ഷണയിൽ വാടിവരണ്ടു വളർന്ന വക്കപ്പൻ ഉദ്യോ-

ഗത്തിൽ പ്രവേശിച്ചതോടുകൂടി വക്കപ്പനോട് അയാൾ പുറമേ കൂട്ടതലായി മൈത്രി പ്രദർശിപ്പിച്ചു. ഉള്ളേ വൈരാഗ്യം വർദ്ധിക്കയും ചെയ്തു. മാനമ്മാൾ എന്നൊരു പാർസി സ്ത്രീയുമായി അനുരാഗത്തിലേർപ്പെട്ടു. വക്കപ്പൻ—അവളെ വേളിചെയ്തു. ഇതിൽ ജനിച്ച ഏകസന്താനമാണ് കഥയിൽ കാണുന്ന ചെല്ലമ്മ. മി. വക്കപ്പൻ പേഷ്ക്കാരായതോടെ മാത്തുണ്ണി പരിഭ്രമിച്ചിളകി. സപത്നൂ പകതിപോകുമല്ലോ എന്നോർത്ത്. നല്ല ഉദരം വിഷസർപ്പത്തെ പ്രസവിച്ചതിന്—മാത്തുണ്ണി ഉദാഹരണമാണു.

മാത്തുണ്ണിക്ക് വേലന്തറ വസ്തു മുഴവൻ കരസ്ഥമാക്കണമെന്ന ദുരാഗ്രഹം ദിവസേന വളർന്നിരുന്നതിനാൽ മി. വക്കപ്പനെ ചതിപ്രയോഗത്തിൽ കൊല്ലണമെന്ന് ആ ദുഷ്ടൻ തീർച്ചയാക്കി. ഇതു് ഉടൻതന്നെ പ്രയോഗത്തിൽ വരുത്തണമെന്നും നിശ്ചയിച്ചു. ഓരോ ദിവസവും മി.വക്കപ്പന്റെ സ്വാധീനശക്തി ഡിപ്പാർട്ടുമെന്റിൽ അകത്തും പുറത്തും വളർന്നു വർദ്ധിക്കുന്നതു കണ്ടു് മാത്തുണ്ണി പകമൂലം വെന്തെരിഞ്ഞു. സ്വജനപ്രിയനായിരുന്ന മി. വക്കപ്പനും സഹോദരനും തമ്മിൽ സംഭാഷണമാണു്.

മാത്തുണ്ണി:—വക്കപ്പാ, അമ്മഞ്ചേരിയും ചാത്തനൂരും നമുക്ക നമ്മുടെ പേരിൽ പതിപ്പിക്കണം.

വക്ക;—ജ്യേഷ്ഠനവ പതിച്ചുകിട്ടണമെന്നുള്ള പക്ഷം സർക്കാരിലേക്ക് അപേക്ഷിക്കണം. ഞാൻ പേഷ്ക്കാരായതു്, ഭൂമിമുഴുവൻ ജ്യേഷ്ഠനു പതിച്ചുതരാനല്ല.

മാത്തു— നിനക്കു പങ്കുവേണ്ടെങ്കിലും നീ കൂടി എൻെറ കൂടെ വന്നു് സ്ഥലം കാണണം. ഇന്നത്തെ വിശ്രമം ചാത്തന്നൂരും അമ്മഞ്ചേരിയിലുമാകാം.

വക്ക— അതിനെന്താ—വരാം, ഇന്നുതന്നെ,

മാത്തു— എന്നാൽ ഞാൻ പോയി ഒന്നാശ്വസിക്കാം. കാപ്പി കഴിഞ്ഞു നമുക്കു പോകണം — മാത്തുണ്ണി തൻെറ ഉററദാസന്മാരെ വിളിച്ചുവരുത്തി അവർക്കു വേണ്ട സമ്മാനങ്ങളും കൊടുത്തു, രഹസ്യമായ ചില നിർദ്ദേശങ്ങൾ നൽകി അവരെ അമ്മഞ്ചേരി വനത്തിലേക്കു് അയച്ചിരുന്നു. മണി നാലടിച്ചു. വക്കപ്പനും മാത്തുണ്ണിയും കാറിൽ കയറി അമ്മഞ്ചേരിയ്ക്കുപോയി കാടു ചുററുകയാണു്. ഒടുവിൽ അവർ അമ്മഞ്ചേരി ഗുഹയ്ക്കുള്ളിലെ ഭയാനകമായ ഒരു പള്ളയോടടുത്തു. മാത്തുണ്ണിയുടെ ദ്രോഹപ്രവൃത്തികളൊന്നും അറിയാഞ്ഞ വക്കപ്പൻ തൻെറ ജ്യേഷ്ഠനെ അനുഗമിച്ചു. പൊടുന്നനവെ മാത്തുണ്ണി ഒളിച്ചു—ജ്യേഷ്ഠനെക്കാണാഞ്ഞു വക്കപ്പൻ വിളിതുടങ്ങി. വിളികേട്ടു് നാലഞ്ചു യമകിങ്കരന്മാർ കത്തിയും കോടാലിയുമായി തൻെറ നേർക്കു് എടുത്തുചാടി തന്നെവധിപ്പാനായി വിറഞ്ഞടുത്തു. തനിക്കു് നേരിട്ട ആപത്തിൻെറ പ്രകൃതം കുറിക്കു മനസ്സിലാക്കിയ വക്കപ്പൻ പൊടുന്നനവെ റിവോൾവർ എടുത്തു നിറയൊഴിച്ചു. രണ്ടുയമകിങ്കരന്മാർ ചത്തുവീണു. മററുള്ളവർ ജീവരക്ഷാർത്ഥം ഓടിമറഞ്ഞതും മററും ഞൊടിക്കുള്ളിൽ നടന്ന സംഭവങ്ങളാണു്. ഭീതഗതിയിൽ കാടും പള്ളയും ചവിട്ടിതള്ളി വക്കപ്പൻ—തിരിച്ചു കാറിൽ കയറി കോട്ടയ

ത്തിന് ചീറിപ്പറഞ്ഞു; അടുത്തദിവസം മുതൽ ആറുമാസത്തെ അവകാശവും ഫർലോയും അവധിയിൽ പ്രവേശിച്ച് വിശ്രമമാരംഭിച്ചു. ഒരാഴ്ചകളിൽ മാനമ്മാളിനോടും പുത്രിയോടും യാത്രപറഞ്ഞു് അവരെ ബോംബെയിൽ താമസിപ്പിച്ചു ശേഷം, വിദേശയാത്രയ്ക്കു് ബോംബെയിൽനിന്നും കപ്പൽ കയറി. അദ്ദേഹം ഇംഗ്ലണ്ടു്, ഫ്രാൻസ്, ഇററലി, ജമ്മനി, ബെൽജിയം, ആസ്റ്റ്രിയാ-എന്നു വേണ്ട മിക്ക യൂറോപ്യൻ രാജ്യങ്ങളും അമ്മേരിക്കയും ചുററിക്കണ്ടശേഷം തിരിച്ചു ഇംഗ്ലണ്ടിലെത്തി. മണിയാകരന്മരായി കൂടുതൽ സമ്പർക്കത്തിൽ കഴിഞ്ഞുവന്നു. താൻ ജീവിച്ചിരിക്കുന്ന വാസ്തവം ചെല്ലമ്മ കൂടി അറിഞ്ഞിരുന്നില്ല. അവധിയിൽ പ്രവേശിച്ച വക്കപ്പൻ പേഷ്ക്കാരപ്പുററി യാതൊരു തുമ്പുമില്ലെന്നു് സാധാരണ ജനങ്ങൾ പറഞ്ഞിരുന്നു. അമ്മഞ്ചേരി വനത്തിൽവച്ച് ചത്തവരുടെകൂടെ വക്കപ്പനുമുണ്ടെന്ന ധാരണയാണു ജനങ്ങൾക്കു്. ചത്ത രണ്ടുപേരെയും ഒരു വീഞ്ഞപ്പെട്ടിയിലടച്ച് സീലുവച്ചു മറവുചെയ്തു. മി. വക്കപ്പന്റെ സ്വാധീനശക്തിമൂലം മരിച്ചവരാരെല്ലാമെന്നും മററുമുള്ള ഒരു വിവരവും ഒരുത്തരും ധരിച്ചിരുന്നില്ല. അതിൽ പിന്നീടു വക്കപ്പനെ കാണുകയൊ കൂടുതൽ അന്വേഷണം നടത്തുകയൊ മത്തുണ്ണി ചെയ്തില്ല- സോദരൻ ചത്തിരിക്കുന്നുമെന്നു തന്നെ മാത്തുണ്ണി കരുതി ആശ്വസിച്ചു. മാസങ്ങൾ പലതു കഴിഞ്ഞിപ്പോൾ — വീണ്ടും ചാത്തന്നൂർ മലയിലേക്കു് നമുക്കൊന്നു് എത്തിനോക്കാം. അവിടെ നടക്കുന്ന സംഭവങ്ങൾ കാണാൻ.

ഇന്നു രാത്രി മണി പത്തടിച്ചു. പാറയുടെ വടക്കുവശത്തു പ്രത്യക്ഷപ്പെട്ട രണ്ടു സഞ്ചാരികളാരാവാം. ഒരാൾ ഒരു സാധുവും ഇതരൻ ഒരു ലാടനുമാണെന്നു് അവരുടെ വസ്ത്രധാരണരീതികളിൽനിന്നും മനസ്സിലാകും. ഇരുവരും ആപത്തിൽ കുടുങ്ങിയിട്ടുള്ളതായും അതിൽനിന്നും രക്ഷനേടുന്നതിനു് ഇരുവരും അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതായും നാം കാണുന്നു. ലാടൻെറ പെരുമാററത്തിൽനിന്നും, അടുത്തുനില്ക്കുന്ന സാധു അദ്ദേഹത്തിൻെറ ഗുരുവെന്നുവേണം ഊഹിപ്പാൻ. യരുശലേം തുളുമ്പുന്ന ലാടനെ നമുക്കു് വീണ്ടും വീണ്ടും നോക്കാം. ഇരുവരും കാഷായവസ്ത്രങ്ങളണിഞ്ഞിട്ടുണ്ടു്. ഗോത്രനിശ്ചയം പ്രയാസം. ഇരുവരും സന്ന്യാസികളാണു്. അവർ തമ്മിൽ എന്തോ രഹസ്യം പറയുന്നുമുണ്ടു്.

---

അദ്ധ്യായം ൨൫

# വയോള

---

വ്യാകുലം നിറഞ്ഞ വയോളാ—പൊടുന്നനവെ അവളിതാ പ്രത്യക്ഷമാകുന്നു, തന്നെ ആശ്വസിപ്പിപ്പാനൊരു മനുഷ്യജീവിപോലും സമീപത്തില്ല. ദീർഘനിശ്വാസങ്ങളാലും നെടുവീർപ്പുകളാലും ആശ്വസിക്കുന്ന ഈ അംഗനാരത്നം ഏതു പാശ്ചാത്യപ്രഭു പുത്രിയാവാം?

ജീവിതസോപാനത്തിൽ ഇനിയും കാലൂന്നിയിട്ടില്ലാത്ത ഈ യോഷാമണി—മട്ടപ്രായംമാത്രംചെന്ന വയോളാ—അഗ്നിപൎവ്വതോപരിഭാഗത്തു വിഹരിക്കുന്നോ എന്നു തോന്നിപ്പോകും—ഇപ്പോൾ അവളെക്കണ്ടാൽ. മുൻപിലുള്ള മേശമേൽ വാമഹസ്തം ഉറപ്പിച്ചു ചിന്താമഗ്നയായി കാണുന്ന വയോളായെക്കണ്ടാൽ ശിലയുമലിയും. ഏകാഗ്രചിത്തയവൾ പെട്ടെന്നിതാ സാഷ്ടാംഗപ്രണാമം ചെയ്യുന്നു — ആരെയൊ ഓൎത്തു. പിന്നീടു് പ്രാൎത്ഥനാരൂപത്തിൽ കഴിയുന്നു. കത്തിജ്വലിക്കുന്ന ഒരു ദേവനാരി കണക്കെയവൾ വീണ്ടും ഇരിപ്പാണു്. അവളിൽകൂടി കത്തിപ്പാഞ്ഞൊഴുകിക്കൊണ്ടിരുന്ന വികാരപരമ്പരകൾ അവൾ തന്റെ കമിതാവിലേക്കു പകരുകയാണു്. ഞൊടിക്കുള്ളിൽ അവൾ ഒരു ദിവ്യവേശ്യയായിപ്പുകന്നു, അവളിൽനിന്നും പ്രണയം കുത്തഴിഞ്ഞു് മടവിട്ടൊഴുകിത്തുടങ്ങി. 'ഓം! ജീവിതമെ' വയോളാ തന്നത്താൻ ഇടറിയസ്വരത്തിൽ പറഞ്ഞുതുടങ്ങി. 'മരണമൌനഗാനം ഒരുവശെ തൂമധു ചിന്നുമാമംഗല്യവാരത്ത എതിർവശെ—ഇന്നതൊരു കമ്പിയും ശൂന്യമല്ലൊ. ആവൂ! അതങ്ങനെ. ഹാ! എന്നെ മറന്നെന്നുവരുമോ ? ജീവിതത്തെ വെറുത്തോട്ടുന്ന എനിക്കു് ജീവിതത്തോടെന്തിത്ര മമത തോന്നാൻ'. വാടിവരണ്ട ചുണ്ടുകൾ, ഹൃദയാലൎച്ചകളെ പ്രോജ്വലിപ്പിക്കുന്ന നോട്ടങ്ങൾ, തുടരെയുള്ള നെടുവീൎപ്പുകൾ—സൌന്ദൎയ്യാവതാരം-ഈ തരുണീമണി തന്റെ നവയൌവനദശയിൽ ഇത്തരമൊരു പരിതസ്ഥിതിയിൽ എത്തിച്ചേരാൻ കാരണമെന്തായിരിക്കണം? തന്റെ ഹൃദയവേദിയിൽ ഗോപാനംചെയ്തു് സദാ താൻ ആരാധിച്ചു് ആനന്ദിക്കുന്ന തന്റെ കാമുകൻ, പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞെന്നു

വരുമൊ? ഒരു പക്ഷെ ജീവാവശേഷനായ സ്വപ്നപുരുഷനെ ഇനിയും അവൾ വിസ്മരിച്ചിട്ടില്ലെന്നു് അദ്ദേഹത്തെ വിളിച്ചുണർത്തിക്കുന്നതാവാം, അവളുടെ ഹൃദയഭിത്തികളെ ഭേദിച്ചുകൊണ്ടു് അവളിൽനിന്നും അപ്പോൾ ഇടവിടാതെ പുറപ്പെട്ടുകൊണ്ടിരുന്ന നെടുവീർപ്പുകൾ. കാമുകൻ കേൾക്കത്തക്ക സ്വരത്തിൽ അവൾ ഏങ്ങിഏങ്ങിക്കരയുന്നതു് അവൾക്കുകൂടി അറിയാതാണു്. ആപത്തിന്റെ വക്കിൽമാത്രം ജീവിക്കുന്ന ഈ മഹിള—കണ്ണീർപൊഴിയാത്ത വ്യാകുലങ്ങളിൽ മുങ്ങിപ്പൊങ്ങിച്ചത്തിട്ടും—ചാകാതെ ജീവിക്കണമെന്ന അവളുടെ ധാർഢ്യം ആരുതന്നെ അഭിനന്ദിക്കയില്ല? സങ്കടം മട്ടോടുകൂടെ മുഴുവൻ കുടിച്ചു ജീവിക്കുന്ന ഈ ധീരയുവതി വിണ്ണിനെപ്പോലും മണ്ണിലേക്കിപ്പോൾ ആകർഷിച്ചവൾ ആകയാൽ—അവൾ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ!

വായനക്കാരുടെമുൻപിൽ അവതരിപ്പിച്ചിട്ടുള്ള വഴയാളാ ഒരു പുതിയ കഥാപാത്രമാണു്. സാധാരണ നോവലുകളിൽ വായിച്ചറിഞ്ഞിട്ടുള്ള കഥാപാത്രങ്ങളിൽനിന്നും തുലോം വ്യത്യസ്തമായി—ഏററിയക്രൂരം ഒററക്കു് കഴിയുന്ന ഒരു യോഗീശ്വരിയാണു് വഴയാളാ. ദൈവ അവളുടെ മുഖകമലത്തിൽ പുഞ്ചിരിത്തത്തിക്കളിക്കുന്നതു കാണാം. സർവ്വാംഗസുന്ദരി നേലമ്മയെപ്പോലും വിജയിക്കത്തക്കവിധം വടിഞ്ഞൊഴുകുന്ന അവളുടെ സൗന്ദര്യം ആരിൽ ഇന്നു് നിപതിച്ചിരിക്കുന്നെന്നു് അവൾക്കുമാത്രം അറിയാം. ഇളങ്കാററിൽ തട്ടിപ്പറക്കുന്ന ചുണ്ണക്കുന്തളം—അശ്രദ്ധയുടെ മകുടോദാഹരണമായ വസ്ത്രധാരണം—എന്നിവകളാൽ ഏവരെയും തന്നിലേക്കു് ആകർഷിക്കുന്ന നോട്ടങ്ങളാൽമാത്രം നമുക്കു ദൃശ്യമാകുന്ന

വയോളയെക്കാണുന്ന അൻക്ഷണം യോഗിയും മോഹം
തുടങ്ങും. തനിക്കു വശമില്ലാത്ത നാടൻവസ്ത്രങ്ങൾ അണി
യുന്നതിൽ അവൾ പ്രദർശിപ്പിച്ച അശ്രദ്ധ—എല്ലായിട
ത്തും കൈയ് എത്തായ്കയാൽ—അവളുടെ സൗന്ദര്യം
പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടു്. വസ്ത്രധാരണ രീതിയിൽ
നിന്നും അവൾ ഒരു ആംഗ്ലേയ യുവതിയാണെന്നു് ഊഹി
ക്കാം; സ്വാതന്ത്ര്യത്തിന്നായി നിലകൊള്ളുന്ന ഇന്ന
ത്തെ ഇൻഡ്യയിൽ, ആംഗ്ലോ ഇൻഡ്യൻജനത കൈ
ക്കൊള്ളേണ്ട നില എന്തായിരിക്കണമെന്നു് അവഗാ
ഢം ചിന്തിക്കുന്ന ചുരുക്കം ചിലരിൽ അദ്വിതീയയാണു
വയോളാ. ഇൻഡ്യയെ യൂറോപ്പുമായും യൂറോപ്പിനെ
ഇൻഡ്യയുമായും സംഘടിപ്പിക്കുന്നതിനു് ഉറപ്പേറിയ
ഒരു പാലമായി തന്റെ സമുദായത്തെ ഒരുക്കണമെന്നാ
ണു് അവളുടെ അഭിപ്രായം. ഒന്നുകിൽ തങ്ങൾ ഇൻ
ഡ്യ വിടണം. അല്ലെങ്കിൽ ഭാരതം ജന്മദേശമായി
സ്വീകരിക്കണം. ഇതാണവളുടെ നില. തങ്ങളുടെ കട
പ്പാടു് ജന്മദേശമായ ഭാരതത്തോടോ ഇംഗ്ലണ്ടിനോടോ
എന്നു് അവസാനമായി തീർച്ചചെയ്യുന്നതിനുള്ള ചുമ
തല തങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇതാ—എന്തോ-
ദുഃഖാധിക്യത്താൽ മതിമറന്നു് ഉടഞ്ഞ കപ്പലിനുള്ളിൽ
ആഴിയുടെ അടിത്തട്ടുപററിയ ഒരു വ്യോമസഞ്ചാരണി
പോലെയാണു വയോളാ, ഇവളെപ്പററി കൂടുതൽ വിവ
രങ്ങൾ നാം ഗ്രഹിച്ചിരിക്കണം. നാം ദുഃഖഭരിതങ്ങളാൽ
വലയുമ്പോൾ മനസ്സ് ഉമ്മിതീയ്പോലെ കത്തിക്കാളി
നമ്മുടെ ഹൃദയം വെന്തുനീറി, നമ്മുടെ വ്യഥകളെപ്പററി
നമുക്കു പരിപൂർണ്ണബോധമുള്ളവാകുമ്പോൾതന്നെ—നാം
അറിയാതെ താനെ നാം നമ്മെപ്പോലുള്ളവരുടെ വ്യഥ
കളിൽ ചെന്നടിഞ്ഞു നിരീക്ഷണബുദ്ധ്യാ ശാന്തി അട

യുക സർവസാധാരണമാണല്ലോ. നാം ഓരോരുത്തരും അനുഭവിക്കുന്ന ക്ലേശങ്ങൾ മാനവവംശത്തിനാകമാനമുള്ള ദുഃഖദുരിതങ്ങളുടെ ഒരു വിഭാഗമാകയാൽ—സങ്കടങ്ങളനുഭവിക്കാത്ത മനുഷ്യൻ ഇഹത്തിലൊട്ടില്ലതാനും: എന്നാൽ വ്യക്തികളെ സംബന്ധിച്ചിടത്തോളം സുഖദുഃഖങ്ങൾ തുല്യമായിരിക്കണമെന്നില്ല. തുല്യമല്ലതാനും. വയോളയുടെ ദുഃഖം എത്ര കഠിനമെങ്കിലും അരിഷ്ടതകളാൽ അവൾ ചുററപ്പെട്ടവളെങ്കിലും, അവളുടെ ഈ പരമാതങ്കം—അവൾ അവളുടെ പരമാനന്ദമായി സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും-ഇതരരുടെ ഇതിലും ഭയങ്കരവ്യഥകളുമായി തുലനംചെയ്ത്—അവൾ സ്വയം ദർശിക്കുന്നപക്ഷം—തെല്ലാശ്വാസം അവൾക്കും സംസിദ്ധമാകാം. സ്വന്ത ക്ലേശങ്ങളിൽ മുങ്ങിപ്പൊങ്ങി നട്ടം കറങ്ങുന്ന വയോള, താനറിയാതെ ചെന്നു പതിക്കുന്നതു് മനുഷ്യരാകമാനം ചെന്നു വീഴുന്ന കണ്ണീർക്കടലിൽ. അതിൽനിന്നും കരകയറാൻ യത്നിക്കുന്ന അവൾ ഹൃദയസമാധാനം ക്രമേണ കണ്ടെത്തും. കദനാബ്ധിയിൽ മുങ്ങിപ്പൊങ്ങി ഒരു വിഗ്രഹം കണക്കെ ഈ അംഗനാരത്നം തനിക്കു് നേരിട്ട ദുരദൃഷ്ടങ്ങൾക്കെല്ലാം കാരണക്കാരി-മൂതേവിയെ തുറിച്ചുനോക്കി പുഞ്ചിരിക്കൊള്ളുന്ന ശ്രീദേവിഎന്നോണം പ്രത്യക്ഷമാകുന്ന വയോളാ-പ്രകൃതിദേവിയുടെ അവതാരമൊ എന്നു തോന്നും പ്രശാന്ത ഗംഭീരമായ അവളുടെ ശാന്തത കാണുമ്പോൾ—സൃഷ്ടിയിൽ ദൈവം തൻെറ പാഠവങ്ങളെല്ലാം ചൊരിഞ്ഞു് പ്രീതിയോടെ മനഞ്ഞെടുത്ത വയോളാ—സദാ സൗന്ദര്യവിലാസം ചൊരിഞ്ഞു ജീവിതം സന്തുഷ്ടമായി കഴിയേണ്ട ഈ കോമളാംഗി—അവളുടെ നവയൗവനം എന്തുകൊണ്ടിപ്രകാരം-ജീവിതമത്സരസീമകൾക്കുള്ളിൽ

നിന്നു മാത്രം അടിച്ചുകൊണ്ടിരിക്കുന്ന വറംതെന്നലിൽ ആടിയുലയുന്നതിനും—തടാകാ സ്വയംവ്രണിക്കപ്പെട്ടുന്നതിനും—മൂതേവിയാൽ ഇങ്ങനെ മർദ്ദിക്കപ്പെടുന്നതിനും ഇടയാക്കി എന്നാക്കറിയാം? മനുഷ്യർ ഭയങ്കരവ്യഥകളിൽ അകപ്പെട്ടുമ്പോൾ പ്രകൃതിയിൽ നാം കാണുന്ന വ്യതിയാനം ചിന്തിക്കയാണുത്തമം. ഈദൃശവേളകളിൽ ഗർഭസ്ഥയായ അഗ്നിപർവതം പൊട്ടിത്തകരുന്നതും മനുഷ്യഹൃദയത്തിന് അജ്ഞാതമല്ല. വയോളയുടെ ഹൃദയം വിസൂവിയസിനേക്കാൾ വെന്തെരിയുന്നു. അത് എപ്പോൾ എവിടെവച്ച് ആരുടെ സാന്നിദ്ധ്യത്തിൽമാത്രം പൊട്ടിത്തകരുമെന്ന് അവൾക്കുകൂടി അറിഞ്ഞുകൂടാ. സങ്കടക്കടലിന്റെ ഒത്തനടുവിൽക്കിടന്ന് ആടിയുലയുന്ന വയോള ആരും കൂട്ടിനുമില്ലാതെ—ഇണചേരാൻ കൊതിക്കുന്നവരിൽനിന്നെല്ലാം അകന്നുമാറി-ആരാലും ആകർഷികയാകാൻ അനുവദിക്കാതെ-എന്നാൽ ലോകത്തെ ഒന്നടങ്കം ഒററനോട്ടത്താൽമാത്രം താൻതന്നിലേക്കാകർഷിച്ചും, വിധിയന്ത്രത്തിരിച്ചിലിൽ-തന്നിൽനിന്ന് തെന്നിമാറി—തെന്നി മാററിച്ചുകന്നു കഴിയുന്ന കാമുകന്റെ ഹൃദയം പാർപ്പിടമാക്കി സദാ വിഹരിക്കുന്ന ഈ ഉത്തമാംഗി, ഒരു നിത്യകന്യകയായി പരിലസിക്കുമെങ്കിൽ-സ്ത്രീകൾക്കവൾ പ്രണയവിഷയത്തിൽ നേടുന്ന നേട്ടങ്ങൾ നിസ്തുല്യമായിരിക്കും. മാത്രമല്ല സ്ത്രീകൾക്കവൾ നേതാവുമാകണം. അത്രമാത്രം അവൾ സഹിച്ചു. അത്രമാത്രം അവൾ സഹിക്കുന്നു. അത്രമാത്രമവൾ സഹിക്കണം.

ഒട്ടുനേരം ഇങ്ങനെ ഇരുന്നിരുന്ന വയോളാ എണീററു മന്ദംമന്ദം നടന്ന് നാപ്പിർപാക്ക് ലക്ഷ്യമാക്കിനേം

ക്കിയ നോട്ടം ഒരു ലാടഭൃഷ്ടികളിൽപ്പതിഞ്ഞു് പെട്ടെന്നൊരു ചട്ടലവീക്ഷണകടാക്ഷമായിപ്പകരുന്നു. സങ്കോചം, സംശയം, അനുകമ്പ, അനുരാഗം എന്നിവകളാൽ അവരം വലഞ്ഞു. മിന്നൽപിണരുകംപോലെ പെട്ടെന്നു് ഞെട്ടി പിൻപോട്ടു മാറി ചാതുകസാലത്തിൽ അവളിതാ മറിഞ്ഞും കഴിഞ്ഞു. ആകൃതി പ്രകൃതികളാൽ ആകർഷിതരായ യുവതീയുവാക്കൾ അനുരക്തരായി ദാമ്പത്യജീവിതമാരംഭിക്കുന്നതു സ്വതന്ത്ര്യർഘമാണു്. എന്നാൽ ഇങ്ങനെയുള്ള അനുരാഗം വിചാരിക്കാത്ത മണിക്കൂറിൽ ഇവരെ പിടികൂടി ദാമ്പത്യത്തിലേക്കവരെ ആകർഷിക്കുന്നപക്ഷം—അത്രത്തോളം ശ്രേയസ്കരമായി മററൊന്നും ലോകത്തു നമുക്കു് ലഭിപ്പാനില്ല. ഗുണവതിയായ ഒരു യുവതിയെ ഭാര്യയായി നേടുന്നതു് ഉത്തമമെങ്കിലും വലിയ ശ്രമങ്ങളൊന്നും കൂടാതെ ദൈവം നമുക്കു് നമ്മുടെ ഇണയെത്തരുന്നപക്ഷം അതിലും കൂടുതൽ ഉത്തമമാണു്.

പഴഞ്ചൻ പ്രണയം പിഴമൂലകൊണ്ടു യുവതീയുവാക്കൾ തന്റേടത്തോടു കൂടി മുന്നോട്ടുവന്നു പ്രായോഗികമാർഗ്ഗങ്ങളെ മുൻനിരത്തി നിത്യ വിഷമങ്ങളിൽ സ്വയം നശിക്കുന്നതിനനുവദിക്കാതെ—അഗ്നിയെ അഗ്നികൊണ്ടു തടഞ്ഞുകററിനിറുത്താൻ —ഒരു മാണിക്കക്കല്ലിന്റെ നഷ്ടം മററൊരു മാണിക്കക്കല്ലിനാൽമാത്രം പരിഹാരം നേടുന്ന ദിവസങ്ങളാണിവ. സംഗതി കൂടുതൽ വിശദമായി പറയാം. പഴഞ്ചൻ ലോകവും പഴഞ്ചൻ ആശയങ്ങളും ഉത്സർഗ്ഗശ്വാസം വലിക്കുന്നു. പുതിയൊരു ലോകവും പുതിയ ആശയങ്ങളും നമ്മെ തുറിച്ചുനോക്കുന്നു. ജീവിതത്തിന്റെ സകല വശങ്ങളിലും എന്തെന്നില്ലാത്ത ഒരു ഉണർവ്വു് നമുക്കു് ഇന്നു ദൃശ്യമാണു്. ഇതുവരെ

ണത്തിൽ പ്രണയംപോലും ഞെട്ടിഞെട്ടങ്ങി നൂതന നിറത്തിൽ വന്നു ജനിച്ച് അഭിനവലോകത്തു് ഒരു തന്റേടമില്ല കൈക്കൊള്ളുന്നതു നാം കാണുന്നുണ്ടു്. സാദ്ധ്യമല്ലാത്ത പ്രണയം കരഗതമാകാൻ പ്രണയിനികൾ കരഞ്ഞുകഴിഞ്ഞ നാളുകൾ ഇങ്ങിനി വരാതവണ്ണം കടന്നുകഴിഞ്ഞു. ഇതല്ലെങ്കിൽ മറെറാന്നു് — ഇവളല്ലെങ്കിൽ മറെറാരുത്തി, ഇവനല്ലെങ്കിൽ മറെറാരുത്തൻ എന്റെ ഹൃദയത്തിനു സ്ഥാനം നൽകി ജീവിതം കഴിയുന്നത്ര സുഖകരമായിക്കഴിക്കണമെന്ന ആകാംക്ഷയോടുകൂടിക്കഴിയുന്ന യുവതീയുവാക്കളെ ഇന്നത്തെ ലോകത്തു നാം കാണുന്നുള്ളു. അനുരാഗംമൂലമുള്ള ഹൃദയാലർച്ചകളെ അമർത്തുന്നതിൽ സ്വയം നാം ഉടയുമെങ്കിലും ഈദൃശവേളകളിൽ തലച്ചോറു് നമ്മെ നിയന്ത്രിച്ചില്ലെങ്കിൽ ദുർമ്മരണത്തിനു നാം തേർതെളിക്കാതിരിക്കുന്നതെങ്ങനെ? വിഷമങ്ങളെ വർദ്ധിപ്പിക്കുന്നതിനല്ല, വിഷമങ്ങളെ ലഘൂകരിക്കുന്നതിനും വൈഷമ്യത്തിൽനിന്നു് വൈഷമ്യങ്ങളിലേക്കു് കടക്കുന്നതിനല്ല വൈഷമ്യത്തിൽനിന്നു് സൗഭാഗ്യത്തിലേക്കു കുതിക്കുന്നതിനും, നാം ചങ്കുറപ്പോടുകൂടി നടക്കണം — അങ്ങനെ ദൈവം നമുക്കു തരുന്ന ഇണയുമായി ജീവിക്കണമെന്നാണു് എല്ലാ പ്രണയിനികളോടും എനിക്കുള്ള അഭ്യർത്ഥനം. നിരാശയിൽനിന്നകന്നു് ഇഹലോകവാസം കഴിച്ചുകൂട്ടുന്നതിനു കൂടുതൽ പ്രായോഗികമായ മറെറാരുമാർഗ്ഗം ഞാൻ കാണുന്നുമില്ല. അഗ്നിയിൽ വെന്തുരുകിയ എന്റെ ഹൃദയം അഗ്നിയിൽനിന്നെടുത്തു ജലത്തിൽമുക്കി ജീവിക്കേണ്ടതു് അവശ്യകമെന്നു് എനിക്കു് അനുഭവമാകയാലും. സ്ത്രീകളുടെ വക്രതകളിൽ കുടുങ്ങി സ്ത്രീനഷ്ടത്താൽ

മാത്രം വിലപിച്ചുകളയേണ്ടതല്ല എന്റെ ജീവിതമെന്നു് പരിപൂർണ്ണബോദ്ധ്യമുളവാകയാലും. സ്ത്രീകളുടെ വക്രതകളെ മുട്ടു് വെണ്ണീറാക്കുന്നതിനും — പ്രണയവൈരികളെ മുട്ടു് ചാമ്പലാക്കാനും പററിയ മാർഗ്ഗമിതാകയാലും, ലോകത്തിൽ — സ്ത്രീഹൃദയം, ആംഗ്ലേയഭരണസമ്പ്രദായം, ഫ്രഞ്ചുയജമാനപ്രീതി എന്നിവ ആരേയും അനുസരപ്പിക്കും. 'മനസ്സിൽ ശക്കര' മധുരിയ്ക്കുയില്ലെന്നു് എല്ലാ യുവതീയുവാക്കളോടും എനിക്കു ചങ്കുതുറന്നു പറയേണ്ടതുണ്ടു്; സ്ത്രീ എന്ന പദത്തിനു വക്രത എന്നർത്ഥമില്ലെന്നു് ഇന്നത്തെ യുവതികൾ ഭാവിയിൽ അവരുടെ ആർജ്ജവപ്രവൃത്തികളാൽ ലോകത്തെ അറിയിക്കുമാറാകണം.

ക്രമേണ വയോള സന്തുഷ്ടയാകുന്നു. അവൾ ലാടനെ കണ്ടശേഷം ചിന്തിച്ചുതുടങ്ങി, 'ഒരു പക്ഷേ വീരസ്വർഗ്ഗം പ്രാപിച്ച അദ്ദേഹത്തെ തേടി കണ്ണുനീർ ചൊരിയുന്ന എനിക്കു് എന്തുകൊണ്ടിന്നു് ഈ പ്രണയക്കുട്ടക്കു് ? അതും..............................' വയോള ശോകാധിക്യത്താൽ തളർന്നിരുന്നു. 'അനുരാഗത്തിന്റെ പ്രേരകശക്തി അഹോ! ഇത്ര ദുർന്നിവാരമൊ അതു്? ഞാനൊ അർദ്ധരാത്രി വേടന്റെ വലയിൽ അകപ്പെട്ട മാൻപേടം. പ്രണയത്തിൽ എന്നെപ്പോലെ വ്യഥ മററാരു് അനുഭവിക്കുന്നുണ്ടു് ഇന്നത്തെ ലോകത്തിൽ? അത്യ്യുൽ ഭയാനകം ദൈവമെ! എന്റെ അനുരാഗം— ഹാ! അദ്ദേഹം തന്നെ ആണെന്നുവരുമോ ആ ലാടൻ — ഇതദ്ദേഹമാണു് ഒരു ലാടനാകാൻ പോകുന്നതു്? ദൈവം തരുന്ന ഏതു പാനീയവും സസന്തോഷം എടുത്തു

ഞാൻ കുടിക്കും. സഹിച്ചു ഞാൻ കഴിയും-ഒരു യുവാവും എന്റെ സവിശേഷശ്രദ്ധയെ പൊട്ടുന്നനവെ ആകഷിച്ചിട്ടുള്ള വാസ്തവം ഞാൻ വിസ്മരിക്കുന്നുമില്ല. എന്നിരിക്കിലും ഇന്നു് ഞാൻ കണ്ട ഈ ലാടൻ എന്നെ ആകർഷിച്ചവിധം മറെറാരു മനുഷ്യനും ജീവിതത്തിലെന്നെ ഇത്രമാത്രം ആകർഷിച്ചിട്ടില്ല. ഇപ്പോൾ എന്റെ ഹൃദയത്തിനുള്ള ഭാരം വഹിക്കുന്നതിനു ദൈവമേ നീ എനിക്കു് ത്രാണിതരണം. സ്നേഹം നിറഞ്ഞ എന്റെ ഹൃദയം എന്നന്നേയ്ക്കുമായി ആ ലാടനിതാ ഞാൻ സമപ്പിച്ചു. സ്നേഹസ്വരൂപനായ ദൈവം എന്നെ അനുഗ്രഹിക്കുമാറാകണം. അദ്ദേഹം തന്നെ ലാടവേഷം അണിഞ്ഞതൊ ആ ലാടൻ എന്നു് എനിക്കിപ്പോൾ തോന്നുന്നു ലാടനദ്ദേഹമായിരുന്നെങ്കിൽ എന്നുള്ള എന്റെ ആശയുടെ വളർച്ച ആവാം അതു്. ദൈവത്തിന്റെ സവിശേഷ അനുഗ്രഹങ്ങൾ ചൊരിഞ്ഞ ഈ ലാടയുവാവിനെപ്പോലെ ഒരു പരമയോഗ്യനെ ഈ പാപി ദർശിച്ചിട്ടില്ല. ഇതിലും യോഗ്യനൊരുവനെ ദർശിക്കണമെന്നു് എനിക്കൊട്ടാഗ്രഹവുമില്ല. ഇദ്ദേഹത്തിന്റെ ദർശനമാത്രയിൽ ഞാൻ ഇതാ സന്തുഷ്ടയാണു്. വിവിധ സൃഷ്ടികളിൽ ചിതറിക്കിടക്കുന്ന വിശിഷ്ട ഗുണങ്ങളെ സന്തുഷ്ടനായ സർവ്വേശ്വരൻ തിരഞ്ഞെടുത്തു് സംപ്രീതനായി മനഞ്ഞിട്ടുള്ള ഈ ലാടനാവാം ലോകസമാധാനത്തിനായി ദൈവം താൻ ഒരുക്കുമെന്നു ലോകർ കരുതുന്ന ദിവ്യൻ. ഒതുക്കിയാൽ ഒതുങ്ങാത്ത ക്ലേശഭാരങ്ങൾ സഹിച്ചും, സദാ തുടിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിൽനിന്നും വടിഞ്ഞൊഴുകുന്ന സ്നേഹസ്മരണകളിൽമാത്രം ആറാടി ആനന്ദിച്ചും, ഇടവിടാതെ ചൊരി

യുന്ന നെടുവീർപ്പുകളിൽമാത്രം അഭയം തേടിയും സത്യം സത്യമായി ഞാൻ അങ്ങേസ്സേഹിക്കുന്നെന്നു്—യോഗീശ്വരനൊ ലാടവീരനൊ ആരുതന്നെ ആവട്ടെ—ചങ്കുറന്നു് ആത്മാൎത്ഥമായി അങ്ങേ ഞാൻ സ്നേഹിക്കുന്നുണ്ടു്. ആരാധിക്കുന്നുണ്ടു്. എന്റെ മനസ്സിനെക്കൊല്ലുന്ന വ്യഥപോലും മറന്നു് ഞാൻ അങ്ങയെ സേവിച്ചു—സ്നേഹിക്കുന്നു—സ്നേഹിച്ചു് ജീവിതമിങ്ങനെ തുടരുകയുംചെയ്യും. ദൈവം താൻ അദ്ദേഹത്തെ എന്റെ കുടുംബമാക്കണം.'

സാധുവിനോടുകൂടി ചാത്തന്നൂർ സ്റ്റേഷനിൽവച്ചു കണ്ട ലാടൻ സംഗതിവശാൽ മദ്രാസിലെത്തി വയോളയെ കണ്ടുമുട്ടി; വാടിത്തളൎന്നു, 'ഞാൻ ഇന്നു കണ്ട ആ യുവതി അവളല്ലെങ്കിൽ ഞാൻ എന്തിനു ജീവിക്കണം? എങ്ങനെ ജീവിക്കാതിരിക്കും? ലോകം വെറുത്ത ഒരു ലാടനാണു ഞാൻ കേവലം ഒരു യോഗി—മദ്രാസിലെത്തിയ ഞാൻ. ഇന്നിതാ ഒരു യോഗീശ്വരനുമായി. എന്റെ ഹൃദയം ഒലിക്കുന്ന ചോരയോടും തുളുമ്പുന്ന സ്നേഹത്തോടുംകൂടി എന്നിൽനിന്നുമത്തു് കവർന്നെടുത്ത യുവതി അവരം ആരായിരിക്കണം? എന്റെ ഈ പ്രണയം ദൈവീകമൊ എന്നു പരീക്ഷിക്കേണ്ടതാണു്. മന്ത്രതന്ത്രങ്ങളിലൊന്നും പാടവം എനിക്കില്ല.'

## അദ്ധ്യായം ൨൨

# ലാടൻ

യോഗീശ്വരനെങ്കിലും വയോളയിലുള്ള പ്രേമം ലാടനെ സദാ അലട്ടി. വ്യഥകളിൽ അന്യർ തന്നെ ആശ്വസിപ്പിപ്പാൻ ശ്രമിക്കുമ്പോളെല്ലാം ആശ്വാസങ്ങളൊന്നും കണ്ടെത്താതെ അദ്ദേഹം ഉള്ളെ അവരിൽനിന്നും ദൂരെ ദൂരെ അകലും. ആശ്വാസവചനങ്ങളാൽ വ്യാകുലം കൂടുതൽ വ്യാകുലകരമായി അദ്ദേഹത്തിന് തോന്നുന്നതാവാം ഇതിന് കാരണം. വ്യസനവേളകളിലും അദ്ദേഹം തന്നിൽതന്നെ ആശ്രയിക്ക പതിവാണ്. വയോളയിൽനിന്നും അകന്നു മാറാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെല്ലാം അവളിലേക്ക് തന്നെ കൂടുതൽ കൂടുതൽ അടുപ്പിച്ചു. അവളിലുള്ള നൈസർഗ്ഗികമായ പ്രേമം അത്രമാത്രം തന്നെ വേദനിപ്പിച്ചു. അവളെ ചങ്കിൽനിന്നും പിഴുതുകളവാൻ ശ്രമിക്കുമ്പോളെല്ലാം തന്റെ ആത്മാവ് കരഞ്ഞിരുന്നു. അദ്ദേഹം വീണ്ടും ചിന്തതുടങ്ങി, 'ഓ! ദൈവമെ അങ്ങ് സർവ്വവല്ലഭനെങ്കിലും ഇവളെപോലൊരു സുന്ദരി പെറുദീസായുടെ പുറത്തെ മണ്ണുകൊണ്ടു മനഞ്ഞെടുപ്പാൻ നിനക്ക് സാദ്ധ്യമൊ അല്ല്. എത്ര എത്ര വിചിത്ര ചിത്രങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്. വിവിധ യുവതികളിൽ കണ്ട ലാവണ്യധാമം സങ്കല്പശക്തിയിൽ ഗോപനം ചെയ്ത് ഒടുവിലവ പാംവെരോനോടുകൂടി ഹൃദ്യമാംവിധം ചിത്രങ്ങളായി പകർത്തി ലോകമാസകലം ഖ്യാതി നേടിയ

റഫേൽ, മൈക്കിൾ എൻജിലൊ, ഗയട്ടൊ, ഡാവിൻസി, രവിവമ്മകോയിത്തമ്പുരാൻ എന്നിവരുടെ ശില്പവേലകൾ കണ്ടാനന്ദിച്ചിട്ടുള്ളവർ പോലും ഇവളുടെ സൗന്ദൎയ്യം പൂൎണ്ണമായി ഗ്രഹിക്കുമെന്നു പറഞ്ഞുകൂടാ. ശില്പവീരരവരുടെ ചിത്രങ്ങളെ വണങ്ങുന്നവർ ഇവളെ കണ്ടു വിസ്മയിച്ചുനിന്നുപോകും. ഈ കോമളാംഗി-ഇവളെ മനഞ്ഞെടുത്ത ദൈവത്തെ ഞാൻ എങ്ങനെ ആരാധിക്കാതിരിക്കും? മനുഷ്യദൃഷ്ടിയിൽനിന്നും മറഞ്ഞുനിൽക്കുന്ന ദൈവം-മനുഷ്യദൃഷ്ടിക്കു് ഗോചരനെങ്കിൽ-അദ്ദേഹത്തെ ഇന്നു ഞാൻ ഈ ദേവനാരിയിൽകൂടി ദർശിച്ചും കഴിഞ്ഞു. ശില്പി തന്റെ ചിത്രത്തിലെന്നോണം ദൈവം അവളുടെ വദനങ്ങളിൽ ചാഞ്ചാടി തത്തിക്കളിക്കുന്നതുകണ്ടു ഞാൻ ചിത്രത്തെയൊ ശില്പിയേയോ ആരെ ആദ്യം അഭിവാദ്യം ചെയ്യണമെന്നാലോചിച്ചു അമ്പരന്നു നിന്നുപോയി. കോളിളകിയ കായലിൽ അമരം തെററിയ വഞ്ചിക്കാരനെന്നോണമായ ഞാൻ വികാര പരമ്പരകളാൽ വലയുകയാണു്. ഹാ! ഇതുപോലെ ഒരു സുദിനം എനിക്കു് ഇനി വരാനില്ല. വയോള എന്നല്ലെ പേരു? സന്തോഷമൊ സന്താപമോ എന്തുമാവട്ടെ അവളുടെ പേരു്. പേരിലല്ലല്ലൊ കാൎയ്യം. അവൾ ഒരു രാജകുമാരി അല്ലെന്നു ആരു പറയും? ഞാൻ ഉഹിച്ചവൾതന്നയൊ ഇവളെന്നു് ഞാൻ സംശയിക്കാതിരിക്കുന്നില്ല. ഛേയ് ഒരിക്കലുമല്ല. അങ്ങനെ അതു് അവളാകണമെന്നു് എന്റെ ഭാവനാശക്തി നിൎമ്മിക്കുന്നതാവാം അതു്. ഒരു സംഗതി വാസ്തവം. ഇന്നു ഞാൻ കണ്ട ഈ ആംഗ്ലേയവനിത എന്റെ പൂൎണ്ണശ്രദ്ധയെ ആകൎഷിച്ചിട്ടുണ്ടു്. നിനച്ചിരിയാത്ത മണിക്കൂറിൽ. എന്റെ വ്യഥ ലോകത്തിനു് എന്നാളും

അജ്ഞാതമായിരിക്കട്ടെ. എന്തെല്ലാം ആരെല്ലാം പറഞ്ഞാലും ഇന്നു ഞാൻ കണ്ട ആ വയോളാ-അതെ അവൾ മാത്രമാണു മൽപ്രാണവല്ലഭ. സന്തോഷത്തിലും സങ്കടത്തിലും എനിക്കു് തുണയായി ദൈവം യാത്രയാക്കിയ ഈ മഹിളാമണിയുമായി ഇണ ചേരുന്നതിനു ദൈവകല്പിതമില്ലെങ്കിൽ തന്നെയും-നിത്യകന്യക ഇവളായിരിക്കും മൽപ്രാണമിത്രം. ഇവളുടെ രൂപം എന്റെ ചങ്കിനുള്ളിൽ ആഴമായിപ്പതിഞ്ഞു് എന്നോടുകൂടി വളരുന്ന വാസ്തവം എന്തിനു ഞാൻ മറയ്ക്കണം? എങ്ങനെ ഞാൻ മറയ്ക്കും? നിശയുടെ നിശ്ശബ്ദതയിൽ പോലും—ഉറക്കത്തിൽനിന്നും ഞെട്ടി ഞാൻ ഉണരുമ്പോളെല്ലാം വയോളാ—എന്നുള്ള നാമം ഞാൻ അറിയാതെ തന്നെ എന്റെ ചങ്കിൽനിന്നും മുഴങ്ങുന്ന വാസ്തവം എങ്ങനെ മറയ്ക്കും? എന്റെ പ്രാണൻ ഞാൻ അറിയാതെ അവളെ വിളിച്ചു കരയാത്ത ദിനങ്ങൾ ചുരുക്കം. അത്രയ്ക്കു ദൃഢമായി അവൾ എന്നിൽ വളരുന്നുണ്ടു്. എന്നിൽനിന്നു് അകന്നു ജീവിക്കുന്ന അവളുടെ വികാരങ്ങൾ telepathy (മനസ്സഹവർത്തന ഗുണം; വിചാരാനിന്ദ്രിയപ്പകർച്ച) മൂലം സദാ ഗ്രഹിക്കുന്ന ഞാൻ അനുഭവിക്കുന്ന വേദനകൾ എത്രമാത്രമെന്നു് എനിക്കുമാത്രമറിയാം. ഞാൻമാത്രം അറിഞ്ഞാൽമതി. എനിക്കു് ഇവളിലുള്ള പ്രേമം ഹേതുവാൽ ബുദ്ധി ക്ഷോഭിച്ചും ഹൃദയം കലങ്ങിയും സമാധാനമില്ലാത്തവനു ഞാൻ ആയിത്തീർന്നു. ജൂലിയസ് സീസറിനെ വധിക്കുന്നതിനു് തീർച്ചചെയ്തു്-ആ കഠോരകൃത്യം നിറവേററുന്നതെങ്ങനെ, എന്നോർത്തു് രക്തം ചൊരിഞ്ഞു ചിന്തിക്കുന്ന ബ്രൂട്ടസ് കണക്കെ-ഞാൻ ഇതാ എന്റെ ജഡവുമായി

സമരമാണു്. വിയന്മാറ്റ്ത്തിൽവച്ചു് രോഗബാധിത നായ ഒരു വൈമാനികൻ കണക്കെ ഞാൻ പരിഭ്രാന്ത നാണു്. വയോളാദർശനത്താൽ പരമാനന്ദമനുഭവിച്ചു ഞാൻ അതേസമയം പരമവേദനയും അനുഭവിപ്പാൻ കാരണമെന്തായിരിക്കാം ?' നെപ്പോളിയൻ എൽബായിൽ നിന്നു് വീണ്ടും ഫ്രാൻസിലെത്തി യുദ്ധസന്നാഹം ചെയ്യുന്നെന്നു വിയന്നാകോൺഗ്രസ്സ്മദ്ധ്യേ ഗ്രഹിച്ചു ഞെട്ടുന്ന മെറ്റെർനിക്കു്, വെല്ലിംഗ്ടൺ ഇവരെപ്പോലെ—ലാടൻ വയോളയിൽ അനുരക്തനെന്നു് കേൾക്കുന്ന അൻക്ഷണം—മറ്റൊരു യുവതീഹൃദയം അഗ്നിപർവ്വതം കണക്കെ പൊട്ടിത്തകരും. ഒഴുകുന്ന രക്തത്തോടും വിറയ്ക്കുന്ന കരളോടുംകൂടിയ ലാടഹൃദയം അവളിൽനിന്നും പിഴുതെടുത്ത വയോളയുടെ അംഗലാവണ്യം രമണീയമെന്നേ പറയേണ്ടൂ.

ഇവിടെ വായനക്കാർ ചില സംഗതികൾ അറിഞ്ഞിരിക്കണം. ഒന്നുകിൽ ലാടൻ വിവാഹിതനാണു്. അല്ലെങ്കിൽ ഇതരയുവതീകാമുകനെന്നു വരാം. വയോളയുടെ സൗന്ദര്യത്തിൽ ലാടൻ മതിമറന്നിട്ടുള്ളതു വാസ്തവം. മറ്റൊരാളിലുള്ള പ്രേമം അവഗണിച്ചുകൊണ്ടാണു് അദ്ദേഹം തന്റെ ശ്രദ്ധ ഇങ്ങനെ വയോളയിൽ കേന്ദ്രീകരിച്ചിരിക്കുന്നതെങ്കിൽ— യുവാക്കളുടെ പ്രണയം യുവതികൾ എങ്ങനെ സംശയിക്കാതിരിക്കും? യുവതീയുവാക്കൾ തമ്മിലുള്ള അനുരാഗം മിക്കവാറും അവരുടെ വദനത്തിൽമാത്രം — പുഞ്ചിരിപ്പൂനിലാവു ചിന്നുമാച്ചുണ്ടുകളിൽ— വാക്രൂപേണ—ഹൃദയത്തിലില്ല — പിന്നെ പ്രവൃത്തിയിൽ എങ്ങനെ് കാണും? ഏറെനേരം ചിന്തിച്ചിരുന്ന ലാടൻ ഒടുവിൽ ഇങ്ങനെ

ആത്മഗതമാണു്. 'ഹൃദയം! നീ അടങ്ങണം. ജീവിതത്തിൽ ആകമാനം കലുഷപ്പെട്ട നീ സമഭാവനയോടുകൂടിയ നിന്റെ ബുദ്ധി ഉപദേശങ്ങളെ പരിഗണിക്കേണ്ടതാണു്. ഹൃദയവും ശിരസ്സുമായുള്ള ഇന്നത്തെ എന്റെ സംഘട്ടനം ആശാവഹമല്ല. ജീവിക്കണമോ മരിക്കണമോ എന്നു തെരഞ്ഞെടുക്കേണ്ടവനല്ല ഞാൻ. ഗർവ്വിഷ്ഠനെന്നു സമ്മതിക്കാം. എന്നാൽ എടുത്തുചാട്ടം ആപൽക്കരമെന്നു് എനിക്കറിയാം. ക്ഷിപ്രകോപിയായ എനിക്കു് കാലിടറി വീഴാതിരിപ്പാൻ സൂക്ഷിക്കണം. സാവധാനം ഓടുന്നവനു സമ്മാനം ലഭ്യമല്ലെന്നും എനിക്കറിയാം. ഞാൻ ആരുടേയും പാവയായിരിക്കണമെന്നു കരുതുന്നില്ല. എന്റെ ജയത്തിനെന്നപോലെ എന്റെ തോൽവിക്കും ഞാൻ തന്നെ ആവണം കാരണം. ദൈവാനുഗ്രഹം ആഗ്രഹിക്കുന്നവർക്കൊക്കെ ദൈവം നൽകുന്നുണ്ടു്. എന്റെ നില എപ്പോഴെങ്കിലും തെറ്റെന്നു ബോദ്ധ്യമായാൽ എനിക്കതിൽ മററാരേയും പഴിക്കേണ്ടതില്ല. എന്റെ സകല പ്രവൃത്തികൾക്കും കാരണക്കാരൻ ഞാൻ തന്നെ ആകയാൽ—'

ലാടനും വയോളയും തമ്മിലുള്ള പ്രബലപ്രണയം നിരാശാജനകമെന്നേ പറയേണ്ടൂ. ലോകം വെറുത്തു് ലോകരിൽ ഒളിഞ്ഞ ഒരു യോഗീശ്വരനിൽ ഹൃദയസമർപ്പണം ചെയ്ത വധുവും, ഒരു ആംഗ്ലേയയുവതിയിൽ സ്നേഹം വളർത്തുന്ന വരനും ദൈവതിരുമുമ്പാകെ എന്നാളും നവദമ്പതികളെങ്കിലും ഇഹത്തിലവർ ഇണചേരാതെ വ്യസനാക്രാന്തരായിക്കഴിയണം.

യോഗി വേളിക്കൊരുമ്പെടുന്നതല്ലെന്നോർത്തു് വയോളയും, ഒരു ആംഗ്ലേയ യുവതി തന്നെ എങ്ങനെ വരി

ക്കാമെന്നോളം ലാടനം നിരാശയിൽ മുങ്ങിപ്പോങ്ങി. കുടുംബജീവിതം നയിക്കുന്നവരെ സൂക്ഷിക്കുന്നവക്കു° താഴെപ്പറയുന്ന നിത്യരഹസ്യം മനസ്സിലാക്കാം. ഈ പരമരഹസ്യം മനസ്സിലാക്കണമെന്നുള്ളവർ എന്നോടുകൂടി കുടുംബത്തിൽ പ്രവേശിച്ചു° ഭാൎയ്യാഭത്താക്കളായി തത്ര കാണപ്പെടുന്നവരെ പരിശോധിക്കണം. പരസ്പരവിരുദ്ധങ്ങളായ ഗുണങ്ങളാൽമാത്രം ആകർഷിതരായ സ്ത്രീപുരുഷസമാഗമത്തിൽ പെട്ടെന്നു° ഒരു ഐക്യം അവരിലെവിടെയെം പരസ്പരം കണ്ടുമുട്ടുന്ന യുവതിയുവാക്കൾ അനുരക്തരായിത്തീരുക സവ്വസാധാരണമാണു°. ഇതിനു° ഇംഗ്ലീഷിൽ **Romance** എന്നു പറയും—**Romance** എന്നു പറഞ്ഞാൽ **strangeness with beauty** എന്നു° വാൾട്ടർ പെയിററർ നിർവചിക്കുന്നുണ്ടു°. സ്ത്രീപുരുഷവ്യത്യാസത്തെപ്പററി **Ruskin** പറയുന്നതു° **'each has the other has not'** എന്നാണു°. ആകയാൽ അവിചാരിതമായി ഒരു സ്ത്രീയും പുരുഷനുമായി കണ്ടുമുട്ടി അപരിചിതരായ അവരുടെ വിപരീതഗുണങ്ങളാൽ ആകൃഷ്ടരായ അവരിൽ എന്തെന്നില്ലാത്ത ഒരു ശക്തി നൈസർഗ്ഗികമായി തലപൊക്കി പ്രവൎത്തനമാരംഭിക്കുന്നെന്നു° അവക്കു ബോദ്ധ്യമായാൽ, യൗവനമവരെ ഉററിച്ചുനോക്കി-അനുരാഗവിത്തു° അവരിൽപ്പാകി എന്നു മനസ്സിലാക്കാം. സ്തുതിപാഠകന്മാരായ നോവലെഴുത്തുകാർ കഥാപാത്രങ്ങളെ പ്രത്യേകിച്ചു° നായികാനായകന്മാരെ തികഞ്ഞ രൂപഗുണമുള്ളവരായി ചിത്രീകരിക്ക പതിവാണെങ്കിലും, പ്രപഞ്ചത്തിൽ ഇണചേൎന്നു° ഭാൎയ്യാഭത്താക്കളായി കഴിയുന്ന സ്ത്രീപുരുഷന്മാർതമ്മിൽ ശീലകോലാദികളിൽ പൊരുത്തമില്ലാതെ ജീവിക്കുന്നതു നാം കാണുന്നു.

ഈയശച്ഛരൻ അവധി എടുത്തു നായികാനായകന്മാരെ കടഞ്ഞെടുത്തു് ദാമ്പത്യത്തിലവരെ അടുപ്പിച്ചെന്നു് എഴുത്തുകാർ വ്യാഖ്യാനിക്കുമെങ്കിലും, യാഥാർത്ഥ്യം മറിച്ചാണെന്നു് നമുക്കറിയാം. സത്യമാംകുഴൽക്കണ്ണാടിയിലൂടെ ഓരോ കുടുംബങ്ങളിലേക്കും നാം നോക്കുന്നപക്ഷം അവിടെ കാണുന്ന കുടുംബം നമ്മുടെ കണ്ണുകളെ അമ്പരിക്കും. വ്യക്തി വിഭജനംചെയ്തുകൊണ്ടു് Ruskin 'each has the other has not' എന്നു പറഞ്ഞിട്ടുണ്ടു്. അതായതു് Ruskin സ്ത്രീപുരുഷലക്ഷണം നിർവചിക്കുമ്പോൾ ഞാൻ ഭാര്യാഭർത്തൃനിർവചനം നടത്തിയേ കഴിയൂ.

ആകൃതി പ്രകൃതികളിൽ, ഭാര്യാഭർത്താക്കന്മാർ തമ്മിൽ പൊരുത്തം ഏറിയകൂറും കാണാറില്ല. ദാമ്പത്യജീവിതത്തിന്റെ അടിത്തറ അനുരാഗമാണു്. തദനുസരണമുള്ള ദാമ്പത്യം അഭികാമ്യമെങ്കിലും വിരളം. നമുക്കു കുടുംബപര്യടനം നടത്തി ഭാര്യാഭർത്താക്കളെ പരിശോധിക്കാം: ഭർത്താവു ദീർഘകായനെങ്കിൽ ഭാര്യ ഹ്രസ്വകായ, ഭാര്യ സുന്ദരി എന്നാൽ ഭർത്താവു വിരൂപൻ, ശ്രീദേവിയെക്കാംക്ഷിച്ചവൻ മൂധേവിയെ വേളിചെയ്തു. കതിർമണി യുവതി—ഇവൾക്കു മലമൂഢനൊരു പുരുഷൻ. കുരുടിക്കു് സൂക്ഷ്മദൃക്കു് ഭർത്താവു്. ചെകിടനു് മാൻകണ്ണി. മൂകഒരുത്തിക്കു് ഷെരിഡ്നോരുവൻ ഭർത്താവു്. മെലിഞ്ഞ സ്ത്രീ—തടിച്ച പുരുഷൻ. തികഞ്ഞ വേശ്യക്കു് വിളഞ്ഞ ഭക്തൻ ഭർത്താവു്. മഹാപണ്ഡിതൻ—ചെന്നു കുടുങ്ങുന്നതു് മഹാമണ്ടിയിൽ. ഇങ്ങനെ അനുയോജ്യരല്ലാത്ത സ്ത്രീപുരുഷർ ഇണചേന്നു് ചെകിടകുരുടരാഗമാലാപിലാലസിക്കും ദാമ്പത്യ

ജീവിതം ബിഭത്സരസമാണ്. സങ്കല്പശക്തി അതിരുകടന്നാക്രമിച്ച് ആദർശപരമായ നായികാനായകന്മാരെകടഞ്ഞെടുത്തു് ദാമ്പത്യജീവിതത്തിന് അടിത്തറ പണിയുന്ന ഗ്രന്ഥകാരന്മാർ ലോകത്തിൽവരുത്തുന്ന വിപത്തുകളെ അവഗാഢം ചിന്തിച്ചിട്ടുള്ള എനിക്കു, വിറച്ചുകൊണ്ടുവേണം സത്യമിങ്ങനെ രേഖപ്പെടുത്താൻ. പണക്കൊഴുപ്പുനോക്കി പെണ്ണുവില്പന നടത്തുന്ന മാതാപിതാക്കൾ, അനുയോജ്യനായ പുരുഷനെ കാംക്ഷിക്കുന്ന യുവതികളോട്ട് അനുകമ്പ പ്രദർശിപ്പിക്കണം. പൊതുവിൽപ്പറഞ്ഞാൽ സുമുഖനായ ഭർത്താവിനു് വിരൂപഭാര്യയും സുന്ദരി യുവതിക്കു മക്കടെത്താൻ ഭർത്താവും—ഇങ്ങനെ നാം കാണുന്ന ഇന്നത്തെ ദയനീയ ദാമ്പത്യം ആരുടെ ശ്രദ്ധയെ ആകർഷിക്കയില്ല? സ്ത്രീപുരുഷന്മാർ തമ്മിൽ പരസ്പരം ഒരു ധാരണയില്ലാതെ നടത്തുന്ന വിവാഹം വിവാഹമല്ലെന്നും കാലിവില്പനയിൽ പതിവുള്ള കയറുമാററംമാത്രമാണ് ഇന്നത്തെ മിക്ക വിവാഹങ്ങൾ എന്നും കരുതാം. കഷ്ടം! മലഞ്ചരക്കെന്നോണം സ്ത്രീകളെ ഇങ്ങനെ എന്തിനു വിൽക്കണം? അടിമക്കച്ചവടം ലോകത്തിൽ ഇനിയും നിലനില്ക്കുന്നില്ലെന്ന് എങ്ങനെ ഞാൻ കരുതണം? നമ്മുടെ ശ്രദ്ധക്കു് വിഷയമായ സ്ത്രീ അല്ലെങ്കിൽ പുരുഷൻ ശീലകോലാദികളിൽ നമുക്കിണങ്ങിയവരെന്നു കണ്ടാൽ സംഗതി മാതാപിതാക്കളെ ഗ്രഹിപ്പിച്ച് അവരുടെ അഭിപ്രായം നാം ആരായണം, അവരുടെ അഭിപ്രായം വിപരീതമെന്നു കണ്ടാൽ അതു നമ്മുടെ അന്തഃകരണവുമായി യോജിക്കുന്നപക്ഷം തദനുസരണം നാം പ്രവർത്തിക്കരുതെന്നു ഞാൻ ഒട്ടുപറയുന്നുമില്ല. സ്വഭാവശുദ്ധി, കുടുംബസ്ഥിതി, എന്നി

ളുകളും വിവാഹസംഗതികളിൽ സത്രുത്വം യുവതീ യുവാക്കറം പരിഗണിക്കണം,

സ്നേഹംനിറഞ്ഞ കുടുംബത്തിൽനിന്നു് ലോകസമാധാനവും കലഹംനിറഞ്ഞ ദാമ്പത്യത്തിൽ നിന്നു് യുദ്ധവും—എന്നു് ഒററവാക്കിൽ പറയാം. ലോകസമാധാനത്തിന്നു് Talisman ഒററ മൂലിരക്തബന്ധമാണു്. ഹൃദയസമാധാനത്തിൽ നിന്നുവേണം ലോകസമാധാനം ഉളവാകാൻ. ഭാര്യാഭത്താക്കറം ഒന്നിണങ്ങി ജീവിച്ചെങ്കിൽ മാത്രമെ കുടുംബജീവിതം സുഖകരമാവൂ. ഐശ്വര്യമവിടെ കുടികൊള്ളണമെങ്കിൽ സുകൃതമുള്ള കുടുംബിനി ഭത്താവിൻെറ കിരീടമായി വിളങ്ങണം. നമ്മുടെ പുറമുള്ള മററുവർഗ്ഗക്കാരുമായി യോജിക്കുന്നതിന്നു് നാം തയ്യാറില്ലാത്തപക്ഷം ഇൻഡ്യാ എന്നാളും ഒരു കുരപ്പില്ലാക്കളരിയായി കഴിയുന്നതാണു്. To live and let live പ്രസംഗിച്ചാൽ പോരാ പ്രവൃത്തിയിൽ വരുത്തി തദവസരണം നാം ജീവിക്കണം. ലോകസമാധാനത്തിന്നു് പ്രയോഗികമായ ഒരു ഒററമാർഗ്ഗം എനിക്കു് ചൂണ്ടികാണിപ്പാനുള്ളതു് വിജാതിയ വിവാഹമാണു്. ഇൻഡ്യയിലും ഇൻഡ്യക്കു വെളിയിലും സങ്കരവിവാഹം നടപ്പിൽ വന്നെങ്കിൽ മാത്രമെ സമുദായങ്ങറം തമ്മിൽ അടുക്കുന്നതിന്നു് മാർഗ്ഗം ഞാൻ കാണുന്നുള്ളൂ. മി. ലോയിഡ് ജോർജ്ജു് ഒരിക്കൽ പറഞ്ഞു ലോകം അതിൻെറ ഉത്ഭവസ്ഥാനത്തേക്കു് ശീഘ്രം പാഞ്ഞുകൊണ്ടിരിക്കുന്നെന്നു്. മഹാനായ അദ്ദേഹത്തിൻെറ ഈ അഭിപ്രായത്തോടു് യോജിക്കുന്നതിന്നു് എനിക്കു നിവൃത്തിയില്ല. ലോകം അനുദിനം പരിഷ്കാരത്തിൽനിന്നു് പരിഷ്കാരത്തിലേക്കു് കുതിച്ചുകൊണ്ടിരിക്കുന്നെന്നാണു് എൻെറ

മതം. അല്ലാതെ മി. ലോയിഡ് ജോർജ്ജ് പറയും പോലെ വരാനിരിക്കുന്ന കാലങ്ങൾ കഴിഞ്ഞ കാലങ്ങളെപ്പോലെ ഇരുളടഞ്ഞതെന്ന് എനിക്കില്ല വിശ്വാസം. കഴിഞ്ഞ സംഭവങ്ങൾ കരുതലോടുകൂടി സ്വയം കാക്കുന്നതിന് നമുക്ക് പ്രേരകമാണെങ്കിലും പിൻകാലങ്ങളിലും അവ അതേരീതിയിൽ നമ്മെ നിയന്ത്രിച്ചു കൊണ്ടിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഓരോ നൂററാണ്ടിലേയും ദുരാചാരങ്ങളെ പ്രതിപാദിച്ച് പരിഹാരമാർഗ്ഗങ്ങൾ ചൂണ്ടികാണിച്ചുകൊണ്ടുള്ള ചരിത്ര പഠനം സന്മാർഗ്ഗംനിറഞ്ഞ ഒരു പുതുലോകത്തിലേക്ക് മാനവവംശത്തെ ആകർഷിച്ചു കൊണ്ടിരിക്കുന്ന ദിവസങ്ങളാണിവ. യുദ്ധം പ്രഖ്യാപനം ചെയ്യുന്നവർക്ക്—ദാരിദ്ര്യം വിതക്കുന്ന കൈയ്കൾക്കു അവയെ ഉൻമൂലനം ചെയ്യുന്നതിനു സുസാദ്ധ്യമെങ്കിൽ എന്തുകൊണ്ടവർ അങ്ങനെ ചെയ്യുന്നില്ല? വിപ്ലവവിത്തുക്കൾ വിതക്കുന്ന ദ്രോഹികളുമായിട്ട് സുധീരം ഇടയുന്നതിലാണ് സ്വാതന്ത്ര്യവുമായുള്ള നമ്മുടെ ബന്ധം. സമുദായസംസ്കരണത്തിൽ മുന്നിട്ടുപ്രവർത്തിക്കുന്നതു മനുഷ്യമനസ്സുമാത്രമാണെന്നുള്ള ധാരണ ശരിയല്ല. മനുഷ്യപ്രകൃതി ദൈവചിത്തവുമായി സംഘടിക്കയോ വിഘടിക്കയൊ ചെയ്യുന്നതിന്റെ ഫലമാണ് ഇന്ന് നാം ലോകത്തിലെവിടേയും കാണുന്ന സകല ചട്ടക്കൂട്ടുകളും മരണവും. പരിപൂർണ്ണസ്വാതന്ത്ര്യമെന്തെന്നു രുചിക്കണമെങ്കിൽ നല്ല മതതീക്ഷ്ണത ആവശ്യമാണു. മതത്തെ മറന്നുള്ള സ്വരാജ്ലബ്ധി യുക്തിപരമെങ്കിലും തൃപ്തികരമല്ല. ഹൃദയവും ശിരസ്സുമായുള്ള മത്സരം എപ്രകാരം നമ്മെ അധഃപതിപ്പിക്കുമോ അപ്രകാരംതന്നെ നമ്മെ വഷളാക്കും മതം മറന്നുള്ള നമ്മുടെ സ്വരാജ് സ്ഥാപന പരിശ്രമങ്ങൾ.

ഒരുവൻെറ പരിപാവന സമ്പത്തു് അവൻെറ പരിശ്രമമാണു്. സമുദായ നിലനില്പിനും അഭ്യുന്നതിക്കും ആവശ്യമായ നിയമങ്ങൾ രൂപവൽക്കരിക്കേണ്ട ഭാരം അതെ സമുദായത്തിൽ സ്ഥിതിചെയ്യുന്നെന്നു് തോമസ്സ് അക്വീനാസ്സ് നൂററാണ്ടുകൾക്കു മുൻപ് സമ്മതിച്ചിട്ടുണ്ടു്. നിൽക്കുന്ന തറമാന്തുന്ന ശ്രമം വിഷമകരമാണു്. സമചിത്തത വെടിഞ്ഞുള്ള ഏതു പരിഷ്കാരവും നന്മയിൽനിന്നു് കരുതിക്കൂട്ടി തിന്മയിലേക്കുള്ള എടുത്തുചാട്ടം മാത്രം. ഇക്കാരണങ്ങളാൽ ഭാരതസ്വാതന്ത്ര്യത്തിനായി പോരാടുന്ന നേതാക്കന്മാരവർ ബുദ്ധിയും ചങ്കുറപ്പുമുള്ള അവരുടെ മത്സരം നിറുത്തി സ്നേഹപുരസ്സരം സമാധാനം ഇന്ത്യയ്ക്കും ലോകത്തിനും ഒന്നുപോലെ അളന്നു് വീതിക്കേണ്ടതുമാണു്. ഭാരതം സ്വാതന്ത്ര്യയാവാൻ നേതാക്കളെ വിട്ടു് വ്യക്തിത്വം നിറഞ്ഞ ഒരു നില ഞാൻ ഉൾക്കൊള്ളുന്നതിൽ നേതാക്കന്മാർ കുശുക്കേണ്ടാ. പകയും അസൂയയും ഇക്കാര്യത്തിൽ എന്നെ പ്രേരിപ്പിട്ടുമില്ല. എൻെറ ആശയം ആരിലും അടിച്ചേല്പിക്കുന്നതായി ദുർവ്യാഖ്യാനവും വേണ്ടാ. ചിന്താശീലരായ യുവതീയുവാക്കളുടെ ബലിപീഠത്തിലെ പരിഗണനക്കായി എൻെറ ആശയങ്ങൾ സവിനയം ഞാൻ സമർപ്പിക്കയാണു്. സത്യമെങ്കിൽ തദനുസരണം പ്രവർത്തനമാരംഭിക്കണം. അസത്യമെങ്കിൽ മറന്നാൽ മതി.

എനിക്കു് നവമായ ഒരു ദൗത്യം ഇന്നത്തെ ലോകത്തിനു് നൽകാനുണ്ടു്. ലോകസമാധാനം വളർത്താൻ അതെന്തെന്നു് സശ്രദ്ധം ഗ്രഹിച്ചാലും. പാശ്ചാത്യപൗരസ്ത്യാദർശങ്ങൾ സമ്മേളിച്ച് ക്രിസ്തുദേവചൈതന്യം

ഭൂമി മുഴുവൻ നിറയണമെങ്കിൽ—ഡോക്ടർ ടാഗോർ അർത്ഥിക്കുന്ന സമാധാനം ലോകത്തു് വളരണമെങ്കിൽ—സർവ്വരാജ്യസംഘം (League of Nations or United Nations) പാകുന്ന സമാധാനവിത്തുമുളക്കണമെങ്കിൽ-ഇഹത്തിൽ നിന്നു യുദ്ധം നിഷ്കാസനം ചെയ്യണമെങ്കിൽ—വൻകരകളിൽ വസിക്കുന്ന മനുഷ്യരെ ഒന്നായി ഒന്നിണക്കേണമെങ്കിൽ — വ്യക്തമായിപ്പറഞ്ഞാൽ—ലോകം ഒരൊററ കുടുംബമാക്കിത്തീർപ്പാൻ വിശ്വഭാരതിയിൽ പഠിക്കുന്നതു കൊണ്ടുമാത്രം സാദ്ധ്യമെന്നു് എനിക്കില്ല വിശ്വാസം. വിശ്വഭാരതി മരുഭൂമിയിൽ പ്രത്യക്ഷമായ ഒരു നീർചാട്ടമെന്നു് ഞാനും സമ്മതിക്കുമെങ്കിലും, ടാഗോർ തത്ര വിതക്കുന്ന വിത്തുകൾ കിളിർത്തു മഹാനായ അദ്ദേഹം ആശിക്കുന്ന സമാധാനം വളർത്തുമെന്നു ആദർശലോകത്തിൽ നിന്നും ഞെട്ടററു് നിലം പതിച്ച ഒരു പ്രായോഗിക ചിന്തകനായ എനിക്കു് വ്യാമോഹിച്ചുകൂടാ. ടാഗോറിൻെറ ഉദ്ദേശശുദ്ധിയെ മുക്തകണ്ഠം പ്രശംസിക്കുന്ന എനിക്കു്, പ്രവൎത്തനമാൎഗ്ഗത്തിൽ അദ്ദേഹത്തിൽ നിന്നും വ്യസനസമേതം വിട്ടകന്നു് പ്രവൎത്തിക്കാതിരിപ്പാൻ നിവൃത്തിയുമില്ല. ജീവിതമത്സരത്തിൽ നട്ടം കറങ്ങുന്ന യോദ്ധാക്കളെ തൻെറ ഹൃദയഗീതയാൽ നാലു ഭാഗത്തുനിന്നുമാകൎഷിച്ച വിശ്വഭാരതിക്കുള്ളിലവരെ ക്ഷണിച്ചു് വരുത്തി സമാധാനാലാപങ്ങൾ അവരുമായി നൎത്തം ചെയ്യുന്നു. ടാഗോർമാമുനെ ഞാനും വണങ്ങുന്നതു് വാസ്തവം. മണിയംകരൻ ടാഗോർ മഹാകവിയുടെ വാത്സല്യശിഷ്യരിൽ പ്രമുഖനാണു്. ഗുരുവിനോടു് ഉള്ളലിഞ്ഞുള്ള ഭക്തിക്കു് തെല്ലും ആയാസമില്ലാതെ നൈസൎഗ്ഗികമായി അൎത്ഥങ്ങളെന്നെ നാംകുനാരം വളരുന്നുമുണ്ടു്. സങ്കരവിവാഹം നടപ്പിൽ വരു

ത്തി ലോകസമാധാനം സംസിദ്ധമാക്കാൻ ലാടനിതം വേല തുടങ്ങി. വിശ്വഭാരതിപ്രസ്ഥാനംമൂലം സമാധാനം പ്രാപ്യമല്ലെന്നു് തോന്നിത്തുടങ്ങിയ അദ്ദേഹം വിവാദബന്ധത്തിൽ മനുഷ്യരെ ഇണക്കി ലോകസമാധാനം കൈവരുത്തും. തലച്ചോറുള്ള നാം ലാടനെ ശ്രവിക്കണം. ചങ്കുള്ള നാം ലാടനെ സ്നേഹിക്കണം. ബാങ്കളൂർ നിന്നും മദ്രാസിൽ വന്ന ലാടൻ വയോളയെ കണ്ടുമുട്ടി ഭഗ്നാശയനായി. ലോകസമാധാനാർത്ഥം പ്ലേറ്റോ, തോമസ് മൂർ, ഡാക്ടർ ടാഗോർ, വുഡ്രോവിൽസൺ ഇവർ നടത്തിയ പരിശ്രമങ്ങളൊന്നും പ്രായോഗികമല്ലെന്നു് ലാടനു ബോദ്ധ്യമായി. അവർ സ്വീകരിച്ച മാർഗ്ഗങ്ങൾ വിഭിന്നങ്ങളെങ്കിലും ലോകസമാധാനമാണു് അവരുടെ തേട്ടമെന്നും ലാടൻ മനസ്സിലാക്കി. ഭരണകർത്താക്കൾ ലോകഗുരുക്കളായ ഇവരുടെ ആദർശത്തണലിൽ നിന്നു് ഭരണം നടത്തിവേണം സമാധാനം പുലർത്താൻ. ബ്രിട്ടീഷ് പ്രധാനമന്ത്രി, മുസ്സോളിനി, ജപ്പാൻ ചക്രവർത്തി, അമേരിക്കൻ പ്രസിഡൻറു്, ജർമ്മൻ ഭരണനേതാവു് എന്നീ മഹത്ശക്തികൾ മുന്നോട്ടു വന്നു് ടാഗോർ പ്രഭൃതികളുടെ ആശയങ്ങളനുസരിച്ചു ലോകഭരണം തുടങ്ങുമ്പോൾ വിശ്വസമാധാനം കരഗതമാകും. നയപരിപാലനത്തിൽ മൂറിൻെറ യൂറോപ്യ, ടാഗോറിൻെറ വിശ്വഭാരതി എന്നിവ എത്രത്തോളം ബ്രിട്ടീഷ് ഭരണത്തിൽ കടന്നുകൂടിയിട്ടുണ്ടെന്നു് ഇംഗ്ലീഷുകാരുടെ ഇന്നത്തെ ഇൻഡ്യൻ ഭരണം വെളിപ്പെടുത്തണം. പ്രവർത്തനലോകവും വിശ്വഭാരതിയുമായുള്ള ആകർഷണം തുലോം ശക്തിമത്താണു്. ഭൂമിയും സൂര്യനുമായുള്ള ആകർഷണമാണിവ തമ്മിൽ—

ക്കോടാകോടി മൈലുകൾ ദൂരം—രാത്രിയും പകലുംപോലുള്ള വേഴ്ചയാണിവതമ്മിൽ !!

ലോകം അതിൻെറ അച്ചുതണ്ടിൽക്കിടന്നു് എങ്ങനെയും കറങ്ങട്ടെ — ഇന്നതരത്തിൽ കറങ്ങണമെന്നു് അകലെനിന്നു് ഉള്ളുനിറഞ്ഞ ഭാഷയിൽ ഉപദേശിക്കുന്നതു മതി. ദൂരെ നിന്നു് അടക്കപറയാതെ—അടുത്തെത്തി പ്രവർത്തിച്ചുകാട്ടണം. എങ്കിൽമാത്രമേ ലോകചക്രത്തിരിച്ചിൽ നിയന്ത്രിക്കുന്നതിനു നമുക്കു കഴിയൂ. സന്മാർഗ്ഗബോധമുള്ള യുവതീയുവാക്കൾ മുന്നിട്ടിറങ്ങി രാജ്യത്തിനും രാജാവിനും ദൈവത്തിനും ശ്രേയസ്കരമാംവണ്ണം പ്രവർത്തിക്കണം.

വയോളക്കു് ലാടനിലുള്ള പ്രേമം സത്യപരമാണു് ശക്തിപരമാണു്. ലാടനു വയോളയിലുള്ള പ്രേമവും അതുപോലെതന്നെ. ഇവർ തമ്മിലുള്ള അനുരാഗത്തിരക്കിൽ സമുദായമൊ വ്യക്തിയൊ എടുത്തുചാടേണ്ടതല്ല. നാട്ടാചാരങ്ങളെ വെട്ടു് മൂത്തുനരച്ചുകഴിയുന്ന കുടിലഹൃദയങ്ങളെ ചുട്ടു ഭസ്മമാക്കണം. ഹൃദയയോജിപ്പാണു വിവാഹം. ഇക്കാരണത്താലാണു് 'marriage of true minds' എന്നു ഷേക്സ്പീയർ ദാമ്പത്യനിർവ്വചനം ചെയ്തതു്. വിചാരിക്കാത്തമണിക്കൂറിൽ യുവതീയുവാക്കൾ കണ്ടുമുട്ടി പ്രണയബന്ധിതരാകുന്നതു് അഭിസംവർദ്ധകമാണു്. അനുരാഗനർത്തനത്തിനു് ബാഹ്യാഡംബരം ആവശ്യമാണു്. പൂവും വളയും തൊത്തുമല്ല ബാഹ്യാഡംബരമെന്നു് ഇവിടെ പറയുന്നതു്. നൈസർഗ്ഗികസൗന്ദര്യമാണു ബാഹ്യാഡംബരമെന്നു് ഞാൻ ഇവിടെ പ്രതിപാദിച്ചിട്ടുള്ളു്. സ്വാഭാവികമായി വളരുന്ന

വരയോളയുടെ സൗന്ദര്യം ആഭരണാഭാവത്താൽ സ്വർണ്ണം പോലെ മിന്നുന്നില്ലെന്ന് ആരു പറയും? അവളും സ്വർണ്ണവുമായി ബന്ധമൊന്നുമില്ല. ആഭരണം മങ്ങുന്ന സൗന്ദര്യം ദൈവമവൾക്കു നൽകിയിട്ടുണ്ട്. നീണാൾ നിശ്ശബ്ദമായി ലാടൻ കാംക്ഷിച്ചിരുന്നതും ഇവളെത്തന്നെ. പരസ്പരം സൗന്ദര്യം നുകരുമ്പോൾ Romance പ്രവർത്തനമാരംഭിക്കും. സാവധാനം കൂടുന്ന പയറിന്ന് അതിൻെറ മുളക്കിരുവശവുമുള്ള പരിപ്പ് ആദ്യകാലത്തെ അതിൻെറ വളർച്ചയ്ക്കു വളമാകുന്നതുപോലെ സൗന്ദര്യം അനുരാഗത്തെ പരിപുഷ്ടമാക്കും. യുവതീയുവാക്കൾ തമ്മിലുള്ള അനുരാഗം വളരാൻ അംഗലാവണ്യത്തിനുള്ള പ്രാധാന്യം സമ്മതിക്കണം — വളർന്നു വന്ന സ്നേഹച്ചെടി പരിപുഷ്ടിയിൽ പരിപാലിപ്പാനും ആകാരഭംഗി അത്യന്താപേക്ഷിതമല്ലെന്നും, വേണ്ടെന്നും പറഞ്ഞുകൂടാ. പാലിൽ പഞ്ചസാര കലർന്നാലുള്ള രസം നറുംപാലിനുള്ള രസത്തേക്കാൾ രുചിപ്രദമാണല്ലൊ? എല്ലാം യുവതീയുവാക്കളും തുല്യയോഗ്യതയുള്ളവരെന്നു ശഠിക്കുന്നില്ലെങ്കിലും എങ്ങനെയോ ഭാര്യാഭർത്താക്കളായിത്തീർന്ന് ഹൃദയം മുററിയ സ്നേഹത്തിൽ കഴിഞ്ഞു, ഭർത്താവിനു ഭാര്യ മഹാ സുന്ദരിയും ഭാര്യയ്ക്ക് ഭർത്താവു ലോകരാജാവുമാട്ടും എന്ന് തോന്നിപ്പോകുന്നതു സാധാരണയാണ്. യുവാക്കൾക്കുള്ള യോഗ്യത കണ്ടുപിടിച്ചു വരനെ തിരഞ്ഞെടുപ്പാൻ യുവതികൾക്കുള്ള സാമർത്ഥ്യം പ്രശംസനീയമാണ്. ഒററനോട്ടത്താൽമാത്രം അവരുടെ കണ്ണുകൾ അവർ കാംക്ഷിക്കുന്ന യുവഹൃദയത്തിൽക്കടന്ന് യഥാർത്ഥചരിത്രം ഗ്രഹിപ്പാൻ അവർക്കു കഴിയും, അതുപോലെതന്നെ താൻ

കാംക്ഷിക്കുന്ന ഒരു യുവതിയുടെ യോഗ്യത കണ്ടുപിടിപ്പാനുള്ള ത്രാണി ഒരു യുവാവിനോളം മററാക്കുമില്ല. ആകയാൽ ഒരു പുരുഷന്റെ സാമൎത്ഥ്യം കറിക്കാൻ ത്രാണി ഒരു സ്ത്രീക്കാണുള്ളതു്. ഒരു പുരുഷനല്ല. അതുപോലെ ഒരു സ്ത്രീയുടെ സാമൎത്ഥ്യം കണ്ടുപിടിക്കുന്നതു് ഒരു പുരുഷനാണു്—സ്ത്രീ അല്ല. ഈ കാരണങ്ങളാൽ—കഴിയുമെങ്കിൽ— അനുരാഗപരമായ ദാമ്പത്യജീവിതം എല്ലാ സമുദായങ്ങളും വ്യക്തികളും സ്വാഗതം ചെയ്യേണ്ടതാണെന്നും, സാമുദായികനേതാക്കളും മതാദ്ധ്യക്ഷന്മാരും ഈ കാൎയ്യത്തിൽ അനുശംസിച്ചു പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും, ഭാരതസ്വാതന്ത്ര്യവും ലോകസമാധാനവും കൈയ്‌വരുത്താൻ പ്രവൎത്തനമാരംഭിച്ച എനിക്കു് ശക്തിയുക്തം ഉണൎത്തിപ്പാനുണ്ടു്.

---

## അദ്ധ്യായം ൩൬

## മക്കോയി

---

മണിയാകരന്റെ നിഴലെന്നവിധം അദ്ദേഹത്തെ സ്ഥാനത്തും അസ്ഥാനത്തും പിൻതുടൎന്നു് അദ്ദേഹത്തിന്റെ അധഃപതനത്തിനുവേണ്ടിമാത്രം മക്കോയി സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ചിന്തകൾക്കുള്ളിൽക്കൂടി കടന്നു, ദുൎവ്യാഖ്യാനം ചെയ്യുന്നതിനവൻ മടിക്കാറില്ല. സമുദായമദ്ധ്യത്തിൽ മണിയാകര

ന്നുള്ള സ്ഥാനം അത്യുന്നതമെന്നു് അറിയുന്ന മക്കോയി
അനുദിനം വ്യസനിക്കുന്നുണ്ടു്. അസൂയമാത്രമാണി
തിനു കാരണമെന്നു് ഈതരതെളിവുകളുണ്ടാകുന്നതുവരെ
നാം വിശ്വസിക്കണം. വിശക്കാത്ത ഉദരമൊ ശത്രു
വില്ലാത്ത മനുഷ്യനൊ ഇഹത്തിലില്ല. ഗുണവാന്മാർ
നിർഗ്ഗുണന്മാരുമായി പോരാടിവേണം യോഗ്യതനേടാൻ.
ക്രിസ്തുദേവന്റെ നൈസർഗ്ഗികവെൺമ വെളിപ്പെട്ട
ത്താൻ സാത്താനാൽ പ്രേരിതനായി യൂദാസ്സും, നെപ്പോ
ളിയന്റെ മഹത്വം വിളങ്ങാൻ ബർണ്ണഡോത്തിയും —
സീസറിനെക്കൊല്ലാൻ കാഷിയസ്സും, മുസ്സോളിനിക്കെ
തിരായി ലെനിൻ കൂട്ടാളികളും, ചാച്ച്യപ്പനെതിരായി
പെൻഡിയനും വന്നുപിറന്നു് വേലചെയ്തെങ്കിൽ മാത്രമെ
നരകവും സ്വർഗ്ഗവുമായുള്ള ഈദൃശസംഘട്ടവിഘട്ടന
ങ്ങളിൽ മഹാന്മാരുടെ മാറ്റു് തെളിയൂ. ജീവിതമത്സ
രത്തിൽ അണിനിരന്നിട്ടുള്ള നാം നന്മയും തിന്മയുമായി
ഇടയേണ്ടതുണ്ടു്. ഒരുവന്റെ ത്രാണിക്കൊത്ത ശത്രുക്ക
ളെ ദൈവം നമുക്കു യാത്രയാക്കൂ. അവനവന്റെ കെ
ൽപ്പുപോലെ ഓരോരുത്തരും ജീവിതമദ്ധ്യേ പൊരുതേ
ണ്ടതാണു്. ഇതിൽനിന്നും അകന്നുമാറാൻ ജീവിക്കുന്ന
വർക്കാർക്കും സാദ്ധ്യമല്ല. ഇതിൽനിന്നും ആനയും കൊതു
കുമായി മത്സരമില്ലെന്നുപറയാൻ ഞാൻ ഒരുമ്പെടുന്നുമി
ല്ല. കരടോളമുള്ള ബൽജിയം ഗജത്തോളമുള്ള ജർമ്മനി
യെ ചെറുത്തുപോരാടിയതും നാം കണ്ടുകഴിഞ്ഞു. ചെറു
പ്പംമുതൽ മക്കോയിയുമായുള്ള സമ്പർക്കത്തിൽ നിന്നും
മണിയാകരൻ അകന്നുനിന്നു. മണിയാകരൻ അകന്നു
മാറുന്തോറും മക്കോയി തന്നോടു കൂടുതൽ അടുത്തുവന്നു.
ശീലഗോലാദികളിൽ പൊരുത്തമില്ലാത്ത ഇവർതമ്മിൽ
വേഴ്ച അസംഖ്യമാണു്. ഒരേതരത്തിലുള്ള പക്ഷികൾ

മാത്രം ഇണചേൻ പറക്കുന്നു. മണിയാകരൻ—യോഗ്യ ന്മാരുടെ നടുവിൽ തിലകമാണദ്ദേഹം; മക്കോയിയുടെ പാരത്തലയും, കാകദൃഷ്ടിയും ആൎക്കും വെറുപ്പുതോന്നിക്കും. അസൂയയാൽ കത്തിക്കാളിയ മക്കോയിയുടെ ഹൃദയം ദിവസേന ശുഷ്കിച്ചുവന്നു. ലീയർ രാജാവിനെ അലട്ടിയ എഡ്മൺഡ്ഡോ, ഒത്തല്ലോയെ കബളിപ്പിച്ച് ഡെസ്ഡിമോണായുടെ കഴുത്തറുപ്പിച്ച അയാഗോയോ ആരാണു് മക്കോയി എന്നു് ആൎക്കറിയാം. ലൂസിപ്പേറിന്റെ കേരളാവതാരമെന്നു വരുമെം. വിശ്വസാഹിത്യത്തിൽ ഇവനെ ജയിക്കത്തക്ക ഒരു കശ്മലൻ ഇല്ലെന്നു് ഖണ്ഡിതമായി പറയാം. ഒരാളുണ്ടെങ്കിൽ പൊടിയൻ—അതിവന്റെ പെരുത്ത ശിഷ്യനമാണു്. സത്യസന്ധൻ മണിയാകരനോ പരമദ്രോഹി മക്കോയിയൊ ആരു വിജയിക്കണം?

മക്കോയി വേലത്തറ വസ്തുക്കളുടെ ഏക അവകാശിയാണു്—മക്കോയിക്കു വിവാഹ ആലോചന ഒന്നിനു പുറകേ ഒന്നായി മലവെള്ളംപോലെ വന്നുകൊണ്ടിരിക്കുന്നു—അവന്റെ ഭാഷയിൽ പറഞ്ഞാൽ. സ്ത്രീകളെല്ലാം തന്റെ ഭാൎയ്യാപദത്തിനു കാംക്ഷിക്കുന്നെന്നാണു് കക്ഷിയുടെ ധാരണ. നോക്കുന്നവൎക്കൊക്കെ ഭയം ജനിപ്പിക്കുന്ന ആകൃതിയും, ആരിലും ശത്രുത്വം വളൎത്തുന്ന പ്രകൃതവും. കുന്നിൽ മൂപ്പിലയുടെ മകറം—സാറാച്ചിയെ ഇവനുമായി ബന്ധിക്കുന്നതിനു തീവ്രയത്നം നടക്കുന്നുണ്ടു്. സാറാച്ചി ബി. എ. ആകയാൽ അവളെത്തന്നെ വേളികെയ്യണം എന്നു് മക്കോയിക്കു് നിൎബന്ധമുണ്ടു്. ഇവർ തമ്മിലുള്ള വിവാഹം മാതാപിതാക്കറം ഉറപ്പിച്ചു. മനസ്സു ചോദ്യത്തിനു് മക്കോയിയും

സാറാച്ചിയും പള്ളിയിൽവന്നു. സാറാച്ചിയും മക്കോയി യുംതമ്മിൽ ആദ്യം കണ്ടുമുട്ടുന്നതിപ്പോഴാണു്. മക്കോ യിയെ കണ്ടു് സാറാച്ചി ഞെട്ടിവിറച്ചു. ഏങ്ങി ഏങ്ങി അവൾ കരയുവാൻ‌മാരംഭിച്ചു— വിദ്യാർത്ഥിനികാലത്തു് താൻ പ്രദർശിപ്പിച്ച തന്റെ പ്രസംഗചാതുര്യവും തോന്നിയാസങ്ങളും എവിടെ എന്നു സാറാച്ചിയോടു് അപ്പോൾ അവളെക്കൊണ്ടുന്ന ആരും ചോദിച്ചുപോകും ഇന്നു് അവൾ മക്കോയിയുടെ സമീപം കത്തനാരുടെ മുൻപിൽ പള്ളിയിൽ നിൽക്കുന്ന നിലകാണുമ്പോൾ.

തോബിയാസച്ചൻ—സാറാച്ചിയെ ഭാര്യയായി സ്വീകരി ക്കുവാൻ നിനക്കു് മനസ്സുണ്ടോ?

മക്കോയി—എനിക്കു മനസ്സാണു്.

തോബി:—മക്കോയിയെ ഭർത്താവായിം സ്വീകരിപ്പാൻ നിനക്കു മനസ്സാണോ— സാറാച്ചി പൊട്ടിക്കരഞ്ഞു. കുന്നിൽ മൂപ്പിലെ സമ്മതം മൂളാൻ മകളെ പ്രേരി പ്പിച്ചു. എനിക്കു കല്യാണംവേണ്ടാ — 'ഇയാളെ ഭർത്താവായി വരിപ്പാൻ എനിക്കു സമ്മതമില്ല' ഞാൻ മഠത്തിൽ പൊയ്ക്കൊള്ളാം— സാറാച്ചിയെ സമ്മതിപ്പിച്ചല്ലാതെ വീട്ടിലേക്കില്ലെന്നുള്ള മട്ടിൽ മക്കോയി നിന്നു. മനുഷ്യമുഖത്തു് ഞാൻ എങ്ങനെ നോക്കും ? എന്നു തന്നത്താൻ അവൻ ഉള്ളേ ചോദിച്ചു. അനുരാഗമാണെങ്കിൽ അതു് ഇരുവ ശത്തുനിന്നുംവേണം—വിവാഹവും ഇരുകൂട്ടർക്കും പരിപൂർണ്ണസമ്മതമുണ്ടെങ്കിലെ നടത്താവൂ. കുടുംബ സമാധാനത്തിനു് അത്യന്താപേക്ഷിതമായ ഒരു സംഗതിയാണിതു്. ഇക്കാര്യം മാതാപിതാക്കളും

യുവതീയുവാക്കളും നല്ലവണ്ണം ഗ്രഹിച്ചിരിക്കണം. ഒരുത്തി ഒരുത്തനെ വരിക്കണമെന്നു തീർച്ചചെയ്യുമ്പോൾ അവനതിനു മനസ്സില്ലെങ്കിൽ അപ്പോൾതന്നെ അവനെ അവൾ മറന്നുകളയണം. തൽക്കാലം ചില ചാഞ്ചല്യങ്ങളുണ്ടാകുമെന്നു ഞാനും സമ്മതിക്കാം. പിൽക്കാലം അതിലിരട്ടി ആനന്ദം തന്മൂലം സംജാതമാകും—ഇരന്നു പെണ്ണുനേടുന്ന സ്വഭാവം എനിക്കു ചിന്തിക്കക്കൂടി വഹിയാ. പ്രേരണചെലുത്തി, സ്വാധീനം പ്രയോഗിച്ച്, ഇരന്നപേക്ഷിച്ച്, അലട്ടിനടത്തുന്ന വിവാഹം നിറുത്തണം. നമ്മുടെ താൽക്കാലിക സുഖമേ നാം നോക്കുന്നുള്ളു. നമ്മുടെ ആദ്യന്തമുള്ള സുഖമാണു ദൈവത്തിന്റെ നോട്ടം. അതിനാൽ അദ്ദേഹത്തിന്റെ തിരുചിത്തത്തിനു നാം തല കുനിയണം. ഈവക യുക്തിവാദങ്ങളൊന്നും മക്കോയിയെ ഇളക്കുന്നില്ല. അവൻ സാറാച്ചിയെത്തന്നെ കെട്ടണമെന്നു തീർച്ചയാക്കി. കുന്നിൽ മൂപ്പിലയുടെ ഭീഷണികളിൽ കുടുങ്ങി ഒടുവിൽ സാറാച്ചി മക്കോയിയെത്തന്നെ ഭർത്താവായി വരിച്ചുകൊള്ളാമെന്നു സമ്മതിച്ച് അവർ തമ്മിൽ വിവാഹം നടന്നു. ഒരു കാലത്ത് പരദൂഷണത്തിൽ മാത്രം തടിച്ചുവളർന്നിരുന്ന അവൾ ഇന്നിതാ നർമ്മഭാഷണം കൊതിച്ച് വേലന്തരത്തെ വേലക്കാരിയായി കഴിയുന്നു.

കുന്നിൽ മൂപ്പിലെ:—എന്താമകളെ-നിനക്കു സുഖമില്ലേ?

സാറാച്ചി:—( ദീർഘമായി നിശ്വസിച്ചുകൊണ്ട് ) ഹാ! എനിക്കു സുഖമില്ലെങ്കിൽ മററാർക്കു സുഖമുണ്ട്.

ഇന്നീ ഭൂമിയിൽ ? എന്നെ എൻെറ അപ്പച്ചൻ ഒരു വള്ളക്കാരന് പിടിച്ചേൽപ്പിച്ചിരുന്നെങ്കിൽ — എന്നു് പറഞ്ഞും വാവിട്ടു നിലവിളിച്ചു.

ക. മൂ:—വേലന്മാരെ സുഖമില്ലെന്നോ — ഒരു ചെറുക്കെന്നെ ഉള്ളല്ലോ — പത്തു ലക്ഷത്തിനു് സ്വന്തും.

സാ:—നൂറു ചെറുക്കന്മാരുണ്ടെങ്കിലെന്താണു് ? എനിക്കപ്പച്ചൻ തന്ന ഭർത്താവു് നൂറെറാരുപേരിൽ മുൻപനാണു്. അപ്പച്ചൻ ദുര്യോധനനു എന്നെ വിറ്റു. പലപ്പോഴും ഞാൻ ഞെട്ടാറുണ്ടു് — ഈ ബന്ധ ഭാരത്താൽ —

ക. മൂ:—വള്ളക്കാരനായാൽ പട്ടിണി—

സാ:—അപ്പച്ചൻ മണ്ണു നോക്കിപ്പെണ്ണു കൊടുത്തു. ഇക്കഥ ചിന്തിപ്പാൻകൂടി ഞാൻ ആളല്ല. ദൈവമേ! ക്രൂരശത്രുക്കൾക്കുകൂടി ഇപ്രകാരമൊരു ഭർത്താവായി കൊടുക്കല്ലെ. ഭർത്താവിനെ ദുഷ്ടനെന്നു വിളിച്ചതിൽ ദൈവമെ എൻെറ അക്ഷമത നീ ക്ഷമിക്കണം. മരണംവരെ ഉണ്ണുന്ന ചോറു് കണ്ണീരിൽ നനച്ചുണ്ണണമെന്ന എൻെറ ശിരോലിഖിതം എന്നു തീരും.

ക. മൂ:—നീ കരയാതെ — മാത്തുണ്ണിയും മറവും ചാകുമ്പോൾ നീ ഉണ്ണുന്ന ചോറിൻെറ എണ്ണം നോക്കാനാരാണു് ? തവിയും കലവും നിനക്കപ്പോൾ സ്വാധീനമാകുമല്ലോ.

സാ:—എനിക്കു കരിഞ്ഞു് അപ്പച്ചൻ തന്ന ഭർത്താവാണു്. എനിക്കു കൂട്ടിനു് ഒരു ശിമയോനും നാളതുവരെ

കാണുന്നുമില്ല. വല്ല കയത്തിലും പോയി ഞാൻ കടിച്ചു ചാവാതെയുള്ളു് അമ്മ തന്ന കൊന്തയുടെ മന്ത്രശക്തികൊണ്ടുമാത്രം. ഗൽഗദസ്വരത്തിൽ വീണ്ടുമവൾ പറഞ്ഞു. 'ഞാൻ ഈ പറയുന്ന ഭാഗം അപ്പച്ചൻ ശ്രദ്ധിച്ചുകേൾക്കണം—എന്റെ അപ്പച്ചനോടുള്ള ഈ അഭ്യർത്ഥന പെൺമക്കളുള്ള സകല അപ്പച്ചന്മാരും ശ്രവിക്കേണ്ടതുമാണു്. എന്റെ അപ്പച്ചാ ഒരുമയോടുകൂടിയ കുടുംബജീവിതമാണു് ഒരു ചണ്ഡാലകുടിലിനെ അരമനയാക്കിത്തീർക്കുന്നതു്. അരമനവാസം ചണ്ഡാലകുടിലിനേക്കാൾ നികൃഷ്ടമാകുന്നതു് ഒരുമയില്ലാത്തുള്ള കുടുംബജീവിതത്താലാണു്. എന്റെ ഭർത്തൃഗൃഹവാസം എനിക്കു പാഷാണമാണു്. ഉൾക്കൂറില്ലാത്ത മക്കോയിയുടെ കൂടെ മനുഷ്യസ്ത്രീകളാരും ഒരു ദിവസംപോലും കഴിക്കയില്ല—എനിക്കതാ വരാനുള്ളതു വന്നു. വിദ്യാർത്ഥിനികാലത്തു് അനുരക്തരായ ഇരുയുവതീയുവാക്കളുടെ അനുരാഗത്തിൽ അനാവശ്യമായി തലയിട്ടു് യോഗ്യരവരെ അധമ്മതിച്ചപമാനിച്ചതാവാം ദാമ്പത്യജീവിതത്തിൽ എനിക്കീക്കെടാത്ത തീയു്. അവിവാഹിതരായ എന്റെ സോദരികളോടു് എന്റെ ദാമ്പത്യോപദേശം ഇത്രമാത്രം; മക്കോയിയെപ്പോലുള്ള ഒരു ദുഷ്ടനെ നിങ്ങൾ ഒരിക്കലും ഭർത്താവായി വരിക്കരുതു്.' വിളറിയ മുഖത്തോടും കുഴിഞ്ഞ കണ്ണുകളോടും കൂടി തത്ര നിലകൊള്ളുന്ന സാറാച്ചിയെക്കണ്ടാൽ ഭയം തോന്നും. സാറാച്ചിയുടെ ദുസ്സഹദുഃഖം മക്കോയിതന്നെ—അഥവാ ഭർത്തൃഗൃഹമാണു്. ഭർത്തൃ

ല്പോരു് നിവൃത്താൻ അവർ ഒട്ടു് അളുമല്ല. ഭർത്താ വിൻെറ ഹൃങ്കു് ഏതു ഭാഷ്യ തട്ടുകം ? മക്കോയിയെ പിടിച്ചുമത്താൻ സാറാച്ചി കച്ചകെട്ടി പഠിച്ചവളു ല്ലല്ലോ. ആദ്യം മനസ്സില്ലെന്നു പറഞ്ഞ പെണ്ണി നെത്തന്നെ കെട്ടിമണ്ണായി അവളെ അവൻ ചവുട്ടു ന്നതു നോക്കണം. കുടുംബജീവിതത്തിൽ നരകി ക്കുന്ന സാറാച്ചി കരഞ്ഞു് എല്ലാം തൊലിയുമായി, സ്വപിതാവിനോടു പററിച്ചേൻ നിൽക്കുന്ന തക്കംനോക്കി സ്വത്തു കണ്ടു പെണ്ണുവിൽക്കുന്ന കുന്നിൽ കുയ്യപ്പി മുതലായ മൂത്ത മുതലാളിമാരോ ടു് എനിക്കല്ലാം പറവാനുണ്ടു്. സാറാച്ചിയുടെ ഭർത്തൃഗൃഹവാസം എന്നാളും ആഴമായി നിങ്ങളുടെ ചങ്കിൽ തറക്കണം. കണ്ണുതുറന്നു നിങ്ങളവളെ നോക്കുവിൻ. കണ്ണീരോടുകൂടി നിങ്ങളും അവളു ടെ അലച്ചിലിൽ ഭാഗഭാക്കാകണം. പണക്കൊഴു പ്പുനോക്കിമാത്രം വിവാഹം നടത്തിയാൽ വന്നുകൂടു ന്ന നിത്യനരകം നിങ്ങളെന്തുകൊണ്ടു് വീക്ഷിക്കു ന്നില്ല ? ഒരു സ്ത്രീക്കു് പതിപാവനസത്തു് അവ ളുടെ ഭർത്താവാണെന്നു് എന്നു നിങ്ങൾ മനസ്സിലാ ക്കും ? ധനംമാത്രം നോക്കി പിഞ്ചുപെണ്ണുങ്ങളെ വില്ക്കുന്ന പതിവു നിവൃത്തണമെന്നു് ഓരോ സമുദാ യത്തിലുമുൾപ്പെട്ട മുതലാളിമാരോടു് ശക്തിയുക്തം അഭ്യർത്ഥിക്കുന്നു. അവർ അവളുടെ ദൈവത്തോടു ള്ള അർത്ഥന ഞാൻ രേഖപ്പെടുത്തും. 'ശ്രീയേശു ദേവാ എൻെറ പ്രാണൻ പണത്തിനപ്പൻ വിററി രിക്കയാണു്. അങ്ങു് ഗദ്സെമേനിൽ എന്നവണ്ണം ഞാൻ ഇതാ വേദനതറ കഴിച്ചുകൂട്ടുന്നു. സാത്താനെ

എനിക്കു ഭർത്താവായിത്തന്നിട്ടുണ്ടു്. ഒരിക്കൽ കൂടി കൈയ്പു നിറഞ്ഞ ഈ കാസാപാനം ചെയ്‌വാൻ ഞാൻ ആളല്ലതന്നെ. ദൈവതിരുചിത്തം നിറവേറട്ടെ. എന്റെ ജീവിതം ഇങ്ങനെ പാഴായെങ്കിലും എന്നെപ്പോലെ മറെറാരുത്തിക്കു് ഇതുപോലൊരു ഭർത്താവിനെ കിട്ടാൻ നീ ഇടയാക്കാതിരിക്കണം'. സാറാച്ചിയോടും അവളെപ്പോലെ കരഞ്ഞു കഴിയുന്ന മററു സ്ത്രീകളോടും ഒരു വാക്കു് എനിക്കു പറവാനുണ്ടു്. സ്ത്രീ നീ സഹനമാണു്. ദൈവത്തിൽ ആശ്രയിച്ചു് അടിയുറച്ച ഭക്തിയോടുകൂടി—ഭർത്താവു് എത്ര ദുഷ്ടനായാലും അവനെ സ്നേഹിച്ചു് സേവിക്കണം. അവന്റെ മനസ്സു് തിരിവിനായി പരമകാരുണികനായ ദൈവത്തെ നീ പ്രാർത്ഥിക്കണം. അങ്ങനെ എങ്കിൽ ഏതു ദുഷ്ടനും ശിഷ്ടനായിത്തീരും-തീർച്ച-ദൈവശക്തിയാൽ-മാത്രമല്ല തേൻ കുടിക്കണമെന്നാഗ്രഹിക്കുന്നവർ തേനീച്ചയുടെ കുത്തുകൊള്ളുന്നതിനും തയ്യാറായിരിക്കണം.

കല്ലുരുടെ സോദരിയാണു് കളിന്ദിനി. അവളുടെ ചരിത്രം നാം അറിഞ്ഞിരിക്കണം. കളിന്ദിനിക്കു് മുപ്പതു വയസ്സു് പ്രായമുണ്ടു്. മലങ്കര മുഴുവൻ അറിയപ്പെടുന്ന ഒരു കലടയാണീ മുണ്ടി. ഏതു പുരുഷനെയും പാട്ടിലാക്കാനുള്ള പാടവമവൾക്കുണ്ടു്. തങ്ങളുടെ ഭർത്താക്കൾ ആരും ഇവളുമായി കണ്ടുമുട്ടാതിരിപ്പാൻ ഗുണവതികളായ കുടുംബിനികൾ സദാ പ്രാർത്ഥിച്ചുമിരുന്നു. വലവായാണു് കളിന്ദിനിയുടെ വലത്തുകൈയ്. മണിയാകാരന്റെ പ്രസംഗം കേട്ടു് മതിമറന്ന കളിന്ദിനിക്കു് അദ്ദേഹത്തിൽ ജനിച്ച ആകാംക്ഷ കളിന്ദിനി വലവാ

യിൽ നിന്നും മറച്ചിരുന്നു. പ്രസംഗാനന്തരം മണിയാകരനെ നേരിട്ടു കണ്ടു് പ്രശംസിച്ചു പിരിഞ്ഞവരിൽ ഒരാൾ കളിന്ദിനിയാണു്, ആകാരഭംഗിയെപ്പററിയാണു് അവൾ കൂടുതൽ സ്തുതിച്ചു പറഞ്ഞതു്. തന്റെ അംഗലാവണ്യത്തെ സൂചിപ്പിച്ചു് പറഞ്ഞ കളിന്ദിനീവചനങ്ങൾ സൂചിമുനപോലെ തന്നിൽ തട്ടിത്തന്നെ വേദനിപ്പിച്ച വാസ്തവം അദ്ദേഹം അവളെ അറിയിച്ചില്ല. കളിന്ദിനിയുടെ സ്നേഹസല്ലാപങ്ങളിൽ തെല്ലും അഭിനിവേശമില്ലാതെ മണിയാകരനവളെ പറഞ്ഞയച്ചു. മണിയാകരൻ, തന്റെ മിരട്ടുവിദ്യകളിൽ കുടുങ്ങായ്കയാൽ വൈരാഗ്യത്തോടുകൂടി കളിന്ദിനി സ്ഥലം വിട്ടുന്നു. കല്ലറെ കണ്ടു് മണിയാകരനെപ്പററി ആ കള്ളശ്ശുപ്പണഖ പറഞ്ഞുകേൾപ്പിച്ച കള്ളക്കഥകൾ എത്ര ശോചനീയം—ജീവിതം ഏകാന്തതയിൽ കഴിക്കുന്നതു് നന്നല്ലെന്നു അവൾ തീർച്ചയാക്കി, വലവായെ മുറുകെ പിടിച്ചു. നാം ആശിക്കുന്ന ഇണയെ കിട്ടാത്തപക്ഷം ജീവിതം മുഴുവൻ ഏകാന്തതയിൽ കഴിക്കുന്നതു് മൗഢ്യമാണെന്നാണു് അവളുടെ മതം.

'ആകാശമാർഗ്ഗേ വിലസുന്ന ചന്ദ്രൻ
മനോരഥത്താൽ വരുമോ കരത്തിൽ'
അസാദ്ധ്യമായുള്ളതിനാശവച്ചാൽ
ദുഃഖിക്കയെന്യേ ഫലമൊള്ളു ദോഷാ!'

ആശിക്കുന്നവരെ കിട്ടാതെ നിരാശയിൽ കഴിയുന്നവർ ഇക്കാലങ്ങളിൽ ചുരുക്കം. വിധിച്ചതേ ലഭിക്കൂ. നിരാശകൊണ്ടു് എന്തു ഫലം.

താമസംവിനാ കളിന്ദിനി നീണ്ടൂർ (ഏറ്റുമാനൂരിനു സമീപം) വാസമായി. മക്കോയിയെ കണ്ട ഉടനെ അവന്റെ ദുർഗ്ഗുണങ്ങൾ ഗ്രഹിച്ചതിനാലാണു് സാറാച്ചിക്കു് അവനെ ഭർത്താവായി വേണ്ടെന്നു പറഞ്ഞതു്. സാറാച്ചി ഗുണവതിയാണെന്നു് അവളെ കണ്ടക്ഷണം മക്കോയി ഗ്രഹിക്കയാലാണു് അവളെത്തന്നെ വേൾക്കുന്നതിനു് അവൻ ശ്രമങ്ങൾ തുടർന്നതു്. ദുർവൃത്തൻ ഭർത്താവിനു് പതിവ്രത ഭാര്യ. ദുഷ്ടൻ മക്കോയിക്കു സാധു സാറാച്ചി. ജോൺ കാൽവിനോടൊപ്പം സാറാച്ചി വിധിയെ പഴിച്ചു കഴിയുവാൻ കാരണം ഇതാണുതാനും. നീണ്ടൂർ പാലത്തുരുത്തു് വിലയ്ക്കുവാങ്ങി വേലന്താവക ഒരു കെട്ടിടമവിടെ തീർത്തു് അതിൽ കളിന്ദിനി വാസമാക്കി. ഇവിടെ ഒരു ഭയങ്കര ഗുഹയുമുണ്ടു്.

---

## അദ്ധ്യായം ൫൪

# മാത്തുണ്ണി

---

മോഹാലസ്യപ്പെട്ട മാത്തുണ്ണിയെ നമുക്കു സന്ദർശിക്കാം. അയാളുടെ ആലസ്യമറിഞ്ഞു ആളുകൾ ഓടിക്കൂടി. മാത്തുണ്ണിയുടെ ദീനം കരയ്ക്കാകമാനം ദീനമായെന്നപോലെ തോന്നി. ഇന്നത്തെ കടമാളൂർ—മാത്തുണ്ണിയാണതു്. പത്തുലക്ഷത്തിനു സ്വത്തുള്ള ഇയാളെ പത്തുനൂറാളുകൾ പരിചരിക്കണം. യജമാനനോടുള്ള പ്രീതി

മുഖമല്ല ഭൃത്യന്മാർ മാറി മാറി മാത്തുണ്ണിയെ പരിചരി ക്കുന്നതു്. അയാൾ ദുഷ്ടനാണെന്നു എല്ലാവക്കമറിയാം. അല്ലൽകാട്ടി വയറു കഴിയണമെന്നേ വേലക്കാക്കു് മോ ഹമുള്ളു. ഭൃത്യജോലി അപമാനകരമല്ല. എന്നാൽ വേലന്തറത്തെ വേലക്കാരിൽ പൊന്തിനിന്ന ദാസ്യ മനഃസ്ഥിതി വജ്ജനീയമാണു്. ആത്മാഭിമാനം മുതലാ ളിക്കെന്നപോലെ തൊഴിലാളിക്കും അത്യാവശ്യമാണു്. മനുഷ്യരെ മിക്കവാറും പരിതസ്ഥിതികൾ നിയന്ത്രിക്കു ന്നതായി കാണാം. നാട്ടിൻ പുറങ്ങളിലുള്ള ജന്മികൾ മിക്കവരും ഉമ്മനെപോലുള്ള പരിചാരകരുടെ തണ ലിൽ ധനികരവർ വഷളാകുന്നുണ്ടു്. മാത്തുണ്ണിയെ കണ്ടാലുടൻ ഉമ്മൻ രണ്ടാംമുണ്ടു് മടക്കി കക്ഷത്തിൽ വച്ചു് വായ്പൊത്തി പതുങ്ങിനിന്നു് കാൎയ്യങ്ങൾ പറ യും. എന്തിനു് ചുരുക്കത്തിൽ ഉമ്മൻ വേലന്തറ ജോ ലിത്തലവനായിത്തീൎന്നു. കുടിയിടയിലുള്ള മിക്ക ജനങ്ങ ളും ഹൈഡ്പാക്കിനു് (Hyde Park) അപ്പുറം—കുട്ടി നവെളിയിൽ ലോകമില്ലെന്നു പുലമ്പുന്ന കരുവികളാ ണു്.

തന്നത്താൻ അറിയുക അത്ര എളുപ്പമല്ലതു്. സ്വ യം അഭിമാനിക്കുന്നതിൽ നിന്നും നിർവൃതി നേടുവാൻ മഹാന്മാൎക്കുപോലും സാദ്ധ്യമാവാത്തതിനു കാരണമിതാ ണു്. ഇതു കേവലം മനുഷ്യചാപല്യമെന്നേകരുതേണ്ടു. ആത്മപ്രശംസ ചെയ്യാത്തവർ ചുരുക്കം. ബുദ്ധിമാന്മാർ ഉത്തമത്തിലെന്നു വരാം. സംപൂൎണ്ണമായി ഇതിൽനിന്നും അകന്നു നിൽക്കുന്ന ആരേയും ഞാൻ ഒട്ടു കാണുന്നുമി ല്ല. തികഞ്ഞ മനസംസ്കാരമുള്ളവർപോലും ആത്മ

പ്രശംസയിൽ തല്പരരെന്നു കാണാം. നമ്മിലുള്ള ഗുണങ്ങൾ മതിക്കേണ്ടതു് അന്യരാണു്. നാമല്ല. എന്നിരിക്കിലും തന്നിൽ തന്നെ ഒരു വിശ്വാസം, മതിപ്പു് ഏവൎക്കും അത്യന്താപേക്ഷിതമായതാണു.

ധനവാന്റെ വാതുക്കൽ ദാസൻ ദീർഘനിദ്ര ചെയ്യണം. എങ്കിലേ അവനു് അവന്റെ വയറുപോററാൻ മാർഗ്ഗമുള്ളു. സ്വാധീനശക്തികളെ കൊന്നുവേണം യജമാനപ്രീതി സമ്പാദിപ്പാൻ. സ്വതന്ത്രനായിപ്പിറക്കുന്ന മനുഷ്യൻ ഇങ്ങനെ അടിമയാകുന്നു. ഈ ദുശവേലകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് കൂലിക്കാരുടെ ഇടയിൽ നിർബന്ധിതവിദ്യാഭ്യാസം പ്രചരിപ്പിക്കണം. വാദ്ധ്യയും ഉപജീവനമാൎഗ്ഗങ്ങളുമില്ലാതെ വലയുന്ന കൂലിക്കാരിൽ നാം അനുകമ്പ കാട്ടണം. വേലന്തരത്ത ജോലിക്കാരിൽനിന്നും വിഭിന്നമല്ല ഇൻഡ്യയിൽ എവിടേയുമുള്ള ജോലിക്കാരെല്ലാം. ദാസ്യമനസ്ഥിതി ഇൻഡ്യൻകൂലിയുടെ പൊതുസ്വത്താകയാൽ, സാധുജനപരിപാലനസംഘമോ, കൂലിവേലസംഘമോ രൂപീകരിച്ചു തൊഴിലാളികളുടെ ഇടയിൽ യോജിപ്പും ഐശ്വൎയ്യവും വളൎത്തേണ്ട കാലമാണിപ്പോൾ. കൂലികൾ നിങ്ങൾ സംഘടിക്കണം. സാധുക്കൾ നിങ്ങൾ പ്രയത്നിക്കണം. കൃഷിക്കാർ നിങ്ങൾ ശാസ്ത്രരീത്യാ കൃഷി നടത്തണം. കച്ചവടക്കാർ നിങ്ങൾ അമിതലാഭം ഇച്ഛിച്ചുകൂടാ. മുതലാളി മാരുണ്ണി കേൾക്കണം, മനുഷ്യൻ സ്വാതന്ത്ര്യനായി പിറന്നവനെന്നു. നാം കാണുന്നു മനുഷ്യരെ അടിമകളായി ഇന്നു്. മറക്കണം മനുഷ്യർ തങ്ങളുടെ മന്ദിച്ച ജീവിതം—ഏവം ഉറക്കട്ടെ തൊണ്ട അലറിക്കരവാൻ—വിറക്കട്ടെ ലോകം ദാസ ആർപ്പുകൾ കേട്ടു് — ധന്യർ ധരിക്കട്ടെ

വേലകളുടെ ആവലാധികളെല്ലാം കാക്കട്ടെ. ശ്രീദേവി മനുഷ്യരായി നിങ്ങളെ—വളർത്തട്ടെ ലോകം നിങ്ങളെ മക്കളെന്നോണം—ഉണരട്ടെ ഉണരട്ടെ കൂലിക്കാരെല്ലാം. തകരട്ടെ തകരട്ടെ ധനവാൻെറ മൂഢത്വം—കാണട്ടെ കാണട്ടെ ദീനദയാലുത്വം—ഏവം തംഴട്ടെ തംഴട്ടെ മാത്തുണ്ണിരാദികൾ! മോഹാലസ്യത്തിൽനിന്നും ഉണർന്ന മാത്തുണ്ണി, വീരവാദന് ആളയച്ചുവരുത്തി. ജനാർദ്ദനൻ പിള്ള എന്നാണ് അവൻെറ പേരെങ്കിലും വീരവാദൻ എന്നു പറഞ്ഞെങ്കിലെ ലോകരറിയൂ. വർഗ്ഗീയ പ്രാതിനിധ്യം പൗരസമത്വം മുതലായ വിവാദവിഷയങ്ങളിൽ വീരവാദൻ മനഃപൂർവ്വം മൗനമാചരിക്കുന്നതു മാത്തുണ്ണിയുടെ കണ്ണിൽ മണ്ണിടാനാണ്.

മാത്തു:—എനിക്കല്പം ആശ്വാസം തോന്നുന്നു—വ്യസനവേളയിൽ ഇഷ്ടജനസഹവാസം ആവശ്യമാണ്. താൻ എന്തു പറയുന്നു? ആ സാധു കേവലം ഒരു സാധുവോ?

വീര:—ഇന്നത്തെ പത്രം കണ്ടില്ലേ? വർഗ്ഗീയ വൈരം നാട്ടിൽ വളർത്തുന്നതു—തൊഴിൽ ശൂന്യരായ ചില ക്രിസ്ത്യയ യുവാക്കന്മാരാണെന്നു്.

മാത്തു:—കടുംബവസ്ഥ വിററു പഠിച്ചു വന്നാൽ നാട്ടിനു് ഗുണമെന്താണു്? ജാതി മത മര്യാദകളൊന്നും നോക്കേണ്ടതല്ലെന്നും പെണ്ണിനും ചെറുക്കനും ഇഷ്ടംപോലെ വിവാഹം നടത്താമെന്നും.

വീര—വർഗ്ഗീയവൈരം നശിപ്പിപ്പാൻ വിജാതീയ വിവാഹം അത്യാവശ്യകരണീയമാണു്. അതു കൊണ്ടാണു് ഒരു കൊങ്ങിണി സ്ത്രീയെ ഞാൻ വേളികഴിച്ചതു് എൻെറ സ്ത്രീ ശ്രീയുള്ളവളാണു്. എല്ലാ കൊങ്ങി

ണ്ണിച്ചികളും അവളെപ്പോലെ ആയിരിക്കുമെന്നു ശഠിച്ചുകൂടാ.

പൌരസമത്വം കൊടുമ്പിരിക്കൊള്ളുന്ന നാളുകളാണിന്നു്. നാം ഒരു സമുദായത്തിന്റെ പുഷ്ടിക്കുവേണ്ടി മാത്രം ത്യാഗം സഹിച്ചാൽ പോരാ. ഇന്നത്തെ ഇൻഡ്യയിൽ അതിനു വിലയുമില്ല. എല്ലാ സമുദായങ്ങൾക്കുവേണ്ടിയും ത്യാഗം നാം സഹിക്കണം. ഇൻഡ്യയുടെ ഐക്യമായിരിക്കണം നമ്മുടെ നേതാക്കന്മാരുടെ നോട്ടം. സ്വസമുദായത്തിന്റെ ഉയർച്ച താഴ്ചകളായിരിക്കരുതു്. ഇതാണു് യഥാർത്ഥ രാജ്യസേവനം. രാജ്യഭാരം വീതമിടാൻ മി. ജിന്നായും ഗാന്ധിജിയുമായി നടക്കുന്ന ഇന്നത്തെ വിലപേശലിൽ-മി. ഗാന്ധിയെ ഹിന്ദുനേതാവായും മി. ജിന്നായെ മുസ്ലീം നേതാവുആയും മാത്രം കാണുന്നതിനേ പ്രായോഗികചിന്തകന്മാർക്കു് സാദ്ധ്യമാവൂ. രണ്ടു വൻസമുദായ നേതാക്കന്മാരായി ലോകമവരെ സ്വീകരിക്കുന്നതു വാസ്തവം. ഐക്യഭാരതത്തിനാവശ്യമുള്ള രണ്ടു് ഇൻഡ്യൻനേതാക്കളായി അവരെ സ്വാഗതം ചെയ്‌വാൻ നാളത്തെ ഇൻഡ്യാ തയാറാകുമെന്നു് ഞാൻ കരുതുന്നില്ല. ഇൻഡ്യയുടെ ഐക്യത്തിനു് ഗാന്ധിജിമാത്രം ത്യാഗം സഹിച്ചുകൊണ്ടായില്ല. ഗാന്ധിസമുദായം മുഴുവൻ മുന്നോട്ടുവന്നു് ത്യാഗങ്ങൾ തുടങ്ങണം. ഭൂരിപക്ഷസുഖമാണു് സുഖം. ന്യൂനപക്ഷം ന്യൂനപക്ഷമാകയാൽ മിണ്ടിക്കൂടെന്നുള്ള ഇന്നത്തെ കോൺഗ്രസ്സ് നയം ഇൻഡ്യൻ നയമായി വ്യാഖ്യാനിച്ചു പൊക്കിച്ചുകാട്ടി, മുസ്ലീം മുതലായ ഇതര സമുദായങ്ങളെ വിരട്ടി ഭരിക്കാമെന്നു് ഇനിയെങ്കിലും

എന്റെ ഹിന്ദുസോദരങ്ങൾ കരുതാതിരിക്കണം. സ്വയംഭരണത്തൃഷ്ണ ഭൂരിപക്ഷസമുദായങ്ങൾക്കു മാത്രമല്ലുള്ളതു്. എല്ലാ വിഭാഗങ്ങൾക്കും വ്യക്തികൾക്കും വായും വയറുമുണ്ടെന്നും വിശപ്പും ദാഹവും ഊണും ഉറക്കവും ഓരോ മനുഷ്യരിലും നാം കണ്ടുവരുന്നതാകയാൽ അതിനുള്ള സൗകര്യം ഓരോരുത്തർക്കും അനുവദിക്കുന്ന ഒരു ഭരണരീതി കൈക്കൊള്ളണം. അതല്ലാതെ കേവലം ഭൂരിപക്ഷത്തണലിൽ നിന്നുകൊണ്ടു് സ്വാതന്ത്ര്യം നേടി ന്യൂനപക്ഷങ്ങളെ കുതിരകയറാൻ—അടിമകളാക്കാനുള്ള ഉന്നതത്തെ നേതൃത്വം, ചിന്താശീലരും പ്രവർത്തിതല്പരരുമായ എന്നെപ്പോലുള്ള യുവത്വം സ്വീകരിക്കുന്നതല്ല. സ്വീകാര്യവുമല്ല. ആത്മാഭിമാനം നേതാക്കന്മാർക്കു പാടുള്ളു—ഭൂരിപക്ഷത്തിന്നേ അവകാശപ്പെടാവൂ എന്നു പ്രചരണം നടത്തി അവഹേളിതർ നാം എന്തിനാകിത്തീരണം. ഇതല്ല നിഷ്പക്ഷ രാഷ്ട്രീയനേതൃത്വം. ഇക്കാരണത്താൽ മി. ജിന്നായെ അകാരണമായി പഴിക്കുന്നതിന്നൊ, മി. ഗാന്ധിയെ അനാവശ്യമായി സ്തുതിക്കുന്നതിന്നൊ കാരണം ഞാൻ കാണുന്നില്ല. വ്യക്തിപരമായ ബഹുമാനം ഇവരോടു് എനിക്കില്ലെന്നു് ഇതിൽനിന്നും വായനക്കാരെന്നെ തെറ്റിദ്ധരിക്കയുംവേണ്ട. എന്റെ നോട്ടം ഗാന്ധിജിയുടെ നേതൃത്വത്തിൻ കീഴിൽ ഇൻഡ്യ ഹിന്ദുക്കളാൽ ഭരിക്കപ്പെടണമെന്നല്ല. എന്റെ ഇഷ്ടം. മുസ്ലിം ഇൻഡ്യയെ മി. ജിന്നാ ഭരിക്കണമെന്നുമല്ല. ഒരുമനിറഞ്ഞ ഭാരതം ഒരുഭാരതീയനാൽമാത്രം ഭരിക്കണമെന്നാണു് എന്റെ ഉന്നം. അകത്തും പുറത്തും സമാധാനം വളർത്തി ലോകസമാധാനം പുലർത്താൻമാത്രം—കുരിശിലെ ഭൃത്യാ നടത്താൻ

മാത്രം—സീസർ, മരണം പഠിപ്പാൻ മാത്രം—ക്രൈസ്ററിന്റെ മരണം തുടങ്ങാൻ മാത്രം—മന്നാ ഭൂമിയിൽ വിതറാൻ മാത്രം—ഭിന്നിപ്പൊക്കെത്തകക്കാൻ മാത്രം—ഒന്നിപ്പിങ്ങനെ വളർത്താൻ മാത്ര —സ്നേഹിച്ചിങ്ങനെ കഴിവാൻ മാത്രം—മേളിച്ചാരും വസിപ്പാൻ മാത്രം—മന്ത്രം നമ്മെ ഉടയ്ക്കാതിരിപ്പാൻ—തന്ത്രം നമ്മെ മയക്കാതിരിപ്പാൻ — ശത്രു നമ്മെ തുരത്താതിരിപ്പാൻ—ബാലൻ കെൽപുകളിങ്ങനെ ഒരുക്കുകമാത്രം.

മാത്തു—; ചെല്ലമ്മയും ലോനപ്പനുമായുള്ള കല്യാണം സ്വപ്നേപി ഞാൻ കരുതിയിരുന്നതല്ല. മണിയാകരനും നമുക്കെതിരായി മുന്നിട്ടിറങ്ങിയിട്ടുണ്ട്.

വീര:—എല്ലാം നശിച്ചാലും ഒരു കാശിനു മുതലു കൊടുക്കരുത്. മക്കോയി തിരിച്ചു വീട്ടെത്തി ഇരുട്ടറക്കുള്ളിൽ പ്രവേശിച്ച് പരിശോധിച്ചതിൽ ദാസമ്മത്തയേയോ നാരായണിയേയൊ കണ്ടില്ല. മാത്രമല്ല—കാവൽക്കാരൻ ഷായിക്കുന്ദുദി കണക്കെ ചത്തു മലർന്നു കടക്കുന്നതായും കണ്ടു. മൃതശരീരം മക്കോയ് ഊരി ആററിറീട്ടിയിൽ എറിഞ്ഞു. ഷായിക്കിനെക്കൊന്ന് നാരായണിയെ രക്ഷിച്ച ദാസമ്മെത്ത മക്കോയിയെ അത്യധികം അത്ഭുതപ്പെടുത്തി. ആ യുവാവിനോടുള്ള അവന്റെ കോപം വർദ്ധിച്ചു.

## അദ്ധ്യായം ൨൭

# ഒരു സന്ദർശനം

---

ഉറക്കമുണർന്നു് പുറത്തേക്കു വന്ന വീരവാദന്റെ കൈയിൽ ചാത്തു കത്തു കൊടുത്തു. കത്തിലെ താല്പര്യ പ്രകാരം ഉടൻ പുറപ്പെട്ടു. കരിപ്പുത്തോട്ടുവഴി നീണ്ടൂർ കമ്പനി വള്ളക്കടവിലെത്തി ഒരു കൊച്ചുവള്ളത്തിൽ കയറി നീണ്ടൂർപാലാത്തുരുത്തിൽ വന്നിറങ്ങി. വീരവാദൻ ആദ്യമായാണു് പാലത്തുരുത്തു് മാളിക കണ്ടതു്. മുകളിൽ ഒരു ചാരുവടിയുണ്ടു്. ഭൂമിക്കടിയിലുള്ള മുറികളിലേക്കുള്ള ഒരു പൂമുഖമാണതു്. അവിടെ കണ്ട ഭയങ്കരമനുഷ്യനെ കണ്ടു വിറച്ചു വീരവാദൻ, ചാത്തു തന്നെ ചതിച്ചതോ എന്നു സംശയിച്ചു. വീരവാദനെ നോക്കി വലവാ പറഞ്ഞു. 'ഞാൻ ചാത്തുവിനെ മക്കോയിൽനിന്നും രക്ഷിച്ചെടുത്തു. വലവായുടെ മുമ്പിലാണു് താൻ നില്ക്കുന്നതെന്നറിഞ്ഞ വീരവാദൻ തുള്ളപ്പനിക്കാരെപ്പോലെ വിറച്ചു. 'ഉള്ളറയിലേക്കു പോകാം.' എന്നു് പറഞ്ഞു് വലവായും കൂട്ടരും അപ്രത്യക്ഷരായി. ഭയാനകങ്ങളും വിസ്മയനീയങ്ങളുമായ മാർഗ്ഗങ്ങളിലൂടെ വീരവാദൻ വലവായെ അനുഗമിച്ചു. തന്നെ വലവാ കൊല്ലുമോ എന്നോർത്തു് നായർ മെഴു് മെഴു് വിയർത്തു. ചാത്തുവിനെ ഉല്ലുകനം കണ്ടതുകൊണ്ടോ ആചാരമര്യാദകളെല്ലാം വെടിഞ്ഞു് കൊങ്ങിണിച്ചിയെ വേൾക്കയാലോ എന്നുകൊണ്ടാണു് തനിക്കു് ആപത്തെന്നോർത്തു് വീരവാദൻ വട്ടം കറങ്ങി. ഭൂമിക്കടിയിലുള്ള ഒരു

വിലാസമുറിയിലവർ വന്നശേഷം. അവിടെക്കണ്ട മനുഷ്യൻ കള്ളനാണ്. വലവാ ആരെന്ന നായർ ഇനിയും ഗ്രഹിക്കാത്തതോർത്ത് ആ ദുഷ്ടൻ പൊട്ടിച്ചിരിച്ചു. താൻ കള്ളനും മററുമല്ലെന്നും വേലന്തറ മക്കോയിയാണെന്നും പറഞ്ഞു് വലവാ വേഷം മാറിയപ്പോഴാണ് വീരഭദ്രൻ ആളറിഞ്ഞത്, അവർ തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കാം.

മക്കോയി—നാം രഹസ്യമായി ഇന്നു് ഇവിടെ കൂടാൻ കാരണം പറയാം. നമുക്കു് മണിയാകരനെ എങ്ങിനെ എങ്കിലും ബ്രിട്ടീഷ് ഗവണ്മെൻറുമായി തെററിച്ചു് ജയിലിലാക്കുവാൻ ശ്രമിക്കണം. നിസ്സഹകരണയോഗത്തിലെ അയാളുടെ അദ്ധ്യക്ഷപ്രസംഗം തന്നെ നമുക്കതിനു വേണ്ടുവോളം മതി. ആ പ്രസംഗത്തിൽ സോവിയററു് ആദർശങ്ങളുണ്ടെന്നും ജനങ്ങളെ ഇളക്കി ബോൾഷെവിസം ഇൻഡ്യയിൽ നടമാടാതിരിപ്പാൻ ബ്രിട്ടീഷ് ഗവണ്മെൻറു് സത്വര നടപടികൾ നടത്തണമെന്നും ഇയാളെ ജയിലിലാക്കണമെന്നും കാണിച്ചു് അധികാരികൾക്കു കമ്പികളയക്കണം. എങ്കിൽമാത്രമേ സേലമ്മയിൽനിന്നും മണിയാകരനെ അകററി നിറുത്താൻ സാദ്ധ്യം ഞാൻ കാണുന്നുള്ളു.

വീര:—ഇദ്ദേഹത്തെ മുളയിൽത്തന്നെ അടിച്ചമർത്തിയില്ലെങ്കിൽ നാം മാത്രമല്ല ഇൻഡ്യയിൽ നമ്മെപ്പോലുള്ളവരൊക്കെ കുടുങ്ങും.

കള്ളി.—മണിയാകരനെ സേലമ്മയിൽനിന്നും തെന്നിമാററുന്നതിനു ഞാനൊരു മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടു്, അതനുസരിച്ചു ഞാൻ പ്രവർത്തിക്കാം—

ഇവിടെ ഒരു സംഗതി വിശദമാക്കാം. കളിന്ദിനി ഒരു കുലയാണെന്നകാര്യം സേലമ്മ ഗ്രഹിച്ചിട്ടില്ല. മണിയാകരനെ ദൂഷിച്ച് സേലമ്മയോടു പറവാൻ കളിന്ദിനിയെ മക്കോയി നിയോഗിച്ചിരുന്നു. വൈസ്രോയിക്കും മററും കമ്പി അടിപ്പാൻ ചാത്തു കമ്പി ആഫീസിലേക്കു പാഞ്ഞു. ചാത്തു ഓടുന്നതുകണ്ടു്, 'വണ്ണൻവാഴ കണക്കെ തടിച്ചൊരു പൊണ്ണൻ നായ്' അലറി കരയുത്തുടങ്ങി. ഭൂതാവേശനായ പട്ടിയുടെ കുരയെ തുടർന്നു മക്കോയിയും മററുമിരുന്നു രഹസ്യാലോചന നടത്തുന്ന മുറിയിൽ പെട്ടെന്നു് നമ്മുടെ ഭൂതം ചാടിക്കയറി. രാത്രിസമയം താൻ സഞ്ചരിക്കുന്നിടത്തെല്ലാം ഭൂതം തന്റെ നിഴലെന്നവിധം തന്നെ പിൻതുടരുകയാലാണു പകൽ സമയത്തിപ്പോഴും മക്കോയി ഈ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളതു്. പാലത്തുരുത്തു് ഭൂതപ്പിശാചുക്കളുടെ പാൻഡിമൊണിയം (Pande mon um) കേന്ദ്രമാണെന്ന വാസ്തവം—സേലമ്മയിൽ മന്മഥചിത്തനായ മക്കോയി മറന്നുപോയി. ഭൂതം ഗുഹയ്ക്കുള്ളിൽ കടന്നു് ആരെയോ ആരായുകയാണു്. മക്കോയി എവിടെ എന്നു് ഭൂതം അന്വേഷണമാണു്. മക്കോയി വീരവ്യാദന്റെ പിന്നിൽ ഒളിഞ്ഞുമറയുന്നു. നായർ ഭൂതവുമായി ഇടയുന്നതിന്നാദ്യമാണു്. വീരവാദൻ ഭൂതത്തിൽ നിന്നും രക്ഷനേടാൻ കൊങ്കണ്ണിഭാഷയിൽ ഏതോ ചില മന്ത്രങ്ങളെല്ലാം ഉരുവിട്ടു. ഭൂതം നായരെ പിടികൂടുന്നു—നായർ പിടയാതെ മക്കോയിയെ പിടിയുംകൂടി. ഓടി രക്ഷപെടാനൊരുമ്പെടുന്ന

കല്ലറെ മക്കോയിയും പിടുത്തമിട്ടു. ഇതെല്ലാം കണ്ടു ഭയന്നിളകിനിന്ന കള്ളിങ്ങിനി മിണ്ടാൻപോലും ത്രാണിയില്ലാതെ കാണപ്പെട്ടന്നെങ്കിലും ഒടുവിലവൾ രക്ഷസ്സായി വിളിതുടങ്ങി. ഈ മഹാദ്രോഹികളെ കൂട്ടത്തോടെ വഹിച്ചുകൊണ്ടു ഭൂതം ഗുഹാമുഖത്തു ഞൊടിക്കുള്ളിൽ വന്നെത്തി. അപ്പോഴേക്കും ഡാസ്മെത്താ വിനോദാർത്ഥം ഒരു ചെറുവള്ളത്തിൽ പാലത്തുരുത്തിൽ വന്നിറങ്ങി. ഡാസ്മെത്തയെ കണ്ടു് ഭൂതം അപ്രത്യക്ഷനാകുന്നു. കാരണം വിശദമാണല്ലോ.

മേൽവിവരിച്ച സംഭവങ്ങൾ നടന്നിട്ടു ദിവസങ്ങളിപ്പോൾ രണ്ടുമൂന്നായി. ഇത്രനേരവും ചിന്തയിലടിഞ്ഞിരുന്ന സേലമ്മ ഒടുവിൽ നേഴ്സിനെ വിളിച്ചു—വിളികേട്ടു തന്റെ അടുക്കൽ ഓടിവന്ന നേഴ്സുമായി സംസാരമാരംഭിച്ചു.

സേല:—അദ്ദേഹം എഴുതാമെന്നാണല്ലോ പറഞ്ഞിരുന്നതു്—എന്നിട്ടും ഒരു കത്തുപോലും കാണാതതതിൽ—

നേഷ്സ്:—എന്തു പറഞ്ഞാണു് അദ്ദേഹം പിരിഞ്ഞതു്? കൊച്ചമ്മയ്ക്കു് ഇത്ര വിഷാദമെന്തിനു്? അനുരാഗം ആനന്ദപ്രദമെങ്കിലും ആപൽക്കരവുമാണു് കൊച്ചമ്മ. മണിയാകരനെന്നു് കേട്ടാൽ കൊച്ചമ്മയ്ക്കു് സന്തോഷമേ സന്തോഷം. അദ്ദേഹം പിരിഞ്ഞാൽ ദുഃഖമേ ദുഃഖം. ഇതെന്താണു് കൊച്ചമ്മാ? എന്തിനു കൊച്ചമ്മാ ഇങ്ങനെ ദുഃഖിച്ചിരിക്കണം. കൊച്ചമ്മയ്ക്കു ദൈവം നന്മ വരുത്തും

കൊച്ചമ്മാ. കൊച്ചമ്മ സ്ത്രീകളിൽ വലിയവരം കൊച്ചമ്മാ.

മണിയാകരനെ ചിന്തിച്ച സേലമ്മ ദുഃഖിതയാകുന്നു. പ്രക്ഷോഭകരമായ ഭാവപ്പകർച്ച, ഹൃദയത്തിലൊന്നൊന്നായി പൊന്തിവരുന്ന കഠിന വ്യഥകളെ അമർത്തുന്നുണ്ട്. ചെല്ലമ്മ സമീപത്തുണ്ടായിരുന്നെങ്കിൽ എന്നോർത്തു, അവരം സ്വല്പമൊന്നു പുഞ്ചിരി തൂകി—അതും വളരെ ആയാസപ്പെട്ടിട്ട്. ആലസ്യാധിക്യത്താൽ ചാരുകസേരയിലേക്ക് വീണ്ടും കിടന്നവരം കൈകാലുകരം കടഞ്ഞു് ദീർഘദീർഘം നിശ്വസിച്ചു ഭാരം നിറഞ്ഞ തല വലത്തു തോളോടണച്ചു അവരം മന്ദിച്ചങ്ങനെ കിടന്നപ്പോരം ടപ്, ട്ടപ് എന്നു് കതകിൽ ആരോ തട്ടുന്ന സ്വരം കേട്ടു് ഞെട്ടിയുണന്നു. തന്നിക്കെതിരെ വന്നതു് കളിന്ദിനിയാണു്. മുഖപരിചയമുണ്ടെന്നല്ലാതെ കളിന്ദിനിയെപ്പററി സേലമ്മയ്ക്കു് അധികമൊന്നും അറിഞ്ഞുകൂടാ. സേലമ്മയുടെ സൗന്ദര്യസാമീപ്യത്തിൽ അവരം അമ്പരന്നു് നിന്നുപോയി. ഒരു സ്ത്രീക്കു് സഹിച്ചുകൂടാത്ത മഹാവ്യഥ മറെറാരു സ്ത്രീയുടെ സൌന്ദര്യമാണു്.

സേലമ്മ:—എനിക്കു് മിസ്സ് കളിന്ദിനിയുടെ മുഖം സുപരിചയമാണു്. നാം തമ്മിൽ സംസാരിക്കുന്നതു ഇ...ാദ്യമാണു്.

കളി:—ഞാൻ സേലമ്മയെപ്പററി പറഞ്ഞുകേട്ടിട്ടുണ്ടു്.

സേല:— എന്താ പ്രത്യേക കാര്യമെന്തെങ്കിലും പറവാനുണ്ടോ ?

കളി:—അവിടത്തെ ജീവൻ ആപത്തിൽ കുടുങ്ങാതിരിക്കാനാണു് ഞാൻ വന്നതു്.

സേല:—എന്താണു്? പറയണം.

കളി:—മണിയാകരനുമായി വേഴ്ചയുള്ള പക്ഷം ആപത്തിന്റെ വക്കിലാണു് ഭവതിയുടെ ഇന്നത്തെ നില.

'മണിയാകര'നെന്നു കേട്ട അക്ഷണം സേലമ്മ ഞെട്ടുന്നു. തന്റെ പ്രാണനാഥനെ മോഹിക്കുന്ന ഈ പെണ്ണു കലഃയോ എന്നു് സേലമ്മ സംശയിച്ചു.

കളി:—'അയാൾ ലണ്ടനിൽ വച്ചു് ഒരു ആംഗ്ലേയവനിതയെ കല്യാണം കഴിച്ച ശേഷമാണു് നാട്ടിൽ വന്നതു്.' തന്റെ കമിതാവു് വിവാഹിതനെന്നറിഞ്ഞപ്പോൾ വെടിയേററ പ്രാവുകണക്കെ സേലമ്മ നിലംപതിച്ചു. മണിയാകരനെ ഒന്നു ചുംബിക്കണമെന്ന കളിന്ദിനീമോഹം പകയായിപ്പകർന്നു. രാത്രി നീ എങ്ങനെ സൂര്യനെ ചുംബിക്കും? എന്തിനു് സൂര്യനു ചുംബനമേൽക്കണം? സേലമ്മ ഉണർന്നു.

സേല:—അദ്ദേഹത്തെപ്പററി പറയുന്നതൊന്നും വിശ്വസിക്കാൻ കാരണം ഞാൻ കാണുന്നില്ല.

കളിന്ദിനി നില്ക്കുന്ന തറ നീ സ്വയം മാന്തുന്നതെന്തിനു്? ചത്ത നീ എന്തിനു് ഇങ്ങനെ ജീവിച്ചിരിക്കണം. നീ ചാകാതെ ചത്തതെന്തിനെന്നോക്കണം. നീ ചത്തിട്ടും ചത്തില്ലെന്നെന്തിനു് ഈ തട്ടിപ്പു്? മുട്ടിന്മേൽനിന്നു നീ പ്രാർത്ഥിക്കണം സദാ. കളിന്ദിനി തെററുകളെയൊക്കെയും ഏററങ്ങുകേഴണം. ചങ്കം തുലച്ചോരം

വെന്തു നീ കേഴണം. പാപങ്ങളെല്ലാം വെറുത്തു നീ വാഴണം. മോഹങ്ങളെല്ലാം വെടിഞ്ഞു നീ പാടണം. ദൈവവുമായി നീ സമ്പർക്കമാകണം. മണിയാകരവൈരം തുടരാതിരിക്കണം. നാരായണി, പുത്രിയെ അന്വേഷിച്ചു മുറിക്കുള്ളിൽ വന്നു. അവർക്ക് ആനന്ദകരമായി ലോകത്തിൽ എന്തെങ്കിലുമുണ്ടെങ്കിൽ അതു് ദൈവമവർക്കു് നൽകിയിട്ടുള്ള പുത്രി സേലമ്മയാണു്. കളിന്ദിനി ലജ്ജിച്ചു് സ്ഥലം വിട്ടു. അവളുടെ പിന്നാലെ വിവശയായി സേലമ്മയും പടിവാതൽ വരെ അവളെ അനുഗമിച്ചു് തമ്മിൽ യാത്രപറഞ്ഞു് പിരിഞ്ഞു. ഇവിടെ ഒരു കാര്യം എടുത്തു് എനിക്കു പറവാനുണ്ടു്—അതായതു് ശത്രുവൊ മിത്രമൊ ആരുമാകട്ടെ ഒരാറം നമ്മുടെ വസതിയിൽ വന്നാൽ അവരെ നാം ഉപചരിക്കണം. ഒരു കാരണവശാലും അവരെ നിന്ദിച്ചു നാം അയക്കരുതു്. ദൈവമക്കറം നാം ആകയാൽ. പോസ്റ്റുമാൻ ചെല്ലമ്മയുടെ ഒരു കത്തു് സേലമ്മയെ ഏൽപ്പിച്ചു. മദ്രാസിലേയ്ക്കു തന്നെ ക്ഷണിക്കുന്ന കത്താണതു്. യാത്ര പുറപ്പെടാൻ തന്നെ അന്നവർ തീർച്ചയാക്കി. വ്യസനവേളകളിലെ ദേശാടനം മനശാന്തിക്കു് മഹത്തരമാണതാനും.

---

അദ്ധ്യായം ൨൩

# യാത്ര

പ്രഭാതത്തിൽ സേലമ്മ, എറണാകുളം തീവണ്ടി സ്റ്റേഷനിൽ വന്നെത്തി. എക്സ്പ്രസ് ട്രെയിനിൽ മദ്രാസിൻ യാത്ര പുറപ്പെട്ടു. തന്റെ കംപാർട്ടുമെൻറിൽ മിസ്സ് ഗ്ലോറിയാ കൂട്ടിനുമുണ്ട്. സേലമ്മയുടെ സന്തോഷം വർദ്ധിച്ചു. അവർ പെട്ടെന്നു മിത്രങ്ങളായി തീർന്നു—മിസ്സ് ഗ്ലോറിയാ മദ്രാസ് ഗവർണ്ണരുടെ പുത്രിയാണ്. സ്ത്രീകളെ മുൻനിറുത്തി ഇവർ തമ്മിൽ ഇംഗ്ലീഷിൽ സംഭാഷണമാണ്.

ഗ്ലോറിയാ:—ഇൻഡ്യ മുഴുവൻ ഞാൻ ചുററി സഞ്ചരിച്ചു. ഒടുവിൽ ഞാൻ സഞ്ചരിച്ച രാജ്യം ഭാരതമാണ്. അവസാനം ഞാൻ ദർശിച്ച പട്ടണം എറണാകുളവും. വിദ്യാഭ്യാസത്തോടുകൂടെ ലോകം ചുററിക്കണ്ടെങ്കിലേ പ്രായോഗികജ്ഞാനം നമുക്ക് സിദ്ധിക്കൂ. പാസ്സായെന്നറിയുന്നതിനു മുമ്പ് ജോലി അന്വേഷിച്ച് നടക്കുന്ന ഭാരതീയയുവതീയുവാക്കളേ ഇൻഡ്യയിലുള്ളൂ. സേലമ്മ യൂറോപ്പിൽ വന്നിട്ടുണ്ടോ?

സേല:—മദ്രാസിനപ്പുറം കണ്ടിട്ടില്ലാത്ത ഒരു കുഞ്ഞുപക്ഷിയാണു ഞാൻ. ഞങ്ങൾക്ക് അവസരങ്ങൾ കുറവാണെന്നു് മിത്രവും ഗ്രഹിച്ചിരിക്കാം.

ഗ്ലോ:—സേലമ്മ ലണ്ടനും മററും സന്ദർശിക്കാത്തതിൽ നഷ്ടം സേലമ്മക്കൊ ലോകത്തിനൊ എന്നു ഞാൻ സംശയിക്കുന്നു. ഭവതി ഒളിഞ്ഞു കഴിയേണ്ട ഒരാളല്ല. ലോകരുടെ മുൻപിൽ പ്രത്യക്ഷയായി ലോകക്ക് ഉത്തേജനം നൽകേണ്ട ഭവതി, ഇങ്ങനെ ഒളിഞ്ഞുകഴിയുന്നതു ലോകത്തിനൊരു പെരുത്ത നഷ്ടമാണ്. സേലമ്മെ, സത്യം ഞാൻ തുറന്നു പറഞ്ഞാൽ മുഖസ്തുതി എന്നു പറയരുത്. ലോകം മുഴുവൻ കണ്ട എനിക്ക് സേലമ്മ ഇന്നു ജീവിച്ചിരിക്കുന്ന സ്ത്രീകളിൽ ഏററവും സുന്ദരിയെന്നു സമ്മതിച്ചേ കഴിയൂ.

സേല:—പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച പല മഹതികളും എനിക്കു മിത്രങ്ങളുണ്ട്. മിക്കവാറും അവരെല്ലാം അവിവാഹിതരുമാണു്. വിവാഹജീവിതം കാംക്ഷിക്കുന്നവർ ഉപരിപഠനത്തിനായി വിദേശയാത്ര നടത്തുന്നതിനും മററും ഞാൻ എതിരാണു്. കുടുംബജീവിതത്തിന് അവശ്യം വേണ്ട ജ്ഞാനം സമ്പാദിപ്പാൻ ഇൻഡ്യയ്ക്കുള്ളിൽതന്നെ മാർഗ്ഗമില്ലാതില്ല.

ഗ്ലോറി:—അവിവാഹിതർ ഏകാന്തയാത്ര ചെയ്യരുതെന്നു പറയുന്നതെന്തു് ?

സേല:—വിവാഹം ഇച്ഛിക്കുന്നവർ അവരുടെ കാമുകനെ അനുയാത്ര ചെയ്യുന്നതു് കൂടുതൽ ആനന്ദപ്രദമാകയാൽ. ആവശ്യമെന്നു തോന്നിയാൽ ലണ്ടനിൽ പോയി പഠിക്കാൻ എനിക്കും സൗകര്യങ്ങളില്ലാതില്ല.

ഗ്ലോറി:—വിവാഹത്തിൻമുൻപ് യാത്ര നടത്തുന്ന യുവതികൾക്കുള്ള ദൂഷ്യം?

സേല:—ദാമ്പത്യജീവിതത്തിനും ചില ആദർശങ്ങളുണ്ടെന്നു സമ്മതിക്കുമൊ? ഉദാഹരണമായി അച്ചടക്കം (Modesty).

ഗ്ലോറി:—ആദർശമില്ലെന്നാരു പറഞ്ഞു? ജ്ഞാനസമ്പാദനം അച്ചടക്കത്തിനു തടസ്സമെന്നൊ?

സേല:—ഭാര്യാഭർത്താക്കൾ ഒന്നുചേർന്നു യാത്രചെയ്യുന്നതു് അഭികാമ്യമെന്നു സമ്മതിക്കുമോ?

ഗ്ലോറി:—സമ്മതിക്കാം. എങ്കിലും ഇവിടെയും എനിക്കു് അല്പം പറവാനുണ്ടു്. കല്യാണം കഴിഞ്ഞാൽ പഠിത്തത്തിലുള്ള ശ്രദ്ധ കുറയും—സ്വാതന്ത്ര്യവും നഷ്ടമല്ലെ?

സേല:—കുടുംബജീവിതമിച്ഛിക്കുന്നവർ സർവ്വകലാശാലകളിൽ യൗവ്വനം പാഴാക്കുന്ന പതിവു നിറുത്തണം. കുടുംബിനി ഗൃഹപരിസരങ്ങളിൽക്കഴിയേണ്ടവളാണു്—വിവാഹം കഴിഞ്ഞും വിദേശ വിദ്യാഭ്യാസത്തിനു് അയയ്ക്കുന്നതു് കഷ്ടാൽ കഷ്ടതരമാണു്. ഭാര്യയുടെ ശമ്പളം കൊണ്ടു കഴിയുന്ന ഭർത്താവു് കേവലമവൾക്കൊരു ചൊക്രാമാത്രം—സ്ത്രീകൾക്കും പുരുഷന്മാർക്കും ആദ്യന്തം ഒരേ രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്ന ഇന്നത്തെ വിദ്യാഭ്യാസരീതികളെ കഠിനമായി ഭത്സിക്കാതിരിപ്പാൻ കാരണം ഞാൻ കാണുന്നില്ല. ഫൈസ്ത്രക്കും വിദ്യാഭ്യാസം

സ്ത്രീകളെ സംബന്ധിച്ചിടത്തോളം പുരുഷന്മാരിൽ നിന്നും വിഭിന്നമായിരിക്കണമെന്നു് എനിക്കു നിർബന്ധമുണ്ടു്. ജീവിതം ഏകാന്തതയിൽ കഴിക്കാനാഗ്രഹിക്കുന്നവർ ഇഷ്ടാനുസരണം വിദ്യാഭ്യാസം നടത്തിക്കൊള്ളട്ടെ. ഇത്തരക്കാർ Florence Nightingale (ഫ്ളോറൻസ് നൈററിംഗേയിൽ) എന്ന മഹതിയെ മാതൃകയാക്കണം. ഇക്കാലത്തു് ഹോസ്പിററലുകളിൽ കാണപ്പെടുന്ന പാശ്ചാത്യസോദരികളെ (European nurses) കാണുമ്പോമ്പോളെല്ലാം പൌരാണിക റോമൻ വെസ്റ്റൽ കന്യകളുടെ ( Vestal virgins) കാര്യമോർത്തു് ഞാൻ ആനന്ദിക്കും. വൈദ്യപരിശീലനം, ശിശുപരിപാലനം, ഗൃഹഭരണം, പാചകപരിശീലനം, കുടിൽവ്യവസായം, സംഗീതം, നെയ്ത്തു്, തയ്യൽ, അദ്ധ്യാപകവൃത്തി, എന്നീ തുറകളിൽ നിപുണത സ്ത്രീകൾ സമ്പാദിക്കണം, ബിരുദം നേടിയിട്ടാവാം വിവാഹമെന്നു് സ്ത്രീകൾ കരുതിക്കൂടും. ഇന്നത്തെ യുവാക്കന്മാർ സ്ത്രീകളുടെ ബിരുദുകൾ വെറുക്കുന്നവരാണു്. വായ് നിറയെ ഡിഗ്രികളുള്ള സ്ത്രീകളെ അല്ല അവർക്കാവശ്യം. യൌവനയുക്തരായ യുവതികകളെയാണവരുടെ നോട്ടം. യൌവനം നശിച്ച സ്ത്രീകളല്ലവർക്കാവശ്യം. ചോരത്തിളപ്പും പ്രസരിപ്പുമുള്ള യുവതികളവരെ മത്തിണക്കി കുടുംബജീവിതത്തിൽ ഉയർത്തുന്നതു നാം കാണേണ്ടതാണു്. പാശ്ചാത്യയുവതികൾക്കുള്ള ശരീരരക്ഷ ഭാരതീയ സ്ത്രീകൾക്കില്ലാത്ത വാസ്തവം ഇവിടെ മറന്നുകൂടാ. ഭാര്യ ഭർത്താവിനടിമയായിക്കഴിയണമെന്നു ഞാൻ

ഇച്ഛിക്കുന്നില്ല. ഈ ദുസ്ഥിതി ഇൻഡ്യയിൽ നീങ്ങേണ്ടതാണ്.

ഗ്ലോറി:—വിവാഹത്തിൽ മാമൂലാരാധനകളൊന്നും ഞങ്ങൾക്കില്ല. (Courting) നടത്തി (അനുരാഗപരീക്ഷണം) അഭിപ്രായഐക്യം വളർത്തി വിവാഹത്തിലേർപ്പെട്ടും. Malthus theory ധനതത്വശാസ്ത്രപ്രചരണത്തോടുകൂടി മാൽത്തസ് മുതലായ പണ്ഡിതന്മാരുടെ വംശകോടികളിൽ വിരണ്ട് യുവതിയുവാക്കൾ സമ്പൽസമൃദ്ധി വന്നിട്ടാവാം വിവാഹമെന്നു കരുതി വിവാഹത്തീയതി നീട്ടിവയ്ക്കുന്നതു് ഇന്നത്തെ ലോകത്തു് എവിടെയുമുള്ള ഒരു ഫാഷനാണതു്.

സേല:—നിങ്ങളുടെ വിവാഹരീതി ഇൻഡ്യയിൽ പ്രചരിച്ചുകാണാൻ ഞാൻ അത്യന്തം ആഗ്രഹിക്കുന്നുണ്ടു്. പ്രണയത്തിൽ നിങ്ങളനുഭവിക്കുന്ന സാമൂദായിക സ്വാതന്ത്ര്യങ്ങളോർത്തു് പലപ്പോഴും ഞാൻ ആനന്ദിക്കാറുണ്ടെങ്കിലും, അതേ സ്വാതന്ത്ര്യം വിവാഹവിഷയത്തിൽ നിങ്ങൾ നിങ്ങളുടെ ചക്രവർത്തിക്കനുവദിക്കാത്തതു് ബ്രിട്ടിഷ് സാമ്രാജ്യത്തിനു് ഒരു തീരാകളങ്കമെന്നും ഞാൻ കാണുന്നുണ്ടു്. വിവാഹ വിഷയത്തിൽ മക്കടമൂഷ്ടി വളർത്തിപ്പോരുന്ന ധാരാളം ദുരാചാരങ്ങൾ ഇൻഡ്യയിൽ ഇന്നു് എവിടെയും കാണാം. പാശ്ചാത്യർക്കു് കുറഞ്ഞാൽ ഇരുപത്തിഅഞ്ചു വയസ്സു പ്രായമായിട്ടു വിവാഹാലോചന തുടങ്ങും. ഇൻഡ്യാക്കാരും ഇരുപത്തിഅഞ്ചുവയസ്സു കഴിഞ്ഞിട്ടാവാം

വിവാഹമെന്നു് ശാഠ്യം പിടിച്ചുകൂടാത്തതാകുന്നു. ഉഷ്ണമേഖലനിവാസികളായ നാം പാശ്ചാത്യരോടൊപ്പം തൊണ്ണൂറും നൂറും വത്സരങ്ങൾ ജീവിച്ചിരുപ്പാൻ കാലനെ സേവിക്കണം. ഭാരതത്തിൽ അറുപതും അറുപതഞ്ചുംവയസ്സിൽ കൂടുതൽ ജീവിച്ചിരിക്കുക സാധാരണമല്ലല്ലോ. ഭാരതീയ യൗവനം—അതിലും പ്രത്യേകിച്ചു് സ്ത്രീകളുടെ യൗവനം—നോക്കിനിൽക്കുമ്പോൾ മങ്ങിമറയുന്നതു കാണാം.

ശ്ലോ:—സർവ്വകലാശാലകൾ വിട്ടിറങ്ങുന്ന ഇൻഡ്യൻ വനിതകൾ അവിവാഹിതമായി സമുദായത്തിൻെറ ഉച്ചിയിൽ നിന്നിങ്ങനെ നൈരാശ്യം പകരാൻ കാരണമെന്തായിരിക്കാം?

സേല:—ഓരോരുത്തർക്കുമുള്ള കാരണം വ്യത്യസ്ഥമെന്നു വരാം. ഭാരതീയ യുവാക്കന്മാർ ഡിഗ്രികളെ പ്രണയിക്കുന്നില്ല. പ്രായം കുറഞ്ഞ തരുണികളെയാണവരുടെ നോട്ടം. പഠിച്ച പെണ്ണുങ്ങൾക്കു് ഭർത്താക്കന്മാരോടു്, പഠിപ്പു കുറഞ്ഞ പെണ്ണുങ്ങളോളം ഭക്തിയും സ്നേഹവും ഇല്ലെന്ന ഒരു ബോധം എങ്ങനെയോ യുവാക്കളിൽ കടന്നുകൂടിട്ടുണ്ടു്. അടുത്തുനടക്കുന്ന യുദ്ധംമൂലം പടിഞ്ഞാറും കിഴക്കുമൊക്കെ, ഇംഗ്ലണ്ടും അമേരിക്കയുമായാലും ശരിയെങ്കിലെന്നും—പ്രത്യുത സ്ത്രീകളും പുരുഷന്മാരും കീരിയും പാമ്പുംപോലെ തിരിഞ്ഞു പൊരുതത്തക്കവിധമാണു് വിദ്യാഭ്യാസമവരെ ആക്കിത്തീർത്തിട്ടുള്ളതു്. നവവർഷയൗവനം തികഞ്ഞ യുവതി ഒരുവളുടെ

വദനത്തിലെ പുഞ്ചിരി ഒന്നിനാൽമാത്രം ആകർഷിക്കപ്പെടുന്ന യുവാവുമായി ദാമ്പത്യത്തിലേർപ്പെടുന്ന യുവതികളിന്നു് ഭാരതത്തിൽ സുലഭമാണു്. വേദശാസ്ത്രങ്ങളിൽ നൈപുണ്യം സമ്പാദിച്ചവരേയും കീർത്തിമുദ്രകൾ ആർജ്ജിച്ചിട്ടുള്ളവരേയും കാംക്ഷിക്കുന്ന ചെറുപ്പക്കാർ ഇക്കാലങ്ങളിൽ ചുരുക്കം. ഏതൊരു സിംഹപുരുഷനെയും അടിപെടുത്താം പുഞ്ചിരി, സംസാരമാധുര്യം, വിജയം ശക്തി എന്നീ ഗുണങ്ങളുള്ള സ്ത്രീകൾ

ശ്ലോ;—രാജ്യഭരണത്തിൽ പുരുഷന്മാരോടൊപ്പം നമുക്കും പ്രാഭവമുണ്ടെന്നു നൂററാണ്ടുകളായി നമ്മുടെ കൊടിക്കീഴിൽ നടത്തപ്പെടുന്ന കുടുംബഭരണം ദൃഷ്ടാന്തമാണു്. രാജ്യഭരണത്തിൽ നമുക്കുള്ള കെൽപുകൾ വിദ്യാഭ്യാസത്താൽ വളർത്തേണ്ടതു് അത്യാവശ്യമല്ലേ ?

സേല:—നമ്മുടെ സ്വാധീനശക്തി എന്തുമാത്രം മഹത്തരമെങ്കിലുമവ നമ്മെ പുരുഷന്മാരാക്കുന്നില്ല. ധൈര്യം, സ്ഥിരത, ആർജ്ജവബുദ്ധി എന്നിവ പുരുഷന്മാർക്കുമാത്രമേ പാടുള്ളു എന്നും പറയുന്നില്ല. സൂര്യപ്രകാശത്താലാണു് ചന്ദ്രൻ പ്രശോഭിക്കുന്നതു്. പുരുഷധൈര്യത്താൽ വേണം അബലകൾ വിപരീതശക്തികളെ നേരിടാൻ. കർട്ടന പിന്നിൽനിന്നു് ഏതു രാജ്യവുമിന്നു് ഭരിക്കുന്നതു നാം ആണെന്നും ഞാൻ സമ്മതിക്കാം. എന്നാൽ നാടകത്തട്ടിൽ പ്രവേശിച്ചു നേരിട്ടു ഭരണം തുടങ്ങുന്നതിനുമുമ്പു നാം രണ്ടു പ്രാവശ്യമാലോചിക്കണം. അയോഗ്യനായ ഭരണതന്ത്രജ്ഞൻ മിക്ക

വാഹം അപൂർണ്ണനാണെന്നാണെന്റെ മതം. ശാന്തസംപൂർണ്ണമായ മനസ്സ് ഒരു ഭരണനേതാവിന് ഒഴിച്ചുകൂടാത്തതാണെങ്കിൽ—താദൃശസമാധാനം അദ്ദേഹമനുഭവിക്കണമെങ്കിൽ—സുകൃതമുള്ള ഒരു കുടുംബിനി അദ്ദേഹത്തിന്റെ തണലായിരിക്കണം. വിവാഹിതരല്ലാത്ത ഭരണനേതാക്കളെ ഞാൻ ദ്വണിപ്പിക്കുന്നെന്നാരും കരുതുകയും വേണ്ടാ. ഇക്കാരണത്താലാണ് സുകൃതമുള്ള സ്ത്രീ ഭർത്താവിന്റെ കിരീടമെന്നു പ്രവചിപ്പാൻ കാരണം. ഗൃഹഛിദ്രത്തിലാണ്ടു കഴിയുന്ന നേതാവ്, തന്റേടമായി രാജ്യഭരണം നടത്തുമെന്നു ഞാൻ വിചാരിക്കുന്നില്ല ഭാര്യാഭർത്താക്കന്മാർ തമ്മിൽ കുടുംബജീവിതത്തിലും പൊതുജീവിതത്തിലും പരസ്പരം ഒരു ധാരണയിൽ കഴിയേണ്ടതു് കുടുംബസമാധാനത്തിന് അത്യാവശ്യമാണ്. ഏതു രഹസ്യവും അതിലും കുടുംബജീവിതത്തെക്കുറിക്കുന്ന ഏതു രഹസ്യവും, ഒരിക്കലും പുരുഷൻ സ്ത്രീയിൽനിന്നും മറച്ചുകൂടാത്തതാകുന്നു. പരസ്പരമവർ രഹസ്യം കാത്താൽ പിന്നീട് ഇരുവർക്കുമതു് ആപൽക്കരമായിത്തീരാനെളുപ്പമുണ്ടു്. പൊതുജീവിതരഹസ്യങ്ങൾ പുരുഷൻ സ്ത്രീയെ അറിയിക്കണമെന്നു ഞാൻ ശഠിക്കയോ, അറിയണമെന്നു സ്ത്രീകൾ കൊതിക്കയോ പാടില്ല. പാടുള്ളിടത്തോളം രാജ്യകാര്യ രഹസ്യങ്ങളെ ഭർത്താവിൽനിന്നും ചോർത്താതിരിക്കയാണു് ഇരുകൂട്ടർക്കും നന്നെന്നും എനിക്കു തോന്നുന്നുണ്ടു്. മിക്കവാറും വെന്നുരുകുന്ന പുരുഷചിത്തത്തിന് ഭാര്യയുടെ സ്നേഹമസൃണങ്ങളായ വചനങ്ങൾ ആശ്വാസം

നൽകും, തങ്ങൾ രണ്ടും മാത്രമുള്ളപ്പോൾ പരസ്പരമവർ അവരുടെ പോരായ്മകളെപ്പററി ചർച്ച ചെയ്‌വാൻ മടിച്ചുകൂടാ. എന്നു കരുതി അവരും പറയുന്നതു മാത്രമാണു ന്യായമെന്നു തീർച്ചയാക്കി സ്ത്രീജിതനെന്നു പറയുവാൻ ഇടയാക്കയുമരുതു്. സംഗതികളുടെ ഇരുവശങ്ങളും മനസ്സിലാക്കി ബുദ്ധിപൂർവ്വം ഇരുവരും വഴങ്ങേണ്ടിടത്തു വഴങ്ങിയും പിണങ്ങേണ്ടിടത്തു പിണങ്ങിയും ജീവിച്ചെങ്കിലേ ദാമ്പത്യം ദാമ്പത്യമാകൂ. ചില്ലറ പിണക്കങ്ങൾ ദാമ്പത്യജീവിതത്തിന്റെ മാററു കൂട്ടുമെന്ന വാസ്തവം നാം വിസ്മരിച്ചുകൂടാ. ഇതിൽനിന്നും സ്ഥാനത്തും അസ്ഥാനത്തും പിണങ്ങിക്കഴിയണമെന്നാരും ഗ്രഹിക്കയുമരുതു്.

ഗ്ലോറി:— ചന്ദ്രനിലെ വെളിച്ചംപോലെ സ്ഥൈര്യം ധൈര്യം എന്നീ ഗുണങ്ങൾ സ്ത്രീകൾക്കു സ്വാധീനമല്ലെന്നും, അവ പുരുഷന്മാരിൽനിന്നും പ്രതിബിംബിക്കമാത്രമാണെന്നുമുള്ള സേലമ്മയുടെ വാദം ശക്തിയുക്തം ഞാൻ എതിർക്കുന്നു. Mary, Qreen of Scots — (സ്കോട്ട്ലണ്ടിലെ മേരി റാണി) ലോകൈകസുന്ദരി അവൾ ആപൽഘട്ടങ്ങളിൽ പുരുഷർപോലും ലജ്ജിക്കത്തക്ക ധൈര്യം പ്രദർശിപ്പിച്ച വാസ്തവം—അവളുടെ ജന്മശത്രു എലിസബെത്തു് റാണിപോലും ഉശൈചസ്വരം ഉദ്ഘോഷിച്ചിരുന്നില്ലേ? ഹാംലററിനെക്കവിഞ്ഞ ബുദ്ധിവൈഭവം ഫ്രാൻസിലെ ലൂയി പതിനാറാമന്റെ ഭാര്യ—മേരി ആന്റോണെയിററ് പ്രകടിപ്പിച്ച പരമാത്ഥം സേലമ്മ മറന്നെന്നു വരുമോ?

ത്തുക്കമരത്തിൻചുവട്ടിൽ നിർത്തിയിട്ടും അവളുടെ പ്രശാന്തഗാംഭീര്യം ശാന്തസമുദ്രത്തെപ്പോലും ഉല്ലംഘിച്ചെന്നു കാണുന്ന സേലമ്മ, എന്തുകൊണ്ടു സ്ത്രീകൾ അധൈര്യകളെന്നും അസ്ഥിരകളെന്നും ശഠിക്കണം. ഫ്രഞ്ചു വിപ്ലവമങ്ങിനെ നടമാടവെ ക്രൂരനാം മാരററിനെ വധിച്ച കോർഡെ ധീരകളിൽ ധീര എന്നു സമ്മതിക്കാത്തവരാരുണ്ടു്? ജൊവാൻഡ് ആർക്ക് എന്നു കേൾക്കുന്ന ക്ഷണം ഭക്തിസ്നേഹത്താൽ എരിയാത്തവരാരാണു്? ജൊവാൻ ആൺ ധൈര്യം—അവളാണു് അവളുടെ മാതൃരാജ്യത്തെ അതിൻെറ ആപൽഘട്ടത്തിൻെറ അത്യുച്ചിയിൽനിന്നുകൊണ്ടു മല്ലടിച്ചു് ഫ്രാൻസിനെ പുനർജ്ജീവിപ്പിക്കുകമാത്രമല്ല— ഫ്രഞ്ചുകാർക്കു് ഉണർവ്വും ഉത്തേജനവും നൽകുന്നവളെന്നും നാം കണ്ടു.

സേല:—സോക്രട്ടീസ്, ജൂലിയസ് സീസർ, ചാർലസ്മെയിൻ, നെപ്പോളിയൻ, ഗ്രീഗോറിയാസ്, മാർപാപ്പാ, ഗ്ലാഡ്സ്റ്റൺ, ലിങ്കൺ, ലോയിഡ് ജോർജ്ജ്, മുസ്സോളിനി, ഹിററ്ലർ എന്നീ ജീവിച്ചിരുന്നവരും ജീവിക്കുന്നവരുമാണീലോകമെന്നും സ്ത്രീകൾ നാം മറക്കരുതു്.

ഗ്ലോ:—മരീയതെരേസാ, എലിസബത്തു്, വിക്ടോറിയ ചക്രവർത്തിനി, ജോസഫൈൻ എന്നീ ധീര വനിതകളെ സേലമ്മ വിസ്മരിച്ചെന്നുവരുമോ. ഫ്രഞ്ചുജനതയെ ഒരു നേഷനായി (Nation) ഉയർത്തി, യൂറോപ്പിലിങ്ങനെ ആദ്യമായി ഒരു നാഷ്യനൽ സ്റ്റേയിററ് (National State) പടുത്ത ജോവാൻ

ഡ് ആർക്കു് ഒരു സ്ത്രീ ആകയാൽ അവളുടെ ശക്തി പുരുഷശക്തികളെ അതിശയിച്ചുവയെന്നും സമ്മതിച്ചേ കഴിയൂ.

സേല.—എല്ലാ മഹതീമഹാന്മാർക്കും ദൈവസഹായമാവശ്യമെങ്കിലും-ജൊവാൻഡ് ആർക്ക്, ഒളിഞ്ഞുവളന്ന ആ കന്യകാരത്നം—പെട്ടെന്നു് രാഷ്ട്രീയ വേദിയിൽ പ്രവേശിച്ചു് സവിശേഷമവൾക്കു ദൈവം നൽകിയ അനുശാസനകളവരം ഭംഗിയായി അനുവർത്തിച്ചു വാസ്തവം—നാം സദാ സ്മരിക്കണം. അവരം സ്ത്രീകൾക്കുമാത്രമല്ല പുരുഷന്മാർക്കു പോലും ദൈവത്താൽ നിയോഗിച്ചുയച്ച ഒരു നേതാവും ജേതാവുമാകയാൽ. ഇവളെ സ്ത്രീകൾ നാം മാതൃകയാക്കി ജീവിക്കണം, സ്വഭർത്താവിനെ തന്ത്രത്തിൽ കൊന്ന റഷ്യയിലെ എലിസബത്തിനെ നാം മറക്കണം, എങ്കിൽമാത്രമേ ഇഹലോകവാസം ആനന്ദപ്രദമായിരിപ്പാൻ മാർഗ്ഗമുള്ളൂ. ഏററിയക്രൂരം സ്ത്രീകൾക്കു്, അധികാരം വിഷമാണെന്നാണു് എന്റെ മതം. അധികാരം കൂടുതലുള്ള സ്ത്രീ, കൂടുതൽ വിഷം തുളുമ്പുമെന്നു് സാധാരണ ലോകർ പറയുന്നതു് എത്രത്തോളം വാസ്തവമെന്നു് ഖണ്ഡിച്ചിപ്പോൾ എനിക്കു പറഞ്ഞുകൂടാ. സ്ത്രീ സ്വാതന്ത്ര്യവിഷയത്തിൽ ഇന്നു് ഭൂമുഖത്തു മുന്നിട്ടുനിൽക്കുന്ന രാജ്യം അമേരിക്കയാണു്. അവിടെപ്പോലും ഒരു സ്ഥാപനത്തിന്റെയും പരമാധികാരം സ്ത്രീകൾക്കു നൽകാത്തതെന്തെന്നു് സദാ നാം ചിന്തിക്കണം.

ഗ്ലോ:—ഉന്നതവിദ്യാഭ്യാസംത്മം എന്തുകൊണ്ടു ഭവതി ഇംഗ്ലണ്ടിൽ വന്നില്ല ? ഇത്ര തന്റേടവും പ്ര സരിപ്പുമുള്ള മറെറാരു യുവതിയെ ഇന്നോളം ഞാൻ കണ്ടിട്ടില്ല. ഞാൻ ഉയന്ന നിലകളിലുള്ള പല സ്ത്രീകളുമായി ഇടഞ്ഞിട്ടുണ്ടെങ്കിലും.

സേല:—തൽക്കാലം ഇംഗ്ലണ്ടു സന്ദർശനം സാദ്ധ്യമല്ല. ലണ്ടൻപട്ടണം ചില യുവതിയുവാക്കളുടെ ശൃംഗാരത്തോട്ടാണെന്നു ഗോർഡ്സ്മിത്ത് പറഞ്ഞിട്ടുള്ളതു വാസ്തവമെങ്കിൽ-സ്ത്രീകളെന്തിന്ന പടിഞ്ഞാട്ടധികം വരണം ? അഗ്നിയിൽ കിടന്നു വെന്തു വേകുന്നവനോടു പുറത്തു നിന്നൊരാൾ പൊള്ളുന്നില്ലെന്നു പറഞ്ഞാൽ—അവൻ അതു് എങ്ങനെ വിശ്വസിക്കണം ?

ഗ്ലോ:—യുവതികളും യുവാക്കളും ചേർന്നുള്ള (Combined College Education) കോളേജ് വിദ്യാഭ്യാസം അനുകരണീയമോ സേലമ്മെ, എന്താണ് അഭിപ്രായം? ലോകസമാധാനം കൈയ്‌വരുത്താൻ യുവതീയുവാക്കൾ ഒരുമിച്ചുള്ള കോളേജ് വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നാണ് എന്റെ ബലമായ അഭിപ്രായം.

സേല:—ഇതു് അനുകരണീയമെന്നുമാത്രമല്ല, ആദരണീയമെന്നുമാത്രമല്ല, അഭികാമ്യമെന്നുമാത്രമല്ല, ആവശ്യകവുമാണ്. സ്ത്രീയും പുരുഷനും വ്യത്യസ്ത ലോകങ്ങളാകയാൽ ഇവർ തമ്മിൽ ഒരുമിച്ചു പരസ്പരമിടപഴകേണം ലോകസമാധാന

ത്തിനടിത്തറ കെട്ടാൻ, ഒരുമിച്ചുള്ള വിദ്യാഭ്യാസംപോലെ ഇതിന് സുഗമമായ മാർഗ്ഗം മറെറാന്നില്ല. സ്ത്രീയുടെ സാന്നിധ്യത്താൽ പുരുഷൻ ആശ്വാസമെങ്കിൽ—പുരുഷൻെറ സാന്നിധ്യത്താൽ സ്ത്രീ ആനന്ദിക്കുന്നു. The like follows the like. ഒത്തിണങ്ങിയ ഇണകൾ ഒന്നുചേരുന്നതിനു സൗകര്യമിത്തരം വിദ്യാഭ്യാസം നൽകും. ഗുണവതി യോഗ്യനൊരുവനോടും ദുർമ്മാർഗ്ഗി ദുഷ്ടനുമായും സമ്പർക്കമാകുന്നതിനും പററിയ അവസരമിതാണു താനും. ഇവിടെ ഒരു സംഗതി കരുത്തുകൊണ്ട് എനിക്കു പ്രസ്താവിക്കണം. സാഹിത്യത്തിൽ പ്രായേണ വിദ്യാരഹിതരായ ദുഷ്ടന്മാർ പ്രവേശിച്ച് നിർമ്മല സ്ത്രീപുരുഷന്മാർ തമ്മിലുള്ള സൈ്വരസഞ്ചാരസീമകൾക്കുള്ളിൽ പതുങ്ങിക്കയറി, വഞ്ചന, ചതി, അപരാധം, മോഷണം, കൊല, കുത്ത്, വെട്ട്, ദ്വന്ദ്വയുദ്ധം, യുദ്ധം എന്നിവ നടത്തി കാമപൂർത്തി വരുത്തുന്നു. തൻമൂലം അവർക്കും, അന്യർക്കും അവർ വരുത്തി വയ്ക്കുന്ന വിപത്തുകളെത്രയെന്നു വർണ്ണിക്ക വിഷമം. എന്നാൽ ഇക്കാലങ്ങളിലെ ദുഷ്ടന്മാർ മികച്ച വിദ്യാഭ്യാസമുള്ള വരാണ്. പൊടിയൻ ഇതിന് ഉദാഹരണമാണ്. അവനും ചാച്ചപ്പനോടും ഷീലമ്മയോടുംകൂടി പഠിച്ചവനാണ്. എന്നാൽ ചാച്ചപ്പൻ—ഷീലമ്മ എന്നിവർക്ക്, അവരുടെ വിദ്യാഭ്യാസം അവരിലുള്ള നന്മയെ തട്ടിയുണർത്തി അവരിരുവരുടേയും ഹൃദയം ഒന്നായി എന്നന്നേയ്ക്കുമായി ബന്ധിച്ച്, സഹൃദയന്മാർക്കുപിരിയാത്ത മിത്രങ്ങളാക്കുമ്പോൾ—

പൊടിയനിൽ വിദ്യാഭ്യാസം അവൻെറ ദുർഗ്ഗുണങ്ങളെ തട്ടിത്തടവി വളൎത്തുന്നതു നാം കാണുന്നു. ഷീലമ്മയ്ക്കും ചാച്ചപ്പനും നേരിട്ട ആപത്തു് അവരുടെ ഹൃദയങ്ങളെ വികസിപ്പിച്ചു് സ്നേഹസമ്പൎക്കത്തിലേക്കു ക്ഷണിക്കുന്നു, പൊടിയൻെറ വിദ്യാഭ്യാസം അവൻെറ ദുർഗ്ഗുണങ്ങളെ കൂടുതൽ ദുർഗ്ഗുണങ്ങളാക്കുന്നുണ്ടു്. ഇക്കാരണത്താലാണു് Tragedy purifies the soul and ennobles human affections (ഗുണവാന്മാരെ അരിഷ്ടതകൾ കൂടുതൽ ഗുണവാന്മാരാക്കുന്നു) എന്നു പ്രഫസ്സർ ബ്രാഡ്ലി വിമർശിച്ചിട്ടുള്ളതു്. വിദ്യാഭ്യാസത്താൽ ഒരു നല്ല മനുഷ്യൻ വികസിച്ചു പ്രകാശിക്കുമ്പോൾ ദുഷ്ടനു് വിദ്യാഭ്യാസം അവനിലുള്ള തിന്മകൾ വളമായിത്തീരുന്നു. ആകയാൽ ഇന്നു ചാച്ചപ്പനെപ്പോലുള്ള യോഗ്യന്മാൎക്കു് പൊടിയനെപ്പോലെ ബിരുദ നേടുന്ന കാളിസർപ്പങ്ങളെ നേരിടണം.

സേല:—വിവാഹകാൎയ്യത്തിൽ ഇൻഡ്യയിൽ പല ദുരാചാരങ്ങളും നിലവിലിരിക്കുന്ന വാസ്തവം ഞാൻ സമ്മതിക്കുന്നു. ഇൻഡ്യയിൽ പ്രചാരത്തിലിരിക്കുന്ന സ്ത്രീധനമേർപ്പാടു് ഇതിനു് ഒരു ഉദാഹരണമാണു്. 'സ്ത്രീധന'ത്തിൻെറ കൊളിക്കീഴിൽ ഭാരതീയയുവതികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ അവൎണ്ണനീയമാണു്. ഇതെപ്പററി എനിക്കു പറവാനുള്ളതിത്രമാത്രം. പുത്രനോടൊപ്പം പുത്രിയും പിതാവിൻെറ രക്തത്തിൽ പങ്കാളിയാകയാൽ-പിതാവിൻെറയോ മാതാവിൻെറയോ സ്വത്തിനു്

അവളും അവകാശിയാണു്. പുത്രനോളം പണം പുത്രിക്കു കൊടുക്കണമൊ എന്നു തീർച്ചചെയ്യേണ്ട ഭാരം മാതാപിതാക്കളിൽ സ്ഥിതിചെയ്യുന്നു. പുത്രിയെ മറന്നു പുത്രനെമാത്രം പോററുന്ന മാതാപിതാക്കൾ മനുഷ്യവൈരികളാണു്. യുവതീയുവാക്കൾ അന്യോന്യയോജ്യരെന്നു കാണുന്നപക്ഷം ദ്രവ്യം കുറെ കുറഞ്ഞാലും വിവാഹം നടത്തണം. എങ്കിലേ വിവാഹം വിവാഹമാകൂ. സ്ത്രീധനം കൊടുപ്പാൻ വശമില്ലാതെ വിവാഹദാഹത്താൽ വെന്തുരുകുന്ന യുവതികളെ കാണുമ്പോളെല്ലാം ഉള്ളു ഞാൻ കരയാറുണ്ടു്. ഇന്നത്തെ സമുദായാചാരങ്ങളോടു് മല്ലടിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ച മുഖ്യസംഗതികളിലൊന്നു് സ്ത്രീധനമാണു്. ഇതാ ട്രെയിൻ മദ്രാസിലെത്തി. ഇതു് സെൻട്രൽസ്റ്റേഷ (Central Station) നാണു്.

ശ്ലോ:—കാതുകുത്തുക, ആഭരണം അണിയുക എന്നിവ എന്നെപ്പോലെ സേലമ്മക്കും അനിഷ്ടമെന്നോ?

സേല:—ആഭരണദ്വേഷിയും സ്ത്രീധന വിരോധിയുമായ ഒരു യോഗ്യനാണു് എന്റെ കമിതാവു്.

ശ്ലോ:—നാം തമ്മിലുള്ള വേഴ്ച എന്റെ ജീവിതത്തിൽ വരുത്തിയിട്ടുള്ള വ്യതിയാനം നാം വീണ്ടും സൈരമായിക്കാണുമ്പോൾ പറയാം. സേലമ്മയെപ്പോലെ എന്നെ ഇത്ര ആനന്ദിപ്പിക്കുന്ന മറെറാരു വ്യക്തി ഭൂമുഖത്തില്ല. എന്നെ ഒരിക്കലും മറക്കരുതു്.

ഏതു തെററു ഞാൻ ചെയ്താലും എന്നെ സേലമ്മ വിസ്മരിക്കുന്നപക്ഷം തൽക്ഷണം വരട്ടിഞാൻ തറയിൽ വീഴും. എന്നാലും നാം മിത്രങ്ങളാണു്. ഹൃദയത്തിൽനിന്നും ഒരിക്കലുമെന്നെ പിഴുതുകളയരുതു്. എൻെറ അഭ്യുദയത്തിന്നു കാരണക്കാരി ഭവതിയാണു്. നാം തമ്മിൽ നടന്ന സംഭാഷണം എന്നെ ആനന്ദകുതൂഹലയാക്കിത്തീർക്കുക മാത്രമല്ല—തപോധാരാ ജീവിതത്തിൻെറ വൻതുറകളിലേക്കു ഭവതി എന്നെ ആകർഷിച്ചിട്ടുമുണ്ടു്. കണ്ണുകളാൽ നമുക്കു പരസ്പരം കാണാം—തല്ക്കാലം പിരിയാം. കൂടുതൽ ഐശ്വര്യകരമായ ഒരു പരിതസ്ഥിതിയിൽ വീണ്ടും നാം തമ്മിൽ കൂടിക്കണ്ടു് ഒന്നിച്ചു സ്നേഹിച്ചു മേളിപ്പാൻ സർവ്വശക്തൻ നമുക്കു് ഇടയാക്കട്ടെ'എന്നുപറഞ്ഞു് പിരിയുകയിൽ അവർ ഇരുവരുടേയും നയനങ്ങൾ നിറഞ്ഞു. ഇവർതമ്മിൽ ഏതാനും മണിക്കൂറുകൾനേരത്തെ പരിചയമെയുള്ളൂ. നിഷ്കളങ്കഹൃദയങ്ങൾ കൂടിക്കണ്ടു മേളിപ്പാൻ സമയമധികം വേണമെന്നില്ല. മണിക്കൂറിനുള്ളിൽ മഹതീമഹാന്മാർ അസാദ്ധ്യസംഗതികൾ നടത്തുന്നില്ലേ? പതിമ്മൂന്നു ചെറുകൊല്ലങ്ങൾക്കുള്ളിൽ അലക്സാണ്ടർ ചക്രവർത്തി അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവൻ ജയിച്ചടക്കിയതു പോരെന്നുണ്ടോ? മഹതീമഹാന്മാർക്കു വീരകൃത്യങ്ങൾ നടത്താൻ ദീർഘായുസ്സുവേണമെന്നു മർക്കടമുഷ്ടി പിടിക്കുന്നവരാരാണു്?

---

അദ്ധ്യായം ൨൧

## വിശദീകരണം

ലോകമഹായുദ്ധം അവസാനിച്ചു. ആണ്ടുകൾ ഒന്നൊന്നായങ്ങനെ കടന്നുപോന്നു. ലസലി ജോൺസിനെ സംബന്ധിച്ച് ഇതുവരെയ്ക്കു ഒരു തുമ്പും കിട്ടിയിട്ടില്ല. ഭർത്താവിന്റെ ആഗമനം പ്രതീക്ഷിച്ചും, പുത്രിയുടെ വളർച്ച കണ്ടാനന്ദിച്ചും, നാരായണി ദിവസങ്ങളങ്ങിനെ എണ്ണിത്തള്ളുന്നു. വീണ്ടും കോട്ടയത്തുപോയി അച്ഛനെപ്പററി അന്വേഷിപ്പാൻ അവൾക്കു ധൈര്യമില്ല. പിതൃനഷ്ടത്തെത്തുടർന്നുള്ള ഭർത്തൃവിരഹമൊത്ത് അവൾ അതീവദുഃഖിതയാണ്. എങ്കിലും ചില ദൂതാളുകളയച്ച് കേശവൻപോററിയെപ്പററി അന്വേഷിച്ചിരുന്നു. കേശവൻപോററി ജീവിച്ചിരിക്കുന്നെന്നും അദ്ദേഹം ഒരു ക്ലബ്ബുടമസ്ഥനായിക്കഴിയുന്നെന്നും മനസ്സിലാക്കി, കത്തുമൂലം അദ്ദേഹവുമായി സമ്പർക്കത്തിലായി. കത്തുകൾക്കൊന്നിനും പിതാവു മറുപടി അയച്ചില്ല. നാരായണിയെ ലസിലി ജോൺസ് വിവാഹം ചെയ്തതു പോററി പത്രദ്വാരാ ഗ്രഹിച്ചിരുന്നു. ദുഃഖാരിഷ്ടതകളാൽ വെന്തുനീറുന്ന താൻ പട്ടണജീവിതം ഇനിയും തുടരുന്നതിനു കാംക്ഷിക്കുന്നില്ലെന്നും, കടമാളൂരൊ അടുത്തെങ്ങാനുമൊ ഒരു കെട്ടിടത്തിനു സ്ഥലം നോക്കി തിട്ടപ്പെടുത്തി വിലയും മററും കാണിച്ച് ഒരു മറുപടി അയക്കാൻ ദയവുണ്ടാകണമെന്നും ഇരന്നപേക്ഷിക്കുന്ന ഒരു കത്ത് ആ സാധ്വീമണി അവസാനമായി

തൻെറ പിതാവിനയച്ചു. ഇക്കാൎയ്യം മുൻനിരുത്തി സേലമ്മ ചെല്ലമ്മയ്ക്കുമെഴുതി. തൻെറ പുത്രി ക്രിസ്തുമതം സ്വീകരിച്ച് ഒരു വെള്ളക്കാരൻെറ ഭാൎയ്യയായതോൎത്ത് പോററി ഭയവിഹ്വലനായി. പുത്രിയുമായി സമ്പൎക്കമായാൽ എന്തെല്ലാം വരുമെന്നോൎത്തദ്ദേഹം ഭയന്നു. ബ്രാഹ്മണസമുദായത്തിൽനിന്നും തന്നെ ബഹിഷ്കരിക്കുമോ എന്നും അദ്ദേഹം ഓൎത്തു പലപ്പോഴും പരവശനാകും. കഷ്ടം! എന്തെല്ലാം ഭാരതത്തിന് ഒരു ദൗർബ്ബല്യംതന്നെ; സേലമ്മയുടെ കത്തിലെ താല്പൎയ്യപ്രകാരം സ്ഥലം കണ്ടുപിടിച്ചു വിലയും മററും കാണിച്ച് ചെല്ലമ്മ തൻെറ പ്രാണമിത്രത്തിന്ന് സത്വരം മറുപടി നൽകുന്നു. ചെല്ലമ്മ, സേലമ്മയുടെയും നാരായണിയുടെയും പാൎപ്പിടമാക്കാൻ തിരിഞ്ഞെടുത്ത സ്ഥലം മലയച്ചാലെന്നറിയപ്പെടുന്ന ഒരു വിസ്തൃത കുന്നാണ്. ഈ കുന്ന് അതിരംപുഴ ചന്തയ്ക്ക് അല്പം തെക്കുമാറി മാന്നാനം—അതിരംപുഴ—റോഡിന്ന് കിഴക്കുവശം അയൽപ്രദേശങ്ങൾക്കെല്ലാം നാഥനെന്നപോലെ ഉയൎന്നു വിശാലമായി കിടക്കുന്നതുകാണാം. പ്രകൃതിവിലാസം ഇത്ര ഏറെ ചൊരിഞ്ഞിട്ടുള്ള മറെറാരു കുന്ന് അടുത്തെങ്ങും കാണ്മാനില്ല. അവിടെ ബലമായ ഒരു ബംഗ്ലാവു തീൎത്ത് സുഖമായി നാരായണിയും പുത്രിയും വാസം തുടങ്ങിയിട്ട് ഒന്നുരണ്ടാഴ്ച കഴിഞ്ഞു. ബംഗ്ലാവ് കുസുമതീരമെന്നറിയപ്പെടുന്നു. നാരായണി കുസുമതീരത്തുവന്ന് പാൎപ്പു തുടങ്ങിയതോടെ കേശവൻപോററിയുടെ ദുഷ്ട് ഭയം അനുദിനം വൎദ്ധിച്ചുവന്നു.

മണിയാകാരൻ ലസിലി ജോൺസിനെ അന്വേഷണമാണ്. ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും

കത്തുകളും കമ്പികളും അയച്ച് തന്റെ പര്യന്വേഷണം തുടൻറു നടത്തി. സേലമ്മാ പിതാവിനെപ്പററി ഖണ്ഡിതമായ വിവരം ഗ്രഹിക്കണമെന്ന് അദ്ദേഹം തീർച്ചയാക്കി. തനിക്കു വിഷമങ്ങൾ നേരിടുമ്പോൾ ഒരിക്കലും കരയാതെ—അവകളിൽനിന്നെല്ലാം ഒഴികന്നുമാറുന്നതിനോ അടുത്തിരുന്നതിനോ കെൽപുള്ള മണിയാകരൻ നമുക്കു ജീവിതത്തിൽ മാറ്റം തെളിക്കും. ബെർലിൻ സർവകലാശാലയിൽ പഠിക്കുന്ന മി. മററാലിഖാംനമായി അദ്ദേഹം ഒട്ടുവിലെഴുത്തുകുത്തു നടത്തി ലസിലി ജോൺസിനെപ്പററി വേണ്ട വിവരങ്ങളെല്ലാം ഗ്രഹിച്ച് ആഹ്ലാദിതനമായി. ലസിലി ജോൺസ് മരിച്ചിട്ടില്ലെന്നും അദ്ദേഹം അമ്മിനിയായിൽ ഒരു രഹസ്യതടവുകാരനായി താമസിക്കുന്നെന്നും അദ്ദേഹത്തിന് സുഖമാണെന്നും വിവരിച്ച് അമ്മീനിയായിൽ നിന്നും തനിക്ക് കിട്ടിയ കമ്പിവാർത്ത അന്നുതന്നെ മററാംലിഖാൻ മണിയാകരനെ ധരിപ്പിച്ചു. ഇത്രയും വിവരങ്ങൾ ഗ്രഹിച്ചപ്പോൾ മണിയാകരനുള്ള ആനന്ദം എത്രമാത്രമെന്ന് അദ്ദേഹത്തിനുമാത്രമറിയാം. കമ്പി മുഖേന വിവരം മണിയാകരൻ സേലമ്മയെ അറിയിച്ചു. മണിയാകരന്റെ ഈ കമ്പി സേലമ്മയ്ക്കു കിട്ടുമ്പോൾ അവൾക്കുണ്ടാകുന്ന ആനന്ദം അടുത്തുനിന്നു കണ്ടു രസിപ്പാൻ തനിക്കു സൗകര്യമില്ലാത്തതോർത്തദ്ദേഹം ഖേദിച്ചു. ലസിലി ജോൺസിനെ സ്വതന്ത്രനാക്കി നാടെത്തിപ്പാൻ വിവരിച്ചദ്ദേഹം ബ്രിട്ടീഷ് വിദേശകാര്യമന്ത്രിക്കെഴുതി. ഇങ്ങനെ സ്വതന്ത്രനായ ലസിലി ജോൺസ് ഡാക്ടരുടെ അഭിപ്രായപ്രകാരം മലയാളത്തേയ്ക്കു വരാതെ അയർലണ്ടിലെത്തിത്താമസിച്ചു.

അവിടുത്തെ താമസത്തിനിടയിൽ ഇൻഡ്യക്കനുകൂലമായി പ്രസംഗിക്കയാൽ ഇൻഡ്യയിൽ പ്രവേശിച്ചുകൂടന്നൊരു നിരോധന ഉത്തരവു് ബ്രിട്ടീഷ്ഗവണ്മെൻറു പുറപ്പെടുവിച്ചു. ഇങ്ങനെ ഇണവിട്ടദ്ദേഹം കുറച്ചുകാലം അയറിൽ താമസിക്കേണ്ടിവന്നു.

കല്ലർ ജയിൽ ചാടി കൊച്ചി വിടാൻ ഒട്ടമാണു്. വഴിക്കു വീരവാദനെ കണ്ടു. അവരിരുവരും ക്ഷീണിച്ചു് അടുത്തു കണ്ട ഒരു കള്ളുഷാപ്പിനുള്ളിൽ കടന്നു് കള്ളു കുടിച്ചു. കള്ളുകത്തുമെന്നപ്പോൾ ഉള്ളു പുറത്തു ചാടി.

കല്ലർ:—വീരവാദാ, നിൻെറ പേരല്ല, നിൻെറ അച്ഛിടെ പേരു് ?

വീര:—ആദ്യം നിൻെറ മദാമ്മേടെ പേരു് ?

കല്ലർ:—എൻെറ മദാമ്മയല്ല്—നിൻെറ വൈഫിൻെറ പേരു് ?

എൻെറ അന്നാംപെണ്ണു്—ധ[illegible]ശാണീംപെണ്ണു്—എന്നു പാടി ഒരു മഹാകാവ്യത്തിനു് പ്രാരംഭമിട്ടു. ഇതു കേട്ടു കല്ലർ കള്ളു് നല്ല കള്ളു് കിളിരുമെ കള്ളു്, എന്നൊക്കെ പാടി. കിളിത്തൂർക്കള്ളും വടയാറൻ കള്ളും കലത്തി കുടിച്ചാലുള്ള ആനന്ദം വീരവാദനെ വിവരിച്ചു കേൾപ്പിച്ചു.

മദ്യനിരോധനം മധുവർജ്ജനം ഇവ ഇന്നത്തെ അന്തരീക്ഷത്തെ വളരെ വഷളാക്കുന്നുണ്ടു്. മൂക്കററം കുടിച്ചുകൊണ്ടു മധുവർജ്ജനപ്രസംഗം ചെയ്യുന്ന പ്രാസംഗികന്മാരും ധാരാളമുണ്ടു്. കള്ളുകുടിച്ചുകൂടാ കുടിക്കുന്നവരെ പിടിച്ചടിക്കണംപോൽ. ക്രമംവിട്ടുമുള്ള മദ്യപാ

നം വീരവാദന്റെ പദ്യംപോലെ നാം വെറുക്കണം. മനുഷ്യജീവിതത്തിന് ആവശ്യകമായ സാധനങ്ങളേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എന്നു മതവും, ഓരോ സൃഷ്ടിയും അതിനുവേണ്ടിത്തന്നെ ജീവിക്കുന്നെന്നു ശാസ്ത്രങ്ങളിൽനിന്നു് ബോസും വിധിക്കുന്നുണ്ടു്. പഞ്ചസാര ചിലക്കു് രസമില്ലെന്നു കരുതി പഞ്ചസാര ഫാക്ടറികൾക്കു് തീയു് കൊളുത്തുന്ന നയമാണു് ഇന്നത്തെ മധുവർജ്ജനപ്രസ്ഥാനങ്ങളെല്ലാം. കുടി നിറുത്താൻ ശ്രമിക്കാതെ, കുടി കുറക്കാൻ ശ്രമിക്കണം. അതാണുത്തമം. കള്ളു രസകരമായ ഒരു പാനീയമെങ്കിൽ ഭക്ഷണസാധനം ഒന്നിങ്ങനെ കുറക്കാൻ രണ്ടുമൂന്നു പ്രാവശ്യം ചുഴിഞ്ഞു നാം ആലോചിക്കണം. വിളഭൂമിയിൽ പഞ്ഞം വിതയ്ക്കുന്ന ക്ഷുദ്രപ്രയോഗികളാണീ മധുവർജ്ജനക്കാർ. കുടുക്കയും ചുണ്ടുമായി എനിക്കു് ഒരു അടുപ്പവുമില്ലെന്നും ഇവ തമ്മിൽ എപ്പോഴെങ്കിലുമടുത്തിട്ടുണ്ടെങ്കിൽ കുടുക്ക ചുണ്ടിൽ തട്ടി കള്ളു നിലംപററിയെന്നും വായനക്കാർ അറിഞ്ഞിരിക്കണം. ദാഹത്തിനും വിശപ്പിനും പററിയ ഈ മധുരപാനീയം ഇല്ലാതാക്കാൻ ശ്രമിക്കാതെ, മനുഷ്യരെ വല്ലാതാക്കുന്ന ലഹരി അല്പം കുറയ്ക്കാൻ കൂടുതൽ വെള്ളംചേർത്തു് മദ്യം വിൽക്കണമെന്നു് അധികാരമുള്ളവർ എക്സൈസ് കമ്മീഷണർക്കു് നിർദ്ദേശം . നൽകിയാൽ മതി—മധുവർജ്ജനപ്രസ്ഥാനം നിറുത്താൻ.

മദ്രാസിലെത്തിയ സേലമ്മ-ചെല്ലമ്മയുടെ അതിഥിയായി വിശ്രമിക്കുന്നു. അവർ തമ്മിൽ അപ്പോൾ നടന്ന ഒരു സംഭാഷണം കേൾക്കാം.

സേല:—അനുരാഗമെങ്കിലും കോലാഹലങ്ങളൊന്നും കൂടാതെ സ്വൈരമായി വളരണമെന്നു് ഞാൻ

ആശിച്ചു. ശാന്തിതേടി അന്നു് മദ്രാസിനു് ഞാൻ പുറപ്പെട്ടെങ്കിലും ഉള്ള സമാധാനംകൂടി നഷ്ടപ്പെട്ടു്, ഒടുവിൽ ബാങ്കളൂർവഴി വീട്ടിലേക്ക തിരിച്ചു പോന്നു. അനുരാഗപരവശയായി ആരുക്കോണം റെയിൽ പ്ലാറ്റുഫാറത്തിൽ ഞാൻ മൂർഛിച്ചു് വീണു. അന്നു ഞാൻ മദ്രാസിനു് പോകാതിരുന്നെങ്കിൽ എന്നു പലപ്പോഴും പിന്നീടു് ഓർക്കാറുണ്ടു്. അത്രമാത്രം അന്നത്തെ മദ്രാസ് യാത്ര ഓർത്തു് ഞാൻ കരയുന്നുണ്ടു്. ആവൂ! ദൈവേഷ്ടം നിറവേറണം. പ്രണയക്കടലിന്റെ ഒത്ത നടുവിൽക്കിടന്നു് ഇണചേരാൻ ഉഴയുന്നവളെന്നും എനിക്ക തോന്നിപ്പോകുന്നു.

മണിയാകരൻ............

ചെല്ല:—അദ്ദേഹം എന്തുചെയ്തു?

സേല:—വല്ലതും ചെയ്യേന്നു പറഞ്ഞോ? അവളുടെ മുഖം വീണ്ടും വിളറി.

ചെല്ല:—സേലമ്മയുടെ വ്യാകുലമെന്താണു്?

സേല:—അദ്ദേഹം നിരപരാധി. വൻചതിയനെന്നു് കളിന്ദിനിപറയുമെങ്കിലും. അലച്ചിലുകളൊന്നും ദൈവമറിയാതെ വരുന്നതല്ല, മണിയാകരൻ കളിന്ദിനി പറയുംപോലെ വിവാഹിതനെങ്കിൽ—ദൈവകല്പിതം തടുപ്പാൻ ആൎക്ക കഴിയും ചെല്ലമ്മെ?

ചെല്ല:—കളിന്ദിനി അവളാരു്? മണിയാകരൻ ചങ്കുറന്നൊരു സ്ത്രീയെ സ്നേഹിച്ചിട്ടുണ്ടെങ്കിൽ അതു് സേലമ്മയാണു്.' കുറച്ചു ദിവസം താമസിച്ചുശേഷം സേലമ്മ നാട്ടിലേക്കമടങ്ങി.

## അദ്ധ്യായം ൨൯

# കുസുമതീരം

---

കുസുമതീരം സന്ദർശിപ്പാൻ കൊതിക്കുന്നവരേ അയൽപ്രദേശങ്ങളിലുമുള്ളൂ. എന്നാൽ ആദ്യം നമുക്കു് കഥാനായകനെ സന്ദർശിക്കാം. ചിന്താഗ്രസ്തനായ മണിയാകരനെ, മേളവിലാസത്തു് സ്വമുറിയിൽ ഏകനായി കാണാം. ഇന്നു് അദ്ദേഹം അത്യധികം ക്ഷോഭിച്ചിട്ടുണ്ടു്. ഹൃദയംകൊണ്ടീമഹാൻ കരയുന്നതെന്തിനെന്നു് ആർക്കറിയാം? ഘോരവിപത്തുകളിൽ കുടുങ്ങിക്കഴിയുന്ന അദ്ദേഹം കളിന്ദിനീസന്ദേശം ഇനിയും ഗ്രഹിച്ചിട്ടില്ല. സോലമ്മയെ നിർവ്യാജം താൻ സ്നേഹിച്ചതു വാസ്തവം. ദുഃഖദുരിതങ്ങളങ്ങനെ ഒന്നൊന്നായി കുന്നെന്നോണം തന്നെ വിഴുങ്ങിക്കൊണ്ടിരുന്നു. തന്റെ മുറി, മാറ്റമടഞ്ഞ ഒരു ഭീമമണ്ണുരുമ്പുണ്ടയെന്നും, താൻ അതിനുള്ളിലകപ്പെട്ടു് പുറത്തുചാടാൻ സദാ ശ്രമിച്ചുവലയുന്ന ഒരു പോരാളിയാണെന്നും തനിക്കറിയാം. അതേസമയം എന്തോ ഓർത്തു് പെട്ടന്നദ്ദേഹം മന്ദസ്മിതം ചൊരിഞ്ഞു. അഗ്നിപർവതത്തിന്റെ അഗ്രത്തിൽ ശയിക്കുന്ന മണിയാകരൻ, അതേസമയം മന്ദസ്മിതം തൂകാൻ കാരണമെന്തായിരിക്കണം? ദുഷ്ടശത്രു മക്കോയി തന്നോടു് ചെയ്യുന്ന ദ്രോഹകൃത്യങ്ങളോർത്തു് ഗർജ്ജിച്ചുകഴിയുന്ന ഈ സിംഹം, അനുഭവിക്കുന്ന ഉഗ്രവ്യഥകളെത്രമാത്രമെന്നു ശരിക്കു വായനക്കാർ ഗ്രഹിച്ചെന്നുവരുമോ? മക്കോയിൽ നിന്നുമുള്ള പീഡ

നങ്ങളോർത്തു് കഥാനായകൻ രക്തം വിയർക്കുന്ന മണി ക്കൂറുകളാണിടപ്പോൾ. മക്കോയിയുടെ, ചതിച്ചിട്ടും ചതിച്ചില്ലെന്നുള്ള കൊലച്ചിരി — (to smile and smile and continue to be a villain) അനുരാഗത്തിലെ ദുർദ്ദശ; ശത്രുവിൽനിന്നു് ഒളിവിടത്തുള്ള ശരങ്ങൾ-എന്നിവകളാൽ മണിയാക്കരൻ വലഞ്ഞു. പരമകാരുണികനായ ദൈവം കുരിശിൽകിടന്നു ലോകത്തിനു നൽകിയ ദൌത്യം ലോകമരണത്തിനുള്ളിൽക്കൂടെത്തി—ലോകത്തിലവ നടപ്പിലാക്കാൻ, ദൈവം താൻ അനുശാസിച്ചയച്ചിട്ടുള്ള തന്നിക്ക, തന്റെ പങ്കും തലച്ചോറും വെച്ചുവേണം ലോകസമാനം കൈയ്‌വരുത്താൻ എന്നു താൻ അറിയുന്നുമുണ്ടു്. ലോകാരംഭംമുതൽ നട്ടുവളർത്തി ലോകത്തിന്നു് തഴച്ചു വളരുന്ന സാമ്പത്തികവ്യവസ്ഥിതികൾ ലോകക്കാകമാനം പ്രയോജനകരമാക്കിത്തീർപ്പാൻ-പിതാവാം സർവ്വേശ്വരൻ, നവമായ ഒരു സാമ്പത്തികവ്യവസ്ഥിതി-(New order) ലോകത്തു നടപ്പാക്കാൻ-തിരഞ്ഞെടുത്തയയ്ക്കപ്പെട്ടവനാകയാൽ, വിളഞ്ഞ രാഷ്ട്രീയചിന്തകനും, തെളിഞ്ഞ നേതാവുമാകണം മണിയാക്കരൻ. മാനവവംശത്തിന്റെ പങ്കും തലയും ഒത്തിണക്കി ലോകസമാധാനത്തിനടിത്തറ പണിതു് ലോകസാമ്രാട്ടായി വാഴാൻ രക്ഷകനൊരുവൻ വരുമെന്നു് യൂദർ അവർ ആശിച്ചിരുന്നു. രക്ഷകനദ്ദേഹം സാമ്പത്തികമാളികകളിൽ ജനിച്ചുവളരുമെന്നും അവർ തെറ്റിദ്ധരിച്ചു. രക്ഷകൻ വന്നു. മണ്ണിൽപ്പിറന്നു മാളികകളിൽ വളരാതെ-മേടകളിൽ തെളിയാതെ, കുടിലിൽ ഒളിഞ്ഞു, കുരിശിൽ മരിച്ചു്, സ്വർഗ്ഗംചേന്നു. മനുഷ്യർ നാം സ്വർഗ്ഗീയസമ്പത്തു് കരസ്ഥമാക്കാൻ; നാം എങ്ങനെ ജീവിക്കണമെന്നു കാട്ടാൻ. നമ്മെ സ്നേഹിച്ചു താൻ ജീവിച്ചു, നമ്മെ സ്നേഹിച്ചു താൻ

മരണമടഞ്ഞു് ജഗൽപിതാവിൻ വലത്തുഭാഗത്തു പാർപ്പുമാക്കി. ശാരീരികമായി, ലോകദൃഷ്ടികളിൽ മ്ശിഹാ ലോകത്തു തോൽവിപററിയവനെന്നു് ഘോഷിക്കവെ, ദുഷ്ടജനത്തോടു പോർ നടത്തി ദുഷ്ടരവരെ ശിഷ്ടരാക്കി ലോകം ഭരിപ്പാൻ, ദൈവം ലോകത്തിന്നയച്ചിട്ടുള്ള മണിയാകരൻ, മണ്ണിൽപ്പിറന്നു കെൽപുകൾനേടി രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾക്കും ലോകസമാധാനത്തിനുമായി സുധീരം പോരാടി, ലോകരുടെ കണ്ണു തുറപ്പിച്ചു് ലോകരെതന്നിലേക്കു ഹഠാൽ ആകർഷിച്ചു് ലോകം ഭരിച്ചുവേണം ലോകസമാധാനം പുലത്താൻ. അന്നത്തെ കരിശിലെ ദൗത്യം ഇന്നത്തെ ഭരണത്തിൽ വരുത്താൻ. ദുഷ്ടരെ അമത്തിയും, ശിഷ്ടരെ പുലത്തിയും ഐശ്വര്യം വളത്താൻ—ഇതു് തനിക്കു് സാധിച്ചാൽ ഇഹലോകഭരണങ്ങളിൽ ദൈവം ശ്രദ്ധിക്കുന്നുണ്ടെന്നു സകാരണം നാം അനുമാനിക്കണം. സ്വാത്ഥംവെടിഞ്ഞു തന്നെപ്പോലെ ഭൂമിയിലുള്ള . സകലരേയും നിർവ്യാജം സ്നേഹിക്കുന്ന മണിയാകരശ്രമങ്ങൾ, ഫലത്തിൽ വരുത്താൻ ദൈവമിടയാകണം. ഇങ്ങനെ നിൽക്കട്ടെ പോരും പാറതയും. ഇങ്ങനെ നിൽക്കണം പഞ്ഞവും യുദ്ധവും—ഖേദങ്ങളെല്ലാം മറന്നു് താൻ വാഴണം. മോഹങ്ങളെല്ലാം വെടിഞ്ഞു താൻ താഴണം, പാപങ്ങളെല്ലാം അകന്നു നാം മാറണം, ദൈവവുമായി നാം സമ്പക്കമാകണം. കുടുംബകലഹങ്ങൾ ഒന്നോടെ പോകണം. സമുദായം തമ്മിൽ ഈ ഭിന്നിപ്പിതെന്തിനു്? രാജ്യങ്ങളെന്തിന്നു് പോർ നടത്തീടണം? ഭൂമിയെല്ലാമൊരു രാജ്യമല്ലെന്നുണ്ടോ? ഉണ്ണാനും ഉടുക്കാനും ഏവക്കുമാവശ്യം—ജീവിപ്പാനവസരം ഏവക്കും വേണ്ടയൊ? ഉയർച്ച താഴ്ചകളും

വശ്യമല്ലയെം? എങ്ങനെ താഴാതെ ഉയർച്ച നാമെ ത്തിടും? സാമ്പത്തികമായി സകലരും ഒരേ തോതിൽ വളരത്തക്കതോ വളർത്തത്തക്കതോ ആണെന്നു് എനിക്കില്ലഭിപ്രായം. ജീവിതത്തിനുള്ള അഴക പിഴുതുക ളയുന്ന ഈ ഒരു വ്യവസ്ഥിതിക്കു് ഞാൻ എതിരുമാണു്. പരസ്പരം ആശ്രയിക്കാതെ കഴിവാനുള്ള ഒരു ജീവിതം ഭാവനം ചെയ്യുന്നതിനുപോലും എനിക്കു സാദ്ധ്യമല്ല. എല്ലാവർക്കും ഉണ്ണാനും, ഉടുക്കാനും സുല ഭമായി ഉണ്ടായിരിക്കണമെന്നല്ലാതെ, എല്ലാവരും ഒരേ സാമ്പത്തികത്തോതിൽ വളരണമെന്നും വളർത്തണമെ ന്നോ ചിന്തിക്ക ദുസ്സാദ്ധ്യം. ജീവിതസൌന്ദര്യത്തിനു കാരിവയ്ക്കുന്ന ഈ ദുരാശയങ്ങൾ വളർന്നു് ലോകം കീരിയും പാമ്പുംപോലെ കഴിയുന്നതോർത്തുള്ള ഭീതി കൊണ്ടു പറകയാണു്. ഇങ്ങനെ ഒരു വ്യവസ്ഥിതിക്കു് എൻെറ ദൃഷ്ടിയിൽ കവിതാമശ്ലേഷം കാണായ്കയാലും—ചീഞ്ഞ മനസ്ഥിതി നട്ടുവളർത്തുന്ന ആശയമിതാകയാലും-കരിശിൻെറ ദൌത്യത്തിൽ ഇതു് കാണായ്കകൊണ്ടും ഭരണചക്രത്തിനു് ഇതു് ഒരു കട്ടക്കാലകൊണ്ടും— ഞാൻ സ്ഥിതിസമത്വവ്യവസ്ഥിതിക്കു് എതിരുമാണു്.

ആരോ കതകിൽ തട്ടുന്നതുകേട്ടു അകത്തുവരുവാൻ മണിയാകരൻ പറഞ്ഞതനുസരിച്ചു് ഉമ്മൻ ചിരിച്ചു കൊണ്ടു് അകത്തു വന്നു. ചിരിക്കുന്നവർ ചതിക്കയില്ലെന്നു് മാക്സ്ബീ ബോറം പറയുമെങ്കിലും, ഇക്കാലങ്ങളിൽ ചിരിക്കുന്നവരെ വിശ്വസിച്ചുകൂടാ.

മണി:—എന്താ ഉമ്മൻ സുഖമാണോ?

ഉമ്മൻ:—മണിയാകരൻെറ സുഖമന്വേഷിച്ചു വന്നെ ന്നുമാത്രം.

മണി:—കത്തോലിക്കർ തമ്മിലുള്ള ദുർവ്യവഹാരങ്ങളെ
ങ്കിലും ഒതുക്കിത്തീർത്തു് ഐക്യതയിൽ കഴിവാൻ
എനിക്കാഗ്രഹമുണ്ടെന്നും, വേലന്തരവസ്തുക്കളിൽ
നേർപകുതി പൊല്ലമ്മക്കു് കൊടുക്കാൻ ദയവുണ്ടാ
കണമെന്നും എന്റെ വാക്കിൽ മാത്തുണ്ണിയോടു്
ഉമ്മൻ പറയണം.

ഉമ്മൻ:—മക്കോയിച്ചൻ പറഞ്ഞു മണിയാകാരൻ ഒരു
ശീമകല്യാണം കഴിച്ചെന്നു്—ഞാൻ അതു വിശ്വ
സിക്കണമെങ്കിൽ മണിയാകരൻ സമ്മതിക്കണം.

മണി:—മക്കോയിക്കു് പറഞ്ഞുകൂടാത്തതെന്തു്. പ്രവ
ർത്തിച്ചുകൂടാത്തതെന്തു്?

ഉമ്മൻ:—ഞാൻ കേട്ടു മണിയാകരൻ കളിന്ദിനിയെ
കല്യാണം കഴിക്കുമെന്നു് വാക്കുപറഞ്ഞെന്നു്.

മണി;—പരിപാവനമായ എന്റെ നാമം—ഉത്തമന്മാ
ർക്കുമാത്രം മാർഗ്ഗനിർദ്ദേശം നൽകി ജീവിക്കുന്ന
എന്റെ ജീവിത സരണിയിൽ മൃഗങ്ങൾ നിങ്ങൾ
എടുത്തുചാടി വരുത്തിവച്ച വിപത്തുകളെത്രമാത്ര
മെന്നു് എനിക്കറിയാം. എന്റെ നാമം ഈ വഞ്ച
കിയുടെ പേരുമായി ഘടിപ്പിച്ചു് എന്റെ ക്ഷമാ
ശീലം ദൈവം പരീക്ഷിക്കയാവാം.

കുസുമതീരം—അതി മനോഹരമായ ഒരു രണ്ടുനില
മാളികയാണതു്. ആധുനികരീതികളിലുള്ള പ്പാററുക
ളും മററും വളരെ ഭംഗിയായി പണിതീർത്തിട്ടുള്ള ഈ കെ
ട്ടിടം മലയച്ചാൽകുന്നിന്റെ ആഭരണമായി എന്നാളും
ശോഭിക്കും. കുസുമതീരം കണ്ടാനന്ദിക്കാത്തവർ ഇക്കാല
ങ്ങളിലില്ല. കുന്നിന്റെ അടിവാരത്തിൽനിന്നും പൈപ്പ

കളിലൂടെ ശുദ്ധജലം ഗൃഹത്തിനുള്ളിലേക്കു് പ്രവഹി ച്ചുകൊണ്ടിരിക്കുന്നു. നാലുചുററുമുള്ള കരിങ്കൽ മതിലു കഠം കടന്നുചെന്നാൽ മുററത്തു് ചുററും വളത്തുന്ന പൂ ച്ചെടികഠം കാണാം. ഉള്ളിലേക്കു് ഇളങ്കാററടിക്കു ന്നുണ്ടു്. മേളവിലാസത്തെപ്പോലും വെല്ലുവിളിച്ചുകൊ ണ്ടു് ഒരു ജഗന്മോഹിനി എന്നോണം അർച്ചാകൃതിയി ലുള്ള കുസുമതീർ ശോഭിക്കുന്നു.

സായാഹ്നം. കുസുമതീർ വടക്കേഷെഡ്ഡിൽ ഇരുന്നു കൊണ്ടു് വയോള്ളാ പ്രകൃതികണ്ടാനന്ദിക്കയാണു്. ലാടനെക്കണ്ടു് വ്യാമോഹിത അവഠം അനുരാഗക്കട ലിൽ മുങ്ങിപ്പൊങ്ങി ഓളഗോളമാടുകയാണു്. ചുററുപാ ടുമുള്ള രമണീയങ്ങളായ പ്രകൃതികണ്ടു് അവളാനന്ദിക്ക യാണു്. ഹാ! കെത്സോസ്ലേക്കാഠം മലയച്ചാൽ എത്ര രമ ണീയകം? വെഡ്സ്വത്ത് മാന്നാനത്തെതാ, മലയച്ചാലി ലോ, ജീവിച്ചിരുന്നെങ്കിൽ—പ്രകൃതിവിലാസംകണ്ടാന ന്ദിച്ചു് എത്രഎത്ര വിചിത്രകവിതകളദ്ദേഹം നിമ്മിക്കു മായിരുന്നില്ല. ഷെല്ലി മന്നാനം മലച്ചാൽ ഇവ ക ണ്ടാനന്ദിച്ചിരുന്നെങ്കിൽ, അദ്ദേഹത്തിൻെറ കവനമഞ്ജു ത്തിൽനിന്നും പുറപ്പെടുന്ന നിൽക്കാത്ത ആഭീനസഞ്ചാരം -അസംതൃപ്ത! ലോകത്തിന് അജ്ഞാതമായിരുന്നേനെ. കുസുമതീരവും പരിസരങ്ങളും കണ്ടാനന്ദിക്കാത്ത കണ്ണു് പുഞ്ചിരി ചൊരിയാത്ത ഹൃദയം—ദൈവമെ അതു് എ ൻേറതുമാത്രം. അത്രമാത്രം ഞാൻ സഹിച്ചു—അത്ര മാത്രം ഞാൻ സഹിക്കുന്നു. ദൈവമെ! 'ഇനിയും ഇങ്ങ നെ എത്രമാത്രം ഞാൻ സഹിക്കണം?' എന്നവഠംഉള്ളു അലറി വീണ്ടും പ്രകൃതികണ്ടാനന്ദമാണു്.

---

## അദ്ധ്യായം ൨൯

# ആക്രമണം

പ്രകൃതികണ്ടാനന്ദിച്ചിരുന്ന അവളിൽ അവളറിയാതെ ചില വ്യതിയാനങ്ങൾ വരുന്നതോർത്തു് നെടുവീർപ്പിട്ടു അവൾ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു. കുസുമതീരത്തു് പുതുതായി താമസത്തിനെത്തീട്ടുള്ളവർ കുബേരരെന്നു് മനസ്സിലാക്കി മർക്കോയി രാത്രിയിൽ വലവാവേഷത്തിൽ ചുററിപ്പററി ആ ഗൃഹപരിസരങ്ങൾ വേണ്ടവണ്ണം പരിശോധിച്ചിരുന്നു. വയോളയും കുസുമതീരത്തു് വന്നെത്തിയതോടുകൂടി മർക്കോയിയുടെ ശ്രദ്ധ നാൾക്കുനാൾ വർദ്ധിച്ചു. എങ്ങനേയും ഈ അംഗനാരത്നത്തെ തട്ടിക്കൊണ്ടുപോകുവാൻ ഓരോ രാത്രിയും അവൻ നടത്തുന്ന പരിശ്രമങ്ങളൊന്നും വയോളക്കൊട്ടറിഞ്ഞുംകൂടാ.

അന്നു് രാത്രി മണി പതിനൊന്നടിച്ചു. വയോള വ്യസനാധിക്യത്താൽ മുറി വിട്ടു് കുസുമതീരത്തിന്റെ കിഴക്കെ വരാന്തയിലൂടെ തെക്കുവടക്കായി ലാത്തുന്നു. ദുഃഖാധിക്യത്താൽ മതിമറന്നവളവൾ അകലെ നിന്നു് മർക്കോയി അവളെ തുറിച്ചു നോക്കുന്നതു് അവൾക്കറിഞ്ഞുകൂടാ. ലാടനിൽ അവൾക്കുള്ള അനുരാഗത്തീയിൽ അവൾ സ്വയം കത്തിജ്ജ്വലിക്കയാണു്. ലാടവീരനവൻവേണ്ടി മരിപ്പാനുമവൾ ഒരുക്കമാണു്. യഥാർത്ഥത്തി ലദ്ദേഹം ഒരു ലാടൻ തന്നെയോ എന്നറിയുന്നതിനുള്ള തന്റെ യത്നങ്ങളൊക്കെ വിഫലങ്ങളെന്നവൾ കണ്ടു.

നാരായണിയോടുകൂടി കുസുമതീരത്തവൾ വന്നു താമസമാക്കി. മനശ്ശാന്തിക്കായി സ്നേഹപരവശയായ വയോളാ വരാന്തയിൽനിന്നും മുററത്തിറങ്ങി നയനങ്ങളടച്ചു് ചിന്താമഗ്നയായി ലാത്തുകയാണു്. അല്പസമയത്തിനുള്ളിൽ, അവളുടെ മൃദുഹസ്തങ്ങളാൽ വദനമവൾ മറച്ചു് ഉള്ളലാടനമായി സലിലക്രീഡയുമാരംഭിച്ചു. ശൃംഗാരം അവളെ അപ്പോൾ വിഴുങ്ങിയിരുന്ന വാസ്തവമവൾകൂടി അറിഞ്ഞതല്ല. അർദ്ധരാത്രിയെങ്കിലും അനുരാഗചിന്തകളെ സംഗീതമാക്കിപ്പകർത്തിപ്പാടാൻ സങ്കോചമവളെ അനുവദിച്ചുമില്ല. Heard melodies are sweet. But those unheard are sweeter എന്നകീററിസ്സ് കീർത്തനം ഇവിടെ അനുസ്മരിക്കണം. നാം കേട്ടിട്ടുള്ള പാട്ടുകളൊക്കെ ഹൃദയാകർഷകമെങ്കിൽ ഹൃദയമുകരത്തിൽ തിങ്ങിപ്പൊങ്ങി വാക്കുകൾക്കതീതമായി ഓളംഗോളമാട്ടമാമതനഗാനം നമുക്കേവക്കും എത്ര ഇമ്പകരമായിരിക്കണം! ലംടനെ ചിന്തിച്ചുവ്യസനിക്കുന്നവയോളാ അദ്ദേഹത്തെ ഓർത്തു് ആനന്ദിക്കുകയാണു്. തന്നെപിടിക്കാൻ സാവധാനം തന്നോടു സമീപിക്കുന്ന ശത്രുവിനെ വയോള ഇനിയും കാണുന്നില്ല. ആരോ തന്റെ ദേഹത്തിൽ സ്പർശിക്കുന്നതു ഞൊടിക്കുള്ളിൽക്കണ്ട വയോള പെട്ടെന്നൊന്നു ഞെട്ടുന്നെങ്കിലും ചുവടുറപ്പിച്ചു ധൈര്യസമേതമവൾനിന്നു് അപ്പോൾ അവൾ അവിടെ പ്രദർശിപ്പിച്ച വിപതിധൈര്യം എന്റെ പേനത്തുമ്പിൽ ഒതുങ്ങുന്നതല്ല. കുടുക്കിലകപ്പെട്ടതായ വയോളയേയും കൊണ്ടു് മക്കോയിയും മററും ദ്രുതഗതിയിൽ നടന്നു. ആ വഞ്ചകനവനോടു് അവളിങ്ങനെ ഗജ്ജിച്ചു. 'മഹാപാപി, ദ്രോഹി, നീ മനുഷ്യനെങ്കിൽ, ദൈവത്തിന്റെ നാമത്തിൽ എന്നെ നീ ഉപദ്രവിച്ചുകൂടാ. നീ ആരു്? നാം

തമ്മിൽ പൊരുത്തമെന്തു്? ദൈവം അനുവദിക്കുന്ന
പക്ഷം, ന്യായാസനത്തിലിരുന്നുകൊണ്ടു് ഇതിൻഞാൻ
നിന്നോടു കണക്കു ചോദിക്കും. രാത്രിയിൽ തനിച്ചൊരിട
ത്തും അവൾ പോയിട്ടില്ല. തൻ്റെ പുതിയ വാസസ്ഥാ
നം മിക്കവാറും വയോളയ്ക്കു് അപരിചിതവുമാണു്.
പോരെങ്കിൽ കൂരിരുട്ടും. ദുഷ്ടശത്രുവുമായി പൊരുതാൻ
തന്നെ അവൾ തീർച്ചയാക്കി. എങ്കിലും സ്ത്രീസഹജമായ
പരിഭ്രമം അവളെ അലട്ടി. തന്നെ തൻ്റെ വീട്ടിലേക്കു്
വിട്ടയക്കണമെന്നു് ഏററവും ദയനീയസ്വരത്തിൽ ഇട
ക്കിടെ അവൾ പറഞ്ഞു. ഇതുകൊണ്ടൊന്നും മാക്കോയി
ഇളകിയില്ല. വയോള വീണ്ടും പറഞ്ഞു തുടങ്ങി. 'നി
നക്കു് നിൻ്റെ ജീവനിൽ കൊതിയുള്ള പക്ഷം എന്നെ
നീ വിടണം; ഞാൻ എങ്ങനെയും ഓടി രക്ഷനേടി
ക്കൊള്ളാം.' ഇതിനുള്ളിൽ മക്കോയി വയോളയെ താഴ്
നിരത്തി ബലംപ്രയോഗിച്ചു് അവളെ നടത്താൻ ശ്രമി
ച്ചു. 'എൻ്റെ ഹൃദയമുകുരത്തിൽ വാണരുളുന്ന ലാടന
വൻ ഓടി എത്തി എന്നെ രക്ഷിച്ചെങ്കിൽ'—എന്നവൾ
ഉള്ളിൽ ഓർത്തു. സ്വരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെപ്പററിയും
അവൾ ചിന്തിക്കുന്നുണ്ടു്. ഈ അത്യാപത്തിൽ നിന്നും
തന്നെ രക്ഷിക്കേണമെന്നു ദൈവത്തോടു് പ്രാർത്ഥിച്ചു.
അർദ്ധരാത്രിസമയം; എന്തൊരു ലാടനവിടെ ഓടിവന്നു്
രക്ഷിക്കും—മദ്രാസിൽവച്ചു് ഒരു നോക്കുമാത്രം കണ്ട
ലാടൻ ഓടിയെത്തി ഈ ദുഷ്ടനിൽനിന്നു് അവളെ രക്ഷി
ക്കണമെന്ന അവളുടെ വ്യാമോഹം അപ്രകൃതമെന്നു
വരുമൊ. ലാടനിൽ വയോളയ്ക്കുള്ള പ്രേമം എത്ര തീവ്ര
മാംവണ്ണം കേന്ദ്രീകൃതമെന്നു നോക്കണം.

മക്കോയിയുടെ പിടിയിൽ കുടുങ്ങിയ വയോളും ലാട
നെ അനുസ്മരിക്കുമ്പോൾ, ലാടനിലേക്കു് നമുക്കൊന്നു്

എത്തിനോക്കാം. മക്കോയി വനാന്തരത്തിൽ കൊണ്ടുവന്ന വയോളയുടെ കൺമുമ്പിൽ ലാടനെ ബന്ധിതനായി കാണുന്നു. അപ്പോൾ വയോളയ്ക്കുണ്ടായ ക്ഷോഭം എത്രമാത്രമെന്നു് വായനക്കാർ ഊഹിച്ചാൽ മതി. സാധുവും ഒരു തടവുകാരനായി ലാടസമീപം നിൽക്കുന്നു. ലാടനും സാധുവും വാസ്തവത്തിലാരെന്നു് മനസ്സിലാക്കി കഴിഞ്ഞ മക്കോയി, അവരിരുവരേയും ജീവനോടെ ദഹിപ്പിക്കുന്നതിനു് അഗ്നികൂട്ടി. ചാത്തന്റെ ഗുഹയിൽ നാം കണ്ടുപിരിഞ്ഞ ലാടനും സാധുവുമാണു് നമുക്കിപ്പോൾ ദൃശ്യമാകുന്നതു്. ഇരുവരും അത്യാപത്തിലെങ്കിലും, ലാടനും വയോളയുമായി വീണ്ടുമിങ്ങനെ കണ്ടുമുട്ടിയതിൽ അവരിരുവരും സന്തോഷക്കടലിൽ മുങ്ങിപ്പൊങ്ങി: മരണത്തിന്റെ വക്കിൽ നിന്നവർ ആനന്ദിക്കുന്നുണ്ടു്. രണ്ടാമത്തെ അവരുടെ ഈ കൂടിക്കാഴ്ചയാൽ അവർ പരസ്പരം ആളറിഞ്ഞു് ആനന്ദിച്ചു് ആറാടുകയാണു്. കൌതുകം, സന്തോഷം, പ്രേമം എന്നിവകളാൽ അവർ വലഞ്ഞു. അവർ ഇരുവരുടേയും സംശയങ്ങളെല്ലാം തീർന്നു പരസ്പരം സൗന്ദര്യം നുകർന്നവർ കഴിയുന്നു. തങ്ങൾ അത്യാപത്തിലെന്നവർ മനസ്സിലാക്കി രക്ഷക്കുള്ള മാർഗ്ഗങ്ങൾ ചുഴിഞ്ഞാലോചിക്കയാണു്. കൈയ്കാലുകൾ ബന്ധിച്ചു് അസ്വാതന്ത്ര്യനായി തന്റെ മുമ്പിൽ കാണപ്പെടുന്ന തന്റെ ഹൃദയവല്ലഭനെ—രക്ഷിക്കേണമെന്നു് അവൾ തീർച്ചയാക്കി. അദ്ദേഹവുമായി. ആലോചിക്കാതെ—അദ്ദേഹത്തെ അറിയിക്കാതെ—നോക്കണം അവളുടെ നിർവ്യാജപ്രേമം!! ചെററകലെ അഗ്നി കത്തിക്കാളുന്നു—ലാടനേയും സാധുവിനേയും ചുടാൻ—തീകുണ്ഡം അവരെ തുറിച്ചുനോക്കുന്നുണ്ടു്. അസ്വാതന്ത്ര്യരായ ലാട

ൻം, സാധുവും—അവരെ വിഴുങ്ങാനുള്ള തീജ്വാലകൾ, തങ്ങളെ മർദ്ദിച്ച് രസിക്കുന്ന മക്കോയിയും അവന്റെ ക്രൂട്ടാളികളും അഹോ! വയോള, തന്റെയും ലാടന്റെയും സാധുവിന്റെയും ദുർവിധിയെ പഴിച്ച് രക്തം വിയർത്തു് നിന്നുപോയി. ഇവരിരുവരേയും രക്ഷിക്കേണ്ട കർത്തവ്യം തനിക്കുണ്ടെന്നു് ധീര അവൾ മനസ്സിലാക്കുന്നു. 'ഒന്നുകിൽ ഇവരെ ഞാൻ രക്ഷിക്കും—അല്ലെങ്കിൽ ഇവരോടുകൂടി ഞാനും'—എന്നു് അവൾ ഉള്ളിൽ പറഞ്ഞു. മൈസൂർ, ബാംഗളൂർ മുതലായ പട്ടണങ്ങളിൽ ചുററിസഞ്ചരിച്ച് ഭാരതസ്വാതന്ത്ര്യാർത്ഥം രഹസ്യമായി പ്രയത്നിച്ചിരുന്ന ലാടന്, പൊടുന്നനവെ സാധുവിന്റെ കമ്പി കിട്ടി. കമ്പി അനുസരിച്ച് ലാടൻ ബാംഗളൂർനിന്നും അന്നത്തെ മെയിൽട്രെയിനിൽ കോട്ടയത്തിനു യാത്രതിരിച്ചു യഥാസമയം കോട്ടയത്തുവന്നെത്തി. രാത്രിമണി പതിനൊന്നു കഴിഞ്ഞിരിക്കണം അദ്ദേഹം കോട്ടയത്തെത്തിയപ്പോൾ— കോട്ടയം പട്ടണത്തിൽ നിന്നും നടന്നു് ലാടൻ അമ്മഞ്ചേരിയിലെത്തി. അവിടെവച്ചു മക്കോയിയും മററും ലാടനെപിടിക്കുന്നതിനു പലശ്രമങ്ങളും നടത്തിയെങ്കിലും, അപകടങ്ങളിൽനിന്നെല്ലാം തെററിമാറി ലാടൻ സാധുവിനെകണ്ടുമുട്ടി. ഇരുവരുംകൂടി നാരായണിയെ കണ്ടു് ഏതൊ രഹസ്യകാര്യം പറവാൻ കുസുമതീരത്തേക്കു പോയി. വഴിമദ്ധ്യേ മക്കോയിയും കൂട്ടരും ചതിവിൽ ഇവരിരുവരേയും പിടിച്ച് കൈയ്കാലുകൾ കെട്ടി ഗുഹക്കുള്ളിൽ കൊണ്ടുവരുകയും ചെയ്തു. വയോളയെ കുടുക്കിലാക്കുന്നതിന് തലെരാത്രി നടന്ന സംഭവമാണു് മേൽവിവരിച്ചിട്ടുള്ളതു്. വയോളയുടെ സാന്നിദ്ധ്യത്തിലവരെ ദഹിപ്പിക്കണമെന്നാണു മക്കോയിയുടെ നിശ്ചയം. വയോളയേയും ഇപ്പോൾ അവന്റെ അധീനത

യിൽ വന്നെത്തിയതോത്തു് ദുഷ്ടനവൻെറ പൈശാചികാനന്ദം നോക്കുവിൻ. ഒടുവിൽ വടയാളു, 'അയ്യോ ദൈവമെ', എന്നു് ഉള്ളെ അലറി വിളിനിന്നു. തങ്ങളുടെ ദുർവിധിയിൽ ഭാഗഭാക്കാകാൻ വടയാളു കൂടി നയിക്കപ്പെട്ടതോത്തു് — അവളാരെന്നു് അവളെക്കണ്ട അനക്ഷണം മനസ്സിലാക്കിയുള്ളെ ആനന്ദം തുടങ്ങിയ ലംടൻ അതേസമയം വ്യസനാക്രാന്തനുമായി.

വടയോളുയും ലംടനുമായി അടുപ്പമുണ്ടെന്നു് മക്കോയിയും മററും അറിഞ്ഞിരുന്നില്ല. ഈ ഭയങ്കര രാത്രിയിൽ അവരു തനിയെ ഗുഹവിട്ടു് ഓടിപ്പോകുമെന്നു് അവർ ഒട്ടു കരുതിയുമില്ല. ആകയാൽ അവളിൽനിന്നും കുറച്ചുകലെനിന്നു് മക്കോയി വീണമല്ലനുമായി സംസാരിക്കുന്നു—.

മക്കോയ:—വീണമല്ലാ താൻ അടുത്തുവരണം കാണണമെങ്കിൽ—ദുഷ്ടർ അഗ്നിയിൽ വേകട്ടുമാ എന്നറിവാൻ.

വീണ:—ഞാൻ കിടന്നുകൊണ്ടു് കണ്ടുകൊള്ളാം—എടൊ ശക്കര കുറച്ചു് വിഴുങ്ങണം—തനിക്കു് കുടവയറു് ശക്കരെയാണു്.

മക്കോയി:—വയസ്ക്കരെ പറഞ്ഞതും താൻ മറക്കണം, ശക്കരതീററി നിറുത്തണം. എന്താ ഇവരെ ചുട്ടുകളയാം അല്ലേ?

വീണ:—പിന്നല്ലാതെന്താ—വേഗമാകട്ടെ. വിറകെരിയുന്നു. എണ്ണ കുറയുന്നു. സമയം പോകുന്നു. സംസാരംനിറുത്തണം—പ്രവത്തിച്ചുകാട്ടണം.

DHARMARAM COLLEGE LIBRARY, BANGALORE. 34716

—

## അദ്ധ്യായം ൩൦

# വീരമതി വയോള

രക്ഷയുടെ മാർഗ്ഗം കാണാഞ്ഞു് ലാടനും സാധുവും വ്യസനപരവശരായി. മരണം നിശ്ചയമെന്നവർ തീർച്ചയാക്കി. എന്നിരിക്കിലും രക്ഷക്കുള്ള പോംവഴി അവരിരുവരും ഉള്ളിൽ ആരാഞ്ഞുമിരുന്നു. വയോളയും തടവുകാരിയായെങ്കിലും, അവൾ രംഗത്തു പ്രവേശിച്ചതോടുകൂടി പ്രണയിനികളവരിരുവർക്കും ജീവിതത്തിലുള്ള ആശ പതിന്മടങ്ങു വർദ്ധിച്ചു. അവൾ ഒരു അബലയാകയാൽ—അവളെങ്ങനെ തങ്ങളെ കഠിന ശത്രുക്കളിൽനിന്നു രക്ഷിക്കുമെന്നോർത്തു് അവർ സംശയിച്ചു. സ്വജീവനെ പണയപ്പെടുത്തിയും, സാധുവിനേയും വയോളയേയും രക്ഷിപ്പാൻ സ്വാതന്ത്ര്യം തനിക്കില്ലാത്തതോർത്തു് ധീരനായ ലാടൻ കരഞ്ഞു. ഒ പേരെടുത്ത നോവലെഴുത്തുകാർ—അവർ ഒടുവിൽ മരണക്കിടക്കപ്പെടുമ്പോൾ, ഈ ദശാപരിതസ്ഥിതികൾ മൂകഭാഷയിൽ തളർന്ന അവരുടെ നാവുകളാൽ വിജയകരമാംവണ്ണം ഒരുപക്ഷെ വർണ്ണിച്ചെന്നുവരാം. ഗാത്രപുഷ്ടിയുള്ള എനിക്കില്ലതിനുത്രാണി. അത്ര ഭയാനകമാംവണ്ണം ലാടഹൃദയം, ലാടശിരസ്സ് വെന്തുനീറുന്നവസ്തുത വായനക്കാർ ഗ്രഹിക്കണം. കൂട്ടിലടയ്ക്കപ്പെട്ട ഈ സിംഹം—ജ്വലിക്കുന്ന തന്റെ കണ്ണുകളിൽനിന്നും ചിതറുന്ന ദീപ്തിയാൽ ദുഷ്ടരവരെ സൽകൃത്യങ്ങളിലേക്കു് ക്ഷണിക്കുമെന്നു് തോന്നും അപ്പോഴത്തെ അദ്ദേഹത്തിന്റെ മുഖഭാവം കാണുന്നവർക്കൊക്കെ. ഒരുത്തർക്കും ഒരു

ദ്രോഹവും ഒരിക്കലും ചെയ്യാത്ത ഈ കോമളാംഗൻ—നർമ്മഭാഷണങ്ങളാൽ മാത്രം തന്നോടടുക്കുന്നവരെ തന്നിലേക്ക് ആകർഷിച്ച് ജീവിതം തുടരുന്ന മനുഷ്യമിത്രമിവൻ—ലോകത്തിൽ സ്നേഹസേവനം നടത്തി ജീവിതമത്സരത്തിൽ സ്ഥലംപിടിച്ചു വീരനിവനെ—എന്തിന് ദൈവം ഇത്തരം കടുത്ത വ്യഥകളാൽ വലക്കുന്നെന്ന് താനൊട്ടറിയുന്നില്ലെങ്കിലും—ദൈവഹിതം നിറവേററാൻ താനിതാ തയ്യാറുമാണ്. കൂടുതൽ കൂടുതൽ കുരിശുകളയച്ച് കൂടുതൽ കൂടുതൽ കെല്പുള്ളവനാക്കി ദൈവനിശ്ചയം ഇഹത്തിൽ നടത്താൻ—ദൈവം താൻ സന്തുഷ്ടനായി മണ്ണിൽനിന്നും മനഞ്ഞെടുത്ത മന്നാ ഇവനാകയാൽ—മാനവവംശത്തിന്റെ കളങ്കങ്ങളെല്ലാം ഉരുക്കി ഉടച്ചുവാർക്കാൻ—മനുഷ്യരും ദൈവവുമായി ഒത്തിണങ്ങുന്നതിനു നിയുക്തനാണു താനെന്നു താൻ മനസ്സിലാക്കുന്ന അനുക്ഷണം—തന്റെ വ്യഥകളെല്ലാം മറന്ന് ആഹ്ലാദിതൻ താൻ ആകുമെന്നും അറിയുന്ന ദൈവം—ഇവനാൽമാത്രം ഇഹത്തിലെ വിപത്തുകൾ ഒഴിപ്പാനും ഇഹത്തിൽ സ്നേഹം ചൊരിവാനുമാണ്. എന്നിട്ടു നീതി നടത്താനാണ്. ഇങ്ങനെ ഒരന്നം പുഴുക്കാനാണ്.—തടവിൽ ദൈവം അടങ്ങാതിരിപ്പാൻ—തടവിൽ മനുഷ്യൻ കരയാതിരിക്കാൻ, വിടവിൽ മനുഷ്യൻ കുടുങ്ങാതിരിപ്പാൻ—ഇവൻ വിടവുകളിങ്ങനെ നികത്തുകയാണ്. വിടവുകളിങ്ങനെ നികത്തുകയാണ്.

ഒടുവിൽ മക്കോയി സംസാരം നിറുത്തി. 'കള്ളസാധു, കള്ളലാടൻ-സന്യാസികളെങ്കിലും ഉത്തരകൂട്ടം. ഇവന്റെ ലാഭതന്ത്രമെല്ലാം ഇന്നുകൊണ്ടവസാനിക്കണം. ഇവന്റെ വീരപരാക്രമങ്ങളൊക്കെ കാണേണ്ടതിന്നാ

ണു് എന്നിങ്ങനെ വീണമല്ലനോടു് പറഞ്ഞപ്പോൾ അഗ്നിയിൽനിന്നും കോപിഷ്ഠനായ ഭൂതം എടുത്തുചാടി തൻെറനേരെ ചീറിപ്പായുന്നെന്നു് അവനു് തോന്നി. യഥാൎത്ഥത്തിൽ ഭൂതമവിടെ പ്രത്യക്ഷമല്ല. മക്കോയിയുടെ സങ്കല്പശക്തി അവനെ തോന്നിച്ചതാവാം അതു്. മക്കോയി, വീണമല്ലനും മററുമായി സംസാരിക്കുന്ന തക്കം നോക്കി തൻെറ റിവോൾവർ കയ്യിലെടുത്തുകൊണ്ടു് ഞൊടിക്കുള്ളിൽ വയോള ലാടൻെറ കെട്ടുകളഴിച്ചു് ലാടനെ സ്വതന്ത്രനാക്കി—ലാടപരാക്രമങ്ങളാൽ സാധു സ്വതന്ത്രനായി, പെട്ടെന്നു റിവോൾവർ ചുഴററി കുശാഗ്രബുദ്ധി വയോള ഇരട്ടക്കുഴൽ തോക്കുനീട്ടി ആകാശം ലാക്കാക്കി ഒരു ചുററു് വെടിയും നടത്തി. വെടികേട്ടു് ദുഷ്ടരാമിവർ ഓടി. വയോളയുടെ ധീരകൃത്യങ്ങൾ കണ്ടു് ലാടനും സാധുവും അമ്പരന്നു് അവളെ ആരാധിച്ചുനില്ക്കുന്നു. കോർഡേലിയയേക്കാൾ ധൈൎയ്യമവൾ അവിടെ പ്രദർശിപ്പിച്ചു. സുഭദ്രപോലും ഞെട്ടും അവളെ അപ്പോൾ കണ്ടാൽ. നെപ്പോളിയൻപോലും അവളെ അപ്പോൾ വണങ്ങും. അബലത്വത്തിനു് ഇങ്ങനെ ആണിവച്ചവൾ ധീരകളിൽ ധീരയായി. ആകൃതിപ്രകൃതികളിൽ മാത്രമല്ല—വാക്കിലും പ്രവൃത്തിയിലും അവളാണു് ഇന്നത്തെ ജോസഫയിൻ എന്നു മനസ്സിലാക്കി അവളെ കാണുമ്പോൾ ആരും വണങ്ങും. കാടെന്നും ഗുഹയെന്നും അവളും വായിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ഇത്ര ഭയാനകമെന്നു് അവൾ അറിയുന്നതു് ഇന്നാണു്. ശത്രുവിൻെറ പിടിയിൽ ഞെരിഞ്ഞു്, കൂരിരുട്ടത്തു്, കത്തിക്കാളുന്ന അഗ്നികുണ്ഡം തൻെറ പ്രാണവല്ലഭനെ വിഴുങ്ങാൻ കടവായ്ത്തുറന്നു കത്തിക്കാളുമ്പോൾ — ഇവയെല്ലാം ദൃക്സാക്ഷിയെന്നോണം നിൽക്കുന്ന താൻ ഏതുമാത്രമപ്പോൾ ക്ഷോഭി

പ്പിച്ചിട്ടുണ്ടെന്നു് അവർക്കുമാത്രമറിയാം. ലാടനെ രക്ഷിച്ച അവർ അബലാത്വത്തിൽനിന്നും സ്ത്രീകളെ ആകമാനം രക്ഷിച്ചു. ലാടനെ പരിരംഭണം ചെയ്വാനുള്ള അവളുടെ ആഗ്രഹനിവൃത്തി സാധുവിന്റെ സാന്നിദ്ധ്യം അനുവദിക്കാത്തതോർത്തവർ കരയുന്നുമുണ്ടു്. വെടികേട്ടു് ഓടിയ വീരവാദൻ തുടർന്നു് ഓടുകയാണു്. വയോള ഒരു സ്ത്രീ അല്ലെന്നും സ്ത്രീരൂപമെടുത്തു് പ്രത്യക്ഷയായ ഒരു ഇരട്ടക്കുഴൽ തോക്കുകമാത്രമാണെന്നുമാണയാളുടെ ധാരണ. അവൻ ഓടിഓടി കുടമാളൂർ വാസുദേവപുരം അമ്പലംവരെ വന്നു. തന്റെ മുൻപിൽ സംസാരിച്ചുകൊണ്ടു് ആരൊ നടക്കുന്നുണ്ടെന്നു് വീരവാദനു മനസ്സിലായി. അവന്റെ ഭീതി ഇരട്ടിച്ചു. ഒളിക്കുന്നതിനവൻ ഒരുമ്പെട്ടെങ്കിലും, സംസാരവിഷയം താനല്ലെന്നു മനസ്സിലാക്കി സാവധാനം നടന്നു. അലക്സാണ്ടരും, പപ്പുപിള്ളയും, ജനാർദ്ദനനുമാണു തന്റെ മുൻപിൽ യാത്രചെയ്യുന്നതെന്നു് മനസ്സിലാക്കി. വീണ്ടുമൊരു ലോകമഹായുദ്ധം ഉണ്ടാകണമെന്നാണു് ഇവരുടെ പ്രാർത്ഥന. ഇവൾക്കു പററിയ ജോലി യുദ്ധമെന്നാണു ഭോഷർ ഇവരുടെ വിചാരം.

അല:—പട്ടാളത്തിൽ പുതുതായി ആളെടുക്കുന്ന സമയമാണിപ്പോൾ—തിരുവനന്തപുരത്തിനു നമുക്കും പോകണം. വഴിച്ചെലവിനു പണം പരസ്പരസഹായസംഘത്തിൽനിന്നു് കടമെടുക്കാം.

പപ്പു:—പരസ്പര സംഘത്തിൽനിന്നും പണമെടുത്തു് പട്ടാളക്കാരനാകാനൊരുങ്ങേണ്ട. എന്തെല്ലാം അത്യാവശ്യങ്ങൾക്കുവേണ്ടി നാം പണമപേക്ഷിച്ചു.

അല:—ഇത്തവണ പണം തന്നില്ലെങ്കിൽ നമ്മുടെഷയർ തിരിയെ കിട്ടാൻ നമുക്കു് അന്യായം കൊടുക്കണം.

പപ്പു:—കടം കിട്ടുമെന്നു കരുതിക്കൂടാ. സൂക്ഷിച്ചുവേണം അതിൽ ചേരാൻ.

അല:—പഠിപ്പുള്ള യോഗ്യനെ അദ്ധ്യക്ഷനാക്കാതെ എല്ലാക്കൊല്ലവും മാത്തുണ്ണിയാണു് അദ്ധ്യക്ഷൻ.

പപ്പു:—പട്ടാളത്തിൽചേരാനെന്നു കാരണം പറയാതെ അപേക്ഷിക്കണം.

അല:—പകുതി വീതം വാടക കൊടുക്കാമെന്നും പറയാം. കൈക്കൂലി കണ്ണടച്ചു കൊടുക്കണം. എങ്കിലേ കണ്ണു തുറന്നവർ പണം കടം തരൂ.

പരസ്പരസഹായസംഘം, ബാങ്കു് എന്നീ പ്രവർത്തനങ്ങളെപ്പററി അല്പമിവിടെ പ്രതിപാദിക്കാം. വളരെ പരിതാപകരമായ ഒരു സാമ്പത്തികവ്യവസ്ഥിതിയാണു ഇൻഡ്യയിൽ ഇന്നു നിലവിലുള്ളതു്. വിദേശഭരണവും അതിനനുസരിച്ചു നടത്തുന്ന വ്യവസായങ്ങളും രാജ്യശ്രേയസ്സു് മുൻനിറുത്തിയുള്ളവയല്ല. മുതൽ മുടക്കി വ്യവസായം പുഷ്ടിപ്പെടുത്തുന്നതിനു കഴിവില്ലാതെ കുടിൽവ്യവസായങ്ങൾ അവിടവിടെ ശുഷ്കിച്ചുവളരുന്നതും വളർത്തുന്നതും കാണാം. അസംസ്കൃതസാധനങ്ങൾ ബഹുലമെങ്കിലും തദനുസരണമായ വ്യവസായങ്ങളൊന്നും ഇൻഡ്യയിലില്ല, വിദേശഭരണം, നിലനിന്നുപോകത്തക്കവിധം വിദേശവ്യവസായങ്ങൾ വളന്നു് മാൻചസ്റ്ററും ലങ്കാഷയറും ഇൻഡ്യൻ മാക്കററുകളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം ഇനിയും എത്തിനോക്കിയി

ട്ടുപോലുമില്ല. വലിയ വലിയ ഉദ്യോഗങ്ങളെല്ലാം വെള്ളക്കാരിലും സവർണ്ണരിലും ചുരുക്കം ചില മഹമ്മദീയരിലും സ്ഥിതിചെയ്യുന്നു. കുടിൽവ്യവസായങ്ങളെ വർദ്ധിപ്പിച്ച് പോഷിപ്പിപ്പാൻവേണ്ടത്ര മൂലധനം നൽകി, നാട്ടുകാർക്ക് വ്യാവസായികമായ ഒരുണർവ്വ് വരുത്തിക്കൂട്ടാൻ കണ്ടുപിടിച്ച ഒരു കുറുക്കുവഴിയാണ് പരസ്പരസഹായസംഘങ്ങളും ബാങ്കുകളും. ഓരോരുത്തർക്കും ചെറിയ ഒരു മൂലധനം ഉണ്ടായിരിക്കേണമെന്നാണെന്നുതോന്നുന്നു ഇമ്മാതിരി സംഘോദ്ദേശം. ഏറിയക്രമം ഓഹരിക്കാരായിച്ചേരുന്നവരെല്ലാം വളരെ സാധുക്കളാണ്. ഇതദൃശ്യസംഘങ്ങൾ ഇൻഡ്യയിൽ ഗുണത്തേക്കാളധികം ദോഷം വരുത്തുന്നുണ്ടെന്നു സൂക്ഷ്മദൃക്കുകൾക്ക് കാണാൻ കഴിയും. പരസ്പരം സഹായിക്കുന്നതിനുപകരം പരസ്പരം ശല്യപ്പെടുത്തുകയാണ് മിക്ക യോഗങ്ങളും ചെയ്തുവരുന്നതെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. പരസ്പരം സ്നേഹിച്ച് ഒരിക്കുന്നതിനുപകരം, പരസ്പരം സ്പർദ്ധിച്ചുകഴിയുന്നതുകാണാം. 'ദൈവരാജ്യം' ഭൂമിയിൽ വരണമെന്നു മഹനിയാകരൻ ഉറക്കെ ചിന്തിക്കുമ്പോൾ—ബാങ്കുകാർ, സംഘാദ്ധ്യക്ഷന്മാർ പ്രാർത്ഥിക്കുന്നത് സ്പർദ്ധകൊണ്ടു് ലോകം മുടിയേണമെന്നാണ്. മാത്തുണ്ണിയെപ്പോലുള്ള മുതലാളിമാർ മുന്നിട്ടുനിന്നു നടത്തുന്ന സംഘങ്ങളുടെനാററം, ഭാരതീയസമ്പത്തിനുപോലും ദുസ്സഹമായിത്തോന്നുന്നതിൽ അതിശയിപ്പാനില്ല. ഇത്തരം ഇടുങ്ങിയ മനസ്ഥിതി സംഘങ്ങളെ നിയന്ത്രിക്കുന്നിടത്തോളംകാലം, ഇൻഡ്യ, സാമ്പത്തികമായി ഒരിക്കലും ഉയരുന്നതല്ലെന്നു് ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയിൽനിന്നും അനുമാനിക്കാം. തങ്ങൾ ഷെയറുകളെടുത്തു് സംഘങ്ങളിലേക്ക് ഒടുക്കിയിട്ടുള്ള തുക

പോലും തിന്നു കിട്ടാൻ വശമില്ലാത്ത ഗ്ലുമ്മോൻെറ ആത്മാവെന്നവിധം—എവിടെപ്പോയി കുടുങ്ങി എന്നു കൂടി അറിവാൻ കഴിയാതെ ഓഹരിക്കാർ ഉയിരുംകൊണ്ടു് പരസ്പരസംഘങ്ങളിൽനിന്നും ഓടിഒളിയുന്ന സമയമാണിപ്പോൾ. അട്ടക്കള്ളവഴക്കും കടിവഴക്കും പരസ്പരത്തിൽ സ്ഥലം പിടിച്ചു് മിക്ക സംഘങ്ങളും രാജ്യത്തിനുള്ളിൽ ഛിദ്രങ്ങളും വഴക്കും വളർത്തുന്നു. ജനങ്ങളുടെ സമ്പത്തു് ചൂഴണംചെയ്തു പണ്ടത്തെ അടിമക്കച്ചവടം വീണ്ടും വരുത്തി പുലർത്താൻ കുടിലുകളിലുള്ള കുബേരന്മാർക്കു സർക്കാർ അറിഞ്ഞോ അറിയാതെയോ നൽകിയിട്ടുള്ള ഒരു കണ്ടകോടാലിയോ ഇന്നത്തെ പരസ്പരസംഘങ്ങളെന്നും തോന്നിപ്പോകും അവയുടെ പ്രവൃത്തനം കണ്ടാൽ. ജനാധിപത്യഭരണം നടപ്പാക്കണമെന്നു മുറവിളികൂട്ടുന്ന ഭാരതീയരുടെയിടയിൽ സ്വയംഭരണബോധമുളവാക്കാൻ ഭരണകർത്താക്കൾ സ്വീകരിച്ചിട്ടുള്ള ആദരണീയമായ ഒരാദർശം പ്രവർത്തനത്തിൽ വരുത്തുന്നതിനാണു് പരസ്പരസഹായസംഘങ്ങൾ (Co-operative Societies) സ്ഥാപിച്ചിട്ടുള്ളതു്. ഇവയുടെ വഷളായ വളർച്ചയിൽനിന്നും ഇൻഡ്യാക്കാർക്കു് സ്വയംഭരണബോധം അശേഷമില്ലെന്നു് ഭരണമേധാവികൾ പറയുമെങ്കിൽ അതിലൊട്ടു അതിശയിപ്പാൻമില്ല. സംഘഭരണം വിദ്യാഭ്യാസമുള്ള ആളുകളിലേക്കു പകരണമെന്നാണു് എനിക്കുള്ള വിനീതാഭിപ്രായം. വിദ്യാഭ്യാസംമാത്രം പോരാ പൊതുജനസേവനം നടത്താൻ ആകാംക്ഷയുള്ളവർ അവർ ആയിരിക്കയുംവേണം. അല്പത്വമവരിൽ കണ്ടുംകൂടാ. ആകയാൽ മാത്തുണ്ണിയെപ്പോലുള്ള കുബേരന്മാരെ ആവശ്യമെന്നു കണ്ടാൽ അകററിനിറുത്തി, ചുണയും ചൊടിപ്പുമുള്ള യുവതീയുവാക്കന്മാരാൽ സംഘങ്ങൾ പ്രവൎത്തന

മാരംഭിക്കത്തക്കവിധം പരസ്പരസഹായസംഘപ്രസ്ഥാനത്തിന് ഒരു സമൂലപരിവർത്തനം ആവശ്യകമാണു്. എങ്കിൽമാത്രമെ ഇൻഡ്യ സാമ്പത്തികമായും വ്യവസായികമായും ഉയരുന്നതിനും ഉയർത്തുന്നതിനും മാർഗ്ഗം ഞാൻ കാണുന്നുള്ളു.

അലക്സാണ്ടരും കൂട്ടരും, സംഘാദ്ധ്യക്ഷൻ മാത്തുണ്ണിക്കും അയാളുടെ അനുയായികളായ വീരവാദനും മററും കൈക്കൂലി കൊടുത്തു് സംഘത്തിൽ നിന്നും കടമെടുത്തും കടം കിട്ടിയ രൂപയുമായി അവർ പട്ടാളത്തിൽ ചേരാൻപോകയും ചെയ്തു. ഇവിടെ ഒരു കാര്യം എനിക്കു തുറന്നു പറയണം. എല്ലാസമുദായങ്ങൾക്കും രാജ്യസേവനത്തിനു് അവസരം നൽകണം. ഒരു രാജ്യവും, ഒന്നോ രണ്ടോ ജാതികളെമാത്രം താലോലിച്ചാൽ പിൽക്കാലത്തു് അങ്ങനെ താലോലിക്കപ്പെടുന്ന സമുദായമോ സമുദായങ്ങളോ തിരിഞ്ഞുനിന്നു് ഗവമ്മെൻറുകളെ കൊമ്പുകുത്തിക്കാൻ മുതിരുന്നതാണു്. ലോകചരിത്രം ഇതിനു സാക്ഷി വഹിക്കുന്നു. ആകയാൽ രാജാവിൻെറ വീക്ഷണത്തിൽ സകല ജാതികളും തൻെറ മക്കളാണു്. സകലക്കും നീതി വിളമ്പേണ്ട ചുമതല തനിക്കു് ദൈവദത്തമായിരിക്കയാൽ — ഇഹത്തിൽ ദൈവപ്രതിനിധി താൻ മാത്രമാകയാൽ, ഇവിടെ രാജാവു ദൈവത്തിൻെറ പ്രതിപുരുഷനെന്നുള്ള (Divine right of Kingship) ഞാൻ അതേപടി സ്വീകരിക്കുന്നെന്നു് ആരും കരുതരുതു്. രാജാവു് നന്മചെയ്യുമ്പോൾ ദൈവപ്രതിപുരുഷനും, തിന്മചെയ്യുമ്പോൾ കാലൻെറ പ്രതിപുരുഷനുമാണെന്നാണു് എനിക്കു ഇതിനുള്ള വ്യാഖ്യാനം—ഈ വ്യാഖ്യാനം സ്ഥലകാലഭേദമെന്യെ ഭരണകർത്താക്കളെ പൊതുവെ ബാധിക്കുന്നതുമാണല്ലോ. വ്യക്തിപരമായി പറഞ്ഞാൽ ഭരണം നടത്തേണ്ടതു് തലച്ചോറാണു്.

ആയുധബലമല്ല. യുക്തിബലമാണു്. ലോകമാസകലം രാജവാഴ്ച പ്രതിഷ്ഠിക്കപ്പെടണം എന്നാണെൻെറ പ്രബലമതം— ബുദ്ധിശാലികളായ മന്ത്രിമാരുടെ തണലിൽ— സകലജാതികൾക്കും അവസരം നൽകിക്കൊണ്ടു്-കരം കൊടുക്കുന്നവർക്കൊക്കെ കർത്തൃത്വം അനുവദിച്ചുകൊണ്ടു്. (No taxation without representation) എന്നുള്ള തത്വം മുൻനിറുത്തി.

ഇന്നത്തെ ബാങ്ക് പ്രവർത്തനങ്ങളെപ്പററിയും അല്പം പറയാം. കവർന്നും മോഷ്ടിച്ചും പണമുണ്ടാക്കി ബാങ്കു് നടത്തുന്നവരും ഇന്നു് ഇൻഡ്യയിലുണ്ടു്. ലോകത്തുണ്ടു്. ശത്രുവോ മിത്രമോ എന്നുനോക്കാതെ- ജാതിമതചിന്തകൾ കൂടാതെ—ചിരിച്ചുകൊണ്ടു് ഡിപ്പോസിററുകൾ വാങ്ങും—പിന്നീടു് ബാങ്ക് പ്രവർത്തകർ അവരവരുടെ ബന്ധുക്കൾക്കും അനുയായികൾക്കും പണം കടം കൊടുക്കും. അവരെ താലോലിക്കും. ഇക്കൂട്ടർ മിക്കവാറും നിരക്ഷരകുക്ഷികളുമാണു്. നല്ലരീതിയിൽ നടത്തുന്ന ബാങ്കുകളുമുണ്ടു്. നല്ല ആളുകളുടെ ചുമതലയിൽ. രാജ്യത്തിൻെറ അഭിവൃദ്ധി, സാധുക്കളുടെ ഉയർച്ച എന്നൊന്നും നോക്കാതെ, മുതലാളിമാരായി ഫോർഡിനെക്കാൾ തണ്ടും പ്രതാപവും കാട്ടി ഞെളിയുന്നവരുമുണ്ടു്. പൊളിഞ്ഞ വേശ്യാഗൃഹങ്ങൾ പുനരുദ്ധരിക്കുന്നതിനുപോലും പണം കടം കൊടുക്കുന്ന ബാങ്കുകാരും ഇന്നു് ഇൻഡ്യയിലില്ലാതില്ല. നല്ല സംരംഭങ്ങളേയും നല്ല ആളുകളേയും അവർ സദാ വെറുത്തു കഴിയുന്നു. സാധുക്കളായ ഡിപ്പോസിററുകാരിൽ നിന്നും കിട്ടുന്ന പണം ജീവിതത്തിൻെറ എല്ലാം നല്ല തുറകളേയും പരിപുഷ്ടമാക്കാൻ ബാങ്കുകാരെ നാം നിർബന്ധിക്കണം.

---

## അദ്ധ്യായം ൱൮

# കേശവൻ പോററി

മരണത്തിൽനിന്നും തങ്ങളെ രക്ഷിച്ച വയോളയുമായി സാധു സംസാരിക്കുന്നു. 'ഞങ്ങളെ രക്ഷിച്ച ഭവതി ദൈവത്താൽ അയയ്ക്കപ്പെട്ട ദേവനാരിയാണു-തക്കമില്ല.' 'ഞാൻ ഒരു ദേവനാരിയല്ല. ഏതാനും ദിവസങ്ങൾക്കു മുൻപു കുസുമതീരത്തുവന്നു താമസിക്കുന്ന കേവലം ഒരു പെൺകുട്ടിയാണു്" എന്നവൾ പറഞ്ഞു. അവൾ വീണ്ടും ലാടനെ സൂക്ഷിച്ചുനോക്കി പരമാനന്ദത്തിലവർ ആറാടുകയാണു്. ഇരുവർക്കും സംസാരിക്കുന്നതിനുപോലും ത്രാണിയില്ല. കണ്ണെടുക്കാതെ നോക്കിക്കൊണ്ടിവർ നില്പയാണു്. ഇവർതമ്മിൽ നടക്കുന്ന ചടുലവീക്ഷണ കടാക്ഷങ്ങൾക്കൊന്നും തനിക്കു പങ്കില്ലെന്നമട്ടിൽ, താൻ ഇതൊന്നും കാണുന്നില്ലെന്നമട്ടിൽ സാധു പെരുമാറി. ഒടുവിൽ സാധു ലാടന്റെ ചെവിയിൽ മന്ത്രിച്ചു. 'ഇവിടെ രസിച്ചു നിന്നാൽ സംഗതി പാടെ കുഴയും: പോററി ആററിൽ ചാടി മരിക്കുന്നതിനുമുൻപു് എത്തേണമെങ്കിൽ നാം ഇപ്പോൾ തന്നെ പുറപ്പെടണം.' 'പോററി' എന്നും 'ആറെന്നും' മററും കേട്ടു് ഇത്രനേരവും പ്രണയപരവശനായിക്കാണപ്പെട്ട ലാടൻ ഞെട്ടി വിറയാരംഭിച്ചു. ഒരു മണിക്കൂർ എങ്കിലും വേലച്ചിൽ കൂടാതെ കഴിയുന്നതിനു് ഇതുവരെ ഭാഗ്യം ലഭിച്ചിട്ടില്ലാത്ത ലാടൻ പെട്ടെന്നു യാത്രയ്ക്കൊരുങ്ങപ്പെട്ടു. വയോളയെ കുസുമതീരത്താക്കി ലാടനു ഇങ്ങനെ യാത്രപറഞ്ഞു് പിരിയുന്നു. 'ദുർമ്മരണത്തിൽനിന്നും ഞങ്ങൾക്കു് ഒരാളെ രക്ഷിക്കണം:

അതിനിതാ ഞങ്ങൾ പുറപ്പെടുന്നു. ഞാൻ തിരിച്ചു വരുംവരെ വ്യസനിച്ചിരിക്കരുതു്. നാം തമ്മിലുള്ള അകൽച്ചകളെല്ലാം അകന്നുമാറി. നമുക്കു് ദൈവം അനുഗ്രഹങ്ങൾ ചൊരിയുന്ന മണിക്കൂറുകളാണിവ. അടുത്തുകാണുമ്പോൾ കൂടുതൽ പറയാം.' വയോള പൊട്ടിക്കരഞ്ഞെങ്കിലും ധൈൎയ്യമവലംബിച്ചു് വീണ്ടും നിന്നു.

ലാടനും സാധുവും അതിശീഘ്രം പാഞ്ഞു. തന്നെ വിട്ടുപിരിഞ്ഞ ലാടനെ ഉള്ളിലോൎത്തു് വയോള തന്നെത്താൻ പറയുകയാണു്. 'ഹാ! എന്റെ പ്രാണപ്രിയനുമായി സല്ലപിച്ചാനന്ദിപ്പാൻ എന്നു് എനിക്കു സാദ്ധ്യമാകും? ആലോലഗാത്രൻ—മൽപ്രാണമിത്രം.'

സാധു:—വയോളയുമായി നേരത്തെ പരിചയമുണ്ടല്ലൊ?

ലാടൻ:—മദ്രാസിൽവച്ചും ഈ യുവതിയെ കാണ്മാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു. അന്നു് ആരംഭിച്ച എന്റെ ഹൃദിളക്കം അവസാനിച്ചതിന്നാണു്.

സാധു:—വാസ്തവത്തിൽ വയോള ആരാണു്? രഹസ്യമെങ്കിൽ പറയേണ്ട.

ലാടൻ:—നാം തമ്മിൽ പറഞ്ഞുകൂടാത്ത രഹസ്യങ്ങളൊന്നും എനിക്കില്ല. തുടൎന്നു് അദ്ദേഹവുമായി ഇംഗ്ലീഷിൽ സംസാരിച്ചതെന്തെന്നു് പിന്നീടു് ഗ്രഹിച്ചാൽ മതി. ഇംഗ്ലീഷ് സ്വല്പം പഠിക്കും ഞാലുള്ള വിഷമം ഈദൃശാവസരങ്ങളിൽ അനുഭവിക്കണം. വിദേശഭാഷകൾ—പ്രത്യേകിച്ചു് ഇംഗ്ലീഷ് ഭാഷാപഠനം തടയുന്നതിനുള്ള ഇന്നത്തെ ഇൻഡ്യൻ ശ്രമങ്ങളോടു് അനുകൂലിക്കുന്നതിനു് ഒരുതരത്തിലും എനിക്കു നിവൃത്തിയില്ല. നാട്ടുഭാഷകളെ പുലൎത്തണം. എന്നാൽ ഭാരത

ത്തിൻെറ പൊതുഭാഷ ഇംഗ്ലീഷ് തന്നെ ആയിരു
ന്നെങ്കിലെ വിശേഷകാൎയ്യങ്ങൾ കൈയ്കാൎയ്യം ചെ
യ്‌വാൻ ഭാരതീയൎക്ക് സാദ്ധ്യമാകൂ—നാട്ടുഭാഷ മാ
ത്രം പഠിച്ചവർ കാട്ടുമനുഷ്യരായിക്കഴിയും. നാട്ടി
നപ്പുറത്തുചെന്നാൽ നാടുവിട്ട പട്ടികളായി ലോകർ
അവരെ കരുതും—വിശന്നാൽ ഭക്ഷണമൊ ദാഹി
ച്ചാൽ വെള്ളമൊ ചോദിച്ചു വാങ്ങിപ്പാൻപോലും
ത്രാണിയില്ലാത്തവർ അവർ ആയിത്തീരും. നല്ല
ആശയങ്ങളുള്ള ഭാഷകളെ ദേശീയമനസ്ഥിതി വച്ചു
ഭത്സിക്കരുതു്—ഇംഗ്ലീഷ് സ്വല്പം പഠിക്കാഞ്ഞതു
ലുള്ള വിഷമം ഈദൃശഅവസരങ്ങളിൽ അനുഭവി
ക്കണം.

സാധു:—വേഗം പോകാം. അല്ലെങ്കിൽ പോററിയുടെ
കഥ കഴിയും. അവർ വേഗം ചാക്കാശ്ശേരി വള
വെത്തി. ബാററി തെളിച്ചുനോക്കി. രാത്രി ഉദ്ദേശം
മണി ഒന്നരയായി.

കഥയിൽ കാണുന്ന കേശവൻപോററി നാരായണി
യുടെ അച്ഛനാണു്. മകളെവിട്ടു് പോററി കടമാളൂർ
വന്നെത്തി. മാത്തുണ്ണിയെക്കണ്ടു് യഥാൎത്ഥം ഗ്രഹിപ്പി
ച്ചു. മാത്തുണ്ണിയുടെ സമ്മതപ്രകാരം വേലന്തറവക
ഒരു കെട്ടിടത്തിൽ കാപ്പിക്ലബ്ബ് തുടങ്ങി. കണ്ണുണ്ണി ഞാ
വുള്ളി ഇല്ലം കത്തിക്കവന്നതിനു പരിഹാരമായി മാത്തു
ണ്ണി പോററിക്കു് നൂറുരൂപാ പാരിതോഷികം നൽകി.
അതുകൊണ്ടു് കേശവൻപോററി തൊഴിൽതുടങ്ങി.
വാടകയും ഇളവുചെയ്തു. മാത്തുണ്ണിക്കു് വല്ലതുമബദ്ധം
പററിയിട്ടുണ്ടെങ്കിൽ അതു പോററിക്കു ചെയ്ത നന്മയാ
ണു്. ഇങ്ങനെ ജീവിക്കുമ്പോൾ ലസ്‌ലി ജോൺസ്

നാരായണിയെ വേളിചെയ്തതായി പോററി ഗ്രഹിക്കുന്നു. ഒരു ബ്രാഹ്മണകുമാരിയെ ഒരു ക്രിസ്ത്യൻ വെള്ളക്കാരൻ കല്യാണംചെയ്തതോർത്ത് പോററി ഖിന്നനായി. പോരെങ്കിൽ തനിക്കു ഭ്രഷ്ടും. നാരായണിയുമായുള്ള ബന്ധം കുടമാളൂർകാർക്ക് അജ്ഞാതമായിരുന്നു. അങ്ങനെ പോററിക്കു സ്വൈരജീവിതം തുടരാൻ കഴിഞ്ഞു—ഉള്ളെ പോററി കലുങ്ങി കലങ്ങിമറിഞ്ഞു ജീവിച്ചുവന്നു. നാരായണിക്കു ഒരു പെൺകുട്ടി ജനിച്ചിട്ടുണ്ടെന്നും ആ പെൺകൊടി സേലമ്മ, ചൊണക്കുട്ടിയായി വളരുന്നെന്നും പറഞ്ഞറിഞ്ഞു. നമ്പൂതിരി യോഗക്ഷേമസഭ, സമുദായത്തിൽനിന്നും തന്നെ ബഹിഷ്കരിക്കുമെന്നോർത്ത് പോററി പുത്രിയുമായുള്ള സമ്പർക്കം ഉപേക്ഷിച്ച് ഒളിഞ്ഞിരുന്നു. ഓരോ സമുദായങ്ങളും എത്ര എത്ര ദുരാചാരങ്ങളും കള്ളമാമൂലുകളും കെട്ടിപ്പൊക്കിത്താലോലിച്ചു വളർത്തുന്നുണ്ടെന്ന് ഭാരതീയരായ വായനക്കാരെ ഞാൻ വർണ്ണിച്ചു കേൾപ്പിക്കേണ്ടതില്ല. ലോകമഹായുദ്ധം ആരംഭിച്ചതോടുകൂടി നാരായണിയോടു യാത്രപറഞ്ഞ് ലസ്‌ലി ജോൺസ് യൂറോപ്പിലേക്കു സൈനികസേവനാർത്ഥം പൊയ്ക്കഴിഞ്ഞതും, കേശവൻപോററിക്കു അജ്ഞാതമല്ല. സൗന്ദര്യത്തിൽ മതിമറന്ന് നാരായണി ഒരു ധീരയെ ഭർത്താവായി സ്വീകരിച്ചതു തെററിപ്പോയി എന്നദ്ദേഹം പലപ്പോഴും തന്നത്താൻ പറഞ്ഞിരുന്നു. നാരായണിയും മകളും കുസുമതീരത്തുവന്നു പാർത്തതോടുകൂടി അദ്ദേഹത്തിന്റെ വ്യഥ വർദ്ധിച്ചു. കേശവൻപോററിയുടെ ഏകപുത്രിയാണ് നാരായണി എന്ന പരമാർത്ഥം നാട്ടൊക്കെപ്പരന്നു. 'ഭ്രഷ്ട്' ഭയം ദിവസേന പോററിയെ അലട്ടി. യോഗക്ഷേമസഭ എന്തെങ്കിലും നടപടി ആരംഭിക്കുന്ന

തിൻമുമ്പു തനിക്കു മരിക്കേണമെന്നുള്ളാഗ്രഹം തീർച്ചയാക്കി. ഒരു ദിവസം വാസുദേവപുരം കാവിനടുത്തുള്ള വനത്തിലിരുന്നു് പോററി തന്നെത്താൻ പറയുന്നു—'ജനിച്ചനാൾതുടങ്ങി അഗ്നിതേതരിലുള്ള എന്റെ ജീവിതം ചാക്കാശ്ശേരി കയത്തിൽ അവസാനിക്കണമെന്നൊ ഈശ്വരകല്പിതം? ജീവിതത്തട്ടിൽ ഒരു അഗ്നികണ്ഡംമാത്രമാകുന്ന എന്നെ കളർപ്പിപ്പാൻ ചാക്കാശ്ശേരി കയത്തിനെങ്കിലും കഴികയില്ലെന്നൊ? ഭഗവാനെ! ഇനിയും മൂന്നുദിവസങ്ങൾക്കുള്ളിൽ എന്റെ ശനിദശ തീരണം.' ചെററകലെ നിന്ന സാധു ഇതു കേട്ടു. പെട്ടെന്നു് സാധു കോട്ടയത്തെത്തി ലാടനു കമ്പി കൊടുത്തു. കമ്പി അനുസരിച്ചു ലാടൻ കോട്ടയത്തു് വരുന്നതും തദനന്തരമുള്ള സംഭവങ്ങളും നാം ഗ്രഹിച്ചു. ലാടനും സാധുവും ആറുവക്കത്തുവന്നു് പോററിയെ അന്വേഷണമാണു്. കേശവൻപോററിയെക്കാണാഞ്ഞവർ അത്യധികം വ്യസനിച്ചു. കഥ കഴിഞ്ഞിരിക്കുമൊ എന്നോർത്തു് സംഭ്രമിച്ചു. 'നാരായണി, ശിവ, ശിവ, അയ്യൊ! രക്ഷിക്കണെ നാരായണി!' എന്നിങ്ങനെ പോററിയുടെ പ്രലപനങ്ങൾ കേട്ടുതുടങ്ങി. പോററിയുടെ തല വീണ്ടും വെള്ളത്തിൻമീതെ കാണപ്പെടുന്നു. ലാടൻ പൊടുന്നനവെ ആററിൽചാടി പോററി പൊങ്ങിയ സ്ഥാനംനോക്കി ചീറിപ്പാഞ്ഞു. സാധുവും പിറകെ. ഞൊടിക്കുള്ളിൽ ലാടകരങ്ങൾ പോററിയെ പിടിച്ചുകഴിഞ്ഞു. പോററിയെ വലിച്ചു കരയ്ക്കുകടപ്പിച്ചു ശുശ്രൂഷിച്ചു. പോററി മരിച്ചിട്ടില്ല—കുറച്ചു കഴിഞ്ഞപ്പോൾ കേശവൻപോററിക്കു് ബോധം വീണു.

ലാടൻ:—ഈ ദുഷ്കൃത്യത്തിനു അങ്ങെ പ്രേരിപ്പിച്ച ഭയങ്കരകാരണം പറയണം?

സാധു:—ദുർമ്മരണത്തിന് ഇനിയും ഭാവമുണ്ടോ?

പോററി:—ഭ്രഷ്ടൻ ഞാൻ എന്തിനു ജീവിച്ചിരിക്കണം? അശുദ്ധജീവിതം പാപകരമല്ലെ? ശുദ്ധമല്ലാത്ത ജീവിതത്തിന്നു ബുദ്ധിയുള്ളവർ മുതിരുമൊ?

സാധു:—അകത്തും പുറത്തും—വൃത്തിയായി ജീവിക്കണം പോററി അതാണു് ശുദ്ധം.

ലാടൻ:—അശുദ്ധമായാൽ മുക്തി നേടുന്നതു മുങ്ങിച്ചത്തൊ? അർദ്ധരാത്രിക്കിപ്പോൾ നടത്തിയ ഭയങ്കര കളിയാൽ ഭ്രഷ്ടിനങ്ങു് അന്തം വരുത്തീട്ടുണ്ടു്. എന്നന്നേയ്ക്കും—

പോററി:—കളിച്ചാൽപോകുന്ന അശുദ്ധമല്ല എന്റേതു്. ദൈവത്തിനും മനുഷ്യനും കളങ്കം വരുത്തിവച്ച ഭ്രഷ്ടനാണു ഞാൻ.

ലാടൻ:—ഭ്രഷ്ട് എങ്ങനെ ദൈവത്തിന് അനിഷ്ടമാകും. ഇങ്ങനെ കരുതുന്നതാണു പാപം. ഭ്രഷ്ട് പാപമല്ലപോററി. മൂത്ത ഒരു ദുരാചാരമാണതു്. ഘനത്ത അജ്ഞത പ്രസവിച്ച മുഴുത്ത ഒരു മൗഢ്യമാണതു്. പറയനൊ പുലയനൊ, ബ്രാഹ്മണനൊ, ക്ഷത്രിയനൊ, നാട്ടുകാരനൊ, വെള്ളക്കാരനൊ ആരുമാകട്ടെ പോററീ നാം എല്ലാം ദൈവമക്കളല്ലെന്നുണ്ടോ,

പോററി:—അതൊക്കെ ചിലക്ക് ചേരും. ഞാവുള്ളികേശവൻ വഴങ്ങില്ലത്തരം യുക്തിക്കു്.

സാധു:—കേശവൻ പോററി, ഒരു ദുരാചാരത്തിന്ന വേണ്ടി അങ്ങു് കുടിച്ചു ചാകാനൊരുമ്പെട്ടതോർത്തു് എന്റെ ദേഹം തളരുന്നു:—തന്റെ പേരു ചൊല്ലി സംസാരിച്ച സാധുവിനെ പോററി തുറിച്ചുനോക്കു

ന്നതിൽനിന്നും തൻെറ മുൻപിൽ നിൽക്കുന്ന സാധു, വേലന്തറഭ്രുതമല്ലെന്നും അദ്ദേഹത്തിന പരിപൂൎണ്ണബോദ്ധ്യമായി. റാത്തുണ്ണി, സാധുവിനെ കണ്ടു് മൂർഛിച്ചതും മററും അകാരണമായിട്ടല്ല ല്ലൊ എന്നും പോററിക്കു് തോന്നി. വക്ക......... എന്നദ്ദേഹത്തെ വിളിക്കാനാരംഭിച്ച പോററി, അ ദ്ധോക്തിയിൽ നിരത്തി മജിസ്രേട്ടിൻെറ സാന്നി ദ്ധ്യത്തിൽ കുററവാളി എന്നോണം വിറച്ചു. പോ ററിയുടെ ആശ്ചര്യം എന്തു പറയട്ടെ. പോററി തങ്ങളെ മനസ്സിലാക്കുന്നതിന് ലാടനും സാധുവും ബോററിഇടക്കിടെ തെളിച്ചിരുന്നു.

ലാടൻ:—പോററിക്കെങ്ങിനെ ഭ്രഷ്ടു് വന്നുപോററി? ഇതിനുത്തരം പറയാതെ പോററി ഉന്മമനെപ്പോ ലെ നിന്നു.

പോററി:—ഒരു പുത്രിമാത്രം സന്താനം. അവളാണു് നാരായണി. അവരം ക്രിസ്തുമതത്തിൽ ചേൎന്നു പോകട്ടെ, ഒരു വെള്ളക്കാരനെ ഭത്താവായി സ്വീ കരിച്ചതാണു് കഷ്ടം, കുസുമതീരത്തവർ വന്നതാ ണു് കഷ്ടാൽകഷ്ടതരം, അടുത്തുവന്നവർ താമസ മാക്കിയതോടുകൂടി ലോകദൃഷ്ടികളിൽ നിന്നും മറ ഞ്ഞു ഞാൻ എങ്ങനെ ജീവിക്കും? എത്രനാൾ ജീവിക്കാം. ഭ്രഷ്ടനെന്നു മുദ്രയടിക്കുന്നതിനു മുൻപു മരിക്കണമെന്നു കരുതി. പോററി ലാടനെ സൂക്ഷി ച്ചുനോക്കിക്കൊണ്ടു് 'ധൈര്യം, മുരളേശ്വര, അവിടു ത്തെ എനിക്കു് പരിചയമുള്ളപോലെ—എവിടെ വെച്ചാണെന്നു് ഓൎമ്മയിൽ വരുന്നില്ലെങ്കിലും.'

ലാടൻ:—ഞാൻ ലോകം മുഴുവൻ ചുററി സഞ്ചരിക്കുന്ന ഒരു ലാടനാണു്. ഗുരുവായില്ല. എൻെറ ജന്ന

ത്തെ ഗുരു അടുത്തു നിൽക്കുന്ന ഈ സാധുവാണ്. നാം തമ്മിൽ കണ്ടിരിക്കാം. എനിക്കും പോററിയെ പരിചയമുള്ളപോലെ:— എന്നു പറഞ്ഞു് ലൈററ് വീണ്ടും തെളിച്ചു.

പോററി:—അതൊക്കെ പോകട്ടെ. ഭ്രഷ്ടനായിജീവിച്ചിരിപ്പാൻ ഇഷ്ടമില്ലാത്ത എന്നെ എന്തിനു നിങ്ങൾ രക്ഷിച്ചു. പരിഷ്ക്കാരം മൂത്തു് അന്തർജ്ജനങ്ങളെ വെള്ളക്കാർ ധർമ്മദാരങ്ങളാക്കിയാൽ—

ലാടൻ:—പോററി ഞാൻ പറയുന്നതു് മനസ്സിരുത്തി ശ്രദ്ധിക്കണം: ചുഴിഞ്ഞാലോചിക്കണം. വിട്ടുന്ദ് വികസിച്ചു നാം തുടർന്നു പ്രവൎത്തനമാരംഭിക്കണം. പറഞ്ഞാൽ പോരാ. കേട്ടുകൊണ്ടായില്ല. പ്രവൎത്തിച്ചേ മതിയാവൂ. ജാതി മതം നോക്കിമാത്രം വിവാഹം നടത്തുന്ന ഇന്നത്തെ പതിവു് ഇങ്ങിനി വരാതെവണ്ണം നിത്യമായി നാം നിരത്തണം: ഈ നൂററാണ്ടിനു ചെയ്യാൻ കഴിവുള്ള സൃഷ്ടിപരമായ മഹൽകൃത്യമിതൊന്നുമാത്രമാണെന്നും നാം കരുതണം. സമുദായാചാരങ്ങൾക്കുവേണ്ടി നാം ഇത്രനാളും ജീവിച്ചതുമതി—ഇത്രനാളും നാം അടിമകളായിരുന്നതുമതി; നമുക്ക് ഏവൎക്കും ജീവിക്കുന്നതിനു സൌകൎയ്യപ്രദമാംവണ്ണം ആചാരങ്ങളെ നാം പരിഷ്ക്കരിക്കണം. പ്രവൎത്തനശീലം നമ്മിൽ കൂടുതലായി വളൎത്തണം. യോജിപ്പുകൂടാതെ ഒന്നും ഇഹത്തിൽ സാദ്ധ്യമല്ലെന്നു മനസ്സിലാക്കി, നാം ഒത്തിണങ്ങി ജീവിക്കണം. സമുദായനേതാക്കന്മാർ സ്വാൎത്ഥംവെടിഞ്ഞുമുൻപോട്ടുവരണം. ത്യാഗം അവരുടെ വലിപ്പചെറുപ്പങ്ങളെ കുറിക്കേണ്ടതാണ്. സ്വന്തസുഖം

മററും സമുദായസേവനം നടത്തി നാം ഇൻഡ്യൻ സമുദായങ്ങളുടെ ഉണർവിനായി അഹോരാത്രം പരിശ്രമിക്കണം. വെളിച്ചത്തിലൂടെമാത്രം സഞ്ചരിക്കുന്ന എന്നെപ്പോലുള്ള യുവാക്കന്മാക്കു്, പോററിയെപ്പോലുള്ളവർ വിലങ്ങുതടികളാകരുതു്. വൃദ്ധന്മാർ ,യുവത്വത്തിനു് രക്ഷാധികാരികളാകണം. ദുർഭരദുഃഖങ്ങളാൽ കരയുന്ന യുവഹൃദയങ്ങളുടെ ദീനസ്വരം അന്തരീക്ഷത്തെ ഞടുക്കി സർവ്വ വ്യാപകമായ ഒരു ശോകരസമായിപ്പകന്നു് മാമൂലുകളെ പിഴുതുകളയും. പോററി, ജീവിതം ഏററവും ഭാരമേറിയതു്—ക്ലേശങ്ങളെല്ലാമടക്കി ഭൂമിയെ വാനോളമുയർത്തിയ ക്രിസ്തുദേവനെ അന്തരീക്ഷത്തിൽ ഒരു മരക്കുരിശിൽ തറച്ചു പൂജിച്ചവരാണീലോകർ! ജോവാൻഡു് ആർക്കിനെ തീയ് ച്ചൂളയിൽ ദഹിപ്പിച്ചതും ഇവരാണു്. സീസറിന്റെ ചങ്കിൽ കഠാരികയറ്റുന്നതും മററാരുമല്ല. നെപ്പോളിയനെ തടവിലാക്കി—അവിടെ കിടന്നു മരിക്കുന്നതിനും ഇടയാക്കിയവരാണീലോകർ. മഹാരഥന്മാക്കെല്ലാം അനുഭവമിതെങ്കിൽ—എന്തിനു പോററീ ഇത്തരം ലോകത്തെ പ്രീണിപ്പിപ്പാൻ ഭ്രഷ്ടനെന്നു സ്വയം നടിച്ചു്,നന്ദികെട്ട ഈ ലോകക്കുവേണ്ടി സ്വയമിങ്ങനെ ചാകണം? ലോകരോടു്—ലോകരോടു് അവക്കു മനസ്സിലാകുന്ന ഭാഷയിൽത്തന്നെ നാം എതിരിടണം—ഭാരതം ലോകത്തിനു് തന്നെ ഒരു ഭ്രഷ്ടായിലോകർ കരുതപ്പെടുമ്പോഴും-അതിനുള്ളിൽക്കിടന്നു് നട്ടംകറങ്ങുന്ന നാം, നമ്മെത്തന്നെ ശപിക്കുന്ന ഭ്രഷ്ടന്തിനു് കാക്കണം? വെള്ളക്കാർ നമ്മെ അശുദ്ധരായിക്കരുതുമ്പോഴും-നമ്മളും സ്വയം

തമ്മിൽ തമ്മിൽ എന്തിനു് അശുദ്ധാരെന്നു കരുതി തൊഴിത്തിലിങ്ങനെ കുത്തണം ? മൂഢതകൊണ്ടുള്ള അശുദ്ധികളൊക്കെ വെടിഞ്ഞു് വൃദ്ധന്മാർ നിങ്ങൾ പ്രവർത്തിതല്പരരും പ്രസരിപ്പുമുള്ള യുവാക്കൾ ഞങ്ങളുമായി സഹകരിച്ചു് ത്യാഗികൾ നാം ആയിത്തീർന്നാൽ മാത്രമെ ഭാരതത്തിൻ ലോകരുടെ നടുവിൽ പ്രകാശിച്ചു് പേരെടുപ്പാൻ മാർഗ്ഗമുള്ളൂ. ഇക്കാരണങ്ങളാൽ ഭ്രഷ്ടനെന്നുകരുതാതെ-വെറും ശുദ്ധനെന്നുകരുതി, സസുഖം കുസുമതിരത്തെത്തി നാരായണിയുമായിപ്പാർക്കണം. പോററി, ഇങ്ങനെ ഒററയ്ക്കുനിന്നുപൊരുതി ഒരുത്തനെങ്കിലും കരുതണമെന്നു കാട്ടണം. അതാണു് ചുണ. ഇതാണു് ജീവിതം. ഇതു നാം അറിയണം. ഇതിൽ നാം വളരണം,

---

അദ്ധ്യായം ൩൨

# എളപ്പിലച്ചൻ

---

ലോനപ്പന്റെ ഭവനപ്പേർ എളപ്പിലെ.നാണു്. എളപ്പിൻ കുടുംബം പുളിങ്കുന്നു് ആശ്രമത്തിനു് തെക്കു ഭാഗത്താണു്. എളപ്പിലച്ചനാണു് ഗൃഹനായകൻ. മ്ശിഹായുടെ ശിഷ്യരിലൊരുവനായ തോമ്മാശ്ലീഹാ കേരളത്തിൽ വന്നു് വേദത്തിൽചേർത്ത മലയാളബ്രാഹ്മണകുടുംബങ്ങളിൽ ഏററവും പ്രാധാന്യമേറിയ ഒന്നാണു് എളപ്പിൽ കുടുംബം. ഈ കുടുംബക്കാരിൽ ചില

രെങ്കിലും തുടരെ വൈദീകഅന്തസ്സിൽ പ്രവേശിക്കും. ലോനപ്പൻ എളപ്പിലച്ചന്റെ അഞ്ചാമത്തെ സന്താനമാണു്. സാമ്പത്തികമായി, കേരളക്കരയിലെ കത്തോലിക്കാ കുടുംബങ്ങളിൽ വളരെ ഉയൎന്നുകഴിഞ്ഞു വന്ന ഈ കുടുംബം, ഇടക്കാലത്തു് ഇടിഞ്ഞു താറുമാറായെങ്കിലും വീണ്ടും തലപൊക്കി തുടങ്ങീട്ടുണ്ടു്. സമാധാനം നിറഞ്ഞ ഒരുകുടുംബജീവിതം നയിക്കുന്ന എളപ്പിലച്ചൻ ബഹുമാന്യനാണു്. ഇദ്ദേഹം സാധുജനങ്ങൾക്കു തൊഴിൽ നൽകി അവരെ പോററിവന്നതെങ്ങനെ എന്നു് നാം അറിഞ്ഞിരിക്കണം. സ്വവസതിയുടെ അടുത്തു തന്റെ നെല്ലുര കാണാം. അതിനടുത്തുള്ള പീടികയിൽ നെൽക്കച്ചവടം വിചിത്രരീതിയിൽ നടത്തുന്നുണ്ടു്. അയൽപ്രദേശങ്ങളിലുള്ള സാധുക്കൾ എളപ്പിലച്ചന്റെ നെൽപീടികയിൽ വന്നു് നെല്ലളന്നു വാങ്ങികുത്തി അരി അച്ചനെ ഏല്പിച്ചു് അതിൽനിന്നുമുള്ള ആദായംകൊണ്ടു് ഉപജീവിച്ചുവരുന്നു. കുട്ടനാടൻ പ്രദേശങ്ങളിലുള്ള നെല്ലെല്ലാം വാങ്ങി വേണ്ടുവോളം നെല്ലു് അദ്ദേഹം ശേഖരിച്ചിട്ടുണ്ടു്. സാധു സ്ത്രീകൾവന്നു് നെല്ലു് വാങ്ങികുത്തി അരി അളന്നേല്പിക്കും. നേരം വെളുത്താൽ പിന്നെ രാത്രി പത്തുമണിവരെ എളപ്പിലച്ചന്റെ പീടികയിലെ ബഹളം പറവാനില്ല. തന്റെ വീട്ടിനു് ഒരു മൈലകലെ നാലഞ്ചേക്കർ സ്ഥലം വാങ്ങി അതിനകത്തു് പല ഷെഡ്ഡുകളും തീൎത്തിട്ടുണ്ടു്. അവയ്ക്കുള്ളിൽ സാധുജനങ്ങൾ സകുടുംബം താമസിക്കുന്നു. എളപ്പിലച്ചന്റെ ധൎമ്മാലയമാണിതു്. മാനമൊട്ടുകളയാനും പാടില്ല: ആഹാരത്തിനു് നിവൃത്തിയുമില്ല. ഇത്തരക്കാരെ എളപ്പിലച്ചൻ രഹസ്യമായി സഹായിക്കും. കൂലിക്കാരുടെ നായകനെന്നും അദ്ദേഹത്തെ ജനങ്ങൾ വിളിച്ചുവന്നു. ആരേയും

അദ്ദേഹം ഉയപ്പെട്ടത്തിയിരുന്നില്ല. എല്ലാവരേയും അദ്ദേഹം നിഷ്കളങ്കം സ്നേഹിക്കുന്നു. അദ്ദേഹത്തിന്റെ ജനസ്വാധീനമോർത്തു് ചുരുക്കം ചിലർ അസൂയപ്പെട്ടു. കിട്ടുന്ന നെല്ലെല്ലാം വിത്തുണക്കാക്കി പത്തായത്തിലിട്ടു് തിന്നുമുടിക്കുന്ന കുബേരന്മാക്കെല്ലാം എളപ്പിലച്ചനെ ഭയമാണു്.

വേലന്തറ നിന്നും ചെല്ലമ്മയെ ലോനപ്പൻ വേളി ചെയ്യുന്നതിനു് എളപ്പിലച്ചൻ ആദ്യാ തടസ്സം പറഞ്ഞു. മാത്തുണ്ണിയും മക്കോയിയുമായി ഒരു വൻസമരത്തിനു് ഈ വിവാഹം വഴിതെളിക്കുമെന്നദ്ദേഹം അറിഞ്ഞിരുന്നു. എങ്കിലും പുത്രന്റെ ചങ്കു് ചെല്ലമ്മയിൽ ചെന്നടിഞ്ഞിരിക്കയാൽ ഒടുവിൽ ഈ വിവാഹത്തിനു സമ്മതിച്ചെന്നേയുള്ളു. വക്കാണത്തിനിടയുള്ള കല്യാണങ്ങൾക്കൊന്നും അദ്ദേഹം അനുകൂലിയുമല്ല. സ്ത്രീയും പുരുഷനുമായി ഹൃദയം കൊണ്ടു് ഒന്നായിത്തീരുന്നപക്ഷം വീണ്ടുമവരെ കത്തികൊണ്ടു് വെട്ടിമാററുന്ന ദുഷ്കൃത്യത്തിനു് ഒരിക്കലുമദ്ദേഹം അനുകൂലിയുമല്ല. ദരിദ്രനും ബുദ്ധിമാനുമായ ഒരു യുവാവിനെ, കുബേരനും മൂഢനുമായ ഒരുവനേക്കാൾ യുവതികൾ സ്നേഹിക്കുമെങ്കിൽ അതിലൊട്ടു് അതിശയിപ്പാനുമില്ല. വിവാഹത്തെപ്പററി ഓരോരുത്തക്കും അഭിപ്രായം ഓരോന്നാണു്. യുവതീയുവാക്കൾ നല്ല കുലത്തിലുള്ളവരായിരിക്കണമെന്നു പിതാവും, സ്വത്തുള്ളവരായിരിക്കണമെന്നു് മാതാവും — പണക്കാരായിരിക്കണമെന്നു് ഇടക്കാരും, വിഭവങ്ങളെന്തെല്ലാം എന്നു് ഉണ്ണികളും കൊതിക്കുന്നതു് സാധാരണമാണു്.

ലോനപ്പൻ കോട്ടയം ഡിസ്ട്രിക്ററു് സർജനായി ചാർജെടുത്തതോടുകൂടി എളപ്പിൽ കുടുംബത്തിന്റെ

പ്രാധാന്യം വർദ്ധിച്ചു. ലോനപ്പൻ രാജ്യകാര്യങ്ങളിലും ഇടപെടുന്നുണ്ടു്. ചെല്ലമ്മയുമായുള്ള അദ്ദേഹത്തിൻെറ കുടുംബജീവിതം മാതൃകാപരമല്ലെന്നു് പറയുന്നവർ ചുരുക്കമാണു്. അവർ പരസ്പരംസ്നേഹിച്ചും ആലോചിച്ചും പ്രവത്തിച്ചുവന്നു. ചെല്ലമ്മയുടെ മധുരഭാഷണം എത്രത്തോളം ജീവിതമത്സരത്തിൽ തന്നെ സഹായിക്കുന്നുണ്ടെന്നു് ലോനപ്പനുമാത്രമറിയാം. തൻെറ കുടുംബജീവിതം സ്വർഗ്ഗമെന്നു് അദ്ദേഹത്തിനു തോന്നുന്നതു ചെല്ലമ്മയുടെ സൽഭരണംമൂലമാണു്. ലോകരാൽ അഴിക്കപ്പെടാത്ത കരാറുകരം വല്ലതുമിന്നു് ലോകത്തുണ്ടെങ്കിൽ അതിലൊന്നാണു് വിവാഹം. ചക്രവത്തികളും മഹാരാജാക്കന്മാരും കൂടി പ്രബലമായ ഈ കരാറിനു് അധീനരുമാണു്. ഇതിൽനിന്നൊഴിയാൻ ശ്രമിക്കുന്നവരുടെ സ്വാധീനശക്തികളപ്പററിയൊ, അവരുടെ നഷ്ടത്താൽ പള്ളിക്കുള്ളിലുണ്ടാകാവുന്ന വിടവുകളെപ്പററിയൊ പള്ളി എള്ളോളം കൂട്ടാക്കാതെ, സ്വാധിരചിത്തയവരം അവളിൽനിന്നുമവരെ വെട്ടിവിടുന്നു. പ്രബലൻ ഹെൻ്ററി എട്ടാമനെ പള്ളിയിൽനിന്നും വെട്ടിമാററുന്നതു് ഇതിനു് ഉദാഹരണമാണു്. ഇവിടെ ഒരു കത്തോലിക്കനായ എനിക്കു്, പള്ളിയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു്, പള്ളിയോടു സവിനയമൊരു അഭ്യത്ഥനയുണ്ടു്. ഞാൻ പറയാൻപോകുന്ന ഈ സംഗതി പള്ളി (Catholic Church) അവഗാഢം ചിന്തിക്കേണമെന്നു് എനിക്കു് അപേക്ഷയുമുണ്ടു്. വിവാഹസംഗതിയിൽ പള്ളിയുടെ ഇന്നത്തെ നില അറിയാതല്ല എൻെറ ഈ അപേക്ഷയും. മ്ശിഹാ വിവാഹത്തെ പിരിക്കപ്പെടാത്ത ഒരു ബന്ധമായി ഉയത്തിയിട്ടുള്ളതും എനിക്കറിയാം. അപ്രകാരമുയത്താനുള്ള കാരണങ്ങളുമറിയാം. എന്നാൽ

ഇഷ്ടമില്ലാത്ത ഭാര്യയും ഭർത്താവും, ചാകുന്നതുവരെ നരകിച്ചു്കഴികയല്ലാതെ, ഒരിക്കൽ മതാന്തരണമായ വിവാഹത്തിൽ അവർ ഏർപ്പെട്ടുപോയാൽ അകന്നുമാറുന്നതിനും, മാറുന്നതിനും ഇരുവക്കും പരിപൂർണ്ണസമ്മതമുള്ളവരായി അകന്നു മറന്നവർ-ഒന്നു് ഒന്നിനു് ഭാരമായിക്കഴിയുമ്പോഴം, എന്തുകൊണ്ടു് പള്ളി അവരെ പിരിച്ചുവിടാതിരിക്കണം? ഇതാണെന്റെ ചോദ്യം? മ്ശിഹായിലൂടു് പള്ളിയാകുന്ന മണവാട്ടിയിൽ പുത്രനായി മണ്ണിൽ പിറന്നു് ജീവിക്കുന്ന എന്റെ ഈ ചോദ്യത്തിനു് തള്ള—പള്ളി, പുത്രൻ—എനിക്കു് ശരിക്കുത്തരം നല്കണം.

വിവാഹമോചനത്തിനായി ഒരു ഭാര്യയും ഭർത്താവും മ്ശിഹായെ സമീപിച്ചുതായൊ, മ്ശിഹാ അവക്കു്വിലങ്ങുതടിയായി നിന്നതായൊ ബൈബിളിലൊ വിശ്വാസപാരമ്പരകളിലൊ പള്ളിയുടെ പാരമ്പര്യങ്ങളിലൊ ഉള്ളതായി എനിക്കു് ഒട്ടു് ഓമ്മയുമില്ല. പ്രത്യുത, നീ നിന്റെ ശത്രുവിൽനിന്നു് അകന്നു താമസിക്കണമെന്ന മ്ശിഹായുടെനിർദ്ദേശം ഇത്തരുണത്തിൽ അത്ഥവത്തുമല്ലെ? ഒന്നു് ഒന്നിനു് എതിരായി പ്രവത്തിക്കുന്ന ഭാര്യാഭർത്താക്കൾ ശത്രുക്കളല്ലെന്നുണ്ടൊ? അവർ പരസ്പരം അകലുന്നതിനു് കൊതിക്കുന്നപക്ഷം അവരെ അകറ്റേണ്ടതല്ലെ? ഒരു പാറയിൽ നിന്നും പൊട്ടിക്കുന്ന രണ്ടു കരിങ്കൽ കഷണങ്ങൾ ഇണചേൎന്നവർ കഴിയുമെങ്കിലും, അകന്നുമാറുന്നതിനു് അവർ രണ്ടും തുനിഞ്ഞാൽ അവരെ പിന്നെ ഒന്നിപ്പിപ്പാൻ അവക്കിരുവക്കുമൊ, വീണ്ടുമവരെ മൂലപാറയുമായി ഘടിപ്പിപ്പാൻ പാറയ്ക്കോ സാദ്ധ്യമല്ലെന്നും നമുക്കറിയാം. ഈ കരിങ്കൽ

കഷണങ്ങൾ അകന്നുമാറുന്ന ഭാൎയ്യയും ഭൎത്താവുമെങ്കിൽ പാറ പള്ളിയെന്നും വിവക്ഷിക്കണം. ദൈവത്തിനല്ലാതെ മനുഷ്യനു് വീണ്ടും പാറക്കഷണങ്ങളെ തമ്മിൽ യോജിപ്പിപ്പാൻ സാദ്ധ്യവുമല്ല. പള്ളിയുടെ ശാസനകളെ അവഗണിക്കുന്ന ഭാൎയ്യാഭൎത്താക്കളെ പിരിച്ചുവിടാത്ത പള്ളി-ഇഹത്തിലവർ നരകിക്കുന്നതു കാണുക മാത്രമല്ല, പരത്തിലും പള്ളിയുടെ ഇന്നത്തെ നില പ്രകാരമവർ നരകത്തിൽ പതിക്കേണ്ടവരെന്നുമറിയുന്നു. സ്വയം കൃതാൎത്ഥരവർ ശപിക്കപ്പെട്ടവരായി നരകം പേറേണ്ടവരെങ്കിൽ-ഇഹത്തിലെങ്കിലും അവർ സുഖിക്കട്ടെന്നു കരുതി പള്ളി അവരെ വെട്ടി വിടേണ്ടതല്ലെ? ആകയാൽ പള്ളി വിവാഹകാൎയ്യത്തിൽ ധീരമായ ഒരു നില കൈക്കൊണ്ടു് പ്രായോഗികമായ ഒരു പരിവൎത്തനം ഈക്കാൎയ്യത്തിൽ വരുത്തണം. വിവാഹ മോചനകാൎയ്യത്തിൽ മാത്രം പള്ളി ഈ ധീരനടപടി നടത്തുന്നപക്ഷം, മ്ശിഹാ അതിൽ കോപിഷ്ഠനാവാൻ വഴിയില്ല — പള്ളി പള്ളിയുടെ സ്ഥാനത്തുനിന്നുകൊണ്ടു് കെട്ടുന്നതെല്ലാം കെട്ടപ്പെട്ടതായിട്ടും അഴിക്കുന്നതെല്ലാം അഴിക്കപ്പെട്ടതായിട്ടും മ്ശിഹാ സ്വാഗതം ചെയ്യുമെന്നദ്ദേഹം അനുഗ്രഹം ചൊരിഞ്ഞ പള്ളി, സ്വൈരജീവിതത്തിനു് വിഘാതമായിട്ടുള്ള വിവാഹജീവിതത്തിൽനിന്നും മോചനം തേടുന്നവൎക്കു വിവാഹമോചനം അനുവദിച്ചുകൊടുക്കണം. കുടുംബസമാധാനത്തിനും സാമുദായിക സമാധാനത്തിനും, ലോക സമാധാനത്തിനും ഇതു് അത്യന്താപേക്ഷിതമാണു്. ഈ ലോകത്തിലെ സ്വൈരജീവിതത്തിനു് സൎവ്വശക്തനായ ദൈവം തന്റെ പാറവത്തിൽ കാൽപങ്കു് ചൊരിഞ്ഞു് മണ്ണുകൊണ്ടു മനഞ്ഞെടുത്ത മനുഷ്യനു് അവനൊരു തുണയായി അവന്റെ വാരി

എല്ലിനാൽ സൃഷ്ടിക്കപ്പെട്ട സ്ത്രീയുമായി ഇണചേർന്നങ്ങനെ വസിച്ചാനന്ദിക്കുന്നതു കണ്ടു് രസിക്കുന്ന താൻ-സ്ത്രീയും പുരുഷനുമായി കീരിയും പാമ്പും പോലുള്ള കുടുംബജീവിതം കണ്ടു് സഹിക്കുന്നതെങ്ങനെ? പള്ളി വെട്ടി അവരെ മാററണം. മക്കളുണ്ടെങ്കിൽ വളത്താനുള്ള വ്യവസ്ഥകളും ഏപ്പെടുത്തണം. അങ്ങനെ അവർതമ്മിൽ പിരിഞ്ഞു് ഇഷ്ടമുള്ള പുരുഷനുമായി വിവാഹത്തിലേർപ്പെടുന്നതിനു് സ്ത്രീക്കും, ഇഷ്ടമുള്ള സ്ത്രീയുമായി ബന്ധിപ്പാൻ പുരുഷനും പള്ളി സ്വാതന്ത്ര്യം നൽകണം. എന്തെന്നാൽ ദാമ്പത്യം ഇവിടത്തെ മണ്ണിൽ വളർത്തപ്പെടുന്ന—വളരേണ്ട ഒരു ദൈനംദിന കാര്യമാകയാൽ. സ്വർഗ്ഗത്തിലെ നിബന്ധനകളൊന്നും ഭൂമിയിൽ ദൈവം വരുത്തായ്കയാലും — ഒന്നിപ്പിനെന്നപോലെ ഭിന്നിപ്പിനും സൗന്ദര്യമിങ്ങനെ മണ്ണിൽ വളത്താവുന്നതാകയാലും—പള്ളി വിവാഹം, വിവാഹിതരവർ ഒന്നിപ്പിൽ കഴിയുമ്പോൾ പാരത്രികബന്ധമായി അതിനെ മ്ശിഹായോടൊപ്പം വ്യാഖ്യാനിച്ചും, തനി പാരത്രികബന്ധമായി വ്യാഖ്യാനിക്കുന്ന ഇന്നത്തെ അതിന്റെ നില അല്പം അയച്ചു് ഒരു ലൗകികബന്ധത്തിന്റെ നിറം കൂടികലർത്തി വിവാഹത്തിൽനിന്നും ഏടുത്തോടുന്നവരെ വെട്ടി വിടുത്തണമെന്നു മൺകാലുകളിൽ ചരിക്കുന്ന എനിക്കു് പ്രാർത്ഥിക്കേണ്ടതുണ്ടു്:

എന്തെന്നാൽ വിണ്ണിനെ ലക്ഷ്യമാക്കി ക്രിസ്തുവിന്റെ കാലടികളെ ആവോളം പിൻതുടരാൻ സ്വയം കുരിശിനു് സമർപ്പിക്കപ്പെട്ട എനിക്കു്, പള്ളിയുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടു് ലോകസമാധാന പുരസ്കരണാർത്ഥം, കുടുംബം കലക്കി സമാധാനം ഉടച്ചു്

വിവാഹമോചനത്തിനായി കേഴുന്ന വിവാഹിതരവരുടെ സങ്കട പരിഹാരം വരുത്തേണ്ടതാണെന്നു് വാദിക്കാതിരിപ്പാൻ കാരണം കാണുന്നില്ല. ദൈവത്താൽ മാത്രമേ വിവാഹബന്ധം വിടുത്താൻ സാദ്ധ്യമാകൂ. കുഷ്ഠരോഗികൾ അവർ ആയിരുന്നാലും ഭർത്താഭാർത്താക്കളായി കഴിയുന്നവർ കഴിയട്ടെ. അനിഷ്ടമെങ്കിൽ എന്തിന് പള്ളി പ്രേരണചെലുത്തണം. വിവാഹത്തെ വാനോളം ഉയർത്തിയ മ്ശിഹാ വിവാഹമോചനം സ്പഷ്ടമായി എതിർത്തതായി എനിക്കൊട്ടറിവുമില്ല. സ്വർഗ്ഗീയാനന്ദം അല്പമിഹത്തിൽ ചൊരിവാൻ, ലോകസമാധാനംകൈവരുത്താൻ, അരയും തലയുംമുറുക്കി, പടവെട്ടുന്ന എനിക്കു് കുടുംബസമാധാനത്തിന് അടിത്തറയായി കരുതുന്ന ദാമ്പത്യസുഖം പുലർത്തേണ്ടതു് ഇഹത്തിലെ പള്ളിയുടെ കടമയെന്നുസമ്മതിക്കുന്നപക്ഷം. പള്ളി, മ്ശിഹായുടെ സ്നേഹദൗത്യം പുലർത്താൻ അവശ്യം. അനുഷ്ഠിക്കേണ്ടുന്ന മഹൽകൃത്യമാണിതു്. ഇത്രയും ഞാൻ പറഞ്ഞതിൽനിന്നും പള്ളി എന്റെ നേരെ വാളോങ്ങരുതെന്നും കണ്ണടച്ചു് ആരെങ്കിലും എന്നെ ഭത്സിക്കുന്ന പക്ഷം ലൂതറെപ്പോലെ പുറഞ്ഞു ഞാൻ പാടാതെ സർതോമസ് മൂർ എന്നവിധം അകത്തുതന്നെനിന്നുഞാൻ എന്റെപിറവു് പോരുകൾ തുടരും. അത്രമാത്രം ഞാൻ പള്ളിയെ സ്നേഹിക്കുന്നുണ്ടു്. വേണ്ടിവന്നാൽ അവൾക്കുവേണ്ടി ചാകാനും ഞാൻ തയ്യാറുമാണു്. ഇക്കാര്യത്തിൽ അവളുടെവിധി ശിരസാ ഞാൻ അനുസരിക്കുന്നതുമാണു്, സമാധാനം ചൊരിഞ്ഞ ജോസഫയിന്റെ സഹകരണമായിരിക്കണം യൂറോപ്പു് മുഴുവൻ പിടിച്ചടക്കാൻ നെപ്പോളിയനു് പ്രേരകമായതു്. ഞാൻ അവിവാഹിതനാകയാൽ (ഇതു് എഴുതുമ്പോൾ) ഇക്കാര്യത്തിലുള്ള എന്റെ നില

ദുർവ്യാഖ്യാനംചെയ്‌വാൻ ഇടയുമില്ലല്ലോ. യുക്തിവാദി ഞാൻ എന്നു് പഴഞ്ചൻ ന്യായംപറഞ്ഞാരും എന്നെ പഴിക്കയുമരുതു്.

ഡോക്ടർ ലോനപ്പൻ കോട്ടയത്തു നല്ല പേരെടുത്തു. ധനവാനെന്നും ദരിദ്രനെന്നും എന്നൊന്നും നോക്കാതെ രോഗികളെ അദ്ദേഹം ശുശ്രൂഷിച്ചു. ചുരുക്കം ചില പ്രൈവററു് ചികിത്സകളിൽ ചില പാരിതോഷികങ്ങൾ രോഗികൾ സന്തുഷ്ടരായി കൊടുത്തുവന്നതു് അദ്ദേഹം വാങ്ങിക്കും. ചെല്ലമ്മ ദിവസേന നാലുമണി കഴിഞ്ഞു് ആശുപത്രിയിൽ പോയി ഓരോ രോഗിയേയും കണ്ടു് ആശ്വസിപ്പിച്ചിരുന്നു, വിടെത്തി ദിവസവും ഓരോരുത്തരെപ്പററിയും ഭർത്താവുമായി അവരുടെ രോഗവിവരങ്ങളെപ്പററി വിഹാരവേളകളിൽ സംസാരിക്കും. ചെല്ലമ്മ ലോനപ്പനെ ശുശ്രൂഷിച്ചുവന്നു. ലോനപ്പൻ രോഗികളേയും. ഇതാണു് കുടുംബജീവിതം. ഇത്തരം കുടുംബജീവിതത്തിനാണു് നാമും പള്ളിയും നിലകൊള്ളുന്നതു്. ഇത്തരം കുടുംബജീവിതത്തെയാണു മ്ശിഹാ വാഴ്ത്തിയിട്ടുള്ളതും വാഴ്ത്തുന്നതും. അല്ലാതെ കുടുംബങ്ങളെന്നു് പറഞ്ഞു വരുന്ന ഇഹത്തിലെ ചിററു് നരകങ്ങളല്ല. ഇതു് നാം ഓർക്കണം. ഓർത്തു് ഇത്തരത്തിൽ നാം നമ്മുടെ കുടുംബജീവിതം കഴിക്കണം.

അദ്ധ്യായം ൩൩

# സേലമ്മ

വായനക്കാർ എന്നെ അനുഗമിക്കണം, കുസുമതീരത്തേക്കു്. ചേതോഹരമായ ആ ബങ്കളാവിനുള്ളിൽ സ്വന്തമുറിയിൽ, ശുഭ്രവസ്ത്രങ്ങളണിഞ്ഞു്, മന്ദസ്മിതം ചൊരിഞ്ഞു്, ഏകാന്തതയിലെ പരമാനന്ദങ്ങളെല്ലാം അനുഭവിച്ചുകൊണ്ടു ചാരുകസേലയിൽകിടക്കുന്ന സേലമ്മയെ സന്ദർശിക്കാൻ. ഈ അംഗനാരത്നത്തിന്റെ ആവിർഭാവത്തോടുകൂടി അയൽപ്രദേശങ്ങളിൽ ജഗന്മോഹിനികളെന്നു് അറിയപ്പെടുന്ന യുവതികളെല്ലാം ചൂളിയകത്തക്ക സൗന്ദര്യമിവളിൽ സ്രഷ്ടാവു് ചൊരിഞ്ഞിട്ടുണ്ടു്. പുഞ്ചിരികളാൽ അവിടെ നമുക്കു് സ്വാഗതമരുളുന്ന പുളകാഞ്ചിതഭാവം കുസുമതീരത്തെ ഇളം കാറ്റിൽ അവളുടെ സുന്ദരകളേബരം കുളുക്കപ്പെടുന്നു. മെച്ചമായി കോതിയൊതുക്കി മിനുസമായികെട്ടിയിരുന്ന കേശഭാരം താനെ കെട്ടഴിഞ്ഞു് ഉലഞ്ഞു വിതറി കിടക്കുന്നതു് എത്ര ഹൃദ്യമായ കാഴ്ച! സുന്ദരി ഇവളെ, മനഞ്ഞെടുത്ത ദൈവത്തെ എങ്ങനെ നാം ആരാധിക്കാതിരിക്കും? മന്ദമാരുതനിൽ ആടിപ്പറക്കുന്ന ചുണ്ണകുന്തളം—ആഹാ സർവ്വാംഗസുന്ദരി സേലമ്മയെ ദർശിക്കുന്ന നാം നമ്മുടെ വ്യഥകളെല്ലാം മറന്നും അവളിൽ ലയിച്ചു സ്രഷ്ടാവിൽ ആനന്ദിക്കുന്നെങ്കിൽ അതിശയിപ്പാനില്ല. സ്വർഗ്ഗംചേർന്ന വിശുദ്ധകൊച്ചുത്രേസ്യാ റോസാപുഷ്പങ്ങളൊന്നൊന്നായി അറുത്തെടുത്തു് സംഭരിച്ചവയെ തുടരെ

മണ്ണിലേക്കവ ചൊരിയുന്നതു് വന്നു പതിയുന്നതു് മുഴുവൻ സേലമ്മയിലെന്നു തോന്നും. സന്തുഷ്ട അവളെയിപ്പോൾ കാണുന്നവക്കെല്ലാം. അത്രമാത്രം അവൾ ആനന്ദിക്കുന്നുണ്ടു്-പരമാനന്ദമവളെ വീണ്ടും അവളുടെ നായകഹൃദയത്തിനുള്ളിൽ ഇട്ടു പൂട്ടുക ചെയ്യുവാൽ. ജീവിതമത്സരത്തിൽ അവളെ ഗ്രസിച്ചിരുന്ന കാർമേഘപടലങ്ങളെല്ലാം താനെ നീങ്ങി സ്വയമവൾ ആനന്ദമാണു്. അവൾ വീണ്ടും മണിയാകരനുമായി ഇണചേന്നിപ്പോൾ ഉള്ള സല്ലാപമാണു്. സേലമ്മയുടെ വസ്ത്രധാരണരീതി സകല യുവതികളും അനുകരിക്കണം. പാശ്ചാത്യരീതികളിലുള്ള വസ്ത്രധാരണങ്ങൾ ഒന്നും അവൾക്കിഷ്ടമല്ല. മൽമൽ കച്ചമുറിയും ഇംഗ്ലീഷ് കോട്ടൺ തുണിത്തരങ്ങളും അവൾ ഉപയോഗിക്കുന്നു. നാടൻവസ്ത്രങ്ങൾ ധരിക്കുന്നതവൾക്കു ഇഷ്ടമെങ്കിലും അച്ഛനിലുള്ള നൈസർഗ്ഗികമായ സ്നേഹംമൂലം പാശ്ചാത്യവസ്ത്രങ്ങളണിയുന്നതിനവളെ പ്രേരിപ്പിക്കുന്ന വാസ്തവം നാം മറന്നുംകൂടാ. ചില അവസരങ്ങളിൽ വെള്ളസിൽക്കും കസവുസാരികളും ധരിക്കുക പതിവാണു്. നിർമ്മല അവൾ വെള്ളവസ്ത്രങ്ങളാൽമാത്രം വിളങ്ങേണ്ടവളാകയാൽ. അവൾക്കു ആഭരണം അവൾ മാത്രമാണു്. അത്രമാത്രമാഭരണം ദൈവമവളിൽ ചൊരിഞ്ഞിട്ടുണ്ടു്. മണ്ണിൽ നിന്നൊരു ആഭരണമവൾ ആശിക്കുന്നുണ്ടെങ്കിൽ അതു് തനിക്കു് വിണ്ണിലേക്കുള്ള മാർഗ്ഗം കാട്ടിക്കൊടുത്ത മണിയാകരൻ മാത്രം. അവൾ മണിയാകരനിൽ ലയിച്ചിരിക്കയാണു്. അദ്ദേഹത്തെക്കാൾ ഉത്തമനൊരാളെ കാണണമെന്നവൾക്കാഗ്രഹമില്ല. 'അങ്ങനെതന്നെ, ഒരു കത്തയയ്ക്കാം: രസത്തിനു വകയുണ്ടു്', എന്നവൾ തന്നത്താൻ പറഞ്ഞു് ദ്രുതഗതിയിൽ ഒരു കത്തെഴുതി പോസ്റ്റ് ചെയ്വാൻ

നേഷ്സിനെ ഏല്പിച്ചു. അപ്പോൾ നാരായണി വന്നു് മകളുമായി സംസാരമാരംഭിച്ചു.

നാരാ:—നിനക്കെന്താണു് ഇന്നു് ഇത്ര സന്തോഷം? കമ്പിവാൎത്ത അറിഞ്ഞോ?

സേല:—എന്തു് കമ്പി?

നാരാ:—നിൻെറ അച്ഛൻ ഉടനെ വരുമെന്നു്! ഇതുകേട്ടു് അവൾ സന്തോഷക്കടലിൽ മുങ്ങിപ്പൊങ്ങി. മണിയാകരസമ്പക്ക്ം സമീപിക്കുന്നതോൎത്തു് ആഹ്ലാദിച്ചിരുന്ന സേലമ്മ ലസ്ലിജോൺസിൻെറ ആഗമനവാൎത്തക്കൂടി അറിഞ്ഞപ്പോൾ സന്തോഷാധിക്യത്താൽ തുള്ളിച്ചാടി. സങ്കടമെന്നപോലെ സന്തുഷ്ടിയും വരുന്നതു് കൂട്ടത്തോടെ. അവളുടെ മാൎവ്വു് പിളൎന്നിരുന്ന കഠാരി പെട്ടെന്നിങ്ങനെ താനെ അകന്നു് തൽസ്ഥാനത്തു് റോസപുഷ്പങ്ങൾ തുടൎന്നിങ്ങനെ സ്വയം പൊടിയുന്നതു കണ്ടാനന്ദിക്കാത്തവരാരാണു്?

സേല:—കമ്പി എവിടെ? വാങ്ങി വായിക്കുന്നു. 'മണിയാകരൻ' എന്നു് കമ്പി കണ്ടു് 'ഹാ! നോക്കണം അമ്മാ അദ്ദേഹം നമുക്കുവേണ്ടി എത്രമാത്രം ക്ലേശിക്കുന്നുണ്ടെന്നു്. ഇത്രമാത്രം നമുക്കു വേണ്ടി ഇക്കാലങ്ങളിൽ ആരുസഹിക്കും അമ്മാ, പറയണം. അദ്ദേഹത്തിനു നേരിട്ട ആപത്തുമൂലം ഞാൻ ദൈവവുമായി കൂടുതൽ അടുത്തു്.

നാരാ:—നിൻെറ അച്ഛൻെറ ഇൻഡ്യൻ സേവനങ്ങൾ ചൂണ്ടിക്കാണിച്ചു് മണിയാകരൻ ഇൻഡ്യാ സെക്രട്ടറിക്കു് നേരിട്ടെഴുതുകയാൽ, അദ്ദേഹത്തെ

ഒരു ഇൻഡ്യൻ ഏതദ്ദേശ്യരാജ്യത്തിന്റെ പൊ
ലിററിക്കൽ ഏജൻറായി നിയമിക്കപ്പെട്ടതനുസരി
ച്ചു്, സ്ഥിതിക്കൊത്ത ഒരു ഉദ്യോഗവുമായി വിനാ
വിളംബം അദ്ദേഹം വന്നുചേരും. ദൈവാനുഗ്ര
ഹങ്ങൾ നമ്മിലും ചൊരിഞ്ഞുതുടങ്ങുന്നതോർത്തു്
നമുക്കാശ്വസിക്കാം.

സേല:—അമ്മയോടു് എനിക്കു ഒരു പരമ രഹസ്യം
പറവാനുണ്ടു്. ഇത്രനാളും അച്ഛന്റെ അസാന്നി
ദ്ധ്യമോർത്തു് ദുഃഖിച്ചിരുന്ന അമ്മയിൽനിന്നും ഞാ
നതു് മറച്ചതു് ക്ഷമിക്കണം. മണിയാകരൻ എ
ന്നെ വിവാഹം കഴിച്ചുകൊള്ളാമെന്നു് വാക്കുപറ
ഞ്ഞിട്ടുണ്ടു്. അദ്ദേഹത്തെമാത്രമേ ഞാൻ വരിക്കയു
ള്ളു എന്നു് ഞാനു വാക്കുകൊടുത്തു. അദ്ദേഹത്തെ
നീക്കി മറെറാരാളെ ചിന്തിപ്പാൻ പോലും ത്രാണി
എനിക്കില്ലെന്നവാസ്തവം അച്ഛനെ അമ്മ ധരിപ്പി
ക്കണമെന്നപേക്ഷ.

നാരം:—കുഞ്ഞേ, നിന്റെ പ്രണയം സ്ഥാനത്താണു്.
നിന്നെ മണിയാകര ധർമ്മദാരങ്ങളായി കാണാൻ
ദൈവം ഞങ്ങളെ അനുഗ്രഹിക്കും.

സേ:—മണിയാകരൻ വാക്കുമാറുമെന്നു് തെല്ലും സംശ
യിക്കേണ്ട. അദ്ദേഹം പറയുന്ന വാക്കുകൾക്കു്
പിൻപിൽ ചങ്കും തലയുമുയർത്തി അദ്ദേഹം നിൽ
ക്കുന്നതു കാണാം. എനിക്കെന്നല്ല അദ്ദേഹവുമായി
ഇടയുന്നവർക്കെല്ലാം എല്ലാം കാര്യത്തിലും അനുഭവ
മിതാണു്. ഒരിക്കൽ ഒരു സംഗതിക്കു വാക്കുപറ
ഞ്ഞാൽ തദനുസരണം പ്രവർത്തിച്ചേ അദ്ദേഹം അട
ങ്ങൂ. എന്നെ വേൾക്കാത്തപക്ഷം ഏകാന്തജീവിതം

ളുടനു് അദ്ദേഹം പ്രേഷകാജാലിക്കു് ചൈനയിലേക്കു് ഭാണ്ഡം മുറുക്കുമെന്നും ഉറപ്പു പറഞ്ഞിട്ടുണ്ടു്. ജീവിതത്തോടു് ഒരു മമത തോന്നാൻ എന്നെ പഠിപ്പിച്ചതു് അദ്ദേഹമാണു്. അതിനു് എന്നാലും ഞാൻ അദ്ദേഹത്തിനു കടപ്പെട്ടവളുമാണു്.

നാരാ:—എന്റെ സേലമ്മ ദൈവതിരുചിത്തം നിറവേറണം.

മണിയാകരൻ തങ്കച്ചനെ ലാളിച്ചുകൊണ്ടു് മേളവിലാസത്തെ പടിഞ്ഞാറെ വരാന്തയിൽ സോല്ലാസം വിശ്രമിക്കുന്നു. പരമാനന്ദത്തിലദ്ദേഹം ആറാടുന്നുണ്ടെന്നു് ഇപ്പോൾ അദ്ദേഹത്തെക്കാണുന്നവരൊക്കെ സമ്മതിക്കും. ജീവിതമദ്ദേഹത്തെ അത്രമാത്രമാനന്ദതുന്ദിലനാക്കുന്നുണ്ടു്. തന്റെ കൈകൾക്കുള്ളിൽ കാണപ്പെടുന്ന ശിശുവോളം മണിയാകരനു് സച്ഛന്നമദ്ദേഹം വിശ്രമമാണു്. അദ്ദേഹത്തിന്റെ ഹൃദയമുകരത്തിൽ പൊന്തിനിൽക്കുന്ന സേലമ്മയിലുള്ള തന്റെ ദൃഢാനുരാഗം തങ്കച്ചൻകൂടി അറിയരുതെന്നുള്ള ഭാവത്തിലാണു ശക്തനദ്ദേഹം തന്റെ ഹൃദയവല്ലഭയുടെ അഭാവത്തിലും അവളിൽതന്നെ ലയിച്ചു് അവളുമായി സല്ലപിച്ചാനന്ദിക്കുന്നതു്. അന്തരംഗതയിൽ ശിശുക്കളാകാത്ത സ്ത്രീപുരുഷന്മാരാണു്? ഇങ്ങനെ അദ്ദേഹം തന്റെ സോദരപുത്രനെ ലാളിക്കവേ — ദുർവ്വിധി എന്നന്നേക്കുമായി തന്നോടു് യാത്രപറഞ്ഞു പിരിഞ്ഞിരിക്കയാൽ — സങ്കടങ്ങളെല്ലാം മറന്നു്, സന്തുഷ്ടനദ്ദേഹം ആശ്വസിക്കവെ, മേളവിലാസത്തു് അപ്പോൾമാത്രം വന്നുചേർന്ന മക്കോയി അന്റെ മുൻപിൽ വന്നെത്തി. എണീററദ്ദേഹം ആഗ

തന്റെ സ്വാഗതമരുളി—കള്ള ലാക്കോടുകൂടി ശത്രു തന്നെ സമീപിക്കയാണെന്നദ്ദേഹം സകാരണം ഊഹിച്ചു. കഠിന ശത്രുവുമായുള്ള മണിയാകര പെരുമാററം നാം നോക്കി തദനുസരണം നാമും പ്രവൎത്തിക്കണം. ലോക ജീവിതം കേവലം ഒരു സഞ്ചാരം മാത്രമാണെന്നും കാതലതിൽ എന്തെങ്കിലുമുണ്ടെങ്കിൽ സ്നേഹവും സേവനവുമാണെന്നും അദ്ദേഹം അറിഞ്ഞിട്ടുണ്ടു്. താൻ ശത്രുവിനെ മിത്രമായി സ്നേഹിച്ചാചരിക്കുന്നതു നാം കണ്ടിട്ടും കണ്ടില്ലെന്നു വരുമോ? ലോകസമധാനം കിളുൎക്കുന്ന വിത്തുകൾ വളമുള്ള മണ്ണിൽ വിതയ്ക്കുന്ന തന്റെ കൈയ്ക്കു പകയും പരാതയും കൊയ്യുന്നതല്ല. ഉള്ളിലൊന്നും പുറത്തു് മറെറാന്നും എന്നുള്ള നയം മണിയാകരനില്ല.

മണി.—എന്താ മിസ്റ്റർ മക്കോയി വന്നതു്?

മക്കോ:—സുഖമന്വേഷിച്ചു വന്നെന്നുമാത്രം.

മണി:—വലവായുടെ അക്രമങ്ങളെപ്പററി മി. മക്കോയിയും കേട്ടിരിക്കുമല്ലോ?

മക്കോ:—കള്ളന്മാരുടെ കാലമാണിതു്. ലാടന്മാരും സാധുക്കളും അവൎക്കു തുണയുമുണ്ടു്.

മണി:—ഒരു മി. ലസ്ലി ജോൺസ് മൈസൂർ പൊളിററിക്കൽ ഏജൻറായി (Political agent) വരുന്നുണ്ടു്.

മക്കോ: ഈ നിയമനത്തിൽ മണിയാകരനും കൈയുണ്ടല്ലെ?

മണി: യോഗ്യന്മാർ അധികാരസ്ഥാനമെത്താൻ ആവോളം ഞാൻ ശ്രമിക്കും. നിഷ്പക്ഷമായി-മുഖം നോക്കാതെ—-ആരരിൽ നിന്നും പ്രതിഫലേച്ഛ കൂടാതെ.

മക്കേ: വൈസ്രോയിയുമായി പരിചയമാണൊ ?

മണി: അദ്ദേഹം ഇൻഡ്യയ്ക്കു പുറപ്പെട്ടന്നതിൻമുമ്പ് അല്പനേരം ഞാൻമായി ഒരു അഭിമുഖസംഭാഷണം നടന്നിട്ടുണ്ട്. എനിക്കു വേണ്ട പ്രോത്സാഹനങ്ങൾ അദ്ദേഹം തരുമെന്നാണ് എന്റെ ഉത്തമബോധം. മനുഷ്യമിത്രമായി ജീവിക്കേണമെന്നേ എനിക്കാഗ്രഹമുള്ളു. സ്വന്തമായി എനിക്കൊന്നും ആശയില്ല.

മക്കേ: വിവാഹം കഴിക്കാത്തതെന്താണ് ? ഇക്കാര്യം നീളിപ്പിക്കുന്നതെന്തിന് ?

മണി: നടക്കാനുള്ളതു നടക്കേണ്ട സമയത്തു നടക്കേണ്ടവരുമായി നടന്നുകൊള്ളും. ദൈവചിത്തമേ നടക്കൂ.

മക്കേ: ശാന്തമ്മയെ മണിയടകരൻ തരണമെന്നാണ് എന്റേയും ഉണ്ണിച്ചന്റേയും താല്പര്യം. നെല്ലും പണവുമായി ഒരു ലക്ഷത്തിന്റെ സ്വത്തും അവളെയും ഒന്നിച്ച് ഉടനെ തരാം.

മണി: ശാന്തമ്മയെ വേളിചെയ്‌വാൻ ഞാൻ ഇന്നു സ്വതന്ത്രനല്ലെന്ന് ശാന്തമ്മയെ അറിയിച്ചാലും. മുഷിഞ്ഞ ദാമ്പത്യജീവിതത്തിലകപ്പെട്ട് ഞാനുമായി മുഷിയേണ്ടവളല്ല ശാന്തമ്മ. അയൽക്കാരനായ ഞാനല്ല—അകലെയുള്ള മറെറാരു യോഗ്യൻ അവൾക്കു ഭർത്താവാകണം. ധനപരമായി എന്നേക്കാൾ

വളരെ ഉയരത്തിൽ പറക്കുന്ന ഒരു മാടപ്രാവാണ
വൾ. സ്ത്രീലോകത്തു് മിത്രം എനിക്കു് ഇന്നു് ഒന്നു
ള്ളതു് മിസ്സ് ശാന്തമ്മയാണെന്നവൾക്കറിയാം.
ഇതുകേട്ടു് മക്കോയിയുടെ മുഖം വാടി. താമസം
വിനാ അവൻ പോകയും ചെയ്തു.

ചാർലി സേലമ്മയുടെ ഒരു കത്തു് മണിയാകര
ഹസ്തങ്ങളിൽ സമർപ്പിച്ചു. കത്തുപൊട്ടിച്ചു് അദ്ദേഹം
ഇങ്ങനെ വായിച്ചു. 'പ്രിയാ, മക്കോയി ഇവിടെ വന്നി
രുന്നു. ഞാൻ അപകടത്തിൽ ചാടരുതെന്നു് പലവുരു
അവൻ പറഞ്ഞു. അവനുമായി സംസാരിച്ചപ്പോൾ
അമ്മയുമുണ്ടായിരുന്നു. കോപിച്ചാണു് പോയതു്. അ
വൻ നിങ്ങളെ കുറേച്ചുറെ ദൂഷിച്ചു. അതുകേട്ടു് എന്റെ
മനംവാടി. നാംതമ്മിലുള്ള കൂടിക്കാഴ്ച പെട്ടെന്നാണു്.
പെട്ടെന്നു കിളർത്ത അനുരാഗമാണതു്. മക്കോയി പ
റയുന്നതു ശരിയെങ്കിൽ എന്റെ തല എന്റെ ചങ്കിനു
ള്ളിൽ കുടുങ്ങിക്കഴിഞ്ഞു. ഇന്നു് ഇന്നവിട്ടു ചരിക്കുന്ന
നാം പരസ്പരമടുത്തുണ്ടെന്നുള്ള ബോധം ഹാ! എത്ര പര
മാനന്ദപ്രദമാണതു്. അങ്ങയുടെ ദിവ്യസ്വരസമ്പർക്കമോ
ർത്തു് ഞാൻ ഏകാന്തജീവിതം കഴിക്കും. ഒരു കോടി
ചുംബനം എന്റെ ചോരിൽ തങ്കച്ചനിൽ ചൊരിയുന്നു.'
സ്വന്തം സേലമ്മ, മക്കോയിയുടെ വൻചതിവുകളോർത്തു്
മണിയാകരൻ ചിന്തിച്ചുനിന്നു. ശാന്തമ്മയെവിറകും സേ
ലമ്മയെ ചതിപ്പാനുള്ള ആ കാളിസർപ്പത്തിന്റെ ശ്രമ
ങ്ങളറിഞ്ഞു് മണിയാകരൻ കുലുങ്ങി. മക്കോയി പറയും
പോലെ വിശ്വസിപ്പാൻതക്ക മൗഢ്യം സേലമ്മക്കില്ലെ
ങ്കിലും കേൾക്കുന്നതൊക്കെ സത്യമെന്നുകരുതുന്ന സ്ത്രീപ്ര
കൃതമോർത്തു് അദ്ദേഹം ദുഃഖിതനായി. സേലമ്മ മണി
യാകരനേയോ, മണിയാകരൻ സേലമ്മയേയോ, മറന്നാ

ഖ്യം മറക്കുന്നതല്ല. മധുരഫലങ്ങൾ തമ്മിൽ കലഹമില്ലല്ലോ. പാലിൽ പഞ്ചസാരയാണു് സൗന്ദര്യം. സ്ത്രീപുരുഷഭേദമെന്യേ സൗന്ദര്യം സൗന്ദര്യത്താൽ ആകർഷിക്കപ്പെട്ടുമെന്നു് അവർക്കു് ഇരുവർക്കുമറിയാം. ഒന്നു് ഒന്നിനെ വെടിഞ്ഞാൽ രണ്ടും ഒന്നിച്ചു് വാട്ടുമെന്നും അവരറിയുന്നു. സത്യസ്നേഹത്താൽ ബന്ധിതരായ ഇവർ കടുത്ത ക്ലേശങ്ങൾ സഹിക്കണം. മുള്ളുകൾ നിറഞ്ഞ റോസച്ചെടി പുഷ്പിക്കുമാറോസ പുഷ്പങ്ങൾ അനുരാഗികളിവർ രുചിക്കണം. പ്രേമകപ്പലിനുള്ളിൽ ഇരുകിമറിയുന്ന ജീവിതക്കടലിൽ യാത്രചെയ്യുന്ന ഇവരിരുവരും വഴിക്കുള്ള തടസ്സങ്ങളൊക്കെ ജയിച്ചേതീരു. തടസ്സങ്ങൾ ഇവരുടെ സ്നേഹത്തെ ദൃഢീകരിച്ചു. ത്യാഗികളിവരുടെ സഹനശക്തി നോക്കണം. പരസ്പരം അവർക്കുള്ള സ്നേഹം പുലർത്താൻ. ഇതാണു് പ്രണയമത്സരം. ഇതാണു് സ്നേഹം—ഇതാണു് ശക്തി—ഇതാണു് മുക്തി—ഇതാണു് യുക്തി—ഇതാണു് സത്യം——ഇതാണു് സ്വർഗ്ഗം—ഇതാണു് ദൈവം. നാസ്തികന്മാർ വായനക്കാർ ഈ പരമാർത്ഥം ഗ്രഹിക്കണം. ഇങ്ങനെ മണിയാകരൻനേരിട്ടു ആപത്തുമാത്രമാണു് തനിക്കു് സമ്പത്തായിത്തീർന്നതെന്നുള്ളതും കൂട്ടറിൽ മനസ്സിലാക്കി.

## അദ്ധ്യായം നൂർ

# വീതം

ചെല്ലമ്മക്കു വേലന്തറ വസ്തുക്കളിലുള്ള അവകാശം വാങ്ങിക്കൊടുപ്പാനുള്ള ഉപാധികളെപ്പററി മണിയാങ്കരൻ അവഗാഢം ആലോചനയാണു്. ചെല്ലമ്മ കോടതികയറാൻ അദ്ദേഹം അവളെ അനുവദിച്ചിട്ടില്ല. ശാന്തമ്മയെ വേളികഴിയ്ക്കുന്നമെന്ന മക്കോയിയുടെ അഭ്യൎത്ഥന നിരസിച്ചിരിക്കെ, മണിയാങ്കരൻെറ മദ്ധ്യസ്ഥത മാത്തുണ്ണിക്കു സ്വീകാൎയ്യമല്ല. ആകയാൽ ചെല്ലമ്മയുടെ വീതകാൎയ്യത്തെപ്പററി കൂടുതൽ ചൎച്ചചെയ്യുന്നം. നിവൃത്തിയുള്ളിടത്തോളം കോടതികയറാതെ ഒഴിയണമെന്നു കരുതി കളമൊളൂർ ഇടവകയോഗത്തിൽ ഇക്കാൎയ്യം കൊണ്ടുവന്നു. പള്ളിയുടെ മദ്ധ്യസ്ഥതയിൽ സംഗതികൾ ഒത്തുതീൎക്കാൻ ആദ്യം ശ്രമിച്ചു. അതു ഫലിച്ചില്ല. പൊതുയോഗത്തിനു് നേരിട്ട ഈ തോൽവിയിൽ സന്താപം എനിക്കുമുണ്ടെങ്കിലും ഇത്തരം പൊതുയോഗങ്ങളോടു് എനിക്കുള്ള അവജ്ഞ രേഖപ്പെടുത്താതിരിപ്പാൻ ഗത്യന്തരമില്ല. ഇതുപോലുള്ള കേസുകൾ ഇടവകയോഗങ്ങളാൽ വിധിക്കപ്പെടത്തക്കവണ്ണം ഇടവകയോഗങ്ങൾക്കു കൂടുതൽ കെല്പു നൽകി—ഇടവകയോഗങ്ങളേയും മിസ്സംവക പൊതുയോഗങ്ങളേയും കാലാനുസരണം പരിഷ്കരിപ്പാൻ കരുത്തുള്ള യുവതീയുവാക്കളെ അംഗങ്ങളായി എടുക്കേണ്ടതാണു്. ചിന്താശീലരായ കത്തോലിക്കർ ഇക്കാൎയ്യത്തിൽ കൂടുതൽ ശ്രദ്ധപതിക്കുമെന്നും പതിക്കേണമെന്നുമാണു് എൻെറ അപേക്ഷ. മണിയാങ്കരൻ ഒരു

ബാരിസ്റ്റർ എങ്കിലും കോടതികളില്ലാത്തിടത്തു കോടതികളും കേസുകളില്ലാത്തിടത്തു കേസുകളുമുണ്ടാക്കി കുടുംബം ഉലക്കുന്ന ചില കുടിവക്കീലന്മാർ മണിയാകരനെന്നുകേട്ടാൽ നടുങ്ങുന്നതു് ഇങ്ങനെയുള്ള അനാവശ്യകേസുകൾക്കു് അദ്ദേഹം എതിരാകയാലാണു്. മണിയാകരനിർദ്ദേശപ്രകാരം ഇന്നു് ചെല്ലമ്മയും ലോനപ്പനും മാനമ്മാളും വേലിക്കരെ വരുന്നത്തി. ചെല്ലമ്മയും തള്ളയും മാത്തുണ്ണിയെ സമീപിച്ചു. അയാൾ ആഗതരെ കണ്ടെങ്കിലും കണ്ടില്ലെന്ന ഭാവത്തിൽ മൗനം കാത്തു. ഇതുകണ്ടു ചെല്ലമ്മ പൊട്ടിക്കരഞ്ഞു. ചെല്ലമ്മയുടെ കരച്ചിൽകേട്ടു ലോനപ്പൻ സ്ഥലത്തെത്തി. ചെറിപ്പിന്റെ സ്വരംകേട്ടു മാത്തുണ്ണി തനിക്കെതിരെ വന്ന ലോനപ്പനെ നോക്കി; എന്നാൽ തന്നോടും ഒന്നും മിണ്ടാത്ത മാത്തുണ്ണിയോടു രണ്ടുവാക്കു പറയണമെന്നു് അദ്ദേഹം തീർച്ചയാക്കി.

ലോനപ്പൻ:—എന്താ ഇണ്ണിച്ചാ ഒന്നും മിണ്ടാത്തതു്?

മാത്തു:—എനിക്കു തലക്കൊരു മന്ദമാണു്.

ലോനപ്പൻ:—ചെല്ലമ്മക്കും സുഖമില്ല. അവൾക്കു വീതം കിട്ടാത്തതുകൊണ്ടു്.

മാത്തു:—അപ്പാ അക്കരെ ഭർത്താവ് അവൾക്കില്ലേ? സുഖമാക്കാൻ.

ലോനപ്പൻ:—ഞങ്ങളുടെ കാര്യം തീർത്തുവിടണം.

മാത്തു:—നീ ആരാണു്?

ലോനപ്പൻ:—ഞാൻ ചെല്ലമ്മയുടെ ഭർത്താവു്.

മാത്തു:—നീ ചെല്ലമ്മയുടെ ഭർത്താവാകണമെന്നു് ഞാൻ ആവശ്യപ്പെട്ടോ?

ലോനു:—ഉണ്ണിച്ചൻ പറയുന്ന പെണ്ണിനെ വേൾക്കാൻ എളപ്പിൽ ലോനപ്പനാളല്ലല്ലൊ.

മാത്തു:—അവളെത്തന്നവർ നിനക്കു് അവകാശവും തരും. ഞാൻ ഒരു കൊച്ചുകാശിനു മുതൽ തരുന്നതല്ല. ഒടുവിൽ കണ്ണീർ തുടച്ചുകൊണ്ടു ചെല്ലമ്മ 'ഉണ്ണിച്ചാ' എന്നു് അല്പം ഉറക്കെ വിളിച്ചു.

ചെല്ല:—എനിക്കു് ന്യായമായി കിട്ടേണ്ട വസ്തുക്കളിൽ നേർപകുതി തിരിച്ചുതന്നും, എന്നെ പുത്രിയായി സ്വീകരിച്ചും ന്യായം നടത്താൻ മുട്ടിന്മേൽനിന്നു ഞാൻ അപേക്ഷിക്കുന്നു. എന്റെ ഇണയെ ഞാൻ തിരഞ്ഞെടുത്തു. ദാമ്പത്യജീവിതം ഞങ്ങൾ ജീവിക്കുന്നുമുണ്ടു്. ഒരു ഭർത്താവിൽനിന്നു് ഒരു സ്ത്രീക്കു് ആശിക്കാവുന്ന സകല സുഖങ്ങളും ലോനപ്പനിൽ കണ്ടെത്തുന്ന എനിക്കു് അദ്ദേഹത്തെക്കാൾ യോഗ്യനൊരു വരനെ ഉണ്ണിച്ചൻ നൽകേണ്ടതല്ല. എന്റെ ആളുകൾ എന്നെ ഇങ്ങനെ പുറംതള്ളുന്നതോർത്തുള്ള വ്യഥയേ എനിക്കുള്ളു. സകലവിധ സുഖങ്ങളും ഭർത്തൃഗൃഹത്തിൽ അനുഭവിക്കുന്ന എനിക്കു് ഒരു സംഗതി ഇവിടെ തുറന്നു പറയണം. ലോനപ്പനെപ്പോലെ എല്ലാ ഭർത്താക്കന്മാരും യോഗ്യന്മാരെന്നു വന്നുകൂടുന്നതല്ലല്ലൊ. കെട്ടിവരുന്ന പെണ്ണുങ്ങൾക്കു് ഭർത്തൃഗൃഹങ്ങളിൽ മാനം വേണമെങ്കിൽ സ്വന്താ വീട്ടുകാരുടെ തണൽ അവൾക്കാവശ്യമാണു്. ചോദിപ്പാനാളുണ്ടെന്നുള്ള ബോധം ആരേയും കൃതകൃത്യരാക്കും. എന്റെ കുടുംബത്തിൽ നായിക ഞാൻതന്നെ താലിവയ്ക്കുന്ന അനുക്ഷണം ക്ഷയരോമാറിയ കാലി

കണക്കെ പെണ്ണുങ്ങളെ മൂലകുടുംബത്തിൽനിന്നും വെട്ടിമാററുന്ന ഇന്നത്തെ വീട്ടുകാരിൽ നിന്നും എന്റെ സോദരികളനുഭവിക്കുന്ന ദുഃഖദുരിതങ്ങൾ അളവററതാകയാൽഅവയെആവോളം ദൂരീകരിച്ചു അവക്കു മൂലകുടുംബവുമായുള്ള ബന്ധം പുലത്തണം. വീട്ടുകാരാൽ തള്ളപ്പെട്ടു നിങ്ങളുടെ ക്രൂരമർദ്ദനങ്ങൾക്കധീനരായി എന്നെപ്പോലെ കഴിയുന്ന കോടാകോടി സ്ത്രീകളിൽ സഹതാപം ചൊരിഞ്ഞാലും മമതാപം തീത്താലും.' അവളുടെ പ്രഭാഷണം തീൻറു. മാത്തുണ്ണി സ്ഥലംവിട്ടു. ഇതിനുള്ളിൽ മക്കോയി വേലന്തറെ വന്നെത്തി. ചെല്ലമ്മയും മററും വന്നിട്ടുണ്ടെന്നു കേട്ടവൻ ഓടി അവരുടെ അടുക്കൽ ചെന്നു് അവക്കു സ്വാഗതമരുളി. അവർ പോകാനാരംഭിച്ചെങ്കിലും അവൻ അവരെ വിട്ടില്ല. താൻ അവരുടെ കാര്യം സമാധാനത്തിൽ തീത്തു വിടാമെന്നവൻ ലോനപ്പനെ പറഞ്ഞുകബളിപ്പിച്ചു. രഹസ്യമായി ചിലതൊക്കെ പറവാനുണ്ടെന്നു പറഞ്ഞവൻ അതിഥികൾ മൂവരെയും കൂട്ടിക്കൊണ്ടുനടന്നു. വന്നുനിന്നതു് വേലന്തറ ഇരുട്ടറക്കുള്ളിൽ; പെട്ടന്നവൻ പുറത്തുചാടി കതകു് ബലമായി ബന്ധിച്ചപ്പോളാണു് താനും ഭാര്യയും മാനമ്മാളും വേലന്തറ ഇരുട്ടറയിലെ അന്തേവാസികളെന്നു ലോനപ്പൻ മനസ്സിലാക്കിയതു്. നാരായണിയും ദാസ്മെത്തയും കുടുങ്ങിയ ഇരുട്ടറയാണിതു്. മൂവരും മൂകരായിനിന്നു. അവകാശംവാങ്ങാൻ വന്നു് ജീവൻ കൂടി പണയത്തിലാകുമെന്നോർത്തു് അവർ ഭക്കം

വിയക്കവെ, പുറത്തുനിന്നു മക്കോയി ചെല്ലമ്മയെ വിളിച്ചു് കൊണ്ടൂട്ടെടി നിന്റെ മുഴുത്തതലൊനപ്പൻ അവകാശം വാങ്ങുന്നതു്. പെരുക്കിമെരുക്കൻ അവന്റെകൂടെ ഇറങ്ങിത്തിരിച്ചു നീ ഞങ്ങൾക്കു വരുത്തിവെച്ചഅപമാനം പോരെന്നോ? സ്വത്തും വേണമല്ലേ, അഛനെക്കൊന്ന കുത്തി നിനക്കും തരും സ്വത്തു്. അമ്മയുംമക്കളും അവിടെ പട്ടിണികിടന്നു ചാകണം. തേടിയവള്ളി കാലിൽ തടഞ്ഞു. ഹാ! ഹാ! ഇതൊന്നുംകൊണ്ടുമായില്ല. നിങ്ങൾക്കു ചിലതെല്ലാം കൂട്ടമുണ്ടു്. അവരെ ഞാൻ അറിഞ്ഞിട്ടുണ്ടു്. അവക്കും അവസാനമിതുതന്നെ, കള്ളന്മാർ നിങ്ങൾ കൊല്ലക്കുടിയിൽ സൂചിവില്ക്കാൻ വന്നല്ലോ. കഷ്ടം' എന്നു പറഞ്ഞു് അവൻ സ്ഥലംവിട്ടു.

---

## അദ്ധ്യായം ൩൫

# ശാന്തമ്മ

---

ശാന്തമ്മ വേലന്തറയിലെ ഓമന മകളാണു്; ദാസ് മെത്തയിൽ അനുരക്തയാണവൾ. അദ്ദേഹത്തെയും നാരായണിയേയും ഇരുട്ടറയിൽ നിന്നും രക്ഷിച്ചു. മെത്തയിലുള്ള അവളുടെ സ്നേഹം നാൾക്കുനാൾ വളൎന്നു വന്നു. നവോഢയവൾ തന്റെ കാമുകനെപ്പററി കൂടുതൽ ഓൎക്കാറുണ്ടു. വളരെ രഹസ്യത്തിൽ—തന്റെ കാമുകൻ കൂടി അറിയാതെതന്ന ഭാവന, മെത്താ കുമരകത്തു് തച്ചിൽ കുടുംബാംഗമാണെന്നു് ആരൊ

പറഞ്ഞിരുന്നതു വാസ്തവമൊ എന്നവൾ അന്വേഷിച്ചു. മെത്ത എന്നൊരാൾ ആ കുടുംബത്തിലുള്ളതായി കുമരകത്തുകാക്കുമറിഞ്ഞുകൂടെന്നു ഗ്രഹിച്ചവൾ കൂടുതൽ ദുഃഖിച്ചു. മണിയാകരൻെറ അമ്മ കുമരകത്തു് തച്ചിൽ കുടുംബാംഗമാണു്. ആകയാൽ മണിയാകരനെ കാണ്മാൻ അവൾ തീർച്ചയാക്കി; അദ്ദേഹത്തിൽ നിന്നും ദാസ് മെത്ത ഏതെന്നറിവാൻ സാധിച്ചേക്കുമെന്നു കരുതി. നമ്മുടെ കഥാനായകനെ ബാല്യത്തിലൊരിക്കൽ ശാന്തമ്മ കണ്ടിട്ടുള്ളതല്ലാതെ ഇവർ തമ്മിൽ പരിചയമില്ല. അദ്ദേഹവുമായി കാണുമ്പോൾ—അദ്ദേഹം തന്നോടു സംസാരിക്കുമൊ എന്നുകൂടി ശാന്തമ്മ സംശയിച്ചു. ഒരു യുവാവിനെപ്പററി എങ്ങനെ അദ്ദേഹത്തോടു് ചോദിക്കുമെന്നോർത്തവൾ അത്യധികം ലജ്ജിച്ചു. ഹൃദയം മുററിയ സ്നേഹമവളെ ഈ ധീരസന്ദർശനത്തിനു് വഴി തെളിച്ചു. സ്നേഹം അവളെ സദാ വെന്തുനീറുന്നതൊത്തു് ഏതുതരത്തിലെങ്കിലും മെത്തയുമായി കൂടി കണ്ടു് തനിക്കു് മനശ്ശാന്തി വരുത്തേണമെന്നു് അവൾ നിശ്ചയിച്ചു. മണിയാകരനെ കാണ്മാൻ ശാന്തമ്മ മേളവിലാസത്തേക്കു് ഇതാ പോകുന്നു. സ്നേഹം തകക്കാത്ത തടസ്സങ്ങൾ വിരളം. അവളെ സ്നേഹിപ്പാൻ വന്നവരാരിലും സ്നേഹമവൾ ചൊരിയുന്നില്ല. മെത്തയെ നീക്കി മററാരു പുരുഷനെ ശാന്തമ്മ നോക്കിയിട്ടുപോലുമില്ല. തൻെറ ചങ്കും തലച്ചോറും വിഴുങ്ങി. ആരു്? മെത്ത. അദ്ദേഹത്തെ ഒരു നോക്കുകൂടി കണ്ടിട്ടു തൻെറ ജീവൻ പിരിയേണമെന്നാണു സദാ അവളുടെ അർത്ഥന. ഇതിനു ദൈവം ഇടവരുത്തേണമെന്നവൾ അഹോരാത്രം കേണുംവന്നു. അനുരാഗത്തിൽ ഇത്ര ധീരനില ഉൾക്കൊണ്ടിട്ടുള്ള മററൊരു യുവതി ജീവിതത്തട്ടിൽ കാണുന്നതല്ല. അത്രയ്ക്കു്

ധീരയാണ് ശാന്തമ്മ. ഉത്തമകളിലുത്തമയാണവൾ.
മെത്തയിൽ അവൾക്കു ജനിച്ചുവളൎന്ന സ്നേഹം ലോക
മാസകലം പടൎത്താൻ ദൈവം താൻ അവൾക്കു വരു
ത്തിയ കഠിന വ്യഥകളെ നേരിടാൻ ദൈവമവൾക്കു്
ത്രാണി നൽകണം. സ്നേഹസ്വരൂപനായ സൎവ്വേശ്വ
രൻ സന്തുഷ്ടനായി ഇവളെയൊരായുധമായി പകൎത്തി
ലോകസമാധാനം പുലൎത്താൻ—മെത്തയിൽനിന്നുമിവ
ളെ അകററി അവളുടെ സ്നേഹം തന്റെ നേരെ വെട്ടി
വിട്ടു് ലോകോദ്ധാരണം നടത്താൻ വഴികളിങ്ങനെ തുറ
ന്നതു് കണ്ണുള്ളവർ നാം കാണണം. ശാന്തമ്മ വേലന്തറ
ത്തെ കണ്ണിലുണ്ണിയായി വളൎന്നു. മക്കോയിയുടെ ദുൎന്നട
ത്ത മൂലം അവൾ അത്യധികം വ്യസനിച്ചു. സാറാച്ചി
യോടു മനുഷ്യത്വമായി പെരുമാറണമെന്ന അവളു
ടെ അഭ്യൎത്ഥന ആ ദുഷ്ടൻ കാൎയ്യമാക്കിയില്ല. നല്ലനല്ല
പുസ്തകങ്ങൾ വായിച്ചവൾ സമയം കഴിച്ചു. മക്കോയി
യും ഉമ്മൻമായുള്ള കൂട്ടുകെട്ടവൾക്കിഷ്ടമല്ല. സ്വന്ത
സോദരനിൽ നിന്നുമുള്ള പീഡനങ്ങൾ സഹിച്ചു്
ജീവിക്കുമ്പോളാണു് ദാസ്മെത്ത വേലന്തറെ വന്നതു്.
പ്രഭാതം മണി ഏഴടിച്ചു. ശാന്തമ്മ മേലുവിലാസം
ലക്ഷ്യമാക്കി നടന്നു. മാൎഗ്ഗമദ്ധ്യേ മെത്തയെ ഉള്ളിലോ
ൎത്തവൾ ചിന്താധീനയുമായി. 'അദ്ദേഹവുമായി ഞാനു
വിപരീത പരിതസ്ഥിതികളുടെ ഒത്തനടുവിൽ നടന്ന
അന്നത്തെ കൂടികാഴ്ചക്കു് ശേഷം ഒന്നുകൂടി കാണുന്നതി
നിടയാകാത്തതു് അഹോ! കഠിനം. ചെല്ലമ്മ എത്ര ഭാ
ഗ്യവതി. യോഗ്യനൊരുവനെമൊത്തു് അവൾ സുഖിക്കു
ന്നതുകാണുന്ന എനിക്കു് അതെത്ര ആനന്ദകരമായ കാ
ഴ്ച! ഇന്നു് വീട്ടിലേക്കു് വരുമെന്നു കേട്ടു. അവർ വരു
പോകുന്നതിനുമുമ്പു് തിരിച്ചു എനിക്കു് വീട്ടിലെത്തണം.

ചെന്നാലുടൻ അദ്ദേഹത്തെ കാണുന്നതിനു് തരപ്പെട്ടുമൊ എന്തോ? അദ്ദേഹത്തിൻെറ പേരു്? അഹഹാ ഞാൻ അതു് മറന്നെന്നു വരുമൊ? മെത്തായെയന്നോ? സുഖിക്കുന്നവൎക്കെല്ലാം ശയനസുഖം നല്കുന്ന മെത്തയാണു അദ്ദേഹമെന്നു് അദ്ദേഹത്തെ ഒരുനോക്കു് കാണുന്നവൎക്കൊക്കെത്തോന്നും. ആ പുണ്യപുരുഷൻെറ മുഖകമലം വീണ്ടും ദർശിപ്പാൻ എനിക്കു് ഇന്നു് ദൈവം ഇടവരുത്തും. കണ്ണുകൾ എത്ര ചൈതന്യമുള്ളവ! ആദ്യം അദ്ദേഹം എന്നെ നോക്കിയ ആ നോട്ടമൊന്നിനാൽ മാത്രം അത്രനാളും ഞാൻ അനുഭവിച്ചിരുന്ന സകല സങ്കടങ്ങളും ഞാൻ ഒന്നോടെ മറന്നു. ഞങ്ങളിരുവരും ഒന്നായിച്ചേൎന്നെന്നും അന്നു് എനിക്കു തോന്നി. ഒരു പുതുമ അദ്ദേഹത്തെക്കണ്ട നിമിഷത്തിൽ എന്നിൽ ഉദിച്ചു. എന്നിൽനിന്നുംപൊട്ടിപ്പുറപ്പെടുന്ന നെടുവീൎപ്പുകളുടെ കരിമ്പുക അദ്ദേഹത്തിൻെറ ജീവിത ചക്രവാളത്തിൽ പ്പടൎന്നിട്ടുണ്ടോ എന്നു് എനിക്കു് എങ്ങനെ അറിയാം? ഈ വിരഹാഗ്നിയിൽ നിന്നും ദൈവമെ എന്നു ഞാൻ നിർവൃതയാകും? മെത്താ, പ്രിയാ, ചങ്കുറാനു് അങ്ങെ ഞാൻ സ്നേഹിക്കുന്നെന്നു് എന്നു് അങ്ങറിയും? നമ്മുടെ മദ്ധ്യെയുള്ള ഈ ക്രൂരിരുട്ടു് എന്നു് ഇനി നീങ്ങും? സ്നേഹദീപത്താൽ നീങ്ങാത്ത ഇരുട്ടുണ്ടൊ? മെത്താ, പ്രാണപ്രിയാ, നീ എന്നെ മറന്നാലും മരണംവരെ നിന്നെ ഞാൻ ആരാധിച്ചു ജീവിക്കും—അതെ ആ അവസാനമിനിട്ടുവരെ—മരണക്കട്ടിലിൽ കിടന്നുകൊണ്ടും—മകതംചായക്കുന്ന ആ ഭയങ്കര വിനാഴികയിൽ പോലും, മെത്താ മെത്താ എന്നു് ഉള്ളു വിളിച്ചു ഞാൻ നിന്നിൽ ആശ്വസിക്കും—നീ എൻെറ പരമാനന്ദമാകു്. എൻെറ മെത്താ ഞാനെന്നു് ഒരാൾ ജീവിച്ചിരിപ്പുണ്ടെന്നു [illegible]

നീ വിസ്മരിച്ചെന്നു വരുമോ? ക്രൂരിരുട്ടിൽ, ഭയങ്കര വിപത്തിൽ, നാരായണിയെ വധിച്ചും കൊണ്ടു് ഇരുളിൽ നിന്നും വെളിച്ചത്തിലേക്കുള്ള മാർഗ്ഗമദ്ധ്യേ, ഇരുട്ടറകളിൽനിന്നു് നിന്നോടു പൊരുതിയ ഷായിക്കിനെ എതിരിടുന്നതിൽ--നീ പ്രദർശിപ്പിച്ച ധൈര്യം എത്ര വിസ്മയനീയം. നിന്റെ ജീവൻപോലും കടക്കി ഔദാര്യം പ്രദർശിപ്പിച്ച മെത്താ, നിന്നെക്കണ്ടാൽ സ്നേഹിക്കാത്തവരാരാണു്. രജപുത്രരെപ്പോലും വെല്ലുവിളിക്കുന്ന വീരപരാക്രമങ്ങളെന്തുമാത്രം നീ അന്നു് അവിടെ കാട്ടി. എത്ര ധീരനാണു് എന്റെ മെത്താ! എത്ര വീരനാണു് എന്റെ കാമുകൻ! കഷ്ടം! ആ സാധു അന്നു് നിന്നോടുകൂടി വരാതിരുന്നെങ്കിൽ അന്നുതന്നെ എന്റെ പ്രേമം നിന്നെ ഞാൻ അറിയിച്ചേനെ. കരഗതമായ അവസരം നഷ്ടപ്പെട്ടതോർത്തു് ദുഃഖിച്ചിട്ടെന്തു ഫലം? ഞാൻ മണിയാകരനെ സ്വീകരിക്കണമെന്നുള്ള ഉണ്ണിച്ചന്റേയും മക്കായിയുടേയും ശാസനകൾ........

മണിയാകരഭവനം ഇതാണെന്നു തോന്നുന്നില്ലേ. അതെ-ഇതുതന്നെ മേളവിലാസം—അഴകുള്ള ഒരു ബങ്കളാവാണല്ലോ! ശാന്തമ്മ വന്നെന്ന വാസ്തവം ചാർലി മണിയാകരനെ അറിയിച്ചു. ശാന്തമ്മ എന്നു കേട്ട അനുക്ഷണം മണിയാകരൻ ഓടി മുൻവശത്തുവന്നു. ശാന്തമ്മയും മണിയാകരനും അഭിമുഖമായി നിന്നു. പെട്ടന്നവൾ ഞെട്ടിമാറി വിഭ്രാന്തിയടഞ്ഞവളായും കാണപ്പെടുന്നതിനു് കാരണം എന്തായിരിക്കണം? 'ബോസ്മെത്താ' എന്നു് വിളിക്കുന്നതിനു് അവൾ ശ്രമിച്ചെങ്കിലും നാവു് തളർന്നു നിന്നു. മണിയാകരനാണു് ബോസ്മെത്താ എന്നു് ഇന്നുമാത്രമാണു് അവൾ ഗ്രഹിച്ചതു്. തന്റെ ഹൃദയ

വല്ലഭൻ മണിയാകരനാണെന്നറിഞ്ഞപ്പോൾ അവൾക്കു
ണ്ടായ ഞെട്ടക്കം ചിത്രീകരിക്കുക അത്ര എളുപ്പമല്ലതു്.
അവളുടെ അപ്പോഴത്തെ ക്ഷോഭം വൎണ്ണിപ്പാൻ ഞാനാ
ളല്ലതന്നെ. വികാരപരമ്പരകളൊന്നൊന്നായി അവളിൽ
പൊന്തിപ്പൊങ്ങി മൊത്തത്തിൽ ആനന്ദക്കടലിലവൾ
താണു. സന്തോഷമൊ സന്താപമൊ എന്താണവളിൽ
പൊന്തിച്ചു് നില്ക്കുന്നതെന്നു് വിശദമായിട്ടൊട്ടു് പറ
ഞ്ഞുകൂടാ—ക്ഷോഭസ്തോഭങ്ങൾ ഒന്നിടവിട്ടവളിൽ പ്രവ
ൎത്തനമാകയാൽ—'എന്തിത്ര പരിഭ്രമം ശാന്തമ്മെ അക
ത്തേക്കു പോകാം—വരൂ!' എന്നുള്ള മണിയാകരസ്വ
രം കേട്ടു് ആനന്ദിച്ചവൾ അദ്ദേഹത്തെ അനുഗമിച്ചു.
'ജീവിതമത്സരത്തിൽ അണിനിരന്ന നാം ചിലപ്പോൾ
വേഷപ്രച്ഛന്നരുമാണെന്നുവരാം'. മണിയാകരൻ സം
സാരമാരംഭിച്ചു. 'ശാന്തമ്മ രക്ഷിച്ച ദൈത്യാ—മണിയാക
രൻ—ഞാൻതന്നെ. മേളവിലാസത്തു് എന്റെ ഭവന
ത്തിനുള്ളിൽ എന്റെ സ്വന്തമുറിയിൽ ശാന്തമ്മയെ
ദർശിപ്പാനുള്ള ഭാഗ്യം എനിക്കു് നൽകിയ ദൈവത്തെ
വീണ്ടും ഞാൻ ആരാധിക്കും.' അടുത്തുകിടന്ന കസേര
നീക്കി അതിലേക്കു് ഇരിപ്പാൻ അദ്ദേഹം അവളെ ക്ഷ
ണിച്ചു—അവൾ ഇരുന്നില്ല. 'ഇരുന്നുകൊള്ളണം—
ഞാൻ നിന്നുകൊള്ളാം' എന്നു പുഞ്ചിരിചൊരിഞ്ഞവൾ
പറഞ്ഞപ്പോൾ മണിയാകരൻ ആനന്ദാതിരേകത്താൽ
മതിമറന്നു നിന്നു. അദ്ദേഹത്തിൽനിന്നും കണ്ണെടുക്കാ
തെ അവൾ നോക്കുന്നുണ്ടു്. ലണ്ടനിലെ വാസം മണി
യാകരന്റെ ആകൃതിയിൽ വരുത്തിയ മാറ്റംമൂലം ത
ന്നെ മുൻപു് കണ്ടിട്ടുള്ളവരാരും ഒറ്റനോട്ടത്തിൽ അദ്ദേ
ഹത്തെ അറിഞ്ഞിരുന്നില്ല. അവർതമ്മിൽ തുടൎന്ന
സംസാരമാണു്.

മണി:—ശാന്തമ്മെ ഇരിക്കണം. ഭവതി ഇരിക്കാതെ ഞാൻ ഇരിക്കുന്നതെങ്ങനെ?

ശാന്ത:—അങ്ങു് ഇരിക്കണം—അതാണു് എനിക്കിഷ്ടം ഞാൻ നിന്നുകൊള്ളാം എന്നു പറഞ്ഞു് വീണ്ടും പുഞ്ചിരിചൊരിഞ്ഞു.

മണി:-ശാന്തമ്മ ഇരിക്കാതെ ഞാൻ എങ്ങനെ ഇരിക്കും? എന്നു പറഞ്ഞു് കസേര മുൻപോട്ടു നീക്കിയിട്ടു് അതിൽ കൈയ്കളൂന്നി മണിയാകരനും, മേശപ്പുറത്തു് കൈയ്കൾ ഉറപ്പിച്ചു് ശാന്തമ്മയും നിന്നു.

ശാന്ത:—എന്തുകൊണ്ടു് ഇരിക്കുന്നില്ലാ. എന്നോടുള്ള വെറുപ്പുമൂലമെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം. എന്നോടു് ഇഷ്ടമെങ്കിൽ ഇരിക്കണം.

മണി:—ശാന്തമ്മ എന്നെ രക്ഷിച്ചവളാകയാൽ ആദ്യം ഇരിക്കേണ്ടതു് ഭവതിയാണു്.

ശാന്ത:—ഞാൻ ഇരുട്ടറയിൽ നിന്നു് പുറത്തേക്കു് ഒരു ഗൂഢമാർഗ്ഗം ഉണ്ടെന്നു് കാട്ടിത്തന്നതിൽ കൂടുതലായി മറെറാന്നും അങ്ങേക്കു് ചെയ്തിട്ടില്ലല്ലോ. നിന്നു കാലുകഴയാതെ ഇരിക്കണം. ഞാൻ നിൽക്കവെ ഭവാൻ ഇരിക്കുന്നതു കാണ്മാനെങ്കിലും എന്തുകൊണ്ടു് എനിക്കു് ഭാഗ്യമനുവദിക്കുന്നില്ല?

മണി:—ശാന്തമ്മ നിൽക്കുമ്പോൾ ഞാൻ ഇരിക്കുന്നതു് ഭംഗിയൊ? ഭവതിയുടെ മുൻപിൽ നിന്നാൽ ഒരിക്കലും എന്റെ കാലു് കഴയുന്നതല്ല. ഭവതി ഇരുന്നാൽ ഞാനും ഇരിക്കാം.

ശാന്ത:—ഞാൻ ഇരിക്കാതെ ഇരിക്കയില്ലെങ്കിൽ ഞാൻ ഇരിക്കാം: ഇനി ഇരിക്കണം—എന്നു പറഞ്ഞവൾ ഇരുന്നു.

മണി:—ഞാനിതാ ഇരുന്നു കഴിഞ്ഞു. ;മണിയാകരനമ രിക്കുന്നു.

ശാന്ത;—മെത്താ! പെട്ടെന്നു് അങ്ങു് എങ്ങനെ മണി യാകരനായി ? വീണ്ടുമൊന്നു കാണാൻ ദൈവമെ ഞാൻ പെട്ട പാടുകറം!! ഇത്ര വേഗം മറക്കുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല.

മണി:—ഭവതിയെ കാണ്മാൻ ഞാനും കൊതിച്ചിരുന്നു. അനുവാദമില്ലാതെ സ്ത്രീകളെ ഞാൻ സന്ദർശി ക്കാറില്ല. ഭ്രാന്തന്മാർ ബുദ്ധിമാന്മാരെന്നു് നടിച്ചു ഞെളിഞ്ഞുനിന്നു് കൊഴുത്തുകഴിയുന്നഇന്നത്തെലോ കത്തിൽ, ബുദ്ധിമാന്മാർ വേഷപ്രച്ഛന്നരായി വേ ണം ഭ്രാന്തർ ഇവരെ അടിച്ചമർത്താൻ. സത്യം അ സത്യമായും, അസത്യം സത്യമായും, തിന്മ നന്മയാ യും, നന്മ തിന്മയായും, വളർത്തുന്നവരാണിന്നത്തെ ലോകർ. അവരുടെ നടുവിൽ കടന്നാൽ അവ രുടെ വേഷത്തിൽ, അവക്കറിയാവുന്ന ഭാഷയിൽ സംസാരിച്ചും പ്രവത്തിച്ചും വേണം, തിന്മ തഴച്ചു വളരുന്ന ലോകത്തെ നന്മയിലേക്കിന്നു് വെട്ടിവി ടാൻ. പുറമെ മെത്താ വേഷമണിഞ്ഞ ഞാൻ ആ ഭ്യന്തം മണിയാകരനായിത്തന്നെ ചിന്തിച്ചും പ്രവ ത്തിച്ചും നന്മയിൽ അടിയുറച്ച ഞാൻ നന്മമാത്രം ലോകരിൽ ചൊരിയുന്നെന്നു് ലോകമറിയും. ലോ കർ അനുസരിക്കും—ലോകത്തെ ഞാൻ നന്നാക്കും. ലോകം നന്നാകുകയും ചെയ്യും, ലോകക്കായി അ ത്രമാത്രം ഞാൻ സഹിക്കുന്നുണ്ടു് ശാന്തമ്മെ! ഒച്ച പ്പാടുണ്ടാക്കിയല്ല. ഒന്നുമാരുമറിയാതെ—നിസ്വാ ത്ഥമായി—അതെ ഇതെന്റെ നാഥൻമാത്രം അറി ഞ്ഞാൽ മതി.

ശാന്ത:—ഹൃദയം മററാക്കും കൊടുത്തിട്ടില്ലെങ്കിൽ.......

മണി:—അവൂ! എന്നു ദീർഘമായി നിശ്വസിച്ചു. സർവ്വ
നാഡികളും സ്തംഭിച്ചു അദ്ദേഹം നിന്നുപോയി!

ശാന്ത;—എന്താണിത്ര സംഭ്രമം? അങ്ങു് കരയാതെ കര
യുന്നതു കാണാൻ ത്രാണി എനിക്കില്ല.

മണി:-ശാന്തമ്മെ, ഭവതിയിൽനിന്നും ഇത്തരമൊരു ധൈ
ര്യം ഒരിക്കലും ഞാൻ പ്രതീക്ഷിച്ചില്ല. ഭവതി എ
ന്റെ ജീവനെ രക്ഷിച്ചു. മാനംകാത്തു് എന്റെ ആ
ത്മമിത്രമായിട്ടുണ്ടു്. മരണംവരെ, എന്റെ ഹൃദയം
മറെറാരാൾക്കു് സമർപ്പിതമാണു്. ആകയാൽ
എന്റെ തലച്ചോറ് പുകയുന്നെന്നു് ധരിക്കണെ!
ഇത്ര ഭാഗ്യഹീനൻ ഞാൻ ആയിത്തീരാൻ കാരണം
ഞാൻ കാണുന്നില്ല. എന്റെ തടി ശാന്തമ്മക്കു
നൽകാൻ ത്രാണി ഇന്നു് ഇവനില്ലെങ്കിലും പ്രാണൻ
കൂടികളഞ്ഞു് ശാന്തമ്മയെ പരിത്രാണനം ചെയ്
വാൻ സ്വാതന്ത്ര്യമിനിക്കുണ്ടെന്നോർത്തു് ഭവതി
തൃപ്തിയടയണം. ദൈവതിരുചിത്തമാണിതു്. ദൈ
വഹിതം നിറവേററാൻ ദൈവതോൻ കണ്ടെത്ത
ട്ടത്ത യുവതീയുവാക്കൾ നാം ഇരുവരുംഉള്ള ഇന്ന
ചേർന്നുവേണം ഇന്നു ഇഹത്തിൽ ഐക്യം വരു
ത്താൻ. മുഷിഞ്ഞ ദാമ്പത്യജീവിതത്തിൽ കുടുങ്ങി
കലങ്ങിയ വെള്ളത്തിൽ മീൻ എന്നവിധം കഴിയേ
ണ്ടവരല്ല നാം—ദാമ്പത്യജീവിതത്തെപ്പററി ഉൽ
ക്കണ്ഠാപൂർവം ചിന്തിക്കുന്നവർക്കൊക്കെ ദാമ്പത്യജീ
വിതം ഇടക്കുനിൽക്കാത്ത ഒരു വിലാസഗാനമായി

തോന്നുമെങ്കിലും, തുടർന്നു നടത്തുന്ന ഒരു വിലാപനാടകമാണിതെന്നു് വിവാഹിതരവർ സമ്മതിക്കണം. ആകയാൽ ഹൃദയം തമ്മിലുള്ള സംഗീതാലാപത്തിൽ കൊഴുത്തുരുണ്ട നാം തമ്മിലുള്ള സ്നേഹബന്ധം, ഇടുങ്ങിയ ദാമ്പത്യ ജീവിതത്തിൽ ചാഞ്ഞും ചെരിഞ്ഞും നടന്നു്, ഇഴഞ്ഞും വലിഞ്ഞും വലഞ്ഞു് ഞെരുങ്ങി മുറസ്സായ ജീവിതത്തിൽ ഞെരുങ്ങി മുളിക്കഴിയേണ്ടവരല്ല നാം. ആകയാൽ ഞാൻ പറയുന്ന പുരുഷനെ ഭർത്താവായി വരിച്ച ജീവിക്കണം. പ്രണയത്തിനും ശാന്തമ്മതന്നെ നേതൃത്വം കാട്ടണം. ഇതാണെന്റെ അഭിലാഷം. ആകൃതി പ്രകൃതികളിൽ എന്നെക്കാൾ യോഗ്യൻ—പ്രവൃത്തനത്തിൽ എന്നെക്കാൾ മിടുക്കൻ—യോഗ്യനൊരു പാശ്ചാത്യകുമാരനാണദ്ദേഹം—ലസിലിജോൺസുമാഞ്ചി താമസംവിനാ വന്നുചേരും. അദ്ദേഹവുമായി ശാന്തമ്മ ആദ്യം നടത്തുന്ന സന്ദർശനംമൂലം എന്നെ മറക്കുന്നപക്ഷം അദ്ദേഹത്തെ ഭർത്താവായി വരിക്കണം':—എന്നിങ്ങനെ മണിയാകരൻ പറഞ്ഞ വാക്കുകൾ ഉള്ളിൽ തറക്കയാൽ നഖശിഖാന്തം വെന്തുനീറി ശാന്തമ്മയുടെ ദേഹമാസകലം വിയർത്തു. മണിയാകരവചനം ജീവിതത്തിൽ നിന്നും എന്നെന്നേക്കുമായി അവളെ വെട്ടിമാററുന്നപോലെയും അവൾക്കു തോന്നി. നയനങ്ങൾ അടഞ്ഞു. ചലനരഹിതയായി തന്റെ മുമ്പിൽ നിൽക്കുന്ന ശാന്തമ്മയെക്കണ്ടു മണിയാകരൻ ഒന്നടങ്കം കുലുങ്ങി അനുരാഗം, സ്നേഹം, എന്നിവതന്നെ സേലമ്മയിലേക്കു ക്ഷണിക്കവെ-ഭക്തി, നന്ദി എന്നിവ ശാന്തമ്മയിലേക്കുതന്നെ ആകർഷിച്ചു. ഇരുദശ

ഗംഭീര പരിതസ്ഥിതികളിൽ ഞടുങ്ങാത്ത ഹൃദയം ഒരെവം ഒട്ടു മറിഞ്ഞിട്ടുമില്ല. തന്റെ സ്നേഹം സേലമ്മക്കു് ഉത്തമമെന്നദ്ദേഹം മൂകഭാഷയിൽ തന്നോടു സംസാരിക്കുന്നെന്നതോന്നും മണിയാകരന്റെ അപ്പോഴത്തെ ദയനീയനില കാണുമ്പോൾ. ഇവിടെ ഒരുകാര്യം എനിക്കു് പറവാനുണ്ടു്. അനുരാഗത്തിൽ വക്രതകൾ കാട്ടുന്ന യുവതികളോടു ദുർഘടഘട്ടങ്ങളിലൊക്കെ സിംഹംകണക്കെ വർത്തിക്കുന്ന നായകൻ മണൽത്തരിപോലെ തകർന്നു് മണ്ണെന്നവിധം ഇങ്ങനെ കഴിവാൻ പെൺകൊടി ഇവളിൽ ഉള്ളഴിഞ്ഞ സ്നേഹത്തിനു സഹതാപം ഉണ്ടെങ്കിലും ഗർവിഷ്ടനദ്ദേഹം നിരപരാധിയുമാണെല്ലൊ. ഇങ്ങനെ യുവതികൾ മൌനമാചരിക്കുന്നതു കഷ്ടമല്ലെ? തുറന്നു പറയേണ്ട സംഗതികൾ പറയേണ്ടവരോടു പറയേണ്ടസമയത്തു് തുറന്നു പറയാൻ സ്ത്രീകൾ നിങ്ങൾ പഠിക്കണം. നിങ്ങളുടെ മൌനം അസ്ഥാനമാകയാൽ നിങ്ങളുടെ മരണമണി നിങ്ങൾ തന്നെ അടിക്കുന്നതു് വിഹിതമൊ? ഇന്നത്തെ യുവതികൾ സശ്രദ്ധം പ്രവർത്തിക്കേണ്ട സംഗതികളാണിവ. നിങ്ങളുടെ മൌനം നിങ്ങൾക്കുമാത്രമല്ല നിങ്ങളോടടുക്കുന്നവർക്കൊക്കെ വരുത്തിക്കൂട്ടുന്ന വിപത്തുകളെത്രമാത്രമെന്നു് എന്നു് നിങ്ങൾ അറിയും? മൃഗങ്ങൾപോലും തങ്ങളുടെ സ്നേഹം ഇണയെ അറിയിക്കുമ്പോൾ—മൃഗങ്ങൾ നിങ്ങൾ എന്തിനിങ്ങനെ മൌനികളാകണം? ഇതൊ വിനയം? വക്രത ഇതല്ലെന്നുണ്ടൊ? ഇതു് വൻചതിവല്ലെന്നാരു പറയും? ഒരുവനിൽ സ്നേഹം ഉദിച്ചാൽ

അവനുമായി സമ്പർക്കപ്പെടുന്നതിന് വൈമനസ്യം സ്ത്രീകളിങ്ങനെ പ്രദർശിപ്പിക്കുന്നതിനുള്ള കാരണം എനിക്ക് അജ്ഞാതമാണ്.

ശാന്ത:—ഗുഹാമുഖം കാട്ടിത്തന്നയ്ക്ക് ഞാനുമെന്നു മക്കോയി അറിഞ്ഞിട്ടില്ല. അറിയുന്ന അനക്ഷണം എന്നെ.........എന്നു പറഞ്ഞവൾ കരഞ്ഞു.

മണി:—ശാന്തമ്മെ കരയാതിരിക്കണം. എന്തിനീ ഭയം? എന്റെ ജീവൻ കളഞ്ഞും ശാന്തമ്മയെ ഞാൻ രക്ഷിക്കും. ആശങ്കകളെല്ലാം വെടിഞ്ഞ് നാം ഒത്തൊരുമിച്ച് ജീവിതമത്സരത്തിൽ അണിനിരക്കാൻ ദൈവം തന്റെ തൃക്കൈകൾ കൊണ്ട് മണ്ണിൽ നിന്നും മെനഞ്ഞെടുത്ത് വളർത്തപ്പെടുന്ന അരുമസന്താനങ്ങളാണ് നാം. എന്നെ രക്ഷിച്ച യുവതിയെ കതിവയ്പാൻ അവൻ മടിക്കുന്നതല്ലെന്നും ഞാൻ അറിയുന്നുണ്ട്. ശാന്തമ്മ വേലന്താക്കിന് പോകണ്ട. എന്റെ സോദരിയായി ഇവിടെ വസിക്കാം.

ശാന്ത:—അതു ഭംഗിയല്ല.

മണി:—ശാന്തമ്മ ഭവതി നിർബന്ധിക്കരുത്. മക്കോയി ദ്രോഹിയാണ്. ശാന്തമ്മ ഇന്നെങ്കിലും ഇവിടെ താമസിക്കണം. ഞാൻ പോയി വിവരമറിഞ്ഞു വരാം.

ശാന്ത:—എന്നെ ദയവുചെയ്ത് നിർബന്ധിക്കരുത്. ലോനപ്പനും ചെല്ലമ്മയും മററും ഇന്നു വേലന്താവക്കും. അവർ പോകുന്നതിനുമുമ്പ് എനിക്ക് അവിടെ ചെന്നുചേരണം. അതുകൊണ്ടു പോകുവാൻ തീരു-

മണി:—ശാന്തമ്മെ ഭവതിയുടെവ്യസനം എനിക്കു് അജ്ഞാതമല്ല. ഹൃദയംഗമായി എനിക്കതിൽ പങ്കുണ്ടെന്നു ഭവതിക്കറിയാം, എന്റെ ഹൃദയം തലച്ചോറും വെന്തു ഞാൻ പോകുന്ന വാസ്തവം ഭവതി അറിയണം. കുക്കാതിച്ചുഴിയിൽ എന്നവണ്ണം എന്നെ നിരാന്നതോർക്കണം. എന്നു പറഞ്ഞു് കണ്ണുനിറഞ്ഞു. വിറച്ചു അദ്ദേഹം കരയാനാരംഭിച്ചു.—മണിയാകരൻ കരയുമ്പോൾ ലോകർ എങ്ങനെ കരയാതിരിക്കണം?

ശാന്ത:—മെത്താ—അല്ല മണിയാകരൻ—പോകുന്നതിനെന്നെ അനുവദിക്കണം. എന്നെ ഓർത്തു അങ്ങു് കരയുന്നതു് എനിക്കിഷ്ടമല്ല. സലമ്മയുമായുള്ള കല്യാണദിനം എന്നെക്കൂടി അറിയിക്കണം. ഞാനും ഭാഗഭാക്കാകാൻ നിങ്ങൾ അനുവദിക്കുമെങ്കിൽ,......അപ്പോൾ ഏതോ ഒരു ദിവ്യതേജസ്സ് അവളെ ആവരണം ചെയ്യുന്നെന്നു് മണിയാകരനു തോന്നി., അവൾ തുടർന്നു പറഞ്ഞു: 'മണിയാകരൻ ജീവിതസരണിയിൽ ആദ്യം ഞാൻകണ്ട ഇണയാണു് അങ്ങു്. അവസാനംവരെ നിങ്ങളെത്തന്നെ ചിന്തിച്ചു് ഭവിപ്പാൻ ദൈവം എനിക്കു ഇടവരുത്താതിരിപ്പാൻ എന്നോടൊപ്പം നിങ്ങളിരുവരും ഉണർന്നിരുന്നു പ്രാർത്ഥിക്കണം. അങ്ങേ സ്നേഹിച്ചു ഞാൻ അനുരാഗത്തിൽ നിരാശിതരായ ഇതരയുവതികളോടൊപ്പം ആത്മഹത്യക്കൊരുമ്പെടുകയോ കന്യകാമഠങ്ങളിൽ ഒളിയുകയോ ചെയ്യേണ്ടുതല്ല. ചെയ്യുന്നതല്ല. ദൈവം താൻ യാത്രയാക്കുന്ന പുരുഷനു് എന്നെ ഞാൻ സമർപ്പിക്കേണ്ടതാരമെ എനിക്കിനി അവശേഷിക്കുന്നുള്ളൂ. ഞാനാശിച്ചു

പുരുഷനെ എനിക്കു നൽകാത്ത ദൈവത്തിൻ കീഴ് വഴങ്ങി അദ്ദേഹം അയക്കുന്ന വരനെ വരിപ്പാൻ മാത്രം ഞാൻ കടപ്പെട്ടവളല്ലല്ലൊ. രണ്ടാമതൊരു അനുരാഗവും രണ്ടാമതൊരു ആപത്തും ഞാൻ വരുത്തുമെന്നാരും ആശിക്കേണ്ട. അനുരാഗത്തിൽ ഉടഞ്ഞ ഞാൻ ദാമ്പത്യത്തിലെപ്പെട്ട പ്രണയത്തിൽ തഴക്കണം. എങ്കിലുമാത്രമെ എന്നെപ്പോലുള്ള വിത്തുകൾ ഇഹത്തിലെ മണ്ണിൽ വളരുകയുള്ളു. എന്റെ നിഷ്കളങ്കസ്നേഹം സേലമ്മയാൽ പൊതിഞ്ഞു് ഒന്നൊന്നിനു ആഭരണമായി നിങ്ങളിരുവരും ഇണചേർന്നു കാണ്മാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കും. വീണ്ടും ഒരക്ഷരംപോലും മിണ്ടാതെ മൗനഭാഷയിൽ യാത്രപറഞ്ഞു നടന്നുതുടങ്ങിയ ശാന്തമ്മയെ അനുഗമിച്ചു് മണിയാകരൻ ഗെയിററുവരെ വന്നു.

---

## അദ്ധ്യായം നൂറ്

## ഗുഹ

നേരം മൂവന്തികഴിഞ്ഞു. ഇതുവരെയും ലോനപ്പനും മറിയവും തിരിച്ചെത്തായ്കയാൽ ലാസറും സാധുവും സംശയം തുടങ്ങി. അവരെ മക്കോയി കുടുക്കിലകപ്പെടുത്തിയിരിക്കുമെന്നവർ കരുതി. രാത്രി പത്തുമണിവരെ കാത്തിരുന്നിട്ടും കാണാഞ്ഞു് ലാസറും സാധുവും ഇറങ്ങിത്തിരിച്ചു. അവർ ആററുവക്കത്തുവന്നു് ഗുഹാമുഖത്തുകൂടി വേലന്തറയുള്ളുരുട്ടറയിൽ പ്രവേശിച്ചു് വേലന്തറ ലക്ഷ്യമാക്കി നടന്നു. കേവലം ഭ്രാന്തനെ

പ്പോഴെ സാധു ഏങ്ങിഏങ്ങിക്കരഞ്ഞു. ലാടനദ്ദേഹത്തെ ആശ്വസിപ്പിച്ചു. ഇരുട്ടറ മുഴുവൻ പരിശോധിച്ചു. ഒരു തുമ്പും കിട്ടിയില്ല. ഗുഹയിൽനിന്നും വേലന്തറ മുററത്തേക്കിറങ്ങി ഇരുവരും സ്വല്പമൊന്നു നിന്നു. കുറച്ചുകലെ വാഴക്കൂട്ടങ്ങൾക്കു സമീപം ആരോ മറയുന്നതുതോന്നി. പൂർണ്ണചന്ദ്രൻ പ്രകാശിച്ചിരുന്നു. അവരിരുവരും ദ്രുതഗതിയിൽ നടന്നു് അടുത്തുചെന്നു. ശാന്തമ്മയാണെന്നു മനസ്സിലാക്കി. ലോനപ്പനും ചെല്ലമ്മയും മററും ഇരുട്ടറയിലടയ്ക്കപ്പെട്ട വാർത്ത ശീനാമ്മയിൽനിന്നവൾ ഗ്രഹിച്ചു. അവരെ ഏതുതരത്തിലെങ്കിലും രക്ഷിക്കേണമെന്നവൾ ഉറച്ചു. അച്ഛനും മകനുംകൂടി കാട്ടിക്കൂട്ടുന്ന ഘോരകൃത്യങ്ങളോർത്തു് അമ്മയും മകളും വ്യസനിച്ചു. ഇരുട്ടറയിൽനിന്നും അവരെ മാററി മറെറവിടെയോ കടത്തിക്കളഞ്ഞെന്നു ശാന്തമ്മയ്ക്കു് ഒടുവിൽ മനസ്സിലായി. അവരെ രക്ഷിപ്പാൻ കഴിവില്ലാത്തതോർത്തവൾ കരഞ്ഞുകൊണ്ടു് വെളിമ്പറമ്പിൽ നിൽക്കുമ്പോളാണു് ലാടനും സാധുവും അവളെ ഇപ്പോൾ കാണുന്നതും.

സാധു:—ആരതു്? ശാന്തമ്മയോ?

ശാന്ത:—മിത്രമെങ്കിൽ ഭയപ്പെടേണ്ടാ? ശത്രുവെങ്കിൽ കൊന്നാലും. തരക്കേടില്ല. ദുഷ്കൃത്യങ്ങളെ ഞാൻ എതിർക്കും. തുണക്കാരുമില്ലെങ്കിലും. ഒററക്കുനിന്നെതിർക്കും. ആത്മകരുത്തു് എനിക്കു് ഇന്നുണ്ടു്.

സാധു:—ശാന്തമ്മേ മകളെ, ഞാൻ എങ്ങനെ നിനക്കു് ശത്രുവാകും? നിന്റെ ഉണ്ണിച്ചന്റെ സഹോദരൻ വേലന്തറ വക്കപ്പനാണു് ഞാൻ—നിന്റെ ചിററപ്പൻ—പോഷ്ക്കാർ. ഞാൻ മരിച്ചിട്ടില്ല മകളെ—

നിൻെറ ചിററമ്മയും ലോനപ്പനും എവിടെ മക്കളെ—വേഗം പറയൂ.

ശാന്ത:—അയ്യൊ ചിററപ്പാ, വീണ്ടും എന്നെ ഇവിടെ ഇട്ടേച്ചു ഓടിക്കളയുമൊ? ഞാനും പോരുന്നു. ഇത്തരമൊരു സങ്കടനമായി ഒത്തു ജീവിക്കാൻ ഞാൻ ഇനി ആളല്ല. ഞാൻ മരിച്ചാൽ പോലും എന്നെ ഓർത്തു ദുഃഖിപ്പാനാരുണ്ട് ചിററപ്പ. ചിററപ്പനെങ്കിലും ഉണ്ടല്ലൊ എന്നോർത്ത് ഇനി ഞാൻ ജീവിച്ചുകൊള്ളാം—ചിററപ്പൻ മരിച്ചെന്നോർത്ത് അന്നു മുതൽ ഇന്നുവരെ കണ്ണുതോരാതെ ഞാൻ കരഞ്ഞു വന്നു. എൻെറ ചിററപ്പാ ചെല്ലമ്മ, ലോനപ്പൻ, മാനമ്മാറ ഇവരെക്കൂട്ടിക്കൊണ്ട് മക്കോയി നീണ്ടൂർ പാലത്തുരുത്തിലെ പുതിയ ഒരുഗുഹയിലേക്ക് കടത്തിക്കഴിഞ്ഞു. അവരെകൊല്ലുന്നതിനു മുൻപ് ഓടിച്ചെന്ന് രക്ഷിക്കണേ.

നീണ്ടൂർഗ്ഗുഹ എന്ന് കേട്ടയുടൻ ല്യാംൻ ഞെട്ടി ഓ! ദൈവമേ എന്നലറി-ഇരുവരും ഓടിമറഞ്ഞു. അടുത്തദിവസം നേരം പ്രഭാതം. ഡിസ്ട്രിക്ററു പോലീസ് സൂപ്രണ്ട് തകർപ്പനും പോലീസും വേലന്തറ വളഞ്ഞു കഴിഞ്ഞു. മക്കോയിയേയും മാത്തുണ്ണിയേയും അറസ്റ്റ് ചെയ്തു. മക്കോയിയുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തു. മാത്തുണ്ണിയും മക്കോയിയും ജയിലിലായി. വേലന്തറ വക്കച്ചൻെറ താല്പര്യപ്രകാരം മർക്കോയിയെ സെൻട്രൽ ജയിലിലടച്ചു. ശാന്തമ്മയോടുള്ള കടപ്പാടനുസരിച്ചു ഗുണാകരൻ മാത്തുണ്ണിയെ ജാമ്യത്തിൽ ഇറക്കി.

കല്ലിണിയി പ്രാണരക്ഷാർത്ഥം ഓടുമറയുന്നു. അവളെ നമുക്ക് അന്വേഷിക്കാം. മക്കോയിയെ തേടിവന്ന കല്ലിണിനി പരവശയായി. അവളുടെ സംഭ്രമം ഇരട്ടിച്ചു.

തകപ്പൻ അവളെയും അറസ്റ്റുചെയ്യേക്കുമൊ എന്നു് അവൾ ഭയന്നു. നീണ്ടൂർ പാലത്തുരുത്തിലെ ഗുഹയിൽ പററിക്കൊള്ളാൻ ചാത്തു അവളോടുപദേശിച്ചു. അവളിതാ ഗുഹാമുഖത്തു വന്നു. അവളുടെ മുഖം കാർമേഘപടലങ്ങളാൽ മൂടിയിരുന്നു. ഗുഹാമുഖത്തുള്ള ചാവടിയിൽനിന്നും വൈൻഡിംഗ്. സ്റ്റെയർ കേസ് (Winding stair case) കൂടി കീഴ്പോട്ടവൾ ഇറങ്ങി. ക്രമത്തിലധികം ദൈർഘ്യമുള്ള ആ ഗോവണിപ്പടി. ചവിട്ടിത്തള്ളികളിന്ദിനികിതച്ചു അതിലെ അവസാനപടിയും ചവിട്ടികടന്നവൾ സ്വല്പമൊന്നു് വിശ്രമിച്ചു. അടുത്തുള്ള വരാന്തയിലൂടെ വടക്കോട്ടവൾ നടന്നു. വീണ്ടും പത്തടി മുന്നോട്ടു നടന്നുപോയി കരിങ്കൽത്തളിരങ്ങളാൽ പടുത്ത മറെറാരു ഗോവണി ദൃശ്യമായി. ഓരോ പടികളും എണ്ണി അവൾ കീഴ്പോട്ടു് ഇറങ്ങി. അരുപത്തഞ്ചു് കൽത്തളിരുകളുള്ള ഈ ഗോവണിയും കടന്നു് ചതുരാകൃതിയിലുള്ള. ഒരു ചെറുമുറിയിൽ വന്നെത്തി. പുറത്തേക്കുള്ള വാതൽ നോക്കിനടന്നു. ഇരുമ്പു് ബോൾട്ടുകളിട്ടു ബലമായി അടച്ചിരുന്ന വാതൽ ദൃതസഹായത്താൽ തള്ളിത്തുറന്നവൾ പുറത്തുവന്നു. വന്നുനിന്നതു് മറെറാരു കല്പടിയിലാണെന്നവൾക്കു് എളുപ്പത്തിൽ മനസ്സിലായി. അതും വേഗം ചവിട്ടിത്തള്ളി എട്ടുപട്ടാകൃതിയിലുള്ള ഒരു വിജനമണ്ഡപത്തിനുള്ളിൽ അവൾ വന്നെത്തി. അതിനുള്ളിലെ മണലിൽ ഇരുന്നവൾ വിശ്രമിച്ചു. വിശ്രമാനന്തരം എണീററവൾ വീണ്ടും നടന്നു് ഒരു തുരപ്പിൻെറ മുഖത്തെത്തി. തുരപ്പിനുള്ളിൽ പ്രവേശിച്ചു് മുൻപോട്ടു നടന്നു. ഉദ്ദേശം അരഫർലാംഗ് ദൂരമുള്ള ഈ തുരപ്പിൽനിന്നും പുറത്തേക്കുള്ള മാർഗ്ഗം കാണാഞ്ഞവൾ കരഞ്ഞു. വേശ്യാവൃത്തിയോടു് അവൾ

അവസാനയാത്രപറയുന്നു, തുരങ്കം ഒരു പൊട്ടക്കിണററിന്റെ വക്കിൽ വന്നവസാനിച്ചു. കിണററിലേക്ക് എത്തിനോക്കിയ കുളിന്ദിനി പെട്ടെന്നു് ഞെട്ടി. ഒരു ഏണി എങ്ങനെയോ അവളുടെ കണ്ണിൽപ്പെട്ടു. ജീവരക്ഷാത്ഥം മനുഷ്യൻ എന്തുതന്നെ ചെയ്കയില്ല. കുളിന്ദിനി ഒരു തന്റേടിയാണു്. ആപത്തു നേരിടട്ടെ. അപ്പോൾ കാണാം സ്ത്രീകളെങ്കിലും ധൈര്യമുണ്ടോ എന്നു്. ഇത്രനാളും ആഭരണങ്ങൾ മിനുക്കുന്നതിനുമാത്രം ഉപയോഗിച്ചിരുന്ന അവളുടെ കൈയ്ത്തണ്ടുകൾ നീട്ടി ഏണി എടുത്തവൾ കിണററിലിറങ്ങി. തകപ്പൻതന്നെ അൻധാവനം ചെയ്യുന്നോ എന്നു പുറകോട്ടു തിരിഞ്ഞു നോക്കിക്കൊണ്ടു് ഏണിക്കമ്പുവഴി കീഴ്പ്പോട്ടവൾ ഇറങ്ങി. ഇത്രനാളും ദൈവവും ആത്മാവും കേവലം മിഥ്യാമാത്രമെന്നു് കരുതിക്കഴിഞ്ഞ കുളിന്ദിനി ദൈവത്തെ വിളിച്ചു തന്നെ രക്ഷിക്കേണമെന്നു കേണുകൊണ്ടാണു് ഓരോ കമ്പും ചവിട്ടി ഇറങ്ങുന്നതു്. ഇങ്ങനെ കിണററിലവൾ വന്നുനിന്നു. മുൻപോട്ടുള്ള മാർഗ്ഗം വീണ്ടും ആരാഞ്ഞു. രോമക്കൂപങ്ങളിലൂടെ രക്തം വിയർത്തു. പെട്ടെന്നു ഭൂതം പ്രത്യക്ഷമാകുന്നു. പേട്ടുകറങ്ങി തന്നോടടുക്കുന്ന ഭൂതത്തെക്കണ്ടവൾ വിറക്കുന്നു. ദൈവത്തോടുള്ള അവളുടെ പ്രലപനംമൂലം ഭൂതം അപ്രത്യക്ഷമായി. പെട്ടെന്നൊരുവാതൽ താനെ തുറക്കപ്പെട്ടു. അതു കടന്നവൾ വന്നുനിന്നതു് വിശാലമായ ഒരു മൈതാനമദ്ധ്യത്തിലാണു്. പച്ച പുല്ലുകൾ നിറഞ്ഞ ആ മൈതാനമദ്ധ്യത്തിലെ ഒരു വൃക്ഷച്ചുവട്ടിൽ അവൾ ഇരുന്നു വിശ്രമിച്ചു. ഒടുവിൽ ഉറങ്ങി. ഉറക്കത്തിൽ തന്നെ ആരോ വന്നു പിടിക്കുന്നെന്നു് സ്വപ്നം കണ്ടവൾ പിടഞ്ഞെണീറ്റു് വീണ്ടും നടന്നു് ആക്കാ

കൃതിയിലുള്ള ഒരു കോട്ടവാതുക്കൽ വന്നെത്തി. അതും കടന്നു് മനോഹരമായ ഒരു ചെറുമാളികയിൽ വന്നുചേർന്നു.

കൽത്തളിരങ്ങളാൽ സജ്ജീകൃതമായ ഗോവണിപ്പടി കയറി മാളികപ്പുറമെത്തി ഒരുചെറുമുറിക്കുള്ളിൽ പ്രവേശിച്ചു കളിന്ദിനി തത്ര വിശ്രമിക്കുന്നു. അപ്പോൾ രാത്രി പത്തര കഴിഞ്ഞിരിക്കണം. പാതിരാത്രിയായപ്പോൾ അടുത്തുള്ള മുറികളിൽനിന്നും ചില പ്രലാപനങ്ങൾ കേട്ടു. മർക്കോയും അവന്റെ ചുരുക്കം ചില അനുയായികളും മാത്രം ഈ ഗുഹയിൽ വന്നുംപോയുമിരുന്നു. ഇതിൽ ആരെല്ലാം അടക്കപ്പെട്ടിട്ടുണ്ടെന്നു് ഈശ്വരനുമാത്രമറിയാം. കളിന്ദിനി കേൾക്കുന്ന ദീനസ്വരം ആരുടേതെന്നു് ആരറിയുന്നു? ഇതുപോലൊരു ഭയങ്കര ഗുഹ മലയാളത്തിലില്ല. അത്ര ഭയങ്കരമാണു് പാലത്തുരുത്തിലെ വേലന്തുറഗുഹ. ലോകദൃഷ്ടികളിൽ നിന്നും ഇത്രനാളും ഈ ഗുഹ മറഞ്ഞിരുന്നതു് വേലന്തറയുടെ പ്രതാപത്താലൊ മർക്കോയിയുടെ സ്വാധീനബലത്താലൊ എന്തുകൊണ്ടെന്നു് ഖണ്ഡിച്ചുപറഞ്ഞുകൂടാ. ദൈവത്തെ മറന്നു് ഭവനങ്ങൾവെടിഞ്ഞു്, രാത്രിയിൽ ദുർമ്മാർഗ്ഗികജീവിതം നയിക്കുന്ന പൊടിയൻ മുതൽപേരുടെ കാളിമപൂണ്ട ഹൃദയങ്ങൾക്കുള്ളിൽ ഇത്തരമൊരു ഗുഹ ദൃശ്യമെന്നുവരാം.

———

അദ്ധ്യായം ൩൧

# ജയിൽവാസം

---

മദ്രാസിലെ സെൻട്രൽ ജയിലിൽ അടച്ചിട്ട് ഇന്ന് ദിവസം രണ്ടു കഴിഞ്ഞു. പകൽ മണി പതിനൊന്നടിച്ചു. ഇന്ന് ജയിൽ സന്ദർശിച്ചവരിൽ ഒരാൾ ഒരു നായർ സ്ത്രീയാണ്. പ്രധാന വാതൽ കടന്ന് ഈ സ്ത്രീ ജയിലിൽ പ്രവേശിച്ചു, ഓരോന്നും ഉററു സൂക്ഷിച്ചുകൊണ്ടാണവളുടെ നടപ്പ്. തിരുചിറാപ്പള്ളി സെൻട്രൽ ജയിൽ തെന്നിന്ത്യയിലെ ജയിലുകളിലൊക്കെ ഭേദമെന്നവൾക്കുതോന്നി. തിരുവനന്തപുരം ജയിൽ കുററവാളികളുടെ ഉത്തുംഗമെണ്ടാണെന്ന് ജയിൽവാസികളുടെയിടയിൽ പരക്കെ സംസാരമുണ്ട്. മൊത്തത്തിൽ പറഞ്ഞാൽ ജയിൽ ശുദ്ധിയായും വൃത്തിയായും കാത്തു സൂക്ഷിക്കുന്നു. മൂത്ത ചട്ടമ്പികളൊക്കെ അറു കൊലയെയും സെൻട്രൽ ജയിൽ പററാൻ ഉത്സുകരെന്നു തോന്നും ജയിൽ വിട്ടിറങ്ങുന്നവർ വീണ്ടും ജയിലിൽ ചെന്നുചേരുന്നതിൽനിന്നും. ഇഷ്ടാനുസരണം പ്രവർത്തിപ്പാനുള്ള സ്വാതന്ത്ര്യമില്ലെന്നുകരുതി ഖേദിപ്പാൻ അവരുടെയിടയിൽ ഒരു മിറാഷ്ബായോ നെപ്പോളിയനൊ അടയ്ക്കപ്പെടുന്നില്ല. കുടിയിടകളിലുള്ള ജയിൽ മണ്ണിലെ നരകമാണെന്ന് ഒരു അരചട്ടമ്പി ഒരിക്കൽ ഒരു മുഴചട്ടമ്പിയോട് പറഞ്ഞിട്ടുള്ള കഥ എനിക്കറിയാം.

സെൻട്രൽ ജയിലിനുള്ളിൽ പ്രവേശിക്കുന്ന ആരും ആദ്യം പെട്ടെന്നൊന്നു ഞെട്ടും. സംഭ്രമ

തോട്ടുകൂടിയാണ് ഇന്നത്തെ സ്ത്രീസഞ്ചാരിണി ജയി
ലിനുള്ളിൽ പ്രവേശിച്ചത്. ജയിലർ സന്ദർശകരെ
ഓരോ ഭാഗവും ചുററിനടന്നു കാട്ടുന്നുണ്ട്. ഓരോ
സ്ഥലവും പ്രത്യേകം പ്രത്യേകം നമ്മുടെ സന്ദർശക
പരിശോധിച്ചു. കുപ്രസിദ്ധാ കേഡി അലിമുസ്സലിയാക്ക്
സമജോഡി മക്കോയി മാത്രമാണെന്ന് തിരുവനന്തപുരം
മുഴുവൻ ധരിച്ചിട്ടുണ്ട്. മക്കോയിയുടെ മുറിയുടെ വാതു
ക്കലെത്തിയ സ്ത്രീ അല്പം അവിടെ നിന്നു മക്കോയിയെ
കണ്ട് ദീർഘമായി ഒന്നു നിശ്വസിച്ചു. മക്കോയി കിട
ക്കുന്നിടം ഇവളെമാത്രമേ കാട്ടുന്നുള്ളു. സ്ത്രീ, ജയിലർക്ക്
അവശ്യംവേണ്ട സമ്മാനങ്ങൾ കൊടുത്തതാണ് ഇതി
നുകാരണം, സന്ദർശകരെ കഠിനമായി ഭത്സിച്ചിരുന്ന
തിനാൽ മക്കോയിയെ കാണാൻ അധികമാർക്കും അവസ
രം നൽകിയിരുന്നില്ല. മക്കോയി തന്നെ സന്ദർശിക്കു
ന്ന നായർസ്ത്രീയെ തുറിച്ചു നോക്കി. അവനും നെടു
വീർപ്പുകളിട്ടു. ഇരുവരും ധർമ്മസങ്കടത്തിലെന്നു
തോന്നും അവരുടെ മുഖഭാവം കണ്ടാൽ. സ്ത്രീ ആരെന്നു
മനസ്സിലായപ്പോൾ മക്കോയിക്കുണ്ടായ ആനന്ദം അതി
രററതാണ്. ഒരു പുതിയ രീതിയിൽ അവൻ സ്ത്രീയെ
കുമ്പിട്ടുതുടങ്ങി. ചുരുക്കം ചില തടവുകാർക്കുമാത്രം
എറിഞ്ഞുകൊടുക്കുന്ന അപ്പമൊന്നെടുത്തതവും അവനും
കൊടുത്തു. തടവുകാർക്ക് സമ്മാനം കൊടുക്കുന്നത് ചട്ട
വിരോധമാണെന്നു പറഞ്ഞു തടയാഞ്ഞത് സ്ത്രീ,ജയില
ർക്കും വേണ്ട സൗജന്യങ്ങൾ നൽകിയതിനാലായിരിക്കാം:
കുറച്ചുകൂടി മക്കോയിയെ നഖശിഖാന്തം പരിശോധിച്ചു
ശേഷം നായർസ്ത്രീ സൂത്രത്തിൽ സന്ദർശനം നിറുത്തി
ജയിലർക്ക് നന്ദിപറഞ്ഞ് ജയിൽ വിട്ടിറങ്ങിപ്പോന്നു.
സ്ത്രീയും ജയിലരും അകന്നുമാറുന്നതു കണ്ട് മക്കോയി

അപ്പം വലിച്ചുകീറി—അത്ഭുതമെ! അതിനുള്ളിൽ കണ്ട കത്തു തുറന്നു് അവൻ ഇങ്ങനെ വായിച്ചു. 'മെക്കോയി ഞാൻ ആരെന്നു് മനസ്സിലായില്ലെങ്കിൽ, ഇന്നു ജയിൽ ചാടണം. രാത്രി ഒരു മണിക്കു്—ഒരുങ്ങി ഇരിക്കണം. വി. നാ.' കത്തു വായിച്ചു മക്കോയി ആനന്ദാതിരേകത്താൽ തുള്ളുന്നുണ്ടു്. തന്നെ രക്ഷിപ്പാൻ സ്ത്രീവേഷത്തിൽ ജെയിൽ സന്ദർശിച്ച വീരവാദർ നായരുടെ കത്തു വായിച്ചപ്പോൾ രക്ഷയുടെ വഴി കരഗതമായെന്നു് അവനു തോന്നി. എണീററുനിന്നു് നായരെ മുട്ടാറം അവൻ വന്ദിച്ചു. രാത്രി മണി പതിനൊന്നര അടിച്ചപ്പോൾ വീരവാദർ ജെയിലിൻെറ പുറംകോട്ടയിൽ വന്നെത്തി. മക്കോയിയെ രക്ഷിപ്പാനുള്ള ശ്രമം ആരംഭിച്ചു.

o

അടുത്തുനടക്കുന്ന കൃത്യം പൂർണ്ണമായി ഗ്രഹിക്കേണമെങ്കിൽ സെൻട്രൽ ജയിലിൻെറ ഏകദേശരൂപമൊന്നു് വായനക്കാർ അറിഞ്ഞിരിക്കണം. തിരുവനന്തപുരം കാണുന്നതിനൊ സെൻട്രൽ ജയിൽ സന്ദർശിക്കുന്നതിനൊ സൗകര്യമൊ കഴിവൊ ഇല്ലാത്ത വായനക്കാരിലുള്ള അനുകമ്പ ഇത്തരമൊരു ശ്രമത്തിനു് എന്നെ പ്രേരിപ്പിച്ചതാണു്. കെട്ടിടങ്ങൾ, കെട്ടിടങ്ങൾ, അഹൊ! കെട്ടിടങ്ങളുടെ ബഹളം!! കെട്ടിടങ്ങൾക്കും ഒരു ജയിലാണു് ഈ സെൻട്രൽ ജയിൽ!! കെട്ടിടങ്ങൾക്കൊരു തോരണമാണീ സെൻട്രൽ ജയിൽ. ഉയരക്കൂടുതലൊരു കോട്ട ആകാശത്തോളം ഉയർന്നുകാണാം. പ്രധാന വാതുക്കൽ പട്ടാളക്കാർ തോക്കുമേന്തി കാവലുണ്ടു്. അഹോരാത്രം ആറം മാറിമാറിനിന്നു് മുഷിയുന്ന സാധു കാവൽക്കാരിൽ അനുകമ്പ തോന്നുന്ന ജെയില

ധികാരികളോ സന്ദർശകരോ ഇക്കാലങ്ങളിൽ ചുരുങ്ങും. ആനവാതൽ കടന്നുചെല്ലുമ്പോൾ ഒരേതരത്തിലുള്ള ഒററത്തായി കെട്ടിടങ്ങൾ നിരനിരയായി കാണാം. എണ്ണത്തിൽ കുറവെങ്കിലും വണ്ണത്തിൽ സമജോടി രണ്ടാമത്തൊരു നിര കെട്ടിടങ്ങൾ തുടൻകാണാം. അവ കടന്നാൽ മൂന്നാമത്തൊരു നിര കെട്ടിടങ്ങൾ നമുക്കു ദൃശ്യമാകും. പുറനിരയിലുള്ള കെട്ടിടങ്ങളും അവയെ തുടർന്ന് ഇരുനിരകളിലും കാണപ്പെടുന്ന കെട്ടിടങ്ങളും നിൽക്കുന്നിടത്തുനിന്ന് ഒരു നേർവര വരച്ചാൽ സഞ്ചാരസൗകര്യം നൽകുന്ന ഒരു നേർവഴി ആതെന്നു് ബോദ്ധ്യമാകും. ഇപ്രകാരമുള്ള അനേക നേർവഴികൾ വന്നുകൂടുന്ന ജംഗ്ഷനടുത്തുള്ള ഒരു മുറിയിലാണു് മക്കോയിയുടെ ജയിൽ വാസം. ഓരോ മുറിക്കുമുൻപിലും മണൽ വിരിച്ചിട്ടുണ്ടു്. ശൈസപാദസഞ്ചാരത്തിനു സൗകര്യങ്ങളുമുണ്ടു്. ഓരോ മുറിക്കും വരാന്തകളും, വാരങ്ങളും, ഇടുക്കുവഴികളും ഉള്ളതുകൊണ്ടു് തടവുകാർക്കു് ഇഷ്ടാനുസരണം ഇരുമ്പഴികൾക്കുള്ളിൽ സഞ്ചരിക്കാം. ഓരോ മുറിക്കുംവേണ്ട വാതലുകളും ജന്നലുകളും ഉള്ളതുകൊണ്ടു വെളിച്ചവും കാററും കിട്ടും. സ്ത്രീ തടവുകാർക്കു് പ്രത്യേകം മുറികളുണ്ടു്. അവരുടെ തടവുമുറികൾ പുരുഷന്മാരിൽനിന്നും അകന്നുമിരിക്കുന്നു. തടവുകാരുടെ വാസന അനുസരിച്ചു് ജോലിചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പാടുചെയ്തിട്ടുണ്ടു്. കുടിൽവ്യവസായങ്ങൾ ഊർജ്ജിതത്തിൽ വരുത്തുന്നതിനുപററിയ സ്ഥാനം ജയിലുകളാണെന്നാണു് എനിക്കു തോന്നുന്നതു്. മുഷിപ്പൻ ജോലി മുഷിഞ്ഞിരിക്കുന്ന തടവുകാർക്കു പ്രോത്സാഹജനകമായിരിക്കും. സെൻട്രൽ ജയിലിനെപ്പററി പൊതുവായി ഇത്രയും അറിഞ്ഞു വായനക്കാർ — രാത്രിസമയത്തു്

ജെയിൽ പരിസരങ്ങളിൽ വന്നെത്തിയ വീരവാദന്റെ പരാക്രമങ്ങൾ ഉററു വീക്ഷിക്കണം.

നേരം അർദ്ധരാത്രി. മനുഷ്യരെല്ലാം ദീർഘ നിദ്രയിൽ. ജെയിലർ ഉറങ്ങിയിട്ടും ഉറങ്ങുന്നില്ലെന്ന മട്ടിൽ തോക്കുമേന്തി നിൽക്കുന്നതു കണ്ടു് വീരവാദൻ ഉള്ളി ചിരിച്ചു. മടിയിൽ നിന്നും ക്ലോറോഫോം എടുത്തു് പടയാളിയെ വീരവാദൻ മണപ്പിച്ചതും പടയാളി നിലം പതിച്ചതും ഒന്നിച്ചു കഴിഞ്ഞു. കാവൽക്കാരന്റെ പോക്കററിൽനിന്നും താക്കോൽ കരസ്ഥമാക്കി ജയിൽ വാതൽ തുറന്നു് വീരവാദൻ ജയിലിനുള്ളിൽ പ്രവേശിക്കുന്നു. വീരവാദനെ നോക്കി നോക്കി മക്കോയിയുടെ കണ്ണു് കഴഞ്ഞു. നായരെ കാണാത്തതിൽ അവൻ സംഭ്രമിച്ചു. ലോകം ഒരു ജയിലാണെന്നുള്ള ബോധം മക്കോയിക്കു് സുഗ്രാഹ്യവുമല്ല്. കൂട്ടിനുള്ളിലകപ്പെട്ട ചെന്നാകണക്കെ ആ ദുഷ്ടനവിടെ കഴിയുന്നെന്നുമാത്രം. തന്നത്താൻ ജയിൽ ചാടി രക്ഷപെടുന്നതിനവൻ ചെയ്ത ശ്രമങ്ങളെല്ലാം ഫലശൂന്യമെന്നു കണ്ടു് ഭിത്തിയിൽ തലയടിച്ചു് ആത്മഹത്യ ചെയ്താലെന്തെന്നുകൂടി അവൻ മുഴിഞ്ഞാലോചിക്കാതിരുന്നില്ല. ആത്മഹത്യയെപ്പററി പ്രൊഫസ്സർ ഒഗെയിലിനുള്ള അഭിപ്രായം അവനറിഞ്ഞുകൂടാത്തതു് ഭാഗ്യമെന്നേ പറയേണ്ടൂ. ആത്മഹത്യക്കു് വേണ്ടുവോളം കാരണങ്ങളവനു നേരിട്ടിട്ടുണ്ടെങ്കിലും അവൻ അത്യന്തം അതിനു് എതിരാണു്. തന്റെ ദുർവ്വിധിയെ പഴിച്ചുകൊണ്ടും അവൻ നാളതുവരെ ചെയ്തിട്ടുള്ള ഓരോ ദുഷ്കൃത്യങ്ങളുമോത്തവൻ തന്നെത്തന്നെ പുച്ഛിക്കുമാറുള്ള പുഞ്ചിരി! അവനിൽനിന്നും ചോർന്നതും അവൻ കൂടി അറിയാതാണു്. തലച്ചോറുള്ളവക്കേ ഈത്തരം പുഞ്ചിരികളുടെ അർത്ഥം

ഗ്രഹിപ്പാൻ കഴിയും. നായർ വരുന്നുണ്ടോ എന്നു് അവസാനമായി ഒന്നുകൂടി അവൻ നോക്കി കിടക്കെ നാരംഭിച്ചു. അപ്പോഴേയ്ക്കും 'മർക്കോയി' എന്നൊരു വിളി കേട്ടു. കഴവുമരത്തിൻകീഴിൽ നിന്നു സംഗീതം ചൊരിഞ്ഞുകൊണ്ടു ലോകത്തോടു് അവസാനയാത്ര പറയുന്ന കൊലപ്പുള്ളിയെ പെട്ടെന്നാരാൽ വിമാനത്തിലവിടെ വന്നു് റാഞ്ചിക്കൊണ്ടു പോകാൻ ഉനഞ്ഞാൽ മരണത്തിന്റെ കടവായിൽനിന്നും അവനെ രക്ഷിക്കുന്ന ആ വൈമാനികനോടു് എത്രമാത്രം ആദരവു് ഒരു കററവാളി കാട്ടുമൊ അതിലും ആനന്ദമായി മർക്കോയിക്കു വീരവാദൻതന്നെ വിളിക്കുന്നതുകേട്ടപ്പോൾ. സെൻട്രൽ ജയിലിൽനിന്നും ഒളിഞ്ഞുമറയുക അത്ര എളുപ്പമല്ലത്തു്. പ്രാണരക്ഷാർത്ഥം ഇരുവരും വേലചെയ്യു. ജയിൽ ചാടാൻ. ഇരുവരുടേയും ചങ്കു് സ്ഥാനം വിട്ടടിച്ചു് ധൈര്യമവലംബിച്ചു് ഇരുവരും തുടർന്നു പ്രയത്നിച്ചു. വാളെടുത്തു് പുറത്തേക്കുള്ള വാതിലവറുത്തു. പിൻചിലുള്ള ഭിത്തി ക്രൂരംകൊണ്ടിടിച്ചുതുടങ്ങി. ക്രമേണ ഭിത്തി ഇടിച്ചു. മർക്കോയിയുടെ രക്തം വിയർപ്പുതുള്ളികളായി പൊടിഞ്ഞു. ഇടിഞ്ഞുപൊളിഞ്ഞ ഭിത്തി ചാടി മർക്കോയി തടവുമുറിക്കു് പുറത്തുവന്നു. ജീവനുംകൊണ്ടു് ഇരുവരും ഓടുന്നു. താക്കോലെടുത്തു വാതിൽ തുറന്നു് ഇരുവരും ജെയിലിന്റെ പുറംകോട്ടയും കടന്നു തുറസ്സായ സ്ഥലത്തു വന്നപ്പോൾ രണ്ടുമണി സമയം. ഇരുവരും ഓടിഒളിയുന്നു. ഇങ്ങനെ വീരവാദൻ അവനെ രക്ഷപ്പെടുത്തി. അടുത്ത ദിവസം പുലന്നപ്പോൾ മർക്കോയിയുടെ ജയിൽ ചാട്ടമാണു തിരുവനന്തപുരത്തു് എവിടെയും സംസാരം. ജയിൽ ജോലിക്കാർ വിറക്കുന്നു. വായനക്കാർ നമുക്കു് മർക്കോയിയുമായി പിരി

ക്കാം. വാതവാദൻമാരായി രസിക്കാം. ഒരിക്കൽ ജീവിതമാം ജയിലിൽനിന്നും ചാടേണ്ടവർ നാം ആകയാൽ. തത്വമാം നാടകക്കാൻ നമ്മെ രക്ഷിക്കേണ്ടതാകയാൽ. ഇരുമ്പറയ്ക്കുള്ളിലും നാം ജീവിക്കുന്നെന്നു കാട്ടാൻ. ഉരുക്കറ തകർത്തും നമ്മുടെ കെല്പുകറം നാം കാട്ടാൻ. നാം ഏതെങ്കിലും തരത്തിൽ പ്രവർത്തിച്ചു് ജീവിതം സമ്പൂർണ്ണമായിപ്പുകത്തി വീരർനാം ആകാൻ. ലോകത്തെ കാണണം. എങ്കിലേ ജീവിതം ജീവിതമാകൂ—എങ്കിലേ ജീവിതം വിജയകരമാകൂ. ഇങ്ങനെ ജീവിതം നാം ജീവിതമാക്കണം. ഇങ്ങനെ ജീവിതം നാം വിജയകരമാക്കണം.

---

അദ്ധ്യായം നവ്വ

## പേഷ്കാർ വക്കപ്പൻ

---

വേലന്തറ വക്കപ്പൻ ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹത്തെക്കണ്ടാണു് മാത്തുണ്ണി മോഹാലസ്യപ്പെട്ടതെന്നും ചെല്ലമ്മയെ ചോനപ്പനു് ദാനംചെയ്തതു് വക്കപ്പനാണെന്നുമുള്ള വാർത്ത മലബാർ മുഴുവൻ പരന്നു. ദേശസഞ്ചാരത്തിൽനിന്നും മടങ്ങിവന്ന മി. വക്കപ്പൻ, പേഷ്കാരായി വീണ്ടും ചാർജെടുക്കാതെ സാധുവേഷമണിഞ്ഞു് ലാടനുമായി അക്രമികളിൽനിന്നും തന്റെ കുടുംബാംഗങ്ങളെ രക്ഷിപ്പാൻ ബദ്ധശ്രദ്ധനാകുന്നു. താൻ ജീവിച്ചിരിപ്പുണ്ടെന്നു പുത്രിക്കുടി അറിഞ്ഞിരുന്നില്ല. അറിയിച്ചിരുന്നില്ല. ചോനപ്പൻ ചെല്ലമ്മയിൽനിന്നും

മറച്ചിരുന്ന ഒരു രഹസ്യം ഇത്രമാത്രമാണ്. താൻ ജീവിച്ചിരിപ്പുണ്ടെന്നുള്ള പരമാർത്ഥം ലോനപ്പനും ലാടനും മാനന്മാരും മാത്രം അറിഞ്ഞിരുന്നു. ദേശാടനം അദ്ദേഹത്തിന്റെ ആകൃതിയിൽ വരുത്തിയ മാററം, കേവലം ഒരു സാധുവിന്റെ ജീവിതരീതി എന്നിവകളാൽ അദ്ദേഹം സ്വയം തന്നെ ലോകരിൽനിന്നു മറച്ചിരുന്നു. പോഷ്കർ വക്കപ്പൻ മരിച്ചില്ലെന്നുള്ള വാർത്തയേ ഇന്നു മലയാളത്തു് സംസാരമുള്ളു. വേഷപ്പകിട്ടുകളൊക്കെ ദൂരെത്തെറിഞ്ഞു് മി. വക്കപ്പൻ തനി നിറം കാട്ടി സിംഹം കണക്കെ പ്രവർത്തനമാരംഭിക്കുന്നു. നീതിമാൻ അദ്ദേഹത്തിന്റെ പിടിയിൽ വേലന്തറ ഞെരിയുന്നതു നാം കാണുന്നു. മി. വക്കപ്പൻ മരിച്ചെന്നുള്ള വാർത്ത പരന്നതോടുകൂടിയാണു് വേലന്തറ ഭൂതമുണ്ടെന്നുള്ള കിംവദന്തി പൊന്തിപ്പൊങ്ങിയതു്. ഭൂതം വേലന്തറ വസ്തുക്കളിൽ ഒട്ടിപ്പിടിച്ചു കിടക്കുന്നെന്നുള്ള വർത്തമാനം മി. വക്കപ്പന്റെ ആവിർഭാവത്തോടെ താനേ നീങ്ങി. വസ്തു പകുതി പോകുമല്ലോ എന്നോർത്തു് മാത്തുണ്ണി സ്വയം നീറി. ആയാളുടെ തലയുടെ മന്ദത ഒന്നിനൊന്നിനു വർദ്ധിച്ചു. മക്കോയിയും മാത്തുണ്ണിയും ജയിലിലാണെന്നറിഞ്ഞു് വേലന്തറത്തെ മുഖ്യ ആൾക്കാരെല്ലാം ഓടിമറഞ്ഞു. വീരവാളനും ഉമ്മനും വീണ്ടും ഓട്ടംതുടങ്ങി. വഴിമദ്ധ്യേ അടുത്തുകണ്ട ഒരു പ്ലാവിൽ ഉമ്മൻകയറി പഴുത്ത പ്ലാക്കാ അടത്തു് വീണമല്ലനെ ഒളിപ്പിച്ചു. മാർഗ്ഗമദ്ധ്യേ ഒരു കണ്ടിലിരുന്നു് അവർ ചക്കപ്പഴം വലിച്ചുകീറിത്തിന്നുന്നു. വിശപ്പടക്കാൻവേണ്ടി നടത്തുന്ന ഇത്തരം മോഷണം എങ്ങനെ മോഷണമാകും ? മോഷണമെങ്കിൽ ആകാശത്തുക്കൂടി പറന്നു സഞ്ചരിക്കുന്ന പക്ഷിവർഗ്ഗം ആകമാനം അറസ്റ്റിനു വിധേയ

മല്ലെ? പഴം തിന്നുകൊണ്ടിരുന്ന അവരുടെ ഇടയിലേക്കു് ഭ്രാന്തൻ മക്കോയിയെ എറിഞ്ഞുകൊണ്ടു മറയുന്നു. മക്കോയി വീണതു് ഉമ്മന്റേയും മററും പിടലിയിൽ. ജയിലിൽനിന്നും ചാടിയ മക്കോയി അവന്റെ കൂട്ടുകാരുടെ പിടലിയിൽ ഇങ്ങനെ വന്നു പതിച്ചു. തേടിയ വള്ളി കാലിൽ തടഞ്ഞതോർത്തു് മക്കോയി ആഹ്ലാദിച്ചു.

---

## അദ്ധ്യായം ൩൯

# പ്രതികാരം (Revenge)

---

ദുഃഖവെള്ളിയാഴ്ചദിവസം. ക്രിസ്തുദേവൻ മനുഷ്യരക്ഷാർത്ഥം കുരിശിൽ തൂങ്ങിമരിച്ച ദിനം. അദ്ദേഹത്തെ തൂക്കിക്കൊന്ന ദിവസം. പെസഹാ വ്യാഴാഴ്ച പാതിരാത്രികഴിഞ്ഞപ്പോൾമുതൽ കുടമാളൂർപള്ളി ലാക്കാക്കി ജനം കൂട്ടംകൂട്ടമായി വന്നുകൊണ്ടിരിക്കുന്നു. നൂററാണ്ടുകളായി തുടൎന്നു നടന്നുവരുന്ന ഒരു ആഘോഷമാണിതു്. നാനാദിക്കുകളിൽനിന്നും ജാതിമതചിന്തകൂടാതെ വന്നുകൂടുന്ന ജനതതി കുരിശുംചുവട്ടിൽ നിന്നും നീന്തി പള്ളിക്കു വലംവെച്ചു് പള്ളിയിൽ പ്രവേശിച്ചു് നേർച്ചക്കാഴ്ചകൾ നടത്തി സംതൃപ്തരായിപ്പോകുന്ന കാഴ്ച കൗതുകജനകമാണു്. മലയാളബ്രാഹ്മണരും വന്നുനീന്തുന്നുണ്ടു്.

ജനങ്ങൾക്കു നൈസർഗ്ഗികമായി ദൈവത്തോടുള്ള ഭക്തി അനർഗ്ഗളമായി ഇങ്ങനെ ചൊരിയുന്നതു കാണുമ്പോൾ ആരും തന്നെ ഇളകുന്നില്ല. നാരായണിയും കേശവൻ പോററിയും നേരത്തെ കടമാളുമെത്തി നീന്തുന്നുണ്ടു്. തന്റെ വലത്തുവശം ചേർന്നു് നീന്തുന്ന നാരായണിയെ കണ്ടു് പോററി ദുഃഖിച്ചെങ്കിലും ഒടുവിൽ അവളോടു കൂടി താനും നീന്തിക്കഴിഞ്ഞു് കുസുമതീരത്തേക്കു പോന്നു.

ലാടനും സാധുവും പൊയ്ക്കഴിഞ്ഞു് ഏകയായി ക്കഴിയുന്ന വയോള ഏതോ ദീനസ്വരം കേട്ടു് ചാടി പുറത്തേക്കിറങ്ങി. രാത്രി മണി ഒന്നു കഴിഞ്ഞിരുന്നു. മക്കോയി അന്നു രാത്രി കുസുമതീരത്തെത്തി കരഞ്ഞ സ്വരമാണതു്. പ്രലപനം കേട്ട സ്ഥാനം നോക്കി വയോള ഓടിച്ചെന്നു. മക്കോയി അവളെ പിടിച്ചപ്പോളാണു് താൻ കുടുക്കിലകപ്പെട്ടെന്നവൾ മനസ്സിലാക്കിയതു്. ഒരു ഭിക്ഷുവായി നേരത്തെ സ്ഥലത്തെത്തി മക്കോയി കരച്ചിൽ തുടങ്ങി. ദീനദയാലുവായ വയോള ചാടി തന്നെ രക്ഷിപ്പാൻ വരുമെന്നു് സകാരണം അവൻ ഊഹിച്ചിരുന്നു. അവളെ കുടുക്കിലാക്കി അവൻ പറഞ്ഞു—'എന്റെ സുന്ദരി നീ എന്നെ ഒന്നു ചുംബിച്ചാൽ മതി നിന്നെ ഞാൻ വിടാം.' ഗംഭീരസ്വരത്തിൽ അവൾ അവനോടു 'രാത്രി നീ എങ്ങനെ സൂര്യനെ ചുംബിക്കും— എന്തിനു് സൂര്യനീ ചുംബനം ഏൾക്കണം' എന്നവൾ പറഞ്ഞു. തനിക്കു നേരിട്ട ആപത്തിൽനിന്നും രക്ഷയ്ക്കുള്ള മാർഗ്ഗം അവൾ ആരാഞ്ഞു. ദുഃഖാഗ്നിയാൽ അവൾ കത്തിക്കാളുന്നു. ശത്രു തന്നെ കൊല്ലുമെന്നോർത്തു് ഭയന്നു. ശോകക്കടലുറ്റു് ഉപവന പൂക്കളുടെയാലന്തം എന്നും അവളോർക്കാതിരുന്നില്ല.

താനൊരു സ്ത്രീ ആകയാൽ ഇവനെ വധിക്കുന്നതു് അനുചിതമെന്നവൾ കരുതി, രൗദ്രത നിറഞ്ഞ മക്കോയി അവളെ പിടിച്ചുംകൊണ്ടു പോകുന്നതിനൊരുമ്പെടുന്നു ലാടനോടിവന്നു് തന്നെ രക്ഷിച്ചെങ്കിലെന്നവൾ ഉള്ളു ഓർത്തു. ആ ലാടനാണിപ്പോൾ ഈ കൂരിരുട്ടിൽ ഓടിവന്നു തന്നെ രക്ഷിക്കുന്നതെന്നോർത്തവൾ വാവിട്ടു നിലവിളിച്ചു. വരുന്നതെല്ലാം വളരുന്ന ദുഃഖമെന്നോർത്തവൾ ക്രമേണ അടങ്ങി. വയോളയേയും കൊണ്ടു് അവൻ നീണ്ടൂർ കമ്പനിക്കടവിലെത്തി. അവിടെ തയ്യാറാക്കിയിരുന്ന ഒരു കൊച്ചുവള്ളത്തിന്റെ പടിയിലവളെ ബന്ധിച്ചു് അവളേയുംകൊണ്ടു് ദ്രുതഗതിയിൽ അവൻ തുഴഞ്ഞുപോന്നു, താമസംവിനാ പാലത്തുരുത്തിലെത്തി മുൻ അദ്ധ്യായത്തിൽ നാം കണ്ട ഗുഹയിൽ അവളെ ഇട്ടടച്ചു. അടുത്തുള്ള മുറികളിൽ നിന്നും ഭിന്നസ്വരങ്ങൾ ഉടനെ കേട്ടുതുടങ്ങി. തന്റെ വ്യഥ മറന്നും അവരാരെന്നറിവാൻ അവൾ ശ്രദ്ധിച്ചു. അപ്പോൾ മക്കോയി കതക തട്ടിത്തുറന്നു് അകത്തു പ്രവേശിച്ചു. മന്മഥൻ അവൻ ഏശല്യമാരംഭിച്ചു.

മക്കോ:—എന്റെ മടാമ്മ നീയാണു് എന്റെ പ്രേയസി—എന്റെ തങ്കക്കട്ടം. ഫ്ലിന്റിനി നിനക്കവേലക്കു്. എന്റെ തങ്കത്തിനെന്താണിത്ര ക്ഷീണം? നാണവും ഭയവും വേണ്ട:—ഇതൊന്നും താൻ കേൾക്കുന്നില്ലെന്നമട്ടിൽ പതിവ്രത അവൾ സധൈര്യം നില്ക്കുന്നു. അവൾ അവളുടെ കൈകൾകൊണ്ടു മുഖംമൂടി ലാടനെ അനുസ്മരിച്ചു് ഉള്ളു കരഞ്ഞു. 'വിടനിവൻ എന്റെ സ്വരം കേൾക്കുന്നതിനുപോലും അർഹനല്ല'. എന്നു് അവൾ അറിയാതെ പറഞ്ഞുപോയി.

‘വയോളാ നീയൊരു നാട്ടുകാരിയെങ്കിൽ’ അവൻ വീ
ണ്ടും പറഞ്ഞു. ‘ശീമക്കാരി നീ ഈ ശീമത്തരങ്ങളൊ
ന്നും എന്റെ അടുക്കൽ നടപ്പില്ല. സ്നേഹക്കൂടുതൽ
കൊണ്ടാണൊ മിണ്ടാഞ്ഞതു്? മൌനമല്ലിടത്തെ
സ്നേഹമല്ലൊ. മുമ്പെന്നാ ഇന്നു് അധികം ശരിക്കേരി
എന്നിൽ ചൊരിയേണമെന്നു് എനിക്കു മോഹമില്ല.
എങ്കിലും ഒന്നെങ്കിലും’ എന്നു പറഞ്ഞു് ആ ക്രൂരൻ
അവളോടടുത്തപ്പോൾ എണീററു് റൈഫിൾ
നീട്ടി ഗംഭീരസ്വരത്തിൽ അവൾ ഗർജ്ജിച്ചു.

വയോള:—എടാ ദ്രോഹി, മഹാപാപി, ജീവനിൽ നിന
ക്കു കൊതിയുണ്ടെങ്കിൽ—തീയുണ്ടയിൽ നീ വേകാതി
രിക്കേണമെങ്കിൽ നില്ക്കണം തൽക്ഷണം മുട്ടി
ന്മേൽ നീ, മുക്കോയി മുട്ടിന്മേൽ നിന്നു. അവൻ കി
ടുകിടം വിറയ്ക്കുന്നു. ‘എടാ ദുഷ്ടാ, നീ ഒററ അടികൂ
ടി ഇനി മുൻപോട്ടു വച്ചാൽ—കേൾക്കണം നീ ഇ
ന്നു് ചത്തവനെന്നു. കാണട്ടെ നിന്നെ മുട്ടിന്മേൽ ലോ
കം—തീരട്ടെ നിന്റെ ദുർമ്മാർഗ്ഗജീവിതം. ദുർമ്മാർ
ഗ്ഗമെല്ലാം വെടിഞ്ഞു സന്മാർഗ്ഗജീവിതം ആരം
ഭിക്കുമെന്നു നീ സത്യവും ചെയ്യണം. ദൈവമെ
ന്നിൽ വളർത്തുന്ന അനുകമ്പ ഹേതുവാൽ നിന്നെ
ഞാൻ ഇന്നു് വിട്ടയയ്ക്കാം. പാപങ്ങളെല്ലാം
പൊറുപ്പാൻ. ദുരിതങ്ങളെല്ലാം തീരാൻ മുട്ടിന്മേൽ
നിന്നു് നീ പ്രാർത്ഥന തുടങ്ങണം. എങ്കിലേ ആ
ശ്വാസം നീ കണ്ടെത്തൂ—എന്നു പറഞ്ഞു് അവ
ന്റെ നേരെ നീട്ടിയ തോക്കു് അതേപടി പിടിച്ചു
കൊണ്ടു് പുറകോട്ടു വയോള നടന്നു.

മക്കോയി (ആത്മഗതം). അയ്യോ! ഇവളെന്നെ പുകയ്ക്കുമെന്നാണ് തോന്നുന്നതു്—ഇവളെ വിട്ടാൽ ഇവൾ ഇവളുടെ ലാടൻമായി ഒന്നുചേരും—സംഗതി മുഴുവൻ കുഴയും. എന്തിനു മടിക്കുന്നു? അടി തെററിയാൽ ആനയും വീഴണം. ഇവൾ പറയുംപോലെ പ്രവൎത്തിപ്പാനേ ഇപ്പോൾ തരമുള്ളു. കോപിഷ്ഠയെങ്കിലും ദേവകന്യക ഇവളെ കാണുന്നതുതന്നെ ഒരു വലിയ ഭാഗ്യം. ലാടനിവളുടെ തരിപോലും കാണാത്തരീതിയിൽ ഞാൻ ഇവളെ തകൎക്കും—ഇവൾ ഇവളുടെ ലാടൻമായി ദാമ്പത്യമനുഭവിക്കുന്നതു ഈ മക്കോയിയുള്ളപ്പോൾ ഫേയ് നടപ്പില്ലതു്. ഏകീകരിച്ചു ഇവരുടെ ഷങ്കു് തുണ്ടുതുണ്ടായി വീണ്ടുംവെട്ടിമാററാൻ എന്റെ കത്തിക്കു് ഇന്നു മൂർച്ചയില്ലെന്നോ? എന്റെ കത്തി ഇവളുടെ അസ്ഥികളെ തവിടുപൊടിയാക്കുമെന്നവൾ അറിയാത്തതാണു കഷ്ടം! ഇവളുടെ ഒരു ചുംബനം മോഹിച്ചു് ഇന്നും വരണ്ടു ജീവിക്കുന്ന എന്നെപ്പോലെ, ലാടന്റെ ചുംബനം മോഹിച്ചു് ഇവളും ആജീവനാന്തം ഒററയ്ക്കുനിന്നു് ഉണങ്ങുന്നതു കണ്ടു് ഞാൻ രസിക്കും—ഹാ....ഹാ...എന്നിങ്ങനെ ആ സാത്താൻ അലറിച്ചിരിച്ചു.

അവൻ അവളിൽനിന്നും കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു. വയോളയും തുറിച്ചുനോക്കുന്നുണ്ടു്. പെട്ടെന്നു് വയോളയുടെ കണ്ണിൽ ഒരു കരടു് പോകയാൽ അവൾ കണ്ണു ചിമ്മിയ തക്കംനോക്കി മക്കോയി അവളെ ചാടിക്കടന്നു പിടിച്ചു് കോരിഎടുത്തു് തറയിലടിക്കാൻ ആരംഭിക്കവെ 'ദ്രോഹി, ചതിക്കല്ലെ' എന്നു് ഇടിനാദംപോലെ ഗർജ്ജിച്ചുകൊണ്ടു ലാടൻ പെട്ടെന്നവിടെ പ്രത്യക്ഷനായി—അദ്ദേഹം ഞൊടിക്കുള്ളിൽ മക്കോയിയെ

പിടിച്ചു ഞെരിച്ചു് മലർത്തിക്കിടത്തി മാറത്തിരുന്നുകൊണ്ടു കഠാരി ഊരി അവന്റെ ചങ്കിൽ കഠാരി കടത്തുന്നതിനു തുനിഞ്ഞെങ്കിലും ശാന്തമ്മയെ അനുസ്മരിച്ചു കൈയ് വിറഞ്ഞു് കഠാരി താനെ തറയിൽ വീണു। ലാടനെ കണ്ടു് 'മണിയാകരാ' എന്നു വയോളയും, വയോളയെ കണ്ടു 'സേലമ്മേ' എന്നു ലാടനും പരസ്പരം വിളിച്ചാശ്വസിച്ചു. മക്കെയിയെ പിടിച്ചു് ഒരു തൂണിൽ ബലമായി കെട്ടിയശേഷം ലാടൻ വയോളയെ ഗാഢമായി ഒന്നു പുണർന്നു. അവരിരുവരും ക്ലേശങ്ങളെല്ലാം മറന്നു് പരമാനന്ദമനുഭവിക്കുന്നു. ലാടൻ മണിയാകരനും വയോള സേലമ്മയുമാണെന്നു് വായനക്കാർ ഗ്രഹിക്കണം. പാശ്ചാത്യനാമങ്ങളിലുള്ള ആസക്തികൊണ്ടും ലസ്‌ചിജെൻസിനോടുള്ള മമതമൂലവും നാരായണി, പുത്രിയെ വയോള എന്നു് സാധാരണ വിളിച്ചുവന്നു. അവളുടെ യഥാർത്ഥ നാമം സേലമ്മയെന്നാണു്. വീട്ടിനുള്ളിൽ സേലമ്മ ബ്ളൗസും പാവാടയും ധരിക്കും. നാടൻ വസ്ത്രധാരണരീതിയും അവൾ അനുകരിക്കും. ദീർഘയാത്ര ചെയ്യുമ്പോൾ ഫുൾ സാരിയിൽ അവളെ കാണാം, ചിലപ്പോൾ കച്ചമുറിയും ചട്ടയും ഇട്ടു് പുളിയിലക്കര അരസാരിയിൽ വീട്ടിനുള്ളിൽ നടക്കും. സ്വപിതാവിനെപ്പററി യാതൊരു വിവരവും കിട്ടാഞ്ഞു വലഞ്ഞവളും ദുഃഖാധിക്യത്താൽ മതിമറന്നു് മഠത്തിനു പുറപ്പെട്ടതും അവിടെവച്ചു് പൊടുന്നനവെ ലാടനെ കണ്ടതും തന്മൂലം അവരിരുവർക്കുമുണ്ടായ ക്ഷോഭങ്ങളും മററും നാം വായിച്ചറിഞ്ഞു. ദുഃഖിത വയോളയും സന്തുഷ്ട സേലമ്മയും ഒരാളാകയാൽ പെട്ടെന്നു്

ആളറിയുക അത്ര എളുപ്പമല്ലത്തു്. ദുഃഖിതയായ സ്ത്രീ പുരുഷദൃഷ്ടികളിൽ കൂടുതൽ ആകർഷികയാകയാൽ അവളെ ഒററനോട്ടത്തിൽ ആളറിഞ്ഞെന്നു് വരുന്നതല്ല. തുറിച്ചുനോക്കാൻ മണിയാകരനൊ തുടൎന്നില്ല, സേലമ്മക്കൊ സാദ്ധ്യമല്ലത്തു്. അവരിരുവരും അനുരാഗത്തിൽ കുടുങ്ങിയവരാകയാൽ, രണ്ടാമതൊരു അനുരാഗത്താൽ വന്നുകൂടുന്ന വിപത്തുകളോൎത്തവർ ഞെട്ടങ്ങി. ഇക്കാരണങ്ങളാൽ ലാടനും വയോവൃദ്ധയും പരസ്പരം മറഞ്ഞതിൽ നാം അതിശയിക്കേണ്ടതില്ല. നാമത്തി ലാടവേഷത്തിൽ മണിയാകരൻ സഞ്ചരിച്ചതു് ശത്രുക്കളിൽനിന്നും രക്ഷനേടുന്നതിനുമാത്രം. അമ്മഞ്ചേരി ഗുഹയിൽ വച്ചു് ലാടനും വയോവൃദ്ധയുമായി വീണ്ടും കണ്ടപ്പോൾ അവരാരെന്നു് അവൎക്കിരുവൎക്കും മനസ്സിലായി. കേശവൻ പോററിയെ ദുൎമ്മരണത്തിൽനിന്നും രക്ഷിപ്പാൻ മണിയാകരനും മി. വക്കപ്പനും സേലമ്മയോടു് ശാത്രുപറഞ്ഞു് ഓടിമറയുന്നതു് നാം കണ്ടു. സേലമ്മയും മണിയാകരനും അന്തരംഗത്തിൽ അനുഭവിച്ച ക്ലേശങ്ങൾ നിസ്തുല്യമത്രെ. പരിപാവനമായ ഇവരുടെ പ്രണയം ഇങ്ങനെ ഭയങ്കരവ്യഥകളാൽ സംശുദ്ധമാക്കി തദുപരാ ലോകസമാധാനത്തെ ദൎശിപ്പാൻ ദൈവം ഇവൎക്കു ഇടയാക്കി.

---

### അദ്ധ്യായം ൪൦

## കൊലക്കുറ്റം (Capital punishment)

---

വായനക്കാരുടെ അറിവിന്നായി ചില പ്രധാന സംഗതികൾ രേഖപ്പെടുത്താം. മണിയാംകരൻ സേലമ്മയെ മക്കോയിൽനിന്നും രക്ഷിച്ചു. ഗുഹയുടെ വേറൊരു ഭാഗത്തു് കിടന്നുവലയുന്ന ലോനപ്പൻ, ചെല്ലമ്മ, മാനമ്മാൾ ഇവരെ മണിയാംകരനും മി. വക്കപ്പനുംകൂടി സ്വതന്ത്രരാക്കി. ഇവരെല്ലാം ഒന്നിച്ചുകൂടി ആനന്ദിക്കുന്നു. മണിയാംകരൻ ഒടുവിൽ ശാന്തമ്മയെ ഓർത്തു് മക്കോയിയെ അഴിച്ചുവിടുന്നതിനു് അവനെ സമീപിക്കുന്നു. 'നീ എവിടെ എങ്കിലും ഓടി ഒളിയണം. നീ നിമിത്തം എനിക്കു നേരിട്ട ആപത്തുകൾ ഒന്നൊന്നായി നിന്നെ അറിയിക്കേണമെന്നു ഞാൻ കരുതുന്നില്ല. ബാല്യംമുതൽ ഞാൻ താലോലിച്ചു് എന്നോടുകൂടി വളർന്നിരുന്ന എൻ്റെ ജീവിതക്കോട്ട ഇങ്ങനെ നീ തട്ടിയുടച്ചു് മണൽത്തരി എന്നോണം എന്നെ നീ ഇന്നു് ആക്കിത്തീർത്തതോർത്തു് . ഞാൻ വിലപിച്ചിട്ടെന്തുഫലം? ഇതിനകം ചില പുരുഷരിലൊരുവൻ ആയിത്തീരേണ്ട ഞാൻ പ്രച്ഛന്നവേഷത്തിൽ ജീവിതമാംമരുഭൂമിയിലൂടെ അലഞ്ഞുപൊരിഞ്ഞു് നാമാവശേഷനായിക്കഴിവാൻ കാരണക്കാരൻ നീയെന്നോർത്തു് ഞാൻ എങ്ങനെ കരയാതിരിക്കും? ഞാനും സേലമ്മയും തമ്മിലുള്ള സ്നേഹത്തിൽ വിരോധിതനായ നീ എടുത്തുചാടി ഞങ്ങളിരുവരുടെയും ജീവിതം നീ ഒരു കശാപ്പുശാലയായിപ്പകർത്തി, കാമമാംനിൻ്റെ കഠോരകത്തിയാൽ ഞങ്ങളെ

ക്ഷണം ക്ഷണമായി ഇങ്ങനെ വെട്ടിമാററാൻ നീ ചെയ്ത ദ്രോഹങ്ങളെല്ലാം വിഫലങ്ങളെന്നു കണ്ടു് നിരാശപ്പെടാതെ അനുതപിച്ചു് ഞങ്ങളോടുചേൎന്നു് നീയും ഇന്നു് സന്തുഷ്ടനാകണം. പശ്ചാത്താപം നിന്റെ പ്രതികാരേച്ഛയെ ഇല്ലായ്മചെയ്യണം. നിന്നെ നിന്റെ അമ്മ പ്രസവിക്കാതിരുന്നെങ്കിൽ എന്നു് പലപ്പോഴും ഞാൻ ചിന്തിക്കാറുണ്ടു്, അല്ലെങ്കിൽ അവളെ പഴിക്കുന്നതെന്തിനു്? എത്ര എത്ര നല്ല ഉദരങ്ങൾ വിഷസർപ്പങ്ങളെ പ്രസവിക്കുന്നുണ്ടു്. ഇത്ര കഠോരമാംവണ്ണം എന്നോടു പ്രവർത്തിപ്പാൻ മാത്രമായി നിനക്കു ഞാൻ എന്തു ദ്രോഹംചെയ്തു? ബലംപ്രയോഗിച്ചു് പ്രണയംവരിച്ചാലുള്ള സുഖമെന്തെന്നു് ലോകത്തോടു നീ പറയണം. നിന്റെ ജീവിതം മുഴുവൻ എന്തുകൊണ്ടു നീ ഒരു ബലാസംഗമാക്കിത്തീർക്കുന്നു? പാവനമായ അനുരാഗത്തിൽ വിഷം വിളമ്പുന്ന നിന്റെ തൊഴിൽ ദുർഭരമെന്നു് നിനക്കും തോന്നുന്നില്ലേ? ദ്രോഹി! നിന്റെ കണ്ണുനീരിനാൽ അവൾ ഇന്നു് നിൽക്കുന്ന തറ നീ കഴുകണം. നിന്റെ ഇന്നത്തെ വേഷപ്പകിട്ടുകളെല്ലാം മാറാൻ കുത്തഴിഞ്ഞ ജീവിതത്തിനു് ചിത്രഗുപ്തനായ്ക്കഴിയുന്ന നി കാപ്പിരികളിൽ കാപ്പിരിയും കാട്ടാളരിൽ കാട്ടാളനും, വിടനിൽ വിടനും, ദ്രോഹികളിൽ ദ്രോഹിയുമാണു്."

അവൾ കല്യാണിനിയേയും കൂട്ടിക്കൊണ്ടു് ഗൃഹേശയോടും എല്ലാവരോടുമായി യാത്രപറഞ്ഞു് പിരിഞ്ഞു. കോപിഷ്ഠനായി നിരാശയിൽ കുളിച്ചു്. മണിയാകരൻ, സേലമ്മ ചെല്ലമ്മ, മി. വക്കപ്പൻ, ലോനപ്പൻ, മാനമ്മാം ഇവരെല്ലാം ഗൃഹാമുഖത്തു വന്നപ്പോൾ നേരം പ്രഭാതമായി. അവർക്കു സ്വാഗതമരുളി ശാന്തമ്മ അവിടെ

നിന്നിരുന്നു. ചെല്ലമ്മയും മറവും പാലത്തുരുത്തു ഗുഹയിലടയ്ക്കപ്പെട്ടിട്ടുണ്ടെന്നും വയോള്ളയേയും തട്ടിക്കൊണ്ടു് മക്കോയിയും അവിടെ ചെന്നിട്ടുണ്ടെന്നും അവൾ അറിഞ്ഞിരുന്നു. മണിയാകരൻ തന്റെ പ്രാണനാഥയെ രക്ഷിപ്പാൻ ചിറിപ്പാഞ്ഞതും അവൾക്കു് അജ്ഞാതമല്ല.

മണിയാകരന്റെ പിടിയിൽ കുടുങ്ങി മക്കോയി വീണ്ടും ജയിലിലാക്കപ്പെടാതിരിപ്പാനും, മണിയാകരൻ സേലമ്മയുമായി ഗുഹ വിട്ടിറങ്ങിവരുന്നതു കണ്ടാനന്ദിപ്പാനുമാണു്, ഒരു കൊച്ചുവള്ളത്തിൽ രാത്രി രണ്ടു മണിക്കു് ശാന്തമ്മ ഗുഹാമുഖത്തു വന്നെത്തിയതു്. ഗുഹവിട്ടു പുറത്തുവന്ന സേലമ്മക്കു് ഒരു സ്വർണ്ണഘടികാരം ശാന്തമ്മ സമ്മാനിച്ചു് അനുരാഗികളുവരെ അനുഗ്രഹിച്ചു.

താനും ശാന്തമ്മയുമായുള്ള വേഴ്ച ഇടറിയ സ്വരത്തിൽ മണിയാകരൻ സേലമ്മയെ പറഞ്ഞുകേൾപ്പിച്ചു. ഇക്കഥ അറിഞ്ഞു് സേലമ്മക്കു് നൈസർഗ്ഗികമായ സ്നേഹം ശാന്തമ്മയിലുദിച്ചു. അനുകമ്പ അവളെ നീററി. സേലമ്മയോടും മറവും യാത്രപറഞ്ഞു തന്റെ കൊച്ചുവള്ളത്തിൽ പുറപ്പെട്ട ശാന്തമ്മ നേരം പുലന്നപ്പോൾ വേലന്തറ വന്നുചേർന്നു. രാത്രിനടന്ന സംഭവങ്ങളെല്ലാം മറച്ചുകൊണ്ടവൾ വീണ്ടും ദിനകൃത്യങ്ങളിൽ വ്യാപൃതയാകുന്നു.

ശിഷ്ടർ അലഞ്ഞും ദുഷ്ടർ തഴച്ചും ഇഹത്തിൽ കാണുന്നതിനുള്ള കാരണം സുഗ്രാഹ്യമല്ല. തന്റെ തോൽവിക്കു് കാരണം ശാന്തമ്മയാണെന്നു് ഒടുവിൽ മർക്കോയി തീർച്ചചെയ്തു. അവളും മണിയാകരനുമാ

യുള്ള ബന്ധം തനിക്കും തന്റെ കുടുംബത്തിനും വരുത്തിവച്ച അപമാനങ്ങളോർത്തവൻ അത്യന്തം കുപിതനായി. അവന്റെ തെററുകൾക്കെല്ലാം കാരണക്കാരി ശാന്തമ്മയാണെന്നവൻ തീർപ്പെഴുതി. അവനെ ആപത്തുകളിൽനിന്നു് രക്ഷിപ്പാൻ ശാന്തമ്മ ചെയ്ത ശ്രമങ്ങളെല്ലാം അവനെ കുടുക്കുന്നതിന്നു് അവൾ നടത്തിയ കുതന്ത്രങ്ങളെന്നു് ആ ദുഷ്ടൻ വ്യാഖ്യാനിച്ചു. താന്താങ്ങളുടെ പ്രവൃത്തികളുടെ ഫലം താന്താങ്ങളനുഭവിക്കേണമെന്നുള്ള ശിരോലിഖിതം അറിഞ്ഞാലും അറിയുന്നില്ലെന്നു നടിക്കുന്ന ഇന്നത്തെ ദുഷ്ടജനം നന്നാകുന്നതെങ്ങനെ? തനിക്കു് ദൈവം താൻ തന്നെ—എന്നവൻ എന്നറിയും? അന്നു അവൻ നന്നാകും. ഇതുള്ളടത്ത അവളുടെ ഈ ലോകയാത്രയിൽ അവൾ ഒരുത്തൎക്കും ഒരു ദോഷവും ഒരിക്കലും ചെയ്തിട്ടില്ല, മക്കോയിയുടെ കുടിലപ്രവൃത്തികളോരോന്നും ഒളിഞ്ഞവൾ തടഞ്ഞതല്ലാതെ നേരിട്ടവൾ അവനോടു് എതൃത്തിരുന്നില്ല. അവൾ അവനുവേണ്ടി ചെയ്യുന്ന ത്യാഗങ്ങളറിഞ്ഞും അവളെ ആദരിക്കുന്നതിനു പകരം, അവളെ ഭത്സിച്ചുകഴിയുന്ന ദുഷ്ടനിവൻ ഒടുവിൽ അനുഭവിച്ചറിയണം. തന്റെ ഏകസോദരിയെ വധിക്കേണമെന്നു് അവൻ തീർച്ചയാക്കുന്ന അനുനിമിഷത്തിൽ എന്തുകൊണ്ടു് ഭൂമി താമന പിളൎന്നു് അവനെ വിഴുങ്ങിയില്ലാ? തിന്മയിൽ താണടിഞ്ഞിരുന്ന അവൻ നന്മയ്ക്കുള്ള വില ഇനിയും അറിയുന്നില്ലെന്നു വരുമൊ? മർക്കോയി മന്ദംമന്ദം തന്നോടു് അടുക്കുന്നതും അവന്റെ കാമിക്കു് താൻ ഇരയാകുന്നതായും ശാന്തമ്മ ഗുഹ വിട്ടു് തിരിയെ വീടെത്തിയ രാത്രി ഒരു സ്വപ്നം കണ്ടു് ഞെട്ടിയുണർന്നു. ദേഹമാസകലം രക്തം വിയർക്കുന്നപോലെയും അവൾക്കു

തോന്നി. ഉഷ്ണമോ അതികലശൽ, സംസാരിക്കാൻ ശ്രമിച്ചതിൽ നാവു് അനങ്ങുന്നില്ല. ഒരു തരത്തിൽ എഴുന്നീററു് അവൾ വിളക്കു കൊളുത്തി. മുട്ടിന്മേൽനിന്നു്, കൈയു്കൾ കൂപ്പി, നയനങ്ങളടച്ചു് അവൾ തീവ്രമായി പ്രാൎത്ഥിച്ചു. ദൈവത്തിനോ മനുഷ്യൎക്കോ ഒരു തരത്തിലും ഒരു ഉപദ്രവവും ചെയ്തിട്ടില്ലാത്ത ഗുണവതി ഇവൾ ഇങ്ങനെ കേണിരന്നു് പ്രാൎത്ഥിക്കേണമെങ്കിൽ—പാപികൾ നാം പാപപരിഹാരത്തിനായി എന്തുചെയ്താൽ ഈശ്വരൻ നമുക്കു മുക്തിതരും? മക്കോയി തനിക്കും ലോകത്തിനും വരുത്തിവച്ച നാശങ്ങളെല്ലാമൊന്നായി ഓൎത്തവാം മ്ശിഹാ ഗദ്സെമേനിൽ എന്നവണ്ണം രക്തം വിയൎത്തു് പ്രാൎത്ഥിച്ചു. സ്വസഹോദരന്റെ ആത്മരക്ഷയ്ക്കും സാന്മാൎഗ്ഗികജീവിതത്തിനും വേണ്ടി. അതാ പുറത്തു ഒരു ഭയങ്കരസത്വം സാവധാനം അവളോടു് അടുക്കുന്നു. ഝടുതിയിൽ രണ്ടു കഠോരഹസ്തങ്ങൾ അവളെ പിടിച്ചു് ഞെരിച്ചുതുടങ്ങി. 'ദുഷ്ടേ!' എന്നുള്ള ഘോരഗൎജ്ജനം കേട്ടു് വിറച്ചു. 'മരട്ടെ നിന്റെ മണിയാകരൻ നിന്നെ രക്ഷിപ്പാനിപ്പോൾ. ശത്രുവുമായി ചേൎന്നു നീ എന്നേയും കുടുംബത്തേയും മുഴുവൻ തുലച്ചു. അതിനുത്തരമിതാണു്.' എന്നു പറഞ്ഞു കഠാരി ഊരി അവളുടെ മാറിൽ കുത്താൻ ഓങ്ങവെ, പെട്ടെന്നോടി സ്ഥലത്തെത്തിയ മണിയാകരൻ, പുറകിൽനിന്നു് കഠാരി ബലമായി പിടിച്ചുവാങ്ങി, ഇടിച്ചവനെ തറയിൽ വീഴ്ത്തി. ഇടിയേററവൻ തറയിൽ പെരിഞ്ഞു. ചാടി എഴുന്നീററു് മണിയാകരനുമായി പിടിത്തമിട്ടു. ഇരുവരും മൽപിടിത്തം തുടരവെ—മക്കോയിയെ തന്ത്രത്തിൽ പിടിച്ചുമലൎത്തി തറയിൽ കിടത്തി നെഞ്ചിൽ മണിയാകരൻ ഇരിപ്പുറപ്പിച്ചു. 'മണിയാകരാ

ക്ഷമിക്കണം; അയ്യോ കൊല്ലരുതു്—അങ്ങു് എന്നെ രക്ഷിക്കണം. ക്രൂശിൽ തറച്ച മ്ശിഹായെ ഓർത്തു്—ക്ഷമിക്കണം, രക്ഷിക്കണം. അനുതാപമെനിക്കുമുണ്ടു്. നന്മചെയ്‌വാൻ എനിക്കുമറിയാം. അവസരമതിനു് തന്നാൽമതി' എന്നു പറഞ്ഞു് അവൻ നമനങ്ങളച്ചു. 'എങ്ങനെ ഇവനെ വിശ്വസിക്കും? കൊല്ലണമെന്നു് എനിക്കാഗ്രഹമില്ല. പശ്ചാത്താപത്തിനിവനു് അവസരം നൽകണമെന്നുള്ള അവന്റെ അപേക്ഷ പരിഗണനാർഹമെന്നു് എനിക്കറിയാം. സ്വരക്ഷയെക്കരുതി-ശാന്തമ്മയെ ഓർത്തു്' എന്നു മണിയാകരൻ ഉള്ളേ കരുതി അവനെ പിടിച്ചു് അടുത്തുള്ള ഒരു കൽത്തൂണിൽ ബന്ധിച്ചു്, നെട്ടവീർപ്പു വിട്ടു് ശാന്തമ്മയെ നോക്കി അകലെ മാറിനിന്നു. ഇതിനകം ബോധം വീണ ശാന്തമ്മ 'ഞാൻ എവിടെയാണു്' എന്നു ചോദിക്കുന്നതുകേട്ടു. 'ശാന്തമ്മ ഭയപ്പെടേണ്ടാ: ഞാൻ അടുത്തുണ്ടു്. മക്കോയിയിൽനിന്നും ശാന്തമ്മയെ ഞാൻ രക്ഷിച്ചു. ശാന്തമ്മയുടെ നല്ലകാലം വന്നുപിറന്നു. ഖേദങ്ങളെല്ലാം മറക്കണം. മേളമായി നമുക്കൊത്തുവാഴാം' എന്നു മണിയാകരൻ പറഞ്ഞുനിറുത്തി. മണിയാകരസ്വരം ജീവിതത്തിലേക്കു വീണ്ടുമവളെ ആകർഷിച്ചു. ലജ്ജ, ഭീതി, എന്നിവകൾക്കു് അധീനയായി അവൾ എണീററിരുന്നു പെട്ടെന്നു് വിളക്കു കെട്ടു. ടോർച്ചു് ലൈയിററു തെളിച്ചു് വിളക്കുനോക്കി, തീപ്പെട്ടി ഉരച്ചു്, മണിയാകരൻ വിളക്കു കൊളുത്തി. ശാന്തമ്മയെ അടുത്തുള്ള ഒരു ചാരുകസേലയിൽ അദ്ദേഹം എടുത്തു കിടത്തി. അടുത്തു കിടന്ന കസേലയിൽ താനും ഇരുന്നു. താഴെക്കാണുന്ന സംഭാഷണവുമാരംഭിച്ചു.

ശാന്ത:—ഞാൻ എവിടെയാണു്. ഞാൻ ഉറങ്ങുകയല്ലേ? അങ്ങു് എങ്ങനെ ഇവിടെ വന്നെത്തി? എന്തൊക്കെയാണു് ഇവിടെ നടന്നതു്.

മണി:—ശാന്തമ്മെ, എന്താണിത്ര ഉറക്കം? മാനസികമായും ഇങ്ങനെ നാം ഉറങ്ങിയാൽ-ഉറക്കത്തിനും അതിരില്ലേ ശാന്തമ്മേ; ഉടനെ എഴുന്നീററു നാം പ്രവർത്തിക്കേണ്ട സമയമല്ലേ ഇതു്? ഉറങ്ങിയതുമതി; ഉണരണം. ശാന്തമ്മെ എന്നോടുകൂടി ഉണരണം-ഉയരണം; ശാന്തമ്മ എന്നോടുകൂടി ഉയരണം ഉയർക്കണം. മഠത്തിൽ കുടുങ്ങി മരിക്കാതിരിപ്പാൻ—മഠത്തിലെ അലസത അടിച്ചമർത്താൻ—മാത്സര്യബുദ്ധി അടിച്ചുടക്കാൻ. സ്ത്രീകളുടെ നടുവിൽ നേതൃിയാകാൻ — സ്ത്രീകൾക്കെല്ലാം ഭൂഷണമാവാൻ—മാറ്റുള്ള വാക്കു് സ്ത്രീകളിൽ ചൊരിഞ്ഞു് ചൊടിപ്പുള്ള സ്ത്രീജനം നാട്ടിൽ പുലർത്താൻ. ചൊടിപ്പുള്ള സ്ത്രീജനം നാട്ടിൽ വളരാൻ. ഇങ്ങനെ നാടുനന്നാവാൻ. സമാധാനജീവിതത്തിനും ഐക്യത്തിനും വേണ്ടി പൊരുതി, പരസ്പരം കലഹിച്ചുകഴിയുന്ന ഇന്നത്തെ സാമുദായികവും രാഷ്ട്രീയവുമായ ജീവിതരംഗങ്ങളിൽ പ്രവേശിച്ചു് ഉൾക്കറപ്പോടുകൂടി പുരുഷന്മാരുടെ വലംകൈയ്കളായി നിൽക്കത്തക്ക ചൊടിപ്പും പ്രസരിപ്പും കെൽപുമുള്ള വീരമതി ശാന്തമ്മ—മഠത്തിൽ കഴിഞ്ഞു പ്രാർത്ഥനയിൽമാത്രം കഴിയേണ്ടവളല്ല? ശക്തിയേറിയ പ്രവർത്തനങ്ങളിലേർപ്പെട്ടു് പ്രബലമായ ഒരു പൗരസംഘം ഭാരതത്തിൽ വളർത്താൻ ഉള്ള

പ്രാർത്ഥിച്ചും പുറമെ, തദനുസ്സരണം പ്രവർത്തിച്ചും, തെരുവീഥികളിലൂടെ എരിഞ്ഞുപൊരിഞ്ഞുവേണം കുരിശിലെ സാമ്പത്തികവ്യവസ്ഥിതിലോകത്തിൽ നാം ഇന്നു പരത്താൻ. ദൈവവിളിയില്ലാത്തവർ മഠങ്ങളിൽ ഒളിഞ്ഞുകഴിയുന്നതിൽ എത്ര ശ്രേഷ്ഠകരമായ ഒരു സേവനമായി മ്ശിഹാ ഇതു സ്വാഗതം ചെയ്യുമെന്നു എന്തുകൊണ്ടു ലോകർ അറിയാതിരിക്കണം. എന്തുകൊണ്ടു ലോകർ പ്രവർത്തിക്കാതിരിക്കണം. മ്ശിഹായുടെ കൊടിക്കീഴിൽ അണിനിരക്കുന്ന സ്ത്രീപുരുഷർ നാമാകണമെങ്കിൽ—അച്ചനമ്മമാരുടെ പ്രേരണമൂലം മരിച്ചും നാം മഠങ്ങളിൽ-ആശ്രമങ്ങളിൽ ഒളിയാതെ, സ്വാർത്ഥർ നാം സ്വരക്ഷമാത്രം കരുതാതെ, ജീവിതമത്സരത്തിൽ ഒരു ഉറച്ചു നില കൈക്കൊണ്ടു സംഘടിച്ചു ലോകരുമായി പടവെട്ടി ഉയർന്ന മലയിൽ ബഹുജനസമക്ഷം മരക്കുരിശിൽ മരണംവരെ മത്സരിച്ച മ്ശിഹായുടെ വൈരാഗ്യം തുളുമ്പുന്ന സ്നേഹം മനസ്സിലാക്കി, പാന്ഥ്യജീവിതത്തിൽ നാം കടന്നു കുരിശും വഹിച്ചു സ്വയം മറന്നു—മ്ശിഹായ്ക്കുവേണ്ടി മരിച്ചുവേണം ക്രൈസ്തവർ നാം സ്നേഹസേവനം നടത്താൻ. ആകയാൽ നമ്മുടെ ഉറച്ചനില കൂടുതൽ ഉറപ്പിക്കുന്നതിനും, എണ്ണത്തിലും തൂക്കത്തിലും നാം ഇന്ത്യയിൽ പെരുകുന്നതിനും, അന്യോന്യമായി പ്രവർത്തിച്ചുവേണം മ്ശിഹായുടെ അനുയായികൾ നാം ആകാൻ.' എന്നുപറഞ്ഞു ശാന്തമ്മയെ കൂട്ടിക്കൊണ്ടു മണിയാകരൻ മേളവിലാസത്തേക്കുപോകുന്നു.

പട്ടക്കാരായി ദേവാലയങ്ങളിലും കന്യകകളായി മഠത്തിലും കഴിയുന്ന യുവതീയുവാക്കളുടെ ശാരീരിക

കെല്പുകൾ സാധാരണജനങ്ങളുടെതുമായി ഏകീകരിച്ചു കരിശിലെ ദൗത്യനിർവഹണത്തിൻ കൂടുതൽ പ്രയോജനപ്പെടത്തക്കവണ്ണം പ്രവർത്തിപദ്ധതി പരിഷ്കരിക്കേണമെന്നല്ലാതെ, പട്ടക്കാർക്കും കന്യകകൾക്കും ഞാൻ എതിരെന്നാരും ദുർവ്യാഖ്യാനം ചെയ്തുകൂടാ. മതനിയമങ്ങളുടെ പരിപാലനത്തെക്കാളും മതസ്ഥാപകന്റെ ത്യാഗബുദ്ധി നമ്മുടേതാക്കാൻ നാം ഓരോരുത്തരും ഓരോ ത്യാഗികളാകണം. എങ്കിൽമാത്രമെ ക്രൈസ്തവർ നാം ആകുന്നുള്ളൂ—എങ്കിൽമാത്രമെ ജൂതർ നാം ആകാതിരിക്കൂ—ത്യാഗത്തെപ്പററി പുകഴ്ത്തിയാൽ പോരാ. ത്യാഗികൾ നാം ആയിത്തിരണം.

അടുത്ത ദിവസം വീണ്ടും തകർപ്പൻ മക്കോയിയെ അറസ്റ്റുചെയ്തു കൊണ്ടുവന്നു. മുറപ്രകാരം വേണ്ട അന്വേഷണങ്ങൾ നടത്തി കേസ് ചാർജ്ജുചെയ്തു. മാസങ്ങൾ പലതു കഴിഞ്ഞു. കീഴ്ക്കോടതി അവനെ തൂക്കാൻ വിധിച്ചു. കേസ് ഹൈക്കോടതിയിലെത്തി. മക്കോയിക്കുവേണ്ടി വാദിപ്പാൻ വക്കീലന്മാർ ആരും മുന്നോട്ടുവന്നില്ല. കക്ഷിയും കക്ഷിക്കുവേണ്ടി കേസ് നടത്തുന്ന ദുഷ്ടക്കൂട്ടരും അമ്പരന്നു. മണിയാകരൻ, ജന്മശത്രുവിനെ മരണത്തിൽനിന്നും രക്ഷിപ്പാൻ ദൃഢനിശ്ചയം ചെയ്തു. മക്കോയിയെ തൂക്കരുതെന്നും തൂക്കിക്കൊല പൊതുവെ നിറുത്തണമെന്നും ശക്തിയായിവാദം നടത്താൻ ബാരിസ്റ്റർ മണിയാകരൻ മക്കോയിയുടെ വക്കാലത്ത് സ്വീകരിച്ച് ഹൈക്കോടതി പരിസരങ്ങളിൽ വന്നെത്തി. കൃത്യം മണി പതിനൊന്നടിച്ചു, ഫുൾബെഞ്ചിനെ

അഭിസംബോധന ചെയ്തുകൊണ്ടു് പ്രൌഢഗംഭീരമായ സ്വരത്തിൽ എ. സി. മണിയാകരൻ വാദവും തുടങ്ങി. അദ്ദേഹം പുറപ്പെടുവിച്ച പുതിയ വാദമുഖങ്ങൾമാത്രം വായനക്കാർ അറിഞ്ഞാൽമതി.

'പ്രസ്താവിതവിഷയത്തിലേക്കു പ്രവേശിക്കുന്നതിന്റെ പ്രാരംഭമായി ചില സംഗതികൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താം. വിവാദവിഷയം നിയമനിർമ്മാണസഭകളുടെ ഗാഢപരിഗണനയിൽപെടേണ്ടതാണെന്നും ഞാൻ അറിയുന്നുണ്ടു്. കോടതിയുടെ ചുമതല രാജ്യത്തിനുള്ളിൽ നീതിയും ന്യായവും പുലർത്താൻ രാജ്യം തയ്യാറാക്കിയിട്ടുള്ള നിയമങ്ങളെ നിരീക്ഷണബുദ്ധ്യാ വ്യാഖ്യാനിച്ചു് നീതിന്യായം നടത്തൽമാത്രമാണെന്നും എനിക്കറിയാം. അതുകൊണ്ടു് ആദ്യത്തെ എന്റെ ഇൗ ഫീയറിംഗ് നാളതുവരെ നടന്നിട്ടുള്ള ഫീയറിംഗുകളെ അവഗണിക്കണമെന്നും, ഇൗ കോടതിയുടെ അധികാരസീമകളെപ്പോലും ഉല്ലംഘിക്കുന്നതെന്നും കോടതിക്കു ബോദ്ധ്യമാകുന്നപക്ഷം—ഇക്കാര്യത്തിൽ എനിക്കു പറവാനുള്ളതു് തുറന്നു പ്രസ്താവിക്കുന്നതിനു പറ്റിയ അവസരം ഇതാകകൊണ്ടു്—ചങ്കും തലച്ചോറും ഉണ്ടെന്നു് ചങ്കും തലച്ചോറിനോടും ഞാൻ നടത്തുന്ന ഇന്നത്തെ എന്റെ ഉദ്ബോധനം—ദൈവനീതിയുടെ വിഭാഗമായ ലോകനീതിയോടു് ചെയ്യുന്ന ഒരു കുറ്റംകൈയു് എന്നു കരുതാതെ—ദൈവത്തിങ്കലേക്കു ലോകനീതിയെ വെട്ടിവിടുന്ന ഒരു നീർച്ചാലായി കരുതി, ചങ്കുള്ള കോടതി സശ്രദ്ധം വീക്ഷിക്കണം.

എന്റെ കക്ഷി മക്കോയി എന്റെ ജന്മശത്രുവാണു്. ശാന്തമ്മ അപ്പാപ്പുകളിൽനിന്നും എന്നെ

രക്ഷിക്കുന്നതറിഞ്ഞു മക്കോയി അവളെ വധിപ്പാനടുത്തു. കൃത്യദിവസം രാത്രി എട്ടുമണിക്ക് ഞാൻ വേലന്തറയെത്തി. അന്വേഷിച്ചതിൽ മക്കോയി അവിടെയില്ലെന്നറിഞ്ഞു. അവൻെറ പ്രവൃത്തികളെ ഉറമസൂക്ഷിക്കേണമെന്ന് അന്നു നിശ്ചയിച്ചിരുന്ന ഞാൻ രാത്രി പത്തരമണിവരെ വേലന്തറ പരിസരങ്ങളിൽ കഴിച്ചുകൂട്ടി. മണി പത്തരയ്ക്കും പതിനൊന്നിനും മദ്ധ്യേ ശാന്തമ്മ ശയിക്കുന്ന മുറിയുടെ ഉപരിഭാഗത്തുള്ള ഓടുകൾ നീക്കി ഒന്നുരണ്ടു പട്ടികകൾ അറുത്തുമാററി വേണ്ടിവന്നാൽ ഝടുതിയിൽ എനിക്കു മുറിക്കുള്ളിൽ കടക്കുന്നതിന് ഞാൻ സൗകര്യങ്ങൾ ചെയ്തു. വീണ്ടും വേലന്തറപരിസരങ്ങളിൽ ഞാൻ കാവൽനിന്നു. മണി പന്ത്രണ്ടടിച്ചപ്പോൾ മക്കോയി വേലന്തറ വന്നെത്തി. ദീനാമ്മയെ വിളിച്ചുണർത്തി കതകുതുറപ്പിച്ച് അവൻ ഗൃഹത്തിനുള്ളിൽ പ്രവേശിച്ച് ഭക്ഷണത്തിനുംമററും ഒരുങ്ങാതെ നേരെ അവൻെറ മുറിയിലെത്തി നിദ്രക്കൊരുക്കമായി. ശാന്തമ്മ ശയിക്കുന്ന മുറിക്കുമുകളിൽ ഞാൻ തയാറാക്കിയിരുന്ന പ്രവേശനദ്വാരത്തിലൂടെ മുറിക്കുള്ളിൽ പ്രവേശിച്ച് ശാന്തമ്മ ശയിക്കുന്ന മുറിക്കെതിർമുറിയിൽ പുറത്തുനടക്കാവുന്ന സംഭവങ്ങളെ കാണത്തക്കവിധം കതകു ചാരി ഞാൻ നിന്നു. ശാന്തമ്മയുടെ മുറിയിൽ രാത്രിമുഴുവൻ ഒരു ചെറുവിളക്ക് എരിയുക പതിവാണ്. രാത്രി മണി ഒന്നര അടിച്ചപ്പോൾ മർക്കോയി സാവധാനം ശാന്തമ്മയോടു സമീപിക്കുന്നതു് ഞാൻ കണ്ടു. ഉഗ്രകോപത്താൽ മതിമറന്നിരുന്ന ക്രൂരൻ കഠാരി ഉയർത്തി ഭത്സനവുമാരംഭിച്ചു എൻെറ നേരെ മുൻപിൽനിന്നിരുന്ന ദ്രോഹിയുടെ പിൻപിൽ ഞാൻ എത്തി ശാന്തമ്മയെ കുത്താൻ ഓങ്ങിയ കഠാരി അവ

നിൽ നിന്നും പിടിച്ചുവാങ്ങി ഇടിച്ചുവനെ തറയിൽ വീഴ്ത്തി. ഇങ്ങനെ ശാന്തമ്മയെ ഞാൻ രക്ഷിച്ചു. ഇതാണ് ഇന്നത്തെ കേസിൻെറ ജീവനാഡി. ശാന്തമ്മയെ കാത്തു ഞാൻ മക്കോയിയെ അടിച്ചമത്താണെങ്കിൽ പക്ഷം ശാന്തമ്മ കൊല്ലപ്പെട്ടമായിരുന്നെന്നുള്ള കീഴ്കോടതിയുടെ സമ്മതമായ അനുമാനം ശരി. ആകയാൽ ജീവപര്യന്തം തടവായി മാററാതെ ഇവനെ വധിക്കേണമെന്നുള്ള കീഴ്ക്കോടതിയുടെ തീരുമാനം വഹിക്കത്തക്കതല്ലെന്നാണ് എനിക്കുള്ള എതിർവാദം. പ്രത്യുത എൻെറ കക്ഷിയെ തൂക്കിക്കൊല്ലേണമെന്ന് ഈ കോടതിക്കും അഭിപ്രായമുള്ള പക്ഷം ഭ്രൂമുഖത്തു് തൂക്കിക്കൊല പാടില്ലെന്നാണ് എൻെറ വാദം.

ജനനാൽതന്നെ മനുഷ്യൻ സ്വതന്ത്രനാണ്. അവന് ഇഷ്ടംപോലെ എന്തും പ്രവത്തിപ്പാനുള്ള കഴിവ് അവനിൽ വളരുന്നുണ്ട്. ആത്മഹത്യക്കും അവനു സ്വാതന്ത്ര്യങ്ങളില്ലാതില്ല. ഇക്കാരണത്താലായിരിക്കാം പ്രൊഫസ്സർ ഒഗെയിൽ ആത്മഹത്യക്ക് പ്രകൃത്യാ മനുഷ്യനുള്ള അവകാശങ്ങളുമായി രംഗത്തു വന്നിട്ടുള്ളതും. മനുഷ്യനൊരുവൻ ശോകക്കടലിൽ മുങ്ങി പ്പൊങ്ങി ആടിയുലഞ്ഞ് ചങ്കും തലയും തകർന്നു് നിർജ്ജീവാവസ്ഥയിലെത്തുമ്പോൾ ആത്മഹത്യ നടത്തുന്നതിൽ അതിശയിപ്പാനില്ല. കഠിനവ്യഥകളാൽ വരക്കപ്പെടാത്ത മനുഷ്യഹൃദയം വിരളമല്ലേ? കവിതാമുള്ളവർ കവിതയെഴുതി തങ്ങൾക്കുതന്നെയും സഹജീവികൾക്കും ആശ്വാസം നൽകും. ഷേക്സ്പീയർ, കീററസ്, ഷെല്ലി, ടാഗോർ ഇവർ ഇതിനുദാഹരണമാണ്. വ്യഥകളുടെ ഉഗ്രത ഒട്ടൊന്നു കുറയുമ്പോൾ പൊട്ടിത്തകരുന്ന

കവിഹൃദയത്തിൽ നിന്നും അനർഗ്ഗളമായി ഒഴുകുന്ന ആശയധോരണിയാണു് കവിത. ബുദ്ധിയുള്ളവർ ആത്മഹത്യ ചെയ്യുന്നതല്ല. മൂഢന്മാരായ കൊലപാതകർ, സഹജീവികളവരെ കൊല്ലുമെങ്കിൽ ബുദ്ധിനിറഞ്ഞ സാമുദായിക രാഷ്ട്രീയനേതാക്കൾ ഒത്തുകൂടി കൊലപാതകരവരെന്നുകണ്ടു് അവരെ കൊലനടത്താനവകാശം അധികാരം അവർക്കു് എവിടുന്നു കിട്ടി? ഘാതകന്മാരെ കത്തുന്ന കുള്ളവികണക്കെ തൂക്കിക്കൊല്ലുന്ന പതിവു് കേന്ദ്രീകൃതമായ മാനവ സംസ്കാരത്തിന്റെ നീചമായ വളർച്ചയാണതു്. ലോകനിയമത്തിനു് ദൈവശാസനയുമായി പൊരുത്തമുണ്ടെന്നു ആരെങ്കിലും കരുതുന്നോ? മൂഢനൊരുവൻ മറെറാരുവനെ കൊന്നെന്നുകരുതി, മൂഢനവനെ കൊല്ലണമെന്ന ന്യായം ഇരുളടഞ്ഞ കൊലപാതകനെ കൊല്ലുന്ന ലോകം കരുതിക്കൂട്ടി ലോകത്തിൽ ഇരുൾകൂട്ടുന്നതു് എങ്ങിനെ ഞാൻ അനുസ്മരിക്കാതിരിക്കണം? പരിഷ്കാരത്തിൽ നിന്നും പരിഷ്കാരത്തിലേക്കു കുതിക്കുന്നവരെന്നു് അഭിമാനിക്കുന്ന നാം കൊല്ലിനുകൊല്ലും തല്ലിനു തല്ലും അനുവദിക്കുന്നതു് ശരിയോ?

സംഘടിച്ചസമുദായം, സംഘടിച്ചരാജ്യങ്ങൾ, സുസംഘടിതമായ ന്യായാസനത്തിലിരുന്നുകൊണ്ടു്, കൊലപാതകനെ തൂക്കിക്കൊന്നതുമതി. ബുദ്ധിയും ഹൃദയവുമായി രമ്യതയിൽകഴിയേണ്ട നാളുകളാണിപ്പോൾ. നാം അളക്കുന്നകോലുകൊണ്ടു തന്നെ നമ്മെയും അളക്കുന്ന ദൈവത്തെ ഓർത്തുവേണം നാം നീതിനടത്താൻ. ദൈവശാസനം മനുഷ്യശാസനംപോലെ ഇത്ര കർക്കശമെങ്കിൽവിധിയാളർ, നാം എത്രനേരത്തേ കഴുവുമരത്തിൽ

അടിഞ്ഞേതരണം. സമയമാം കഴുവുമരത്തിൽ തൂങ്ങിക്കിടക്കുന്ന ന്യായാധിപലോകമേ! സമസൃഷ്ടരവർ കരളത്തിലൊണ്ടുനടത്തുന്ന കൊലപാതകത്തിന് കൊലപാതകം നടത്തി അന്ധകാരത്തിലവരെ അടച്ച് അന്ധകാരം നമ്മെ വിഴുങ്ങുമാറനുവദിച്ചത്ത് മതി.

അഭിഭാഷകവൃത്തിയിൽ ജീവിക്കുന്ന നിയമജ്ഞരെ നോക്കി എനിക്കല്പം പറയേണ്ടതുണ്ട്. നമ്മെ കാരുണ്യമായി വളർത്തുന്ന ദൈവത്തെ നാം കാണണം. അതേ കരുണ ഇരുളടഞ്ഞ നമ്മുടെ ഹൃദയങ്ങളിൽകിടന്നു ചക്രശ്വാസംവലിക്കുന്നതിനിടയാക്കാതെ—സൽപ്രവൃത്തികളാലവയെ പെരുക്കി സഹജീവികളിലേക്കത് നാം പകരണം. എങ്കിൽമാത്രമേ ദൈവവിശ്വാസം നമ്മിൽ ചൊരികയുള്ളൂ. എങ്കിലെ നമ്മുടെ സത്യന്ദഷ്യവിശ്വാസം അന്യരിൽ നാം പകരുന്നുള്ളൂ. ഇത് നാം സദാ ഓർക്കണം. നീതിന്യായ വളർച്ചയിൽ കേസിന്റെ നില നോക്കുന്നപക്ഷം നിരപരാധികളും ചിലപ്പോൾ പീനൽകോഡിന്റെ മൂർച്ചയുള്ള വീക്ഷണഗതിയാൽ കൊലപാതകരാക്കി തൂക്കിക്കൊന്നിട്ടുള്ളതിനും ഉദാഹരണങ്ങൾ ഇല്ലാതില്ല. തെറ്റില്ലാത്തവനെ പീനൽകോഡിന്റെ തണലിൽ തെറ്റുകാരനാക്കി തൂക്കിക്കൊല്ലാൻ വിധിക്കുന്ന വിധിയാളർ നാം പീലാത്തോസിന്റെ അനന്തരവർ അല്ലെന്നുണ്ടോ. ഇന്നത്തെ യൂദന്മാർമുൻകാലങ്ങളിലെ യൂദന്മാരെപ്പോലെ ക്രൂരമായ ഇത്തരമൊരുനില സ്വീകരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. തന്നെയും ദൈവത്തെയും മറന്നു ശാരീരികസുഖംമാത്രം കരുതി ഇരുളിൽക്കഴിഞ്ഞ ഈ ഘാതകനെ നിങ്ങൾ നോക്കണം. ലോകനിയമത്തിന്റെ

ഭയങ്കര തണലിൽ ആശ്വസിച്ച് മൺകാലിൽ വളരുന്ന നിങ്ങൾ ഈ ഘാതകൻ കരഞ്ഞു കഴിയുന്നതു് അവഗണിക്കുന്നതെന്തിനു്? ശ്വസിക്കുന്നവനെ ശ്വാസം മുട്ടിപ്പാനും ജീവിക്കുന്നവനെ കൊല്ലാനും ഉള്ളവനെ ഇല്ലാതാക്കാനുമുള്ള നിയമങ്ങളേ ഭൂമുഖത്തു് ഇന്നു തഴക്കുന്നുള്ളു. ഭൂമുഖത്തിന്നു വളത്തുന്നുള്ളു. മരണാനന്തരം സോളമന്റെ ആത്മം കണക്കെ തൂക്കിലിട്ട ഘാതകനെവിടേക്കെന്നെങ്കിലും നോക്കേണ്ടതല്ലേ? ദൈവനീതി പിന്നൽ കോഡും സമയം കഴുവുമരവുമെങ്കിൽ സ്നേഹം നിറഞ്ഞ ദൈവതൃക്കണ്ണുകളിൽ നിന്നും ചൊരിയുന്ന ശോഭയുള്ള കതിരുകളാലു മാത്രം നയിക്കപ്പെടേണ്ട മാനവവംശം ഇഹത്തിലെ ഇരുളിൽ ഒളിഞ്ഞുമറഞ്ഞു കിടന്നുകൊണ്ടുള്ള ദീർഘനിദ്രയിൽനിന്നും സ്വയം നാം തട്ടിയുണർന്നു് സ്നേഹത്താൽമാത്രം ആകർഷിതരായി, തലയുമുയർത്തി മുകളിലേക്കുനോക്കി ചങ്കിൽ കൈയ്‌വച്ചു വേണം മന്നു നാം ഭരിപ്പാൻ. മനുഷ്യരെ നാം കൊല്ലാൻ. ആകയാൽ തൂക്കിക്കൊല നിറുത്തി ആത്മവളർച്ചയ്ക്കു കൊലപാതകൻ നാം അവസരം നൽകണം. ഇങ്ങനെ നാം നിയമം പുതുക്കണം. ഇങ്ങനെ നാം ന്യായം നടത്തണം. ഇങ്ങനെ നാം സ്നേഹം തുടങ്ങണം. ഇങ്ങനെ നാം ശാന്തിവരുത്തണം.

തൂക്കിക്കൊല ലോകനിയമത്തിൽ നിന്നും പിഴുതെടുക്കളയണം. എന്റെ ഈ അലർച്ച ചങ്കുള്ള ലോകർ കേൾക്കണം. കേട്ടാൽ പോരാ—വഴങ്ങണം. യുക്തിവാദങ്ങളാൽ നിങ്ങളുടെ ന്യായബോധത്തെ കവരുന്നതിനു് ഇനിയും സാദ്ധ്യമല്ലെങ്കിൽ, ഹൃദയമുള്ള നിങ്ങൾ എന്റെ ഹൃദയക്കരച്ചിൽ കേൾക്കണം. ഞാൻ തരുന്ന വാദമുഖങ്ങൾ യുക്തിപരമല്ലേ

ങ്കിൽ, ഭാവനാശക്തി കൊഴുത്തു് നിങ്ങൾ ലോകസമാധാനം നോക്കണം. ചിന്താപരവശകളാൽ വലയാത്ത ഹൃദയം, തളരാത്ത തല ഭ്രമുഖത്തിന്നു് ആർക്കുണ്ടു്? പ്രതിസ്നേഹത്തിന്നുവേണ്ടി ഞാൻ ആരേയും സ്നേഹിക്കുന്നില്ല. നന്ദി ചെയ്താൽ നന്ദികേടു് സ്വയം ഞാൻ പ്രതീക്ഷിക്കും — നന്ദികേടുമൂലം, ഞാൻ ജീവിതത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ പാഠംവരെത്തൊട്ടുകൂടി തിരിഞ്ഞെടുത്തു് ഊർജ്ജിതത്തിൽ വളർത്തിവന്ന വ്യക്തിപരമായ എന്റെ സ്നേഹം—കാലാന്തരത്തിൽ അഗ്നിപർവ്വതമായിപ്പുകന്നു് ഞാൻ സ്വയം വെന്തുരുകി മാനവവംശത്തെ ഒന്നടങ്കം ഞാൻ സ്നേഹം തുടങ്ങി. എന്റെ ആനന്ദത്തെ കൊളുത്തുന്നവർക്കും എന്റെ ആനന്ദത്തെ കെടുത്തുന്നവർക്കും എന്റെ സ്നേഹത്തിൽ സ്ഥാനമുണ്ടു്. എന്റെ ഇന്നത്തെ ധീരനിലയ്ക്കു് എന്റെ ആത്മമിത്രവും എന്റെ കാമിനിയും എന്റെ ഘോരശത്രുവും പങ്കാളികളാണു്. മിത്രങ്ങൾ സ്നേഹിച്ചെന്നെ വളർത്തിയെങ്കിൽ ശത്രുക്കൾ ദ്രോഹിച്ചെന്നെ പരിപുഷ്ടനമാക്കി. ക്രമേണ സ്നേഹത്തിലും ദ്വേഷത്തിലും സ്നേഹം ഞാൻ കണ്ടെത്തി. ഇങ്ങനെ ജീവിതസൗന്ദര്യം നുകർന്നു ഞാൻ വളർന്നു—ഇങ്ങനെ ജീവിതസൗന്ദര്യം പകർന്നു ഞാൻ വളരുന്നു. ഇങ്ങനെ ജീവിതസൗന്ദര്യം പകർത്തി ഞാൻ ഉയർത്തും. ഇങ്ങനെ ജീവിതസൗന്ദര്യം ഉയർത്തി ഞാൻ ഉയരും, ഇങ്ങനെ ഉയർന്ന ഞാൻ, കയറിയ പടികളെ മറന്നു വളർത്തിയ മർത്ത്യരെ ചവുട്ടി—[illegible] പോറ്റിയ ആനകണക്കെ അഹംകരിക്കാതെ—ഉണർന്നു്, ഉയർന്നു്, ഉയർത്തു് സ്വയം ഞാൻ ഉള്ളിൽ താഴും. ഇങ്ങനെ ഞാൻ നീതി നടത്തും—ഇങ്ങനെ അനീതി ഞാൻ കെടുത്തും. ഇതാണു് ജീവിതം. ഇതു് നാം ഓർക്കണം. ആക

യാൽ ക്ഷോഭിച്ചിളകിയ ഈ കോപിഷ്ഠർ നരവധം ചെയ്തതു ക്ഷമിക്കണം. ക്രൂശിൽ മരിച്ച യേശുവെ മാതൃകയാക്കി നാം എടുക്കണം. ലോകശാസനകളെ ചവുട്ടി, ചങ്കിനു് നിങ്ങൾ സ്ഥാനം കൊടുക്കണം. നീതിബോധങ്ങളെ മറന്നും സ്നേഹചിന്തകൾക്കു് നിങ്ങൾ സ്ഥാനം നൽകണം. ദുഷ്ടനിവൻ തൂക്കമരത്തിൽ ചാകുന്നതു കണ്ടു രസിപ്പാൻ നീറോയെപ്പോലെ നാം ഓടിക്കൂടാതെ—മുറെറന്നവിധം കരഞ്ഞു് നാം മറയണം. തൂക്കിക്കൊല നിൽക്കട്ടെ. തൂക്കിക്കൊല നിരുത്തട്ടെ. നമ്മുടെ സഹനം, നമ്മുടെ ത്യാഗം, നമ്മുടെ സ്നേഹം കണ്ടു് കൊലപാതകർ കുലുങ്ങട്ടെ. അവർ തപിക്കട്ടെ—ദഹിക്കട്ടെ. ഇങ്ങനെ എന്റെ കക്ഷിമർക്കായി ഈ മഹാപാപി, ഈ മഹാദ്രോഹി നന്നാകണം. ഇതാണെന്റെ ആനന്ദം. ഇതാണെന്റെ ആത്മഗീത, ഇതാണെന്റെ ദൌത്യം. നിരാശയിൽ ആണ്ടുകഴിയുന്ന ദ്രോഹി ഇവനെ കോടതി നോക്കേണ്ടേ! ഇതാ മനുഷ്യൻ? ന്യായാധിപർ നിങ്ങൾ നോക്കുവിൻ! അനുകമ്പ എന്തുകൊണ്ടു് നിങ്ങളെ നീറുന്നില്ല. ദൈവത്തിങ്കലേക്കു് ഇവനെ നയിക്കണം.

സ്നേഹം അളക്കാൻപററിയ അളവു് ത്യാഗമാണു്. നാം നമ്മെ അളക്കുന്ന അളവാൽ അന്യരെ നാം അളക്കണം. ഇതറിഞ്ഞുവേണം അന്യരെ നാം അളക്കാൻ, ഇതറിഞ്ഞുവേണം അന്യരെ നാം മതിപ്പാൻ. ഇതറിഞ്ഞുവേണം അന്യരെ നാം വിധിപ്പാൻ. ഇതറിഞ്ഞുവേണം അന്യരെ നാം വധിപ്പാൻ—എന്നിങ്ങനെയുള്ള എന്റെ കുലീന ആശയങ്ങൾ ലോകത്തിൽ പ്രചുരപ്രചാരമാകാനെങ്കിലും—ദൈവം എനിക്കു ഭാഗ്യം നൽകണം.'

അടുത്തദിവസം ആരുംകൊല്ലുന്നതെ വെറും തടവിൻ വിധിച്ചതനുസരിച്ച് മക്കോയിയെ സെൻട്രൽ ജയിലിൽ താമസിപ്പിക്കുന്നു—മണിയാകരനു് ശാന്തമ്മയോടുള്ള സ്നേഹം ഇങ്ങനെ പ്രവർത്തിച്ചുകൊട്ടി. ഇതാണു ത്യാഗം—കരിശിലെ മഹാമനസ്കത—ഇതാണു് ക്രിസ്തീയ മാഹാത്മ്യം. ഇങ്ങനെ ശത്രുക്കളെ സ്നേഹിച്ച് നാം വളരണം. ലോകസമാധാനം പുലർത്താൻ.

---

## അദ്ധ്യായം ൪൫

# വിവാഹം

---

ലസ്ലി ജോൺസ് മൈസൂർ പൊളിററിക്കൽ ഏജൻറായി ചാർജ്ജെടുത്തു. സോദരീപുത്രൻ മി. റാൽഫും (Mr. Ralph) അദ്ദേഹത്തോടുകൂടി വന്നിട്ടുണ്ടു്. മി. റാൽഫ് മണിയാകരൻെറ ഒരു സഹപാഠിയും ബുദ്ധിമാനായ ഒരു യുവാവുമാണു്. മണിയാകരൻെറ ബ്രിട്ടീഷ് മിത്രങ്ങളിൽ അത്യുത്തമനാണു് മി. റാൽഫ്. മൈസൂറിൽ താമസിച്ച് പ്ലാൻറിംഗ് നടത്തെണമെന്നു് കരുതി അദ്ദേഹം വന്നിട്ടുള്ളതാണു്. താൻ നിവ്യാജം സ്നേഹിച്ചാദരിച്ചിരുന്ന തൻെറ കാമിനിയുടെ വൻചതിവുമൂലമാണു് അദ്ദേഹം അയർലണ്ടു് വിട്ടിട്ടുള്ളതു്. അനുരാഗത്തിൽ വിശ്വാസമററു് അവിവാഹിതനായ

റാൽഫ് ഇൻഡ്യയിലേക്കുവന്നതു് ഇൻഡ്യാക്കാരുടെ മഹാഭാഗ്യമെന്നു കരുതാം. ഒരാഴ്ച മൈസൂറിൽ താമസിച്ചശേഷം തിരുവിതാംകൂറിലേക്കു് അവരിരുവരും യാത്ര പുറപ്പെട്ടു. യഥാസമയം അവർ കുസുമതീരത്തുവന്നു. അവൎക്കു് സ്വാഗതമരുളാം. ദീർഘകാലത്തെ വിരഹാനന്തരം നാരായണിയും ലസ്ലി ജോൺസും തമ്മിലുള്ള ഈ കൂടിക്കാഴ്ചമൂലം അവൎക്കിരുവൎക്കുമുണ്ടായ ആനന്ദം വായനക്കാർ ഊഹിച്ചുകൊള്ളണം. ഹസ്തേനഹസ്തരായി നാരായണിയും ലസ്ലി ജോൺസും, ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു. മി. റാൽഫിനെ കൈകൊടുത്തു് സ്വീകരിച്ചതു് മണിയാകരനാണു്. മിത്രങ്ങൾ അവർ ഇരുവരുമായുള്ള ഈ കൂടിക്കാഴ്ചമൂലം അവരിരുവരും സന്തുഷ്ടരായി. അവിടെ കൂടിയിരുന്നവർ ഓരോരുത്തരേയും മണിയാകരൻ മി. റാൽഫിനെ പരിചയപ്പെടുത്തി. സേലമ്മയുടെ അടുത്തുനിന്ന ശാന്തമ്മയെ പ്രത്യേകം മി. റാൽഫ് സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടു്, ആ യുവതിയെപ്പററി കൂടുതലായി അറിയാനുള്ള ജിജ്ഞാസ മണിയാകരനെ അറിയിച്ചു. തനിക്കു നേരിട്ട ആപത്തുകളിൽ നിന്നെല്ലാം തന്നെ രക്ഷിച്ചതു് ശാന്തമ്മയാണെന്നും, താനും ശാന്തമ്മയുമായുള്ള ബന്ധമെന്തെന്നും ചുരുക്കത്തിൽ അദ്ദേഹം മി. റാൽഫിനെ ധരിപ്പിച്ചു. തുടർന്നു് മണിയാകരനും മി. റാൽഫുമായി താഴെ ചേർക്കുന്ന സംഭാഷണം നടന്നു.

മി. റാൽഫ്:—ഇത്ര സുന്ദരി ഒരു യുവതി മഠഭിത്തികൾക്കുള്ളിൽ ഒളിഞ്ഞു കഴിയണമെന്നാഗ്രഹിക്കുന്നതും ലോകത്തോടു് ആകമാനമുള്ള അവളുടെ ഒരു വെല്ലുവിളിയായിരിക്കരുതാം. വൈരാഗ്യംനിറഞ്ഞ ഈ ഉദ്ദേശ

ത്യാഗം ത്യാഗമാകുന്നതെങ്ങനെ? പുരുഷനൊരുവനെ മണാളനായിത്തിരയുന്ന യുവതികൾ ഇച്ഛിച്ചപുരുഷനെ കിട്ടാത്തപക്ഷം മോക്ഷമണാളനിലേക്കു് പിൻതിരിയുന്ന ഈദൃശ കന്യകാജീവിതം ആപൽക്കരമാണു. നിരാശയോടുകൂടി ദൈവശുശ്രൂഷക്കു പുറപ്പെടുന്ന വൈദികവൃത്തിയും കന്യകാജീവിതവും ആശാസ്യമല്ല തന്നെ. കലർപ്പില്ലാത്ത ദൈവസ്നേഹം ആത്യന്തം തെളിഞ്ഞുവിളങ്ങുന്നവർ വേണം ദൈവ ശുശ്രൂഷക്കിറങ്ങാൻ. നിരാശിതരും വിരൂപരുമല്ല. മനുഷ്യനു് വേണ്ടാത്തവരെ ദൈവം സ്വാഗതം ചെയ്യുമെങ്കിലും, മനുഷ്യൻ തള്ളിക്കളയുന്നതുമാത്രം ദൈവത്തിനു് സമർപ്പിക്കുന്ന ദുഷിച്ചലോകം ഭയപ്പെടേണ്ടതുണ്ടു്. ശാന്തമ്മ മഠത്തിൽ കുടുങ്ങാതിരിപ്പാൻ മണിയാശങ്കരൻ കഴിവതു് ശ്രമിക്കണം. ആ യുവതിയുമായി സ്വൈരമായ ഒരു സംഭാഷണത്തിനു് മണിയാശങ്കരൻ എനിക്കു സൗകര്യമുണ്ടാക്കിത്തരണം.

മണി:—ഉള്ളതു പറഞ്ഞാൽ ഞങ്ങൾ മലയാളത്തുകാർ തുള്ളിത്തുടങ്ങും. ശാന്തമ്മ മി. റാൽഫിനു പററിയ ഇണയാണു്. ഇരുവരും ഇച്ഛിച്ചവരെ കിട്ടാത്തവരുമാണു്, മിക്കവാറും ഇഹത്തിലെ ദാമ്പത്യമെല്ലാം നിരാശിതർ തമ്മിലാണുതാനും.

മി. റാൽഫ്:—ശാന്തമ്മയെ കണ്ട അനരക്ഷണം നിരാശയുടെ പിടിയിൽനിന്നും സ്വയം ഞാൻ നിർവൃതനായി. അവളുമായി ഒരു രഹസ്യസംഭാഷണം കഴിഞ്ഞു് ഞാൻ രണ്ടിലൊന്നു് തീർച്ച ചെയ്യും. തക്കമില്ല.

മണി:—എൻെറ സകല പാടവങ്ങളും അവളിൽചൊരിഞ്ഞു് നിങ്ങളുടെ ദാമ്പത്യപദത്തിലേക്കു് ഞാൻ അവളെ ആകർഷിക്കും. കൃത്യം ഇന്നു് നാലു മണിക്കു നടക്കത്തക്കവണ്ണം ഞാൻ ഏർപ്പാടു ചെയ്യാം:— എന്നുപറഞ്ഞു മണിയാകരൻ നേരിട്ടു് ശാന്തമ്മയുടെ അടുക്കലേക്കു പോയി. ശാന്തമ്മ സേലമ്മയുമായി മി. റാൽഫിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കയാണു്. മണിയാകരനെ കണ്ടു് അവർ ഇരുവരും എണീററു. അവർതമ്മിൽ നടന്ന സംഭാഷണമനുസരിച്ചു നാലുമണിക്കു് മി. റാൽഫിനെ സ്വീകരിക്കാമെന്നു് ശാന്തമ്മ സമ്മതിച്ചു. കൃത്യം മണിനാലടിച്ചപ്പോഠം മി. റാൽഫ് മണിയാകരനാൽ അനുഗതനായി ശാന്തമ്മയുടെ മുറിയിൽ വന്നു. അവക്കിരുവക്കും സൈ്വരവിഹാരത്തിനു് സൗകര്യം നൽകി മണിയാകരനും സേലമ്മയും മുറിവിട്ടിറങ്ങി, ചെല്ലമ്മയും ലോനപ്പനും ഇരുന്ന മുറികളിലേക്കു പോയി. മി. റാൽഫും ശാന്തമ്മയുമായി നടക്കുന്ന സംഭാഷണം നാമും അറിഞ്ഞിരിക്കണം.

മി. റാൽഫ്:—ഞാൻ അവിവാഹിതനായ ഒരു കത്തോലിക്കാ യുവാവാണു്. എൻെറ നാട്ടിലുള്ള ഒരു യുവതിയിൽ അനുരക്തനായി സകലവിധ ആനന്ദങ്ങളും അനുഭവിച്ചുവന്ന എനിക്കു്, അവളുടെ ചതിവുനിറഞ്ഞ മരണം നിത്യനരകമായി തോന്നുകയാൽ, ഇൻഡ്യയിലേക്കു ഞാൻ വന്നിരിക്കയാണു്. ഇൻഡ്യാ വിട്ടു തിരിച്ചു നാട്ടിലേക്കു അടുത്തകാലത്തെങ്ങും പോകേണമെന്നു് എനിക്കാഗ്രഹവുമില്ല.

ശാന്തമ്മയും മണിയാംകരനുമായുള്ള ബന്ധം എനിക്കറിയാം. മണിയാംകരൻ ശാന്തമ്മക്കെന്നപോലെ എനിക്കും ആത്മമിത്രമാണു്, അനുരാഗപ്രകാരം ദാമ്പത്യത്തിനുള്ള ഭാഗ്യം ചുരുക്കം പേൎക്കുമാത്രമേ സാദ്ധ്യമാവൂ. സ്ത്രീ,പുരുഷനോടൊപ്പം ഒത്തുശ്രമിച്ചാലേ അതു നടക്കൂ. ശാന്തമ്മക്കു് ഇഷ്ടമുള്ളപക്ഷം ഭവതിയെ ഭാൎയ്യാപദത്തിലേക്കു് ഉയൎത്തണമെന്നു് എനിക്കാഗ്രഹമുണ്ടു്. ജീവിതമത്സരത്തിൽ നാം ഇരുവരും നിരാശിതരാകയാൽ നാം തമ്മിലുള്ള വിവാഹം കൂടുതൽ മാധുൎയ്യമെന്നു് എനിക്കു് തോന്നുന്നതു് അകാരണമായിട്ടല്ല താനും. ഒരു പെണ്ണിനെമാത്രം സ്നേഹിച്ചു് അവളെമാത്രം വിവാഹംകഴിക്കുന്ന പുരുഷനോ, ഒരു യുവാവിനെമാത്രം സ്നേഹിച്ച അവനെമാത്രം ആരാധിച്ചു ദാമ്പത്യത്തിലുയരുന്ന യുവതിയോ ഇക്കാലങ്ങളിൽ ചുരുക്കം. ആകയാൽ നാം തമ്മിൽ വിവാഹിതരാകണം.

ശാന്ത:—ദൈവതിരുചിത്തത്തിനു ഞാൻ കീഴ്‌വഴങ്ങും; ഞാൻ അങ്ങയുടെ ദാസി എന്നാളും—എന്നു പറകയിൽ കണ്ണുനിറഞ്ഞു സന്തോഷാധിക്യത്താൽ മതിമറന്നവരാം നിന്നു. മി. റാൽഫ് മന്ദംമന്ദം അവളോടു സമീപിച്ചു. അവളെ ഗാഢാലിംഗനം ചെയ്തു. നവദമ്പതികൾ അവർ ജീവിതത്തിലിരുവൎക്കും നാളതുവരെ നേരിട്ട ദുരിതങ്ങളെല്ലാം മറന്നു് സത്യസ്നേഹത്താലവർ ബന്ധിതരുമായി. യഥാസമയം അവർ തമ്മിലുള്ള വിവാഹവും നടന്നു.

കഥയിൽ പ്രത്യക്ഷപ്പെടുന്ന ഭൂതത്തെപ്പററി അല്പം പ്രസ്താവിക്കാം. ഷായിക്കു് ഒരു ജോനകനായി

ജനിച്ചു് എങ്ങനെയോ മേളവിലാസത്തു വന്നുചേൎന്നു, ആരുംപോരുമില്ലാത്ത ഇവനെ മേളവിലാസത്ത ഒരു വാലിയായി എടുത്തു. അവൻ ൧൫ കൊല്ലം മണിയാകരന്റെ ഉററവാലിയായി കഴിച്ചുകൂട്ടി. ക്രമേണ അവൻ ഒരു കരത്താലിക്കൻമായി. മണിയാകരൻ ഇംഗ്ലണ്ടിൽ പോയതോടുകൂടി മക്കോയിയുടെ ദുഷ്പ്രേരണയ്ക്കു് വശംവദനായി വേലന്തറത്തെ അടിമയായിത്തീൎന്നു. മണിയാകരനെപ്പററിയുള്ള രഹസ്യങ്ങൾ അറിയുന്നതിനു്—മണിയാകരൻവേണ്ടി മരിക്കുന്നതിനുകൂടി ഉത്സാഹമുള്ള ഇവനെ മണിയാകരനിൽനിന്നും അകററുന്നതിനു്—ഈ ദുഷ്ടൻ തുടൎന്നു നടത്തിയ പരിശ്രമം വിജയത്തിൽ ഇങ്ങനെ കലാശിച്ചതോൎത്തവൻ സന്തോഷിച്ചു. ഷായിക്കു് വേലന്തറ ഇരുട്ടറ സൂക്ഷിപ്പുകാരനായി നിയമിക്കപ്പെട്ടു. മണിയാകരൻ അവനെ ഇരുട്ടറയിൽവച്ചു വധിച്ചു. ഭ്രതമംരണങ്ങളുള്ള ധാരണയിൽ—വെടിയേററു് അവൻ രോദനം തുടങ്ങിയപ്പോൾ മാത്രമാണു് അവൻ തന്റെ പഴയ ദാസൻ ഷായിക്കാണെന്നു് മണിയാകരൻ മനസ്സിലായതു്. തന്നെ വെടിവച്ചതു് മണിയാകരനാണെന്നു് ഷായിക്കിനു് ഒടുവിൽമാത്രം മനസ്സിലായി. താൻ തന്റെ യജമാനനോടു് നന്ദികേടു കാട്ടുകയാൽ ഇപ്രകാരം അദ്ദേഹത്തിന്റെ കയ്യാൽത്തന്നെമരിക്കുന്നതിനവൻ അൎഹനെന്നുകരുതി മണിയാകരനോടു മാപ്പിരന്നു് അവൻ മരിക്കുന്നു. മരണാനന്തരം മക്കോയി അവൻ് വരുത്തിവച്ച നാശങ്ങളോൎത്തവൻ ആ ദ്രോഹിയുടെ നിഴലെന്ന വിധം അവനെ പിൻതുടരുന്നു. മണിയാകരനോടുള്ള അവന്റെ ആദരവു് വർദ്ധിക്കയുംചെയ്തു. അറിയാതെങ്കിലും ഒരു കൊലയ്ക്കു് താൻ കാരണമായതോൎത്തു് മണിയാകരൻ അതിരററ

ക്ഷോഭത്തിന്നിരയുമായി. ഇങ്ങനെ ക്ഷോഭിച്ചിരുന്ന മണിയാകരൻ അകാരണമായി ലോനപ്പൻമായി കലഹിച്ചതു് നാം കണ്ടു. വീണ്ടും നേമ്മേയിലെത്തിയ മണിയാകരൻ, ലോനപ്പനുമായി ഒന്നിണങ്ങി കഴിയുന്നതും നമുക്കു കാണാം. തെററിദ്ധാരണകളും സംശയങ്ങളും തക്ക സമയത്തു് തന്നേ നീങ്ങിക്കൊള്ളും. ഉമ്മനം ജയിലിലായി.

വീരവാദൻ പപ്പു കച്ചവടത്തിലും വീണമല്ലൻ ഇകൻ വ്യാപാരത്തിലും കഴിയുന്നു. ചാത്തു ഒരു കടത്തുകാരനായി താമസിച്ചു. ലോനപ്പൻ ഡർബാർ ഫിസിഷ്യനായി ചെല്ലമ്മയുമൊത്തു് തിരുവനന്തപുരത്തും. വക്കപ്പൻ പേഷ്ക്കാരായി ചാർജ്ജെടുത്തു സകുടുംബം കോട്ടയത്തുണ്ടു്. തോബിയസ് കണ്ണംകുളം വികാരിത്വം ഒഴിഞ്ഞു സ്വദേശത്തെത്തി വിശ്രമിക്കുന്നു. ഇൻഡ്യൻ പര്യടനം കഴിഞ്ഞു വീണ്ടും യൂറോപ്പിലേക്കു മടങ്ങിയ മിസ്സ്. ഗ്ലോറിയാ മി. മാററാലിയാനെ ഭർത്താവായി സ്വീകരിച്ചു. മക്കോയി ജയിലിൽനിന്നും തിരിച്ചുവരുമ്പോളെങ്കിലും മനുഷ്യനായി അവനെ കാണാൻ തനിക്കിടയാകേണമെന്നു ദൈവത്തോടപേക്ഷിച്ചുകൊണ്ടു് സാറാച്ചി വേലന്തറയും കഴിഞ്ഞു. മാത്തുണ്ണി ചെയ്ത അപരാധങ്ങൾക്കെല്ലാം മാപ്പപേക്ഷിച്ചു വക്കപ്പനുമായി സ്നേഹത്തിലും വിശ്വാസത്തിലും ജീവിക്കുന്നു. നേർപകുതി സ്വത്തു് മി. വക്കപ്പനു് കൊടുത്തു. ജ്യേഷ്ഠനെടുത്ത ആദായം മുഴുവൻ മാത്തുണ്ണിക്കു വക്കപ്പൻ ഇളവുചെയ്തു. കേശവൻപോററി കത്തോലിക്കനായി പുത്രി നാരായണിയോടുകൂടി താമസമാക്കി. ലസ്ലി ജോൺസ് സകുടുംബം ബാംഗ്ളൂർ പൊളിററിക്കൽ ഏജൻറായി ഇരിക്കുന്നു. നേഴ്സ് സേലമ്മയെ വിട്ടുപിരി

യാതെ സേലമ്മയുടെ വലംകൈയായി അവളോടുകൂടിയുണ്ടു്. കളിന്ദിനി ഏകാന്തജീവിതത്തിൽ പ്രവേശിക്കുന്നു. ഏതാനും കൊല്ലങ്ങൾ അവൾ തന്നിയെ താമസിക്കഹേതുവാൽ അവൾക്കു അവളുടെ ജീവിതത്തെപ്പററി ശരിയായ ഒരു ഉണർവുണ്ടായി. അവൾചെയ്ത പാപങ്ങളെല്ലാം ഏററു പറഞ്ഞു അവൾ മുക്തിക്കായി നെഞ്ചത്തടിച്ചു പ്രാർത്ഥിച്ചു. ഒന്നുമാത്രം അറിയാതെ— ഇങ്ങനെ പശ്ചാത്താപത്താൽ ശുദ്ധീകരിക്കപ്പെട്ട കളിന്ദിനി, ഒടുവിൽ ഒരു ആശ്രമത്തിൽ ചേൎന്നു് കന്യകകളുടെ പാലകവൃത്തിക്കു മേൽനോട്ടം വഹിച്ചു് പുണ്യമായി ജീവിച്ചുവരുന്നു.

ഇന്നത്തെ സൂൎയ്യനും ഉദിച്ചുയൎന്നു. സെൻറമേരീസ് ദേവാലയത്തിൽ തുടരെ കൂട്ടമണിയടിക്കുന്നുണ്ടു്. കടമാളൂർ പള്ളി ലാക്കാക്കി വന്നുകൊണ്ടിരുന്ന കാറുകൾക്കും ജഡ്ക്കാകൾക്കും കണക്കില്ല. കാൽനടയായി ജനം കൂട്ടംകൂട്ടമായി വരുന്നു. പള്ളിയും പരിസരങ്ങളും കമനീയമായി അലങ്കരിച്ചിട്ടുണ്ടു്. പള്ളിയുടെ [illegible]നവാം ങ്കൽ മെത്രാൻ സപരിവാരം വന്നുനിന്നു മണിയാകരനേയും സേലമ്മയേയും കൈകൊടുത്തു സാദരം സ്വീകരിച്ചു. തദനന്തരം മെത്രാൻ പ്രധാന അൾത്താരയുടെ മുമ്പിൽവെച്ചു വധൂവരന്മാർ ഇവരെ നവദമ്പതികളായി ഉയർത്തി ആശീർവദിച്ചു അനുഗ്രഹിച്ചു.

കത്തോലിക്കാ ആദർശപ്രകാരം ഭാര്യാഭർത്താക്കളായി ഇങ്ങിനെ ഉയർന്ന മണിയാകരു സേലമ്മയ്ക്കു ദൈവം നൽകിയ ഈ ഭാഗ്യത്തിൽ നമുക്കും പങ്കുകൊള്ളാം, അനുമോദിക്കാം, ഭാവുകമാശംസിക്കാം.

---

അദ്ധ്യായം ൪൨

# മണിയാകരൻ (The world-leader)
## വിശ്വനേതൃത്വം

---

സ്നേഹമമ്മയാൽ അൻഗതനായി പ്രവർത്തനലോകത്തിൻെറ വക്കിൽവന്നുനിന്നു് മണിയാകരൻ ലോകത്തെ നോക്കി ഇങ്ങനെ അഭിസംബോധനചെയ്തു.

'The desire of man to be the first is the cause of all Wars. Nobody is willing to be the Second. Willingly do I take the second place, and I at least do not sow the seeds of wars. Where is the Peace promised in the Atlantic Charter? It is neither a charter nor it is Atlantic. If it is a charter, the noise it has produced, has been washed down by the waves of the Atlantic, if it is Atlantic. This is what I feel. This is what I want to heal.

'Better is an army of sheep led by a lion than an army of lions led by a sheep.'

Emperor Napoleon.

'Victories are easily taken up even by the weaklings—But only the strong can take up the blows of Fate.'

Hitler.

ഒരു തലമുടിയുടെ ബലം മാത്രമാണു് ഇന്നത്തെ ലോകവുമായി എനിക്കുള്ള ബന്ധം. ഒന്നെങ്കിൽ ആ മുടി താനെ പൊഴിയും. അല്ലെങ്കിൽ ആ മുടി കത്രിക കൊണ്ടു് ഞാൻ വെട്ടിമാററും. ഞാൻ വെട്ടിമാററുകയും ചെയ്യും. അല്ലെങ്കിൽ ആ മുടി എന്നെ അനുസരിക്കും—അനുകരിക്കും—അനുഗമിക്കും. ഇന്നു നമ്മെ നയിക്കേണ്ടതു് ഒരു സിംഹമാണു്. ഒരാടല്ല; ഒരു ചെന്നായല്ല. നവസൃഷ്ടിയിൽ പങ്കുപററാൻ ദുർബലരും ഉത്സുകരാണു്. എന്നാൽ വ്യാധി അടിക്കുന്ന അടിയേൽക്കുന്ന നമ്മിൽ പങ്കുചേരാൻ കരുത്തർക്കേ സാദ്ധ്യമാകൂ.

ഇന്നത്തെ ലോകം ഒരു രോഗിണിയാണു്. ഒരു ശോഷിനിയാണു്. Glow worms-മിന്നാമിനുങ്ങുകളാണു് അവളെ നയിക്കുന്നതു്—ഒന്നോ ഒന്നിൽ കൂടുതലോ. ഇവയുടെ വെളിച്ചത്തിൽ മതിമറന്ന നേതാക്കളേ ലോകത്തിനുള്ളു. Never change the horse in the mid-stream എന്നു ജവഹരിലാൽ പറഞ്ഞതുപോലും സമ്മതിപ്പാൻ എനിക്കു നിവൃത്തിയില്ല, നദിയുടെ ഒത്ത നടുവിൽ കിടന്നു കുതിരയും ആളും ഒന്നിച്ചു കടിച്ചു ചാകാതെ ആളെത്തള്ളിത്താഴ്ത്തിട്ടും, അല്ലെങ്കിൽ കുതിരയെ വിട്ടും, എന്തുകൊണ്ടു് ആളും കുതിരയും കര പററിക്കൂടാ—എന്നാണെൻെറ ചോദ്യം. രണ്ടും ഒന്നിച്ചു കടിച്ചു ചാകുമെന്നു ബോദ്ധ്യമുള്ള പക്ഷം. ഇങ്ങനെ പുഴുത്തരിച്ച ആശയങ്ങളിൽ തൂങ്ങുന്ന വഴിപിഴച്ച നേതൃത്വത്തിൻെറ അടിത്തറ നാം മാറേറണ്ടതുണ്ടു്.

ദൈവം ശക്തിയും ദീപവും സ്നേഹവും ജീവനുമാകുന്നു. പുറമെയുള്ള ശക്തികളിൽ ഞാൻ ആശ്രയിക്കുന്നില്ല.

ദൈവശക്തിയില്ലെങ്കിൽ ഞാൻ ഒന്നുമല്ല. എൻെറ നേതൃത്വം വോട്ടുമൂലമല്ല; ഭീഷണികളിലല്ല. അനീതിയിലോ, അഴിമതികളിലോ അല്ല. ഇരുട്ടിലല്ല. വെളിച്ചത്താണു്. എന്നെ നിന്ദിക്കുന്നവർക്കും എന്നെ വന്ദിക്കുന്നവർക്കും എൻെറ സ്നേഹത്തിൽ സ്ഥാനമുണ്ടു്. ഓങ്ങുന്നിടത്തു ഞാൻ അടിക്കുന്നില്ല. അടിക്കുന്നിടത്തു ഞാൻ നോക്കുന്നുമില്ല. പഠിച്ചതത്വം ഞാൻ പറയുന്നുണ്ടു്; പ്രവർത്തിക്കുന്നുണ്ടു്. മോങ്ങുന്നിടത്തു് ഞാൻ എത്തുക്കുന്നില്ല. എത്തുക്കുന്നിടത്തു് ഞാൻ മോങ്ങുന്നുമില്ല. വിറക്കുന്നിടത്തു ഞാൻ കയർക്കുന്നില്ല. കയർക്കുന്നിടത്തു ഞാൻ വിറക്കുന്നുമില്ല. ചിരിക്കുന്നിടത്തു ഞാൻ കരയുന്നുണ്ടു്. കരയുന്നിടത്തു ഞാൻ ചിരിക്കുന്നുമില്ല. എന്നെ അനുകമ്പിക്കുന്നവരോടു് ഒരു നയവും, നിരാകരിക്കുന്നവരോടു ഏതുനയവും എനിക്കില്ല. നീണ്ട പ്രസംഗം വിശപ്പടക്കുകയില്ലെന്നു എനിക്കറിയാം. കരുത്തേറിയ വാക്കുകൾ എല്ലൊടിക്കുന്നുമില്ല. എൻെറ അനുയായികളെമാത്രം ഞാൻ താലോലിച്ചാൽ- എൻെറ എതിരാളികൾ അധികാരത്തിൽ വരുമ്പോൾ എൻെറ അനുയായികളെ അടിച്ചമർത്തുമെന്നു അറിയുന്ന എനിക്കു് മിത്രങ്ങളിൽ കൂടുതൽ ആസക്തിയോ ശത്രുക്കളിൽ കൂടുതൽ വിരക്തിയോ കാട്ടാവതല്ല, കാട്ടുന്നതല്ല. ദുഷിച്ച ജനപ്രഭുത്വത്തിൻെറ നാരായവേരറുത്തു കമ്മ്യൂണിസത്തെ അടിച്ചമർത്തി നിലംപതിപ്പിച്ചു് വ്യക്തിസുഖം ഞാൻ പുലർത്തും. ഭക്ഷ്യധാന്യങ്ങൾക്കു മാത്രമല്ല ഇന്നു് ലോകത്തുള്ള ദാരിദ്ര്യം. നേതാക്കളുടെ സൂക്ഷ്മമായ അഭാവംമൂലമുള്ള ദാരിദ്ര്യമാണു് കൂടുതൽ ദുസ്സഹം. റേഷൻ ചെയ്ത നേതൃത്വം എവിടെയും കാണാം. ഇരുട്ടിത്തടിയും പുല്ലും വളർത്തുന്ന ദൈവത്തിനു് തലകുനിക്കുന്ന എൻെറ

നേതൃത്വം, ലോകം സമ്മതിച്ചേകഴിയൂ. ദൈവവും മനുഷ്യനുമായി ഒത്തിണങ്ങണം. നരകത്തെയും നരകാധിപന്മാരെയും തകൎത്തു് നരകം ഞാൻ തകൎക്കും. നരകത്തിന്റെ അടിത്തറ ഇങ്ങനെ നാം മാറ്റണം. I am a clay headed—Angel lost in love with a clay footed-Angel. ഞാൻ തലച്ചോറും ലോകം എന്റെ സഹധൎമ്മിണിയുമാണു്.

ഇന്നു് ലോകത്തെവിടെയും കാണുന്ന മരണക്കൂടങ്ങൾക്കെതിരായി അണിനിരക്കുന്ന ജനാവലി, Strike Strike എന്നു് അലറി അട്ടഹസിക്കുന്നതു കാണാം. ലോകത്തെ അന്ധകാരത്തിൽനിന്നും കൂടുതൽ അന്ധകാരത്തിലേക്കാകൎഷിക്കുകയാണിവർ. ആകയാൽ വ്യവസ്ഥാപിതസ്ഥാപനങ്ങൾക്കും ഗവൺമെന്റുകൾക്കും എതിരായി Strike നടത്തുന്ന ഇന്നത്തെ വിദ്യാൎത്ഥികളോടും ജോലിസംഘങ്ങളോടും ഒരു വാക്കു പറഞ്ഞുകഴിയൂ. വിദ്യാൎത്ഥികളോടു് ഞാൻ ഇങ്ങനെ പറയും. അവരെന്റെ ശക്തി ആകയാൽ, പഠിക്കേണ്ടകാലത്തു് മരിക്കാൻ പോയാൽ, മരിക്കേണ്ടകാലത്തു് പഠിക്കേണ്ടിവരും. പഠിക്കേണ്ടകാലത്തു നിങ്ങൾ പഠിക്കണം, ചിന്തിക്കണം. മരിക്കേണ്ടകാലത്തു പഠിച്ചവിധം പ്രവൎത്തിപ്പാൻ. പഠനകാലത്തു് Strike-ന് പോയാൽ പഠിത്തവുമില്ല മരണവുമില്ല. ചുരുക്കം ചില അവസരങ്ങളിലൊഴികെ, ജയിൽ വരിക്കുന്ന നേതാക്കൾ നേതാക്കളല്ല. എന്നാൽ കരുത്തനൊരുത്തൻ ജയിൽ വരിക്കാം—ഗത്യന്തരമില്ലാതെ വന്നാൽ, അവന്റെ പാദസ്പൎശനങ്ങളാൽ ജയിൽപോലും തകരാൻ. ഓരോ വിദ്യാൎത്ഥിനീവിദ്യാൎത്ഥികൾക്കും ഒരു മുഖ്യ ഉദ്ദേശം വേണം.

അതിൽനിന്നും ഒരിക്കലും നാം വ്യതിചലിക്കരുതു്. വ്യതിചലിച്ചാൽ ജീവിതം മുഴുവൻ വ്യഭിചരിച്ചുതായി പിന്നീടറിയും.

Strike നടത്തുന്ന കൃഷി സംഘങ്ങളെ, മിത്രങ്ങളെ, ഭൂരിപക്ഷം മണ്ടന്മാരെന്ന വാസ്തവം നിങ്ങൾ ധരിക്കണം. The rule of King-ship— the rule of Brain all over the world, is the crying need of the hour. തലച്ചോറിൻെറ ഭരണത്തിനായി ഒരുങ്ങുന്ന എന്നെ നിങ്ങൾ അനുകരിക്കണം. അനുസരിക്കണം. ദൈവം വോട്ടുമൂലമല്ല വിശ്വംഭരിക്കുന്നതു്.

മുതലാളിമാരോട്ട് ഒരു വാക്കു മാത്രം. പ്രമാണങ്ങളും കല്പനകളും ഉണ്ടാക്കി അതിനുള്ളിൽ അഭയം തേടി ജീവിച്ചാൽ മാത്രം പോരാ. ത്യാഗികൾ നിങ്ങൾ ആകണം, കൂടുതൽ കൊടുക്കാൻ നിങ്ങൾ മുതിരണം. 'To give should be your pleasure and to receive your shame'. ഇന്നു് മശിഹാ വന്നാൽ അദ്ദേഹത്തെ യൂദർ ആരാധിക്കും. എന്നാൽ ഇന്നത്തെ മുതലാളിമാർ, ബാങ്കുകാർ, നേതാക്കൾ, അദ്ദേഹത്തെ കുരിശിൽ തറക്കാതിരിപ്പാൻ സ്വയം നിങ്ങൾ താഴ്ന്നേതീരു. ദ്വേഷംകൊണ്ടല്ല—സ്നേഹം കൊണ്ടു പറയുകയാണു്. മിന്നാമിനുങ്ങുകൾ മങ്ങുകയാണു്; സൂര്യപ്രകാശം ഞാൻ ഇങ്ങനെ വീശുകയാണു്. എന്നിലൂടെ സൂര്യപ്രകാശം നിങ്ങളിൽ തട്ടണം. ഞാൻ പുരുഷനും ലോകം സ്ത്രീയുമാണു്. ഞാൻ തലച്ചോറും സ്ത്രീ, ചങ്കുമാണു്. ഞാൻ കാമുകനെങ്കിൽ ലോകം കാമിനിയാണു്. എൻെറ തലയും ലോകത്തിൻെറ കാൽപാദങ്ങളും ചെളി പുരണ്ടതാണു്; ചെളി ചേർന്നതാണു്. എന്നെ നിങ്ങൾ അനുകരി

കുന്നാപക്ഷം ദൈവവും മനുഷ്യരുമായി കൂടുതൽ അടുക്കും. ഐശ്വര്യവും സ്നേഹവും സമാധാനവും ലോകത്തിൽ വളരും. ദൈവത്തിനും മഹാരാജാവിനും രാജ്യത്തിനും എന്നെ ഞാൻ സമർപ്പിച്ചിരിക്കഹേതുവാൽ. പതിരുപതിരും മണിമണിയുമായി ഞാൻ എണ്ണിത്തള്ളുന്ന നാളുകളല്ലാന്നിന്നു്. പതിരുപതിരും മണിമണിയുമായി ഞാൻ എണ്ണിത്തള്ളുന്ന നാളുകളാണെന്നും്.'

മണിയാകരൻ എന്ന ഈ വിശ്വ ഗ്രന്ഥം വിശ്വഭാഷകളിലെല്ലാം വിവർത്തനം ചെയ്യപ്പെടും. ഇതിലെ കുലീനതത്വങ്ങളനുസരിച്ചു് ലോകം ജീവിക്കും. ലോകസമാധാനം കൈയ്‌ വരുകയും ചെയ്യും. എന്തെന്നാൽ, ഇതിൽ പറയുന്ന പ്രകാരം ഞാൻ ജീവിച്ചു. ജീവിക്കുന്നു—ഇങ്ങനെ ഞാൻ ജീവിക്കുന്നതു കണ്ടു് ഒരു മഹാവ്യക്തി എന്നെ നോക്കി, 'എന്റെ ഭവനത്തിനു തൊട്ടടുത്തു കൂടി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ മഹാനദി പെട്ടെന്നു് ജലം പെരുകി, ഇരുകരകളും കവി പാഞ്ഞൊഴുകി എന്നെയും എന്റെ കുടുംബത്തെയും കുടുക്കി, ഞാനും എന്റെ കുടുംബവും പ്രസ്തുത ജലപ്രവാഹത്തിൽ മുങ്ങിപ്പൊങ്ങി' എന്നു് ഒരിക്കൽ പറഞ്ഞുപോയി. ഇതുപോലെ, എന്റെ വായനക്കാരും മണിയാകരജലപ്രവാഹത്തിൽ മുങ്ങിപ്പൊങ്ങും. വിജയമുടി ചൂടും. വിജയക്കൊടി ഉയർത്തും. യുദ്ധങ്ങൾ താനെ നിലക്കും—ദൈവം സന്തുഷ്ടനായി അനുഗ്രഹങ്ങൾ തുടന്നു പൊഴിയും. ദൈവവും മനുഷ്യനുമായി അടുത്തു സമ്പർക്കം നടക്കും. ഇങ്ങനെ വീണ്ടും ഭൂമിയിൽ പരദീസാ നാം കണ്ടെത്തും.

---

ശുഭം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00034716*
T63.1 AB82

TR3
Hb 12

Indic Digital Archive Foundation
gpura.org